# ഭാഗം : I

# അദ്ധ്യായം I

## പിതാവായ റൈൻ തൊട്ട് ഗംഗാ മാതാവ് വരെ

**ബോംബേ - പൂനാ മിഷനും ഈശോ സഭക്കാരുടെ ജർമ്മൻ പ്രോവിൻസും**

### 1.1 ബോംബെയിൽ പാദ്രോവാദേയും പ്രോപഗാണ്ടയും തമ്മിൽ സംഘർഷം

പാദ്രോവാദയും പ്രോപഗാണ്ടയും തമ്മിൽ നിലവിലിരുന്ന സംഘർഷം ഇന്ത്യയിൽ സഭ വളരുന്നതിന് തടസ്സമായി. ഈ സംഘർഷ ത്തിന്റെ വേരുകൾ അക്കാലത്തെ രണ്ട് പ്രബലശക്തികളായിരുന്ന പോർച്ചുഗീസുകാരും ഇംഗ്ലീഷുകാരും തമ്മിലുള്ള മത്സരത്തി ലായിരുന്നു. ഇന്ത്യയുടെ വടക്കുപടിഞ്ഞാറെ തീരത്തുള്ള ബോംബെ എന്ന ദ്വീപ് 1534-ൽ പോർച്ചുഗീസ് അർമേഡ ആക്രമിച്ചു കീഴട ക്കിയിരുന്നു. ഇംഗ്ലണ്ടിന്റെ രാജാവായ ചാൾസ് രണ്ടാമൻ പോർച്ചുഗീസ് രാജകുമാരി കാതറിൻ ഓഫ് ബ്രഗൻസയെ വിവാഹം കഴിച്ചപ്പോൾ ഈ ദ്വീപ് സ്ത്രീധനത്തിന്റെ ഭാഗമായി ബ്രിട്ടീഷ് രാജാവിന് വിട്ടുകൊടുത്തു. 1688-ൽ ഇത് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് കൈമാറി.

പതിനേഴാം നൂറ്റാണ്ട് അവസാനിക്കാറായപ്പോഴേയ്ക്കും അടിക്കടി ശക്തിപ്രാപിച്ചു വന്ന ഇംഗ്ലീഷുകാരുടെയും ഡച്ചുകാരുടെയും നാവികസേന കൾ പൗരസ്ത്യസമുദ്രങ്ങളുടെ അധിപ എന്ന പദവിയിൽ നിന്ന് പോർച്ചുഗല്ലിനെ പുറത്താക്കി, അപ്രധാനമായ ഒരു രാജ്യമാക്കി. പോർച്ചുഗല്ലിന് കടലിൽ ഉണ്ടായിരുന്ന മേധാവിത്വം നഷ്ടപ്പെടാനുള്ള കാരണങ്ങളിൽ ഒന്ന് 1580-ൽ സ്പെയിൻ പോർച്ചുഗൽ പിടിച്ചടക്കി അതിന് ഒരു രാഷ്ട്രം എന്ന നിലയിലുള്ള സ്വാതന്ത്ര്യം ഇല്ലാതാക്കിയ താണ്. പൂർവ്വദേശത്തെ കോളനികളുടെ സുസ്ഥിതിയെക്കാൾ സ്പെയി നിന് പ്രധാനം തെക്കൻ അമേരിക്കയിലെ സ്പെയിനിന്റെ താത്പര്യങ്ങ ളായിരുന്നു. 1805-ൽ ജിബ്രാൾട്ടർ കടലിടുക്കിൽ ട്രഫാൾഗറിൽ സ്പെയ് നിനെ പരാജയപ്പെടുത്തിക്കഴിഞ്ഞപ്പോൾ തങ്ങളുടെ വളർന്നുകൊ ണ്ടിരുന്ന നാവികശക്തി കച്ചവടത്തിലും രാഷ്ട്രീയത്തിലും പ്രയോജന പ്പെടും എന്ന് ബ്രിട്ടൻ മനസ്സിലാക്കി. ഏഷ്യയിലെ പോർച്ചുഗീസ് ലക്ഷ്യങ്ങൾക്ക് ശത്രുവായത് ഈ രണ്ട് നാവികശക്തികളായിരുന്നു.

## 1.2 ബോംബെയിൽ നിന്ന് പോർച്ചുഗീസ് സ്വാധീനം തുടച്ചുമാറ്റാനുള്ള ഇംഗ്ലണ്ടിന്റെ തന്ത്രങ്ങൾ

സ്വാരസ് അലോഷ്യസ് പറയുന്നതനുസരിച്ച് ബോംബെ തങ്ങളുടെ കൈവശം വന്നതോടുകൂടി ബോംബെ ദ്വീപിൽ നിന്ന് പോർച്ചുഗീസുകാരുടെ സാന്നിദ്ധ്യവും സ്വാധീനവും പൂർണ്ണമായും തുടച്ചുമാറ്റാൻ ഇംഗ്ലീഷുകാർ തത്പരരായി കാണപ്പെട്ടു. തങ്ങളുടെ എതിരാളികളിൽ ഒന്നായ ഇംഗ്ലണ്ടിന് ബോംബെ എന്ന ദ്വീപ് നല്കുക വഴി പോർച്ചുഗീസുകാർ തങ്ങളുടെ സ്വാധീനമേഖലയിൽ ശല്യം വിളിച്ചുവരുത്തുകയാണ് ചെയ്തത്. ദ്വീപിലെ ഇടവകകളുടെമേൽ ഗോവ ആർച്ചുബിഷപ്പിനുണ്ടായിരുന്ന സഭാസംബന്ധമായ ഭരണാധികാരം പോലും എടുത്തുകളയാനാണ് ഇംഗ്ലീഷുകാർ ആഗ്രഹിച്ചത്. വാസ്തവത്തിൽ ബോംബെ ഏല്പിച്ചുകൊടുത്ത ഉറപ്പ് നൽകിയിരുന്നതാണ് ദ്വീപിലെ ഇടവകകളിൽ അജപാലനശുശ്രൂഷ നല്കാൻ പോർച്ചുഗീസ് ഫ്രാൻസിസ്ക്കൻ സഭകൾക്കും ഗോവയിൽ നിന്നുള്ള തദ്ദേശവൈദികർക്കും ഉള്ള അവകാശം സ്വാരസ് പറയുന്നത്. ഇംഗ്ലീഷുകാരുടെ ഉദ്ദേശം പോർച്ചുഗീസ് ഫ്രാൻസിസ്കൻസിനെ ഒഴിവാക്കാനും പകരം ഗ്രെയ്റ്റ് മുഗളിന്റെ വികാരിയേറ്റ് അപ്പസ്തൊലിറ്റിലെ പ്രൊപ്പഗാണ്ട വൈദികരെ കൊണ്ടു വരാനുമായിരുന്നു. ഇവർ കർമ്മലീത്താക്കാരുടെ അധികാര സീമക്കുള്ളിൽ ആയിരിക്കും. ഗ്രെയ്റ്റ് മുഗളിന്റെ വികാർ അപ്പസ്തോലിക്കിന്റെ ഭവനം ബോംബെയിലായിരുന്നു. തങ്ങൾക്ക് പോർച്ചുഗല്ലുമായുണ്ടായിരുന്ന ലോലമായ ബന്ധം പോർച്ചുഗീസ് ഫ്രാൻസിസ്ക്കൻസിനെ നേരിട്ടു പുറത്താക്കിക്കൊണ്ട് അപകടത്തിലാകാൻ ബ്രിട്ടീഷുകാർക്ക് താത്പര്യമില്ലായിരുന്നു. പകരം അവർ ഒരു വളഞ്ഞവഴിയേ പോയി. ബോംബെ ദ്വീപിലെ പോർച്ചുഗീസ് ഫ്രാൻസിസ്ക്കൻസിനെ മാറ്റി പകരം വേറെ വൈദികരെ നിയോഗിക്കാൻ പ്രോപഗാണ്ട നിയമിച്ച ഗ്രെയ്റ്റ് മുഗളിന്റെ വികാർ അപ്പസ്റ്റോലിക്, ഇറ്റാലിയനായ കർമ്മലീത്താക്കാരൻ ഫ്രെയ് മൗറീഷസ് ഓഫ് സെന്റ് തെരേസയോട് ആവശ്യപ്പെട്ടു. മലബാറിനു വടക്ക് പോർച്ചുഗീസ് കേന്ദ്രമായ ഗോവ ഒഴികെ ഇന്ത്യയുടെ പടിഞ്ഞാറേ തീരം മുഴുവനും ഗ്രെയ്റ്റ് മുഗളിന്റെ അധികാരപരിധിയിലായിരുന്നു. ബോംബെ ദ്വീപിലായിരുന്നു വസതി എങ്കിലും അവിടെ നിന്നാണ് വികാരിയേറ്റ് ഭരിച്ചിരുന്നതെങ്കിലും ബോംബെ ദ്വീപിലെ പാദ്രൊവാദൊ വൈദികരുമായി ഒരു പ്രശ്നവുമുണ്ടായില്ല.

സ്വാരസ് പറയുന്നതനുസരിച്ച്, 1715-ലെ ഒരു ഉത്തരവിൽ ലണ്ടനിലെ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഡയറക്ടേഴ്സ് പ്രാദേശിക അധികാരികളോട് ആവശ്യപ്പെട്ടത് ഇതാണ് : ബോംബെയിൽ പോർച്ചുഗല്ലിൽ നിന്നുള്ള വൈദികർ അമിതമായി സ്വാധീനം ചെലുത്തുന്നതു തടയുന്നതിനായി വിവിധ സഭകളിൽപെട്ട വൈദികർ വരുന്നത് പ്രോത്സാഹിപ്പിക്കണം, അവർക്ക് സമ്മാനം നല്കണം.

ഈ തീരുമാനം പ്രാവർത്തികമാക്കിയത് 1720-ൽ മാത്രമാണ്. അപ്പോൾ ദ്വീപിൽ പാർദ്രൊവാദോ വൈദികരിൽ ഭൂരിഭാഗം വരുന്ന പോർച്ചുഗീസ് ഫ്രാൻസിസ്ക്കൻസിനെ പുറത്താക്കുക എന്ന നിർണ്ണായക തീരുമാനമുണ്ടായി. ഇവർക്കുപകരം ഗ്രെയ്റ്റ് മുഗളിന്റെ വികാരിയേറ്റ് അപ്പസ്റ്റോലിക്കിലെ കാർമ്മലൈറ്റ് വൈദികരെ കൊണ്ടുവന്നു. ഫ്രേയ് മൗറീഷസ് ബ്രിട്ടീഷുകാരുടെ പദ്ധതികൾക്ക് വഴങ്ങി. ഒഴിവു വന്ന സ്ഥാനങ്ങളിൽ പ്രോപഗാണ്ട വൈദികരെ നിയമിക്കാൻ അദ്ദേഹം അപേക്ഷിച്ചു. ഇതിന് റോം വളരെ സൂക്ഷിച്ചുള്ള ഒരു മറുപടിയാണ് നല്കിയത്. മറുപടി ഇതായിരുന്നു: വികാർ അപ്പസ്റ്റോലിക്ക് ഓഫ് ദ ഗ്രെയ്റ്റ് മുഗൾ താത്ക്കാലികമായി ബോംബെ ഇടവകകളുടെമേൽ അധി കാരം നടത്തും. കാരണം, ബോംബെയിൽ അധികാരം നടത്തുന്നതിൽ നിന്ന് ഗോവ ആർച്ച് ബിഷപ്പിനെ തടഞ്ഞിരുന്നു. എന്നാൽ താമസികത കാരണം, ഈ താത്കാലിക സംവിധാനം അനിശ്ചിതമായി നീണ്ടുപോയി.

ഇതിന് ഗോവയിൽ ഉണ്ടായ പ്രതികരണം ഊഹിക്കാവുന്ന തായിരുന്നു. അവരുടെ വൈസ്രോയി പറഞ്ഞു, വികാർ അപ്പസ്റ്റോലിക്ക് ഒരു വ്യാജമെത്രാനാണ്. സത്യവിശ്വാസം ഉപേക്ഷിച്ചുപോയ ഇംഗ്ലീഷു കാരുമായി കൂട്ടുപിടിച്ച പോർച്ചുഗീസ് രാജാവിന്റെ പദ്രവാദോ അധികാരം അങ്ങനെയാണ് അവസാനിപ്പിച്ചത്. പോർച്ചുഗീസുകാരായ ഫ്രാൻസിസ്ക്കൻ സന്യാസികൾ തിരിച്ചുവരാൻ ബ്രിട്ടീഷുകാർ അനുവദിച്ചില്ല. പോർച്ചുഗീസ് ഇടവകകളിന്മേൽ അധികാരം നടത്താൻ വികാർ അപ്പസ്റ്റോലിക്കിന് വേണ്ടത്ര സ്വാതന്ത്ര്യം നല്കി. ഇതിന് ഒരു ഉപാധി ഉണ്ടായിരുന്നു. പള്ളിയുമായി ബന്ധപ്പെട്ട നിയമനങ്ങളിൽ ബ്രിട്ടീഷുകാർ മുൻകൂർ സ്വീകാര്യരാണ് എന്ന് അംഗീകരിച്ചവർക്കേ അത് നൽകാൻ പാടുള്ളു. വികാർ അപ്പസ്റ്റോലിക്ക് തന്റെ നിയമാനുസൃതമായ അധികാരം പിടിച്ചെടുക്കുന്നു എന്ന് ആരോപിച്ച് ഇദ്ദേഹത്തെ ഗോവ ആർച്ചുബിഷപ്പ് സഭയ്ക്കു പുറത്താക്കി. ഇക്കാര്യം പ്രോപഗണ്ടയുടെ മുമ്പിലും എത്തി. വികാർ അപ്പസ്റ്റോലിക്കിന്റെ

നിർദ്ദേശങ്ങൾ അനുസരിച്ചുകൂടാ എന്ന് ഗോവ ആർച്ച് ബിഷപ്പ് ഉത്തരവിട്ടപ്പോൾ എന്ത് ചെയ്യണമെന്നറിയാതെ ഗോവയിലെ വൈദികർ കുഴങ്ങി. കത്തോലിക്കാ സഭയുടെ രണ്ടു മിഷൻ സംഘങ്ങൾ തമ്മിലുള്ള തർക്കത്തിൽ നിന്നും ഏറ്റവും കൂടുതൽ മുതലെടുപ്പു നടത്തിയത് ബ്രിട്ടീഷുകാരാണ്. ഈ തർക്കത്തെ 'അധികാരപരിധി സംബന്ധിച്ച സംഘർഷം' എന്നും 'പദ്രവാദോ പ്രോപഗാണ്ട സംഘർഷം' എന്നും വിശേഷിപ്പിക്കുന്നു. അങ്ങനെ കത്തോലിക്കാ സഭയുടെ ആന്തരിക പ്രശ്നങ്ങളിൽ ഇടപെടുക എന്ന വിഷമംപിടിച്ച ചുമതല ഇംഗ്ലീഷുകാർക്ക് ലഭിച്ചു. ഇത് അവരുടെ ഏറ്റവും വിലപ്പെട്ട കോളനിയായ ഇന്ത്യയിൽ.

സുവിശേഷവത്ക്കരണം സംബന്ധിച്ച് ഉത്സാഹപൂർവ്വം വത്തിക്കാൻ പ്രവർത്തിച്ചിരുന്ന ഒരു കാലഘട്ടത്തിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ സുവിശേഷം പ്രചരിപ്പിക്കുന്നതിന് പ്രധാന തടസ്സമായത് ഭരണാധികാര പരിധി സംബന്ധിച്ച ഈ തർക്കമാണ്.

### 1.3. ഗ്രെഗറി പതിനാറാമൻ മാർപ്പാപ്പയുടെ 'മുൾത്ത പ്രെക്ലാറ'യും അത് പ്രാവർത്തികമാക്കുന്നതിൽ ഉണ്ടായ പരാജയവും

ഗ്രെഗറി 16-ാമൻ മാർപ്പാപ്പ 1838-ൽ പാദ്രൊവാദയുടെ അധികാരത്തെ മറികടന്ന് ഏകപക്ഷീയമായി ഇന്ത്യൻ പ്രേഷിത പ്രവർത്തനങ്ങളെ പുനഃസംവിധാനം ചെയ്യാൻ ശ്രമിച്ചപ്പോഴാണ് അധികാരപരിധി സംബന്ധിച്ച തർക്കം വീണ്ടും സജീവമായത്. (1831-1846 വരെയാണ് ഈ മാർപ്പാപ്പയുടെ ഭരണം). 'മുൾത്ത പ്രെക്ലാറ' എന്ന തന്റെ അപ്പസ്റ്റോലിക്ക് വിജ്ഞാപനത്തിലൂടെ പദ്രോവാദ നിലവിലിരുന്ന പ്രദേശങ്ങളിലെ മിഷനറി പ്രവർത്തനങ്ങൾ പുനഃസംവിധാനം ചെയ്യാൻ മുൻകാലങ്ങളിൽ മാർപ്പാപ്പമാർ പോർച്ചുഗീസ് രാജാവിനു നല്കിയ മിഷൻ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമുള്ള അവകാശം കാര്യക്ഷമമായി പ്രയോഗിക്കാനുള്ള സാമ്പത്തിക ഭദ്രതയോ രാഷ്ട്രീയ ഇച്ഛാശക്തിയോ അധികാരമോ പോർച്ചുഗലിന് ഇല്ലാതായി. ഈ വിജ്ഞാപനത്തിലൂടെ അപ്പോൾ തന്നെ പ്രവർത്തിച്ചുതുടങ്ങിയിരുന്ന നാല ് വികാരിയേറ്റുകളെയും സ്ഥിരപ്പെടുത്തി. മദ്രാസ് (1832), ബംഗാൾ (1834), സിലോൺ (1834), മധുരയും പോണ്ടിച്ചേരിയും ഉൾപ്പെടെ കൊറമൺഡേൽ (ചോളമണ്ഡലം) (1836) ഇവയാണ് ആ നാല് വികാരിയേറ്റുകളും. ഇവയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകയും

അവിടങ്ങളിൽ പാദ്രൊവാദക്കുണ്ടായിരുന്ന പേട്രണേജ് അവകാശം ഇല്ലാതാകുകയും ചെയ്തു.

### 1.4 ബോംബെയിൽ ഭരണാധികാരം പുനഃസംവിധാനം ചെയ്യുന്നു

ബോംബെയിലെ വൈദികരും അൽമായരും പദ്രൊവാദാ പ്രൊപഗാണ്ട എന്ന് രണ്ട് വിഭാഗമായി പിരിഞ്ഞു. ഇവർ തമ്മിലുള്ള സംഘർഷം മൂർച്ഛിച്ചപ്പോൾ ഇരുകൂട്ടരെയും സമാധാനിപ്പിക്കാൻ ബ്രിട്ടീഷ് സർക്കാർ ഒരു ശ്രമം നടത്തി. 1749–ൽ സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിച്ചു. പാദ്രൊവാദക്കാരായ ഗോവവൈദികർ ഭരിക്കുന്ന ദേവാലയങ്ങൾ, പ്രോപഗാണ്ടക്കാരായ കർമ്മലീത്തക്കാർ നിയന്ത്രിക്കുന്ന ദേവാലയങ്ങൾ ഇങ്ങനെ ബോംബെയിലെ ദേവാലയങ്ങളെ രണ്ടായി വിഭജിച്ചു. ബോംബെയിലെ കത്തോലിക്കർക്ക് ഇഷ്ടമുള്ള വിഭാഗത്തിൽ ചേരാം. ഈ സാഹചര്യം ഇരുവിഭാഗക്കാരും പരസ്പരം മത്സരിക്കാൻ, ജനങ്ങളെ തങ്ങളുടെ വിഭാഗത്തിൽ ചേർക്കാനുള്ള മത്സരത്തിനിടയാക്കി. മത്സരം എപ്പോഴും സുവിശേഷമൂല്യങ്ങൾ പാലിച്ചുകൊണ്ടായിരുന്നില്ല. അപകടകാരിയായ 'ഇരട്ട ഭരണാധികാരം' (ഡബിൾ ജൂറിസ്ഡിക്ഷൻ) തുടങ്ങുന്നത് ഇങ്ങനെയാണ്. ബോംബെയിലെ സഭാപ്രവർത്തനങ്ങളെ അന്നുതൊട്ട് പ്രതികൂലമായി ബാധിച്ച ഒരു സംവിധാനമായിരുന്നു ഇത്. ഗ്ലോറിയ ചർച്ച്, സോണാപൂർ ഉൾപ്പെടെ കാവേൽ, സാൽവാക്കാവോ, സെന്റ് മൈക്കിൾസ്, സിയോൻ ഇവ പാദ്രൊവാദയുടെ അധീനതയിൽ തുടർന്നു. ഔവ്വർ ലേഡി ഓഫ് ഹോപ് (ഫോർട്ട്), മാഹിമിലെ സെന്റ് മൈക്കിൾസ് ഇവ ലഭിച്ചു. കൂടാതെ അവർക്കു ഗിർഗാവുമിലെ ചാപ്പൽ, ഫോർട്ടു ചാപ്പൽ ഇവയും കർമ്മലീത്തക്കാർക്ക് ലഭിച്ചു. ഫോർച്ചു ചാപ്പൽ ഒരു സ്വകാര്യ ചാപ്പലാണ് എന്ന് കർമ്മലീത്തക്കാർ അവകാശപ്പെട്ടു. അതുകൊണ്ട് അതിന്മേൽ ആർക്കും ഭരണാധികാരം ഇല്ലായിരുന്നു.

### 1.5 സാൽസെറ്റ് ഡിക്രികൾ പാദ്രൊവാദ – പ്രോപഗാണ്ട കലഹം മൂർച്ഛിപ്പിക്കുന്നു

ബോംബെയിൽ ഏറെ വിഭാഗീയത ഉണ്ടാക്കിയതു മുൾത് പ്രേക്ലാറ ആയിരുന്നില്ല. ഫെബ്രുവരി 4–ാം തീയതി ഇറങ്ങിയ ഒരു പേപ്പൽ ഡിക്രി ആണ് ഇതിന് കാരണം. ഇത് 'സാൽസെറ്റ് ഡിക്രി' എന്നാണ് അറിയപ്പെടുന്നത്. കാരണം ഇത് പുറപ്പെടുവിച്ചത് വികാർ അപ്പസ്റ്റോലിക്ക് അലക്കാന്തറ നിർബന്ധം പിടിച്ചതുകൊണ്ടാണ്. പ്രോപഗാണ്ടയുടെ ഭരണാധികാരം സാൽസെറ്റ്, ബാസ്സിൻ എന്നീ

ദ്വീപുകളിലുള്ള മുപ്പത്തഞ്ചു ഇടവകകളിലേക്ക് വ്യാപിപ്പിക്കാം എന്നാണ് ഇദ്ദേഹം കരുതിയത്. മിഷനറി പ്രവർത്തനങ്ങളുടെ രണ്ട് സുപ്രധാന കേന്ദ്രങ്ങളായിരുന്നു ഈ രണ്ട് ദ്വീപുകളും. ഇവിടെ പോർച്ചുഗീസുകാരായ ഫ്രാൻസിസ്ക്കൻ സഭക്കാരുടെയും ഈശോ സഭക്കാരുടെയും പ്രവർത്തനംവഴി കത്തോലിക്കാസഭ സ്ഥാപിക്കപ്പെട്ടിരുന്നു. ഇവിടെ പദ്രോവാദ വൈദികർ ഏതാണ്ട് അൻപതിനായിരം ആളുകൾക്ക് ആത്മീയ ശുശ്രൂഷ നല്കിയിരുന്നു. മനസ്സില്ലാമനസ്സോടെ യാണ് റോം ഈ ഡിക്രി പുറപ്പെടുവിച്ചത്. 'മുൾത്ത പ്രെക്ലാറ' സ്പർശിച്ചിട്ടില്ലാത്ത വിഭാഗമായിരുന്നു ഇത്. ഇവിടെ നിലവിലിരുന്ന ലോലമായ പദ്രോവാദ - പ്രൊപഗാണ്ട സന്തുലനം ഈ ഡിക്രിയോടുകൂടി തകരാറിലായി. ബോംബെയിലും സമീപപ്രദേശങ്ങളിലും ഇതു സംഭവിച്ചു. ദ്വീപുവാസികൾ ഈ ഡിക്രി പൂർണ്ണമായും തള്ളിക്കളഞ്ഞു. ഇത് ഒരു വ്യാജവിജ്ഞാപനമാണ് എന്ന അവർ കരുതി. ഇതിന്റെ പിന്നിൽ കർമ്മലീത്തക്കാർ ആണ് എന്ന് അവർ പറഞ്ഞു. അവരുടെ അഭിപ്രായ ത്തിൽ പാദ്രോവാദയെ നശിപ്പിക്കാനാണ് കർമ്മലീത്തക്കാർ ശ്രമിക്കുന്നത്. അലമന്തെറായുടെ സഹായമെത്രാൻ ഫൊർക്കീനി വിവേകപൂർവ്വമോ വേണ്ടരീതിയിലോ പ്രതിസന്ധി കൈകാര്യം ചെയ്തില്ല. അലക്കാന്തറ രോഗബാധിതനായിരുന്നതിനാൽ കാര്യങ്ങളുടെ ചുമതല സഹായ മെത്രാനായിരുന്നു. അദ്ദേഹത്തിന്റെ കഴിവില്ലായ്മ പ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കി. പിന്നീട് ഫോർത്തീനിയുടെ പിൻഗാമിയായി വന്ന ഒരു മുൻ ഐറിഷ് കാർമ്മലൈറ്റ് പ്രൊവിൻഷ്യൽ വില്യം വീലന്നും സംഗതികൾ നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞില്ല.

വിലൻ ബോംബെയിലെത്തിയത് 1843-ൽ ആണ്. ഐർലണ്ടുകാരൻ ആയിരുന്നതുകൊണ്ട് ഇംഗ്ലീഷുകാരുടെ ഇടയിൽ സ്വീകാര്യനായി. എന്നാൽ ഇറ്റലിക്കാരായ കർമ്മലീത്താക്കാർക്കു പകരം സ്വന്തം നാട്ടുകാരെ നിയോ ഗിച്ചുതുടങ്ങിയപ്പോൾ അദ്ദേഹം പരാജയപ്പെട്ടു. പുതുതായി വന്നവരിൽ രണ്ട് ഈശോ സഭാംഗങ്ങൾ ഉണ്ടായിരുന്നു. ഫാ. ഷീഹൻ, ഫാ. റായൻ. ബോംബെയിലെ ഈശോസഭാ സാന്നിധ്യത്തിന്റെ മുന്നോടികൾ ആയിരുന്നു ഇവർ എന്നുപറയാം. ഇത് ഇറ്റലിക്കാരായ കർമ്മലീത്ത ക്കാർക്ക് ഇഷ്ടമായിരുന്നില്ല. അനാവശ്യമായ ഈ പ്രവൃത്തി റോമിനും അതൃപ്തിയുണ്ടാക്കി. വിഭാഗീയതയും കലഹവും നിലവിലുള്ള

വികാരി യേറ്റിൽ ഇതു ഒരു പ്രകോപനമായി റോം കണ്ടു. വീലന്ന് തന്റെ ടേം (നിശ്ചിതകാലഭരണം) പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തെ പെട്ടെന്ന് റോമിലേക്ക് വിളിച്ചു.

## 2.1 അനസ്താസിയസ് ഹാർട്ട്മാൻ അപ്പസ്റ്റോലിക്ക് അഡ്മിനിസ്ട്രേറ്റർ ആയി രംഗപ്രവേശം നടത്തുന്നു

പ്രശ്നങ്ങൾ നിറഞ്ഞ ബോംബെ വികാരിയേറ്റിന് വിവേകിയും കഴിവുള്ളവനുമായ ഒരു അഡ്മിനിസ്ട്രേറ്ററുടെ ആവശ്യം ഉണ്ടായിരുന്നു. അടിക്കടി രൂക്ഷമായിക്കൊണ്ടിരുന്ന വിഭാഗീയതയും സംഘർഷവും കൈകാര്യം ചെയ്യേണ്ടിയിരുന്നു. പ്രോപഗാണ്ടയുടെ താത്പര്യങ്ങൾ ഭംഗി യായി പ്രതിനിധീകരിക്കാൻ കഴിയുന്ന ഒരാളാകണം അഡ്മിനിസ്ട്രേറ്റർ. സ്വിസ്സ് കപ്പുച്ചിൻ മെത്രാൻ, പാറ്റ്ന വികാർ അപ്പസ്റ്റോലിക് അനസ്താസിയുസ് ഹാർട്ട്മാന്നാണ് നറുക്കുവീണത്. 1849-ൽ അദ്ദേഹത്തെ അഡ്മിനിസ്ട്രേറ്റർ അപ്പസ്റ്റോലിക്കായി ബോംബെയിലേക്ക് സ്ഥലംമാറ്റി. 1854 മുതൽ 1858 വരെ അദ്ദേഹം വികാർ അപ്പസ്റ്റോലിക് ആയിരുന്നു. ധീരമായി പ്രോപഗാണ്ടയുടെ താത്പര്യങ്ങൾ അദ്ദേഹം പ്രതിരോധിച്ചു, സംരക്ഷിച്ചു. അദ്ദേഹത്തിന്റെ ഭരണകാലത്ത് ശ്രദ്ധേയമായ രണ്ട് സംഭവങ്ങൾ ഉണ്ടായി. ഇത് നമ്മുടെ ഗവേഷണവുമായി ബന്ധപ്പെട്ട കാര്യമാണ്. കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ തുടക്കവും വളർച്ചയും. പിന്നെ ഒന്ന് ബോംബെ - പൂന ഇരട്ടവികാരിയേറ്റിന്റെ സ്ഥാപനം. ഇതിനെ ബോംബെ പൂന മിഷൻ എന്നും വിശേഷിപ്പി ക്കാറുണ്ട്. അജപാലന ശുശ്രൂഷയ്ക്ക് ഇതു ഈശോസഭയുടെ ജർമ്മൻ പ്രോവിൻസിനെ ഏൽപ്പിച്ചു.

## 2.2 കത്തോലിക്കാ വിദ്യാഭ്യാസം - ബിഷപ്പ് ഹാർട്ട്മാന്ന് ഏറ്റവും മുന്തിയ മുൻഗണന

1857-ലെ ശിപായി ലഹള ബ്രിട്ടീഷുകാർ അടിച്ചമർത്തി. ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ തുടക്കം ശിപായി ലഹള ആയിരുന്നു. ഇന്ത്യയിൽ അധികാരത്തിൽ തുടരാൻ ഇന്ത്യാക്കാരായ ഉദ്യോഗസ്ഥ ന്മാരുടെ സേവനം ആവശ്യമാണ് എന്ന് ഇംഗ്ലീഷുകാർ മനസ്സിലാക്കി. ഈ ഉദ്യോഗസ്ഥരെ ശരിയായ രീതിയിൽ പരിശീലിപ്പിച്ച് തങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്ന രീതിയിൽ പ്രവർത്തിക്കാൻ പഠിപ്പിക്കണം. ഇതിനുള്ള പ്രാഥമിക നടപടികൾ ലോർഡ് ബെന്റ്വിക്കിന്റെ ഭരണകാലത്തേ തുടങ്ങിയിരുന്നു (1828 - 1833). ഇന്ത്യയിൽ പ്രൈമറി സ്കൂൾ തൊട്ട് യൂണിവേഴ്സിറ്റി തലം വരെ

ഇംഗ്ലീഷ് വിദ്യാഭ്യാസം നല്കുന്നതു സംബന്ധിച്ച വിശദമായ ഒരു പ്ലാൻ ലോർഡ് മെക്കാളെ ബ്രിട്ടീഷ് പാർലമെന്റ് മുമ്പാകെ സമർപ്പിച്ചു. 1857 ആയപ്പോഴേയ്ക്കും കൽക്കട്ട, ബോംബെ, മദ്രാസ് എന്നീ യൂണിവേഴ്സിറ്റികൾ സ്ഥാപിച്ചു കഴിഞ്ഞിരുന്നു. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന് സ്വന്തം നിലയിൽ ആവശ്യമുള്ളത്ര ഉദ്യോഗസ്ഥർക്ക് സമുചിതമായ ബൗദ്ധികപരിശീലനം നല്കാൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് വിദ്യാഭ്യാസരംഗം സന്നദ്ധസംഘടനകൾക്കു തുറന്നുകൊടുത്തു. പ്രത്യേകിച്ചും പ്രോട്ടസ്റ്റന്റുകാരും കത്തോലിക്കരുമായ മിഷനറിമാർക്ക് ഈ മേഖല തുറന്നുകൊടുത്തു. ഇംഗ്ലീഷു വിദ്യാഭ്യാസം നേടാൻ ഇന്ത്യയിലെ ആളുകൾക്ക് വലിയ ആവേശമായിരുന്നു. പ്രോട്ടസ്റ്റന്റുകാരാണ് ഈ പ്രസ്ഥാനത്തിന്റെ മുൻപന്തിയിൽ. ഈ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ സഹായം (ഗ്രാന്റ്) നൽകി. കത്തോലിക്കരാണോ പ്രൊട്ടസ്റ്റന്റ് സഭകളാണോ എന്ന വിവേചനം കൂടാതെ എല്ലാവർക്കും ഗ്രാന്റ് ലഭ്യമാക്കി.

ഹാർട്ട്മാൻ വികാരിയേറ്റിന്റെ ഭരണം ഏറ്റെടുത്ത ഉടൻ അദ്ദേഹം മനസ്സിലാക്കി, കത്തോലിക്കർക്ക് വേണ്ടത്ര വിദ്യാഭ്യാസം ലഭിക്കാത്തതാണ് അധികാരപരിധി സംബന്ധിച്ച തർക്കത്തിന്റെ കാരണമെന്ന്. അമേരിക്കയിൽനിന്നും ബ്രിട്ടനിൽനിന്നും എത്തിയ പ്രോട്ടസ്റ്റന്റുകാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാനുള്ള ഈ അവസരം ഉത്സാഹപൂർവ്വം പ്രയോജനപ്പെടുത്തി. വിദ്യാഭ്യാസ രംഗത്ത് ഇതിനുസമാനമായി കത്തോലിക്കർ ഒന്നും ചെയ്തിരുന്നില്ല. ഈ സാഹചര്യത്തിൽ പ്രയോജനകരമായി എന്തെങ്കിലും ചെയ്യാൻ പോർച്ചുഗീസ് പാർദ്രൊവാദ വിഭാഗത്തിനും കഴിഞ്ഞില്ല. ഇതിന്റെ ഫലമായി മതബോധന സംവിധാനവും തകരാറിലായി. ഇതിനിടെ കത്തോലിക്കർ തങ്ങളുടെ മക്കളെ പ്രോട്ടസ്റ്റന്റ് വിദ്യാലയത്തിൽ അയച്ചു തുടങ്ങി. ഇത് അവരുടെ വിശ്വാസത്തെ അപകടത്തിലാക്കി. ഇതിന് ഒരു പരിഹാരമുണ്ടാക്കാൻ ബിഷപ്പ് ഹാർട്ട്മാൻ തീരുമാനിച്ചു. ഈ ലക്ഷ്യം നേടാനുള്ള ഏറ്റവും നല്ല മാർഗ്ഗം ഈശോസഭ വൈദികരെ വിളിച്ചുവരുത്തുകയാണ് എന്ന് മനസ്സിലാക്കി. വിദ്യാഭ്യാസരംഗം തുറന്നുകിട്ടിയപ്പോൾ ഈശോ സഭാ വൈദികർ ഇന്ത്യയിൽ പല ഭാഗത്തും ഈ രംഗത്തു പ്രവർത്തനം ആരംഭിച്ചിരുന്നു. വിദ്യാഭ്യാസ രംഗത്ത് ഏറ്റവും മികവുറ്റവർ എന്ന ഖ്യാതി ഈശോസഭക്കു ലഭിച്ചുകഴിഞ്ഞിരുന്നു. 1853-ൽ മധുര മിഷനിൽ നിന്ന നാല് ഈശോസഭാംഗങ്ങളെ ക്ഷണിച്ചുവരുത്തി. ഡച്ചുപ്രോവിൻസ്

അംഗമായ ഫാ. വാൾട്ടർ സ്റ്റൈൻസ്, റോമിൽ വച്ച് ഈശോസഭയിൽ ചേർന്ന ഗോവ സ്വദേശിയായ ഫാ. അന്റോണിയോ പെരെയ്‌ര ഇദ്ദേഹത്തെ മധുര പ്രോവിൻസിൽ ചേർത്തിരുന്നു. (അന്റോണിയോ, ജാക്ക് എന്ന വേറൊരു ഗോവൻ. ഇദ്ദേഹം ജർമ്മൻ പ്രോവിൻസിലെ അംഗമായിരുന്നു.) അവസാനം ഇംഗ്ലീഷ് ജസ്വിറ്റ് പ്രോവിൻസ് അംഗം ഫാ. പെനിസ്റ്റൺ. ബിഷപ്പ് ഹാർട്ട്മാൻ വിദ്യാഭ്യാസ സംരംഭം തുടങ്ങിയത് 1852-ൽ പരേലിൽ ആൺകുട്ടികൾക്കായി ഒരു അനാഥാലയം, മാസഗോണിൽ പെൺകുട്ടികൾ ക്കായുള്ള ഒരനാഥാലയവും ഒരു ചെറിയ ആൺ പള്ളിക്കൂടവും ഇവ സ്ഥാപിച്ചുകൊണ്ടാണ്. ആവശ്യങ്ങൾ വളരെ വലുതായിരുന്നതു കൊണ്ട് ഈ സ്ഥാപനങ്ങൾ മതിയായില്ല.

1856-ൽ സെന്റ് മേരീസ് യൂറോപ്യൻ ഓർഫനേജും ഹൈസ്കൂളും തുറന്നു. ബൈക്കളയിലെ നെസ്ബിറ്റ് മെയ്നിൽ ആയിരുന്നു ഈ സ്ഥാപനങ്ങൾ. ഇവയുടെ ചുമതല ഈശോ സഭാവൈദികരെ ഏല്പിച്ചു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് ബിഷപ്പ് 'സിസ്റ്റേഴ്സ് ഓഫ് ജീസസ് ആൻഡ് മേരി' കോൺഗ്രിഗേഷന്റെ സഹായം തേടി.

### 2.3. ബോംബെ-പൂന ഡബിൾ വികാരിയേറ്റിന്റെ സ്ഥാപനം

'മുൾത്ത പ്രെക്ലാറ' എന്ന ബ്രീഫിലൂടെ ഇന്ത്യൻ പ്രേഷിതരംഗം പുനഃസംഘടിപ്പിക്കാൻ ഗ്രെഗറി 16-ാമൻ മാർപ്പാപ്പ നടത്തിയ ശ്രമം പദ്രോവാദയുടെ ശക്തമായ എതിർപ്പുമൂലം തകർന്നു എന്ന് നാം കണ്ടല്ലോ. അതുപോലെ സാൾസെറ്റ് ഡിക്രിയിലൂടെ ഇത് ബോംബെ യിൽ നടപ്പിലാക്കാനുള്ള ശ്രമവും ശക്തമായ എതിർപ്പ് നേരിട്ടു. പദ്രോവാദയും പ്രോപഗാണ്ടയും തമ്മിലുള്ള തർക്കം കൂടുതൽ രൂക്ഷ മായി. ഡബിൾ ജൂറിസ്ഡിക്ഷൻ ഇരുകൂട്ടർക്കും അധികാരം നടാത്താ നുള്ള സൗകര്യം ഒരു പ്രശ്നമായി. രംഗം ശാന്തമാക്കാനും സാഹചര്യം പ്രോപഗാണ്ടക്കായ് അനുകൂലമാക്കാനും ബിഷപ്പ് ഹാർട്ട്മാൻ തന്ത്രപൂർവ്വം നടത്തിയ ശ്രമങ്ങൾ ഫലപ്രദമായില്ല. 1854-ൽ ബോംബെ വികാരിയേറ്റിനെ രണ്ടായി വിഭജിച്ചു. ഡെക്കാൻ പ്രദേശം ഈശോ സഭക്കാരെ ഏല്പിച്ചു. ഈ പ്രദേശത്തിന്റെ കേന്ദ്രം പൂന ആയിരുന്നു. മാൾവ, ഗുജറാത്ത്, സിൻഡ് തുടങ്ങിയ ഭാഗങ്ങൾ കപ്പുച്ചിൻസിനു നല്കി. ഡാ. ഹാർട്ട്മാനെ ബോംബെയുടെ വികാർ അപ്പസ്റ്റോ ലിക്കായും പൂനയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്റ്റോലിക് ആയും നിയമിച്ചു.

വികാരിയേറ്റിനെ രണ്ടായി വിഭജിച്ചതും രണ്ട് ഭാഗവും വ്യത്യസ്ത സഭക്കാരെ ഏല്പിച്ചതും രണ്ട് സഭകളും തമ്മിൽ ഗുരുതരമായ

അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാൻ കാരണമായി. തർക്കത്തിൽ ഹാർട്ട്മാൻ ശക്തമായി ഇടപെട്ടു. ഇത് ഈശോ സഭക്കാരെ അതൃപ്തരാക്കി എന്ന ബോംബെ മിഷന്റെ ചരിത്രകാരനായ ഏണസ്റ്റ് ഹൾ പറയുന്നു.

### 2.4 ബോംബെ–പൂന മിഷൻ ജർമ്മൻ ഈശോ സഭക്കാരുടെ കീഴിൽ വരുന്നു

ഹാർട്ട്മാനും പ്രോപഗാണ്ടയും തമ്മിൽ നടന്ന ഒരു ഒത്തുതീർപ്പിലേക്കും തീരുമാനത്തിലേക്കും നയിച്ചു. 1857 മേയ് 28–ാം തീയതി ഉണ്ടാക്കിയ ഉടമ്പടി ഇതാണ്. വികാരിയേറ്റുകൾ രണ്ടും പരസ്പരം കൈമാറണം. കപ്പുച്ചിൻസഭക്കാർക്ക് പൂന ലഭിക്കും. ബോംബെ ലഭിക്കുക ഈശോ സഭക്കാർക്കായിരിക്കും. എന്നാൽ ഇതിനിടെ അടിയന്തര സാഹചര്യം ഉണ്ടായി.

1796 മുതൽ ബോംബെയിൽ കർമ്മലീത്താക്കാരുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. വരാപ്പുഴയിലും ബോംബെയിലും പ്രവൃത്തി എടുക്കുക എന്നത് ചുമക്കാനാകാത്ത ഭാരമാണ് എന്ന് തിരിച്ചറിഞ്ഞു. ബോംബെയിൽ നിന്നു പിൻവാങ്ങാൻ അവർ തയ്യാറായി. 1857–ൽ ഇന്ത്യൻ സൈന്യത്തിലുണ്ടായ കലാപം കർമ്മലീത്തക്കാരെ വളരെ പ്രതികൂലമായി ബാധിച്ചു. ഗംഗാ സമതലത്തിലും ഹിമാലയത്തിന് തൊട്ടു കിടക്കുന്ന വിശാലമായ പ്രദേശങ്ങളിലും സുവിശേഷം പ്രചരിപ്പിക്കാൻ ചുമതലപ്പെടുത്തിയിരുന്നതു കർമ്മലീത്തക്കാരെയാണ്. എന്നാൽ ഇതിനുവേണ്ട ആൾബലം അവർക്കില്ലായിരുന്നു. അതുകൊണ്ട് ബോംബെ, പൂന എന്നീ രണ്ട് വികാരിയേറ്റുകളിൽനിന്ന അവർ പിൻവാങ്ങി രണ്ടും ഈശോ സഭക്കാരെ ഏല്പിയ്ക്കാൻ അവർ തയ്യാറായി. അവസാനനിമിഷം കപ്പുച്ചിൻകാർക്കുണ്ടായ ഈ മനംമാറ്റം കാരണം പ്രോപഗാണ്ട 1858 ആഗസ്റ്റ് 13–ാം തീയതി പുറപ്പെടുവിച്ച ഒരു ഡിക്രിയിലൂടെ ബോംബെയും പൂനയും രണ്ട് ഘടകങ്ങളായി തുടരുമെങ്കിലും അവയെ ഒരു മിഷനാക്കി, ഈശോസഭക്കാരെ ഏല്പിച്ചു. ഈ വികാരിയേറ്റുകളിലെ അജപാലനശുശ്രൂഷ ഈശോസഭയുടെ ജർമ്മൻ പ്രോവിൻസിന്റെ ചുമതലയിലാക്കി.

### 2.5 ബിഷപ്പ് ഹാർട്ട്മാൻ രാജിവച്ചു ബോംബെ വിടുന്നു

'മുൾത്ത പ്രെക്ലാറ' പൂർണ്ണമായും അവഗണിക്കപ്പെട്ടു. സാൽസെറ്റ് ഡിക്രി ഇരട്ട ഭരണാധികാരാതിർത്തി സംബന്ധിച്ച തർക്കം കൂടുതൽ രൂക്ഷമാക്കി. ഇതു വേണ്ടാത്ത പല പരിണിതഫലങ്ങൾക്കും കാരണമായി. ഈ പ്രതിസന്ധി നേരിടാൻ പരിശുദ്ധ സിംഹാസനത്തിന് എന്തെങ്കിലും വഴി കണ്ടെത്തേണ്ടിവന്നു. പോർച്ചുഗല്ലുമായി ചർച്ച ചെയ്ത് പുതിയ ഒരു ഉടമ്പടി ഉണ്ടാക്കുക ആയിരുന്നു ഏക മാർഗ്ഗം.

1857-ൽ ഉണ്ടാക്കിയ 'കൊൺകോർഡാറ്റ്' ഉടമ്പടി ബിഷപ്പ് അനസ്താസിയുസ് ഹാർട്ട്മാന് ഒട്ടും സ്വീകാര്യമായിരുന്നില്ല. ഈ കരാർ അനുസരിച്ച് ഗോവാ രൂപതയിൽ പേദ്രനേജ് അവകാശം, അതായത് പദ്രോവാദ അവകാശങ്ങൾ നിലനിൽക്കും. ഗോവയ്ക്കു കീഴിലുള്ള കൊച്ചി, മൈലാപ്പൂർ, കൊടുങ്ങല്ലൂർ എന്നീ രൂപതകളുടെ വ്യാപ്തിയും അതിർത്തികളും പിന്നീട് തിട്ടപ്പെടുത്തും.

ഇത് ബിഷപ്പ് ഹാർട്ട്മാനെ വേദനിപ്പിച്ചു. താൻ എപ്പോഴും പ്രോപഗാണ്ടയ്ക്കുവേണ്ടി നിലകൊണ്ടിട്ടും ഇപ്പോൾ പ്രോപഗാണ്ട തന്നെ ഉപേക്ഷിച്ചു എന്ന് ബിഷപ്പിന് തോന്നി. സ്വാരസ് പറയുന്നത്, പരാജയ ബോധത്തോടെ ബിഷപ്പ് തന്റെ ഉദ്യോഗം രാജിവച്ച് തന്റെ പഴയ പാറ്റ്ന വികാരിയേറ്റിലേക്ക് മടങ്ങി എന്നാണ്.

### 2.6 ജർമ്മൻ ഈശോസഭാ വൈദികരുടെ ആഗമനം അലെക്സിസ് കാനോനിനെ ബോംബെയിലേക്കു സ്ഥലം മാറ്റുന്നു

ഇന്ത്യയിലെ ജർമ്മൻ ഈശോസഭയുടെ ചരിത്രം എഴുതിയ അൽഫോൺസ് വാത് പറയുന്നത് അന്നത്തെ ജർമ്മൻ പ്രോവിൻസിൽ തങ്ങളുടെ ഇന്ത്യൻ മിഷൻ സംബന്ധിച്ച് വലിയ ഉത്സാഹമായിരുന്നു എന്നാണ്. സഭയിലെ ഏറ്റവും സമർത്ഥരായവരെ ഇന്ത്യയിലേക്ക് അയയ്ക്കാൻ സഭയുടെ ജനറൽ പ്രത്യേകം ശ്രദ്ധിച്ചു. ഒരു വർഷത്തിനകം യൂറോപ്പിൽ നിന്നും പതിനൊന്ന് വൈദികർ എത്തി. അപ്പോൾത്തന്നെ ബോംബെ-പൂന വികാരിയേറ്റിൽ പണിയെടുത്തിരുന്ന ജർമ്മൻകാരല്ലാത്ത നാല് ഈശോ സഭാംഗങ്ങൾക്കു പുറമെയാണ് ഇത്. ബിഷപ്പ് അലെക്സിസ് കാനോസ് മധുര-ത്രിശിനാപ്പള്ളിയുടെ വികാർ അപ്പസ്റ്റോലിക് ആയിരുന്നു. ഇദ്ദേഹത്തെ ബോംബെയിലേക്ക് സ്ഥലംമാറ്റി അഡ്മിനിസ്ട്രേറ്റർ അപ്പസ്റ്റോലിക്കായി നിയമിച്ചു. 1838-ൽ ഈശോ സഭ പുനഃസംഘടിപ്പിച്ച ശേഷം മധുര മിഷനിൽ പുനഃപ്രവേശനം ലഭിച്ച ആദ്യസംഘം ഈശോ സഭാംഗങ്ങളിൽ ഒരാളായിരുന്നു ഇദ്ദേഹം. മധുര മിഷനിൽ നേടിയ അനുഭവം പ്രയോജനപ്പെടുത്തി ബോംബെയിലെ ഇരട്ട വികാരിയേറ്റിനെ പടുത്തുയർത്തുക എന്നതായിരുന്നു ഇദ്ദേഹത്തിന്റെ നിയോഗം. ഇദ്ദേഹം പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണൻ ആയിരുന്നു. ഇന്ത്യയിൽ ഇംഗ്ലീഷ്‌വിദ്യാഭ്യാസം നടപ്പാക്കാൻ ബ്രിട്ടീഷുകാർ ഒരവസരം നല്കിയപ്പോൾ അത് തികച്ചും പ്രയോജനപ്പെടുത്തിയ

ആളായിരുന്നു ഇദ്ദേഹം. മധുര മിഷനിൽ നേരിടേണ്ടിവന്ന അതേ സാഹചര്യമാണ് ബോംബെയിലും നേരിടേണ്ടിയിരുന്നത്. കത്തോലിക്കർക്ക് സ്വന്തമായ സ്ഥാപനങ്ങൾ ഇല്ലാതിരുന്നതുകൊണ്ട് കത്തോലിക്കാ വിദ്യാർത്ഥികൾ പ്രൊട്ടസ്റ്റന്റുകാരുടെ വിദ്യാലയങ്ങളിൽ ചേർന്നു പഠിക്കാൻ നിർബന്ധിതരായി. ബിഷപ്പ് ഹാർട്ട്മാൻ തുടങ്ങിവച്ച വിദ്യാഭ്യാസ പരിപാടികൾ പൂർത്തി യാക്കാൻ അനുയോജ്യനായ ഒരാളെയാണ് ഇപ്പോൾ തെരഞ്ഞെടുത്തത്. ഈ സമയം യൂറോപ്പിലായിരുന്ന ഫാ. വാൾട്ടർ സ്റ്റെൻ 1859 ജനുവരി 9-ാം തീയതി മടങ്ങി എത്തി ബിഷപ്പ് കാനോനിന്റെ സെക്രട്ടറിയായും മിഷന്റെ സുപ്പീര്യർ ആയും ചാർജ്ജെടുത്തു.

ഈശോസഭയുടെ ജർമ്മൻ-സ്വിസ്സ് പ്രോവിൻസിൽ നിന്ന ഡബിൾ വികാരിയേറ്റിലേക്കുവന്ന ആദ്യസംഘം ഈശോസഭക്കാർ എല്ലാവരും സ്വിറ്റ്സർലണ്ടുകാരായിരുന്നു. ഒരു തുണ സഹോദരൻ മാത്രം ജർമ്മൻകാരൻ, ജർമ്മനിയിലെ നിലവിലിരുന്ന 'കുർട്ട്കാമ്ഫർ' കാരണം ഇവരെല്ലാം അമേരിക്കൻ ഐക്യനാടുകളിൽ പോയി നല്ലതുപോലെ ഇംഗ്ലീഷുഭാഷ പഠിച്ചു. തങ്ങളുടെ പുതിയ പ്രേഷിതരംഗത്ത് ഇതുവളരെ പ്രയോജനപ്പെട്ടു.

1858 ഒക്ടോബർ 28-ാം തീയതി ബോംബെയിൽ എത്തിയവർ ഫാദർ ലീയോ മെവ്വറിൻ, ഫാ. ജോസഫ് ആന്റൺ ബില്ലി എന്നിവർ ആയിരുന്നു. ബോംബെ-പൂനാ മിഷനിലെ വളരെ പ്രശസ്തരായ രണ്ട് വ്യക്തികളാ യിരുന്നു ഇവർ. 1859 അവസാനമായപ്പോഴേയ്ക്കും ഡബിൾ വികാരിയേറ്റിൽ ഇരുപത്തിരണ്ട് ജസ്വിറ്റ് വൈദികരും അഞ്ച് തുണ സഹോദരരും കോൺ ഗ്രിഗേഷൻ ഓഫ് ജീസസ് ആൻഡ് മേരിയിലെ ഇരുപത്തിയേഴ് കന്യാസ്ത്രീകളും ഉണ്ടായിരുന്നു. ബിഷപ്പ് ഹാർട്ട്മാൻ കന്യാസ്ത്രീകളെ കൊണ്ടു വന്നത് സ്ത്രീകൾക്ക് വിദ്യാഭ്യാസം നല്കുക എന്ന സംരംഭം വിജയിപ്പിക്കാനായിരുന്നു.

രണ്ടുവർഷത്തെ പ്രാഥമിക പ്രവർത്തനങ്ങൾക്കുശേഷം ബിഷപ്പ് കാനോസ് തന്റെ പഴയ രൂപതയിലേക്കു മടങ്ങി. മധുര ആയിരുന്നല്ലോ ആ രൂപത. 1861 മേയ് 3-ാം തീയതി അദ്ദേഹം മടങ്ങി എത്തി. തന്റെ സെക്രട്ടറി വാൾട്ടർ സൈനിക വികാരിയേറ്റിന്റെ ചുമതല ഏല്പിച്ച ശേഷമാണ് അദ്ദേഹം പോയത് (1858-1867). 1861 ജനുവരി 29-ാം തീയതി ഇദ്ദേഹത്തെ ബ്രസ്സൽസിൽ വച്ചു മെത്രാനായി അഭിഷേകം

ചെയ്തു. 1861 ഡിസംബർ 26–ാം തീയതി അദ്ദേഹം ബോംബെയിൽ മടങ്ങി എത്തി വികാരിയേറ്റിന്റെ ചുമതല ഏറ്റെടുത്തു.

### 2.7. ബോംബെ-പൂന ഡബിൾ വികാരിയേറ്റിന്റെ ഒരു ചിത്രം

ബോംബെ-പൂന ഡബിൾവികാരിയേറ്റിന്റെ വിസ്തീർണ്ണം ഏതാണ്ട് 4,60,000 ചതുരശ്ര കിലോമീറ്റർ ആയിരുന്നു. ഇവിടത്തെ ജനസംഖ്യ 23 ദശലക്ഷം. ഇതിൽ 17,100 പേർ മാത്രമായിരുന്ന പ്രോപഗണ്ടയോട് കൂറു പുലർത്തിയിരുന്ന കത്തോലിക്കർ വികാരിയേറ്റിന്റെ അതിർത്തി ക്കുള്ളിൽ 30,000 അടുപ്പിച്ച് കത്തോലിക്കർ പദ്രോവാദ വിഭാഗത്തിൽപ്പെട്ടവരായി ഉണ്ടായിരുന്ന പ്രോപഗാണ്ടയുടെ കീഴിലുള്ള കത്തോലിക്കരിൽ 5200 പേർ യൂറോപ്പിൽ നിന്നുള്ള വരായിരുന്നു. വികാരിയേറ്റ് സാംസ്കാരികമായും ജനവിഭാഗങ്ങളുടെ (ജാതി) അടിസ്ഥാനത്തിലും വിശാലമായ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഒരു ചെറിയ പതിപ്പായിരുന്നു. ഇതിന്റെ വടക്കേ അതിർത്തി ഗുജറാത്ത് മുതൽ സിൻഡുവരെ എത്തി; തെക്ക് അതിന് കാർവാർ ആയിരുന്നു അതിർത്തി. പോർച്ചുഗീസുമേഖലയായ ഗോവ ഇതിൽ ഉൾപ്പെട്ടിരുന്നില്ല. ഗോവ ആർച്ചുബിഷപ്പിന്റെ അധികാര സീമയിൽ പെട്ടതായിരുന്നു ഗോവ.

### 3.1 പുറംജാതിക്കാരെ മാനസാന്തരപ്പെടുത്തുന്നതിലും താത്പര്യം ജർമ്മൻ ഈശോസഭക്കാർക്കു വിദ്യാഭ്യാസം ലഭ്യമാക്കുന്ന തിനായിരുന്നു

ബോംബെ-പൂന മിഷൻ തങ്ങളെ ഏല്പിച്ചപ്പോൾ ജർമ്മൻ ജസ്വിറ്റ്സ് വളരെ സന്തോഷിച്ചു, ഉത്സാഹഭരിതരായി. ഈ ഉത്സാഹം വേദപ്രചരണത്തിൽ മാത്രം ഒതുങ്ങിനിന്നില്ല. അതായത്, മാനസാന്തരം ലക്ഷ്യമാക്കിക്കൊണ്ട് കുറേ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന തിൽ ഒതുങ്ങി നിന്നില്ല. അവരുടെ സാമ്പത്തിക ശേഷിയും ആൾബലവും പൂർണ്ണമായും കേന്ദ്രീകരിച്ചത് ബിഷപ്പ് ഹാർട്ട്മാൻ തുടങ്ങിയ വിദ്യാഭ്യാസരംഗം പരിപോഷിപ്പിച്ചിരിക്കുന്നതിലായിരുന്നു. ഇത് തുടങ്ങിയത് ബിഷപ്പ് ഹാർട്ട്മാൻ, ബിഷപ്പ് കാനോസ് ഇത് തുടർന്നും പരിപോഷിപ്പിച്ചു. ചുരുക്കി പറഞ്ഞാൽ, വിദ്യാഭ്യാസ പരിപാടിയിൽ സർവ്വതും നിക്ഷേപിച്ചതുകൊണ്ട് ഏതാനും മിഷൻകേന്ദ്രങ്ങൾ പോലും തുറക്കാൻ കഴിഞ്ഞില്ല. അതിനുള്ള പണവുമില്ലായിരുന്നു, ആളുമില്ലായിരുന്നു. ബിഷപ്പ് സ്റ്റെനിന്റെ ഭരണ കാലത്ത് (1857 – 1868) വിദ്യാഭ്യാസരംഗത്ത് ധാരാളം പ്രവർത്തനങ്ങൾ

നടന്നു. 1860-ൽ ശ്രദ്ധേയമായ ഒരു സ്ഥാപനം, പിൽക്കാലത്തു സെന്റ് സേവ്യേഴ്സ് കോളേജായി വികസിച്ച സെന്റ് സേവ്യേഴ്സ് സ്കൂൾ കാവേലിൽ സ്ഥാപിച്ചു. ഫാ. ലിയോ മെവുറ്റന്ന് സ്കൂളിന്റെ ചാർജ് നല്കി. ബിഷപ്പ് സ്റ്റൈൻ സർക്കാരിൽ നിന്ന കടം എടുത്ത് 2,50,000/- രൂപയ്ക്ക് എസ്പ്ലനേഡിന് അടുത്ത് ഒരു സ്ഥലം വാങ്ങി. കത്തോലിക്കരായ കുട്ടികൾക്ക് യൂണിവേഴ്സിറ്റി തലത്തിലുള്ള വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടാവണം എന്ന ബിഷപ്പ് ഹാർട്ട്മാന്റെ സ്വപ്നം സാക്ഷാത്കരിക്കുന്നതിന് സഹായിക്കാനായിരുന്നു ഇത്. ഫാ. വില്ലി കറാച്ചിയിൽ സെന്റ് പാട്രിക്ക്സ് സ്കൂളും ബാൻഡ്രയിൽ സെന്റ് സ്തൻസ്ലാവൂസ് സ്കൂളും ആരംഭിച്ചു. ഈ സ്കൂൾ പ്രധാനമായും പദ്രോവാദാ കുട്ടികൾക്കുവേണ്ടി ആയിരുന്നു. 1867-ൽ ഫാ. ബ്രന്നർ പൂനയിൽ സെന്റ് വിൻസന്റ് സ്കൂൾ ആരംഭിച്ചു. കൂടാതെ എല്ലാ ഇടവകകളിലും ഒരു പ്രൈമറി സ്കൂൾ എങ്കിലും ഉണ്ട് എന്നു ഉറപ്പുവരുത്തി. 1850 മുതൽ ബോംബെയിൽ പ്രവർത്തിച്ചിരുന്ന 'സിസ്റ്റേഴ്സ് ഓഫ് ജീസസ് ആൻഡ് മേരി' കന്യാസ്ത്രീകൾക്കായിരുന്നു പെൺപള്ളിക്കൂടങ്ങളുടെയും പെൺകുട്ടികൾക്കായുള്ള അനാഥശാല കളുടെയും ചുമതല. അങ്ങനെ വാത്ത് പറയുന്നതുപോലെ, 1867 ആയപ്പോഴേയ്ക്കും വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാനസൗകര്യം ഒരുക്കിക്കഴിഞ്ഞിരുന്നു. കത്തോലിക്കരായ കുട്ടികളെ പ്രൊട്ടസ്റ്റന്റ് സ്കൂളുകളിൽ നിന്നും കത്തോലിക്കാ വിദ്യാലയങ്ങളിലേക്കു മാറ്റി.

1868-ൽ ബിഷപ്പ് സ്റ്റൈൻ സ്ഥാനമൊഴിഞ്ഞു പോയ സമയം ബോംബെ-പൂന വികാരിയേറ്റിൽ ജർമ്മൻ ജസ്വിറ്റ്സിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം 1172 ആൺകുട്ടികളും 502 പെൺകുട്ടികളുമായി ഉയർന്നിരുന്നു.

1856-ൽ ബിഷപ്പ് ഹാർട്ട്മാൻ തുടങ്ങിവച്ച 'സെന്റ് മേരീസ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ്' ബോംബെയിലാകെ ഏറ്റവും പ്രശസ്തമായ സ്ഥാപനമായി വളർന്നുകഴിഞ്ഞിരുന്നു. ആ കാലഘട്ടത്തിലെ ഏറ്റം നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്നായി ഇത് കരുതപ്പെട്ടിരുന്നു. ജർമ്മൻ ജസ്വിറ്റ്സാണ് ഇത് നടത്തിയിരുന്നത്. സ്ഥാപനത്തിലെ ഹയർ ക്ലാസ്സുകൾ കുട്ടികളെ യൂണിവേഴ്സിറ്റി പരീക്ഷയ്ക്ക് പരിശീലിപ്പിച്ചിരുന്നു. 1869-ൽ ബോംബെ യൂണിവേഴ്സിറ്റി ഈ ക്ലാസ്സുകൾക്ക് അംഗീകാരം നല്കി. 1872 തൊട്ട് അത് ഇന്ത്യയിലെ ജർമ്മൻ ജസ്വിറ്റ്സിന്റെ 'തേർഡ് പ്രൊബേഷന്റെ ഭവനം' ആയി മാറി. അതുകൊണ്ട് ഇതിനെ 'സെമിനാരി' എന്നും വിളിച്ചുവന്നു.

## 3.2 ബിഷപ്പ് ലിയോ മെവ്റിൻ വിദ്യാഭ്യാസ പരിപാടി പൂർത്തീകരിക്കുന്നു

1867-ൽ ബിഷപ്പ് വാർട്ടർ സ്റ്റൈനിനെ വെസ്റ്റ് ബംഗാളിന്റെ വികാർ അപ്പസ്റ്റോലിക്കായി കൽക്കട്ടയിലേക്കു സ്ഥലം മാറ്റി. ഇദ്ദേഹത്തിന്റെ പിൻഗാമി യായി ചുമതലയേറ്റത് ഫാ. ലീയോ മെവ്റിൻ ആയിരുന്നു. ഇദ്ദേഹത്തെ വാത് വിശേഷിപ്പിക്കുന്നത് 'ഉത്സാഹശാലിയും പുതിയ സംരംഭങ്ങൾ തുടങ്ങാൻ കഴിവുള്ളവനും ആയ ഒരാൾ' എന്നാണ്. 1867 അവസാനമാണ് ഇദ്ദേഹത്തെ വികാർ അപ്പസ്റ്റോലിക്ക് ആയി നിയമിച്ചത്. 1868 ഫെബ്രുവരി 2-ാം തീയതി വിശാഖപട്ടണം മെത്രാനായ ബിഷപ്പ് ടിസ്റ്റോട് ബോംബെയിൽ ഇദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്തു. ബിഷപ്പ് ഹാർട്ട്മാൻ തുടങ്ങിവച്ച വിദ്യാഭ്യാസപരിപാടി പൂർത്തിയാക്കുക ഇദ്ദേഹത്തിന്റെ ഉത്തരവാദിത്വ മായി തീർന്നു. സെന്റ് സേവ്യേഴ്സ് കോളേജ് സ്ഥാപിക്കുന്നതിന് മുൻകൈ എടുത്തത് ഇദ്ദേഹമാണ്. ഇതിനുള്ള സ്ഥലം ക്രൂയാക്ഷൻ റോഡിൽ ബിഷപ്പ് സ്റ്റൈൻസ് വാങ്ങിയിട്ടുണ്ടായിരുന്നു. ബോംബെയിൽ ജർമ്മൻ ജസ്വിറ്റ്സ് നടത്തിയിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏറ്റം ശ്രദ്ധയും അവയുടെ എല്ലാം കിരീടം സെന്റ് സേവ്യേഴ്സ് ആയിരുന്നു.

മേല്പറഞ്ഞ കോളേജായിരുന്ന ബിഷപ് മെവ്റിന്റെ വിദ്യാഭ്യാസ സംരംഭത്തിന്റെ തുടക്കം. ഈ കോളേജിന് തറക്കല്ലിട്ടത് 1868 ജനുവരി 13-ാം തീയതി ആയിരുന്നു. സർക്കാരിൽ നിന്നു കുറഞ്ഞ പലിശയ്ക്ക് 61,000/- രൂപ കടമെടുത്തു പണി ആരംഭിച്ചു. ബാക്കി തുകയ്ക്കുവേണ്ടി ഒരു പണസംഭരണം നടത്തി. പലരും സ്വമേധയാ സംഭാവന നല്കി. എല്ലാ ജാതിമതക്കാരായ ആളുകളും കൈയയച്ചു സംഭാവന നല്കി. കോളേജു കൊണ്ട് തങ്ങൾക്കും ഗുണമുണ്ടാകും എന്ന് എല്ലാ വിഭാഗം ആളുകളും മനസ്സിലാക്കി. അവിടെ തങ്ങൾക്കും യൂണിവേഴ്സിറ്റി തലത്തിലുള്ള വിദ്യാഭ്യാസം ലഭിക്കും എന്നവർ തിരിച്ചറിഞ്ഞു.

ബ്രദർ ക്ലൂവർ, ബ്രദർ ലൗ, ഫാദർ കാൾ വാഗ്സർ ഇവരുടെ മേൽനോട്ടത്തിൽ രണ്ടുവർഷം പണിതപ്പോൾ കിഴക്കേ ഭാഗത്തെ കെട്ടിടം പൂർത്തിയായി. ഇതിന് 1,05,000/- രൂപ ചെലവായി. ഒരു വർഷം കൂടി കഴിഞ്ഞപ്പോൾ കാർണാക്ക് റോഡിലുള്ള നടുക്കത്തെ കെട്ടിടം തീർന്നു. ഇതിനു ചുററും ഒരു 'ടൗവർ' ഉയർന്ന സ്തംഭം ഉണ്ടായിരുന്നു ഇതാണ് ഇന്നത്തെ സെന്റ്. സേവ്യേഴ്സ് ഹൈസ്കൂൾ. പണി പൂർത്തിയായപ്പോൾ ബോംബെയിലെ ഏറ്റവും മനോഹരമായ കെട്ടിടങ്ങളിൽ ഒന്നായി സെന്റ് സേവ്യേഴ്സ്. സെന്റ് മേരീസ്

ഇൻസ്റ്റിറ്റ്യൂഷനിലെ ഉയർന്ന ക്ലാസ്സുകൾ സെന്റ് സേവ്യേഴ്സിലെ ഉയർന്ന ഡിവിഷനുകളുമായി സംയോജിപ്പിച്ചു. കൂടാതെ വിവിധ വിഭാഗങ്ങളിൽപ്പെട്ട ധാരാളം കുട്ടികൾ കാവേലിലെ സെന്റ് ഫ്രാൻസിസ് സേവ്യർ സ്കൂളിൽ നിന്നും ഫോർട്ടിലെ ജെന്റിൽമാൻസ് സ്കൂളിൽ നിന്നും കോളേജിൽ ചേർന്നു. 1869–ൽ കോളേജദ്ധ്യാപകരിൽ രണ്ടു വൈദികരും ഒരു വൈദിക വിദ്യാർത്ഥിയും ആറ് അല്മായരും ഉണ്ടായിരുന്നു. ഇതു കൂടാതെ എപ്പോഴും കോളേജുപരിസരത്ത് അഞ്ചു ബ്രദേഴ്സ് ഉണ്ടായിരുന്നു. വിദ്യാർത്ഥികളുടെ എണ്ണം ഇതിനകം 516 ആയി ഉയർന്നിരുന്നു. 1871–ൽ ആറ് വൈദികരും അഞ്ച് വൈദികവിദ്യാർത്ഥികളും (സ്കൊളാസ്റ്റികസ്) അധ്യാപകരായി ഉണ്ടായിരുന്നു. 1873–ൽ ബി.എ. ക്ലാസ്സുകൾ ആരംഭിച്ചു. 1875–ൽ രണ്ടു വിദ്യാർത്ഥികൾ ആർട്ട്സിൽ എം.എ. ഡിഗ്രി എടുത്തു. അപ്പോഴേയ്ക്കും കുട്ടികളുടെ എണ്ണം 650 ആയി. അതു ഒരു റെക്കോർഡായിരുന്നു. ഗെൻസേ പറയുന്നത്, ബോംബെയിലെ സെന്റ് സേവ്യേവ്സ് കോളേജിന് കാര്യമായ ബാലാരിഷ്ടതകൾ ഉണ്ടായിരുന്നില്ല എന്നാണ്. കോളേജ് അതിവേഗം വികസിച്ചു എന്നും അദ്ദേഹം പറയുന്നു. ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയത് പ്രധാനമായും ഈ രംഗത്തെ കത്തോലിക്കരുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ആയിരുന്നെങ്കിലും എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ജാതിമതവിവേചനം കൂടാതെ ഇവിടെ പ്രവേശനം നല്കി.

സെന്റ് സേവ്യേഴ്സ് കോളേജ് സ്ഥാപിച്ചതോടുകൂടി കത്തോലിക്കാ വിദ്യാഭ്യാസത്തിന് ആവശ്യമുള്ളത്ര സ്ഥാപനങ്ങളായി. ഈ രംഗത്ത് ഈശോ സഭയുടെ പരിശ്രമങ്ങളെ ഹൾ ഇപ്രകാരം സംഗ്രഹിക്കുന്നു:

''ബിഷപ്പ് ഹാർട്ട്മാൻ നട്ടു; സ്റ്റൈൻസ് നനച്ചു; മേവ്റിൻ പുരോഗമനത്തിലേയ്ക്ക് നയിച്ചു. ദൈവം ഫലം നല്കി.''

### 3.3 സലെസ്കിയുടെ കുറ്റാരോപണം ജർമ്മൻ ഈശോസഭാംഗങ്ങൾ പുറജാതിക്കാരോട് സുവിശേഷം പ്രസംഗിക്കുന്ന ജോലി അവഗണിച്ചു

ഇതുവരെ നാം ചർച്ചചെയ്തത് ബോംബെ-പൂന ഡബിൾ വികാരിയേറ്റിന്റെ ചരിത്രപരമായ വളർച്ചയും ജർമ്മൻ ഈശോസഭാംഗങ്ങൾ ഈ രംഗത്തെത്തിയതും അവർ വിദ്യാഭ്യാസ രംഗത്തിന് നല്കിയ അമിത പ്രാധാന്യം അതു നേരിട്ടുള്ള സുവിശേഷവത്ക്കരണത്തെ എങ്ങനെ ദോഷകരമായി ബാധിച്ചു എന്നതുമാണ്. ഇനി അങ്ങോട്ടുള്ള

നമ്മുടെ ശ്രമം സുവിശേഷവത്കരണ രംഗത്ത് ജർമ്മൻ ഈശോസഭക്കാർ കാര്യമായി ഇടപെടാതിരുന്നതിന്റെ കാരണങ്ങൾ കണ്ടെത്താൻ ആയിരിക്കും. ഈ രംഗത്ത് അവർ നടത്തിയ ചുരുക്കം ചില പരീക്ഷണങ്ങളും നമുക്ക് പരിശോധിക്കാം. 1892-ൽ ഈസ്റ്റ് ഇൻഡീസിന്റെ ഡെലഗേറ്റ് അപ്പസ്റ്റോലിക്ക് ആർച്ചുബിഷപ്പ് ലഡിസ്ലാവുസ സലെസ്കി ജർമ്മൻ ജസ്വിറ്റ്സിനെ വളരെ രൂക്ഷമായി വിമർശിച്ചു. തന്റെ ഡെലഗേഷനിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ടിലാണ് ഈ വിമർശനം ഉള്ളത്. ഇത് 1858-1873 കാലഘട്ടത്തെ സംബന്ധിച്ചും സാധ്യമാണ്. ഈ കാലയളവിൽ അവർ പൂർണ്ണമായും തങ്ങളുടെ വിദ്യാഭ്യാസ സംരംഭങ്ങളിൽ മുഴുകിയിരുന്നു. അവരെപ്പറ്റി സലെസ്കി ഇപ്രകാരം എഴുതി. ‘‘ജർമ്മൻ ഈശോസഭ വൈദികർ, ബോംബെ-പൂന മിഷനിലെ വൈദികർ, തങ്ങളുടെ മുഴുവൻ കഴിവുകളും വിദ്യാഭ്യാസ രംഗത്ത് വിനിയോഗിക്കുകയാണ്. തദ്ദേശവാസികളുടെ ഇടയിൽ ക്രൈസ്തവ വിശ്വാസം പ്രചരിപ്പിക്കുവാൻ അവർ ഒന്നും തന്നെ ചെയ്യുന്നില്ല.’’

1897-ലെ തന്റെ വാർഷിക റിപ്പോർട്ടിലും അദ്ദേഹം ഇതേ കുറ്റാരോപണം ആവർത്തിക്കുന്നു. ജീവൽ പ്രാധാന്യമുള്ള ഈ പ്രശ്നത്തെ അവർ പൂർണ്ണമായും അവഗണിക്കുന്നു എന്നതാണ് ഏറെ വികാരഭരിതമായ ആരോപണം.

‘‘ബോംബെ-പൂന മിഷനിൽ പ്രേഷിതപ്രവർത്തനം ഒന്നും തന്നെ ഇല്ല. 1897-ൽ ഒരു ഇടവകയിലും ഒരു കപ്പേളയിലും ഒരൊറ്റ പുറംജാതിക്കാരനുപോലും ജ്ഞാനസ്നാനം നൽകിയിട്ടില്ല. കാര്യങ്ങൾ ഇങ്ങനെ ആയത് ജർമ്മൻ പ്രോവിൻസിലെ ഈശോസഭാംഗങ്ങൾ, മറ്റ് ഇന്ത്യൻ മിഷനുകളിൽ പണിയെടുക്കുന്ന ജർമ്മൻ ഈശോസഭക്കാരെപ്പോലെ തങ്ങളുടെ വൈദികവിദ്യാർത്ഥികളെ സ്കൂളിൽ പഠിക്കാനായി വിടുന്നില്ല, കോളേജിലും വിടുന്നില്ല എന്ന കാരണത്താലാണ്. വൈദികരിൽ ഭൂരിപക്ഷംപേരെയും പുറംജാതിക്കാരുടെ ഇടയിൽ പ്രവർത്തിക്കാൻ നിയോഗിക്കുന്നുമില്ല.’’

ജർമ്മൻ ഈശോസഭാ വൈദികർ ഇന്ത്യയിലെ റോമിന്റെ പ്രതിനിധിയിൽ നിന്നും ഇത്തരം ഒരാരോപണം യഥാർത്ഥത്തിൽ അർഹിക്കുന്നുണ്ടോ എന്ന് നമുക്ക് ചുരുക്കമായി പരിശോധിക്കാം. ആരോപണം ശരിയാണെങ്കിൽ മിഷനറിമാർ എന്ന നിലയ്ക്ക് അവർക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഈ ജോലിക്ക് തടസ്സമായത് എന്താണെന്ന് നാം അന്വേഷിക്കണം.

വാത്ത് പറയുന്നതനുസരിച്ച്, ബോംബെ-പൂനയുടെ മൂന്ന് വികാർ അപ്പസ്റ്റോലിക്കുമാരും, അതായത് കാനോസ്, സ്റ്റൈൻസ്, മെവർട്ടിൻ എന്നീ വികാർ അപ്പസ്റ്റോലിക്കുമാർ, പ്രധാനമായും മിഷനറിമാരായിരുന്നു; വിദ്യാഭ്യാസത്തിന് അവർ രണ്ടാം സ്ഥാനമേ നല്കിയുള്ളു. എങ്കിലും ഹാർട്ട്മാൻ തുടങ്ങിവച്ചതും സ്ഥിരചിത്തതയോടെ മറ്റു മൂന്നുപേർ തുടർന്നതുമായ ഈ വിദ്യാഭ്യാസ പരിപാടി ലഭ്യമായിരുന്ന പണത്തിന്റെയും ആൾ ബലത്തിന്റെയും നല്ലൊരു പങ്ക് സ്വന്തമാക്കി; ആ പരിപാടി പൂർത്തിയാക്കുന്നതിന് ഇതാവശ്യമായിരുന്നു.

പുതുതായി എത്തിയ മിഷനറിമാരിൽ ഭൂരിഭാഗവും വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചു. അതുപോലെ തന്നെ പരമ്പരാഗതമായി കത്തോലിക്കരായിരുന്നവർക്കു സേവനം അനുഷ്ഠിക്കുന്നതിലും അവർ വ്യാപൃതരായി. പുറംജാതിക്കാരുടെ ഇടയിൽ പ്രേഷിതപ്രവർത്തനം നടത്താൻ ആരുംതന്നെ ഇല്ലാതായി. 1867 പകുതി ആയപ്പോഴേയ്ക്കും ചൂടേറിയ കാലാവസ്ഥയും പകർച്ചവ്യാധികളും പതിനാറ് മിഷനറിമാരുടെ ജീവൻ അപഹരിച്ചുകഴിഞ്ഞിരുന്നു. ആരോഗ്യം നശിച്ച പലരെയും ജർമ്മനിയിലേക്ക് മടക്കിഅയയ്ക്കേണ്ടിവന്നു. ആ സമയം ബോംബെ - പൂന മിഷനിൽ ഉണ്ടായിരുന്നത് മുപ്പത്തിയഞ്ച് വൈദികർ (ക്ലെറിക്ക് ഉൾപ്പെടെ), ഇരുപതു തദ്ദേശവാസികളായ വൈദികർ, നാല്പതോളം കന്യാസ്ത്രീകൾ - ഇവരാണ്. അന്നത്തെ ആകെ മിഷനറിമാർ ഇവരായിരുന്നു.

ഇന്ത്യയിലെ തന്ത്രപ്രധാനമായ നഗരങ്ങളിലും മറ്റു കേന്ദ്രങ്ങളിലും ബ്രിട്ടീഷുകാർ പട്ടാള ക്യാമ്പുകളുടെ ഒരു ശൃംഖല സൃഷ്ടിച്ചിരുന്നു. 1857-ലെ ശിപായി ലഹളയ്ക്കുശേഷം ഇതൊരാവശ്യമായിരുന്നു. ആ സമയം തൊട്ട് തങ്ങളുടെ ഇന്ത്യ പട്ടാളക്കാരനിൽ ബ്രിട്ടീഷുകാർക്കുണ്ടായിരുന്ന വിശ്വാസത്തിനു കോട്ടംതട്ടി. കൊളോണിയൽ സേനയിലെ ഭൂരി ഭാഗവും ഇന്ത്യാക്കാരായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ ബ്രിട്ടീഷ് ഇന്ത്യൻ ആർമിയിൽ 140000 ഇന്ത്യൻ പട്ടാളക്കാരും 70000 ബ്രിട്ടീഷ് പട്ടാളക്കാരും ഉണ്ടായിരുന്നു. ഇന്ത്യൻ പട്ടാളക്കാരെല്ലാം ബ്രിട്ടീഷ് ഓഫീസറന്മാരുടെ കീഴിലായിരുന്നു. ചില പട്ടാളക്യാമ്പുകൾ ബോംബെ-പൂനാ വികാരിയേറ്റിൽ ആയിരുന്നു. ബ്രിട്ടീഷ് പട്ടാളക്കാരിൽ ഭൂരിഭാഗവും ഐർലണ്ടുകാരായിരുന്നു. ഇവർ പരമ്പരാഗതമായി കത്തോലിക്ക രായിരുന്നു. ഇവരെ കൂടാതെ പണ്ടു മുതൽക്കേ കത്തോലിക്കരായിരുന്ന ഏറെപ്പേർ കുടിയേറ്റക്കാരായി

തെക്കേ ഇന്ത്യയിൽ നിന്നും വികാരിയേറ്റിൽ എത്തിയിരുന്നു. ഇവർ അധികവും ഗോവയിൽ നിന്നും മലബാറിൽ നിന്നുമായിരുന്നു. യൂറോപ്യൻ പട്ടാളക്കാരുടെ പാചകക്കാരും ബട്ട്ളർമാരും ചെറുകിട കച്ചവടക്കാരുമായി ഇവർ പ്രവർത്തിച്ചിരുന്നു.

സൈന്യത്തിലുള്ളവർക്ക് അജപാലന ശുശ്രൂഷ ലഭ്യമാക്കാൻ പ്രോട്ടസ്റ്റന്റ് മിഷനറിമാരെയും കത്തോലിക്കാ മിഷനറിമാരെയും ശമ്പളം കൊടുത്ത് സേനയുടെ ഭാഗമാക്കിയിരുന്നു. തെക്കേ ഇന്ത്യയിൽ നിന്നു കുടിയേറ്റക്കാരായി വന്ന ക്രൈസ്തവർക്കും ആത്മീയ ശുശ്രൂഷ നല്കുക ഈ മിഷനറിമാരുടെ കടമയായിരുന്നു. വർഗ്ഗവിവേചനം നിലനിന്നിരുന്നതു കൊണ്ട് ഇന്ത്യാക്കാരായ വൈദികരുടെ സേവനം ബ്രിട്ടീഷ് സേനയ്ക്കു സ്വീകാര്യമായിരുന്നില്ല. അതുകൊണ്ട് നല്ലൊരുവിഭാഗം യൂറോപ്യൻ മിഷനറിമാർ ഫലപ്രദമായി പ്രവർത്തിക്കാനാകാതെ ഈ പട്ടാള ക്യാമ്പുകളിൽ തങ്ങേണ്ടിവന്നു. പട്ടാളക്കാരുടെ 'ചാപ്ലിൻ' ആയി അവർ കഴിഞ്ഞു. ബ്രിട്ടീഷ് സേന ആകർഷണീയമായ വേതനം നല്കിയിരുന്നതുകൊണ്ടും വേറെ പല സൗകര്യങ്ങളും ലഭ്യമാക്കിയിരുന്നതുകൊണ്ടും പല മിഷനറിമാരും പട്ടാള ക്യാമ്പുകളിൽ ഒതുങ്ങിക്കഴിഞ്ഞു.

ബോംബെ - പൂന മിഷനറിമാർ 1859-ൽ ആറ് വൈദികർ മുഴുവൻ സമയവും സൈനിക ചാപ്ലിൻമാരായി പ്രവർത്തിച്ചിരുന്നു എന്ന് കാണുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉടനീളം വിശാലമായി റെയിൽവേ സംവിധാനം കൊണ്ടുവന്നപ്പോൾ ഇതുപോലൊരു സാഹചര്യമുണ്ടായി. തന്ത്രപരമായി പ്രാധാന്യം ഉള്ള കേന്ദ്രങ്ങളെയും പരസ്പരം ബന്ധിപ്പിക്കുക എന്നതായിരുന്നു റയിൽവേയുടെ പ്രധാന ലക്ഷ്യം. കയറ്റുമതിയുടെയും ഇറക്കുമതിയുടെയും ആവശ്യങ്ങൾ ഇങ്ങനെ നിറവേറ്റി. ഡൽഹൗസിയുടെ ഭരണകാലത്തു മാത്രം 36000 മൈൽ റെയിൽവേ ലൈൻ പണിയിച്ചു. ഇതിനുള്ള മൂലധനം ബ്രിട്ടീഷ് കാപ്പിറ്റൽ മാർക്കറ്റിൽ നിന്ന് സമാഹരിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം ആയപ്പോഴേയ്ക്കും ഇന്ത്യൻ റയിൽവേ നാല്പത്താറ് ദശലക്ഷം ടൺ ചരക്കും ഇരുന്നൂറ് ദശലക്ഷം യാത്രക്കാരും റെയിൽവേ പ്രയോജനപ്പെടുത്തി. ഇത് ബ്രിട്ടീഷ് കൊളോണിയൽ ഖജനാവിന് നല്ല ലാഭമുണ്ടാക്കി.

മുഖ്യ റയിൽവേ ജംഗ്ഷനുകൾ, അവയുടെ എഞ്ചിൻ ഷെഡ്ഡുകൽ, തൊഴിലാളികളുടെ റയിൽവേ കോളനികൾ - ഇവയെല്ലാം ധാരാളം ക്രൈസ്തവരുള്ള യൂറോപ്പിൽ നിന്നും ഇന്ത്യയിൽ നിന്നുമുള്ള

ക്രൈസ്തവ കേന്ദ്രങ്ങളായി. ഇവർക്ക് ആത്മീയ ശുശ്രൂഷ ലഭ്യമാക്കാൻ, പട്ടാളത്തിലെ പോലെ റയിൽവേയിലും ചാപ്ലിൻമാരെ നിയമിച്ചു. മിഷനറിമാരിൽ നല്ലൊരു വിഭാഗത്തിന് ഇങ്ങനെ റയിൽവേ ചാപ്ലിൻ ജോലിയിൽ കുടുങ്ങി കിടക്കേണ്ടിവന്നു.

ബോംബെ-പൂന ഡബിൾ വികാരിയേറ്റിൽ, ജർമ്മൻ ഈശോസഭക്കാർ അവിടെ ചുമതല ഏറ്റെടുത്ത സമയം, താഴെ പറയുന്ന റയിൽവേ ചാപ്ലൻസികൾ ഉണ്ടായിരുന്നു: ധുള്ളാ, മൻമഡ്, ദെയൊലാലി, ഭൂസവാൽ, ഇഗത്പുരി.

### 3.4 ബോംബെ-പൂന വികാരിയേറ്റിൽ ഒറ്റപ്പെട്ട തദ്ദേശ മിഷൻ ഉദ്യമങ്ങൾ

സാലെസ്കി ജർമ്മൻ ജസ്വിറ്റ്സിന് ഒരു നിഷേധാത്മക സർട്ടിഫിക്കറ്റാണു നല്കിയതെങ്കിലും, പുറംജാതിക്കാരുടെ ഇടയിൽ മിഷൻ പ്രവർത്തനം നടത്തുന്നില്ല എന്നു കുറ്റപ്പെടുത്തിയെങ്കിലും 1853 മുതൽ അവർ ബോംബെയിൽ എത്തുന്നതിനു മുമ്പു തന്നെ, അവരെക്കാൾ മുമ്പ് ബോംബെ-പൂന മിഷനിൽ എത്തിയിരുന്ന ഈശോസഭക്കാർ അവിടവിടെ പുറജാതിക്കാരുടെ ഇടയിൽ പ്രേഷിതപ്രവർത്തനം നടത്തിയിരുന്നതായി നമുക്ക് കാണാൻ കഴിയും. എങ്കിലും ആ കാലത്തെ വലിയ ആവശ്യവും വിശാലമായ സാധ്യതകളും കണക്കിലെടുക്കുമ്പോൾ ഈ ഉദ്യമങ്ങൾ തികച്ചും നിസ്സാരമായി, നിഷ്പ്രയോജനമായി തോന്നും. ആദ്യമായി ഒരു തദ്ദേശമിഷൻ തുടങ്ങിയവരിൽ ഒരാളായിരുന്ന ഫാ. ആന്തോണി ഷാക്ക്. ജൂവമിലെ മത്സ്യത്തൊഴിലാളികൾക്കിടയിൽ അദ്ദേഹം അജപാലന ശുശ്രൂഷ നടത്തി. 1860-ൽ വീണ്ടും അദ്ദേഹം ബൽഗാമിൽ ഒരു പ്രാദേശിക മിഷൻ പ്രവർത്തിച്ചിരുന്നതായി കാണുന്നു. ഫാ. വെബർ എന്ന വേറൊരു മിഷനറി ബോംബെയിലെ നാട്ടുകാർക്കിടയിൽ പ്രവർത്തിച്ചു. അവരിൽനിന്ന് അമ്പതോളം പേരെ മാനസാന്തര പ്പെടുത്തി.

1858-ൽ ബോംബെയിൽ എത്തിയപ്പോൾതൊട്ട് ബിഷപ്പ് മെവ്റിൻ വിദ്യാഭ്യാസ മേഖലയിൽ താത്പര്യം കാട്ടി. തന്റെ മുൻഗാമികൾ തുടങ്ങിവച്ച വിദ്യാഭ്യാസ സംരംഭങ്ങൾ പൂർത്തിയാക്കാൻ അത്യദ്ധ്വാനം ചെയ്തു. ഉള്ളിന്റെ ഉള്ളിൽ അദ്ദേഹം ഒരു മിഷനറിയായിരുന്നു. വാത്ത് പറയുന്നത്, അദ്ദേഹത്തിന് ചിലപ്പോൾ സങ്കടം തോന്നും എന്നാണ്. ഇന്ത്യാക്കാരുടെ ഇടയിൽ ക്രിസ്തുമതം പ്രചരിപ്പിക്കാൻ ബ്രിട്ടീഷുകാർ ഒരു താത്പര്യവും കാട്ടാത്തതാണ് അദ്ദേഹത്തെ ദുഃഖിപ്പിച്ചത്.

ഹിന്ദുക്കളെ പറ്റി പണ്ടുമുതലേയുള്ള ഒരു മുൻവിധി അദ്ദേഹം പങ്കുവച്ചിരുന്നു. വിഗ്രഹാരാധനയിലും അന്ധവിശ്വാസത്തിലും മുഴുകി കഴിയുന്ന ഹിന്ദുക്കളെ സുവിശേഷത്തിന് സ്വാധീനിക്കാൻ കഴിയില്ല എന്ന മുൻവിധി. ഹിന്ദുക്കൾ നരകത്തിൽ പോകാൻ വിധിക്കപ്പെട്ടവരായി അദ്ദേഹം കണ്ടു. ചിലപ്പോൾ അദ്ദേഹം പറയുമായിരുന്നു, ഒരു ബ്രാഹ്മണനെ മാനസാന്തരപ്പെടുത്തുന്നതിലും എളുപ്പം മരിച്ച ഒരാളെ ഉയർപ്പിക്കുകയായിരിക്കും എന്ന്. ഇങ്ങനെ പറഞ്ഞെങ്കിലും അദ്ദേഹം തന്റെ മാനസാന്തരപ്രവർത്തനങ്ങൾക്ക് ലക്ഷ്യമായി കണ്ടത് ഉന്നത ജാതിയിൽപെട്ട ഹിന്ദുക്കളെ ആയിരുന്നു. അദ്ദേഹം 'ബോംബെ ഡിബേയ്റ്റിംഗ് ക്ലബ്' തുടങ്ങിയത് ഹിന്ദുക്കളിലെ ബുദ്ധിജീവികളെ ആകർഷിക്കുന്നതിനായിരുന്നു. മതസംവാദമായിരുന്നു തെരഞ്ഞെടുത്ത മാർഗ്ഗം. ഏറെ ജോലിത്തിരക്കുണ്ടായിരുന്നെങ്കിലും ആണ്ടുതോറും അദ്ദേഹം വികാരിയേറ്റിലെ എത്തിപ്പെടാൻ ഏറ്റവും ബുദ്ധിമുട്ടുള്ള മൂലയ്ക്കും പോകുമായിരുന്നു. യാത്രയ്ക്കു എന്തു വാഹനവും ഉപയാഗിക്കും. ഒന്നും ലഭ്യമല്ലെങ്കിൽ നടന്നുപോകും.

ബിഷപ്പ് മൗറ്റിന്റെ ദീർഘവീക്ഷണത്തിനും പ്രേഷിത പ്രവർത്തനത്തോടുള്ള താത്പര്യത്തിനും ഉദാഹരണമാണ്. വികാരിയേറ്റിന്റെ ഒരു ഒഴിഞ്ഞ കോണിൽ ഒരു ചെറിയ സിന്നേബിലി ശൈലിയിലുള്ള മിഷൻ സ്ഥാപിച്ചത്. ഇതിനു തെരഞ്ഞെടുത്ത സ്ഥലത്തിന്റെ പേര് ഇഗത്പുരി എന്നായിരുന്നു. ബോംബെയ്ക്കു വടക്കുകിഴക്കായി 85 മൈലോളം അകലെ സ്ഥിതി ചെയ്യുന്ന ഒരു റയിൽവേ കോളനി ആയിരുന്നു ഈ സ്ഥലം.

ഈ സംരംഭം ഉദ്ദേശിച്ചത്ര ഫലപ്രദമായില്ല. എങ്കിലും നമ്മുടെ ഗവേഷണത്തെ സംബന്ധിച്ചിടത്തോളം ഇതിനു വലിയ പ്രാധാന്യമുണ്ട്. കാരണം, ഇതിനായി നിയോഗിക്കപ്പെട്ട ആളാണ് മിഷനറി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചൈതന്യം രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചത്. ഈ മിഷനറി ഇൻസ്റ്റിറ്റ്യൂട്ടാണ് നമ്മുടെ ഗവേഷണ വിഷയം. 'മിഷനറി ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി' എന്ന കോൺഗ്രിഗേഷന്റെ (സഭയുടെ) തുടക്കത്തിന്റെയും വളർച്ചയുടെയും പിന്നിലുള്ള അരൂപി, ചൈതന്യം ഇതാണ്. ചരിത്രപ്രാധാന്യമുള്ളതും അനന്യവുമായ ഈ പരീക്ഷണത്തിന് തെരഞ്ഞെടുക്കപ്പെട്ട വ്യക്തി ഒരു യുവ ഈശോസഭ വൈദികനായിരുന്നു. മരിയലാക്കിൽ സ്ഥിതി ചെയ്യുന്ന ജർമ്മൻ ജസ്വിറ്റ് പ്രോവിൻസിന്റെ തീയ്യോളഗേറ്റിൽ നിന്ന് ആയിടെ പുറത്തുവന്ന ഒരു

വൈദികൻ. അദ്ദേഹം 1872-ൽ ഇന്ത്യയിലെത്തി, ജർമ്മനിയിൽ 'കൂൾത്തൂർ കാംപ്ഫ്' പൊട്ടിപ്പുറപ്പെടുന്നതിനു തൊട്ടുമുമ്പ്.

### 4.1 ഫാദർ അന്റോണിയസ് മരിയ ബൊഡേവിഗ്ഗും ജഗത്പൂരിലെ തദ്ദേശ മിഷൻ സംരംഭവും

1839 നവംബർ 2-ാം തീയതി ജർമ്മനിയിലെ റൈൻ നദീതീരത്തുള്ള കൊളോൺ നഗരത്തിൽ കോൺസ്റ്റന്റയിൻ -എലിസബത്ത് ബോഡേവിഗ് ദമ്പതികൾക്ക് ഒരു പുത്രൻ ജനിച്ചു. ഇവന് മാതാപിതാക്കൾ ജ്ഞാനസ്നാനത്തിൽ നൽകിയ പേര് 'അന്റോണിയസ് മരിയ പോൾ ഹൂബെർട്ട്' എന്നായിരുന്നു. ഈ ബാലൻ ഭാവിയിൽ കുറെ നല്ല കാര്യങ്ങൾക്കും കുറെ കുഴപ്പങ്ങൾക്കും കാരണമാകുമെന്ന് ആ സാധുക്കൾക്ക് മുൻകൂട്ടി കാണാൻ ആകുമായിരുന്നില്ല. ജിംനാസ്റ്റ് (ഹൈസ്കൂൾ) വിദ്യാഭ്യാസം പൂർത്തിയാക്കിയ ഉടൻ യുവാവായ ബോഡേവിഗ് മ്യുൺസ്റ്ററിലുള്ള ജർമ്മനിയിലെ ജർമ്മൻ ജസ്വിറ്റ് പ്രോവിൻസിൽ പ്രവേശനത്തിന് അപേക്ഷ നല്കി. അന്നു പ്രൊവിൻഷ്യലായിരുന്ന ഫാ. ഹെൻറിക് ബെഹ്റെൻസ് അപേക്ഷ സ്വീകരിച്ചു. 1856 ആഗസ്റ്റ് 21-ാം തീയതി ബോഡേവിഗിന് പ്രവേശനം നല്കി. ആ വർഷം തന്നെ, അതായത് 1856 ഒക്ടോബർ 14-ാം തീയതി നൊവിഷ്യേറ്റ് ആരംഭിച്ചു. അന്റോണികസ് സ്പാനി ആയിരുന്ന നോവിസ് മാസ്റ്റർ. മൺസ്റ്ററിന് സമീപമുള്ള ഫ്രീഡ് റിക്സ് ബേർഗിൽ ആയിരുന്നു പ്രോവിൻസിന്റെ നൊവിഷ്യേറ്റ്. 1858-ൽ ബൊഡെവിഗ് ഈശോസഭയുമായി വ്രതവാഗ്ദാനം നടത്തി. ആ വർഷ മായിരുന്നു ജർമ്മൻ പ്രോവിൻസ് ബോംബെ-പൂനാ വികാരിയേറ്റിന്റെ ചാർജ് ഏറ്റെടുത്തത്. 1861-1863 കാലഘട്ടത്തിൽ പ്രോവിൻസിന്റെ ആച്ചനിലുള്ള ഫോർമേഷൻ ഹൗസിൽ ഫിലോസഫി പഠിച്ചു. അതു കഴിഞ്ഞു 1864-66 കാലയളവിൽ യുവാവായ ബോഡെവിഗ് ബോണിലെ ക്രെവുസ്ബെർഗ് കമ്മ്യൂണിറ്റിയിൽ താമസിച്ചു. ബോൺ യൂണിവേഴ്സിറ്റിയുടെ ഒരു ത്രിവത്സര ഭാഷാപഠന കോഴ്സ് പൂർത്തിയാക്കി. 1869-1872 കാലയളവിൽ ആസ്ട്രിയയിലെ ഫെൽഡ്കേർക്കിലുള്ള ഈശോസഭ ക്കാരുടെ സ്റ്റെല്ല മാത്തുത്തിന കോളേജിൽ 'റീജൻസി' ചെയ്തു. ആ കോളേജിൽ തന്നെ അദ്ധ്യാപകനായി ജോലി ചെയ്തു. 1869-1872 കാലത്ത് റൈൻ നദീതീരത്തുള്ള ആൻഡെർനാക്കിന്റെ സമീപത്തുള്ള മറിയ ലാക്ക്-ൽ ഈശോസഭക്കാർക്കുള്ള തിയോളഗേറ്റിൽ തീയോളജി പഠനം പൂർത്തിയാക്കി.

1868 ഒക്ടോബർ 11-ാം തീയതി ബൊഡെവിഗ്ന് ഡയക്കണേറ്റ് ലഭിച്ചു. 1871-ൽ അദ്ദേഹത്തെ വൈദികനായി ഓർഡെയ്ൻ ചെയ്തു. ട്രിയെർ മെത്രാനായ എബർ ഹാർഡ് ആണ് മറിയ ലാക്കിൽ അദ്ദേഹത്തിന് പൗരോഹിത്യം നല്കി പുരോഹിതനായി അഭിഷേകം ചെയ്തത്. പഠനം പൂർത്തിയാക്കി 1872 അവസാനം അന്റോണിയസ് ബൊഡേവിഗ് എന്ന യുവ വൈദികൻ ജർമ്മൻ പ്രൊവിൻസിന്റെ ഇന്ത്യൻ മിഷനിൽ പ്രവർത്തിക്കാൻ യാത്രയായി. ജർമ്മനിയിൽ കൂൾത്തൂർ കാംപ്ഫ് പൊട്ടിപ്പുറപ്പെടുന്നതിനു തൊട്ടുമുമ്പായിരുന്നു ഇത്. ഇതിനുശേഷം നാം യുവവൈദികനായ ബൊഡെവിഗെ കാണുന്നത് 1873 ജനുവരിയിൽ ആണ്. ബൈക്കളയിലെ നെസ്ബിറ്റ് ലെയ്നിലുള്ള സെന്റ് മേരീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ. ഇവിടെ അദ്ദേഹം വേറെ പത്ത് യുവ ഈശോസഭാംഗങ്ങൾക്കൊപ്പം ടേർഷ്യൽഷിപ്പ് ചെയ്തു. ഇവിടെയുള്ള ഭോമുസ് തേർസ്യേ പ്രൊബാസിയോനിസ് -ലാണ് അവർ ടേർഷ്യൻഷിപ്പ് ചെയ്തത്.

ബിഷപ്പ് മെവ്റിൻ ഒരു ഡി നോബിലി ടൈപ്പ് മിഷൻകേന്ദ്രം പുറജാതിക്കാർക്കായി തന്റെ വികാരിയേറ്റിൽ ഇഗത്പുരി എന്ന സ്ഥലത്ത് തുടങ്ങുന്നത് സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരുന്ന സമയമായിരുന്നു ഇത്. പ്രാദേശിക മിഷൻ പരിപോഷിപ്പിക്കാൻ, വളർത്തിയെടുക്കാൻ തെരഞ്ഞെടുക്കപ്പെട്ട രണ്ടുപേർ ഫാ.അന്റോണിയസ് ബൊഡെവിഗ്, ഫാ. മാർട്ടിൻ ഡുറാക്ക് എന്നിവരായിരുന്നു. ഇതിന് ഒരു തയ്യാറെടുപ്പ് എന്ന രീതിയിൽ സംസ്കൃതം, മറാത്തി പ്രാദേശിക ഭാഷ, ഇംഗ്ലീഷ്, ഇന്ത്യൻ ഫിലോസഫിയും മിത്തോളജിയും പഠിക്കണം എന്ന് ബിഷപ്പ് ആവശ്യപ്പെട്ടു. 1873-ൽ ഇവർ സെന്റ് സേവ്യേഴ്സ് കോളേജിൽ വിദ്യാർത്ഥികളായി രജിസ്റ്റർ ചെയ്തു.

ഈ പരീക്ഷണത്തിനു തെരഞ്ഞെടുത്ത സ്ഥലം ഇഗത്പുരി എന്ന റയിൽവേ കോളനി ആയിരുന്നു. ബോംബെയിൽ നിന്ന് ഏതാണ്ട് 85 മൈൽ അകലെ വടക്കു കിഴക്കുള്ള ഒരു സ്ഥലം. 1863 GIPR തുറന്നതാണ് ഇഗത്പുരി സ്ഥാപിക്കാൻ ഉണ്ടായ സാഹചര്യം. ബസ്വാൽ, മാൻമദ് എന്നീ റയിൽവേ കോളനികളും സ്ഥാപിച്ചു. ആ ഭാഗത്തുതന്നെ ആയിരുന്ന ദേവ്ലാലി എന്ന പട്ടാള കന്റോൺമെന്റും. ലോക്കോ ഷെഡ്ഡുകളും വർക്ക്ഷോപ്പുകളും ഉള്ള ഇഗത്പുരി താൽപർവ്വതനിരയിലായിരുന്നു. 1863-ൽ ആദ്യമായി റയിൽ പണിയ തൊഴിലാളികൾ ഈ സ്ഥലത്തു വന്നു.

1874 ജനുവരി 23-ാം തീയതി ഫാ. ബൊഡേവിഗ്ഗിന് ഒരു കത്തു കിട്ടി. അനുസരണം എന്ന വ്രതത്തിന്റെ അടിസ്ഥാനത്തിൽ ജഗത്പുരി യിലേക്കു പോകാൻ നിർദ്ദേശിക്കുന്ന ഒരു കത്തായിരുന്നു അത്. ഒരു ഇന്ത്യൻ ബ്രാഹ്മണനെ പോലെ ആചാരപരമായ ഒരു ജീവിതം നയിക്കും എന്ന് ബിഷപ്പ് മെവ്റിൻ പ്രതീക്ഷിച്ചു. ഉന്നതജാതിയിൽപ്പെട്ട ഹിന്ദുക്കളുമായി സമ്പർക്കം സ്ഥാപിക്കണം. നിയമന കത്തിൽ ബിഷപ്പ് എഴുതി:

ഇഗത്പുരിയിൽ എത്തിയാലുടൻ - ബ്രദർ ലൗ അവിടെ ഒരു പള്ളി പണിയുന്നുണ്ട് അവിടെ പുറംജാതിക്കാരോടും ക്രിസ്ത്യാനി കളോടും സുവിശേഷം പ്രസംഗിക്കണം. അതുകൊണ്ട് ചെയ്യേണ്ടത് - ആദ്യം ജഗത്പുരിയിൽ ചെല്ലുക അവിടെ പഴയ കത്തോലിക്ക ക്കാരുമായി ബന്ധപ്പെട്ട ഒരു ഇടവക സ്ഥാപിക്കുക. അതിനുശേഷം ബ്രാഹ്മണരുമായി ബന്ധപ്പെടുക. അവരെ ആകർഷിക്കുന്നതിനായി മാംസഭോജനം വർജ്ജിക്കുക. അവരുടെ മേലുള്ള സ്വാധീനം നിർത്തുന്നതിന് പാചകത്തിന് ഒരു ബ്രാഹ്മണനെ നിർത്തുക.

തികച്ചും അസാധാരണമായ ഈ മിഷൻ പരീക്ഷണം ആ കാലഘട്ട ത്തിലെ ജർമ്മൻ മിഷനറി പ്രസിദ്ധീകരണങ്ങളിൽ ഇടംനേടി. ജർമ്മൻ ജസ്വിറ്റ്സിന് ഇതു തങ്ങളുടെ ഉപകാരികൾ കാണിച്ചുകൊ ടുക്കാൻക്കാൻ കഴിഞ്ഞു. അതുപോലെ തന്നെ തങ്ങളുടെ അഭ്യുദയകാംക്ഷികൾക്കും. തങ്ങളുടെ ഇന്ത്യൻ മിഷൻ, പുറജാതിക്കാ രോട് സുവിശേഷം പ്രസംഗിക്കുന്ന തിന്റെ ഭാഗമായി സമർത്ഥമായ, പ്രകടമായ ചില നടപടികൾ സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു എന്ന് ജർമ്മനിയിലെ പൊതുജനം കാണണം.

### 4.2. ബൊഡെവിഗ് ഇഗത്പുരിയിൽ ഒരു ബ്രാഹ്മണജീവിതം നയിക്കുന്നു

ജഗത്പുരിയിലെത്തിയപ്പോൾ ഫാ. ബൊഡേവിഗ്, ബിഷപ്പ് മെവ്റിൻ ശുപാർശ ചെയ്തതുപോലെ, ഒരു തരം ആശ്രമജീവിതം ആരംഭിച്ചു. തികച്ചും ഒരു സസ്യഭുക്കായി ജീവിച്ചു. മാട്ടിറച്ചി മാത്രമല്ല, എല്ലാത്തരം മാംസവും ഉപേക്ഷിച്ചു. ഒരു യുവ യൂറോപ്യൻ വൈദികനെ സംബന്ധിച്ചിട ത്തോളം അപരിചിതമായ ഒരു നാട്ടിൽ എത്തിയ ഉടൻ ഇങ്ങനെ ജീവിക്കുക വളരെ ബുദ്ധിമുട്ടുള്ള കാര്യമായി രുന്നു എന്ന് ബൊഡേവിഗ് പറയുന്നു. ഈ രാജ്യത്തെ സംസ്കാരവും കീഴ്വഴക്കങ്ങളും കാലാവസ്ഥയും വളരെ വ്യത്യസ്തമായിരുന്നു.

അവിടത്തെ കൊച്ചു കത്തോലിക്കാ സമൂഹത്തിന്റെ അവസ്ഥ അത്ര പ്രോത്സാഹജനകം ആയിരുന്നില്ല. റയിൽവേ ജോലിക്കാരായ ഏതാണ്ട് നാല്പത് യൂറോപ്യൻസും അവരുടെ ആശ്രിതരും ഇഗത്പുരിയിൽ ഉണ്ടായിരുന്നു. ഇവരിൽ മിക്കവരും തെക്കെ ഇന്ത്യയിൽ നിന്നുള്ള കുടിയേറ്റക്കാരായിരുന്നു. അവരിൽ ധാരാളം കത്തോലിക്കർ ഉണ്ടായിരുന്നു. ഇഗത്പുരിയിൽ ആകെ ഏകദേശം ഇരുന്നൂറ്റിഅമ്പത് കത്തോലിക്കർ ഉണ്ടായിരുന്നു. ഇവർക്ക് അജപാലന ശുശ്രൂഷ നല്കുകയായിരുന്നു ഫാ. ബൊഡെവിഗിന്റെ പ്രധാന ജോലി, ഉത്തരവാദിത്വം. തങ്ങളുടേതിൽനിന്നു വളരെ വ്യത്യസ്തമായ ഒരു ജീവിതരീതി പിൻതുടരുന്ന ഈ യുവവികാരി അച്ചനുമായി പൊരുത്ത പ്പെടാൻ അവർക്കു കഴിഞ്ഞില്ല. തങ്ങളെപ്പോലെ ജീവിക്കുന്ന ഒരു വികാരി അച്ചനെയാണ് അവർ പ്രതീക്ഷിച്ചിരുന്നത്. ഇടവക ജനം പൊതുവേ തങ്ങളുടെ യൂറോപ്യൻ യജമാനന്മാരെ അന്ധമായി, വികൃതമായി, അനുചരിക്കുന്നവരായിരുന്നു. ഈ യൂറോപ്യൻ വൈദികൻ എല്ലാം ഭാരതവത്ക്കരിക്കാൻ അമിത താത്പര്യം കാട്ടുന്നത് അവർക്ക് സ്വീകാര്യ മായില്ല. ഇഗത്പുരിയിൽ ഉന്നത ജാതിക്കാരായ ഹിന്ദുക്കളോ, ബ്രാഹ്മണരോ ഉണ്ടായിരുന്നില്ല. ഇത്തരക്കാരെ ഉദ്ദേശിച്ചുള്ളതായിരുന്നു ബൊഡെവിഗിന്റെ ജീവിതദൗത്യം, സന്ദേശം.

ഇംഗ്ലീഷുകാരുടെയും കുടിയേറ്റക്കാരായ ക്രിസ്ത്യാനികളുടെയും കുത്തഴിഞ്ഞതും ഉതപ്പുകൊടുക്കുന്നതുമായ ജീവിതം കണ്ട ബൊഡേവിഗിനു വളരെ വിഷമം തോന്നി. ഇടവകയിലെ ജനങ്ങൾ രണ്ട് വിഭാഗങ്ങളായി തിരിഞ്ഞിരുന്നു. ദേവാലയം നിർമ്മിക്കാൻ നടത്തിയ ധനശേഖരണത്തിന്റെ പേരിലായിരുന്നു തർക്കം. മി. ബിഗ്ഗ്സ് എന്നൊരു മാന്യന്റെ പെരുമാറ്റം സുതാര്യമായിരുന്നില്ല. പക്ഷേ അയാൾ ബിഷപ്പ് മെവ്റിനു വേണ്ടപ്പെട്ട ആളായിരുന്നു. 1874-ൽ ദേവാലയത്തിന് തറക്കല്ലിട്ടു. ഇതിനുമുമ്പുതന്നെ വൈദികർക്ക് താമസിക്കാനുള്ള 'പള്ളിമേട' പണികഴിപ്പിച്ചിരുന്നു. ഈ കെട്ടിടത്തിലെ ഒരു വലിയ മുറി ഇടവക സമൂഹത്തിന്റെ ഒരു കപ്പേളയായി ഉപയോഗിച്ചിരുന്നു. ജഗത്പുരിയിൽ ചെലവഴിച്ച ഒമ്പതു മാസം കൊണ്ട് ബൊഡെവിഗ്ഗിന് ഒന്നുംതന്നെ നേടാനായില്ല. ഇടവകക്കാർക്കു കൊച്ചു കൊച്ചു സേവനം, ശുശ്രൂഷ നല്കുന്നതിൽ തന്റെ പ്രവർത്തനങ്ങൾ ഒതുക്കി സമയം കളയാനായി ഇഗത്പുരിയിലെ കുട്ടികൾക്കായി ഒരു 'മതബോധന വിദ്യാലയം' (കാറ്റെക്കെറ്റിക്കൽ സ്കൂൾ) സ്ഥാപിച്ചു.

## 4.3 ബ്രാഹ്മണജീവിതം നയിച്ച് നിരാശനായ ബൊഡെവിഗ് ഒരു സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നു

'ഹിസ്റ്ററി ഓഫ് മൈ സെവറൽ ഡെസ്റ്റിനേഷൻസ്' (താൻ ചെന്നെത്തിയ വിവിധ സ്ഥലങ്ങളുടെ ചരിത്രം) എന്ന പുസ്തകത്തിൽ ബൊഡെവിഗ് പറയുന്നത്, കുറച്ചുകാലം കഴിഞ്ഞ് തനിക്ക് ബോധ്യമായത് തന്റെയും ബിഷപ്പ് മവ്റിന്റെയും പൊതുലക്ഷ്യം ഇഗത്പുരിയിൽ നേടാൻ ആകില്ല എന്നാണ്. ഈ പുസ്തകമാണ് ഈ അനന്യമായ മിഷനറി പരീക്ഷണം സംബന്ധിച്ച വിവരങ്ങൾ നല്കുന്ന ഏക സ്രോതസ്സ്. ഇഗത്പുരിയിൽ തുടരുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല എന്നു കാണിച്ചുകൊണ്ട് ബൊഡെവിഗ് ബിഷപ്പ് മവ്റിന്ന് രണ്ടിലധികം കത്തുകൾ എഴുതി. 1874 ജൂൺ 22-ാം തീയതി അദ്ദേഹത്തോടു പറഞ്ഞു നാസിക്കിലേക്കു പോകാൻ. ബോംബെയിൽ 117 മൈൽ അകലെ ഗോദാവരി നദിയുടെ തീരത്തു സ്ഥിതി ചെയ്യുന്ന ഈ പട്ടണം ഹിന്ദുക്കൾക്ക് ഒരു വിശുദ്ധ നഗരമായിരുന്നു. ഇവിടെ വന്നും പോയും ഇരുന്ന ഇരുന്നൂറോളം കത്തോലിക്കർ ഉണ്ടായിരുന്നു. ഇടയ്ക്കിടെ അടുത്തുള്ള മിഷൻകേന്ദ്ര ങ്ങളിൽ ഒന്നിൽ നിന്ന് ഒരു മിഷനറി ഇവരെ സന്ദർശിച്ചിരുന്നു. ഇവിടെയും ബൊഡെവിഗ് അധികകാലം തങ്ങിയില്ല. കാരണം ബിഷപ്പ് മവ്റിന്നു അദ്ദേഹത്തെക്കൊണ്ടു ചെയ്യിക്കാൻ വേറെ ജോലികൾ ഉണ്ടായിരുന്നു. അദ്ദേഹത്തെ ബോംബെയിലേക്കു വിളിപ്പിച്ചിട്ട് വീണ്ടും ഇഗത്പുരിയി ലേക്കു പോകാൻ നിർദ്ദേശിച്ചു. ഇവിടെ ഒരു 'കാറ്റെക്കുമനേറ്റ്' (ക്രിസ്തുമതം സ്വീകരിക്കാൻ ഒരുങ്ങുന്നവർക്കായുള്ള സ്ഥാപനം) തുടങ്ങുക ആയിരുന്നു ചെയ്യേണ്ടത്. ഇദ്ദേഹത്തിനു കൂട്ടിന് രണ്ടുപേരെകൂടി അയച്ചു. ബൽസിംഗ് റാവു, മധുര മിഷനിൽ നിന്നു ക്രിസ്തുമതം സ്വീകരിച്ച ഒരു ബ്രാഹ്മണനും നാസിക്കിൽ നിന്നുള്ള ഒരു ബ്രാഹ്മിൻ കാറ്റാകുമെന്നും. മൂന്നാഴ്ച മുമ്പാണ് ഇഗത്പുരിയോട് യാത്ര പറഞ്ഞു പിരിഞ്ഞത്. ഇപ്പോൾ വീണ്ടും അങ്ങോട്ടുവരുന്നു. വൈദികനു താമസിക്കാനുള്ള പള്ളിമേടയുടെ അവസ്ഥ ശോചനീയമായിരുന്നു. ഇടവപ്പാതിക്കു പെയ്യുന്ന കനത്ത മഴയത്ത് മേൽക്കൂരക്ക് പലയിടത്തും ചോർച്ചയുണ്ടാകും. ബൊഡെവിഗ് മനം മടുത്ത് ബിഷപ്പ് മവ്റിനു വീണ്ടും വീണ്ടും എഴുതി. വെറും രണ്ടാളുമായി ഒരു കാറ്റെക്കുമനേറ്റു തുറന്നാൽ അതു വിജയിക്കുക ഏതാണ്ട് അസാധ്യമാണ് എന്ന അറിയിച്ചു. പ്രത്യേകിച്ചും ഓണംകേറാമൂലയായ ഇഗത്പുരി പോലുള്ള

ഒരു സ്ഥലത്ത്. നിരാശനായി കഴിയുന്ന ബ്രാഹ്മിൻ പ്രേമി ബൊഡെവിഗിന് ഉടൻ തന്നെ ബിഷപ്പ് മറുപടി അയച്ചു.

''അടുത്ത ആലോചനയോഗത്തിൽ കാറ്റെക്കുമനേറ്റിനു പറ്റിയ സ്ഥലം ഏതെന്ന് ആ രണ്ട് നല്ലവരായ ബ്രാഹ്മണരോടു പറയുക കുറച്ചു കൂടെ ക്ഷമ കാണിക്കാൻ. താങ്കൾ തന്നെ അവർക്കു നല്ല മാതൃകയാകുക.''

അവസാനം മോചനത്തിന്റെ സമയം ആഗതമായി. ബൊഡെവിഗിനെ വീണ്ടും ബോംബെയിലേക്കു വിളിച്ചു. ഇത്തവണത്തെ നിയോഗം ഒരു മാസിക 'എഡിറ്റ്' ചെയ്യുക എന്നതാണ്. ബോംബെ ഡിബേറ്റിംഗ് ക്ലബ്ബിന്റെ ജിഹ്വ. ഈ ക്ലബ് ബിഷപ് മവ്റിന്നു ഏറെ പ്രിയപ്പെട്ട ഒരു പ്രസ്ഥാനമായിരുന്നു. ഇതിനുശേഷം നാം ഫാ. ബൊഡെവിഗിനെ കാണു ന്നത് സെന്റ് സേവ്യേഴ്സ് കോളേജിലാണ്; 1875 മാർച്ചിൽ. ബിഷപ്പ് മവ്റിൻ ആശയങ്ങളെ സംബന്ധിച്ചിടത്തോളം ചാഞ്ചാട്ടമുള്ള ഒരാളായിരുന്നു. പലപ്പോഴും അദ്ദേഹത്തിന്റെ അഭിപ്രായം മറ്റു ഈശോസഭാവൈദികരുടേതിൽ നിന്നും വ്യത്യസ്തമായിരുന്നു. മറ്റുള്ളവരോട് ആലോചിക്കാതെ തീരുമാനമെടുക്കുക, അതു മാറ്റില്ല എന്ന കടുംപിടുത്തം കാട്ടുക. ഈ മനോഭാവം ഈശോസഭാംഗങ്ങൾ ക്കിടയിൽ പലപ്പോഴും അസ്വാരസ്യമുണ്ടാക്കാൻ കാരണമായി. മാസിക പ്രസിദ്ധീകരിച്ചു തുടങ്ങിയതും പ്രശ്നമായി. തുടക്കം മുതലേ വൈദികർ ഇതിനെ എതിർത്തു. അങ്ങനെ ഈ പരിപാടിയും പരാജയപ്പെട്ടു. അങ്ങനെ ബൊഡെവിഗ് തൊഴിൽരഹിതനായി. അപ്പോൾ അദ്ദേഹത്തെ ദേവ്ലാലിയിൽ പട്ടാളക്കാരുടെ ചാപ്ലിൻ ആയി സ്ഥലം മാറ്റി. ദേവ്ലാലി ഇഗത്പുരിക്കടുത്തുള്ള സ്ഥലമാണ്. ഈ സ്ഥലത്തും ഏറെനാൾ തങ്ങേണ്ടിവന്നില്ല. അപ്പോൾ അദ്ദേഹത്തെ വീണ്ടും ബോംബെയിലേയ്ക്കു വിളിച്ചു. ഇത്തവണ ബിഷപ്പ് ഏല്പിച്ചതു കുറെ പ്രസംഗങ്ങൾ തയ്യാറാക്കി കൊടുക്കാനാണ്. ബോംബെ ഡിബേയ്റ്റിങ് ക്ലബ്ബിൽ പറയാനുള്ള പ്രസംഗങ്ങൾ പ്രസംഗവിഷയവും ശൈലിയും ഒക്കെ നിശ്ചയിച്ചത് ബിഷപ്പ് തന്നെ. ബൊഡെവിഗ് ഇതു സംബന്ധിച്ച് അഭിപ്രായം പറയാൻ ഒരു അവസരവും ഇല്ലായിരുന്നു. ഇതെല്ലാം ബിഷപ്പ് ലിയോ മെവ്റിൻ സ്വയം തീരുമാനിച്ചു. താമസിയാതെ ഇവർ തമ്മിൽ അഭിപ്രായ സമന്വയം ഇല്ലാതായി. ബൊഡെവിഗ് എഴുതിയ പ്രസംഗം. ബിഷപ്പ് അതു സ്വന്തം പ്രഭാഷണമെന്ന നിലയ്ക്കു പറയുന്നു. പ്രസംഗം നിശബ്ദനായി കേൾക്കുക മാത്രമേ ബൊഡെവിഗ്ന് ചെയ്യേണ്ടിയിരുന്നുള്ളു. ഇത് ബൊഡെവിഗ്ഗിൽ നിരാശാബോധം

വളർത്തി. സെപ്റ്റംബർ ആയപ്പോ ഴേയ്ക്കും ഇവർ തമ്മിലുള്ള പിണക്കം രൂക്ഷമായി, പരസ്യമായി. അങ്ങനെ പുറജാതിക്കാരുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കാൻ നടത്തിയ ഏക ശ്രമം അവസാനിച്ചു. ഏറെ ജനശ്രദ്ധ നേടിയതായിരുന്നു ആ ശ്രമം. അതിനുശേഷം ബൊഡെവിഗ് ഒരു വർഷം മധുര മിഷനിലെ നാഗപട്ടണത്തിലുള്ള സെന്റ് ജോസഫ് കോളേജിൽ ചെലവഴിച്ചു. ഇന്ത്യയിലെ ബൊഡെവിഗ്ഗിന്റെ സാന്നിദ്ധ്യത്തെപ്പറ്റിയുള്ള അവസാനത്തെ പരാമർശം 1893-ലെ ബോംബെ ആർച്ചു ഡയോസിസിന്റെ ഡയറക്ടറി യിലാണ്. അതിൽ പറയുന്നത് അദ്ദേഹം 1876-ൽ യൂറോപ്പിലേക്കു മടങ്ങി എന്നാണ്.

### 4.4 ഇന്ത്യയിൽ നിന്നു മടങ്ങിയെത്തിയ ശേഷം ബോഡെവിഗ് എത്തിച്ചേർന്ന വിവിധ സ്ഥലങ്ങൾ

1876-ൽ ഇന്ത്യയിൽ നിന്നു മടങ്ങി. അതിനുശേഷം പതിനൊന്നു വർഷക്കാലം 1888 വരെ ബൊഡെവിഗ്ഗിന് യൂറോപ്പിലും നോർത്ത് അമേരിക്കയിലുമുള്ള വിവിധ രാജ്യങ്ങളിലേക്കു കൂടെക്കൂടി സ്ഥലം മാറ്റി. ഇങ്ങനെ അടിക്കടി സ്ഥലംമാറ്റം കൊടുക്കുന്നതിന്റെ കാരണം എന്തായിരിക്കാം? ബൊഡെവിഗ് തന്നെ ഇതിന് ഒരു വിശദീകരണം തരുന്നുണ്ട്. ഇന്ത്യയിലെ ഹ്രസ്വകാലത്തെ താമസം കൊണ്ട് അദ്ദേഹത്തിനു ബോദ്ധ്യമായത് പുറജാതിക്കാരുടെ ഇടയിലുള്ള വിശ്വാസപ്രചാരണയത്നം തികച്ചും അപര്യാപ്തമാണ്, അല്പമാത്ര മാണ് എന്നായിരുന്നു. പ്രവർത്തനം ഒട്ടും സംഘടിതമായ രീതിയിൽ ആയിരുന്നില്ല. തന്റെ തന്നെ പ്രോവിൻസ് ഇന്ത്യയിൽ നടത്തുന്ന പ്രവർത്തനങ്ങളിൽനിന്ന് അദ്ദേഹം കണ്ടെത്തി, മിഷനറിമാരായി വന്ന പലരും ചെയ്തിരുന്ന ജോലി നാട്ടുകാരുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിക്കുന്നത് തടയുന്നവരായിരുന്നു. അതുകൊണ്ട് ഈ രംഗത്ത് പുറജാതിക്കാരുടെ ഇടയിൽ മിഷൻ പ്രവർത്തനം നടത്തുന്നതു സംബന്ധിച്ച സമൂർത്തമായ എന്തെങ്കിലും സംരംഭം തുടങ്ങാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഇതിനുവേണ്ടി തന്നെ സ്വതന്ത്രനാക്കണ മെന്ന് അദ്ദേഹം മേലധികാരികളോട് നിരന്തരം അഭ്യർത്ഥിച്ചിരുന്നു. മുഴുവൻ സമയവും ഈ നാട്ടുകാരായ പുറജാതിക്കാരുടെ ഇടയിൽ പ്രവർത്തിക്കാനായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ഈ മനോഭാവം മാറ്റുന്നതിനാണ് തന്നെ അടിക്കടി സ്ഥലം മാറ്റിക്കൊണ്ടിരുന്നത് എന്ന് അദ്ദേഹം പറയുന്നു.

ഇന്ത്യൻ മിഷനെപ്പറ്റി ചിന്തിച്ച് അദ്ദേഹം നിരന്തരം അസ്വസ്ഥനാകു മായിരുന്നു. ഇന്ത്യൻ മിഷനുവേണ്ടി സമൂർത്തമായി

എന്തെങ്കിലും ചെയ്യണമെന്ന വിചാരം അദ്ദേഹത്തിന്റെ മനസ്സിനെ അസ്വസ്ഥമാക്കി. ന്യൂയോർക്കിലെ സെന്റ് ഫ്രാൻസിസ് സേവ്യർ കോളേജിൽ പണിയെടുത്തിരുന്ന കാലത്ത് ഒരു അസാധാരണ സംഭവം ഉണ്ടായി. ഇന്ത്യൻ മിഷനുവേണ്ടി സമൂർത്തമായ എന്തെങ്കിലും ചെയ്യണമെന്നതിന്റെ സൂചന ആയിരുന്നു ഈ സംഭവം. തന്നെ ദൈവം വിളിച്ചിരിക്കുന്നത് ഇതിനാണ് എന്ന വിശ്വാസം അങ്ങനെ കൂടുതൽ ബലപ്പെട്ടു. ആ സംഭവം എന്തായിരുന്നു? ഇന്ത്യാക്കാരായ രണ്ട് ബിസിനസ്സുകാർ ന്യൂയോർക്ക് തുറമുഖത്തിറങ്ങി എങ്ങോട്ടും പോകാനാകാതെ കുഴങ്ങി. അവർക്ക് ഇംഗ്ലീഷിൽ ഒരു വാക്ക് പോലും പറയാൻ അറിഞ്ഞുകൂടാ. തുറമുഖ അധികാരികൾ അവരെ ജസ്വിറ്റ് കോളേജിലേക്കു പറഞ്ഞയച്ചു. ഒരു ദ്വിഭാഷിയായി പ്രവർത്തിക്കാൻ കഴിവുള്ള ആരെങ്കിലും അവിടെ കാണുമെന്നു കരുതി. ഈ സംഭവം നടന്നത ് 1886-ൽ ആ വർഷമാണ് ലിയോ പതിമൂന്നാമൻ മാർപ്പാപ്പ ഇന്ത്യൻ 'ഹയറാർക്കി' സ്ഥാപിച്ചത്. ഇത് ഇന്ത്യൻ മിഷനിൽ ഒരു പുതിയ യുഗം കുറിച്ചു. ഈ സംഭവം അവിചാരിതമായി ഉണ്ടായതാണെങ്കിലും ഇതു ബൊഡെവിഗിന്റെ തീരുമാനത്തിന് ശക്തി പകർന്നു. ഇന്ത്യൻ മിഷൻ തന്നെ മാടിവിളിക്കുന്നതായി അദ്ദേഹത്തിന് തോന്നി. ഈശോ സഭയിൽ തുടർന്നാൽ തന്റെ പ്ലാൻ ഒരിക്കലും യാഥാർത്ഥ്യമാകില്ല എന്ന് അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ട് തന്റെ ജീവിതത്തിലെ ഒരു വലിയ തീരുമാനം അയാൾ എടുത്തു. ഈശോസഭാംഗത്വം അവസാനിപ്പിക്കുന്നതിന് അപേക്ഷിച്ചു. തന്റെ രൂപതയായ ജർമ്മനിയിലെ കൊളോണിൽ ഒരു രൂപതാവൈദികനായി ചേർന്നു. അദ്ദേഹം കൊളോണിൽ എത്തിയത് 1888-ൽ ആയിരുന്നു. ബോണിലെ ഡിയെറ്റ്കർക്കൻ പ്രദേശത്ത് വി.സ്നാപകയോഹന്നാന്റെയും പത്രോസിന്റെയും ദേവാലയത്തിൽ മൂന്നാം അസിസ്റ്റന്റായി അദ്ദേഹം നിയമിതനായി.

പാദ്രോവാദ-പ്രോപഗാണ്ട സംഘർഷം മൂർച്ഛിച്ചിരുന്ന കാലം. ജനർമ്മൻ ഈശോസഭാംഗങ്ങൾ ശ്രദ്ധ മുഴുവൻ വിദ്യാഭ്യാസരംഗത്തു കേന്ദ്രീകരിച്ചിരുന്ന സമയം. എങ്കിലും ബോംബെ-പൂന മിഷനിൽ പുറജാതിക്കാരോടു ക്രിസ്തുമതം പ്രസംഗിക്കുവാൻ ചില ശ്രമങ്ങൾ വളരെ ചെറിയ തോതിൽ നടന്നിരുന്നു. ഇതിൽ ശ്രദ്ധേയമായ ഒന്നായിരുന്നു ഇഗത്പുരിയിലേത്. നിർഭാഗ്യകരമെന്നു പറയാം, ഈ ഉദ്യമം എങ്ങുമെങ്ങും എത്തിയില്ല. ഇതു തുടങ്ങിവച്ച മിഷനറിക്ക്

യൂറോപ്പിലേക്ക് മടങ്ങേണ്ടിയും വന്നു. എന്തുകൊണ്ട് ഈ ഉദ്യമം പരാജയപ്പെട്ടു? പരാജയത്തിന് ആരാണ് ഉത്തരവാദി? ബൊഡെവിഗ്ഗോ ബിഷപ്പ് മെവ്റിനോ? ആരാണ് ഉത്തരവാദി? നിഷ്പക്ഷമായ ഒരു വിധി പ്രസ്താവിക്കാൻ നമുക്ക് കഴിയില്ല. കാരണം, നാം മുഴുവനായും ആശ്രയിക്കുന്നത് ഒരൊറ്റ ശ്രോതസ്സിനെയാണ്; അതായത് ബൊഡെവിഗ്ഗിനെ. ഒരുപക്ഷേ അടുത്ത അദ്ധ്യായം ബൊഡെവിഗ് എന്ന വ്യക്തിയുടെമേലും അദ്ദേഹത്തിന്റെ പെരുമാറ്റത്തിന്മേലും കൂടുതൽ വെളിച്ചം വീശിയേക്കും.

## അദ്ധ്യായം II

### ഇന്ത്യയുടെ മാനസാന്തരത്തിനായി 'മിഷനറി സൊസൈറ്റി' സ്ഥാപിച്ചതും കൊളോൺ ആർച്ചുബിഷപ്പും പ്രോപഗണ്ട ഏദെയും ചേർന്ന് അത് പിരിച്ചുവിട്ടതും

നാല്പത്തിയേഴ് നാല്പത്തിയെട്ട് വയസ്സായപ്പോഴാണ് ബൊഡെവിഗ് ഈശോസഭ വിട്ടതും കൊളോൺ രൂപതയിൽ ഒരു രൂപതാവൈദികനായതും. ബോൺ-ഡിക്റ്റേറ്റർക്കറിൽ അസിസ്റ്റായി ജോലി ചെയ്തിരുന്ന കാലത്ത് എപ്പോഴും ഇന്ത്യയുടെ മാനസാന്തരത്തിനായി ഒരു മിഷനറി പ്രസ്ഥാനം തുടങ്ങുന്നതിനെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നു. കാലാന്തരത്തിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ സുവിശേഷവത്ക്കരണത്തിനായി പ്രവർത്തിക്കാൻ ഒരു മിഷനറി സൊസൈറ്റി സ്ഥാപിക്കണം എന്നതായിരുന്നു ആഗ്രഹം. ആ സമയം ജർമ്മനി 'കൂൾത്തൂർ-കാംപ്ഫ്'ന്റെ ദൂഷിതഫലങ്ങൾ തരണം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അടിമത്ത വിരുദ്ധപ്രസ്ഥാനത്തിന്റെ മുൻപന്തിയിൽ കത്തോലിക്കാസഭ പ്രവർത്തിച്ചുകൊണ്ടിരുന്നു. ലിയോ XIII-ാമൻ മാർപ്പാപ്പയാണ് ഈ പ്രസ്ഥാനം തുടങ്ങിവച്ചത്. നടപ്പാക്കിയത് ഫ്രഞ്ചുകാരനായ കാർഡീനൽ ലാവിഗേറിയാം. രാഷ്ട്രീയരംഗത്ത് ജർമ്മൻ രാഷ്ട്രം കോളനികൾ സ്ഥാപിക്കുന്നതിനുള്ള മത്സരത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. തെക്കൻ ഹെമിസ്ഫിയറിൽ പ്രത്യേകിച്ചും പൂർവ്വ ആഫ്രിക്കയിൽ കോളനി ഉണ്ടാക്കാനായിരുന്നു ശ്രമം. കൊളോണിലെ കാർഡിനൽ ഫിലിപ് ക്രെമെൻസ് അടിമത്തവിരുദ്ധപ്രസ്ഥാനത്തിന്റെ ശക്തനായ വക്താവായിരുന്നു. അദ്ദേഹത്തെ പ്രസ്ഥാനത്തിന്റെ ജർമ്മൻ യൂണിറ്റിന്റെ പ്രസിഡന്റാക്കി.

ഇന്ത്യയുടെ സുവിശേഷവത്ക്കരണത്തിനായി പ്രവർത്തിക്കാൻ തന്നെ പ്രേരിപ്പിച്ച കാര്യങ്ങൾ 'ഇൻഡ്യ ആന്റ് ഇറ്റ്സ് പേയ്ഗൻ മിഷൻസ്' എന്ന തന്റെ ഗ്രന്ഥത്തിൽ ബൊഡെവിഗ് വിശദമായി കൊടുത്തിട്ടുണ്ട്. ഈ പുസ്തകം അച്ചടിച്ച് അതിന്റെ പ്രതികൾ ജർമ്മനിയിലെങ്ങും വിതരണം ചെയ്യുകയുണ്ടായി. ഇക്കാരണത്താൽ തന്റെ 'മിഷനറി സൊസൈറ്റി ഫോർ ഇൻഡ്യ' സ്ഥാപിച്ചു. കുറേ വർഷത്തേക്കു ബുദ്ധിമുട്ടുകൾ ഉണ്ടായി. ഇന്ത്യയുടെ സുവിശേഷ വത്ക്കരണം സംബന്ധിച്ചു, അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തന സങ്കല്പം സംബന്ധിച്ച്, അതിന്റെ അടിസ്ഥാന ഘടകങ്ങൾ സംബന്ധിച്ച് ഒരു ഏകദേശരൂപം ഉണ്ടായിരിക്കുക പ്രയോജനകരമായിരിക്കും. ഈ പുസ്തകത്തിൽ ബൊഡെവിഗ് പല പ്രതിബന്ധങ്ങളും എടുത്തുകാട്ടുന്നു. അവ മറികടക്കാനുള്ള സമീർത്തമായ നടപടികളും നിർദ്ദേശിക്കുന്നുണ്ട്. ബൊഡെവിഗ്ഗിന്റെ അഭിപ്രായത്തിൽ ഇന്ത്യൻ ഭൂഖണ്ഡത്തിൽ മിഷനറിപ്രവർ ത്തനം പിന്നോക്കം പോകുന്നതിന്റെ പ്രധാന കാരണം മിഷൻരംഗത്ത് പ്രവർത്തിക്കാൻ വേണ്ടത്ര ആളുകൾ ഇല്ല എന്നതാണ്. മറ്റു തടസ്സങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടുന്നുണ്ട്. ഇവയെ അപഗ്രഥിക്കാനാണ് മുൻ അദ്ധ്യായങ്ങളിൽ നാം ശ്രമിച്ചത്. ഉദാഹരണത്തിന് യൂറോപ്പിൽ നിന്നു മിഷനറിമാരായി വന്നവരിൽ നല്ലൊരു വിഭാഗം മിഷൻ പ്രവർത്തനവുമായി ഒരു ബന്ധവുമില്ലാത്ത റയിൽവേയിലെയും പട്ടാളത്തിലെയും ചാപ്ലിനായി ജോലി ചെയ്യുന്നു, വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നു, അദ്ധ്യാപകരായി പണിയെടുക്കുന്നു. വേറൊരു നല്ല സംഖ്യ മിഷനറിമാർ പണ്ടുമുതലേ കത്തോലിക്കരായിരുന്നവരുടെ ഇടയിൽ അജപാലന ശുശ്രൂഷ നടത്തുന്നു. ഇതിനെല്ലാം ഉപരി ഒരു മുൻവിധിയും തെറ്റിധാരണയും. അതായത്, ഹിന്ദുക്കൾ ഒരിക്കലും സുവിശേഷം സ്വീകരിക്കയില്ല, അവർ നിത്യനരകത്തിന് വിധിക്കപ്പെട്ടവരാണ് എന്ന ധാരണ. ബൊഡെവിഗ് സങ്കല്പിച്ചത് ജർമ്മനിയിൽ ആഫ്രിക്കയ്ക്കുവേണ്ടി രൂപീകരിച്ച സെന്റ് പീറ്റർ ക്ലേവർ സൊസൈറ്റിയിൽ ഇന്ത്യയ്ക്കായി ഒരു സൊസൈറ്റി ഉണ്ടാക്കുക. യൂറോപ്പിലെ സഭകൾ (കത്തോലിക്കർ) ഇതുവരെ ഇന്ത്യയെ അവഗണിച്ചിരുന്നതിന് പരിഹാരമായി സംയുക്ത ശ്രമങ്ങൾ നടത്തണം. പുണ്യനദിയായ ഗംഗയുടെ തീരത്തുള്ള ബനാറസ് എന്ന പുണ്യനഗരമായിരിക്കും ഈ സൊസൈറ്റിയുടെ കേന്ദ്രം.

ഇങ്ങനെ രൂപീകരിക്കുന്ന മിഷനറി സൊസൈറ്റിക്ക് മൂന്ന് ശാഖകൾ ഉണ്ടായിരിക്കും ഒന്ന് വൈദികർക്ക്, ഒന്ന് സഹോദരന്മാർക്ക്,

ഒന്ന് കന്യാ സ്ത്രീകൾക്ക്.  മൂന്നിനും വ്യത്യസ്ത ഭരണസംവിധാനം
ഉണ്ടായിരിക്കും.  അവരവരുടേതായ സുപ്പീര്യർ ജനറലും
ഉണ്ടായിരിക്കും.  കൂടാതെ ബ്രാഞ്ചു കൾക്കും കൂടി പൊതുവായി ഒരു
സുപ്പീര്യർ ജനറലും ഉണ്ടായിരിക്കും.  സാധാരണ സന്യസ്തർ
എടുക്കുന്ന വ്രതങ്ങൾ കൂടാതെ മൂന്ന് സൊസൈറ്റി യുടെ അംഗങ്ങൾ
നാലാമത് ഒരു വ്രതം കൂടി എടുക്കും:  തങ്ങളെ മുഴുവനായി ഇന്ത്യയുടെ
മാനസാന്തരത്തിനായി സമർപ്പിക്കുന്നു എന്ന്.  സഹോദരന്മാർ മിഷൻ
രംഗത്ത് നേരിട്ട് പണിയെടുക്കും.  മിഷനറി വൈദികർക്ക് വഴി ഒരുക്കുന്ന
മുന്നോടികളായിരിക്കും ഇവർ.  ഇതുവരെ സുവിശേഷം എത്തിയിട്ടി
ല്ലാത്ത ഒരു പ്രദേശത്ത് ഒരു ക്രൈസ്തവസമൂഹം രൂപപ്പെട്ട്
വേരോടുന്നതിന് വേണ്ടതെല്ലാം ഇവർ ചെയ്യും.  വൈദികർക്കുമാത്രം
ചെയ്യാവുന്ന കർമ്മങ്ങളേ അവരുടെ ശുശ്രൂഷയുടെ പരിധിക്കു
പുറത്താകുന്നുള്ളു.  അങ്ങനെ തിരുസഭയിൽ തുണ സഹോദരന്മാരുടെ
പുതിയ പ്രതിച്ഛായ സൃഷ്ടിക്കാൻ ബൊഡെവിഗ് ആഗ്രഹിച്ചു.  അവർ
യഥാർത്ഥത്തിൽ മിഷനറിമാർ, വേദപ്രചരണ രംഗത്ത് പ്രവർത്തിക്കു
ന്നവർ തുണസഹോദരന്മാരെ പറ്റിയുള്ള പരമ്പരാഗത സങ്കല്പം
ആശ്രമത്തിനുള്ളിൽ അതിന്റെ നാലു ചുവരുകൾക്കുള്ളിൽ നിന്നുകൊണ്ട്
സന്യസ്തരായ വൈദികർക്കുവേണ്ട സഹായം ചെയ്യുന്നവർ എന്നായിരുന്നു.
അതുപോലെതന്നെ, തന്റെ മിഷനറി സിസ്റ്റേഴ്സും (കന്യാസ്ത്രീകൾ)
ഇന്ത്യയുടെ മാനസാന്തരത്തിൽ അതിപ്രധാനമായ ഒരു പങ്ക്
വഹിക്കണം എന്ന് അദ്ദേഹം നിശ്ചയിച്ചു.  പുതിയ പ്രവർത്തന
രംഗങ്ങളിൽ, പുതിയ കാഴ്ചപ്പാടോടെ, പ്രവേശിക്കാൻ അദ്ദേഹം
സിസ്റ്റേഴ്സിനെ അനുവദിച്ചു.  ഇതുവരെ കത്തോലിക്കാ മിഷനറി
സിസ്റ്റേഴ്സിനെ അനുവദിച്ചു.  ഇതുവരെ കത്തോലിക്കാ മിഷനറി
സിസ്റ്റേഴ്സ് കടന്നു ചെന്നിട്ടില്ലാത്ത മേഖലകളായിരുന്നു അത്.
എന്നാൽ പ്രോട്ടസ്റ്റന്റ് സിസ്റ്റേഴ്സ് വിജയകരമായി ഇത്തരം
പ്രവർത്തനങ്ങൾ നടത്തിയിരുന്നു.  സിസ്റ്റേഴ്സ് 'സനാനാ മിഷനിൽ'
ഹൈന്ദവ സ്ത്രീകളുടെ ഇടയിൽ, പ്രവർത്തിക്കണം എന്ന് ബൊഡെവിഗ്
ആവശ്യപ്പെട്ടു.  ഉന്നതകുലജാതരായ ഹിന്ദുസ്ത്രീകൾക്കു
പുറംലോകവുമായി അധികം ബന്ധമുണ്ടാകാതെ അവരെ വീടിന്റെ
ഉൾഭാഗത്ത്, 'സനാന'യിൽ, ഒതുക്കി നിർത്തുകയായിരുന്നു പതിവ്.
ഏറ്റം അടുത്ത ബന്ധുക്കൾ-സഹോദരന്മാർ, ഭർത്താക്കന്മാർ,അച്ഛൻ-
ഇവർക്കേ വീടിന്റെ ആ ഭാഗത്തു പ്രവേശനം അനുവദിച്ചിരുന്നുള്ളു.

പുരുഷന്മാരായ മിഷനറിമാർക്ക് സനാന അപ്രാപ്യമായിരുന്നു. എന്നാൽ മിഷനറി സിസ്റ്റേഴ്സിന് നഴ്സുമാരായും അദ്ധ്യാപകരായും സാമൂഹ്യസേവകരായും ഇവരെ സമീപിക്കാമായിരുന്നു. ഹൈന്ദവ കുടുംബങ്ങളിൽ വലിയ സ്വാധീനം ചെലുത്തി യിരുന്നവരാണ്. അവരെ മിഷനറി സിസ്റ്റേഴ്സിന് സമീപിക്കാൻ കഴിഞ്ഞു. അവരുമായുള്ള ബന്ധങ്ങൾ ബലപ്പെട്ടു കഴിഞ്ഞാൽ, അവർ ക്രൈസ്തവിശ്വാസം സ്വീകരിച്ചാൽ കുടുംബത്തെ സുവിശേഷവത്ക്കരി ക്കുന്നതിന് ഏറ്റം അനുയോജ്യരായ പ്രവർത്തകർ അവരായിരിക്കും.

## 1.1 മിഷനറി സൊസൈറ്റി ഓഫ് ദി ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ഫോർ ദ കൺവേർഷൻ ഓഫ് ഇന്ത്യ

1892 മാർച്ച് മാസത്തിൽ ബോൺ നഗരത്തിൽ മൂന്ന് യുവാക്കൾ ബൊഡെവിഗുമായി സഹകരിച്ച് ഇന്ത്യയുടെ മാനസാന്തരത്തിനായി ഒരു മിഷനറി സൊസൈറ്റി രൂപീകരിച്ചു. ഇതിനു അവർ കൊടുത്ത പേരാണ് 'മിഷനറി സൊസൈറ്റി ഓഫ് ദി ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ഫോർ ദ കൺവേർഷൻ ഓഫ് ഇന്ത്യ' (ഇന്ത്യയുടെ മാനസാന്തരത്തിന്, ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ മിഷനറി സൊസൈറ്റി). ഈ യുവാക്കളിൽ ഒരാൾ ബോണിലെ വിശുദ്ധരായ 'ജോൺ ദ ബാഫ്റ്റിന്റെയും ആൻഡ് പീറ്ററിന്റെയും' ഇടവകയിൽ നിന്നായിരുന്നു. ഇവിടെ ബൊഡെവിഗ് വികാരിയുടെ മൂന്നാം അസിസ്റ്റന്റായി ജോലി ചെയ്തിട്ടുണ്ടായിരുന്നു. ഫാ. എം. പൗലുസ് ആയിരുന്നു വികാരി. ആ യുവാവ് ഒരു പെയ്ന്റർ ആയിരുന്നു. പേര് 'ലുഡോവിക്കസ് ഹൂബേർട്ട് ഹോഹ്ൻ'. ഇടവകയിലെ ഗായകസംഘത്തിൽ ഒരംഗമായിരുന്നു ഇയാൾ. രണ്ടാമത്തെ ആൾ പീറ്റർ മോമേഷെൻ ആയിരുന്നു. മുപ്പത് വയസ്സ് പ്രായം. റൈൻ ബാക്കിന്നടുത്തുള്ള റൊമേഷാവൻ ആയിരുന്നു ഇയാളുടെ ജന്മദേശം. അയാൾ ഒരു പ്രിന്റർ ആയിരുന്നു. മൂന്നാമന്റെ പേര് ഹെയമാൻ ഹെമാൻ മോറിറ്റ്സ്. കത്തോലിക്കാ വിശ്വാസം സ്വീകരിച്ച ഒരു യഹൂദവംശജനായിരുന്നു ഇയാൾ. അയാൾ ഈസ്റ്റ് പ്രഷയുടെ തലസ്ഥാനമായ കോണിസ്ബെർഗുകാരനായിരുന്നു. പിന്നീട് ജർമ്മനിയുടെ പടിഞ്ഞാറൻ പ്രദേശത്തു കുടിയേറിപ്പാർത്തു. അയാൾക്കു അല്പസ്വല്പം ഇംഗ്ലീഷ് സംസാരിക്കാൻ അറിയാമായിരുന്നു. അയാളുടെയും തൊഴിൽ പ്രിന്റിംഗ് (അച്ചടി) ആയിരുന്നു. ഇയാൾ യൂറോപ്പിലെങ്ങും യാത്ര ചെയ്തിട്ടുണ്ടായിരുന്നു. ഇരുപത്തിമൂന്നു

വയസ്സു പ്രായം. ഈ മൂന്ന് അനുചരർക്കൊപ്പം ബൊഡെവിഗ് തന്റെ 'മിഷനറി സൊസൈറ്റി ഓഫ് ദി ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ഫോർ ദ കൺവേർഷൻ ഓഫ് ഇന്ത്യ'യ്ക്കു രൂപം കൊടുത്തു. തന്നെപ്പോലെ ചിന്തിക്കുന്ന മൂന്ന് അനുയായികളെ ലഭിച്ച സാഹചര്യത്തിൽ ബൊഡെവിഗ് അടുത്തതായി ചെയ്തതുതന്നെ ബോണിലെ ജോലിയിൽ നിന്നു ഒഴിവാക്കാൻ കൊളോണിന്റെ കാർഡിനൽ ആർച്ചുബിഷപ് ഫിലിപ്പ് റെമെന്റ്സിനോട് അപേക്ഷിക്കുകയായിരുന്നു. അങ്ങനെ മുഴുവൻ സമയവും തനിക്കു തന്റെ പ്രിയപ്പെട്ട പരിപാടിയിൽ ചെലവഴിക്കാനാകും. അതായത്, മിഷനറി സൊസൈറ്റി ഫോർ ദ കൺവേർഷൻ ഓഫ് ഇന്ത്യ. വീണ്ടും വീണ്ടും അഭ്യർത്ഥിച്ചതിന്റെ ഫലമായി അദ്ദേഹത്തെ ബോനിലെ സെയ്ന്റ്സ് ജോൺ ദ ബാപ്റ്റിസ്റ്റ് ആൻഡ് പീറ്റർ ഇടവകയിലെ മൂന്നാം അസിസ്റ്റന്റ് എന്ന ജോലിയിൽ നിന്നും ഒഴിവാക്കി. അങ്ങനെ 1892 സെപ്റ്റംബർ 1-ാം തീയതി തൊട്ട് ഇന്ത്യയ്ക്കായുള്ള തന്റെ മിഷനറി പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിക്കാൻവേണ്ട സ്വാതന്ത്ര്യം ലഭിച്ചു. ഉടനെ തന്നെ കോളോൺ അതിരൂപതയിലെ ഒരു സ്വകാര്യ വൈദികനായി രജിസ്റ്റർ ചെയ്തു. ഇന്ത്യൻ മിഷനുവേണ്ടി താൻ തുടങ്ങിയ പ്രസ്ഥാനത്തിൽ മുഴുവൻ സമയവും അത്യുത്സാഹത്തോടെ പ്രവർത്തിച്ചു. കൊളോണിലെ ജെറോൺസ്വാളിൽ അവർ ഒരു വീട് വാടകയ്ക്കെടുത്തു. അവിടെ സന്യാസ സമൂഹത്തിന്റെ മാതൃകയിൽ ജീവിക്കാൻ തുടങ്ങി. തന്റെ മിഷനറി സൊസൈറ്റിയിൽ ചേരാൻ ആഗ്രഹിച്ച യുവതികൾക്കായി ബൊഡെവിഗ് കൊളോണിന്റെ വെക്ക് റ്റിൽഡിസ്റ്റിൽ ഒരു ഭവനം കണ്ടെത്തി. 1892 അവസാനമായപ്പോഴേയ്ക്കും മിഷനിൽ പ്രവർത്തിയ്ക്കാൻ ഏറെ ഉത്സാഹമുണ്ടായിരുന്ന തൊഴിലാളി വർഗ്ഗത്തിൽപ്പെട്ട കുറെ യുവതികൾ ബൊഡെവിഗിന്റെ മാർഗ്ഗനിർദ്ദേശം സ്വീകരിച്ചുകൊണ്ട് ഒരു ഭവനത്തിൽ ഒരു സമൂഹമായി ജീവിക്കാൻ തുടങ്ങി.

തീക്ഷ്ണതയുള്ള മിഷനറിയായിരുന്ന ബൊഡെവിഗ് തന്റെ പുതിയ സംരംഭത്തിന്, ഇന്ത്യൻ മിഷനിൽ പരീക്ഷിക്കാനുള്ള പദ്ധതിക്ക്, തന്റെ പ്രാദേശിക മെത്രാനായിരുന്ന കൊളോൺ ആർച്ചുബിഷപ്പ് കാർഡിനൽ ഫിലിപ്പ് ക്രെമെന്റസിന്റെ അംഗീകാരം തേടിയിരുന്നോ? ഞങ്ങളുടെ ഗവേഷണങ്ങൾ സൂചിപ്പിച്ചിരുന്നത് സദുദ്ദേശത്തോടു കൂടിയതും ഏറെ പരസ്യപ്പെടുത്തിയതുമായ ബൊഡെവിഗിന്റെ പരിപാടിക്ക് ആർച്ചുബിഷപ്പിന്റെ ആഫീസിൽ നിന്നു

വേണ്ടത്ര അംഗീകാരമോ, പ്രോത്സാഹനമോ ലഭിച്ചില്ല എന്നാണ്. മാത്രമല്ല, തുടക്കം മുതലേ ആർച്ചുബിഷപ്പിന്റെ കാര്യാലയം സംശയത്തോടും വിജയിക്കില്ല എന്ന മുൻവിധിയോടുമാണ് ബൊഡെവിഗ്ഗിന്റെ പ്രസ്ഥാനത്തെ വീക്ഷിച്ചത്. തന്റെ ഓർമ്മക്കുറിപ്പുകളിൽ ബൊഡെവിഗ് പറയുന്നത് ആർച്ചുബിഷപ്പ് തുടക്കത്തിൽ തന്നെ പ്രോത്സാഹിപ്പിച്ചിരുന്നു എന്നാണ്. ഇടയ്ക്കിടെ അദ്ദേഹം സാമ്പത്തികമായി സഹായിക്കുകയും ചെയ്തിരുന്നു. പക്ഷേ കൊളോൺ അതിരൂപതയുടെ ആർക്കൈവ്സിലുള്ള രണ്ട് തടിയൻ വാല്യങ്ങളിൽ ബൊഡെവിഗ്ഗിനെ സംബന്ധിച്ചു സുഖകരമല്ലാത്ത ചില വിവരങ്ങൾ കാണുന്നുണ്ട്. കൊളോൺ ആർച്ചുബിഷപ്പിന്റെ അനുവാദം ലഭിക്കുന്നതിനു മുമ്പുതന്നെ തന്റെ ലക്ഷ്യങ്ങൾ നേടുന്നതിനും ബൊഡെവിഗ് സ്വീകരിച്ച ചില നടപടികളെപ്പറ്റി ഈ രേഖകൾ പറയുന്നുണ്ട്. ബൊഡെവിഗ്ഗിന്റെ പ്രവൃത്തികളെ വിലയിരുത്തുക അല്ല നമ്മുടെ ലക്ഷ്യം. സഭാധികാരികൾ അദ്ദേഹത്തിനെതിരായി സ്വീകരിച്ച ചില അച്ചടക്ക നടപടികളെയും നാം പരിശോധിക്കുന്നില്ല. ഇതിന്റെ ചരിത്രപരമായ വശം മാത്രമേ നാം അന്വേഷിക്കുന്നുള്ളു.

എങ്കിലും ഒരിക്കൽ ബൊഡെവിഗ് അനൗപചാരികമായി താൻ ഒരു മിഷനറി സൊസൈറ്റി സ്ഥാപിക്കാൻ പോകുന്ന കാര്യം കൊളോൺ ആർച്ചുബിഷപ്പിനെ ധരിപ്പിച്ചിരുന്നു. ഇത് ഒരു സ്വകാര്യ പ്രസ്ഥാനമായതു കൊണ്ട് ആർച്ചുബിഷപ്പിന്റെ അനുവാദം ആവശ്യമില്ല എന്നു പറഞ്ഞു.

ബൊഡെവിഗ്ഗിന്റെ ഉദ്ദേശങ്ങൾ സംബന്ധിച്ച് സംശയം തോന്നിയതു കൊണ്ടും ഇന്ത്യയ്ക്കായുള്ള ഒരു മിഷനറി സൊസൈറ്റി വിജയിക്കുമോ എന്നു കണ്ടെത്തുന്നതിനും കൊളോൺ അതിരൂപതയുടെ ഓഫീസ് ഇന്ത്യയിലെ സാഹചര്യങ്ങൾ ശരിക്കും അറിയാവുന്ന ചില അധികാര സ്ഥാനങ്ങളിൽ നിന്ന് വിവരം തെരക്കി. ബൊഡെവിഗ്ഗിന്റെ മുൻ പ്രൊവിൻഷ്യലായിരുന്ന ഹോളണ്ടിലെ എക്സേറ്റനിലെ ഫാ. റാത്ഗെബർ, ജർമ്മനിയിലെ കപ്പുച്ചിൻ ഡഫനിറ്റർ ജനറൽ ഫാ. ഫ്രെൾജെൻഷ്യസ് ഹിൻർലെക്നർ എന്നിവരെ സമീപിച്ച് ഇക്കാര്യത്തിൽ അവരുടെ അഭിപ്രായം ആരാഞ്ഞു. ബൊഡെവിഗ്ഗിന്റെ മുൻ സുപ്പീര്യർ ബോണിലെ വി. ജോൺ ബാപ്റ്റിസ് ആൻഡ് പീറ്റർ ഇടവകയുടെ വികാരി ബൊഡെവിഗിനെ സംബന്ധിച്ചും അദ്ദേഹത്തിന്റെ 'മിഷനറി സൊസൈറ്റി ഫോർ ഇന്ത്യ'യെ

സംബന്ധിച്ചും നല്കിയ റിപ്പോർട്ട് തികച്ചും പ്രതികൂലമായിരുന്നു. ഫാ. പൗലുസ് അതിരൂപതയുടെ ആഫിസിലേക്ക് എഴുതി:

"ഫാ. ബൊഡെവിഗ് വിശ്വസിക്കാൻ പറ്റിയ സ്വഭാവക്കാരനല്ല. അയാൾ അടുത്ത നിമിഷം എന്തു ചെയ്യും എന്നു തറപ്പിച്ചു പറഞ്ഞു കൂടാ. തന്റെ ഏറ്റം പ്രിയപ്പെട്ട ആശയവുമായി മുമ്പോട്ടു പോകാൻ അദ്ദേഹത്തെ അനുവദിച്ചാൽ (ഇന്ത്യൻ മിഷനറി സൊസൈറ്റി സ്ഥാപിക്കുക എന്ന ആശയം) അത് പരാജയപ്പെടും. അദ്ദേഹത്തിനും മറ്റുള്ളവർക്കും ഏറെ മനോവേദന ഉണ്ടാക്കും. ധാരാളം കഴിവുകളുള്ള ഒരാളാണ് ബൊഡെവിഗ്. എങ്കിലും ആളുകളെ സംബന്ധിച്ചും പ്രശ്നങ്ങളെ സംബന്ധിച്ചും അദ്ദേഹത്തിനു വിവരമില്ല."

അടുത്ത പേജുകളിൽ കാലക്രമമനുസരിച്ച് നാം വിവരിക്കുന്ന കാര്യങ്ങൾ തെളിയിക്കുക ഈ വാക്കുകൾ പ്രവചന തുലോം ആയിരുന്നു എന്നാണ്. അനുഭവസമ്പന്നനായ ഒരു വൈദികന്റെ വാക്കുകൾ ജസ്വിറ്റ് പ്രൊവിൻഷ്യലും കപ്പുച്ചിൻ ഡഫ്നിറ്റർ ജനറലും നല്കിയ റിപ്പോർട്ടുകളും പ്രോത്സാഹനജനകമായിരുന്നില്ല.

### 1.2 ബൊഡെവിഗ് തന്റെ 'മിഷനറി സൊസൈറ്റി ഫോർ ഇന്ത്യ' പ്രചരിപ്പിക്കുന്നു

നല്ലൊരു സംഖ്യ യുവതീയുവാക്കളെ തന്റെ കൂടെ കൂട്ടിയശേഷം തന്റെ സൊസൈറ്റിയും അതിന്റെ ലക്ഷ്യങ്ങളും ജർമ്മനിയിൽ ഉടനീളം പ്രചരിപ്പിച്ചു. അദ്ദേഹം ഒരു നല്ല പ്രാസംഗികനായിരുന്നു. സാഹിത്യ പരമായ കഴിവുകളും അദ്ദേഹത്തിനുണ്ടായിരുന്നു. മൂന്ന് ഭൂഖണ്ഡങ്ങ ളിൽ വിശാലമായി യാത്ര ചെയ്തിരുന്നതുകാരണം സമകാലീന സംഭ വങ്ങളെ പ്പറ്റി വേണ്ടത്ര പരിജ്ഞാനം ഉണ്ടായിരുന്നു. ബോണിലും കൊളോണിലും നിറഞ്ഞ സദസ്സുകൾക്കു മുമ്പാകെ ഇന്ത്യൻ മിഷനെ പ്പറ്റി അദ്ദേഹം പ്രസംഗിച്ചു. മാജിക്ക് ലാന്റേണും സ്ലൈഡുകളും ഉപ യോഗിച്ച് ഇന്ത്യ എന്ന അത്ഭുത നാടിനെപ്പറ്റി സംസാരിച്ചു. ശ്രോതാ ക്കൾ വളരെ ഉത്സാഹത്തോടെ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേട്ടു. സാഹിത്യാഭിരുചി ഉണ്ടായിരുന്നതുകൊണ്ട് ഇന്ത്യയെപ്പറ്റിയും ഇന്ത്യൻ മിഷനെപ്പറ്റിയും അദ്ദേഹം ലഘുലേഖകളും പുസ്തകങ്ങളും രചിച്ചു. ഇവയിൽ ശ്രദ്ധേയമായ ഒന്നാണ് 'ഇന്ത്യയും അവിടെ പുറജാതിക്കാ രുടെ ഇടയിലുള്ള മതപ്രചരണവും" എന്ന ഗ്രന്ഥം. താൻ ഇന്ത്യ യ്ക്കായി സ്ഥാപിച്ച മിഷനറി സൊസൈറ്റിയുടെ 'മാനിഫെസ്റ്റോ' (ഉദ്ദേ ശലക്ഷ്യ പ്രഖ്യാപനം) ആയി ഇതിനെ കാണാവുന്നതാണ്. ഇതിന്റെ 250000 പ്രതികൾ വിതരണം ചെയ്തു. ഓരോന്നിനും വില 35 പ്ഫെന്നിങ്ങ്.

ജർമ്മനിയിൽ അങ്ങോളം ഇങ്ങോളം ഈ ഗ്രന്ഥം വിതരണം ചെയ്യപ്പെട്ടു. ഇതു കൂടാതെ കാര്യങ്ങൾ ബഹുജനശ്രദ്ധയിൽപെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കിയിരുന്ന ബൊഡെവിംഗ് ഇന്ത്യയെ സംബന്ധിച്ചും അവിടത്തെ മിഷൻ പ്രവർത്തനം സംബന്ധിച്ചും ഈ മിഷൻ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള തന്റെ ഉദ്ദേശത്തെപ്പറ്റിയും ലേഖനങ്ങൾ എഴുതി അന്നത്തെ സുപ്രധാന പ്രസിദ്ധീകരണങ്ങളിലും കത്തോലിക്കാ വാരികകളിലും പ്രസിദ്ധീകരിച്ചു. ഈ ലേഖനങ്ങൾ കൊളോണിലെയും ജർമ്മനിയിലെ മറ്റു നഗരങ്ങളിലെയും കത്തോലിക്കാ വാരികകളിൽ വന്നു. പ്രസ്ഥാനത്തിന്റെ നല്ല കാലത്ത് ഒരു പ്രസിദ്ധീകരണശാല ആരംഭിച്ചു. തന്റെ മിഷണറി സൊസൈറ്റിയുടെ ഔദ്യോഗിക ജിഹ്വയായി ഒരു വാരിക പ്രസിദ്ധീകരിച്ചു. നിർഭാഗ്യകരമന്നു പറയട്ടെ, ഇതിന്റെ രണ്ട് ലക്കങ്ങളെ വെളിച്ചം കണ്ടുള്ളൂ. തന്റെ മിഷണറി സൊസൈറ്റിയെപ്പറ്റി നിരവധി ലഘുലേഖകൾ ബൊഡെവിഗ് ജർമ്മനിയിൽ ഉടനീളം വിതരണം ചെയ്തു. അദ്ദേഹത്തിന്റെ സഹോദരന്മാരും സിസ്റ്റേഴ്സും പുസ്തകങ്ങൾ വില്ക്കാനും മിഷനെ സംബന്ധിച്ച ലേഖനങ്ങൾ വിതരണം ചെയ്യാനും ജർമ്മനിയിലെങ്ങും യാത്ര ചെയ്തു.

### 1.3 പ്രോപഗാണ്ടയിൽ നിന്ന് പ്രസ്ഥാനത്തെ അഭിനന്ദിച്ചുകൊണ്ടുള്ള കത്ത്

ധാരാളം ആളുകൾ ബൊഡെവിഗ്ഗിന്റെ മിഷനറി പ്രസ്ഥാനത്തിൽ ചേർന്നു. ഇതിന്റെ ബലത്തിൽ 1894-ൽ അദ്ദേഹം റോമിൽ പോയി. പ്രോപഗാണ്ട ഫീദെയെ തന്റെ ഇന്ത്യൻ വേദപ്രചരണസംരംഭത്തെപ്പറ്റി അറിയിക്കുക ആയിരുന്നു ഉദ്ദേശം. കൊളോൺ ആർച്ചുബിഷപ്പിന്റെ ആഫീസിനെ അറിയിക്കാതെയാണ് അദ്ദേഹം ഇതു ചെയ്തത്. പ്രോപഗണ്ടയുടെ പ്രീഫെക്ട് ആയിരുന്ന കാർഡിനൽ മിസെ സ്ലാവൂസ് ലെഡെക്കാസ് കി സസന്തോഷം ഈ മിഷനറി പ്രസ്ഥാനത്തെ സ്വാഗതം ചെയ്തു. ഇന്ത്യയിൽ ഒരു ഹയറാർക്കി സ്ഥാപിച്ചതിനുശേഷമുള്ള കാലമായിരുന്നു അത്. ഇന്ത്യയിലെ മിഷനറി പ്രവർത്തനം പുനരാരംഭിക്കുന്നതിന് ആരു മുന്നോട്ടു വന്നാലും പ്രോപഗാണ്ട അത് സ്വാഗതം ചെയ്യുമായിരുന്നു. ഇതിന് തലേ വർഷം (1893) ഇന്ത്യയിലെ മെത്രാന്മാർക്കു റോം ഒരു നിർദ്ദേശരേഖ നല്കിയിരുന്നു. തദ്ദേശവാസികളായ പുറജാതിക്കാരെ ക്രിസ്തുമതത്തിൽ ചേർക്കുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശമാണ് അതിൽ അടങ്ങിയിരിക്കുന്നത്. ആ സാഹചര്യത്തിൽ ബൊഡേവിഗ്ഗിന്റെ ഇന്ത്യൻ മിഷനറി സൊസൈറ്റിയെ

ഏറെ ഉത്സാഹപൂർവ്വം സന്തോഷപൂർവ്വം കാർഡിനൽ പ്രിഫെക്ട് സ്വാഗതം ചെയ്തു. ബോഡെവിഗ്ഗിന്റെ പ്രവർത്തനത്തെ ശ്ലാഘിച്ചു കൊണ്ട് അദ്ദേഹം ഒരു കത്തു നല്കി. സൊസൈറ്റിയെ ഇന്ത്യയിലെ മെത്രാന്മാർക്കു ശിപാർശ ചെയ്യുന്ന ഒരു കത്തായിരുന്നു അത്. ആ കത്തിൽ തന്നെ ബൊഡെവിഗ്ഗിന്റെ നല്ല ഉദ്ദേശത്തെ പ്രശംസിക്കുകയും ചെയ്തു. പ്രസ്ഥാനം ബൊഡെവിഗ്ഗിന്റെ വ്യക്തിപരമായ സംരംഭമാണെന്നും അതിനു അദ്ദേഹത്തിന്റെ ആർച്ചുബിഷപ്പിന്റെ അനുവാദം ലഭിച്ചിരുന്നില്ല എന്നുമുള്ള വസ്തുത കാർഡിനൽ പ്രിഫെക്റ്റിനു അറിയാമായിരുന്നില്ല. ഈ പ്രശംസാപരമായ കത്ത് ബൊഡെവിഗ്ഗിനും അദ്ദേഹത്തിന്റെ മിഷനറി സൊസൈറ്റിക്കും വലിയ ഒരു തലവേദനയാകുമെന്ന് മുൻകൂട്ടി കാണാൻ കാർഡിനൽ പ്രിഫെക്ടുൾപ്പെടെ ആർക്കും കഴിഞ്ഞില്ല. ജർമ്മനിയിൽ മടങ്ങി എത്തിയപ്പോൾ ജർമ്മൻ കാത്തലിക് കോൺഗ്രസ്സിന്റെ നാല്പത്തൊന്നാമത് പൊതു സമ്മേളനത്തിൽ പ്രസംഗിക്കുവാൻ ബൊഡെവിഗ്ഗിനു ഒരവസരം ലഭിച്ചു. 1894 സെപ്റ്റംബർ 30-ാം തീയതിയാണ് ഈ പ്രസംഗം നടന്നത്. പ്രസംഗത്തിൽ തന്റെ "മിഷനറി സൊസൈറ്റി ഓഫ് ദി ഇമാക്കുലേറ്റ് കോൺസെപ്ഷൻ ഫോർ ദ കൺവേർഷൻ ഓഫ് പേയ്ഗൺ" ഇന്ത്യയെ ജർമ്മൻ കത്തോലിക്കർക്കു പരിചയപ്പെടുത്തി. പ്രോപഗാണ്ട നല്കിയ കത്ത് അഭിമാനപൂർവ്വം അവർക്കു കാണിച്ചുകൊടുത്തു. ബൊഡെവിഗ് പറയുന്നതനുസരിച്ച് അദ്ദേഹത്തിന്റെ സഹോദരങ്ങൾ റോമിന്റെ കത്ത് ഒരു ഔദ്യോഗിക രേഖയാണെന്ന രീതിയിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചു. മിഷനറി സൊസൈറ്റിക്ക് മാർപ്പാപ്പ ഔദ്യോഗിക അംഗീകാരം നല്കിയതായി ഈ കത്ത് വ്യാഖ്യാനിക്കപ്പെട്ടു. ബൊഡെവിഗ്ഗിന്റെ അനുയായികളായ ബ്രദേഴ്സും സിസ്റ്റേഴ്സും തങ്ങളുടെ യാത്രക്കിടയിൽ ഇതു വിതരണം ചെയ്തു. ഇതിന്റെ ഒരു പ്രതി കൊളോണിലെ ആർച്ചു ബിഷപ്പിന്റെ ആഫീസിലും എത്തി. എരിയുന്ന തീയിൽ എണ്ണ ഒഴിക്കുന്ന ഒരു സാഹചര്യം. ബൊഡെവിഗ്ഗിന്റെ ഒറ്റയാൻ നീക്കങ്ങളിൽ കൊളോൺ ആർച്ച്ബിഷപ്പ് പണ്ടുമുതലേ അസന്തുഷ്ടൻ ആയിരുന്നു. ഈ പുതിയ സാഹചര്യം അദ്ദേഹത്തെ വളരെ കുപിതനാക്കി. ഉടൻതന്നെ അദ്ദേഹം പ്രൊപഗാണ്ടയോട് ഒരു വിശദീകരണം ആവശ്യപ്പെട്ടു. തന്റെ മറുപടിയിൽ കാർഡിനൽ ബഡൊക്കോസ്കി പറഞ്ഞു കൊളോൺ ആർച്ചുബിഷപ്പിന്റെ അധികാരപരിധിയിൽ അതിക്രമിച്ചുകടക്കാൻ തനിയ്ക്ക് യാതൊരു ഉദ്ദേശവുമില്ലായിരുന്നു; ബൊഡെവിന്റെ സദുദ്ദേശത്തെ ശ്ലാഘിക്കുവാൻ മാത്രമേ താൻ ഉദ്ദേ

ശിച്ചിരുന്നുള്ളൂ എന്ന്. അനുസരണക്കേടു കാട്ടിയ ബൊഡെവിഗ്ഗ് എന്ന വൈദികനെ ആർച്ചുബിഷപ്പിന് യുക്തമെന്ന് തോന്നുന്ന രീതിയിൽ കൈകാര്യം ചെയ്യാവുന്നതാണ് എന്നും അദ്ദേഹം പറഞ്ഞു.

1895 ആയപ്പോഴേയ്ക്കും ബൊഡെവിഗ്ഗിന്റെ അനൗപചാരിക മിഷനറി സൊസൈറ്റി ധാരാളം യുവജനങ്ങളെ-യുവാക്കളെയും യുവതികളെയും ആകർഷിച്ചിരുന്നു. ഇവർ വന്നത് കൊളോൺ, ബോൺ, മ്യൂണിക്ക് എന്നീ നഗരങ്ങളിൽ നിന്നാണ്. ഈ നഗരങ്ങളിൽ ബ്രദേഴ്സിനും സിസ്റ്റേഴ്സിനും വേറെവേറെ ഭവനങ്ങൾ ഉണ്ടായിരുന്നു. ഈ കാലയളവിൽ ഭാവിയിൽ ഇന്ത്യയിൽ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തയ്യാറായി ഏതാണ്ട് ഇതുപത്തഞ്ച് ബ്രദേഴ്സും നാല്പത്തഞ്ച് സിസ്റ്റേഴ്സും ഉണ്ടായിരുന്നു.

ഞങ്ങൾ നടത്തിയ ഗവേഷണങ്ങളിൽ നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത് അവരെല്ലാം നല്ല ഉദ്ദേശമുള്ളവരും തീക്ഷ്ണതയുള്ളവരും പരിശുദ്ധമായ ഒരാദർശത്തിനുവേണ്ടി-ഇന്ത്യയുടെ സുവിശേഷവത്ക്കരണത്തിനുവേണ്ടി-പ്രവർത്തിക്കാൻ ആഗ്രഹിച്ചിരുന്നവരും ആയിരുന്നു എന്നാണ്. കൊളോണിലെ കാർഡിനൽ ആർച്ചു ബിഷപ്പിന്റെ അനുവാദം ചോദിക്കാൻ ബൊഡെവിഗ്ഗിന് ഉദ്ദേശമില്ലായിരുന്നു. അതിന്റെ ആവശ്യമുണ്ട് എന്ന് അദ്ദേഹത്തിന് തോന്നിയതുമില്ല. തന്റെ മിഷനറി സൊസൈറ്റി ഒരു സ്വകാര്യ സംരംഭം ആണെന്ന് അദ്ദേഹം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ അനുയായികളായ ബ്രദേഴ്സും സിസ്റ്റേഴ്സും പുറലോകത്തിനു കാണപ്പെട്ടതു കാനോനിക നിയമം അനുസരിച്ച് സ്ഥാപിക്കപ്പെട്ട സന്യാസ സമൂഹത്തിലെ അംഗങ്ങളായിട്ടാണ്. ഈ ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും ഭവനങ്ങളിൽ നിലവിലിരുന്നത് യഥാർത്ഥ സന്യാസ ഭവനങ്ങളിലേതുപോലുള്ള ചിട്ടയും ജീവിത ശൈലിയും ആയിരുന്നു. ബ്രദേഴ്സിന്റെ ഭവനത്തിന് ഒരു സുപ്പീര്യർ ഉണ്ടായിരുന്നു. ഇദ്ദേഹത്തെ വിളിച്ചിരുന്നത് 'ഹൗസ് പ്രീഫെക്റ്റ്' എന്നാണ്. അവർക്കു ഒരു നോവീസ് മാസ്റ്ററും ഉണ്ടായിരുന്നു. അതുപോലെ സിസ്റ്റേഴ്സിന്റെ ഭവനത്തിൽ ഒരു മദർ സുപ്പീര്യറും ഒരു നോവിസ് മിസ്ട്രസ്സും ഉണ്ടായിരുന്നു. ബ്രദേഴ്സിന്റെ ഹൗസ് പ്രിഫെക്റ്റ് യഹൂദ മതത്തിൽ നിന്ന് മാനസാന്തരപ്പെട്ട ഹെയ്മൻ ഹെർമൻ മോറിറ്റ്സ് ആയിരുന്നു. ഇതിനകം ഇദ്ദേഹം സന്യാസ സഭയിൽ പൗലുസ് എന്ന പേര് സ്വീകരിച്ചിരുന്നു.

സിസ്റ്റേഴ്സ് വിഭാഗത്തിന്റെ സുപ്പീര്യറസ്സ് ഒരു മറിയ പീറ്റേഴ്സ് ആയിരുന്നു. ഇരുവിഭാഗവും ശാരീരികമായി അദ്ധ്വാനിച്ചാണ് ജീവി

ക്കാനുള്ള വക നേടിയത്. ചിലർ നഴ്സുമാരായിരുന്നു. ചിലർ വൈദ്യ ശുശ്രൂഷാരംഗത്ത് സഹായിച്ചിരുന്നു. അവർ കൊളോണിലെ വിവിധ ആശുപത്രികളിൽ പണിയെടുത്തു. അവർ സന്യസ്തരെ പോലെ സഭാ വസ്ത്രം ധരിക്കുകയും പുതിയ പേരുകൾ സ്വീകരിക്കുകയും ചെയ്തു. അവർ സ്വയം കുമ്പസാരം കേൾക്കുന്ന വൈദികനെ തെരഞ്ഞെടുത്തു. എപ്പോൾ വിശുദ്ധ കുർബാന സ്വീകരിക്കാമെന്നും അവർതന്നെ തീരുമാനിച്ചു. അവരുടെ പ്രധാനപ്പെട്ട ജോലികളിൽ ഒന്ന് ഇന്ത്യയെപ്പറ്റി ബൊഡെവിഗ്ഗ് എഴുതിയ ലേഖനങ്ങളും മറ്റും അച്ചടിച്ചു വില്ക്കുകയായിരുന്നു ഈ പ്രവർത്തനത്തിലൂടെ ലഭിച്ച ആദായത്തിന്റെ ഒരംശം ഭാവിയിൽ ഇവർ ഇന്ത്യയിൽ നടത്താൻ പോകുന്ന പ്രവർത്തനങ്ങൾക്കായി കൊളോണിലെ ഒരു ബാങ്കിൽ നിക്ഷേപിച്ചു.

1895-ൽ കൊളോണിൽ ബൊഡെവിഗ്ഗിന് ഒപ്പം ഉണ്ടായിരുന്ന ചില സഹോദരന്മാരുടെ പേരുവിവരം താഴെ കൊടുക്കുന്നു. ഇവരിൽ ചിലരെപ്പറ്റി ഇനിയും കൂടെക്കൂടെ പരാമർശിക്കേണ്ടിവരും.

| | പേര് | പ്രായം | ജന്മസ്ഥലം |
|---|---|---|---|
| 1. | പൗലുസ് മോറിറ്റ്സ് | 23 | കോണിൾസ്ബർഗ്ഗ് ഈസ്റ്റ് പ്രഷ്യ |
| 2. | പീറ്റർ മേമിഷൈം | 31 | റൈൻ ബാങ്ക് |
| 3. | നിക്കോളസ് ഹോൺ | 35 | ബോൺ |
| 4. | വിൽഹെ ഗെഹ്റമൻ | 22 | എസ്സർമഹ്റ |
| 5. | കാൾ ഡ്രെയർ | 32 | ഡോർസ്റ്റൻ വെസ്റ്റ്ഫാലിയ |
| 6. | ഫ്രാൻസ് ജോഹാണ്ഡ് ഗോട്ട്ലർ | 24 | മോചിക് മ്യൂണിക്ക് |
| 7. | ജോഹൻ ആട്ടൽവാൾ | 22 | എസ്സൻ ദഹ്റ |
| 8. | പ്രൊസ്റ്റക്ക് ഗോഹെ | 22 | ഹാൾമാർക്ക് സ്യൂട്ടഷ് |
| 9. | ബ്രൂണോ ബ്രെൻഡൽ | 21 | എൻഷൈം |
| 10. | മൈക്കൾ പോൾ ബോൻടാഗ് | 19 | കാത്/സിലീഷ്യ |
| 11. | റാഫയൽ പീറ്റർ സിമ്മർമാൻ | 30 | ഓബൽകയ്ൽ |
| 12. | അന്തോണിയസ് പീറ്റർ മള്ളർ | 25 | ടോയ്സ് ഡോർഫ് |

## 1.4 ബൊഡെവിഗ് ഇന്ത്യയിലെ മെത്രാന്മാരുമായി സമ്പർക്കത്തിൽ ഏർപ്പെടുന്നു

തന്റെ മിഷനറി മൂവ്മെന്റ് ഫോർ ഇന്ത്യയുടെ തുടക്കം തൊട്ടേ ബൊഡെവിഗ് ഇന്ത്യയിലെ മിഷണറിമെത്രാന്മാരുമായി സമ്പർക്കം പുലർത്തിയിരുന്നു. യഥാകാലം തന്റെ സംഘത്തെ അവരുടെ രൂപത

കളിൽ പ്രവർത്തിപ്പിക്കുന്നതിനു അവരുടെ സഹകരണം തേടുകയായിരുന്നു ലക്ഷ്യം. ഇന്ത്യയിലെ മിഷനറി രൂപതകളിൽ അദ്ദേഹത്തിന് ഏറ്റം കൂടുതൽ താത്പര്യം അലഹബാദും ലാഹോറും ആയിരുന്നു. അവിടെ മെത്രാന്മാർ കപ്പൂച്ചിൻ സഭാംഗങ്ങൾ, പ്രെഷി, ഗോഡ്ഫ്രിഡ്, പെൽക്മാൻസ്, ഇവരായിരുന്നു. യഥാക്രമം ഹിന്ദുക്കളുടെ വിശുദ്ധ നഗരമായ ബനാറസ് അലഹബാദ് രൂപതയുടെ അതിർത്തികൾക്കുള്ളിലായിരുന്നു. അലഹബാദിനോടു താത്പര്യം ഉണ്ടാകാൻ കാരണം അതായിരുന്നു. കൂടാതെ ബൊഡെവിഗ് ഡാക്കായുടെ ഹോളിക്രോസ് ബിഷപ് പീറ്റർ ജോസഫ് ഹർത്ത്മായും സമ്പർക്കം സ്ഥാപിച്ചിരുന്നു. ഈസ്റ്റ് ബംഗാളിലെ ഡാക്കാ ഇവിടെ ബിഷപ്പിന് വളരെ കഷ്ടത അനുഭവിച്ചിരുന്നു. രൂപതയിൽ പ്രവർത്തിക്കാൻ മിഷനറിമാരെ ആവശ്യമുണ്ടായിരുന്നു. സാമ്പത്തിക സഹായവും ആവശ്യമായിരുന്നു. ബിഷപ്പ് പീറ്റർ ജോസഫ് ഹർത്തും ബിഷപ് ഗോഡ്ഫ്രിസ് പെൽക്മാൻസും തങ്ങളുടെ യൂറോപ്പ് സന്ദർശനവേളയിൽ യഥാക്രമം 1894, 1895 വർഷങ്ങളിൽ ബോഡെവിഗുമായി സമ്പർക്കം ഉണ്ടാക്കിയിരുന്നു. തന്റെ സൊസൈറ്റിയിൽ നിന്നും ആദ്യമായി ഒരു സംഘത്തെ അയയ്ക്കുക ഈ രൂപതകളിലേക്കായിരിക്കും എന്ന് ബൊഡെവിഗ് അവർക്ക് ഉറപ്പു കൊടുത്തിരുന്നു.

## 1.5 ബൊഡെവിഗ്ഗിന്റെ ഭവനങ്ങളിൽ കാനോനിക സന്ദർശനം നടത്താൻ ഉത്തരവ്

ബൊഡെവിഗ്ഗിന്റെ സ്വാതന്ത്ര്യവും അധികാരികളെ ധിക്കരിക്കുന്ന രീതികളിലുള്ളതും ആയ പ്രവർത്തനം കണ്ട് സംഭീതനായ ആർച്ച്ബിഷപ്പ് ഫിലിപ് ക്രെമെന്റ്സ് ബൊഡെവിഗ്ഗിന്റെ ഭവനങ്ങളിൽ ഒരു കാനോനിക സന്ദർശനം നടത്താൻ ഉത്തരവിട്ടു. ബൊഡെവിഗ്ഗിനോട് നേരത്തെതന്നെ അപ്രീതി തോന്നിയിരുന്നു. ആർച്ചു ഡയോസിസിന്റെ ആഫീസിൽ ജോലി ചെയ്തിരുന്ന തിയോ ലിൻഡൻ, ആഫീസിലെ സെക്രട്ടറി ഡാക്ടർ സ്റ്റെഫൻസ് എന്നിവരെ വിസിറ്റേഷൻ നടത്താൻ അധികാരപ്പെടുത്തി തന്റെ ബിഷപ്പിന്റെ അനുവാദം കൂടാതെ സ്ഥാപിച്ചതാണ് മിഷനറി സൊസൈറ്റി. ഇതു സംബന്ധിച്ച വിവരങ്ങൾ നല്കാൻ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും. ഇതു ബൊണ്ടവിഗ്ഗ് അവഗണിച്ചു. ഈ സാഹചര്യത്തിലാണ് കാനോനിക വിസിറ്റേഷൻ നടത്താൻ നിർബന്ധിതമായത്. വിസിറ്റേഷൻ നടത്തിയത് ഇപ്രകാരമായിരുന്നു. 1895 മേയ് 24-ാം തീയതി മെക്മ്മിൽസിസ് 17-ലെ സിസ്റ്റേഴ്സിന്റെ ഭവനം; 1895 ജൂലൈ 17-ാം തീയതി ബോണിലെ വിൽമെസ്റ്ററിലുള്ള സിസ്റ്റേ

ഴ്സിന്റെ ഭവനം; അവസാനമായി അതേ മാസം 23-ാം തീയതി കൊളോണിൽ മെക്ഡിൽ ഡിസ്ട്രിക്റ്റ് 23-ലുള്ള ബ്രദേഴ്സിന്റെ ഭവനം. കൊളോണിലെ സിസ്റ്റേഴ്സിന്റെ ഭവനത്തിൽ സന്ദർശനം നടത്തുന്നതിനിടെ മദർ സുപ്പീര്യറും പോർട്ടർ സിസ്റ്ററും അവർ ഭവനത്തിൽ പ്രവേശിക്കുന്നത് തടഞ്ഞു. ഇത് സന്ദർശനത്തിനെത്തിയവരെ സംഭീതരാക്കി. ഇത് ഒരു സ്വകാര്യ ഭവനമാണ് അതിരൂപതാധികാരികൾക്ക് ഇതു സന്ദർശിച്ച് അന്തേവാസികളുടെ സ്വകാര്യതയ്ക്കു ഹാനി ഉണ്ടാക്കാൻ നിയമാനുസൃതമായ അവകാശമില്ല എന്നും ആയിരുന്നു മഠാധിപയുടെ നിലപാട്. അവർ ഇപ്രകാരം ചെയ്തത് ബൊഡെവിഗ്ഗ് നിർദ്ദേശിച്ചതുകൊണ്ടായിരുന്നു, അദ്ദേഹമാകട്ടെ ആസമയം ആ സ്ഥലത്തുനിന്നു മാറിക്കളഞ്ഞു. ഓരോ ഭവനത്തിലെയും അംഗങ്ങളെ എല്ലാം ഒരുമിച്ചാണ് കമ്മീഷൻ കണ്ടു സംസാരിച്ചത്. ബ്രദേഴ്സിന്റെ പ്രിഫെക്റ്റ്, സിസ്റ്റേഴ്സിന്റെ സുപ്പീര്യർ ഇവരെ മാത്രമേ ഒറ്റയ്ക്ക് കണ്ടുള്ളൂ. തുടക്കത്തിൽ കമ്മീഷന്റെ പ്രവർത്തനവുമായി സഹകരിക്കാൻ മദർ സുപ്പീര്യർ വിസമ്മതിച്ചു.

കമ്മീഷൻ കാർഡിനൽ ആർച്ചുബിഷപ്പിന് നല്കിയ റിപ്പോർട്ടു ബൊഡെവിഗ്ഗിനും അദ്ദേഹത്തിന്റെ സംഘടനയ്ക്കും തികച്ചും പ്രതികൂലവും ദോഷകരവുമായിരുന്നു. കമ്മീഷന്റെ റിപ്പോർട്ടിലെ ചില വിവരങ്ങൾ ഇതാണ്, റിപ്പോർട്ടു തുടങ്ങുന്നതും ബൊഡെവിഗ്ഗിന്റെ അനധികൃത മിഷനറി സൊസൈറ്റി ഫോർ ഇന്ത്യയുടെ ചരിത്രം അനുസ്മരിച്ചുകൊണ്ടാണ്. ബോണിലെ വി. ജോൺ ബാപ്റ്റിസ്റ്റ് ആൻഡ് പീറ്റർ ദൈവാലയത്തിൽ മൂന്നാം അസിസ്റ്റന്റായി ബൊഡെവിഗ്ഗ് പ്രവർത്തിച്ച കാലം തൊട്ടേയുള്ള ചരിത്രം മുൻ സുപ്പീര്യർ ബോണിലെ ഫാ. പൗലുസ് എം. ബോഡെവിഗ്ഗിനും എതിരെ സമർപ്പിച്ച റിപ്പോർട്ടും ഉദ്ധരിക്കുന്നു. തന്റെ മിഷനറി സൊസൈറ്റി സ്ഥാപിക്കുന്നതിൽ തദ്ദേശമെത്രാന്റെ നിയമാനുസൃതമായ അധികാരത്തെ മറികടക്കാൻ എല്ലാ അവസരവും ബൊഡേവിഗ്ഗ് പ്രയോജനപ്പെടുത്തി എന്ന് കുറ്റപ്പെടുത്തുന്നു. അനുസരണയില്ലാത്ത, ധിക്കാരിയായ ഒരു വൈദികനായാണ് ബൊഡെവിഗ്ഗിനെ ചിത്രീകരിച്ചിരിക്കുന്നത്. തന്റെ സൊസൈറ്റി ഒരു സ്വകാര്യ പ്രസ്ഥാനമാണെന്ന് ബൊഡെവിഗ്ഗ് അവകാശപ്പെട്ടെങ്കിലും പൊതുജനങ്ങൾ അതിനെ കണ്ടത് തിരുസഭയുടെ അംഗീകാരമുള്ള ഒരു സംരംഭമായാണ്. റിപ്പോർട്ട് അടിവരയിട്ട് എടുത്തു പറയുന്നു. അതിരൂപതയുടെ അനുവാദം കൂടാതെ സൊസൈറ്റിക്കുവേണ്ടി സംഭാവന സ്വീകരിച്ചു എന്നതാണ് ബൊഡേവിഗ്ഗിനെതിരായ ഒരു ആരോപണം. അങ്ങനെ

കത്തോലിക്കാ വിശ്വാസികളുടെ വിശാല ഹൃദയത്തെ ചൂഷണം ചെയ്തു. അവസാനമായി ബൊഡെവിഗ്ഗിനെതിരായി ഉന്നയിക്കുന്ന ആരോപണം ആർച്ചു ഡയോസിസിന്റെ 'ഇംപ്രിമാത്തൂർ' (ഔദ്യോഗിക ഔപചാരിക അനുവാദം) കൂടാതെ തന്റെ 'ഇൻഡ്യ ആൻഡ് ഇറ്റ്സ് പെയ്ഗൺ മിഷൻസ്' എന്ന പുസ്തകം അച്ചടിപ്പിച്ച് പ്രചരിപ്പിച്ചു എന്നതാണ്.

കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ച ഉടൻ സമയം പാഴാക്കാതെ കാർഡിനൽ ആർച്ചുബിഷപ്പ് വഴിതെറ്റി നടക്കുന്ന തന്റെ വൈദികനെതിരായി ശിക്ഷണ നടപടികൾ ആരംഭിച്ചു. തന്റെ വൈദിക ശുശ്രൂഷ നടത്തുന്നതിൽനിന്ന് ബൊഡെവിഗ്ഗിനെ നിരോധിച്ച് ആർച്ച് ഡയോസിസിന്റെ ട്രൈബ്യണൽ മുമ്പാകെ ഹാജരായി തനിക്കെതിരായി ചുമത്തിയിട്ടുള്ള കുറ്റങ്ങൾക്ക് മറുപടി പറഞ്ഞിട്ടേ വൈദിക കർമ്മങ്ങൾ നടത്താവൂ എന്നായിരുന്നു ഉത്തരവ്. ഈ വിവരം അദ്ദേഹത്തെ ഔപചാരികമായി ഉടനെ തന്നെ അറിയിക്കുകയും ചെയ്തു. അതുപോലെ തന്നെ കമ്മീഷൻ ഭവനം സന്ദർശിക്കുന്നതിന് തടസ്സം സൃഷ്ടിച്ച സിസ്റ്റർ സുപ്പീര്യറിനും പോർട്ടർ സിസ്റ്ററിനും കൂദാശകൾ സ്വീകരിക്കുന്നതിന് വിലക്കു കല്പിച്ചു. ട്രൈബ്യൂണൽ മുമ്പാകെ ഹാജരായി കുറ്റം ഏറ്റു പറഞ്ഞ പ്രാദേശിക ബിഷപ്പിനോടും കൊളോണിയന്റെ ആർച്ചുബിഷപ്പിനോടും അനുസരണം വാഗ്ദാനം ചെയ്തിട്ടേ കൂദാശകൾ സ്വീകരിക്കാൻ പാടുള്ളൂ. ബൊഡെവിഗ്ഗിനെയും രണ്ട് സിസ്റ്റേഴ്സിനെയും സസ്പെന്റ് ചെയ്തു കൊണ്ടുള്ള ഉത്തരവാണ് താഴെ കൊടുത്തിരിക്കുന്നത്.

"ഫാദർ ബൊഡെവിഗ്ഗിനും സിസ്റ്റേഴ്സ് മരിയ പീറ്റേഴ്സിനും കത്രീന ഹോഫ്സ്റ്റസ്റ്റും രൂക്ഷമായ അനാദരവ് (അനുസരണക്കേട്) എന്ന കുറ്റം ചെയ്തതായി കണ്ടെത്തിയിരിക്കുന്നു. കൊളോണൽ അതിരൂപതയിലെ വൈദികനായ ബൊഡെവിഗ്ഗിനെ കൊളോൺ ആർച്ച് ഡയോസിസിന്റെ അധികാരത്തിന് വിധേയനാകുംവരെ സസ്പെന്റ് ചെയ്തിരിക്കുന്ന വിധേയനായോ എന്ന് തീരുമാനിക്കുന്നത് ഞങ്ങളായിരിക്കും. സിസ്റ്റേഴ്സ് മറിയ പീറ്റേഴ്സിനെയും കാത്തറീന ഹോഫിസ്റ്റെസ്റ്റിനെയും അവർ മെത്രാന്റെ ഉത്തരവുകൾ അനുസരിക്കുന്നതുവരെ ഔദ്യോഗിക കൂദാശകൾ സ്വീകരിക്കുന്നത് വിലക്കിയിരിക്കുന്നു."

ബൊഡെവിഗ്ഗിന് സംഭവം മറവിയുടെ തിരശ്ശീലയ്ക്കു പിന്നിലാക്കുകയാകും നല്ലത്. ജർമ്മനിയുടെയും ഇന്ത്യയുടെയും മിഷൻ ചരിത്രത്തിലെ ഒരു വേദനിപ്പിക്കുന്ന സംഭവമായിരുന്നു അത്. ഞങ്ങളുടെ ഗവേഷണ വിഷയം ഈ സംഭവവുമായി കെട്ടുപിണഞ്ഞു കിടക്കുന്ന

തുകൊണ്ട് ഇതിനെ പരാമർശിക്കാതിരിക്കാൻ കഴിയുമായിരുന്നില്ല. ഞങ്ങൾ പരിഗണിക്കുന്ന വിഷയം വിശദമാക്കാൻ ആവശ്യമായിവരുന്ന അളവിൽ മാത്രമേ ഈ സംഭവത്തിന്റെ സുപ്രധാന വിവരങ്ങൾ പരാമർശിക്കുകയുള്ളൂ.

ബൊഡെവിഗ്ഗിന്റെ തന്നിഷ്ട പ്രകാരമുള്ള പ്രവർത്തികൾ തന്റെ നിയമാനുസൃതമായ അധികാരത്തോടുള്ള ഒരു വെല്ലുവിളിയായി കൊളോണിന്റെ കാർഡിനൽ ആർച്ചുബിഷപ്പ് കണ്ടു. വഴി തെറ്റിപ്പോകുന്ന തന്റെ വൈദികനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ അദ്ദേഹം മടിച്ചില്ല. കൊളോൺ ആർച്ചുബിഷപ്പ് ഫിലിപ്പ് ക്രെമെൻസ് ഇന്ത്യയിൽ പ്രവർത്തിച്ചിരുന്ന ഒരു മിഷനറി സൊസൈറ്റി സ്ഥാപിക്കുന്നതിനെതിരായി ഇരിക്കുന്നു എന്ന് കരുതാൻ തെളിവൊന്നുമില്ല. ബൊഡ്‌വിഗ്ഗും വേറെ ചിലരും അഭിപ്രായപ്പെട്ടത് അദ്ദേഹത്തിന് ജർമ്മനിയുടെ ആഫ്രിക്കൻ കോളനികളിൽ ആയിരുന്നു താത്പര്യം എന്നാണ്. ഞങ്ങൾ നടത്തിയ ഗവേഷണത്തിൽ നിന്ന് മനസ്സിലാകുന്നത്, ബൊഡെവിഗ് കാർഡിനൽ ആർച്ച്ബിഷപ്പിനെ സന്ദർശിച്ച് നേരിട്ട് അനുവാദം ചോദിച്ചിരുന്നുവെങ്കിൽ ഇന്ത്യൻ മിഷനറി സ്ഥാപിക്കുന്നതിന് ഒരു തടസ്സവും ഉണ്ടാകുമായിരുന്നില്ല എന്നാണ്.

തത്ക്കാലം നമുക്ക് പ്രേഷിതരംഗത്തെ നിർഭാഗ്യവാനായ ഈ ബൊഡെവിഗ്ഗിനെ വിട്ടിട്ട് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലുണ്ടായ ഒരു പ്രധാനപ്പെട്ട സംഭവത്തിലേക്കു ശ്രദ്ധ തിരിക്കാം. ആ സമയം 1886-ൽ ബൊഡെവിഗ്ഗ് തന്റെ ജസ്വീറ്റ് ദൈവവിളിയുമായി ന്യൂയോർക്കിൽ സംഘർഷത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു.

ആ വർഷം പദ്രോവാദ-പ്രോപഗണ്ട സംഘർഷം അന്തിമമായി അവസാനിപ്പിക്കാൻ ലിയോ 13 മാർപ്പാപ്പ തീരുമാനിച്ചു. വിഭാഗീയതയും ആന്തരികസംഘട്ടനവും കാരണം അവഗണിക്കപ്പെട്ടു കിടന്ന ഇന്ത്യൻ ദൗത്യം പുനഃസംഘടിപ്പിക്കാൻ മാർപ്പാപ്പ ആഗ്രഹിച്ചു.

### 2.1 ഇന്ത്യ ഹയറാർക്കിയുടെ സ്ഥാപനം

ചരിത്രപ്രാധാന്യമുള്ള ഈ സംഭവത്തെപ്പറ്റി എഴുതാൻ ഏതാനും പുറങ്ങൾ മാറ്റിവയ്ക്കാം. നാം ഒരു മിഷനറി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചരിത്രമാണ് എഴുതുന്നത്. ഈ ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചിരുന്നത് ഒരു അൽമായ സംഘടന ആയിട്ടായിരുന്നെങ്കിലും പദ്രോവാദയുടേയും പ്രോപഗണ്ടയുടെയും രൂപതകളിൽ പ്രവർത്തിച്ചിരുന്ന അവർക്ക് ഇരുവിഭാഗങ്ങളും കൂടുതൽ അടുക്കുന്നതിനും അനരഞ്ജനത്തിലാകുന്ന

തിനും സഹായിക്കാൻ കഴിയുമായിരുന്നു. അജ്ഞാനികളുടെ, പുറജാതിക്കാരുടെ ഇടയിലുള്ള അവരുടെ പ്രവർത്തനമാണ് ഇതിന് അവരെ സജ്ജരാക്കിയത്.

1886 സെപ്റ്റംബർ 1-ാം തീയതി ലിയോ 13-ാമൻ മാർപ്പാപ്പ തന്റെ പുതുയുഗം സൃഷ്ടിക്കുന്ന 'ഹ്യൂമാനെ സലൂത്തിസ് ഔക് തോർ' എന്ന ചാക്രിക ലേഖനം പ്രസിദ്ധീകരിച്ചു. ഇതിന്റെ മുഖ്യലക്ഷ്യം ഇന്ത്യൻ മിഷനറികളുടെ പുനഃസംവിധാനവും പാദ്രോവാദയുടെ അധികാരെ പരിമിതിപ്പെടുത്തുകയും ആയിരുന്നു. തന്റെ പ്രേഷിത വിഭാഗത്തിനു കൂടെക്കൂടെ സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയണം. അതായത്, പ്രോപഗാണ്ടക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യം ലഭിക്കും. സുവിശേഷവത്ക്കരണത്തെ ഇത് ത്വരിതപ്പെടുത്തും. പ്രധാനമായും ഇതിനാണ് ഒരു ഇന്ത്യൻ ഹയറാർക്കിയെ (മെത്രാന്മാരുടെ ശ്രേണിയെ) ഉണ്ടാക്കിയത്.

റോം സാവധാനമേ പ്രവർത്തിക്കുകയുള്ളൂ. പക്ഷേ അവസാനം ശക്തമായ തീരുമാനങ്ങളെടുക്കും പ്രവർത്തിക്കും എന്ന് പറയാറുണ്ട്. 1857-ലെ കോൺകോർസാറ്റ് പ്രകാരം പ്രവർത്തിക്കാൻ പോർട്ടുഗല്ലിന് കഴിവില്ലാതെ വന്നു. അല്ലെങ്കിൽ ആ ചുമതല നിറവേറ്റാതെ ഒഴിഞ്ഞു മാറി. ഈ കോൺകോർദാത്ത് പ്രകാരം നാം ഏകപക്ഷീയമായി 'മുൾത്താ പ്രെക്ലാറേ' എന്ന അപ്പസ്തോലിക് ബ്രീഫ് റദ്ദാക്കി. അതുപോലെ തന്നെ ഏറെ പ്രതിഷേധമുണ്ടാക്കിയ 'സാൾസെറ്റ് ഡിക്രികളും' 1857-ലെ കോൺകോർഡാറ്റ് പ്രകാരം ഗോവയുടെ ആർച്ചുബിഷപ്പിനും ഇന്ത്യയിലെ വികാരിയേറ്റുകളുടെ മേൽ ആറുവർഷക്കാലത്തേക്കു ഏതാനും പ്രത്യേക അധികാരങ്ങൾ നല്കിയിരുന്നു. തന്റെ അതിരൂപതയ്ക്കു മേലുള്ള അധികാരം കൂടാതെ ഈ അധികാരവും കൊടുത്തു. 1860-നും 1880-നും ഇടയ്ക്ക് ഇന്ത്യൻ മിഷനറികളിൽ ചില പുനഃസംവിധാനങ്ങൾ റോം വരുത്തി. നിലവിലുള്ള വികാരിയേറ്റുകളുടെ അതിരുകൾ നിശ്ചയിക്കുകയും ചെയ്തു.

1864-ൽ കൽക്കട്ടയുടെ വികാർ അപ്പസ്തോലിറ്റിനെ ആർച്ചുബിഷപ്പാക്കി. കൽക്കട്ട ബ്രിട്ടീഷ് കൊളോണിയൽ ഇന്ത്യയുടെ അന്നത്തെ തലസ്ഥാനം കൽക്കട്ട ആയിരുന്നതുകൊണ്ടാണ് ഇപ്രകാരം ചെയ്തത്. 1868 പരിശുദ്ധ സിംഹാസനം വികാരിയേറ്റ് അപ്പസ്തോലിക് ഓഫ് ട്രബൈറ്റ് ഹിന്ദു സ്ഥാനം അതിന്റെ അതിർത്തിയിലുള്ള മറ്റു വികാരിയേറ്റുകളും തമ്മിലുള്ള അതിർത്തികൾ തിട്ടപ്പെടുത്തി. 1870-ൽ സ്വതന്ത്രവികാരിയേറ്റ് അപ്പസ്തോലിക്ക് ഓഫ് കൽക്കട്ട സ്ഥാപിച്ചു.

1880-ൽ പഞ്ചാബ് സ്വതന്ത്ര വികാരിയേറ്റും സ്ഥാപിച്ചു. വത്തിക്കാനും പോർച്ചുഗലും തമ്മിൽ ഒരു പുതിയ കോൺകേൾഡാത്ത് (ഉടമ്പടി) സംബന്ധിച്ച ചർച്ചകൾ 1884-ൽ ആരംഭിച്ചു. ഗോവ ആർച്ചുബിഷപ്പിനും പ്രോപഗാണ്ട വികാരികളിന്മേൽ 1857-ൽ കോൺകേൾഡാത്ത് പ്രകാരം ഉണ്ടായിരുന്ന അവകാശങ്ങൾ എടുത്തുകളയുകയായിരുന്നു പുതിയ കോൺകേൾഡാത്തിന്റെ പ്രധാന ഉദ്ദേശം. 1880 ജൂൺ 23-ാം തീയതി ചർച്ചകൾ സമാപിച്ചു. ആ യുഗം സൃഷ്ടിച്ചുകൊണ്ടുള്ള ചാക്രിക ലേഖനം ഹുമാനേ സലൂത്തിസ് ഔക്തോർ 1886 സെപ്റ്റംബർ 1-ാം തീയതി പ്രസിദ്ധീകരിച്ചു. 7 മെട്രോ പോളിറ്റർ രൂപതകളിലായി ഒരു ഇന്ത്യൻ രൂപതാദ്ധ്യക്ഷന്മാരുടെ, മെത്രാന്മാരുടെ ശ്രേണി സ്ഥാപിക്കുകയും പദ്രോവാഗോ-പ്രോപഗണ്ട വിഭാഗങ്ങൾ തമ്മിൽ സഹോദരൻ സഹോദരനെ കൊല്ലുന്ന രീതിയിലുള്ള സംഘട്ടനങ്ങൾ ഒഴിവാക്കുകയും ആയിരുന്നു ചാക്രികലേഖനത്തിന്റെ ഉദ്ദേശം.

നമ്മുടെ പഠനവിഷയവുമായി അടുത്ത ബന്ധമുള്ള കോൺകോർഡാത്തിലെ ഉപാധികളിൽ ചിലത് താഴെ കൊടുക്കുന്നു.

1. ഗോവ ആർച്ചുബിഷപ്പിനെ പേട്രിയാർക്ക് ഓഫ് ദി ഈസ്റ്റ് ഇൻഡീസ് എന്ന ഓണററി ടൈറ്റിൽ കൊടുത്തിരിക്കുന്നു.
2. പോർച്ചുഗലിന്റെ രാജാവിനെ പദ്രോവാദോ രൂപതകൾക്ക് മാത്രമല്ല ബോംബെ, മാംഗല്ലൂർ, കൊല്ലം, മധുര-തൃശ്നാപ്പള്ളി എന്നീ അപ്പസ്തോലിക്ക് വികാരിയേറ്റുകളിലും മെത്രാന്മാരെ നിർദ്ദേശിക്കാൻ അവകാശമുണ്ടായിരിക്കും.
3. ഗോവ, കൊച്ചി, മൈലാപ്പൂർ ഇവ ആയിരിക്കും പുതിയ പദ്രോവാദോ രൂപതകൾ. പുരാതന രൂപതയായ കൊടുങ്ങല്ലൂരിന് പദ്രോവാദോയുടെ ഭൂപടത്തിൽ നിന്ന് എടുത്തുമാറ്റി.
4. പദ്രോവാദോയുടെ അധികാരത്തിൻകീഴിൽ ദാമോൺ (ദാമൻ) എന്ന ഒരു പുതിയ രൂപത സൃഷ്ടിച്ചു. രൂപതാദ്ധ്യക്ഷന് 'ആർച്ച് ബിഷപ്പ് ആദ് ഒണോറം ഓഫ് ക്രാംഗനൂർ' എന്ന സ്ഥാനപ്പേരും നല്കി. ഇതിൽ ഡാമൻ, ഡിയൂ, താരപൂർ, ബസൈയ്ൻ, സാൽസെറ്റ്, കരാഞ്ജിയ ചൗട്ട് ഇവയെയും ഉൾപ്പെടുത്തി (അതായത്, ബോംബേ ദ്വീപിനോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്തി) പദ്രോവാദായുടെ കൈവശമിരുന്ന ദേവാലയങ്ങളും കപ്പേളകളും അങ്ങനെതന്നെ തുടർന്നു. പ്രോപഗാണ്ടയുടെ നിയന്ത്രണത്തിലുണ്ടായിരുന്ന ദേവാലയങ്ങൾ പ്രോപഗണ്ടയുടെ കീഴിലും തുടർന്നു.

5. കൊച്ചി രൂപത കൊച്ചിക്കും തിരുവനന്തപുരത്തിനും ചുറ്റുമുള്ള ഒരു ചെറിയ പ്രദേശമായി പരിമിതപ്പെടുത്തി.

6. മൈലാപ്പൂർ രൂപത മദ്രാസ് തൊട്ട് കൽക്കട്ടവരെയുള്ള കടൽത്തീരമായിരുന്നു. ഇത് മൈലാപ്പൂരിനും തഞ്ചാവൂരിനും ചുറ്റുമുള്ള ഒരു ചെറിയ പ്രദേശമായി ചുരുങ്ങി. മധുരയിൽ 14-ഉം കൽക്കട്ടയിലും ഡാക്കയിലുമായി 8-ഉം ദേവാലയങ്ങൾ ഇതിന്റെ അധികാരപരിധിയിൽ വന്നു.

ഈ കോൺകോർദാത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വശങ്ങളിൽ ഒന്ന് തെക്കേ ഇന്ത്യയിലെ സീറോ മലബാർ കത്തോലിക്കർക്കു സ്വന്തമായി ഒരു വികാരിയേറ്റ് അപ്പസ്തോലിക് അനുവദിച്ചു എന്നതാണ്. അങ്ങനെ നൂറ്റാണ്ടുകൾ നീണ്ടു നിന്ന പദ്രോവാദോ മേധാവിത്വം അവസാനിച്ചു.

1887-ൽ തൃശ്ശൂർ, കോട്ടയം എന്നീ വികാരിയേറ്റ് അപ്പസ്തോലിക്കുകൾ രൂപീകരിച്ചു. സീറോ മലബാർ കത്തോലിക്കർക്ക് അവരുടേതായ മെത്രാന്മാരും അധികാരശ്രേണിയും ഉണ്ടാകുന്നതിന്റെ തുടക്കം ഇങ്ങനെ കുറിച്ചു. അങ്ങനെ 1896-ൽ ചങ്ങനാശ്ശേരി, തൃശ്ശൂർ, എറണാകുളം എന്നീ രൂപതകൾ സ്ഥാപിച്ചു. ഒരു സീറോ മലബാർ ഹയറാർക്കി ഉണ്ടാക്കി. മറ്റു സഭാ സംവിധാനത്തിൽ 7 പുതിയ സഭാ പ്രവിശ്യകൾ രൂപീകരിച്ചു. 7 ആർച്ച് ബിഷപ്പുമാർ ഉണ്ടായി. ബാക്കിയുള്ള വികാരിയേറ്റുകൾ എല്ലാംതന്നെ രൂപതകളാക്കി അവയ്ക്കെല്ലാം ബിഷപ്പുമാരും ഉണ്ടായി. പ്രിഫെക്റ്റ്സ് അപ്പസ്തോലിക്കുകളെ സ്ഥാനക്കയറ്റം നൽകി മെത്രാന്മാരാക്കി.

## 2.2 ബോംബെയിലെ സഭാ രംഗത്തു നിന്നും ബിഷപ്പു ലിയോ മെവ്റിനെ തിരിച്ച് വിളിക്കുന്നു

ബോംബെയെ ഒരു അതിരൂപതയാക്കുകയും പൂനയെ അതിന്റെ സാമന്തരൂപതയാക്കുകയും ചെയ്തപ്പോൾ അപ്പോഴത്തെ വികാർ അപ്പസ്തോലിക്ക് ആയിരുന്ന ബിഷപ്പ് ലിയോ മേവ്റിനെ ആർച്ചു ബിഷപ്പായി ഉദ്യോഗക്കയറ്റം നല്കിയില്ല. അദ്ദേഹത്തെ റോമിലേക്ക് മടക്കി വിളിക്കുകയാണ് ഉണ്ടായത്. വലിയ ഒച്ചപ്പാടോ, യാത്ര അയയ്ക്കലോ ഒന്നുമില്ലാതെ അദ്ദേഹം 1886 സെപ്റ്റംബർ 27-ാം തീയതി ബോംബെയിൽനിന്ന് യാത്രയായി. റോമിലെത്തിയപ്പോൾ തന്റെ ഉദ്യോഗം രാജി വയ്ക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. കുറേ നാളത്തെ കാത്തിരിപ്പിനുശേഷം അദ്ദേഹത്തെ ഇന്ത്യൻ മഹാസമുദ്രത്തിലെ ഒരു ദ്വീപായ

മൗറീഷ്യസിന്റെ വികാർ അപ്പസ്തോലിക് ആയി നിയമിച്ചു. പാദ്രോ വാദയെ രൂക്ഷമായി വിമർശിച്ചിരുന്നതുകൊണ്ടാണ് ഇദ്ദേഹത്തെ ബോംബെയിൽ നിന്ന് നീക്കം ചെയ്തതെന്ന് തോന്നുന്നു. പോർച്ചുഗലിന്റെ സമ്മർദ്ദത്തിനു വഴങ്ങി വത്തിക്കാൻ ഇതു ചെയ്തു എന്നു കരുതേണ്ടിയിരിക്കുന്നു. അദ്ദേഹത്തിന് സഹസന്യസ്തരായ ഈശോസഭാംഗങ്ങളുടെ പിന്തുണയുണ്ടായിരുന്നുമില്ല. കാരണം ബോംബെ-പൂന മിഷനിലെ പ്രവർത്തനം സംബന്ധിച്ച് അദ്ദേഹം എപ്പോഴും മറ്റുള്ളവരുടെ അഭിപ്രായത്തോട് വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു.

ബോംബെ, പൂന മിഷൻ പുനഃസംഘടിപ്പിച്ചപ്പോൾ പുതിയതായി ഉണ്ടായ രണ്ട് രൂപതകൾക്ക് മാർഗ്ഗദർശനം നല്കാൻ രണ്ടുപേരെ കണ്ടെത്തേണ്ടി വന്നു. ബോംബെയുടെ ബിഷപ്പായി ജോർജ്ജ് പോർട്ടർ എന്ന ഇംഗ്ലീഷ് ജസ്വിറ്റിനെ തെരഞ്ഞെടുത്തു. പൂനെയുടെ ബിഷപ്പായി തെരഞ്ഞെടുത്തത് ബെർണാർഡ് ബൈഡർ ലിൻഡനെ ആയിരുന്നു. ഇവർ രണ്ടുപേരും ശ്രദ്ധേയമായി ഒരു ഔദ്യോഗിക ജീവിതം നയിച്ചിരുന്നവരാണ്. ഈ പുതിയ ജോലിക്ക് തികച്ചും അനുയോജ്യർ. ഇവർ രണ്ടുപേരെയും നിയമിച്ചുകൊണ്ടുള്ള ഉത്തരവ് യഥാക്രമം 1886 ഡിസംബർ 21, 22 തീയതികളിൽ ഇറക്കി. അലഹബാദ് പ്രൊവിൻഷ്യൽ സിനഡിൽ, ഇന്ത്യാ ഹയറാർക്കിയെ സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായപ്പോൾ ഇരുവരെയും ബിഷപ്പുമാരായി അഭിഷേകം ചെയ്തു. 1887 ഫെബ്രുവരി 27-ാം തീയതി ഡെലഗേറ്റ് അപ്പസ്തോലിക് ആലിഗാർഡിയാണ് അഭിഷേകം നടത്തിയത്.

കോൺകോർഡാത്ത് അനുസരിച്ച് വിവിധ രൂപതകളുടെ അതിരുകൾ നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ച് കഴിഞ്ഞപ്പോൾ ആലുഗാർസിയുടെ ദൗത്യം പൂർത്തീകരിക്കപ്പെട്ടു. തന്റെ സെക്രട്ടറി മോൺ. അജൂറ്റിയെ തന്റെ പിൻഗാമിയാക്കിയിട്ട് അദ്ദേഹം 1887 ഏപ്രിൽ 22-ാം തീയതി റോമിലേക്ക് മടങ്ങി. അതിന്റെ പിറ്റേദിവസം അദ്ദേഹത്തെ ഈസ്റ്റിന്റീസിന്റെ ഡെലഗേറ്റ് അപ്പസ്തോലിക് ആയി നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം വന്നു. 1887 ജൂൺ 17-ാം തീയതി ലിയോ 13-ാമൻ മാർപ്പാപ്പ പോസ്റ്റ് ഇനിസ്യൂം' എന്ന അപ്പസ്തോലിക് ബ്രീഫ് പുറപ്പെടുവിച്ചു. ഇന്ത്യൻ ഹയരാർക്കി സ്ഥാപിക്കുന്നത് സംബന്ധിച്ച് ചെയ്തതിന്റെ എല്ലാം ഒരു സംക്ഷിപ്ത വിവരണം അതിന് നല്കിയിട്ടുണ്ട്. ഹയറാർക്കിക്ക് ഔദ്യോഗിക അംഗീകാരവും ഇതേ രേഖയിൽ തന്നെ നല്കിയിരിക്കുന്നു.

1886-ലെ കോൺകോർഡാറ്റ് അത് ഉദ്ദേശിച്ച ലക്ഷ്യം നേടിയോ? “ഒരു പരിധി വരെ” എന്നായിരിക്കും ഈ ചോദ്യത്തിനുള്ള ഉത്തരം. പാദ്രോവാദായുടെ അധികാരാതിർത്തി പരിമിതിപ്പെടുത്തുകയും ഇന്ത്യയിലെ സഭയ്ക്ക് മിഷനറി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സഹായിക്കുകയും ചെയ്തു. ഈ കോൺകോർദാണ് ഇന്ത്യൻ ഹയറാർക്കി സ്ഥാപിക്കപ്പെടുകയും റോമിന്റെ ഒരു പ്രതിനിധി ഇന്ത്യയിൽ സന്നിഹിതനാകുകയും ചെയ്തപ്പോൾ ഇന്ത്യയിലെ കത്തോലിക്കാസഭയ്ക്ക് കൂടുതൽ ഫലപ്രദമായ കാലഘട്ടം ഉണ്ടാകും എന്നു പ്രതീക്ഷിക്കാൻ കഴിഞ്ഞു. എങ്കിലും 1886-ലെ കോൺകോർദാത്ത് പഴയ വ്യവസ്ഥിതി നിലനിർത്തുകയാണ് ചെയ്തത്. ബോംബെയിൽ ഗ്ലോറിയ ചർച്ച്, സോണപൂരും സാൽവാകാവോയും ഉൾപ്പെടെ കാവേൽ, മാഹിമയെ സെന്റ് മൈക്കിൾസ്, സിയോൻ ഇവ പദ്രോവാദോയുടെ കൈവശം തന്നെ തുടർന്നും സ്ഥിതി ചെയ്തു. സൈദ്ധാന്തികമായി കലഹത്തിനു സ്ഥാനമില്ലായിരുന്നു. പക്ഷേ പ്രായോഗിക തലത്തിൽ അസമാധാനം തുടർന്നും ഇരുവിഭാഗങ്ങളും പരസ്പരം തുടർന്നും ധാരണയില്ലാതെ കഴിഞ്ഞു.

## 2.3 ബെഡെവിഗ് സൊസൈറ്റിയുടെ ആസ്ഥാനം ബൽജിയത്തിലേയ്ക്ക് മാറ്റുന്നു

കൊളോണിലെ സംഭവങ്ങളിലേക്കു നമുക്കു മടങ്ങാം. അവിടെ ബൊഡെവിഗ്ഗിനെ വൈദിക ശുശ്രൂഷകൾ ചെയ്യുന്നതിൽ നിന്നു വിലക്കിയിരിക്കുകയായിരുന്നു. കാർഡിനൽ ആർച്ചുബിഷപ്പ് എടുത്ത ശിക്ഷണ നടപടികൾകൊണ്ട് ബൊഡെവിഗ്ഗിന്റെ പെരുമാറ്റത്തിൽ ഗുണകരമായ എന്തെങ്കിലും മാറ്റമുണ്ടായോ എന്നു നമുക്ക് നോക്കാം. താഴെ കൊടുത്തിരിക്കുന്ന സംഭവവികാസങ്ങൾ വ്യക്തമാക്കുന്നത് ഇത്തരം നടപടികൾ കൊണ്ടു പിന്തിരിപ്പിക്കാവുന്ന ഒരു വ്യക്തി ആയിരുന്നില്ല ബൊഡെവിഗ് എന്നാണ്. അദ്ദേഹം ബൽജിയത്തിൽ വളരെ വിശാലമായ ഒരു വസ്തു വാങ്ങി. ആന്റവേർപ്പിനടുത്ത് ഹോങ്സ്ട്രാറ്റർ, മൈൻഡർഹൗട് എന്ന സ്ഥലത്തായിരുന്നു വസ്തു. അതിന് ‘മേരീസ് ഫീൽഡ്’ എന്ന് നാമകരണം ചെയ്തു. സസ്പെൻഷൻ നല്കിയ ഉടൻ അദ്ദേഹം തന്റെ അനുയായികൾക്കൊപ്പം ഇങ്ങോട്ട് ഒളിച്ചോടി. അങ്ങനെ കൊളോൺ ആർച്ചു ബിഷപ്പിന്റെ അന്ധകാരപരിധിക്കു പുറത്തു കടക്കാമെന്ന് കരുതി. എന്നാൽ കാർഡിനൽ ക്രെമെന്റ്സ്, മെഷെൻ ആർച്ചുബിഷപ്പ് കാർഡിനൽ ജോസഫ് മെർസിയെറിനെ

ബൊഡെവിഗ്ഗിനെ സസ്പെൻഡ് ചെയ്തിരിക്കുന്ന വിവരം ഔദ്യോഗികമായി അറിയിച്ചു.  കാർഡിനൽ മെർസിയോയുടെ അധികാര പരിധിയിലായിരുന്നു ബൊഡെവിഗ്ഗ് വാങ്ങിച്ച 'മേരീസ് ഫീൽഡ്'.

ബൊഡെവിഗ്ഗിന്റെ അനുയായികളിൽ വേറൊരു സംഘം സിസ്റ്റേഴ്സും ബ്രദേഴ്സും ഉൾപ്പെടുന്ന ഒരു സംഘം, മ്യൂണിക്കിലേക്കു പോയി. അവിടെ സെൻട്രൽ റെയിൽവേ സ്റ്റേഷനടുത്ത് സോഫ്യെൻ സ്ട്രീറ്റിലും ബവേറിയൻ തലസ്ഥാനത്തിന്റെ കാൾപ്ലാസ് 35-ലും താമസമാരംഭിച്ചു.

പ്രോപഗാണ്ടയിൽ നിന്നു ലഭിച്ച ശിപാർശ കത്ത്  ദുർവ്യാഖ്യാനം ചെയ്തു. പ്രോപഗാണ്ടയോടും തന്റെ മിഷനറി സൊസൈറ്റി ഇന്ത്യയിൽ ഏതു ബിഷപ്പന്മാർക്കോണം പ്രോപഗണ്ട ശിപാർശ ചെയ്തിരുന്നത് അവരോടും മാത്രമേ തനിക്കു ഉത്തരവാദിത്വമുള്ളൂ. വിശദീകരണം നല്കാൻ ബാദ്ധ്യതയുള്ളൂ എന്ന് തെറ്റിദ്ധരിച്ചും തികച്ചും അപകടകരമായ ഒരു നടപടി അദ്ദേഹം സ്വീകരിച്ചു. ലാഹോർ ബിഷപ്പ് പെൽക്ക്മാൻസിന്റെ അടുത്തേയ്ക്കും ഡാക്കാ ബിഷപ്പ് പീറ്റർ ഹർത്തിന്റെ അടുത്തേയ്ക്കും വേണ്ടത്ര പരിശീലനം ലഭിച്ചിട്ടില്ലാത്തവരും ഒട്ടും അനുയോജ്യരല്ലാത്തവരുമായ തന്റെ മിഷണറി സൊസൈറ്റിയിൽപ്പെട്ട ഒരു സംഘം സിസ്റ്റേഴ്സിനെയും ബ്രദേഴ്സിനെയും അയച്ചു.

**2.4 ബോഡെവിഗ്ഗിന്റെ മിഷനറി സംഘം ഇന്ത്യയ്ക്കു പുറപ്പെടുന്നു**

ഏതാനും അംഗങ്ങളെ ഇന്ത്യയിലേക്കയയ്ക്കാൻ ബൊഡേവിഗ്ഗ് പ്ലാൻ ചെയ്യുന്നു. എന്ന വിവരം കൊളോൺ ആർച്ച് ഡയോസിസിന്റെ ആഫീസ് മാൻകൂർ അറിഞ്ഞു. തന്റെ അനുയായികളിൽഡ ഇരുപത്തിരണ്ടുപേരെ (എട്ടു ബ്രദേഴ്സ്, പതിന്നാല് സിസ്റ്റേഴ്സ്) 1895 ഡിസംബർ 30-ാം തീയതി മ്യൂണിക്കിലെ സോഫിയൻ സഭ 6-ൽ നിന്ന് ആഘോഷപൂർവ്വം യാത്രയാക്കി. ഈ പരിപാടിക്കു അദ്ധ്യക്ഷം വഹിച്ചതു ബൊഡെവിഗ് തന്നെ ആയിരുന്നു. ഈ ചടങ്ങിൽ ഒരു ദൃക്സാക്ഷി നമുക്കു ലഭിച്ചിട്ടുണ്ട്. ഭവനത്തിന്റെ  വിശാലമായ ഹാളുകളിൽ ഒന്നിൽ ഈ ചടങ്ങു കാണാൻ വലിയ ഒരു ജനക്കൂട്ടം ഒത്തുകൂടിയിരുന്നു. സംഘത്തിലെ ഇരുപത്തിരണ്ട് അംഗങ്ങളും ധരിച്ചിരുന്നത് ഇമ്മാക്കുലേറ്റ് കൺവെൻഷൻ സഭയുടെ വെളുത്ത സഭാ വസ്ത്രമായിരുന്നു. (വിശാല ഒരു വെളുത്ത ഉടുപ്പ്, ഒരു നീല സാഷ് (അരപ്പട്ട കൈയിൽ മെഴുകുതിരി കത്തിച്ചു പിടിച്ചുകൊണ്ട് ഒരു വരിയായി നിന്ന  ബൊഡെവിഗ്ഗ് അവർക്കു ഒരു അന്തിമ യാത്രയയപ്പു സന്ദേശം നല്കി.  യഥാർത്ഥ തീക്ഷ്ണതയുള്ള മിഷനറിമാരാകാൻ അദ്ദേഹം അവരെ ഉദ്ബോധി

പ്പിച്ചു. അതായത് അവർ ഇന്ത്യൻ ഗ്രാമങ്ങളിൽപ്പോയി എല്ലാ തദ്ദേശ വാസികളോടും നിത്യരക്ഷയുടെ സദ്വാർത്ത പ്രസംഗിക്കണം. അതിനുശേഷം സംഘത്തിലെ ഓരോ അംഗത്തിനും പാരമ്പര്യമനുസരിച്ച് ഓരോ മിഷൻ കുരിശു സമ്മാനിച്ചു. സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവരും ഒന്നിച്ചു "ഹോളി ഗോഡ് വി. പ്രെയ്സ് ദൈ നെയിം" എന്ന കീർത്തനം ആലപിച്ചു. ഇതുകഴിഞ്ഞു സംഘം ട്രെയിനിൽ ഏഡ്രിയാറ്റ്ക് തുറമുഖമായ ടീസ്റ്റ്ലോക്ക് യാത്രയായി. അക്കാലത്ത് ട്രീസ്റ്റ് ഓസ്ട്രിയയുടെ ഭരണത്തിലായിരുന്നു. പിറ്റേ ദിവസം അതായതു ഇന്ത്യയുടെ അപ്പോസ്തലനായ വി. തോമസ്സിന്റെ തിരുനാൾ ദിവസം അവർ ടീസ്റ്റിൽ എത്തി, മിഷണറി സംഘത്തിന്റെ പ്രിഫെക്റ്റ് (തലവൻ) ബൊഡെവിഗ്ഗിന്റെ മിഷനറി സൊസൈറ്റിയിൽ ചേർന്ന ആദ്യത്തെ മൂന്നുപേരിൽ ഒരുവനായിരുന്നു. അതായത് ഹൂബർട്ട് ലൊഡോവിക്കസ് ഹോഹൻ. ഇദ്ദേഹം തന്റെ പേര് ബ്രദർ നിക്കോളസ് ഹോൻ എന്ന് മാറ്റിയിരുന്നു.

ലോയ്സ് ഓടി യാക്കോയുടെ പാസ്സഞ്ചർ കപ്പലായ 'എയ്പ്രസ്സ് മറിയ തെരേസിയ'യിൽ 1895 ഡിസംബർ 21-ാം തീയതി യാത്രക്കെത്തിയ നാല്പൊത്തമ്പതു യാത്രക്കാരിൽ ഇരുപത്തിരണ്ടുപേർ ബൊഡെവിഗ്ഗിന്റെ മിഷനറി സൊസൈറ്റിയിലെ അംഗങ്ങളായിരുന്നു. പ്രാദേശിക സമയം കൃത്യം 10 മണിക്ക് (ഉച്ചകഴിഞ്ഞ് 4 മണിക്ക്) കപ്പൽ ജപ്പാനിലേക്കു പുറപ്പെട്ടു പോകുന്നവഴി എയ്സൻ തുറമുഖത്തും ബോംബെ തുറമുഖത്തും അടുക്കും.

ഞങ്ങളുടെ ഗവേഷണത്തിലൂടെ ഈ സംഘത്തിലെ പതിനൊന്നുപേരുടെ പേരുവിവരങ്ങൾ ശേഖരിക്കാൻ കഴിഞ്ഞു. ഇവർ മിക്കവാറും ലാഹോർ രൂപതയ്ക്കു പോകാൻ നിയോഗിക്കപ്പെട്ടവരാകണം.

| | **പേര്** (ബ്രദർ/സിസ്റ്റർ) | **രൂപത** | **ജനനത്തീയതി** |
|---|---|---|---|
| 1. | ഗോട്ടലർ ഫ്രാൻസിസ്കസ് | മ്യൂണിക്ക് | 4-4-1870 |
| 2. | ഹോഹൻ നിക്കൊളാസ് | കൊളോൺ | 30-10-1869 |
| 3. | പീറ്റർ സെസ് ആൻഡ്രോയിസ് | കൊളോൺ | 20-10-1864 |
| 4. | നോട്ടർമാൻ ജോഹന്നാസ് | കൊളോൺ | 12-10-1872 |
| 5. | മുഫ് യാക്കോബ് | ലിംബേർഗ് | 26-6-1872 |
| 6. | വെക്കേഴ്സ് റജീന | മൺസ്റ്റർ | 15-7-1867 |
| 7. | കോൺജൂർ ഹെഡ്വിഗ് | മൺസ്റ്റർ | 3-2-1873 |

| | | | |
|---|---|---|---|
| 8. | എംഗൽസ് ഹെഡ്‌വിഗ് | മൺസ്റ്റർ | 27-9-1869 |
| 9. | എസ്റ്റർ മദലേന | മൺസ്റ്റർ | 27-5-1874 |
| 10. | ഷമിറ്റ്സ് ബർണർദീന | മൺസ്റ്റർ | 27-7-1865 |
| 11. | സേർവേ പേത്ര | മൺസ്റ്റർ | 16-5-1869 (61) |

നാം താമസിയാതെ കാണാം. യാതൊരു അനുഭവജ്ഞാനവും പരിശീലനവും ഇല്ലാത്ത കുറേ ചെറുപ്പക്കാരെ വിദൂരമായ ഒരു രാജ്യത്തേയ്ക്ക് അയച്ചത്. ബൊഡെവിഗ്ഗിന്റെ വിവേകരഹിതവും വീണ്ടുവിചാരമില്ലാത്തതുമായ ഒരു പ്രവർത്തിയായിരുന്നു അവർ ഇന്ത്യയിൽ എന്തു ചെയ്യുമെന്നാണ് അദ്ദേഹം പ്രതീക്ഷിച്ചിരുന്നതെന്നറിയാൻ രേഖകളൊന്നും നമുക്ക് ലഭിച്ചിട്ടില്ല.

ബൊഡെവിഗ്ഗിന്റെ മിഷണറി സന്നാഹം ഏഡ്രിയറ്റിക് കടലിൽ ആയിരുന്നപ്പോൾ സംഘം ബോംബെയിലെത്തുന്നതിന് മുമ്പ് ഡാക്ക, ലാഹോർ, എന്നീ രൂപതകളുടെ ചരിത്രപരമായ വികാസത്തിന്റെ ഒരു ഹ്രസ്വ ചിത്രം കാണാം. ബൊഡെവിഗ്ഗ് തന്റെ സഭയിലെ 22 അംഗങ്ങൾ പ്രവർത്തിക്കണമെന്ന് അദ്ദേഹം തീരുമാനിച്ച രണ്ട് രൂപതകൾ.

### 2.5 പഞ്ചാബ്മിഷനും കപ്പൂച്ചൻ സഭയുടെ ബെൽജിയം പ്രോവിൻസും

പഞ്ചാബ് മിഷൻ സംബന്ധിച്ച് ബർജിയൻ കപ്പൂച്ചൻ വൈദികരുടെ കീഴിലായിരുന്ന ലാഹോർ രൂപതയെ സംബന്ധിച്ച് അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള ധാരാളം രേഖകൾ ഉണ്ട്. നമ്മുടെ ജോലിക്ക് ആവശ്യം വേണ്ടതു മാത്രം ഇവയിൽ നിന്ന് തെരഞ്ഞെടുക്കുന്നു.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വടക്കുപടിഞ്ഞാറേ കോണിലാണ് ഈ സ്ഥലം. പഞ്ചാബ് എന്ന് അറിയപ്പെടുന്ന ഈ പ്രദേശം മഹാനായ അലക്സാണ്ടറുടെ ആക്രമണം തൊട്ട് വളരെയേറെ പ്രാധാന്യമുള്ള ഒരു സ്ഥലമായിരുന്നു. ഈ പേര് അഞ്ച് എന്ന് അർത്ഥമുള്ള 'പുംജ്' വെള്ളം എന്ന് അർത്ഥമുള്ള 'ആബ്' എന്നീ പേർഷ്യൻ പദങ്ങളിൽ നിന്നാണ് ഇതിനു ഈ പേര് ലഭിച്ചത്. ഈ പ്രദേശത്തുകൂടി 5 നദികൾ ഒഴുകുന്നതുകൊണ്ടാണ്. അതായത് ഝലം, ചെനാബ്, രവി, ബേയസ്, സട്‌ലജ് എന്നീ നദികൾ ഇവയെല്ലാം ഒന്നിച്ച് ശക്തിയേറിയ സിന്ധുനദിയായി തീരുന്നു. ഇന്ത്യൻ സംസ്കാരത്തിന്റെ പിള്ളത്തൊട്ടിലാണ് പഞ്ചാബ് എന്ന് പറയപ്പെടുന്നു. കാരണം സിന്ധൂനദീതീരത്താണ് 'ഇൻഡസ് വാലീ സിവിലൈസേഷൻ' വളർന്നു പന്തലിച്ചത്. നിരവധി കുടിയേറ്റക്കാരും ആക്രമണം നടത്തിയ സൈന്യങ്ങളും പഞ്ചാബിൽ കൂടി

കടന്നുപോയി. വ്യത്യസ്ത രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു ഇവർ. ആര്യന്മാരും സിത്തിയൻസും മഹാനായ അലക്സാണ്ടറുടെ കീഴിൽ ഗ്രീക്കു സൈന്യവും ഒന്നിനുപിറകെ ഒന്നായി വന്ന നിരവധി മൊഹമ്മദൻ ആക്രമണങ്ങളും പഞ്ചാബിലൂടെയാണ് വിശാലമായ ഇന്ത്യൻ ഉപദ്വീപിലെത്തിയത്.

1846-ലെ 1-ാം സിക്ക് യുദ്ധത്തിൽ ബ്രിട്ടീഷുകാർ സിക്കുകാരെ പരാജയപ്പെടുത്തി. ഇന്ത്യൻ ഉപഭൂഖണ്ഡം മുഴുവൻ തങ്ങളുടെ നിയന്ത്രണത്തിലാക്കുന്നതിന് ബ്രിട്ടീഷുകാർക്ക് അവസാനം കീഴടക്കേണ്ടി വന്നത്. ഈ പ്രവിശ്യയാണ്. ആദ്യം ഇത് ഒരു നോൺ റഗുലേഷൻ പ്രവിശ്യയായിരുന്നു. ഗവർണർ ജനറലിന്റെ പല ഉത്തരവുകളും ഇ ലിടെ ബാധകമായിരുന്നില്ല. അതുകൊണ്ട് പ്രൊവിൻസിലെ ഉദ്യോഗസ്ഥർക്ക് ഓരോ പ്രശ്നവും സംബന്ധിച്ച് യുക്തം എന്ന് തോന്നുന്ന തീരുമാനങ്ങളെടുക്കാൻ സ്വാതന്ത്ര്യം ഉണ്ടായിരുന്നു.

## 2.6 പഞ്ചാബിൽ കത്തോലിക്കസഭയുടെ തുടക്കം

1591 മുതൽക്കേ ലാഹോറിൽ കത്തോലിക്കാ മിഷനറിമാർ ഉണ്ടായിരുന്നു. ആ വർഷമാണ് മഹാനായ മുഗൾ ചക്രവർത്തി ഈശോ സഭാംഗങ്ങളെ തന്റെ ക്വാർട്ടിലേക്ക് (സദസ്സിലേക്ക്) ക്ഷണിച്ചത്. ആദ്യം ഇവിടെ എത്തിയത് ഫാ. എഡ്വിൻ ലെയ്റ്റൻ, ഫാ. ക്രിസ്റ്റഫർ ഡിവേഗ്, വേറൊരു വൈദികൻ ഇവരായിരുന്നു. 1592-ൽ അവർ ഈ സ്ഥലത്തു നിന്ന് പിൻ വാങ്ങി വീണ്ടും 1595-ൽ വിശുദ്ധ ഫ്രാൻസിസ് സേവ്യറുടെ സഹോദരപുത്രൻ ഫാ. ജെറം സേവ്യർ വടക്കേ ഇന്ത്യയിൽ ഒരു മിഷൻ ആരംഭിച്ചു. ഇത് തുടർച്ചയായി രണ്ടു നൂറ്റാണ്ട് നിലനിന്നു. അദ്ദേഹത്തിന്റെ സഹപ്രവർത്തകരായിരുന്നു ഫാ. പിൻഹെയ്നേസും തുണ സഹോദരൻ ബനഡിക്ട് ഗോമസും കൂടി ലാഹേറിൽ ഒരു ദേവാലയവും ഒരു ഭവനവും പണിയിച്ചു. ഈ മിഷൻ പൂർണ്ണമായും തുടച്ചുമാറ്റപ്പെട്ടത് 1752-ലെ അഫ്ഗാൻ ആക്രമണത്തിനിടയിലാണ് 1846-ൽ ബ്രിട്ടീഷുകാർ പഞ്ചാബ് പിടിച്ചടക്കിയതോടുകൂടി അവരുടെ പട്ടാള സംഘങ്ങൾ പഞ്ചാബിന്റെ തന്ത്രപ്രധാനമായ ഭാഗങ്ങളിൽ കാണപ്പെട്ടു. പട്ടാളത്തിൽ ധാരാളം കത്തോലിക്കക്കാരും അവർക്ക് ചാപ്ലന്മാരും ഉണ്ടായിരുന്നു. കത്തോലിക്കർ മിക്കവാറും അയർലന്റിൽ നിന്നുള്ളവരായിരുന്നു. ഇവർക്ക് ആത്മീയ ശുശ്രൂഷ നല്കാൻ കത്തോലിക്ക ചാപ്ലൻമാർ വന്നത് അഗ്രവികാരിയേറ്റ് അപ്പസ്തോലിക്കിൽ നിന്നുള്ള കപ്പൂച്ചിൻ വൈദികർ ആയിരുന്നു. ഇവർക്കു ബ്രിട്ടീഷ് ഗവൺമെന്റ് ശമ്പളം നല്കി.

മേൽപ്പറഞ്ഞ വിഭാഗം കത്തോലിക്കർക്കുവേണ്ടി പഞ്ചാബിന്റെ വിവിധ ഭാഗങ്ങളിൽ കപ്പൂച്ച്യൻ സന്യാസികൾ ദേവാലയങ്ങൾ പണിയിച്ചു. ഇങ്ങനെ അവർ ലാഹോറിലും ഫെറോസ്പൂരിലും (1846) മിയോൺമീറിലും (1842) സിയാൻകോട്ടിലും (1853) മുൾട്ടാനിലും (1859) അമൃത്സറിലും (1863) ഡൽഹൗസിയിലും (1870) ദൈവാലയങ്ങൾ പണിയിച്ചു. ഇതുപോലുള്ള കേന്ദ്രങ്ങൾ റാവൽപിണ്ടി, മുറി, നൗഷെറ, പേഷവാർ എന്നിവിടങ്ങളിലും സ്ഥാപിച്ചു.

പഞ്ചാബ്, ആഗ്രവികാരിയേറ്റ് അപ്പസ്തോലിക്കിന്റെ ഭാഗമായിരുന്നു. മോൺ. ആഞ്ചേലേ ജക്കോപിയെ 1855-ൽ പ്രോ-വികാർ അപ്പസ്തോലിക് ആയി നിയമിച്ചു. അദ്ദേഹം ഈ ഉദ്യോഗത്തിൽ 1868 വരെ തുടർന്നു. ആ വർഷം അദ്ദേഹത്തെ ആഗ്രയുടെ വികാർ അപ്പസ്തോലിക്ക് ആയി നിയമിച്ചു. 1880 ഡിസംബർ 16-ാം തീയതി പഞ്ചാബ് ഒരു പ്രത്യേക വികാരിയേറ്റ് അപ്പസ്തോലിക്ക് ആയി. മോൺ. പോൾ ടോസ്സി അതിന്റെ ആദ്യത്തെ വികാർ അപ്പസ്തോലിക്ക് ആയി. ഇത് 1887-ലാണ് സംഭവിച്ചത്. ലാഹോറിനെ ഒരു രൂപതയായി ഉയർത്തി. ലാഹോറും അലഹബാദും ആഗ്ര അതിരൂപതയുടെ സഫ്രഗൻ രൂപതകളായി. സെയ്ഷൽ ദ്വീപിന്റെ വികാർ അപ്പസ്തോലിക് ആയിരുന്ന മോൺ. സിംഫോറിയൻ മൗനിയാർഡിനെ സ്ഥലംമാറ്റി ലാഹോറിന്റെ ആദ്യത്തെ ബിഷപ്പ് ആക്കി. ഏതാനും മാസങ്ങൾക്കുശേഷം ലാഹോർ രൂപതയെ രണ്ടായി വിഭജിച്ചു. കാശ്മീർ-കഫീർസ്ഥാൻ എന്ന പ്രിഫെക്ച്ചർ അപ്പസ്തോലിക്ക് സ്ഥാപിച്ചു.

അക്കാലത്തെ മിഷൻ പ്രവർത്തനങ്ങളുടെ രീതി അനുസരിച്ച് പുതുതായി രൂപീകരിച്ച ലാഹോർ രൂപതയെ കപ്പൂച്ചിൻ സഭയുടെ ജനറൽ ഫാ. ബർണാർഡ് വോൺ ആൽ ഡർമാൻ കപ്പൂച്ചിൻ സഭയുടെ ബെൽജിയൻ പ്രോവിൻസിനെ ഏല്പിച്ചു. 1888 നവംബർ 15-ാം തീയതി പ്രൊപഗാണ്ട പഞ്ചാബ് മിഷ്യനെ ബൽജിയൻ കപ്പൂച്ചിൻ പ്രോവിൻസിനെ ഏല്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചു. സന്തോഷകരമായ ഈ വാർത്ത പ്രൊവിൻഷ്യൽ എഡ്വർഡ് വാൻ ടേൻഹൗട്ട് 1888 നവംബർ 28-ാം തീയതിയിലെ ഒരു സർക്കുലർ വഴി പ്രോവിൻസിന്റെ അംഗങ്ങളെ അറിയിച്ചു. 3 മാസങ്ങൾക്കകം 8 കപ്പൂച്ചിൻ ഫയേഴ്സ് അതായത് 4 വൈദികരും 4 തുണസഹോദരന്മാരും, പഞ്ചാബിലേക്ക് ബൽജിയത്തിൽ നിന്ന് പുറപ്പെട്ടു. ഇവരിൽ ഒരാളായിരുന്നു ഫാ. ഗോഡ്ഫ്രീസ്. പെൽക്മാൻസ് 1889 മാർച്ച് 9-ാം തീയതി ഇവർ ലാഹോറിൽ എത്തി. 12 ദിവസത്തിനുശേഷം ലാഹോർ ബിഷപ്പ് മോൺ. മോൺ. സിഫോറിയൻ മൗവാർഡും ഇവരുടെ കൂടെ ചേർന്നു.

ലാഹോർ രൂപത പഞ്ചാബിന്റെ മിക്കവാറും ഭാഗം ഉൾപ്പെട്ടതായിരുന്നു. ബൽജിയൻ കപ്പൂച്ചിൻ സന്യാസികൾ എത്തിയപ്പോൾ രൂപതയിൽ 3307 കത്തോലിക്കക്കാർ ഉണ്ടായിരുന്നു. ഇവരിൽ 2090 പേർ യൂറോപ്യൻസ് ആയിരുന്നു. ഇവർക്ക് അജപാലന ശുശ്രൂഷ നൽകിയിരുന്നത് മേൽപ്പറഞ്ഞ കേന്ദ്രങ്ങളിൽ നിന്നുള്ള 9 വൈദികരായിരുന്നു. രൂപതയിൽ സ്ഥാപനങ്ങളായി ലാഹോറിൽ ആൺകുട്ടികൾക്കായി ഒരു സ്കൂൾ ഉണ്ടായിരുന്നു. ഇത് നടത്തിയിരുന്നത് 'കോൺഗ്രിഗേഷൻ ഓഫ് ജീസസ് ആന്റ് മേരി' സിസ്റ്റേഴ്സ് ആയിരുന്നു. ലാഹോറിലെ അനാഥശാലകൾ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും അനാഥശാലകൾ, കപ്പൂച്ചിൻ വൈദികരും മേല്പറഞ്ഞ സഭയിലെ സിസ്റ്റേഴ്സും ആയിരുന്നു.

### 2.7 ബിഷപ്പ് ഗോഡ് ഫ്രീഡ് പെൽക്മാൻ, ലാഹോർ രൂപതയുടെ സ്ഥാപകൻ മോൺ സിംഫോറിയൽ മൗവാർഡ്

ഹ്രസ്വകാലത്തേയ്ക്ക് ഭരണം നടത്തിയുള്ള (1889– 1890). ഇതിനുശേഷം മോൺ. എമ്മാനുവേൽ വേൻഡെൻ ബോസ്ക് (1890–1892) ലാഹോർ ബിപ്പ് ആയി. 1892 ഇദ്ദേഹത്തെ ആഗ്രയിലെ ആർച്ചു ബിഷപ്പാക്കി സ്ഥാനക്കയറ്റം നൽകി. ഇദ്ദേഹത്തിനുപകരം ലാഹോറിൽ ബിഷപ്പായത് മോൺ ഗോഡ്ഫ്രീഡ് പെൽക്മാൻസ് ആയിരുന്നു. പെൽക്മാൻസിന്റെ പിൻഗാമിയായ മോൺ. ഫേബിയൻ എസ്ഥർമാൻസ് പറയുന്നത് ലാഹോർ രൂപതയുടെ സ്ഥാപകനെന്ന പേര് ഏറ്റം അധികം യോജിക്കുന്നത് ബിഷപ്പ് പെൽക്മാൻസിന് ആണെന്നത് (1893–1904). ഇങ്ങനെ പറയാൻ കാരണം അദ്ദേഹത്തിന്റെ ഭരണകാലത്ത് വിശാലമായ ലാഹോർ രൂപതയിൽ സമഗ്രമായ വികസനം ഉണ്ടാകുന്നതിൽ അദ്ദേഹം വഹിച്ച പങ്കാണ് ഡെലഗേറ്റ് അപ്പസ്തോലിക് സലെസ്കി 1902-ൽ പ്രോപഗാണ്ട അയച്ച രഹസ്യ റിപ്പാർട്ടിൽ തന്റെ അധികാരപരിധിയിൽ ഉള്ള മെത്രാന്മാര് ഏറ്റവും കഴിവുള്ളവരും മുൻകൈയെടുത്ത് പ്രവർത്തിക്കുന്നവരായ മെത്രാന്മാരിൽ ഒരാളാണ് പെൽക്ക്മാൻസ് എന്ന് പറയുന്നത്. ലാഹോർ രൂപതയുടെ മേലദ്ധ്യക്ഷനായി സ്ഥാനമേറ്റ വർഷം തൊട്ട് തന്റെ രൂപതയുടെ എല്ലാ മേഖലകളിലുമുള്ള വികസനത്തിനായി ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളും അദ്ദേഹം തയ്യാറാക്കി. ലയൺസ് കപ്പൂച്ചിൻ പ്രൊവിൻസിലെ തന്റെ ഉറ്റ മിത്രമായ ഫാ.മോയിസ് അയച്ച ഒരു കത്തിൽ തന്റെ മുൻഗണനാക്രമം വ്യക്തമാക്കുന്നു. ആ നഗരത്തിലെ 'പൊന്തിഫിക്കൽ സൊസൈറ്റി ഫോർ ദി പ്രൊപഗേഷൻസ് ഓഫ് ഫെയ്ത്'മായി ബന്ധം

പുലർത്താൻ സഹായിച്ചിരുന്ന വ്യക്തിയാണ് മോയിസ്. ആ കത്തിൽ പറയുന്നത്, പെൺകുട്ടികൾക്കായുള്ള ലാഹോറിലെ അനാഥശാല കൂടു തൽ വലുതാക്കാനും വികസിപ്പിക്കാനും അദ്ദേഹം ആഗ്രഹിച്ചു എന്നാണ് ഡൽഹൗസിയിൽ ഒരു കോൺവെന്റ് സ്കൂളും പണിയണം. ലാഹോറിന് പടിഞ്ഞാറേ അറ്റത്തുള്ള മരിയബാദ് എന്ന സ്ഥലത്ത് നിലവിലുള്ള 'അഗ്രിക്കൾച്ചറൽ റീസെറ്റിൽമെന്റ് കോളനി' കൂടുതൽ വിപുലമാക്കുകയും വികസിപ്പിക്കുകയും വേണം. ആ കോളനിയിൽ തന്നെ ഒരു ദേവാലയം പണിയാൻ അദ്ദേഹം ആഗ്രഹിച്ചു. രൂപത യുടെ ആദ്യത്തെ മിഷൻ കേന്ദ്രമായ ആഭാഹ്ലും ഒരു ദേവാലയം പണിയണം. അവസാനമായി, ലാഹോറിൽ തദ്ദേശവാസികൾക്കായി ഒരു ഡിസ്പെൻസറിയും പണിയണം. ഇതിനെല്ലാം വെല്ലുന്ന വേറൊരു പദ്ധതി ലാഹോറിൽ അതിമനോഹരമായ ഒരു കത്തീഡ്രൽ പണിയുന്നത് സംബന്ധിച്ചും അദ്ദേഹം സ്വപ്നം കണ്ടു. ഈ പദ്ധതികളെല്ലാം നട പ്പാക്കുന്നതിന് ആളും അർത്ഥവും വേണം. കൂടുതൽ മിഷനറിമാരും സാമ്പത്തിക സ്രോതസ്സും വേണം. സിസ്റ്റേഴ്സിന്റെയും ബ്രദേഴ്സി ന്റെയും വിവിധ സന്യാസസഭകളുടെ സഹായം അദ്ദേഹം തേടി, ഇക്കാ ര്യത്തിൽ ഏറെ ഉത്സാഹം കാണിച്ചു. പരമ്പരാഗതമായി കത്തോലി ക്കരായിരുന്നവർക്കു അജപാലശുശ്രൂഷ ലഭ്യമാക്കാനും കൂടുതൽ തദ്ദേ ശമിഷനുകൾ തുറക്കാനും മിഷനറി വൈദികർ വേണമായിരുന്നു. ലാഹോർ രൂപതയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സ്കൂളുകളും അനാ ഥശാലകളും മറ്റു പരോപകാര സ്ഥാപനങ്ങളും നടത്തുന്നതിന് മിഷ നറി സിസ്റ്റേഴ്സും ബ്രദേഴ്സും ആവശ്യമാണ്. സർവ്വോപരി അദ്ദേഹ ത്തിനു ആവശ്യമായിരുന്നത് സാമ്പത്തിക സഹായമാണ്. ഇത് ഒരു അടിയന്തര ആവശ്യമായിരുന്നു ഇക്കാര്യത്തിൽ ലയൺസിൽ ഫാ. മോയ്സേയുടെ സഹകരണം അഭ്യർത്ഥിച്ചു. കപ്പൂച്ചൻ സഭയുടെ മിഷൻ പ്രോകുറേറ്റർ ആയിരുന്ന മോയ്സേ. 1895- അവസാനം ബിഷപ് പെൽക്മാൻസ് ആദ് ലീമിന അപ്പസ്തലോരം' എന്ന ഔദ്ധ്യോഗിക സന്ദർശനത്തിനായി റോമിലെത്തി. അവിടെ നിന്നു അദ്ദേഹം യൂറോ പ്യൻ രാജ്യങ്ങളും സന്ദർശിച്ചു. അതിനിടെ ആൻ വേർവിൽ വച്ചു അദ്ദേഹം ബൊഡെവിഗ്ഗിനെ കണ്ടുമുട്ടി തന്റെ ആദ്യസംഘം മിഷനറി മാരെ ലാഹോറിലേക്ക് അയയ്ക്കും എന്ന് ബൊഡൊവിഗ്ഗ് ബിഷപ്പിനു ഉറപ്പു നൽകി. സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഗെന്റ് ബൽജിയം തങ്ങളുടെ സഭയുടെ ഏതാനും അംഗങ്ങളെ ലാഹോർ രൂപതയിലേക്കു അയ യ്ക്കണം എന്ന അഭ്യർത്ഥനയോടു ക്രിയാത്മകമായി പ്രതികരിച്ചു.

എന്നാൽ 1897-ൽ മാത്രമേ അവരുടെ അഞ്ച് സിസ്റ്റേഴ്സ് അടങ്ങിയ സംഘം ലാഹോറിൽ എത്തിയുള്ളൂ.

### 2.8 പഞ്ചാബിൽ ക്രിസ്തു മതം സ്വീകരികാൻ ചുഹ്റ ബഹുജന പ്രസ്ഥാനം

ബൽജിയൻ കപ്പൂച്ചൻ മിഷനറിമാർ പഞ്ചാബിൽ ആദ്യമായി ക്രിസ്തുമതത്തിൽ ചേർത്തത് ചുഹ്റ സമുദായത്തിൽപ്പെട്ട ചിലരെ ആയിരുന്നു. ചുഹ്റാകൾ അസ്പൃശ്യരായ ഒരു താഴ്ന്ന ജാതിക്കാരാണ്. നിരത്ത് അടിച്ചുവാരുകയും സ്വന്തം ഭൂമിയില്ലാതെ കൃഷിപ്പണി ചെയ്തിരുന്നവരുമാണ് ഇവർ. തികച്ചും മനം മടുപ്പിക്കുന്ന സാഹചര്യങ്ങളിലാണ് ഇവർ കഴിഞ്ഞിരുന്നത്. മുപ്പതു നൂറ്റാണ്ടുകളിലധികം മനുഷ്യരിൽ ഏറ്റം അധഃകൃതരായി കണക്കാക്കപ്പെട്ടിരുന്നു. ഉന്നത ജാതിയിൽപ്പെട്ട ഹിന്ദുക്കളുടെ ഉത്സവങ്ങളിലും ആചാരാനുഷ്ഠാനങ്ങളിൽ നിന്നും ഇവരെ മാറ്റിനിർത്തിയിരുന്നു. ഹിന്ദുക്കളുടെ ക്ഷേത്രങ്ങളിൽ അവർക്ക് പ്രവേശനമില്ലായിരുന്നു. തങ്ങളെ മനുഷ്യരായി കാണുകയും മനുഷ്യരെന്ന നിലയിൽ തങ്ങൾക്കുള്ള അന്തസ്സു മാനിക്കുകയും ചെയ്യുന്ന മതമാണ് ക്രിസ്തുമതം എന്ന് അവർക്കു തോന്നി. അങ്ങനെ അവർ ക്രിസ്തുമതത്തിലേക്കു ആകർഷിക്കപ്പെട്ടു. ബൽജിയൻ കപ്പൂച്ചൻ മിഷനറിമാർ മുമ്പുതന്നെ പഞ്ചാബിലെത്തിയിരുന്ന വിവിധ വിഭാഗങ്ങളിൽപ്പെട്ട പ്രൊട്ടസ്റ്റന്റ് ക്രൈസ്തവർക്ക് ഗുഹ്റ ജനകീയ പ്രസ്ഥാനം പ്രയോജനപ്പെട്ടു. പഞ്ചാബിന്റെ സിയാൽക്കോട്ട് ജില്ലയിലാണ് ക്രൈസ്തവ വിശ്വാസത്തിലേക്ക് ഇങ്ങനെ ധാരാളംപേർ എത്തിയത്. ഈ പ്രസ്ഥാനത്തിൽ നിന്നും നേട്ടമുണ്ടാക്കുന്നതിന് 1899-ൽ ബിഷപ്പ് മൗവാർഡ് ഫാ. പ്രീവൻ വാൻഗ്രീമിൻഗനെയെല്ലാം കൂടാതെ ഏതാനും സഹോദരന്മാരെയും (ഫ്രിയേഴ്സിനെ) ഈ ജില്ലയിലേക്കയച്ചു. അവർ ആഡാഹ് എന്ന സ്ഥലത്ത് ലാഹോർ രൂപതയുടെ ആദ്യത്തെ തദ്ദേശമിഷൻ തുറന്നു. പിൽക്കാലത്ത് ആഡാഹ് അറിയപ്പെട്ടിരുന്നത് കപ്പൂച്ചൻ പാതിരിമാരുടെ പഞ്ചാബ് മിഷനിലെ മദർ ഹൗസ് ആയിട്ടാണ്.

### 2.9 ലാഹോർ സെൻഫ്രാൻസിസ് അസ്സീസി തദ്ദേശ അനാഥശാലയും സെന്റ് ജോസഫ് തദ്ദേശ അനാഥശാലയും

ഈ രണ്ട് പരസ്നേഹ സ്ഥാപനങ്ങളുടെ ചരിത്രം ചുരുക്കി പറയാം. ചർച്ച ചെയ്യുന്ന വിഷയവുമായി ബന്ധമുള്ള സ്ഥാപനങ്ങളാണ് ഇവ. 1897-ലും 1900-ലെയും രണ്ട് ക്ഷാമങ്ങളുടെ കാലത്ത് ലാഹോർ രൂപതയിലെ ചെറുപ്പക്കാർക്കു വളരെയേറെ സേവനം നല്കിയ രണ്ടു സ്ഥാപ

നങ്ങളാണ് ഇവ. ലാഹോർ രൂപതയിലെ യൂറോപ്യൻസിന്റെയും ആംഗ്ലോ ഇന്ത്യാക്കാരുടെയും കുട്ടികളെ നോക്കാൻ സെന്റ് ആന്റണീസ് ഓർഫനേജും സ്കൂളും ഉണ്ടായിരുന്നു. നാട്ടുകാരായ കുട്ടികൾക്കായി ലാഹോറിൽ സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി ഓർഫനേജ് സ്ഥാപി ച്ചത് ഫാ. ലീവൻ വാൻ ഗ്രിമ്മിൻഗൻ ആയിരുന്നു. 1893-ലാണ് ഇതു സ്ഥാപിച്ചത്. തങ്ങളുടെ കുട്ടികളെ അനാഥാലയത്തിലേയ്ക്കയ്ക്കാൻ പഞ്ചാബികൾ ഒട്ടും താത്പര്യം കാട്ടിയില്ല. കഠിനമായ ദാരിദ്ര്യത്തി ലാണ് അവർ കഴിഞ്ഞിരുന്നതെങ്കിലും കുട്ടികളോട് ഏറെ വാത്സല്യ വും അടുപ്പവും അവർക്കുണ്ടായിരുന്നു. 1897-ലെ ഭീകരമായ ക്ഷാമം വന്ന തോടുകൂടി അവരുടെ മനോഭാവത്തിൽ മാറ്റം കണ്ടുതുടങ്ങി. മിഷനറി മാർ നഗരത്തിന്റെ ഇടുങ്ങിയ തെരുവുകളിലും ചേരി പ്രദേശങ്ങളിലും ചുറ്റിനടന്നു. നൂറുകണക്കിന് അനാഥകുട്ടികളെയും ദാരിദ്ര്യം കൊണ്ട് ക്ഷിണിച്ചു മെലിഞ്ഞ കുട്ടികളെയും സംഘടിപ്പിച്ചു. അവരെ എല്ലാം അനാഥാലയത്തിൽ എത്തിച്ചു. ഏറെ ശുഷ്കാന്തിയോടെ ശുശ്രൂഷി ച്ചെങ്കിലും വളരെ ചുരുക്കം കുട്ടികൾ മാത്രമേ മരിക്കാതെ രക്ഷപ്പെട്ടുള്ളൂ.

ഒരു ദശാബ്ദത്തിനുമുമ്പ് അതായത് 1880-ൽ 'സിസ്റ്റേഴ്സ് ഓഫ് ജീസസ് ആൻഡ് മേരി' ഈ നാട്ടിലെ പെൺകുട്ടികൾക്കായി 'സെന്റ് ജോസഫ്സ് ഓർഫനേജ്' തുടങ്ങിയിരുന്നു. ആദ്യം അത് പ്രവർത്തി ച്ചിരുന്നത് ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ പ്രോ കത്തീഡ്രലിന്റെ പിന്നി ലുള്ള ഒരു ചെറിയ കെട്ടിടത്തിലായിരുന്നു. 1806-ൽ ലാഹോറിന്റെ തോർൺടൺ റോഡിൽ ഒരു വസ്തുവും വലിയ ഒരു കെട്ടിടവും വില്പ നയ്ക്കു വന്നു. ആംഗ്ലിക്കൻ സഭയിൽ നിന്നു കത്തോലിക്കയായ ഒരു ഇംഗ്ലീഷ് ലേഡി ഡോക്ടർ എലിസബത്ത് ബീൽബി അത് 20,000 രൂപക്ക് വാങ്ങിച്ചു ലാഹോർ രൂപതക്കു നല്കി. ഉടനെതന്നെ സെന്റ് ജോസഫ്സ് ഓർഫനേജിനെ ഈ കെട്ടിടത്തിലേക്കു മാറ്റി. ഡോ. എലി സബത്ത് ബിൽബിയെ അതിന്റെ മേധാവി ആയി നിയമിക്കുകയും ചെയ്തു.

### 2.10. മറിയാബാദിലെ അഗ്രിക്കൾച്ചറൽ റീസെറ്റിൽമെന്റ് കോളനി

നേരത്തെ പരമാമർശിച്ച രണ്ടു പരോപകാര സ്ഥാപനങ്ങളെ പ്പോലെ ഈ സ്ഥാപനവും നാം പരിഗണിക്കുന്ന വിഷയവുമായി ബന്ധ പ്പെടുന്നതാണ് ലാഹോർ രൂപതയുടെ അഗ്രികൾച്ചറൽ റീസെറ്റിൽമെന്റ് കോളനി. ലാഹോറിന്റെ തെക്കു പടിഞ്ഞാറ് എൺപത്തഞ്ചു കിലോമീ റ്റർ അകലെ സ്ഥിതി ചെയ്യുന്നു. ഇതിന്റെ ചരിത്രപരമായ വികാസം വിവരിക്കുന്നത് പ്രയോജനകരമായിരിക്കും. ബ്രിട്ടീഷ്കകാർക്ക് മുമ്പ്

പഞ്ചാബ് ഭരിച്ചിരുന്ന സിക്കുകാർ കരം പിരിച്ചിരുന്നത് വിളകളായി ട്ടാണ് ആകെ വിളയുടെ അഞ്ചിൽ രണ്ടുഭാഗം കരമായി എടുത്തിരുന്നു. ബ്രിട്ടീഷുകാർ പണമായിട്ടാണ് കരം പിരിച്ചിരുന്നത്. ദീർഘകാലത്തെ വിളയുടെ ശരാശരി എടുത്തു കരം നിശ്ചയിക്കും. അപ്പോൾ ഏതെങ്കിലും വർഷം വിളവു കുറഞ്ഞു പോയാൽ അതു കരത്തെ ബാധിക്കില്ല അങ്ങനെ പണം പലിശയ്ക്കു കൊടുക്കുന്നവർക്ക് വലിയ പ്രാധാന്യം ലഭിച്ചു. കൃഷിക്കാർ കടത്തിലാഴുകയും കൃഷിഭൂമി അന്യാധീനപ്പെടുകയും ചെയ്തു. ഇത് ഒന്നിനുപിറകേ ഒന്നായി ക്ഷാമം ഉണ്ടാകാൻ ഇടയാക്കി. പഞ്ചാബിലെ കൃഷിക്കാരുടെ താത്പര്യങ്ങൾ സംരക്ഷിക്കാൻ ബ്രിട്ടീഷുകാർ പല നിയമങ്ങളും പാസ്സാക്കി. ഉദാഹരണത്തിന് പഞ്ചാബ് ലാന്റ് അലോക്കേഷൻ ആക്റ്റ് സ്വന്തമായി കൃഷിഭൂമി ഇല്ലാത്ത കൃഷിക്കാരെ സഹായിക്കാൻ സിയാൽകോട്ട് ജില്ലയിൽ ചേനാബ് നദിയുടെ തീരത്ത് ലാഹോറിന് പടിഞ്ഞാറായി കുറേ ഏറെ തരിശുഭൂമി കൃഷിഭൂമിയാക്കി മാറ്റാൻ ഒരു പരിപാടി ആവിഷ്ക്കരിച്ചു.

1890-നും 1899നും ഇടയ്ക്കാണ് ചേനാബ് കനാൽ ഉണ്ടാക്കിയത്. കനാലിന് 2700 ഇംഗ്ലീഷ് മൈൽ നീളമുണ്ട്. രണ്ടു ദശലക്ഷത്തിൽ കൂടുതൽ ഏക്കർ വരൾച്ച ബാധിച്ച ഭൂമിക്ക് ജലസേചനം എത്തിക്കാൻ കനാലിന് കഴിഞ്ഞു. കനാലിന്റെ ഇരുവശത്തും കൃഷിക്കാർ കുടിയേറി പാർത്തു. ലോവർ ചെനാബ് കോളനി എന്നാണ് ഇവരെ വിശേഷിപ്പിച്ചിരുന്നത്. ഈ കോളനിയിൽ മിഷനറിമാർക്കു കുറഞ്ഞ വിലയ്ക്കു ഭൂമി ലഭ്യമാക്കി. ദാരിദ്ര്യത്തിൽ കഴിയുന്ന തങ്ങളുടെ പുതിയ 'ക്രിസ്ത്യാനികളെ' ഇവിടെ കുടിയിരുത്താൻ കഴിഞ്ഞു. ഏകദേശം ഒരു ദശലക്ഷം ഏക്കർ സ്ഥലം മിഷനറിമാർക്കു ലഭിച്ചു. 1892 ഡിസംബറിൽ മോൺ. വാൻ ഡെൻ ബോഷവാലാ ജില്ലയിൽ 150 ഏക്കർ സ്ഥലം വാങ്ങി. ഭൂരഹിതരും ദരിദ്രരുമായ തന്റെ ഗുഹ്റ പുതു ക്രിസ്ത്യാനികളെ കുടിയിരുത്താനായിരുന്നു ഭൂമി. ഇവിടെ അദ്ദേഹം ഒരു കാത്തലിക് കോളനി സ്ഥാപിച്ചു. അതിന് 'മറിയാബാദ്' എന്ന പേരും കൊടുത്തു. (മറിയാബാദ് എന്നാൽ മറിയത്തിന്റെ ഗ്രാമം എന്നർത്ഥം. ബിഷപ്പ് പെൻക്മാൻസ് 630 ഏഖ്കർ കൂടി വാങ്ങി മറിയാബാദിനോടു ചേർത്തു അങ്ങനെ മറിയാബാദ് പുതുതായി ക്രൈസ്തവ മതം സ്വീകരിച്ചവരുടെ ഒരു മാതൃക കർഷക കോളണിയായി. വഴിത്തെളിക്കുന്ന മുന്നോടികളായി അദ്ധ്വാനിച്ച ഫാ. ഫിലിക്സ് ആൻവേർസിന്റെയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരുടെയും ശ്രമഫലമായി ബഹുശതം കുടുംബങ്ങൾ അവിടെ പുനരധിവസിപ്പിക്കപ്പെട്ടു. എല്ലാവരും പുതുതായി

ക്രിസ്തുമതം സ്വീകരിച്ചവർ ബൽജിയൻ കപ്പൂച്ചിൻ പാതിരിമാർ തുട ങ്ങിവച്ച ഈ കോളനി ഭംഗിയായി വികസിച്ചു. ഈശോസഭക്കാർ പരാ ഗ്വേയിൽ ഉണ്ടാക്കിയ 'റിഡക്ഷൻസ്' സമാനമായി ഈ കോളനി കാണപ്പെട്ടു.

### 3.1 ബോഡെവിഗ് സംഘം ലാഹോറിൽ എത്തുന്നു

ചെനാബ് കനാൽ കോളനിയിലെ സുഖപ്രദമായ ചൂടുള്ള സമ തലങ്ങൾ വിട്ടിട്ട് തണുത്ത ഡിസംബറിലെ മഞ്ഞുകാലത്ത് ഏഡ്രിയാ റ്റിക് കടലിലേക്കു പോകാം. അവിടെയാണ് ബൊഡെവിഗ്ഗിന്റെ അനു യായികളിൽ ഒരു സംഘം ഇന്ത്യയിലേക്ക് പുറപ്പെടാൻ എത്തിയത്. എംപ്ലെസ്സ് മറിയ തെരേസിയ എന്ന കപ്പൽ സൂയെസ് കനാലിലൂടെ യാത്ര തുടർന്നു. ഏയ്ഡൻ തുറമുഖത്ത് അടുത്ത് വീണ്ടും യാത്ര തുടർന്നു. ഇരുപത്തിരണ്ട് അംഗങ്ങളടങ്ങിയ സംഘത്തിനു പൗര സ്ത്യത്തെ ഒരു നോക്കു കാണാൻ വളരെ ഉത്സാഹമായിരുന്നു. കടൽ ശാന്തമായിരുന്നു. അവരുടെ യാത്ര സുഖപ്രദമായിരുന്നു. ജനുവരി 8-ാം തീയതി പതിനെട്ടു ദിവസം നീണ്ടയാത്രയ്ക്കുശേഷം മറിയ തെരേസിയ ബോംബെ തുറമുഖത്തിന്റെ ഇളംചൂടുള്ളവെള്ളത്തിൽ നങ്കൂരമിട്ടു. ബൊഡേവിഗ് സംഘം ഇവിടെ ഇറങ്ങി. ബോംബേ നഗര ത്തിൽ കുറച്ചു ദിവസം തങ്ങി. ആ സമയം ബോംബെ ആർച്ചുബിഷപ്പ് ഡാൽഹോഫിനെ അവർ അനൗപചാരികമായി മര്യാദയുടെ പേരിൽ സന്ദർശിച്ചു. ഡാൽഹോഫ് ഒരു ജർമ്മൻ പൗരനായിരുന്നു. ബോംബെ യിൽ നിന്ന് അവർ ആഗ്ര വഴി ലാഹോറിലേക്കു പോകുന്ന ഒരു ട്രെയി നിൽ കയറി യാത്രയായി.

നാലു ദിവസത്തിനുശേഷം 1896 ജനുവരി 12-ാം തീയതി അവർ ലാഹോർ സെൻട്രൽ റയിൽവേ സ്റ്റേഷനിലെത്തി. അവിടെ ബൽജിയൻ കപ്പൂച്ചൻ സന്യാസികൾ അവരെ ഹാർദ്ദവമായി സ്വീകരിച്ചു. പഞ്ചാബിലെ കപ്പൂച്ചൻ മിഷനറിമാരുടെ സുപ്പീര്യർ റഗുലർ ഫാ. എഡ്വേർഡ് വാൻ ടേൺനേവർ തന്റെ ഡയറിയിൽ 1896 ജനുവരി 12-ലെ കുറിപ്പിൽ പറയുന്നു.

"ഇന്നേ ദിവസം (1896 ജനുവരി 12) ഇരുപത്തിരണ്ട് അംഗങ്ങൾ, പത്തു ബ്രദേഴ്സും പന്ത്രണ്ട് സിസ്റ്റേഴ്സും കോൺഗ്രിഗേഷൻ ഓഫ് ദ ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ഫോർ ദകൺവേർഷൻഓഫ് ഇന്ത്യ ലാഹോറിൽ എത്തി."

ബിഷപ്സ് ഹൗസിൽ എത്തിയ അവരെ ബിഷപ്പ് പെൽക്കുമാൻ ഓരോരുത്തർക്കും കൈകൊടുത്ത് സ്നേഹാർദ്രമായ പുഞ്ചിരിയോടെ

സ്വീകരിച്ചു. ലാഹോർ പ്രോ കത്തീഡ്രലിന്റെ പരിസരത്ത് ഒരു ചെറിയ കെട്ടിടത്തിൽ അവരെ താല്ക്കാലികമായി താമസിപ്പിച്ചു. ലാഹോറിലെ തദ്ദേശവാസികൾക്കായുള്ള രണ്ട് അനാഥശാലകൾ ഏറ്റെടുക്കാൻ ബൊഡെ വിഗ് സംഘത്തിൽപ്പെട്ട ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും വരവ് പ്രതീക്ഷിച്ചിരിക്കുക ആയിരുന്നു.

ബിഷപ് പെൽക്ക്മാൻസ് 1895-ൽ ലാഹോർ രൂപതയെ സംബ ന്ധിച്ച് പ്രോപഗണ്ടക്കയച്ച വാർഷിക റിപ്പോർട്ടിൽ അദ്ദേഹം ഇപ്രകാരം എഴുതി:

(1896 ജനുവരി 3-ാം തീയതി കോൺഗ്രിഗേഷൻ ഓഫ് ദി ഇമ്മാ ക്കുലേറ്റ് കൺസെപ്ഷൻ ഫോർ ദ കൺവേർഷൻ ഓഫ് ഇന്ത്യ എന്ന സഭയിൽപ്പെട്ട അഞ്ച് ബ്രദേഴ്സും അഞ്ച് സിസ്റ്റേഴ്സും ഇന്ത്യയിലേക്കു യാത്ര തിരിക്കും. ബ്രദേഴ്സ് ഈയിടെ സ്ഥാപിച്ച സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി അനാഥശാലയിലും സിസ്റ്റേഴ്സ് നാട്ടുകാരായ പെൺകുട്ടികൾക്കായുള്ള സെന്റ് ജോസഫ്സ് അനാഥശാലയിലും പണി യെടുക്കും. താമസിയാതെ ഹെന്റിലെ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി യിൽനിന്ന് ഒരു സംഘം ലാഹോറിൽ എത്തും. അവർ വരുന്നത് ഒരു ആശുപത്രി നടത്താനാണ്.' ഈ പ്രസ്താവനയിൽ നിന്ന് നമുക്ക് മന സ്സിലാകുന്നത് ബിഷപ് പെൽക്ക്മാൻ ബൊഡേവിഗ് സംഘത്തിൽപ്പെട്ട 10 അംഗങ്ങളെ മാത്രമേ തന്റെ രൂപതയിൽ പ്രവർത്തിക്കാനായി പ്രതീ ക്ഷിച്ചിരുന്നുള്ളൂ എന്നാണ്. എന്നാൽ ഇപ്പോഴിതാ 22 അംഗങ്ങൾ അട ങ്ങിയ മുഴുവൻ സംഘവും ലാഹോറിൽ എത്തിയിരിക്കുന്നു. എന്തുകൊ ണ്ടാണ് ഇങ്ങനെ സംഭവിച്ചത്. 22 അംഗങ്ങളുടെ ഈ സംഘം ഇന്ത്യ യിലേക്ക് പുറപ്പെട്ട ഉടൻ ഒരു അടിയന്തര പ്രതിസന്ധി ഉണ്ടായി. ഢാക്ക യിലെ ഹോളിക്രോസ് ബിഷപ്പ് പീറ്റർ ജോസഫ് ഹേർത്തിൽ നിന്ന് ബൊഡെവിഗ്ഗിന് ഒരു കത്ത് കിട്ടി. തന്റെ രൂപതയിലേക്ക് അയയ്ക്കാ മെന്ന് പറഞ്ഞ ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും സംഘത്തെ അയയ്ക്കണ്ട എന്നായിരുന്നു കത്തിന്റെ സാരം. തന്റെ രൂപതയിൽ ബൊഡെവിഗ്ഗിന്റെ മിഷനറി സൊസൈറ്റിയുടെ സേവനം പ്രയോജന പ്പെടുത്താൻ ഉത്സാഹം കാണിച്ചിരുന്ന ബിഷപ്പ് ഹേർത്തി നിലപാട് മാറ്റിയത് ബൊഡോവിഗ് അദ്ദേഹത്തിന്റെ പ്രാദേശിക മെത്രാനായ കൊളോൺ ആർച്ചു ബിഷപ്പുമായി നല്ല ബന്ധം പുലർത്തുന്നില്ല എന്ന് അറിഞ്ഞപ്പോഴാണ്. ഇനി എന്തു ചെയ്യണമെന്നറിയാതെ ബൊഡെ വിഗ്ഗ് വിഷമിച്ചു. അദ്ദേഹം എയ്ഡൻ തുറമുഖത്തേയ്ക്ക് ഒരു അടിയ

ന്തിര സന്ദേശം അയച്ചു. മുഴുവൻ സംഘത്തോടും ലാഹോറിലേക്കു പോകാൻ നിർദ്ദേശം നൽകി.

മുഴുവൻ സംഘവും തന്റെ രൂപതയിലേക്കു വന്നതിൽ ബിഷപ്പ് പെൽക്ക്മാൻ സന്തുഷ്ടനായിരുന്നില്ല. സംഘത്തിലെ 11 പേരെ മാത്രം തന്റെ രൂപതയിൽ എടുത്തിട്ട് ബാക്കിയുള്ളവരെ ഢാക്കയിലേക്ക് നിർബന്ധിച്ച് അയച്ചു. 5 ബ്രദേഴ്സും 6 സിസ്റ്റേഴ്സും ലാഹോറിൽ തങ്ങുന്നതിന് ബിഷപ്പ് അനുവദിച്ചു.

### 3.2 ഢാക്ക രൂപതയും ഹോളിക്രോസ് കോൺഗ്രിഗേഷനും

സംഘത്തിൽ ഒരു വിഭാഗം ഢാക്കയിലേക്ക് പോകാൻ നിർബന്ധമായ സ്ഥിതിക്ക് നമുക്ക് ഢാക്ക രൂപതയുടെ ചരിത്രം ചുരുക്കമായി വിവരിക്കാം. ഡാക്ക രൂപതയുടെ ചരിത്രം തുടങ്ങുന്നത് ബംഗാൾ വികാരിയേറ്റ് അപ്പസ്തോലിക് രൂപീകരിച്ചതുതൊട്ടാണ്. 1843-ൽ ഗ്രിഗറി 16-ാമൻ മാർപ്പാപ്പ പാദ്രോവാദ എന്ന ഇന്ത്യൻ മിഷനെ കണക്കിലെടുക്കാതെ ഏകപക്ഷീയമായി ആരംഭിച്ചതാണ് ഈ വികാരിയേറ്റ്. ഈ മിഷനെ ഇംഗ്ലീഷ് ജസ്വീറ്റ്സിനെ ഏല്പിക്കുകയും റോബർട്ട് സെന്റ് ലഹറെ ആദ്യത്തെ വികാർ അപ്പസ്തോലിക്ക് ആയി നിയമിക്കുകയും ചെയ്തു. വികാരിയേറ്റിനെ വീണ്ടും രണ്ടായി വിഭജിച്ചു. പൂർവ്വബംഗാൾ, പശ്ചിമബംഗാൾ. ഇത് 1845-ൽ ആയിരുന്നു പശ്ചിമബംഗാൾ വികാരിയേറ്റ് അപ്പസ്തോലിക്കിനെ ആർച്ചുബിഷപ്പ് വില്യം കറൂവിന്റെ കീഴിലാക്കി; പൂർവ്വ ബംഗാൾ വികാരിയേറ്റ് അപ്പസ്തോലിക്കിനെ മോൺ. തോമസ് ഒലിഫിയുടെ കീഴിലും ഇദ്ദേഹം ഒരു ഐറിഷ് പൗരൻ ആയിരുന്നു. പൂർവ്വഭാഗത്തെ വികാരിയേറ്റ് അപ്പസ്തോലിക്ക് ഓഫ് ചിറ്റഗോങ് എന്നാണ് വിളിച്ചിരുന്നതെങ്കിലും, ബിഷപ്പ് ഓലിഫ് മിക്കവാറും സമയം താമസിച്ചിരുന്നത് ഢാക്കയിലായിരുന്നു.

ഈസ്റ്റ് ബംഗാൾ വികാരിയേറ്റ് അപ്പസ്തോലിക്ക് പദ്രോവാദോ-പ്രൊപഗാണ്ട സംഘർഷം മൂർച്ഛിച്ചിരുന്ന ഒരു സ്ഥലമായിരുന്നു. ഇവിടുത്തെ കാലാവസ്ഥയിൽ രോഗങ്ങളും അനേകം ജീവൻ അപഹരിച്ചു. അവിടെ പോകാൻ തന്റേടം കാണിച്ച മിഷനറിമാർ ഒരു വർഷത്തിനകം ഒന്നുകിൽ മടങ്ങി അല്ലെങ്കിൽ മരണമടഞ്ഞു. ഇവിടുത്തെ സാഹചര്യങ്ങൾ ശരിക്കറിയാത്ത ഏതെങ്കിലും സന്യാസ സഭക്കാരെ ഈ പ്രദേശം ഏൽപിക്കാൻ ബിഷപ്പ് ഓലിഫ് ആഗ്രഹിച്ചു. ഢാക്കയിലെ ഹോളിക്രോസ് സഭയുടെ ചരിത്രമെഴുതിയ ഗോയെഡർട്ട് പറയും

പോലെ, "ഭക്തിനിർഭരമായ ഒരു ചതിയിലൂടെ റോം ഇത് മാൻസിലെ ഹോളിക്രോസ് സഭക്കാരുടെ തലയിൽ വച്ചു കൊടുത്തു. ബിഷപ്പ് തോമസ് ഒലിഫാം മാൻസ് ഹോളിക്രോസിൽ സ്ഥാപകനായ ഫാ. ബാസിൽ മൊറോയിയും. 1850-ൽ ഒരേസമയം റോമിലെത്താൻ ഇടയായി. പ്രൊപഗാണ്ടയുടെ സഹായത്തോടെ ഏതെങ്കിലും സന്യാസസമൂഹത്തെ വികാരിയേറ്റ് ഓഫ് ഈസ്റ്റ് ബംഗാളിൽ കൊണ്ടുപോകുകയായിരുന്നു ബിഷപ്പിന്റെ ലക്ഷ്യം. ഫാ. ബാസിൽ വന്നത്പുതുതായി സ്ഥാപിച്ച തന്റെ സഭയ്ക്ക് റോമിന്റെ അംഗീകാരം നേടാനായിരുന്നു. ഫാ. മൊറൊയുടെ കോൺഗ്രിഗേഷന് അംഗീകാരം നൽകുന്നതിന് ഒന്നാമത്തെ ഉപാധി അവർ ഈസ്റ്റ് ബംഗാൾ വികാരിയേറ്റ് അപ്പസ്തോലിക് ഏറ്റെടുക്കണം എന്നതായിരുന്നു.

വത്തിക്കാന്റെ നിർദ്ദേശം സ്വീകരിക്ക അല്ലാതെ ഫാ. മൊറൊയിക്ക് വേറെ ഒന്നും ചെയ്യാൻ ആകുമായിരുന്നില്ല. അദ്ദേഹത്തിന്റെ സഭയിൽ അനേകർക്ക് ഈ സംവിധാനം തൃപ്തികരമായിരുന്നില്ല.

ഹോളിക്രോസ് മിഷനറിമാരുടെ ആദ്യത്തെ സംഘം 1853-ൽ ഡ്ഢാക്കയിൽ എത്തി. ഏതാണ്ട് മനുഷ്യവാസം അസാദ്ധ്യമാക്കുന്ന ഭൂപ്രദേശം കൂടെക്കൂടെ ഉണ്ടാകുന്ന ചുഴലിക്കാറ്റുകൾ, വെള്ളപ്പൊക്കം-ഈ സാഹചര്യത്തിൽ ആദ്യമെത്തിയ ഹോളിക്രോസ് മിഷനറിമാരിൽ പലരും മരണമടഞ്ഞു. ഈ സാഹചര്യങ്ങളാൽ നിരുത്സാഹത്തോടെ കോൺഗ്രിഗേഷന്റെ 1872 ജനറൽ ചാപ്ലൻ ഈ മിഷനിൽ നിന്ന് പിൻവാങ്ങാൻ തീരുമാനിച്ചു. ഈ മിഷൻ അവരുടെ മേൽ അടിച്ചേല്പിച്ചതായിരുന്നു. സഭാംഗങ്ങളുടെ ഇടയിൽ ഈ മിഷനിൽ പ്രവർത്തിക്കാൻ യാതൊരു ഉത്സാഹവും ഇല്ലായിരുന്നു.

അതുകൊണ്ട് പ്രോപഗാണ്ട 1874-1890 കാലയളവിൽ ഈസ്റ്റ് ബംഗാൾ വികാരിയേറ്റിന് ആംഗ്ലോ-ബൽജിയൻ പ്രോവിൻസിലെ ബനഡികെട്ടൻ സന്യാസികളെ ഏൽപ്പിച്ചു. ആംഗ്ലോ- ബൽജിയൻ പ്രോവിൻസ് ഓഫ് ദി പ്രിമിറ്റീവ് ഒബ്സെർവൻസ് ഈ സഭയിൽപ്പെട്ട രണ്ട് മെത്രാന്മാർ വികാരിയേറ്റിൽ ഭരണം നടത്തി. ജോർദ്ദാൻ ബ്ലാസ്റ്റപ്പർ (1878-1886) ഡോം ഗ്രഹറി ദേ ഗ്രൂട്ട് (1888-1890) ഇന്ത്യൻ ഹയറാർക്കി സ്ഥാപിച്ചപ്പോൾ ഡ്ഢാക്കയെ ഒരു രൂപതയാക്കി ഉയർത്തി. കൽക്കട്ടയുടെ കീഴിലുള്ള ഒരു സമഗ്രൻ രൂപത പ്രൊപഗാണ്ടയുമായുള്ള ബന്ധം മെച്ചപ്പെടുത്താനുള്ള ഒരു ശ്രമത്തിന്റെ ഭാഗമായി 1890-ൽ ഹോളിക്രോസ് ഈസ്റ്റ് ബംഗാൾ മിഷൻ തിരിച്ചെടുത്തു. മോൺ അഗസ്റ്റിൻ, ലുവാജ് ഡ്ഢാക്കയിലെ ആദ്യത്തെ ഹോളിക്രോസ് ബിഷപ്പായി.

ഈസ്റ്റ് ബംഗാൾ, അറയ്ക്കാൻ എന്നീ സിവിൽ പ്രവിശ്യകൾ അടങ്ങിയതായിരുന്നു ഡാക്ക രൂപത. ഈ രണ്ട് പ്രവിശ്യകളും ബ്രിട്ടീഷ് ഭരണത്തിലായിരുന്നു. ഇതുകൂടാതെ ത്രിപുര എന്ന വേറൊരു പ്രവിശ്യയും ഈ രൂപതയിൽ ഉൾപ്പെട്ടിരുന്നു. ത്രിപുര ഭരിച്ചിരുന്നത് ഒരു നാട്ടുരാജാവായിരുന്നു. ഇന്ത്യയുടെ രണ്ട് വലിയ നദികളുടെ ചെളി നിറഞ്ഞ ഡെൽറ്റ ആയിരുന്നു ഈ പ്രദേശം. ഗംഗയും ബ്രഹ്മപുത്രയും ബംഗാൾ ഉൾക്കടലിന്റെ കിഴക്കേ തീരത്ത് ഏകദേശം 200 മൈൽ ഈ നദികൾ കയറിയും ഇറങ്ങിയും വളഞ്ഞും പുളഞ്ഞും ഒഴുകി. ഏറ്റവും ദരിദ്രമായ രൂപതകളിൽ ഒന്നായി ഢാക്ക രൂപത കരുതപ്പെട്ടിരുന്നു. അതുപോലെതന്നെ ബ്രിട്ടീഷ് ഇന്ത്യയിൽ പലവിധത്തിലും ഏറ്റം അനാരോഗ്യകരമായ പ്രദേശവും ഢാക്ക ആയിരുന്നു.

### 3.3 ബിഷപ്പ് പീറ്റർ ഹേർത്ത് ഢാക്ക രൂപതയും

ബിഷപ്പ് അഗസ്റ്റ്യൻ ലൂവാജിന്റെ പിൻഗാമിയായി വളരെ ചെറുപ്പമായിരുന്നു. ഏറെ ഉത്സാഹിയായിരുന്ന ഒരു മോൺസിഞ്ഞോർ വന്നു. പീറ്റർ ജോസഫ് ഹേർത്ത ഇദ്ദേഹവും ഹോളിക്രോസ് സഭാംഗമായിരുന്നു. അദ്ദേഹത്തിനും ഢാക്ക രൂപതയോടു ഉണ്ടായിരുന്ന അർപ്പണമനോഭാവം തുടക്കത്തിലേ പ്രകടമായിരുന്നു. യു.എസ്.എ.യിലെ നോട്ടർഡാമിൽ അദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്ത ആ ദിവസം തന്നെ അദ്ദേഹം യൂറോപ്പുവഴി ഈസ്റ്റ് ബംഗാളിലേക്ക് പുറപ്പെട്ടു. തന്റെ ജന്മനാടായ ജർമ്മനിയിൽ ഏതാനും ദിവസം തങ്ങി. അവിടെവച്ച് ബൊഡൊവിഗ്ഗിനെ കണ്ടുമുട്ടുകയും ഒരു സംഘം ബ്രദേഴ്സിനെയും സിസ്റ്റേഴ്സിനെയും തന്റെ രൂപതയിലേക്ക് അയയ്ക്കാമെന്ന് ബൊഡോവിഗ്ഗ് വാഗ്ദാനം ചെയ്യുകയും ചെയ്തു. 1894 ഡിസംബർ 18–ാം തീയതി ബിഷപ്പ് ഹേർത്ത് ഢാക്കയിലെത്തി. തന്റെ പുതിയ ഉദ്യോഗത്തിൽ മുൻപെങ്ങും അനുഭവപ്പെട്ടിട്ടില്ലാത്ത ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നു. ആ രൂപതയിലെ ആളുകളുടെ ദാരിദ്ര്യം അങ്ങേയറ്റം രൂക്ഷമായിരുന്നു. ഇൻഡ്യാനയിലെ നോട്ട്ഡാമിലെ തന്റെ പ്രൊവിൻഷ്യൽ വില്യം കോർഡിക് അയച്ച ആദ്യത്തെ കത്തിൽ അദ്ദേഹം ഇങ്ങനെ വിലപിക്കുന്നു:

“ഒരുമാസം മുൻപ് ഞാൻ ഢാക്കയിലെത്തി. രൂപതയെപ്പറ്റി എന്തെങ്കിലും പറയുന്നതു കേൾക്കാൻ അങ്ങ് അക്ഷമനായി കാത്തിരിക്കുകയായിരിക്കും. ക്രൈസ്തവ ലോകത്തെ ഏറ്റം ദരിദ്രനായ ബിഷപ് ഞാനായിരിക്കും. കർത്താവിന് സ്തോത്രം! എന്നെ ബിഷപ്പായി നിയമിച്ച ആ ദിവസം തൊട്ട് എനിക്ക് തോന്നി ഞാൻ ഒരു

ബലിമൃഗമാണെന്ന്. ആ വസ്തുത നല്ലതുതന്നെ. രൂപത ദാരിദ്ര്യത്തിലാണ്, വളരെ മോശമായ സാഹചര്യമാണ് ഇവിടെ നിലവിലുള്ളത്."

ബിഷപ്പ് ഹേർത്ത് രൂപതയെപ്പറ്റി തന്റെ പ്രൊവിൻഷ്യലിനെ അറിയിച്ച കാര്യം തികച്ചും വാസ്തവമായിരുന്നു. ലയൺസിലിൽ നിന്നും ലഭിച്ചിരുന്ന സാമ്പത്തിക സഹായം ഒന്നുകൊണ്ടു മാത്രമാണ് അത് നിലനിന്നത്. മിഷനറിമാരായി ബിഷപ്പ് ഹെർത്തിന് 15 വൈദികരും 18 സിസ്റ്റേഴ്സും ഉണ്ടായിരുന്നു. 18 ദശലക്ഷം വരുന്ന ജനസംഖ്യയിൽ 15000 പേർ മാത്രമായിരുന്ന കത്തോലിക്കർ. ഇവരിൽ മൂവായിരം പേർ പാദ്രെവാദോ രൂപതയായ മൈലാപൂരിന്റെ അംഗങ്ങളായിരുന്നു. 345 പേർ ക്രൈസ്തവമതം സ്വീകരിക്കാൻ തയ്യാറെടുക്കുന്നുണ്ടായിരുന്നു. ഢാക്ക രൂപതയുടെ 1895-ലെ ജ്ഞാനസ്നാന രജിസ്ട്രാർ കാണുന്നത് 74 പേർ ജ്ഞാനസ്നാനം സ്വീകരിച്ചു എന്നാണ് അദ്ദേഹം തന്റെ പ്രൊവിൻഷ്യലിന് അയച്ച കത്തിൽ പറയുന്നത്. ബിഷപ്പ് ഹോർത്തിന് ഉണ്ടായിരുന്ന 15 വൈദികരിൽ ചുരുക്കം പേരിലെ അദ്ദേഹത്തിന് ആശ്രയിക്കാൻ കഴിയുമായിരുന്നുള്ളൂ എന്നാണ്. കാരണം അവരിൽ മൂന്നു പേർ തീരെ 'ബലഹീനർ' ആയിരുന്നു. 'ഉതുപ്പ്' കൊടുത്തവർ ആയിരുന്നു. മാനസികാരോഗ്യം തകരാറിലായതുകൊണ്ട് ഒരാളെ അമേരിക്കയിലേക്ക് തിരിച്ച് അയച്ചു. ഒരാളെക്കൂടി തിരിച്ചയയ്ക്കാൻ ഒരുങ്ങുന്നു. ഇദ്ദേഹത്തിന്റെ പ്രശ്നം അമിതമായ മദ്യപാനം ആണ്.

യു.എസ്.എ.യിലെ ഇൻഡ്യാനിയിലെ തന്റെ പ്രൊവിൻഷ്യലുമായി 1894 മുതൽ 1897 വരെ നടത്തിയ എഴുത്തുകുത്തുകളിൽ നിന്ന് വ്യക്തമാകുന്നത് അദ്ദേഹത്തിന്റെ ആഴമേറിയ മനോവ്യഥയാണ്. സാമ്പത്തിക സഹായവും മിഷനറിമാരും ലഭ്യമാക്കിയെങ്കിലെ തന്റെ രൂപതയിൽ കാര്യങ്ങൾ ശരിയാക്കാൻ കഴിയുകയുള്ളൂവെന്ന് അദ്ദേഹം പറയുന്നു. അദ്ദേഹത്തിന്റെ കത്തുകളിൽ നിന്ന് ചില ഭാഗങ്ങൾ നമുക്ക് ഉദ്ധരിക്കാം. നിരന്തരം മാറിമറിഞ്ഞുകൊണ്ടിരുന്ന ഈസ്റ്റ് ബംഗാളിലെ കാലാവസ്ഥയെപ്പറ്റി അദ്ദേഹം ഇപ്രകാരം എഴുതാൻ നിർബന്ധിതനായി.

"പകർച്ചവ്യാധി, ചുഴലിക്കാറ്റ്, ഭൂമികുലുക്കം, കോളറ, ക്ഷാമം-ഇതെല്ലാംകൂടി ചേർന്ന് ജീവിതം അസാദ്ധ്യമാക്കുന്നു, അരക്ഷിതമാക്കുന്നു."

അദ്ദേഹത്തിന്റെ സഭയ്ക്ക് അദ്ദേഹത്തിലോ ഡാക്ക രൂപതയിലോ വലിയ താല്പര്യം ഉണ്ടായിരുന്നതായി കാണുന്നില്ല.

"നിസ്സഹായനാക്കപ്പെട്ട, എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ഒരുവനെപ്പോലെയാണ് എന്റെ അവസ്ഥ."

തികഞ്ഞ നിരാശയിൽ അദ്ദേഹം ഇപ്രകാരം വിലപിക്കുന്നു:

"ഞാൻ വലിയ ദാരിദ്ര്യത്തിലാണ് കഴിയുന്നത്. ഇതുമായി ഞാൻ ഏതാണ്ട് പൊരുത്തപ്പെട്ടുകഴിഞ്ഞു. വൈരുദ്ധ്യങ്ങളുടെയും മഠയത്തരത്തിന്റെയും കൂട്ടം ജീവിതത്തെ തികച്ചും അസഹനീയമാക്കുന്നു. ഇതുമായി അനുരഞ്ജനപ്പെട്ടുപോകാൻ ഞാൻ തീരുമാനിച്ചുറച്ചു കഴിഞ്ഞു."

തികഞ്ഞ നിരാശാബോധത്തോടെ അദ്ദേഹം തന്റെ പ്രൊവിൻഷ്യലിന് എഴുതി:

"ശിക്ഷ സഭയ്ക്ക് പുറത്താക്കലാണ്. അല്ലായിരുന്നുവെങ്കിൽ ഒരു കപ്പലിൽ കയറാൻ സൗകര്യം ലഭിക്കുന്നതുവരെ മാത്രമേ ഞാൻ ഈ സ്ഥലത്ത് തുടരുമായിരുന്നുള്ളൂ."

ബിഷപ്പ് ഹേർത്തിന് കാര്യങ്ങൾ കൂടുതൽ വിഷമകരമാക്കിക്കൊണ്ട് 1895 ഏപ്രിൽ 25-ാം തീയതി രാത്രി ശക്തിയേറിയ ഒരു ചുഴലിക്കാറ്റ് വീശി ഈസ്റ്റ് ബംഗാളിന്റെ തീരപ്രദേശത്താകെ അത് നാശം വിതച്ചു. ഒരു ദേവാലയവും ഒരു മഠവും ഒരു അനാഥാലയവും പൂർണ്ണണായി നശിപ്പിക്കപ്പെട്ടു.

ഇങ്ങനെ വിഷമതകൾ നിറഞ്ഞ സാഹചര്യത്തിൽ ആര് സഹായം എത്തിച്ചാലും അത് ബിഷപ്പ് ഹേർത്ത് സ്വീകരിക്കുമായിരുന്നു. സംശയമില്ല. ആ സാഹചര്യത്തിലാണ് ബൊഡേവിഗ്ഗിനെ സഹായവാഗ്ദാനം എത്തുന്നത്. 1895 അവസാനം തന്റെ രൂപതയ്ക്കുവേണ്ടി ബിഷപ്പ് ഹേർത്ത് പ്രതീക്ഷിച്ചിരുന്നത് 18 സിസ്റ്റേഴ്സും 3 ബ്രദേഴ്സും ആയിരുന്നു. ഈ സംഘത്തിൽ ബൊഡെവിഗ്ഗിന്റെ സൊസൈറ്റിയുടെ അംഗങ്ങളും കാണാം. ആവശ്യത്തിന് മിഷനറിമാരെ അയച്ചു. സാമ്പത്തിക സഹായം ലഭ്യമാക്കിയും തന്റെ സൊസൈറ്റി ബിഷപ്പ് ഹേർത്തിന്റെ ഢാക്ക രൂപതയിലെ ഒരു പ്രവിശ്യയും പുറജാതിക്കാരുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിക്കുക എന്ന ദൗത്യം തന്റെ സൊസൈറ്റി ഏറ്റെടുത്തുകൊള്ളൂ എന്ന് ബൊഡെവിഗ് ബിഷപ്പ് ഹേർത്തിന് വാക്ക് കൊടുത്തിരുന്നു. എന്നാൽ ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ബിഷപ്പ് ഹേർത്തിനു ലഭിച്ച വിവരം ബൊഡൊവിഗ്ഗ് തന്റെ പ്രാദേശിക ബിഷപ്പ് ആയ കൊളോണിലെ ആർച്ചുബിഷപ്പു

മായി അകൽച്ചയിലാണ്. ഗുരുതരമായ പ്രശ്നം ഉണ്ട് എന്നാണ് ബിഷപ്പ് ഹേർത്ത് പറയുന്നത്. താൻ തന്നെ ബൊഡെവിഗ്ഗിന് എഴുതി പ്രാദേശിക ബിഷപ്പുമായി നല്ല ബന്ധം നിലനിർത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി എന്നാണ്. ഇങ്ങനെ നല്ല ബന്ധം പുലർത്തിയാലേ ബൊഡെവിഗ്ഗിന്റെ മിഷനറി സൊസൈറ്റിക്ക് സഭയുടെ അംഗീകാരം ലഭിക്കുകയുള്ളൂ എന്ന് അറിയിച്ചു.

### 3.4 ബൊഡെവിഗ്ഗിന്റെ സംഘം ഡാക്കയിലെത്തുന്നു; അതിനുശേഷമുണ്ടായ സംഭവവികാസങ്ങൾ

ബിഷപ്പ് ഹേർത്ത് പറയുന്നത് ഇതാണ്. അദ്ദേഹം ഒരു മിഷൻ യാത്ര കഴിഞ്ഞ് മടങ്ങിയെത്തിയപ്പോൾ തന്റെ ഭവനത്തിൽ 1896 ജനുവരിയുടെ ഉത്തരാർത്ഥത്തിൽ ഒരു സംഘം യുവതീയുവാക്കളെ കണ്ടു എന്നും അവർ ആ രൂപതയിൽ പണി എടുക്കാൻ ബൊഡെവിഗ്ഗ് അയച്ചതാണെന്ന് അവകാശപ്പെട്ടു എന്നുമാണ് ഒന്നുരണ്ടു ദിവസം കഴിഞ്ഞ് ബിഷപ്പിന് ബൊഡേവിഗ്ഗിന്റെ ഒരു കത്ത് കിട്ടി. ഡാക്ക രൂപതയ്ക്കായി അയച്ചവരുടെ പേരു വിവരം അടങ്ങിയതായിരുന്നു ആ കത്ത്. ആരെയും അയ്യക്കണ്ടാ എന്നു പറഞ്ഞ ബിഷപ്പ് ബൊഡെവിഗ്ഗിന് എഴുതിയിരുന്നു. എന്നിട്ടും ഈ സംഘം വന്നത് ബിഷപ്പിനെ അത്ഭുതപ്പെടുത്തി. ഇവരുടെ വരവ് ബിഷപ്പിന് തലവേദനയായി. ഇവർക്ക് ചെലവിനു കൊടുക്കേണ്ട ചുമതല ബൊഡെവിഗ്ഗ് സാമ്പത്തിക വാഗ്ദാനം സഹായം ചെയ്തിരുന്നുവെങ്കിലും വന്ന സംഘത്തിന് അവർ ധരിച്ചിരുന്ന വസ്ത്രമല്ലാതെ വേറെ യാതൊന്നുമില്ലായിരുന്നു.

### 3.5 കൊളോണിലെ സംഭവ വികാസങ്ങൾ കാർഡിനൽ ആർച്ച് ബിഷപ്പ് പ്രൊപഗാണ്ടയ്ക്ക് മുന്നറിയിപ്പ് നൽകുന്നു

ബൊഡെവിഗ്ഗ് മ്യൂണിക്കിൽ നടത്തിയ യാത്രയയപ്പ് ചടങ്ങ് സംബന്ധിച്ച വിവരം ലഭിച്ചയുടനെ കൊളോൺ ആർച്ചുബിഷപ്പ് പ്രൊപഗാണ്ടയുടെ മുന്നറിയിപ്പ് നല്കി. ഫിലിപ്പ് റെമെയന്റ്സ് കാർഡിനൽ പ്രീഫെക്ട് എഴുതി:

“തന്നെ സസ്പെൻഡ് ചെയ്തിരിക്കുന്നു എന്ന വിവരം ഫാ. ബൊഡെവിഗ്ഗിനെ അറിയിച്ച ഉടൻ അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും ബൽജിയത്തിലെ മിഷലൻ അതിരൂപതയിലേക്ക് പോയി. ഏതാനും ദിവസങ്ങൾ കഴിഞ്ഞ് എന്റെ എല്ലാ ഉപദേശവും അവഗണിച്ചുകൊണ്ട് യാതൊരു മിഷൻ പ്രവർത്തനവും ചെയ്യാൻ കഴിവില്ലാത്ത ബ്രദേഴ്സിനെയും സിസ്റ്റേഴ്സിനെയും ഇന്ത്യയിലേയ്ക്കയച്ചു.”

ധിക്കാരപരവും അപകടകരവുമായ ബൊഡെവിഗ്ഗിന്റെ പ്രവർത്തി കണ്ട് പ്രൊപഗണ്ടയും വളരെ അസ്വസ്ഥമായി ഉത്തരവാദിത്വപൂർവ്വം പ്രതികരിക്കുകയും ചെയ്തു. ബൊഡെവിഗ്ഗുമായി ബന്ധപ്പെടരുതെന്ന് അറിയിച്ചു കൊണ്ട് ബിഷപ്പ് പെൽക്കുമൻസിനും ഹേർത്തിനും സന്ദേശം അറിയിച്ചു. ഇതിനു കാരണമായി പറഞ്ഞത് ബൊഡെവിഗ്ഗിനെ അദ്ദേഹത്തിന്റെ ബിഷപ്പ് സസ്പെൻഡ് ചെയ്തിരിക്കുന്നു. അദ്ദേഹം ഉണ്ടാക്കിയ മിഷനറി സൊസൈറ്റി പിരിച്ചുവിട്ടിരിക്കുന്നു. കാർഡിനൽ പ്രിഫെക്ട് ലാഹോറിലെ ബിഷപ്പ് പെൽക്ക്മാൻസിനു ഇപ്രകാരം എഴുതി:

"അന്റോണിയസ് ബൊഡെവിഗ്ഗ് എന്ന വൈദികനെ അദ്ദേഹത്തിന്റെ ബിഷപ്പ് അഭിമദനായി കാണുന്നില്ല ബൊഡെവിഗ്ഗ് സ്ഥാപിച്ച സൊസൈറ്റിക്ക് ബിഷപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. രണ്ടിനേയും കൊളോണിന്റെ കാർഡിനൽ ആർച്ചു ബിഷപ്പ് സെൻഷർ ചെയ്തിരിക്കയാണ് അതുകൊണ്ട് മേൽപ്പറഞ്ഞ വൈദികനുമായും അദ്ദേഹത്തിന്റെ സൊസൈറ്റിയുമായും എല്ലാ ബന്ധവും ദയവായി വിച്ഛേദിക്കുക. ഈ വിവരം ഢാക്കയിലേയും അലഹബാദിലേയും അറിയിക്കുവാനും ഞാൻ അഭ്യർത്ഥിക്കുന്നു.

ഢാക്കയുടെ ബിഷപ്പ് ഹേർത്ത് പ്രൊപഗാണ്ടയ്ക്ക് എഴുതി ചോദിച്ചു. തികച്ചും അപ്രതീക്ഷിതമായ തന്റെ രൂപതയിൽ എത്തിയിട്ടുള്ള ബ്രദേഴ്സിനെയും സിസ്റ്റേഴ്സിനെയും എന്തു ചെയ്യണം. ഇതിലെ മറുപടിയായി കാർഡിനൽ പ്രിഫെക്ട് എഴുതി:

'1896 ജനുവരി 30–ലെ അങ്ങയുടെ കത്തിന് മറുപടിയായി ഫാ. ബൊഡെവിഗ് തന്റെ പ്രശസ്തനായ ബിഷപ്പിന്റെ അനുവാദം കൂടാതെ ധിക്കാരപൂർവ്വം തുടങ്ങിയ സൊസൈറ്റിക്ക് സഭാപരമായ യാതൊരു അംഗീകാരവും സേക്രഡ് കോൺഗ്രിഗേഷൻ നല്കിയിട്ടില്ല. സഭ സ്ഥാപിച്ചതിന് അദ്ദേഹത്തിന് അർഹമായ സെൻഷർ നല്കി. അതുകൊണ്ട് മേൽപ്പറഞ്ഞ വൈദികൻ പറയുന്നതൊന്നിനും അങ്ങു ചെവി കൊടുക്കരുത്."

താമസിയാതെ നാം കാണും, ബിഷപ്പ് പെൽക്ക്മാൻസും ബിഷപ്പ് ഹേർത്തും പ്രോപഗാണ്ട നല്കിയ മുന്നറിയിപ്പ് ഗൗരവത്തോടെ കണ്ടു. അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തു. റോമിൽ നിന്നും ലഭിച്ച ഉപദേശമനുസരിച്ച് കൃത്യമായി അനുസരിച്ചു. പ്രവർത്തിച്ചു.

### 3.6 ബിഷപ്പ് ഹേർത്ത് തന്റെ രൂപതയിൽ ബൊഡേവിഗ്ഗ് സംഘം ഉണ്ടാക്കിയ പ്രശ്നം പരിഹരിക്കുന്നു

തന്റെ രൂപതയിലെത്തിയ ബൊഡെവിഗ്ഗ് സംഘവുമായി ബന്ധപ്പെട്ട വേറൊരു പ്രശ്നം ബിഷപ്പ് ഹേർത്തിനു നേരിടേണ്ടി വന്നു. ഈ പ്രശ്നം സ്വന്തം നിലയിൽ കൈകാര്യം ചെയ്യാൻ അദ്ദേഹം ആഗ്രഹിച്ചില്ല. റോമിന്റെ ഉപദേശം തേടാൻ അദ്ദേഹം തീരുമാനിച്ചു. അദ്ദേഹം കാർഡിനൽ പ്രിഫെക്റ്റിന് എഴുതി: "നമ്മുടെ പരിശുദ്ധ മതത്തിന്റെ അന്തസ്സ് നിർഭാഗ്യരായ ഈ യുവാക്കളെ വഴിയാധാരമാക്കാൻ എന്നെ അനുവദിക്കുന്നില്ല. അവരെ എല്ലാം യൂറോപ്പിലേക്ക് മടക്കി അയയ്ക്കാൻ വേണ്ട സാമ്പത്തികശേഷി എനിക്കില്ല. മാത്രവുമല്ല, ബൊഡെവിഗ്ഗിന്റെ അടുത്തേക്ക് മടങ്ങുക അവർക്ക് ലജ്ജാകരവും ആയിരിക്കും. ഈ സാഹചര്യത്തിൽ ചെയ്യാവുന്ന ഒരു കാര്യം ഇവിടെ ഇപ്പോൾ പ്രവർത്തനം നടത്തുന്ന ഏതെങ്കിലും സന്യാസസഭയിൽ ചേരാൻ അവരോടു പറയാം. അങ്ങനെ അവർക്ക് ഇവിടെ മിഷൻ പ്രവർത്തനങ്ങളിൽ സഹായിക്കാനാകും."

ബിഷപ്പ് ഹേർത്ത് ഉപദേശിച്ചതനുസരിച്ച് ബൊഡെവിഗ്ഗിന്റെ ഇവിടെ കുടുങ്ങിപ്പോയ സംഘങ്ങൾ എല്ലാം വിവിധ പ്രാദേശിക സഭകളിൽ ചേർന്നോ? ഞങ്ങളുടെ അന്വേഷണങ്ങളിലൂടെ കണ്ടെത്താനായത് ഇതാണ്. ഏകദേശം 8 സിസ്റ്റേഴ്സ് ഇന്ത്യയിൽ പ്രവർത്തിക്കുന്ന സഭകളിൽ ചേർന്നു. ഇവരിൽ 3 പേരെപ്പറ്റി കൃത്യമായ വിവരങ്ങൾ ലഭ്യമാണ്. അക്കാലത്ത് ഹേർത്ത് ലെയോൺസ് ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്നു. പൊന്തിഫിക്കൽ സൊസൈറ്റി ഫോർ ദ പ്രൊപഗേഷൻ ഓഫ് ഫെയ്ത്തിന് അയച്ച ഒരു കത്തിൽ ബൊഡോവിഗ്ഗ് സംഘത്തിൽപ്പെട്ട ബ്രദേഴ്സിനെയും സിസ്റ്റേഴ്സിനെയും പറ്റി ഇപ്രകാരം എഴുതി.

"ബൊഡൊവിഗ്ഗ് സംഘത്തിലെ 3 പേരൊഴിച്ച് എല്ലാവരും ഇന്ത്യയിലെ സന്യാസസമൂഹങ്ങളിൽ പ്രവേശിച്ചു. 3 പേരെ പലയിടങ്ങളിൽ നിന്ന് ശേഖരിച്ച പണം കൊണ്ട് യൂറോപ്പിലേക്ക് മടക്കി അയച്ചു, എന്റെ രൂപതയിലെ പരിമിതമായ വരവുകൊണ്ട് അവർക്ക് ചെലവിനുകൊടുക്കാൻ കഴിയുമായിരുന്നില്ല'

ബിഷപ്പ് ഇപ്രകാരം തുടരുന്നു:

“അവരിൽ 3 പേർ ഇവിടെ ഢാക്കയിൽ ഒരു മഠത്തിൽ ചേർന്നു. അവരെപ്പറ്റി പ്രതീക്ഷയ്ക്ക് ഏറെ വകയുണ്ട്. മൂന്നു പേരെ യൂറോപ്പിലേക്ക് മടക്കി അയയ്ക്കാൻ ഉണ്ടായ ചെലവ് ഇത് പരിഹരിച്ചതായി കരുതാം.”

പലേടത്തു നിന്നുമായി ശേഖരിച്ച പണം കൊണ്ട് യൂറോപ്പിലേക്ക് തിരിച്ചയച്ച 3 പേർ ബൊഡേവിഗ്ഗിന്റെ ഓർമ്മക്കുറിപ്പിൽ പരാമർശിക്കുന്ന 3 ബ്രദേഴ്സ് ആയിരിക്കാം. ഇവർ പിന്നീട് ജർമ്മനിയിൽ ബൊഡെവിഗ്ഗിന്റെ അടുത്തെത്തി. അവരിൽനിന്ന് ഇന്ത്യയിലേക്കയച്ച മിഷനറിമാർക്ക് എന്ത് സംഭവിച്ചുവെന്ന് ഒരു ദൃക്സാക്ഷി വിവരണം അദ്ദേഹത്തിന് ലഭിച്ചു.

ഢാക്കയിലെ ഏതു കോൺവെന്റിലാണ് മേൽപ്പറഞ്ഞ 3 സിസ്റ്റേഴ്സ് ചേർന്നത്? സിസ്റ്റേഴ്സ് ഓഫ് ഔവർ ലേഡി ഓഫ് ദി മിഷൻസ്' സഭയുടെ ജനറൽ ആർക്കൈവ്സിൽ രേഖകൾ തെരഞ്ഞപ്പോൾ വെളിച്ചത്തു വന്ന വസ്തുത ഇതാണ്. ആ മൂന്ന് സിസ്റ്റേഴ്സും ആ സഭക്കാരുടെ ചിറ്റഗോങ്ങിലെ നൊവിഷ്യേറ്റിൽ പ്രവേശിച്ചു. അവരുടെ പേരു വിവരം കാതറിൻ എംഗൽസ്, മോൺഡോർഫിൽ, മറിയ ഷെമിറ്റ്സ്, ആൻസ് ബാക്കിൽ നിന്ന്: അന്ന വോൾക്ക് മാർ, വെസ്റ്റർ നിന്ന് വാൾഡൻ ഇതിൽ ആദ്യത്തെ രണ്ട്പേർ തങ്ങളുടെ നൊവിഷ്യേറ്റ് ചിറ്റഗോംങ്ങിൽ പൂർത്തിയാക്കി വ്രതവാഗ്ദാനം നടത്തി. മൂന്നാമത്തെയാളെ കോൺഗ്രിഗേഷന്റെ ന്യൂസിലാന്റിലെ ക്രൈസ്റ്റ് ചർച്ചിലുള്ള നൊവിഷ്യേറ്റിൽ അയച്ചു.

ബൊഡെവിഗ്ഗ് സംഘത്തിലെ മറ്റു സിസ്റ്റേഴ്സ് ഏതേതു കോൺഗ്രിഗേഷനിൽ ചേർന്നുയെന്നത് സംബന്ധിച്ച് നമുക്ക് കൃത്യമായ വിവരം ലഭിച്ചിട്ടില്ല. ബിഷപ്പ് ഹേർത്തിന്റെയും ബൊഡെവിഗ്ഗിന്റെ തന്നെയും വിവരണങ്ങളിൽ നിന്നു മനസ്സിലാകുന്നത് അവർ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത സഭകളിൽ ചേർന്നുവെന്നാണ്.

### 3.7 ബൊഡെവിഗ്ഗിന്റെ റോമിലെ ദൗത്യം പരാജയപ്പെട്ടു

നാടുകടത്തപ്പെട്ടവനെപ്പോലെ ബൽജിയത്തിൽ കഴിയുന്ന ദുരന്ത കഥാപാത്രമായ ബൊഡെവിഗ്ഗിലേക്ക് നമുക്ക് മടങ്ങാം. ലാഹോറിൽ നിന്നും ഡാക്കയിൽ നിന്നും ജർമ്മനിയിൽ മടങ്ങിയെത്തിയ സംഘാംഗങ്ങളിൽ നിന്ന് ലഭിച്ച കത്തുകളിൽ നിന്ന് വ്യക്തിപരമായ വിവരണങ്ങളിൽ നിന്ന് തന്റെ ഇന്ത്യയിലേക്ക് അയച്ച് മിഷൻ എക്സ്പെഡീഷന്റെ തകർച്ചയെപ്പറ്റി ബൊഡേവിഗ്ഗ് അറിഞ്ഞു. തിടുക്കത്തിലും

വിവേകരഹിതമായ താൻ എടുത്ത തീരുമാനങ്ങളാണ് കുഴപ്പങ്ങൾക്ക് കാരണമെന്ന് സമ്മതിക്കുന്നത് ആയിരുന്നില്ല ബൊഡെവിഗ്ഗിന്റെ സ്വഭാവം. റോമിലേക്ക് ഒരു ദൗത്യസംഘത്തെ നയിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ അടുത്ത പരിപാടി. പ്രൊപഗാണ്ടയുടെ വാതിലിൽ മുട്ടി തന്റെ ഇന്ത്യൻ മിഷനറി പ്രസ്ഥാനത്തെ ഒരു അളവിലെങ്കിലും രക്ഷിക്കാൻ കഴിയുമോ എന്ന് നോക്കുന്നു. ദൗത്യസംഘത്തിൽ ഉണ്ടായിരുന്നത് ബൊഡൊവിഗ്ഗ് ബ്രദർ പൗലൂസ് മൊറിറ്റ്സ്, ബ്രദേഴ്സിന്റെ പ്രീഫെക്ട്, ബ്രദർ പീറ്റർ മൊമേനേഷം സസ്പെൻഷനിലായിരുന്ന സുപ്പീര്യർ സിസ്റ്റർ അന്ന പീറ്റേഴ്സ്, ഇവരെകൂടാതെ സിസ്റ്റർ മാർത്ത ഷെമിഡറ്റ് എന്ന ഒരാൾകൂടി

അവർ 1896 വസന്തകാലത്ത് റോമിലെത്തി. ആ വർഷം മേയ് മാസത്തിൽ റോമിലെ പ്രശസ്തമായ പ്യാസ്സാ ദെസ്പാഗ്നയ്ക്ക് അടുത്തുള്ള വിയദെല്ല വിത്തേയിൽ 113-ാം നമ്പർ കെട്ടിടത്തിൽ അവർ താമസിച്ചിരുന്നതായി കാണുന്നു. പ്രൊപഗാണ്ട പാലസുകളുടെ അടുത്തായിരുന്നു ഈ ഭവനം. ഇവിടെ താമസിച്ചുകൊണ്ട് അവർ പല അപേക്ഷകളും രേഖാമൂലം നടത്തി. കാർഡിനൽ പ്രിഫെക്ടിനും ലിയോ 13 -ാമൻ മാർപ്പാപ്പയ്ക്കുപോലും അവർ അപേക്ഷ സമർപ്പിച്ചു. കാർഡിനൽ പ്രിഫെക്റ്റിനെ നേരിൽ കണ്ടു സംസാരിക്കുന്നതിന് അവർ സമർപ്പിച്ച അപേക്ഷ നിരസിക്കപ്പെട്ടു. കാർഡിനൽ പ്രിഫെക്റ്റ് ആകട്ടെ അദ്ദേഹത്തിന്റെ സെക്രട്ടറി ആർച്ചു ബിഷപ്പ് സിയാസ്ക ആകട്ടെ ബൊഡെവിഗ്ഗിനെ കാണാൻ തയ്യാറായില്ല. ഇത് ബൊഡെവിഗ്ഗിനെ ഏറെ വേദനിപ്പിച്ചു. വർഷങ്ങൾക്കുശേഷം തന്റെ ഓർമ്മക്കുറിപ്പുകളിൽ ബൊഡെവിഗ്ഗ് എഴുതി.

'സഹായവും നീതിയും തേടി' ഞങ്ങൾ റോമിലേക്ക് ഓടി. കാർഡിനൽ പ്രിഫെക്റ്റ് അദ്ദേഹത്തിന്റെ സെക്രട്ടറി ആർച്ചുബിഷപ്പ് സിയാസ്കയും ഞങ്ങളോട് സംസാരിക്കാൻ തയ്യാറായില്ല. സെക്രട്ടറി പറഞ്ഞു "ഞാൻ റോമിൽ തങ്ങിയതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. വെറുതേ സമയം പാഴാക്കൽ ആയിരിക്കും അത്; നിങ്ങൾ വേഗം ബൽജിയത്തിലേക്ക് മടങ്ങണം. കാർഡിനൽ പ്രിഫെക്റ്റും അദ്ദേഹത്തിന്റെ സെക്രട്ടറിയും ഞങ്ങളുടെ സൊസൈറ്റിയുടെ ഏറ്റവും വലിയ ശത്രുക്കളായി മാറി.'

അങ്ങനെ ബൊഡെവിഗ്ഗിനെപ്പറ്റി ശരിയായ അറിവു ലഭിക്കാതെ രണ്ടു വർഷം മുമ്പ് അദ്ദേഹത്തിന്റെ ഭക്തിനിർഭരമായ ഉദ്ദേശ്യങ്ങളെ

പ്രശംസിച്ച കാർഡിനൽ പ്രിഫെക്ട് യഥാർത്ഥ വസ്തുതകൾ അറിഞ്ഞപ്പോൾ, ബൊഡെവിഗ്ഗിന്റെ വക്രത മനസ്സിലായപ്പോൾ അദ്ദേഹത്തോട് സംസാരിക്കാൻ വിസമ്മതിക്കുകയും അദ്ദേഹത്തിനെതിരായി ശക്തമായ ഒരു നിലപാട് സ്വീകരിക്കുകയും ചെയ്തു.

### 3.8 ലിയോ XIII-ാമൻ മാർപ്പാപ്പ അന്തിമമായ വിധി പ്രസ്താവിക്കുന്നു

ബൊഡെവിഗ്ഗ് പരദേശമായ ബൽജിയത്തിലേക്ക് നിരാശനായി മടങ്ങി. കാരണം സംഭവങ്ങളെപ്പറ്റിയെല്ലാം വിശദമായ ഒരു നീണ്ട റിപ്പോർട്ട് ബൊഡെവിഗ്ഗ്, ലിയോ പതിമൂന്നാമന് നല്കിയിരുന്നു. റിപ്പോർട്ട് പഠിക്കുകയും പ്രൊപഗാണ്ടയ്ക്ക് പറയാനുള്ളത് കേൾക്കുകയും ചെയ്തശേഷം മാർപാപ്പ അന്തിമമായ ഒരു വിധി പ്രസ്താവിച്ചു. ഇതിൽ ആശ്വാസകരമായ ഒന്നും തന്നെ കാണുവാൻ ബൊഡെവിഗ്ഗിനു കഴിഞ്ഞില്ല. ബൊഡേവിഗ്ഗ് കേസു സംബന്ധിച്ച് കാർഡിനൽ ഫിലിപ്പ് ക്രെമെൻസ്, കൊളോൺ, പ്രൊപഗാണ്ടയ്ക്ക് എഴുതിയ ഒരു കത്തിനു മറുപടിയായി കാർഡിനൽ പ്രിഫെക്ട് അയച്ച കത്തിൽ നിന്നും ഈ വിധി നാം എടുക്കുന്നു.

'ബൊഡെവിഗ്ഗ് അദ്ദേഹത്തിന്റെ സിസ്റ്റർ സുപ്പീര്യറും റോമിൽ വന്നും എന്നെ കാണണം എന്ന് പലതവണ അപേക്ഷിച്ചു. കൊളോൺ ആർച്ചു ബിഷപ്പും പ്രോപഗാണ്ടയും എത്ര മോശമായിട്ടാണ് തന്നോടും, തന്റെ സൊസൈറ്റിയോടും പെരുമാറിയത് എന്ന് വിശദീകരിക്കാനായിരുന്നു സന്ദർശനം. ഞാൻ സന്ദർശനാനുമതി നിഷേധിച്ചപ്പോൾ അദ്ദേഹം വ്യക്തിപരമായി ഇക്കാര്യം ലിയോ 13-ാമൻ മാർപ്പയുടെ മുമ്പാകെ സമർപ്പിച്ചു. 1896 മേയ് 23-ാം തീയതിയിലെ ഓഡിയൻസ് സേക്രട്ട് കോൺഗ്രിഗേഷൻ സെക്രട്ടറിയോട് വളരെ വ്യക്തമായി പറഞ്ഞു. ബൊഡെവിഗ്ഗ് എന്ന വൈദികൻ നിരുപാധികം തന്റെ മേലധികാരിയായ കൊളോൺ ആർച്ച് ബിഷപ്പിനെ അനുസരിക്കണം എന്ന് അദ്ദേഹം സ്ഥാപിച്ചു. സൊസൈറ്റിക്ക് പ്രോപഗാണ്ട ഫിദെ ഒരിക്കലും അംഗീകാരം നൽകിയില്ല എന്ന് അദ്ദേഹം പറഞ്ഞു. ഈ സേക്രട്ട് കോൺഗ്രിഗേഷന്റെ സെക്രട്ടറിയിലൂടെ പരിശുദ്ധ പിതാവ് നൽകിയ ആജ്ഞ നിറവേറ്റിയിരിക്കുന്നു.'

അങ്ങനെ ബോണിലെ വിശുദ്ധ ജോൺ ദ ബാപ്റ്റിസ്റ്റിന്റെയും വി. പത്രോസിന്റെയും ദേവാലയത്തിലെ വികാരി ഫാ. പൗലുസ് എം.

പറഞ്ഞത് പ്രവചനം പോലെ അക്ഷരാർത്ഥത്തിൽ പൂർത്തീകരിക്കപ്പെട്ടു. ആ പ്രവചനത്തിന്റെ ശക്തി പ്രകടമാക്കുന്നതിന് അതിന്റെ ജർമ്മനിയിലെ മൂലരൂപം താഴെകൊടുത്തിരിക്കുന്നു.

തന്റെ വിചാര ശൂന്യവും വിവേകരഹിതവുമായ പ്രവർത്തികളിലൂടെ അനേകർക്ക് ഉറപ്പ് നൽകി അപകീർത്തി ഉണ്ടാക്കി. ഞങ്ങളുടെ അന്വേഷണങ്ങളിൽ നിന്നും മനസ്സിലായത് അദ്ദേഹം ശരിയായ മാർഗ്ഗങ്ങളിലൂടെ പോയിരുന്നെങ്കിൽ തന്റെ ലക്ഷ്യങ്ങൾ നേടാമായിരുന്നുവെന്നാണ്. അതിനുപകരം അദ്ദേഹം വളഞ്ഞ വഴികളിലൂടെ പോയി; തന്റെ പ്രാദേശിക ബിഷപ്പിന്റെ ന്യായമായ അധികാരത്തിനു വിധേയനാകാതെ ഒഴിഞ്ഞു മാറി. 3 ഭൂഖണ്ഡങ്ങളിൽ യാത്ര ചെയ്തു അനേകം ആളുകളെ കണ്ടു മുട്ടി അനേകം പ്രശ്നങ്ങളെ കൈകാര്യം ചെയ്ത് വേണ്ടത്ര വിജ്ഞാനം നേടിയ ആളാണ് ബൊഡെവിഗ്ഗ്. എങ്കിലും ഒരു റിലീജിയസ് മിഷനറി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് സംബന്ധിച്ച് ബാലപാഠങ്ങൾ അദ്ദേഹം മനസ്സിലാക്കാതെ പോയി. അത് നിർഭാഗ്യകരമെന്നേ പറയാനാവൂ. ആധുനിക ചരിത്രത്തിലെ പരാജിതനായ ഈ മിഷൻ പ്രവർത്തകനെ ഇനി നാം ഉടനെയെങ്ങും കണ്ടുമുട്ടില്ല. ഇദ്ദേഹത്തെ ഞങ്ങൾ വിധിക്കുന്നില്ല. ദൈവത്തിന്റെ മാർഗ്ഗങ്ങൾ മനുഷ്യന്റേതിൽ നിന്ന് വ്യത്യസ്തമാണ് എന്ന ചിന്തയിൽ ഞങ്ങൾ ആശ്വാസം കണ്ടെത്തുന്നു. തിന്മയിൽ നിന്നുപോലും നന്മ പുറപ്പെടുവിക്കുവാൻ ദൈവത്തിനു കഴിയും. നമ്മുടെ ഈ ജോലി പുരോഗമിക്കുമ്പോൾ നാം മനസ്സിലാക്കുക ഇത് സത്യമായിരിക്കും.

അനേകവർഷം ഈശോ സഭയിൽ പരിശീലനം നേടിയ ബെഡെവിഗ്ഗിന് ഒരു സന്യാസ സഭ രൂപീകരിക്കുന്നതിനും കാനോൻ നിയമം വച്ചിട്ടുള്ള നിബന്ധനകൾ അറിഞ്ഞുകൂടായിരുന്നു എന്ന് എങ്ങനെ വിശ്വസിക്കും. ഒരു മിഷൻ സൊസൈറ്റി സ്ഥാപിക്കാനുള്ള ഉപാധികൾ ഇതിലും കർക്കശമാണ്.

തങ്ങളോട് ആലോചിക്കാതെ ബൊഡെവിഗ്ഗ് തന്നിഷ്ട പ്രകാരം പ്രവർത്തിക്കുന്നത് ആർച്ചുബിഷപ്പിനെയും അദ്ദേഹത്തിന്റെ ആഫീസിനെയും എതിർഭാഗത്താക്കി. തന്റെ മിഷനറി സൊസൈറ്റിക്ക് പ്രോപഗണ്ടയുടെ അംഗീകാരമുണ്ടെന്നും പ്രാദേശിക ബിഷപ്പിനെ ഇതിൽ ഇടപെടാൻ അവകാശമില്ലെന്നും തെറ്റിദ്ധരിപ്പിച്ചു കുറെ ഏറെ യുവ

തീയുവാക്കളെ തന്റെ കൂടെ കൂട്ടിയിരുന്നു. ബൊഡെവിഗ്ഗിന് എതിരായി കുറ്റം ചുമത്താൻ ഇത് മതിയായ കാരണമായിരുന്നു. മാത്രമല്ല, തന്റെ പുസ്തകം വിറ്റ് അദ്ദേഹം ധാരാളം പണമുണ്ടാക്കിയിരുന്നു. അതിരൂപതയുടെ ഔദ്യോഗിക അംഗീകാരമല്ലാതെ 'ഇംപ്രീമാത്തൂർ' കൂടാതെ ഇതു അച്ചടിച്ചിറക്കി.

യുവാക്കൾ, പ്രത്യേകിച്ചും മാനസാന്തരപ്പെട്ട യഹൂദൻ ബ്രദർ പൗലുസ് മോറിറ്റ്സ് അദ്ദേഹത്തിന്റെ അനുയായികളായി തുടർന്ന് ഇന്ത്യയിൽ മിഷനറിമാരായി പ്രവർത്തിക്കാനുള്ള അത്യുത്സാഹം അവരെ വഴിതെറ്റിച്ചു. വിവേകരഹിതമായ പ്രവർത്തനത്തിലേക്കു നയിച്ചു. തിരുസഭയുടെ നിയമങ്ങൾ അവർക്ക് അറിയാമായിരുന്നില്ല. സഭ ബൊഡേവഗ്ഗിന്റെമേൽ ചുമത്തിയ 'സെൻഷറിന്റെ പരിണിത ഫലങ്ങൾ എന്താണെന്നും അവർക്കു അറിഞ്ഞുകൂടാ. ഉത്തമ വിശ്വാസത്തിൽ അവർ അദ്ദേഹത്തിന്റെ അനുയായികളായി തുടർന്നു. തങ്ങൾ സ്വപ്നം കാണുന്ന വിദൂരമായ മിഷൻ രംഗത്തേക്കു ഇന്ത്യയിലേക്കു കപ്പൽ കയറുന്ന ദിവസം എത്താൻ അവർ കാത്തിരുന്നു. അങ്ങനെ ഒരു മിഷനറി പ്രസ്ഥാനം ആരംഭിക്കാനുള്ള ബൊഡേവിഗ്ഗിന്റെ ഉദ്യമം സഭയിലെ തന്റെ മേലധികാരികളുമായി നല്ല ബന്ധം സ്ഥാപിക്കാൻ കഴിയാത്തതു കൊണ്ട് പരാജയപ്പെട്ടു. കൊളോണിനെയും റോമിനെയും അദ്ദേഹം പ്രകോപിപ്പിച്ചു. ഈ സാഹചര്യത്തിൽ അദ്ദേഹം ബൽജിയത്തിലെ സങ്കേതത്തിൽ ഒതുങ്ങിക്കൂടി.

# അദ്ധ്യായം III

## അനന്ത തമസ്സിൽ പ്രത്യാശയുടെ ഒരു തീനാളം. ലാഹോറിൽ ഫ്രാൻസിസ്ക്കൻ ടേർഷ്യറി കോൺഗ്രിഗേഷൻ സ്ഥാപിക്കുന്നു

### 1.1 ബിഷപ്പ് ഗോഡ്ഫ്രീഡ് പെൽക്ക്മാൻ രണ്ടു ടേർഷ്യറി സഭകൾ സ്ഥാപിക്കുന്നു

ബൊഡെവിഗ്ഗിന്റെ സംഘത്തിനു ഢാക്കയിൽ എന്തു സംഭവിച്ചു എന്നത് സംബന്ധിച്ച് നമുക്ക് അല്പമൊക്കെ അറിയാം. നമുക്കു ലാഹോറി ലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം. ഇവിടെ ബിഷപ്പ് പെൽക്ക്മാൻ സംഘത്തിൽപ്പെട്ട പതിനൊന്നുപേരെ തടഞ്ഞുവെച്ചു. ഈ സംഘത്തിനും ബൊഡെവിഗ്ഗ് അത്യാവശ്യം വേണ്ട സൗകര്യങ്ങൾ നല്കി

യിരുന്നില്ല. ലാഹോർ ബിഷപ്പിന് കൊടുക്കാമെന്നു പറഞ്ഞിരുന്ന പണം ബൊഡെവിഗ്ഗ് സംഘത്തിനൊപ്പം കൊടുത്തയച്ചില്ല. ലയൺസിലെ തന്റെ സുഹൃത്തിന് ബിഷപ്പ് പെൽക്കുമാൻസ് എഴുതി.

'ഈ ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും യാത്രയ്ക്കും ചെലവിനും (ഭക്ഷണത്തിനും) ആവശ്യമായ പണം കൊടുത്തയയ്ക്കുമെന്ന് ബൊഡേവിഗ്ഗ് വാഗ്ദാനം ചെയ്തിരുന്നു. എങ്കിലും കൈയിൽ ഒന്നുമില്ലാതെയാണ് അവർ ഇവിടെ എത്തിയത്. അവർക്കു ചെലവിനു കൊടുക്കുക രൂപതയ്ക്ക് ഒരു ഭാരമായിരിക്കുകയാണ്. സ്വയം ചെലവിനുള്ള വക കണ്ടെത്തിക്കൊള്ളണം എന്ന ഉപാധിയിന്മേലാണ് ഞാൻ അവരെ സ്വീകരിച്ചത്. ഇവരുടെ സ്ഥാപകൻ വാഗ്ദാനം ചെയ്തിരുന്നത് ഇവർവശം ഒരു ലക്ഷം മാർക്ക് കൊടുത്തയയ്ക്കും എന്നായിരുന്നു.

തന്റെ വാഗ്ദാനം നിറവേറ്റാൻ ബൊഡേവിഗ്ഗിനു കഴിയാതെ പോയത് എന്തുകൊണ്ട് എന്ന് അന്വേഷിക്കുന്നത് രസകരമായിരിക്കും. കൊളോൺ ആർച്ച് ഡയോസിസുമായുള്ള തർക്കം മൂർച്ഛിച്ച സമയം കൊളോണിലെ അതിരൂപത ആഫീസ് ഈശോസഭ വിട്ടുവന്ന ആ രൂപതയിൽ ചേർന്ന ഈ വൈദികനെതിരെ ക്രിമിനൽ കുറ്റത്തിന് കേസ് കൊടുത്തിരുന്നു. ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഒരു മിഷനറി സൊസൈറ്റിക്കാണ് എന്നു പറഞ്ഞ ബൊഡേവിഗ്ഗ് സംഭാവന സ്വീകരിച്ചിരുന്നു. പണം ശേഖരിച്ചിരുന്നു. ആർച്ചു ബിഷപ്പിന്റെ അനുവാദം കൂടാതെയാണ് ഇതു ചെയ്തത്. മിഷനെപ്പറ്റി ലഘുലേഖ എഴുതിവിറ്റ് അനധികൃതമായി പണം ഉണ്ടാക്കിയിരുന്നു. അതുകൊണ്ട് ബൊഡേവിഗ്ഗ് റൈൻസ്ക് ഫോൾക്സ് ബാങ്കിൽ നിക്ഷേപിച്ചിരുന്ന തുക പിൻവലിക്കുന്നത് തടയാൻ അതിരൂപത നടപടി എടുത്തു. അതിരൂപതയിലെ വിശ്വാസികൾക്കു മിഷൻ പ്രവർത്തനത്തിലുള്ള താല്പര്യം ചൂഷണം ചെയ്തു ബൊഡെവിഗ്ഗ് പണം പിരിച്ചു എന്നായിരുന്നു ആരോപണം. ഈ സാഹചര്യത്തിൽ തന്റെ ഇരുപത്തിരണ്ടംഗ മിഷൻ സംഘത്തെ വെറുംകൈയോടെ ഇന്ത്യയിലേക്ക് അയയ്ക്കാനേ ബൊഡേവിഗ്ഗിനു കഴിയുമായിരുന്നുള്ളൂ.

തന്റെ രൂപതയിലെത്തിയ ബൊഡെവിഗ് സംഘത്തിന്റെ പ്രശ്നം പരിഹരിക്കാൻ ലാഹോർ ബിഷപ്പ് പെൽക്മാൻസിനു ഢാക്കാ ബിഷപ്പിന്റേതിനേക്കാൾ കുറേക്കൂടി മെച്ചപ്പെട്ട ഒരുപരിപാടി ഉണ്ടായിരുന്നു. ബൊഡേവിഗ്ഗുമായി യാതൊരു ഇടപാടും വേണ്ട എന്ന റോമിന്റെ നിർദ്ദേശം എത്തുന്നതിനു മുമ്പ്തന്നെ തന്റെ രൂപതയിൽ എത്തിയ ബ്രദേഴ്സിനെയും സിസ്റ്റേഴ്സിനെയും രണ്ട് വ്യത്യസ്ത ഫ്രാൻസി

സ്കൻ ടേർഷ്യകളാക്കുക എന്ന ആശയം അദ്ദേഹത്തിനു ഉണ്ടായിരുന്നു. ആ കാലയളവിൽ അദ്ദേഹം ലയൺസിലെ തന്റെ സുഹൃത്തിനയച്ച ഒരു കത്തിൽ നാം വായിക്കുന്നു.

'മിഷനറി സൊസൈറ്റിയുടെ സ്ഥാപകൻ ബൊഡേവിഗ്ഗിന് കൊളോൺ ആർച്ചു ബിഷപ്പുമായി ഗുരുതരമായ പ്രശ്നമുണ്ട് എന്ന് തോന്നുന്നു. അദ്ദേഹത്തിന്റെ സൊസൈറ്റിയിലെ അംഗങ്ങൾ എന്റെ രൂപതയിൽ എത്തിക്കഴിഞ്ഞു. അദ്ദേഹത്തിന്റെ സൊസൈറ്റിക്കു പ്രോപ ഗാണ്ട അംഗീകാരം നല്കിയില്ല. പ്രോപഗാണ്ടയുമായി ചർച്ച നടത്താൻ അദ്ദേഹം റോമിലേക്കു പോയിരിക്കുകയാണ് എന്ന് തോന്നുന്നു. എന്റെ രൂപതയിലെ പതിനൊന്നംഗങ്ങളെ ഒരു ഫ്രാൻസിസ്ക്കൻ ടേർഷ്യറി ആക്കാൻ ഞാൻ ആലോചിക്കുന്നു. ഇതിനുള്ള അനുവാദത്തിനായി ഞാൻ റോമിലേക്ക് എഴുതിയിട്ടുണ്ട്."

പെൽക്ക്മാൻസിനു റോമിൽ നിന്നു എന്തു മറുപടിയാണ് കിട്ടി യത്? ബൊഡെവിഗ് ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും പ്രശ്നം പരിഹരിക്കാൻ ഇദ്ദേഹം സ്വീകരിച്ച മാർഗ്ഗം കാർഡിനൽ ഫ്രിഫെക്റ്റ് ലെഡൊക്കോസ്കിക്ക് വളരെ സ്വീകാര്യമായി തോന്നി. അദ്ദേഹം എഴുതി:

"താങ്കളുടെ രൂപതയിലെ ബൊഡെവിഗ്ഗ് ബ്രദേഴ്സിനെയും സിസ്റ്റേഴ്സിനെയും സംബന്ധിച്ചു താങ്കൾ പറഞ്ഞ നല്ല കാര്യങ്ങൾ കേട്ടതിനുശേഷം താങ്കളുടെ രൂപതയിൽ സ്ത്രീകൾക്കും പുരുഷ ന്മാർക്കും സൊസൈറ്റി ഓഫ് ദ ഫ്രാൻസിസ്ക്കൻ ടേർഷ്യറി റഗുലേഴ്സ് സ്ഥാപിക്കാനുള്ള താങ്കളുടെ ആശയത്തിന് ഈ സേക്രഡ് കോൺഗ്രി ഗേഷൻ സസന്തോഷം അംഗീകാരം നൽകുന്നു.

ലിയോ 10-ാമൻ മാർപ്പാപ്പ നല്കിയ "ചട്ടങ്ങൾ" ഇവർക്കു ബാധ കമായിരിക്കും. ഈ സൊസൈറ്റിയിൽ നേരത്തേ ഉണ്ടായിരുന്ന സൊസൈറ്റിയിലെ ബ്രദേഴ്സിനെയും സിസ്റ്റേഴ്സിനെയും ചേർക്കാ വുന്നതാണ്. ഇക്കാരണത്താൽ സേക്രഡ് കോൺഗ്രിഗേഷൻ ഓഫ് പ്രൊപഗാണ്ട അങ്ങേയ്ക്ക് ആവശ്യമായ അധികാരങ്ങൾ നല്കിയിരി യ്ക്കുന്നു."

ബൽജിയത്തിലെ തന്റെ പ്രൊവിൻഷ്യലായ ജോവന്നസ് ബാപ്റ്റി സ്റ്റുവാൻ മീറിയിൽ നിന്നും തന്റെ സഭയുടെ റോമിലെ ജനറൽ ഫാ. ബർണാർഡ് വോൺ ആൻസെർ മാറ്റിൽ നിന്നും ആവശ്യമായ അനു വാദങ്ങൾ നേടാൻ ബിഷപ്പ് പെൽക്ക്മാൻസ് ശ്രദ്ധിച്ചിരുന്നു. ഇക്കാര്യം അദ്ദേഹം ഡെലഗേറ്റ് അപ്പസ്തോലിക് സലെസ്കിയെയും അറിയിച്ചി

രുന്നു. ഇദ്ദേഹവും തന്റെ രൂപതയിൽ രണ്ട് ടേർഷ്യറി കോൺഗ്രിഗേഷനുകൾ സ്ഥാപിക്കുന്നതിൽ ബിഷപ്പിനെ അനുകൂലിച്ചു. പ്രധാനമായും ബൽജിയൻ മിഷനറിമാർ പണിയെടുക്കുന്ന ഒരു പ്രദേശത്ത് ഒരു ജർമ്മൻ ടേർഷ്യറി കോൺഗ്രിഗേഷൻ സ്ഥാപിക്കുന്നത് വിവേകപൂർവ്വമായിരിക്കുമോ എന്നു സംശയം  പ്രൊവിൻഷ്യൽ തന്റെ മറുപടി കത്തിൽ ഉന്നയിച്ചിരുന്നു.  പുതുതായി മിഷനിൽ ആളുകളെ ചേർക്കുക സാദ്ധ്യമായിരുന്നതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പറഞ്ഞത്. 1901-ൽ കപ്പൂച്ചൻ ജനറലിനയച്ച റിപ്പോർട്ടിൽ മിഷൻ സുപ്പീര്യർ റഗുലർ ഫാ. എഡ്വേർഡ് വാൻ ടേൺ ഹൗട്ടും ഇതേ സംശയവും ആശങ്കയും പ്രകടിപ്പിച്ചു.

ബൊഡെവിഗ്ഗുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിച്ചശേഷം ബ്രദേഴ്സിനെയും സിസ്റ്റേഴ്സിനെയും തേർഡ് ഓർഡർ റഗുലർ ഓഫ് സെന്റ് ഫ്രാൻസിസിൽ ചേർക്കാൻ ബിഷപ്പ് നടപടികൾ സ്വീകരിച്ചു. റോമിൽ നിന്ന് ആവശ്യമായ അനുവാദങ്ങൾ വാങ്ങിയശേഷം ഇവർ വ്രതവാഗ്ദാനം നടത്തിയിട്ടില്ലാത്തതിനാലും ജർമ്മൻ കോൺഗ്രിഗേഷനുമായുള്ള ബന്ധം വേർപെടുത്തിയിരുന്നതിനാലും ബിഷപ്പ് ഈ നടപടി സ്വീകരിച്ചു. എന്നാൽ ഈ കോൺഗ്രിഗേഷൻ  ഇപ്പോൾ യൂറോപ്പിൽ നിലവിലുളള ഏതെങ്കിലും കോൺഗ്രിഗേഷന്റെ ഔദ്യോഗിക അംഗമല്ലാത്തതിനാലും ഇവിടെ പുതിയ അംഗങ്ങളെ ചേർക്കുന്നതിന് സൗകര്യമില്ലാത്തതിനാലും അംഗങ്ങളില്ലാതെ ഈ സഭ ഇല്ലാതാകും എന്ന് നമുക്ക് മുൻകൂട്ടി കാണാവുന്നതാണ്."

പ്രോപഗാണ്ടയിൽ നിന്നും ബൊഡെവിഗ്ഗ് സൊസൈറ്റി പിരിച്ചുവിട്ടു എന്ന വിവരം ലഭിച്ച ഉടൻ ബിഷപ്പ് പെൽക്ക്മാൻസ് ഇതു തന്റെ രൂപതയിലെ ബ്രദേഴ്സിനെയും സിസ്റ്റേഴ്സിനെയും അറിയിച്ചു. ആ നിമിഷം തൊട്ട് തങ്ങൾക്ക് ബൊഡേവിഗ്ഗുമായി യാതൊരു ബന്ധവുമില്ല എന്ന് അവരെല്ലാം പ്രഖ്യാപിച്ചു.  ഇതു വാക്കാലും രേഖാമൂലവും അവർ ബിഷപ്പിന് ഒരഭ്യർത്ഥന നല്കി. അദ്ദേഹത്തിന്റെ രൂപതയിൽ തങ്ങാനും അദ്ദേഹത്തിന്റെ കീഴിൽ രൂപതയിലെ തദ്ദേശവാസികൾക്കിടയിൽ പ്രവർത്തിക്കാനും അനുവദിക്കണമെന്ന് അവരെല്ലാം സൽസ്വഭാവികളാണ് എന്നു ഉത്തമബോധം ഉണ്ടായിരുന്നതുകൊണ്ട് അദ്ദേഹം ലിയോ 10-ാമാർപ്പാപ്പയുടെ ചട്ടങ്ങൾ അനുസരിച്ചുള്ള രണ്ട് ഫ്രാൻസിസ്കൻ ടേർഷ്യറി കോൺഗ്രിഗേഷൻസ് സ്ഥാപിച്ചു. ഒരു സഹോദരൻ യൂറോപ്പിലേക്കു മടങ്ങിയപ്പോൾ ബോഡെവിഗ്ഗിന് പുതിയ കോൺഗ്രിഗേഷനുകൾ തുടങ്ങിയത് സംബന്ധിച്ച് വിവരം ലഭിച്ചു.

പിൽക്കാലത്ത് ബൊഡേവിഗ്ഗ് തന്റെ ഓർമ്മക്കുറിപ്പിൽ എഴുതിയത് ലാഹോറിലെ കപ്പൂച്ചിൻ ബിഷപ് തന്റെ ബ്രദേഴ്സിനും കപ്പൂച്ചിൻ പേരുകൾ നല്കി. കപ്പൂച്ചിൻ സഭാവസ്ത്രവും നല്കി. മൂന്നു ദിവസത്തെ ധ്യാനത്തിനുശേഷം അവരെ ഒരു കപ്പൂച്ചിൻ കോൺഗ്രിഗേഷൻ ആക്കി എന്നാണ്. ഈ രണ്ട് സഭകളിലെയും അംഗങ്ങൾ ഏറെക്കാലം നോവീസുകൾ ആയി തുടർന്നു എന്നതും ശ്രദ്ധേയമാണ്. 1 901 വരെ ഈ അവസ്ഥ തുടർന്നു. അതിനുശേഷം അവരെ പുനഃസംഘടിപ്പിച്ച് ബിഷപ്പ് പെൽക്ക്മാൻസ് ഔദ്യോഗികമായി അവരെ രൂപതാടിസ്ഥാനത്തിലുള്ള ഒരു സഭയാക്കി.

## 1.2 ടേർഷ്യറി ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ശരിയായി സ്ഥാപിച്ച കോൺഗ്രിഗേഷനിൽ ചേരുന്നു

ബൽജിയത്തിലെ മിഷൻ സുപ്പീര്യർ റഗുലറിന്റെയും പ്രൊവിൻഷ്യലിന്റെയും ഭയാശങ്കകൾ അടിസ്ഥാനരഹിതമായിരുന്നില്ല. ശരിയായിരുന്നു എന്നു തെളിഞ്ഞോ? ഉത്തരം തെളിഞ്ഞു എന്നും തെളിഞ്ഞില്ല എന്നു മാകാം. ഏറെ ബുദ്ധിമുട്ടുകൾ സഹിച്ചും വെല്ലുവിളികൾ നേരിട്ടും പുരുഷവിഭാഗം അതിജീവിച്ചു. അങ്ങനെ ഭയാശങ്കകൾ യാഥാർത്ഥ്യമായില്ല എന്നു പറയാം. ലാഹോർ രൂപതയിലല്ലെങ്കിൽ മറ്റുസ്ഥലങ്ങളിൽ അവർ നിലനിന്നു. സിസ്റ്റേഴ്സിന്റെ സംഘത്തിൽപ്പെട്ടവർ നിയമാനുസൃതം സ്ഥാപിച്ച മറ്റു സന്യാസസമൂഹങ്ങളിൽ ചേർന്നു. അവരുടെ മുൻസമൂഹം പിരിച്ചുവിടപ്പെട്ടു.

ലഭ്യമായ രേഖകളിൽ നിന്നു മനസ്സിലാകുന്നത് സിസ്റ്റേഴ്സ് ആറു പേരും ബിഷപ്പ് പെൽക്ക്മാൻസ് സ്ഥാപിച്ച ടേർഷ്യറി കോൺഗ്രിഗേഷനിൽ ചേർന്നു എന്നാണ് ഈ നാട്ടുകാരായ പെൺകുട്ടികൾക്കുവേണ്ടി സ്ഥാപിച്ച സെന്റ് ജോസഫ്സ് ഓർഫനേജ് നടത്താനാണ് ബിഷപ് പെൽക്ക്മാൻസിന് സിസ്റ്റേഴ്സിനെ ആവശ്യമായിരുന്നത്. ഫ്രാൻസിസ് ഓഫ് അസ്സീസി അനാഥശാല ബ്രദേഴ്സിനെ ഏല്പിക്കാനും ബിഷപ് ഉദ്ദേശിച്ചിരുന്നു. ടേർഷ്യറി കോൺഗ്രിഗേഷൻ സ്ഥാപിച്ചശേഷം ബിഷപ് ചെയ്തതു ഇതു തന്നെയാണ്. തദ്ദേശവാസികളായ ആൺകുട്ടികൾക്കായുള്ള അനാഥശാലയിലേക്കു ബ്രദേഴ്സിനെ അയച്ചു. അവരെ സഹായിക്കാൻ അവർക്കു മാർഗ്ഗനിർദ്ദേശം നല്കാൻ ഫാ. ലീവിൻ വാൻഗ്രിമ്മിംഗിനെയും ബ്രദർ കോൺസ്റ്റാൻഷ്യസ് വാൻ ആസ്കെയെയും നിയോഗിച്ചു. ഇതേരീതിയിൽ ടേർഷ്യറി സിസ്റ്റേഴ്സിനെ സെന്റ് ജോസഫ്സ് ഓർഫനേജിലേക്ക് അയച്ചു. ഇത് അപ്പോൾ ആംഗ്ലിക്കൻ സഭയിൽ നിന്ന് കത്തോലിക്കാ സഭയിലേക്ക് വന്ന ഡോ. എലിസ

ബത്ത് ബീൽബിയുടെ കീഴിലായിരുന്നു. ഈ സ്ത്രീ സ്വന്തം പണം കൊടുത്ത് തോൺറ്റൻ റോഡിലെ വസ്തു വാങ്ങി അത് മിഷന്റെ ഉപ യോഗത്തിനായി വിട്ടുകൊടുത്തു. ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറി സിസ്റ്റേഴ്സിനെയും ഡോ. ബീൽബിയുടെ കീഴിലാക്കി. കാരണം, ആ സ്ത്രീ സമ്പന്നയായിരുന്നു, സാമ്പത്തിക ക്ലേശം അനുഭവിച്ചിരുന്ന സിസ്റ്റേഴ്സിനു ചെലവിനു കൊടുക്കാൻ അവർക്കു പ്രയാസമുണ്ടായി രുന്നില്ല. സെന്റ് ജോസഫ് അനാഥശാലയുടെ നടത്തിപ്പു കോൺഗ്രി ഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ് ഓഫ് മെരിയിൽ നിന്നും എടുത്തു മാറ്റി യാണ് ഇവർക്കു കൊടുത്തത്. ഈ അനാഥശാലയുടെ സ്ഥാപകർ അവരായിരുന്നു. മിഷനെ സാമ്പത്തികമായി ഏറെ സഹായിച്ച ഡോ. ബീൽബിയെപ്പറ്റി ബിഷപ്പിനു വലിയ മതിപ്പായിരുന്നു. അതുകൊണ്ടാണ് അനാഥശാലയുടെ നടത്തിപ്പ് അവരെ അല്പിച്ചത്. പിൽക്കാലത്തു ഈ സ്ഥാപനത്തിന്റെ നടത്തിപ്പ് സിസ്റ്റേഴ്സ് ഓഫ് ചാരിറ്റിയെ ഏല്പിച്ചു. ഈ രണ്ട് മാറ്റങ്ങളും മിഷൻ സുപ്പീര്യർ റഗുലറും ബിഷപ്പും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടാകാൻ കാരണമായി. ആ സമയം ലാഹോ റിൽ ഉണ്ടായിരുന്ന സിസ്റ്റേഴ്സ് ഓഫ് ജീസസ് ആർഡ് മേരിയുടെ മദർ സൈമൺ പീറ്റേഴ്സ് ഇത് സംബന്ധിച്ച് യൂറോപ്പിലെ മദർ ജനറ ലിന് ദീർഘമായ ഒരു റിപ്പോർട്ട് നല്കി. ഡാ. എലിസബത്ത് ബീൽബി യുടെ മേൽനോട്ടത്തിലുള്ള സെന്റ് ജോസഫ്സ് ഓർഫനേജിൽ പണി യെടുക്കുന്ന ജർമ്മൻ ടേർഷ്യറി സിസ്റ്റേഴ്സിനെപ്പറ്റിയും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

ലാഹോറിൽ വന്ന ആറ് സിസ്റ്റേഴ്സ് ദരിദ്രരും അക്ഷരാഭ്യാസം ഇല്ലാത്തവരും തൊഴിലാളി വർഗ്ഗത്തിൽപ്പെട്ടവരുടെ കുടുംബത്തിൽ നിന്നുള്ളവരും ആയിരുന്നു. സന്യാസജീവിതത്തിൽ അവർക്കു യാതൊരു പരിശീലനവും ലഭിച്ചിരുന്നില്ല. അവർ ഇവിടെ എത്തിയ പ്പോൾ അവർക്കു മനസ്സിലായി. തങ്ങളുടെ നിത്യചെലവിന് യാതൊരു സംവിധാനവും ഒരുക്കിയിരുന്നില്ല എന്ന്. കഷ്ടിച്ചു രണ്ടു സെറ്റ് വസ്ത്ര ങ്ങൾ മാത്രം ഉണ്ടായിരുന്നു. അവർക്കറിയാവുന്ന ഒരു ജർമ്മൻ പ്രാദേ ശിക ഭാഷയിൽ മാത്രമേ അവർക്കു സംസാരിക്കാൻ കഴിഞ്ഞുള്ളൂ. രണ്ടുപേർ ജർമ്മനിയിലേയ്ക്ക് മടങ്ങിപ്പോയിക്കഴിഞ്ഞിരുന്നു.

സെന്റ് ജോസഫ് അനാഥശാലയിൽ ഉണ്ടായിരുന്ന പെൺകുട്ടി കളെ കൂടാതെ ഡോ. എലിസബത്ത് ബീൽബി ക്രൈസ്തവ മാതാക്ക ന്മാരിൽ നിന്നും പത്ത് കുട്ടികളെ സംഘടിപ്പിച്ചിരുന്നു. ലഖ്നൗവിൽ ക്ഷാമം കൊണ്ട് വലഞ്ഞ ഇരുപതുകുട്ടികളെയും കൂട്ടിയിരുന്നു.

അവർക്കു ജർമ്മൻ സംസാരിക്കാൻ കുറച്ചൊക്കെ കഴിയുമായിരുന്നു. അവർ ഒരു സന്യസ്തർ ആയിരുന്നില്ലെങ്കിലും ജർമ്മൻ ടേർഷ്യറി സിസ്റ്റേഴ്സിന് സ്വന്തം സുപ്പീര്യർ ഇല്ലായിരുന്നതുകൊണ്ട് അവരുടെ സുപ്പീര്യർ ആയി പ്രവർത്തിച്ചു. ആദ്യകാലത്ത് ബിഷപ്പിനും മിഷൻ സുപ്പീര്യർക്കും ടേർഷ്യറി സിസ്റ്റേഴ്സിനെപ്പറ്റി വളരെ നല്ല അഭിപ്രായ മായിരുന്നു. ഇവർ പൂർണ്ണമായും ലാഹോർ മിഷൻ അതോറിറ്റീസിനെ ആശ്രയിച്ചാണ് കഴിഞ്ഞിരുന്നത്. ആ കാലഘട്ടത്തിൽ ബിഷപ്പ് ലയൺസിലെ തന്റെ സുഹൃത്ത് മോയ്സേക്ക് എഴുതിയ രണ്ട് കത്തു കളിൽ ടേർഷ്യറുകളുടെ സേവനത്തെ ഹാർദ്ദവമായി അഭിനന്ദിക്കുന്ന തുണ്ട്. അനാഥശാലയുടെ നടത്തിപ്പുകൾ ടേർഷ്യറുകളെ ഏൽപിച്ചതിൽ സന്തുഷ്ടരായിരുന്നില്ലെങ്കിലും മിഷൻ സുപ്പീര്യർ റഗുലർ ഫാ. എഡ്വേർഡ് വാർട്രൺഹൗട്ട് സെന്റ് ജോസഫ്സ് ഓർഫനേജിലെ ടേർഷ്യറിമാരെ അദ്ദേഹം പ്രശംസിച്ചു. 1896 റോമിലെ ഫാ. ജനറലിന് അയച്ച ഒരു കത്തിൽ അദ്ദേഹം എഴുതി. പെൺകുട്ടികളുടെ അനാഥാ ലയം ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറി സിസ്റ്റേഴ്സിനെ ഏല്പി ക്കുക വഴി ഈ സ്ഥാപനത്തിന് ഒരു പുതിയ ഉണർവ്വ് നല്കിയിരുന്നു.

എന്നാൽ ആദ്യകാലത്തെ ഈ അത്യുത്സാഹം ഏറെനാൾ നീണ്ടുനിന്നില്ല. ഫാ. ലിയോ നിനോവ് പറയുന്നത് അനുസരിച്ച് സന്യസ്തർ അല്ലാത്തവർ തങ്ങളുടെ മേൽ അധികാരം നടത്തുന്നതു ജർമ്മൻ സിസ്റ്റേഴ്സിന് ഇഷ്ടമായില്ല. മദർ സൈമൺ പീറ്റേഴ്സ് പറ യുന്നത് ഇവരെ നോക്കുന്നത്. ഡോ. ബീൽബിക്ക് ഏറെ പ്രയാസ മുള്ള ഒരു കാര്യമായിരുന്നു എന്ന് നിർഭാഗ്യകരമെന്ന് പറയട്ടെ, കാര്യ ങ്ങൾ നേരേ ആകാനാകാത്തവിധം അത്രയ്ക്കു വഷളായി. ഇവരെ പറഞ്ഞുവിടാൻ ബിഷപ്പ് പെൽക്ക്മാൻസ് ആലോചിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈ സിസ്റ്റേഴ്സ് വേണ്ടത്ര വിവരമില്ലാത്തവരും തങ്ങളെ ഏല്പിച്ച ജോലി ചെയ്യാൻ വേണ്ട പക്വത ഇല്ലാത്തവരും ആയിരുന്നു. വൈരുദ്ധ്യം നിറഞ്ഞ ഈ ചുറ്റുപാടുകളിൽ നിന്ന് എങ്ങനെ രക്ഷപ്പെടാം എന്നാണ് ജർമ്മൻ സിസ്റ്റേഴ്സ് ആലോചിച്ചത്. ശരിക്കും നടക്കുന്ന ഏതെങ്കിലും സഭയിൽ ചേരാനായിരുന്നു അവ രുടെ ആഗ്രഹം. അവസാനം അവർ സെന്റ് ജോസഫ് ഓർഫനേജ് കൈയൊഴിഞ്ഞു. തോണടൺ റോഡ് ലാഹോറിലെ ഈ സ്ഥാപനം 1897 ഒക്ടോബർ അവസാനം അവർ കൈയ്യൊഴിഞ്ഞു. ഇവർക്കുപ കരം ഗെൻഡിലെ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി നടത്തിപ്പുകാരായി ഇവർ ലാഹോറിൽ എത്തിയത് 1897 ഒക്ടോബർ 29-ാം തീയതി ആയിരുന്നു.

ശരിയായ രീതിയിൽ സ്ഥാപിച്ച ഏതു സന്യാസസഭയിലാണ് ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറി സിസ്റ്റേഴ്സിന് ചേരാമായിരുന്നത്? ഞങ്ങളുടെ ഗവേഷണം ഞങ്ങളെ എത്തിച്ചത് സിസ്റ്റേഴ്സിനെ സെന്റ് ജോസഫ് ഓഫ് ചാംബെറിയുടെ പ്രോവിൻസ് ആർക്കൈവ്സിലാണ്. ഇവർ നേരത്തേ അറിയപ്പെട്ടിരുന്നത് സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ഓഫ് കസന്റ് ജാൻ ഡി മോർട്ടിയേൻ കാമ്പറ്റീ, നാഗ്പൂരിൽ ആണ്. പ്രൊവിൻഷ്യൻ ഹൗസിലെ ബുക്ക് ഓഫ് ക്രോണിക്കിൾസിൽ പ്രൊവിൻഷ്യൻ മദർ മാർഗ്ഗരീറ്റ മറിയയുടെ നിരവധി നേട്ടങ്ങളിൽ ഒന്നായി രേഖപ്പെടുത്തിയിരിക്കുന്നത് ദൈവപരിപാലനയിൽ ഏതാനും സിസ്റ്റേഴ്സ് അവരുടെ അടുത്തേക്കു അയയ്ക്കപ്പെട്ടു എന്നാണ്. തങ്ങളുടേതല്ലാത്ത കുറ്റത്തിനാൽ തിരുസഭ പിരിച്ചുവിട്ട ഒരു സന്യാസ സമൂഹത്തിലെ അംഗങ്ങളായിരുന്നു അവർ. അവരുടെ പേരുവിവരം സിസ്റ്റർ ചാരീസ്, ഓർഗനിസ്റ്റ്, സിസ്റ്റർ മാഗ്ഡലീൻ, കഠിനമായി അദ്ധ്വാനിക്കുന്ന ഒരു തുണ സഹോദരി സിസ്റ്റർ  ആൻ ജോസഫും സിസ്റ്റർ എലിസബത്തും രണ്ടു പേരും നഴ്സുമാർ, സിസ്റ്റർ സെസിലീ, കൊച്ചു കുട്ടികൾക്ക് ഏറെ ഇഷ്ടപ്പെട്ട ഒരു സിസ്റ്റർ, സിസ്റ്റർ മേരി ഫ്രാൻസിസ്.

### 1.3 ടേർഷ്യറി കോൺഗ്രിഗേഷൻ ഓഫ് ബ്രദേഴ്സ് ലാഹോറിലെ വി. ഫ്രാൻസിസ് ഓഫ് അസീസി അനാഥാലയത്തിൽ

ഇതുവരെ നാം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതു ടേർഷ്യറി സിസ്റ്റേഴ്സിൽ ആയിരുന്നു.  ഇനി നമുക്ക് ജർമ്മൻ ടേർഷ്യറി ബ്രദേഴ്സിനെ എന്ത് സംഭവിച്ചു എന്നു നോക്കാം. സമകാലിക രേഖകളിൽ നിന്നു വി. ഫ്രാൻസിസ് ഓഫ് അസ്സീസി ഓർഫനേജിലേക്കയച്ച ബ്രദേഴ്സിനെ പറ്റി ചില വിവരങ്ങൾ ലഭിക്കും. അവർ എത്രപേർ ഉണ്ടായിരുന്നു? മൂന്നോ നാലോ പേർ. ഇതിനുള്ള തെളിവു ബൊഡേവിഗ്ഗ് തന്റെ ഓർമ്മക്കുറിപ്പിൽ പറയുന്നതാണ് - ഒന്നോ രണ്ടോ പേർ ജർമ്മനിയിൽ ബോഡെവിഗ്ഗിന്റെ അടുത്തേക്കു മടങ്ങിചെന്നു എന്നു പറയുന്നു. ആകെ അഞ്ചുപേരേ ഉണ്ടായിരുന്നുള്ളൂ. എന്നു നാം കണ്ടതാണല്ലോ. ഇവർക്കെല്ലാം ബിഷപ്പ് പെൽക്കുമാൻസ് ടേർഷ്യറി നോവിസുമാരായി സഭാവസ്ത്രം നല്കിയിരുന്നു. ഈ ചടങ്ങ് നടന്നത് ലാഹോറിലെ ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ പ്രോ കത്തീഡ്രലിൽ ആയിരുന്നു. തീയതി 1896 മാർച്ച് അല്ലെങ്കിൽ ഏപ്രിൽ 1 ബെഡെവിഗ്ഗും മിഷൻ സുപ്പീര്യർ റഗുലറും ഇതു സാക്ഷ്യപ്പെടുത്തുന്നു. അവരുടെ പേരും മറ്റുവിവരങ്ങളും സംബന്ധിച്ച് താഴെ കൊടുക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കാം. പലതും ഊഹം മാത്രമാണ്. രേഖകൾ ലഭ്യമല്ല. അവരിൽ ഒരാൾ

സ്വാഭാവികമായും ബ്രദർ നിക്കൊളാസ് ഹോൻ ആയിരുന്നു. പരാജയപ്പെട്ട മിഷനറി ദൗത്യത്തിന്റെ പ്രിഫെക്റ്റായിരുന്ന ഇദ്ദേഹം. ആന്റണി മുള്ളുർ, മിഷനറി ദൗത്യത്തിന്റെ ചരിത്രം എഴുതിയ ആൾ. ഒരു ബ്രദർ റോക്കസ് ഗോട്ട്ലർ. ഇദ്ദേഹം പിൽക്കാലത്ത് കോൺഗ്രിഗേഷനിൽ ഒരു പ്രധാന പങ്കുവഹിച്ചു. നൊവിഷ്യേറ്റ് ദീർഘകാലമായിരുന്നതു കൊണ്ട് അവർക്കു പലതവണ വന്നുപോകാൻ കഴിയുമായിരുന്നു.

മിഷൻ സുപ്പീര്യർ റഗുലർ ഫാദർ എഡ്വേർഡ് വാൻ ട്രൺ ഹൗട്ട് പറയുന്നു, ബ്രദേഴ്സ് മിക്കവരും യൂറോപ്പിലേക്കു മടങ്ങിപ്പോയി അവസാനം അവരിൽ രണ്ടുപേർ മാത്രമേ ശേഷിച്ചുള്ളൂ എന്ന്. ഇവരിൽ ഒരാൾ മരിച്ചതായി അറിയാം. 1899-ലെ മദ്രാസ് കാത്തലിക്ക് ഡയറക്ടറി ഫ്രാൻസിസ് ഓഫ് അസ്സീസ്സി ഓർഫനേജിൽ എത്ര ടേർഷ്യറി ബ്രദേഴ്സ് ഉണ്ടായിരുന്നു എന്നു പറഞ്ഞിട്ടുണ്ട്. അവിടെ മൂന്ന് ബ്രദേഴ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ആൾബലം വളരെ കുറവായിരുന്നിട്ടും ഈ ബ്രദേഴ്സ് ലാഹോറിലെ അനാഥരായ കുട്ടികളെ അർപ്പണബോധത്തോടെ അന്വേഷിച്ചു, ശുശ്രൂഷിച്ചു. 1896-1897 കാലത്തുണ്ടായ ക്ഷാമത്തിൽ ദുരിതമനുഭവിച്ചവർക്കും സേവനം അനുഷ്ഠിച്ചു. ടേർഷ്യറി കോൺഗ്രിഗേഷൻ സ്ഥാപിക്കുക വഴി ബിഷപ്പ് പെൽക്ക്മാൻസിന്റെ ഉദ്ദേശം ഈ ബ്രദേഴ്സിനെ ഓർഫനേജിന്റെ സ്റ്റാഫിൽ അംഗങ്ങളാക്കുക എന്ന ഉദ്ദേശം സഫലമാക്കാൻ ബിഷപ്പ് ആഗ്രഹിച്ചു. ആൺകുട്ടികൾക്കായുള്ള അനാഥാലയമാണ് ടേർഷ്യറി ബ്രദേഴ്സിനെ ഏല്പിക്കാൻ ഉദ്ദേശിച്ചത്. ഈ കാലയളവിൽ അനാഥശാലയിൽ ഏകദേശം നൂറുകുട്ടികൾ ഉണ്ടായിരുന്നു. ഈ സ്ഥാപനത്തോടും ചേർന്നു ഒരു പ്രാഥമിക വിദ്യാലയവും ഉണ്ടായിരുന്നു. പിൽക്കാലത്തു അനാഥാലയത്തിന്റെ നടത്തിപ്പ് പൂർണ്ണമായും ബിഷപ്പ് ടേർഷ്യറി ബ്രദേഴ്സിനെ ഏല്പിച്ചു. ഈ നടപടി മിഷൻ സുപ്പീര്യർ ഖഗുലറിനെ വളരെയധികം നിരാശപ്പെടുത്തി. ഇതു സംബന്ധിച്ച് ഇദ്ദേഹം റോമിലെ തന്റെ ജനറലിനെ പരാതി അറിയിച്ചു. ഭരണ സംവിധാനത്തിൽ വരുത്തിയ ഈ മാറ്റം അനാഥാലയത്തിൽ കപ്പൂച്ചിൻ വൈദികർക്കുണ്ടായിരുന്ന ആധിപത്യം നഷ്ടമായി. അന്തേവാസികളുടെ ആത്മീയ കാര്യങ്ങൾ മാത്രമേ അവർക്കു അന്വേഷിക്കാൻ ഉണ്ടായിരുന്നുള്ളൂ. ഈ സംവിധാനം മിഷൻ സുപ്പീര്യറിനും തൃപ്തികരമായി തോന്നിയില്ല.

ആദ്യകാലത്ത് വി. ഫ്രാൻസിസ് അസ്സീസി അനാഥശാലയിൽ ചേരാൻ കുട്ടികളെ കിട്ടുക പ്രയാസമായിരുന്നു. എന്നാൽ ആ നൂറ്റാണ്ടിലെ മഹാവിപത്തായ ക്ഷാമം വന്നതോടുകൂടി സ്ഥാപനത്തിൽ

പ്രവേശനം തേടി നൂറുകണക്കിന് കുട്ടികൾ എത്തി. ഇവർക്കെല്ലാം പ്രവേശനം നല്കുക സാദ്ധ്യമായിരുന്നില്ല. ഫാ. ലീവൻ, ബ്ര. കോൺസ്റ്റൻർവാൻ ആഷേ, ഇവരും കൂടാതെ കുറേ ജർമ്മൻ ടേർഷറി ഫ്രാൻസിസ്കൻ സഭക്കാരും ക്ഷാമംകൊണ്ട് മാതാപിതാക്കൾ മരിച്ച അനാഥരായ കുട്ടികളെ കൂട്ടിക്കൊണ്ട് വരാൻ ലാഹോർ നഗരത്തിലെ ഇടനാഴികളിലും ഇടുങ്ങിയ തെരുവുകളിലും അലഞ്ഞു നടന്നു. ആയിരക്കണക്കിനു കുട്ടികൾ അനാഥരായി കഴിഞ്ഞിരുന്നു. ഇവരെ എല്ലാം അനാഥായലത്തിൽ എത്തിച്ചു. വളരെ ജാഗ്രതയോടെ ഇവർക്കു ശുശ്രൂഷ നല്കിയെങ്കിലും കുട്ടികളിൽ ബഹുഭൂരിപക്ഷവും മരണമടഞ്ഞു. മറ്റുള്ളവരും അനാഥാരായ കുട്ടികളെ, ആൺകുട്ടികളെയും പെൺകുട്ടികളെയും ഈ സ്ഥാപനത്തിൽ എത്തിച്ചു. കുട്ടികൾ സംഘം സംഘമായി എത്തി. ഇവരെല്ലാം ക്ഷാമത്തിന്റെ ഇരകളായിരുന്നു. ഈ കുട്ടികളിൽ തൊണ്ണൂറുപേർ മാത്രമേ ജീവനേടെ രക്ഷപ്പെട്ടുള്ളൂ.

### 1.4. ക്ഷാമത്തിന്റെ കാരണങ്ങൾ മിഷനറിമാർ നടത്തിയ ഒരു അപഗ്രഥനം

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ 19, 20 നൂറ്റാണ്ടുകളിൽ കൂടെക്കൂടെ ക്ഷാമം ഉണ്ടായിക്കൊണ്ടിരുന്നു. “ക്ലാസ്സിക്കൽ ലാൻഡ്സ് ഓഫ് ഹംഗർ’ (വിശപ്പിന്റെ ഉത്തമ ഉദാഹരണമായ നാട്) എന്ന പേര് ഇന്ത്യയ്ക്ക് തികച്ചും യോജിച്ചതായിരുന്നു. 19-ാം നൂറ്റാണ്ടിലെ പൂർവ്വാർത്ഥത്തിൽ തന്നെ 7 തവണ ക്ഷാമം ഉണ്ടായി. ഒന്നരദശലക്ഷം ആളുകൾ പട്ടിണി കൊണ്ട് മരിച്ചു. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിൽ 24 തവണ ക്ഷാമം ഉണ്ടായി. (1851-നും 1875-നുംഇടയ്ക്ക് ആറ്; 1876-നും 1900-ത്തിനും ഇടയ്ക്ക് 18) ആകെ മരിച്ചവർ 20 ദശലക്ഷം. 1897-ലെ ക്ഷാമം ലാഹോർ രൂപതയെ വളരെയധികം വിഷമത്തിലാക്കി. ബിഷപ്പ് പെൽക്ക്മാൻസ് സഹായത്തിനായി അഭ്യർത്ഥിച്ചു. ക്ഷാമത്തെത്തുടർന്ന് ബോണക്ക്പ്ലേഗ് എന്ന പകർച്ചവ്യാധി ഉണ്ടായി. അദ്ദേഹത്തിന്റെ രൂപതയിൽ മാത്രം 3700 പേർ മരിച്ചതായി രജിസ്റ്റർ ചെയ്യപ്പെട്ടു.

നമ്മുടെ പഠന വിഷയവുമായി ബന്ധപ്പെട്ടത് ആയതുകൊണ്ടാണ് അടിക്കടി ഇന്ത്യൻ ഭൂഖണ്ഡത്തിൽ ഉണ്ടായിക്കൊണ്ടിരുന്ന ക്ഷാമം ചർച്ച ചെയ്യുന്നത്. ക്ഷാമത്തിന്റെ പ്രധാന കാരണം ബ്രിട്ടീഷ് കൊളോണിയൽ ഭരണകൂടം നിഷ്ക്കരുണം നടത്തിയ ചൂഷണമാണ്. അവർ അല്പസ്വല്പം ആശ്വാസ നടപടികൾ സ്വീകരിച്ചുവെങ്കിലും മറുവശത്ത് അവർ ഇന്ത്യൻ സമൂഹത്തിന്റെ രക്തം ഊറ്റിയെടുത്തുകൊണ്ടിരുന്നു. ദുർബലമായിരുന്ന സമൂഹസംവിധാനം കൂടുതൽ ദുർബലമാക്കപ്പെട്ടു. ഇന്ത്യയിലുണ്ടായ ക്ഷാമത്തെപ്പറ്റി മിഷനറിമാർ നടത്തിയ വിലയി

രുത്തൽ സലസ്കിയുടെ റിപ്പോർട്ടാണ്. 'സ്റ്റേറ്റ് ഓഫ് ദ ഡെലഗേഷൻ ടു പ്രൊപഗണ്ടയെ' സംബന്ധിച്ച് 1902-ൽ സമർപ്പിച്ച കോൺഫിഡൻഷ്യൽ റിപ്പോർട്ട് ക്ഷാമത്തിന്റെ കാരണങ്ങൾ സംബന്ധിച്ച് നിഷ്പക്ഷവും വസ്തുനിഷ്ടവുമായ ഒരു വിലയിരുത്തൽ ആണ്. ഉപഭൂഖണ്ഡത്തിൽ അടിക്കടി ക്ഷാമമുണ്ടാകുന്നതിന്റെ കാരണങ്ങളും ചൂണ്ടിക്കാട്ടിയിരിക്കുന്നു. പ്രകൃതിയുടെ 'തോന്ന്യാസം' കാലവർഷം പരാജയപ്പെടുന്നത്, വെള്ളപ്പൊക്കം, ചെടികളെ ബാധിക്കുന്ന രോഗങ്ങൾ, വെട്ടുകിളിശല്യം, 'പ്രകൃതിയുടെ വികൃതിക്ക്' അവയുടേതായ പങ്കുവഹിച്ചിട്ടുണ്ട്. അടിക്കടിയുണ്ടാകുന്ന ക്ഷാമത്തിന് ഇതൊക്കെയാണ് കാരണം. കുറേക്കൂടി വിദൂരമായ കാരണങ്ങളാണ് അന്യായമായ നികുതി ഏർപ്പെടുത്തൽ നീതിക്ക് നിരക്കാത്ത ഭൂനയം, കൊള്ളപ്പലിശയ്ക്കു പണംകൊടുക്കുന്നവർ ഇവരെല്ലാം തങ്ങളുടേതായ പങ്ക് വഹിച്ചിട്ടുണ്ട്. സലെസ്കിയുടെ അഭിപ്രായത്തിൽ ക്ഷാമത്തിന്റെ അടിസ്ഥാന കാരണങ്ങൾ ഇതൊന്നുമല്ല. അത് ബ്രിട്ടീഷ് കൊളോണിയൽ ഭരണകൂടത്തിന്റെ കൊള്ളയടിക്കൽ നയമാണ് യഥാർത്ഥകാരണം. സലേസ്കി പറയുന്നു ബ്രട്ടീഷുകാർ ഇന്ത്യാക്കാരുടെമേൽ ചുമത്തിയ നീതിക്കു നിരക്കാത്ത ഭീമമായ നികുതിയാണ് കൂടെക്കൂടെ ഉണ്ടായ ക്ഷാമത്തിനു കാരണം എന്ന് സമ്പന്നനും നല്ല വരുമാനമുള്ളവനുമായ ഒരു ബ്രിട്ടീഷ് പൗരന് വാർഷിക അറ്റാദായത്തിന്റെ 5 ശതമാനം മാത്രമേ നികുതി ആയി അടയ്ക്കേണ്ടതുള്ളൂ. അതേസമയം ദരിദ്രനായ ഇന്ത്യാക്കാരൻ അറ്റാദായത്തിന്റെ 18 ശതമാനം ബ്രിട്ടീഷുകാരന്റെ ഖജനാവിലേക്ക് കൊടുക്കണം. ഇങ്ങനെ പിരിച്ചെടുത്ത നികുതി ഇന്ത്യയിൽ നിലനിർത്തിയില്ല. ആണ്ടുതോറും ഒരു ബില്യൺ ഫ്രാങ്കിന് തുല്യമായ തുക ഇന്ത്യയ്ക്ക് പുറത്തേക്കു പൊയ്ക്കൊണ്ടിരുന്നു. ഇത് ഇന്ത്യയിലെ പൊതുജനത്തെ കൂടുതൽ ദാരിദ്ര്യത്തിലാക്കി. വരുമാനമുണ്ടാക്കുന്ന സംരംഭങ്ങൾ - ബാങ്കിംഗ്, റെയിൽവേ പോലുള്ള ഗതാഗതം, ചേംബർ ഓഫ് കൊമേഴ്സ് മുതലായവ എല്ലാം ബ്രിട്ടീഷുകാർ കൈയടക്കി വച്ചിരുന്നു. പ്രാദേശികമായ വ്യവസായങ്ങൾ ഒന്നുംതന്നെ ഇല്ലായിരുന്നു. ഇവിടെ ആരംഭിച്ച വ്യവസായങ്ങൾ വേരുപിടിക്കുന്നതു തടയാൻ ഇതെ സാധനങ്ങൾ വിലകുറച്ച് ഇറക്കുമതി ചെയ്തു. ഇംഗ്ലണ്ടിൽ നിന്നു ഇറക്കുമതിചെയ്തു. ചില ഇന്ത്യൻ കുടുംബങ്ങൾ തുടങ്ങിയ തുണി വ്യവസായത്തെ ശ്വാസംമുട്ടിച്ചു കൊന്നു. മാഞ്ചെസ്റ്ററുകളിലെ മെല്ലുകളിൽ ഉണ്ടാക്കിയ തുണികൾ വില കുറച്ച് ഇന്ത്യയിൽ ഇറക്കുമതി ചെയ്തു. ഇതിന്റെ ഫലമായി പണം വേണ്ടത്ര ലഭ്യമല്ലാ

തായി. സാധനങ്ങൾ വാങ്ങാനുള്ള കഴിവ് ബഹുസഹസ്രം ഇന്ത്യാക്കാർക്ക് നഷ്ടമായി. സലേസ്കി പറയുന്നത് ക്ഷാമം വന്നത് ഭക്ഷ്യധാന്യങ്ങൾ ലഭ്യമല്ലാത്തതുകൊണ്ടല്ല. അത് വാങ്ങാൻ പണമില്ലാതിരുന്നതുകൊണ്ടാണെന്ന്. ഇവിടെ ക്ഷാമമാണെങ്കിലും ഇന്ത്യയിൽ ധാന്യം, പ്രത്യേകിച്ചും അരി, കയറ്റുമതി ചെയ്യുക എന്ന നയത്തിൽ ബ്രിട്ടീഷുകാർ ഉറച്ചു നിന്നു. 1849-ൽ കയറ്റി അയച്ച അരി ബ്രട്ടീഷ് പൗണ്ട് 858000/-ന് ഉണ്ടായിരുന്നു. അത്രയും അരിക്കും 1901ൽ 19.3 ദശലക്ഷം പൗണ്ട് വിലയുണ്ടായിരുന്നു. 1914-ൽ അതിന്റെ വില 38 ദശലക്ഷം പൗണ്ട് ആയിരുന്നു.

1896, 1897-ലെ ക്ഷാമത്തിന്റെ കാരണം കാലവർഷം പരാജയപ്പെട്ടതാണ്. ഇത് വടക്കു പടിഞ്ഞാറൻ പ്രവിശ്യകളെയും ബീഹാർ, ഔഡ്, സെൻട്രൽ പ്രോവിൻസുകൾ, മദ്രാസ്, ബോംബെ - ഈ പ്രദേശങ്ങളെയും ബാധിച്ചു. ഇവിടെയെല്ലാം ആളുകൾ അങ്ങേയറ്റം ദുരിതമനുഭവിച്ചു. 125000 ചതുരശ്ര മൈൽ വിസ്തീർണ്ണപ്രദേശങ്ങൾ ക്ഷാമം അനുഭവിച്ചു. ഇവിടുത്തെ ജനസംഖ്യ 34ദശലക്ഷമാണ്. 1896, 1847 കാലത്തെ ക്ഷാമം ഉണ്ടാക്കിയ ദയനീയമായ സാഹചര്യവും ബ്രിട്ടീഷുകാരുടെ ഇരട്ടത്താപ്പു നയവും നമുക്ക് സുപരിചിതനായ ഒരാൾ ഡാക്കയിലെ ബിഷപ്പ് പീറ്റർ ജോസഫ് ഹെർത്ത് വിവരിച്ചിട്ടുണ്ട്. ആ കാലഘട്ടത്തിൽ ഇന്ത്യാനയിലെ നോട്ടർ ഡാമിലെ തന്റെ പ്രൊവിൻഷ്യലിന് അയച്ചകത്തുകളിൽ ഒന്നിന് ഇന്ത്യയിലെ ജനകോടികളുടെ ദയനീയമായ ചിത്രം അദ്ദേഹം വരച്ചു കാട്ടുന്നു.

"തീർത്തും സന്തോഷകരമല്ലാത്ത സാഹചര്യമാണ് ഇവിടെ നിലവിലുള്ളത്. ഇവിടെ നിന്ന് കത്തെഴുതുക വേദനിപ്പിക്കുന്ന ഒരനുഭവമാണ്. ഇന്ത്യയിൽ ഇപ്പോൾ നിലവിലിരിക്കുന്ന ഭീകരമായ രൂപത്തെപ്പറ്റി പത്രങ്ങളിൽ നിന്ന് അങ്ങ് അറിഞ്ഞിരിക്കും - (മഹാമാരിയും) പ്ലേഗും ക്ഷാമവും. മഹാമാരി ഇന്ത്യ മുഴുവൻ വ്യാപിച്ചില്ല. ഇതുവരെ വ്യാധി ഡാക്കയിൽ എത്തിയിട്ടില്ല. ഭീകരമായ ബ്യുക്കോണിക്ക് പ്ലേഗ് ആണ് ഇത് എന്ന് പറയപ്പെടുന്നു. വ്യാധി പടർന്നുപിടിച്ചിടത്ത് രോഗബാധിതരായവരിൽ 90% ആളുകൾ മരണമടഞ്ഞു. ക്ഷാമം ഇന്ത്യ മുഴുവനിലും ഉണ്ട്. സ്വാഭാവികമായും ചില പ്രദേശങ്ങളിൽ കൂടിയും മറ്റു ചിലയിടങ്ങളിൽ കുറവുമായിരിക്കും."

ബ്രിട്ടീഷുകാരുടെ ഇരട്ടത്താപ്പിനെപ്പറ്റി ബിഷപ്പ് പറയുന്നത് ഇതാണ്:

“ഇവിടെ യഥാർത്ഥത്തിൽ ആളുകൾ യാതന അനുഭവിയ്ക്കുക യാണ് എന്ന് സമ്മതിക്കാൻ ഇംഗ്ലീഷ് ഗവൺമെന്റ് വിമുഖത കാണിച്ചു. അതുകൊണ്ട് പട്ടിണിമൂലം എത്രപേർ മരിച്ചു എന്ന് ഒരിക്കലും അറിയാൻ കഴിയില്ല. ഇന്ത്യയിൽ ധാരാളം ആശ്വാസപ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. സർക്കാർ ഇടപെടേണ്ട ആവശ്യമില്ല എന്നു വാചാലമായി ഇംഗ്ലണ്ടിൽ നടക്കുന്ന പ്രചരണം തികച്ചും ഭയാനകമാണ്.

ക്ഷാമം പരിമിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഇംഗ്ലീഷുകാർ സ്വീകരിച്ചത്? ക്ഷാമം ബാധിച്ച പ്രദേശങ്ങളിൽ സർക്കാർ അനേകം പുനരധിവാസ കേന്ദ്രങ്ങൾ തുറന്നു. ലോർഡ് സാൻഡ്ഹേഴ്സ്റ്റ് സ്വീകരിച്ച ക്ഷാമാശ്വാസ നടപടികൾ തികച്ചും അപര്യാപ്തവും ഭീതിജനകവുമായിരുന്നു. അടിയന്തരാവസ്ഥ നേരിടാൻ അവയ്ക്കു കഴിയുമായിരുന്നില്ല. സലെസ്കി പറയുന്നത് ഈ പരിപാടികളെ സാൻഡ്ഹേഴ്സ് ഹൊറേഴ്സ് (ഭീതിദായകങ്ങൾ) എന്ന് ആളുകൾ പരിഹസിച്ചു എന്നാണ്. ക്ഷാമം സുവിശേഷവത്ക്കരണത്തിന് വലിയ തടസ്സമായി. അതേസമയം, അത് പരോക്ഷമായി ഒരനുഗ്രഹവും ആയി. പഞ്ഞം കിടന്ന് ചാകാൻ പോകുമ്പോൾ ആർക്കാണ് പാതിരി പ്രസംഗം കേൾക്കാൻ താത്പര്യം? മിഷൻ പ്രദേശങ്ങൾ പലതും വേരറ്റുപോയി, ജനങ്ങൾ വൻ തോതിൽ മരണമടഞ്ഞു. ഈ സാഹചര്യത്തിൽ ദൈവവചനം പ്രസംഗിക്കുന്നത് എങ്ങനെ? ക്രിസ്തീയസ്നേഹം ഏറ്റം ഉത്കൃഷ്ടമായ അവസ്ഥയിൽ പ്രകടിപ്പിക്കാൻ ക്ഷാമം ധാരാളം അവ സരമൊരുക്കി ക്ഷാമം കൊണ്ട് വലയുന്നവരെ സഹായിക്കാൻ എത്തി യവരുടെ മുൻപന്തിയിൽ മിഷനറിമാർ ഉണ്ടായിരുന്നു. ക്ഷാമം കാരണം മാതാപിതാക്കൾ നഷ്ടമായി, അനാഥരായി തീർന്ന കുട്ടികളെ, കഴി യുന്നത്ര പേരെ രക്ഷിക്കാനാണ് മിഷനറിമാർ ശ്രമിച്ചത്. തദ്ദേശി യർക്കായി ലാഹോറിൽ സ്ഥാപിച്ച ഇത്തരം രണ്ട് അനാഥാലയങ്ങ ളിൽ കുറെയേറെ കുട്ടികളെ എത്തിച്ചു എന്ന് നാം കണ്ടു കഴിഞ്ഞു. മര ണാസന്നരായ കുട്ടികൾക്ക് ജ്ഞാനസ്നാനം നല്കി. ഇൻ ആർട്ടി കുലോർ മേത്തീസ് (മരണാസന്നർ എന്ന നിലയ്ക്ക്).

1897-ൽ ബൊഡെവിഗ്ഗ് സംഘത്തിന്റെ പ്രിഫെക്ട് ആയിരുന്നു ബോണിൽ നിന്നുള്ള ബ്രദർ നിക്കോളസ് ഹോഹൻ ജർമ്മനിയിലേക്ക് മടങ്ങി. ക്ഷാമബാധിതരെ സഹായിക്കാൻ ലാഹോറിൽ നടത്തിയ പ്രവർത്തനങ്ങൾക്കിടെ അദ്ദേഹത്തിനു കുടൽ രോഗവും പനിയും ഉണ്ടാ യി. ആരോഗ്യം വീണ്ടെടുക്കാനാണ് അദ്ദേഹം ജർമ്മനിയിലേക്ക് മട ങ്ങിയത്.

നാഗ്പൂർ രൂപതയുടെ മെത്രാനായ മിഷനറീസ് ഓഫ് സെന്റ് ഫ്രാൻസിസ് ഡി സെയ്ൽസ് അംഗമായ മോൺ. ചാൾസ് ഫിലിക്സ് പെൽവറ്റ് ലാഹോർ സന്ദർശിച്ച ഒരവസരത്തിൽ രൂപതയിൽ ക്ഷാമം കൊണ്ട് വലയുന്ന ആളുകൾക്കിടയിൽ ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറി അംഗങ്ങൾ നടത്തിക്കൊണ്ടിരുന്ന പ്രശംസനീയമായ സേവനം നേരിൽക്കണ്ട് മനസ്സിലാക്കി. വീരോചിതമായി പരസ്നേഹ പ്രവർത്തനം നടത്തുന്ന ഇവരുടെ സഹകരണം ഇതിനു സമാനമായ ഒരു പരിപാടി തന്റെ രൂപതയിൽ നടപ്പിലാക്കുന്നതിന് അഭ്യർത്ഥിച്ചു. ഇന്ത്യയിൽ ക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെട്ട പ്രദേശങ്ങളിൽ ഒന്നായിരുന്നു നാഗ്പൂർ രൂപത.

## 2.1 ബ്ര. പൗലുസ് മോർറിസ് ബൊഡേവിഗ്ഗിന്റെ സംഘത്തിൽ നിന്നു പിൻവാങ്ങുന്നു

1896-ൽ ബൊഡെവിഗ്ഗ് ഒരു ദൗത്യവുമായി റോമിൽ പോയി. ആ ദൗത്യം പരാജയപ്പെട്ടു. അദ്ദേഹവും അദ്ദേഹത്തിന്റെ സൊസൈറ്റിയും ഇരട്ട വിലക്കിനു വിധേയമായി. ഈ സാഹചര്യത്തിൽ ബൊഡേവിഗ്ഗ് ബൽജിയത്തിലെ മാർട്ടാവൽഡ് എന്ന സ്ഥലത്തു ചെന്ന് താമസമായി. ഭാവിയെപ്പറ്റി യാതൊരു പ്രതീക്ഷയ്ക്കും വകയില്ലാത്ത അവസ്ഥ. അദ്ദേഹത്തിന്റെ ഉറ്റ സഹായി ആയിരുന്ന ഈസ്റ്റ് പ്രഷ്യയിലെ കോണിഗ് സബേൽഗിൽ നിന്നുള്ള യഹൂദ കോൺവെർട്ട് ഇദ്ദേഹമായിരുന്നു ബ്രദേഴ്സ് ഹൗസിന്റെ പ്രിഫെക്ട്. ഇദ്ദേഹവും ബൊഡെവിഗ്ഗിന്റെ വിശ്വ സ്തരായ അനുയായികളിൽ ഒരാൾ അല്ലാതായി. CMSFന്റെ ചരിത്രം എഴുതിയ: ബ്രദർ ക്ലമന്റ് ക്രീഗ് പറയുന്നത് യഹൂദ കോൺവെർട്ട് ബ്രദർ പൗലുസ് മോറിറ്റ്സ് ബൊഡെവിഗ്ഗിന്റെ റോമ ദൗത്യം പരാജയപ്പെട്ട വിവരം അറിഞ്ഞയുടൻ താൻ ഫ്രാൻസിസ്ക്കൻ ടേഷ്യറികൾക്കൊപ്പ മാണ് എന്ന് പ്രഖ്യാപിച്ചു. ലാഹോറിലെ വി. ഫ്രാൻസിസ് ഓർഫനേ ജിലെ ടെർഷ്യറികളുടെ കൂടെയാണ് അദ്ദേഹം ചേർന്നത്. ഇതിന്റെ അർത്ഥം ബൊഡേവിഗ്ഗിന്റെ ഒപ്പം റോമിൽ ഉണ്ടായിരുന്ന പൗലുസ് മോറിറ്റ്സ് മനസ്സിലാക്കി. തന്റെ ആയുഷ്ക്കാല മോഹമായിരുന്ന ഇന്ത്യ യിലെ പുറജാതിക്കാരുടെ ഇടയിൽ വേദപ്രചരണം നടത്താൻ അസാ ദ്ധ്യമായി തീരും. സഭയുടെ ശിക്ഷണ നടപടികൾക്കു വിധേയനായ ബൊഡേവിഗ്ഗിനൊപ്പം തുടർന്നാൽ എന്ന് ഏതാണ്ട് ഈ കാലഘട്ട ത്തിൽ മോറിറ്റ്സിന്റെ ഉറ്റ സുഹൃത്തും രഹസ്യങ്ങൾ സൂക്ഷിച്ചിരുന്ന വനുമായ ബ്ര. നിക്കോളാസ് ഹോൺ ലാഹോറിൽ നിന്ന് ജർമ്മനി യിലേക്ക് മടങ്ങി. സഭയുടെ ശിക്ഷണ നടപടികൾക്ക് വിധേയനായ

ബൊഡേവിഗ്ഗ് എന്ന വൈദികനൊപ്പം തുടർന്നും നില്ക്കുന്നത് തീർത്തും ഗുണകരമല്ലായെന്ന് നിക്കോളാസ്ഹോണിനെ പറഞ്ഞ് മന സ്സിലാക്കാൻ ബ്ര. പൗലോസ് മോറിറ്റ്സ് ശ്രമിച്ചു എന്ന വസ്തുത നമുക്ക് ഇവിടെ പരാമർശിക്കാവുന്നതാണ്. ബ്ര. നിക്കോളസ് ഹോൺ കുറേക്കാലം ലാഹോറിലെ ഫ്രാൻസിസ്ക്കൻ പേർഷ്യറി ബ്രദേഴ്സിന്റെ സുപ്പീര്യർ ആയിരിക്കാൻ സാദ്ധ്യതയുണ്ട്. ബൊഡേവിഗ്ഗ് ഗ്രൂപ്പിന്റെ പ്രെക്യുറേറ്റർ ആയി പ്രവർത്തിച്ചിരുന്ന യഹൂദ കോൺവെർട്ടിനെ തങ്ങ ളുടെ പക്ഷത്തേയ്ക്കു കൊണ്ടുവരാൻ ബിഷപ്പ് പെൽക്ക്മാൻസ് ഇദ്ദേ ഹത്തെ അധികാരപ്പെടുത്തിയിരുന്നു. എന്ന് ന്യായമായും അനുമാനി ക്കാം. ലാഹോർ രൂപതയിൽ കുടുങ്ങിപ്പോയ ബ്രദേഴ്സിന്റെയും സിസ്റ്റേ ഴ്സിന്റെയും സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയത് ഇദ്ദേഹമായിരുന്നു. മാത്രമല്ല ക്രീഗ് പറയുന്നത് ബിഷപ്പ് പെൽക്ക് മാൻസ് ബ്ര. പൗലുസിനെ യൂറോപ്പിലെ 'എപ്പിസ്കോപ്പൽ പ്രോകുറേറ്റർ ഫോർ ദ മിഷൻസ്' ആയി നിയമിച്ചു എന്നാണ്. ഇദ്ദേഹം സെന്റ് ഫ്രാൻസിസ് ഓർഫനേജിനും സെന്റ് ജോസഫ് ഓർഫനേജിനും വേണ്ടി പണപ്പിരിവ് നടത്തിയിരുന്നു. ഈ രണ്ടു സ്ഥാപനങ്ങളിലും ബൊഡേവിഗിന്റെ ബ്രദേഴ്സും ഫ്രാൻസിസ്കൻ ടേർഷ്യറീസ് ആയി ജോലി ചെയ്തിരുന്നു. മിഷൻ സുപ്പീര്യർ റഗുലർ ഫാ. എഡ്വാർഡ് വാൻ ടേൺഹൗട്ട് ബ്ര. പൗലുസ് മോറിറ്റ്സിനെ പറ്റി നടത്തിയ നിരീക്ഷണം ഈ സാഹചര്യത്തിൽ തികച്ചും പ്രസക്തമാണ്. 1901-ൽ പഞ്ചാബ് മിഷനെ പറ്റി ജനറലിന്നയച്ച റിപ്പോർട്ടിൽ മറ്റു പല കാര്യങ്ങൾക്കൊപ്പം ഇങ്ങനെ എഴുതി:

"ബ്ര. പോൾ എന്ന പേരുള്ള ക്രിസ്തുമതം സ്വീകരിച്ച ഒരു യഹൂദൻ ധനസമാഹരണത്തിന്റെ കാര്യത്തിൽ വളരെ സമർത്ഥനാണ് എന്ന് തോന്നുന്നു. ഇന്ത്യയിലെ കോൺഗ്രിഗേഷന്റെ മാർഗ്ഗദർശി ഇദ്ദേഹമാണ്."

ബ്ര. നിക്കൊളാസ് ഹോഹൻ തന്നെ ബിഷപ്പ് പെൽക്മാൻസ് യൂറോപ്പിലെ എപ്പിസ്കോപ്പൽ പ്രോകുറേറ്ററായി നിയമിച്ചത് സംബന്ധിച്ച രേഖ ബ്ര. പൗലുസ് മോറിറ്റ്സിനെ കാണിച്ചിരിക്കാം. ഈ നിയമനരേഖ തിരിച്ചു നല്കാൻ ഇതേ ബിഷപ്പ് ആവശ്യപ്പെട്ടു. ഇക്കാര്യം നാം പിന്നീട് ഈ പുസ്തകത്തിൽ തന്നെ ചർച്ച ചെയ്യും. ബ്ര. പൗലുസ് മോറിറ്റ്സ് കൂറുമാറിയത് 1897-ൽ തന്നെ ആയിരിക്കാം. കാരണം CMSF തയ്യാറാക്കിയ സ്റ്റാസ്റ്റിക്ക്സിൽ കാണുന്നത്

അദ്ദേഹത്തെ കോൺഗ്രിഗേഷനൽ ചേർത്ത തീയതി 1897 മേയ് 3 എന്നാണ്. ഇദ്ദേഹം ലാഹോർ ഗ്രൂപ്പിലേക്ക് കൂറു മാറിയത് നിർണ്ണായക പ്രാധാന്യമുള്ള ഒരു സംഭവമായിരുന്നു. ഇനിയുള്ള അദ്ധ്യായങ്ങളിൽ നാം ശ്രദ്ധകേന്ദ്രീകരിക്കുക ഇദ്ദേഹത്തിലായിരിക്കും.

ബോഡേവിഗുമായുള്ള ബന്ധം വിച്ഛേദിച്ചശേഷം നാം ബ്ര. പൗലുസ് മോറിറ്റ്സിനെ കാണുന്നത് 1898-1900 വരെ കാലഘട്ടത്തിൽ ദൂഹറിലെ വ്യവസായകേന്ദ്രമായ എസ്നെനിൽ ആണ്. അദ്ദേഹത്തോടൊപ്പം ഒരു സംഘം ചെറുപ്പക്കാരുണ്ട്. ഇന്ത്യയിൽ മിഷൻ പ്രവർത്തനം നടത്തുക എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ഇന്ത്യയിലേക്ക് പുറപ്പെടാൻ തയ്യാറായി നില്ക്കുന്ന ചെറുപ്പക്കാർ. ബ്ര. പൗലുസ് നാഗ്പൂർ ബിഷപ്പിന് എഴുതിയ രണ്ടു കത്തുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. താൻ ആത്മാക്കളുടെ യഥാർത്ഥ ഇടയനായ മോൺ. ചാൾസ് ഫിലിക്സ് പെൽവാറ്റുമായി സമ്പർക്കത്തിലാണ് എന്ന് സൂചിപ്പിക്കുന്നു. ബിഷപ് തന്റെ രൂപതയിലെ ക്ഷാമബാധിതരെ സഹായിക്കാൻ അത്യദ്ധ്വാനം ചെയ്യുന്ന സമയം ആളും പണവും അയച്ച് എത്തിച്ചുകൊടുത്ത് സഹായിക്കേണ്ട സമയം.

## 2.2 ബൊഡേവിഗിന്റെയും അദ്ദേഹം സ്ഥാപിക്കാൻ ശ്രമിച്ചു പരാജയപ്പെട്ട മിഷനറി സൊസൈറ്റിയുടെയും അന്ത്യം

റോമിലേക്കു നയിച്ച തന്റെ ദൗത്യം പരാജയപ്പെട്ടതോടെ ബൊഡേവിഗ് ബൽജിയത്തിലെ മറിയ വെൽഡിലേക്കുപോയി എന്നു നാം കണ്ടല്ലോ. എന്നാൽ 1900-ാം ആണ്ട് ഏകദേശം നൂറ്റമ്പതു ചെറുപ്പക്കാർ, യുവാക്കളും യുവതികളും അദ്ദേഹത്തോടൊപ്പം സന്യാസ സമൂഹം പോലെ കഴിയുന്നത് നാം കാണുന്നു. 1896 - മുതൽ ഇവർ ഒരു കോൺവെന്റും ഒരു ബ്രദേഴ്സ് ഭവനവും റോമിൽ സ്ഥാപിച്ചിരിക്കുന്നു. ബൊഡേവിഗ് അവകാശപ്പെട്ടത് ഈ സ്ഥാപനനങ്ങൾ തുടങ്ങിയത് കാർഡിനൽ വികാർ പറോച്ചിയുടെ വ്യക്തമായ അവകാശത്തോടുകൂടിയാണ് എന്നത്രേ. 1904 ആയപ്പോഴേയ്ക്കും ഈ സംഘത്തിന് വെനീസിലും നേപ്പിൾസിലും ഇത്തരം ഭവനങ്ങളുണ്ടായിരുന്നു. ബൊഡേവിഗ് അനധികൃതമായി സ്ഥാപിച്ച മിഷനറി സൊസൈറ്റിയെ കൊളോണും റോമും പിരിച്ചുവിട്ടതാണ്. ബൊഡെവിഗിനെ തന്നെ വൈദിക ശുശ്രൂഷകൾ നടത്തുന്നതിൽ നിന്ന് നിരോദിച്ചിരുന്നു. ഈ സാഹചര്യത്തിൽ വിവിധ പ്രാദേശിക മെത്രാന്മാരിൽ നിന്നും തങ്ങളുടെ രൂപതകളിൽ ഭവനങ്ങൾ സ്ഥാപിക്കുവാൻ ബൊഡെവിഗ് എങ്ങനെ അനുവാദം നേടി എന്ന ചോദ്യം സ്വാഭാവികമായും ഉണ്ടാ

കും. താഴെ പറയുന്ന സംഗതികൾ ഇതിനൊരു വിശദീകരണമായേക്കാം. കൊളോണിലെ കാർഡിനൽ ആർച്ചുബിഷപ് താൻ ബൊഡെവിഗിനെ സസ്പെൻഡ് ചെയ്തിരിക്കുകയാണ് എന്ന വിവരം മെച്ചേൽ കാർഡിനൽ ആർച്ചുബിഷപ്പ് ജോസഫ് മോർസിയറെ അറിയിച്ചിരുന്നു. അവിടെയും പ്രാദേശികസഭ അധികാരികളുമായി ബൊഡേവിഗ്ഗ് പിണങ്ങി. ആരുടെ ഉപദേശമനുസരിച്ചാണ് എന്ന് അറിഞ്ഞുകൂട. 1905 -ൽ ബൊഡേവിഗ്ഗ് സംഘത്തിന്റെ എല്ലാ ഭവനങ്ങളിലും ഒരു ഔദ്യോഗികസന്ദർശനം നടത്തുന്നതിന് റോം ഉത്തരവിട്ടു. ആ വർഷം തന്നെ ഇറക്കിയ ഒരു ഉത്തരവിലൂടെ ഈ പ്രസ്ഥാനത്തെ മുഴുവൻ വീണ്ടും പിരിച്ചുവിട്ടു. വേറെ വഴിയൊന്നും കാണാതെ ഇതുകഴിഞ്ഞ് ബൊഡേവിഗ്ഗ് തന്റെ ഗ്രൂപ്പിനു വേറൊരു പേര് കൊടുത്തു. 'ഫിലാന്ത്രോപ്പിക്ക് അസോസ്സിയേഷൻ ഓഫ് ദ വൈറ്റ് സ്റ്റാർ' ആ വർഷം തന്നെ അദ്ദേഹം വിയെന്ന (ആസ്ട്രിയ)യിലേക്കു ഒരു സംഘം ബ്രദേഴ്സിനെയും സിസ്റ്റേഴ്സിനെയും അയച്ചു. 'നിങ്ങളുടെ ഭാവി വിയെന്നയിലാണ്' എന്നു പറഞ്ഞാണ് അവരെ അയച്ചത്. അക്കൂട്ടത്തിലൊരാളായിരുന്നു ബ്ര. പോൾ സോൺടാഗ്. കൊളോണിൽ ബൊഡേവിഗ്ഗിന്റെ ആദ്യത്തെ സംഘത്തിൽ ഉണ്ടായിരുന്ന ഒരാളായിരുന്നു ഇദ്ദേഹം. ബൊഡേവിഗ്ഗിന്റെ അവസാന ദിവസങ്ങൾ വരെ ഇദ്ദേഹം ബൊഡേവിഗ്ഗിനോടൊപ്പം നിന്നു. ഈ ബ്രദർ സോൺടാഗ് 59-ാം വയസ്സിൽ ഒരു വൈദികനായി. 1908-ൽ അദ്ദേഹം വിയെന്നയിൽ ഒരു സംഘം രൂപീകരിച്ചു. മിഷൻ ഫ്രണ്ട്സ് ഓഫ് ഇന്ത്യ അത് സ്വന്തം നിലയിൽ ഒരു പ്രസിദ്ധീകരണവും തുടങ്ങി. ലൈറ്റ് ആൻഡ് ലവ് (പ്രകാശവും സ്നേഹവും) ഈ പ്രസിദ്ധീകരണത്തിലൂടെ ബൊഡേവിഗ്ഗിന്റെ ഇന്ത്യയെ സംബന്ധിച്ച മിഷൻ ആദർശങ്ങൾ പ്രചരിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു. സൊസൈറ്റിയുടെ ആത്മീയ ഗുരുവായി വിയെന്ന ഡയോസിസൻ സെമിനാരിയുടെ വൈസ് റെക്ടർ ആയിരുന്ന ഡാ. തിയൊഡോർ ഇന്നിറ്റ്സറെ നാമനിർദ്ദേശം ചെയ്തു. ഇദ്ദേഹം പിൽക്കാലത്തു വിയെന്നയിലെ കാർഡിനൽ ആർച്ചുബിഷപ്പ് ആയി. ഈ സൊസൈറ്റിക്കു വ്യക്തമായ ഒരു പ്രേഷിത ദിശാബോധം നല്കുവാൻ 1916-ൽ 'കാത്തലിക് മിഷൻ വർക്ക് ഫോർ ഇന്ത്യ' സ്ഥാപിക്കപ്പെട്ടു. ഇതിൽ ബൊഡേവിഗ് ഗ്രൂപ്പിന്റെ അംഗങ്ങളെയും ചേർത്തു. അതുവരെ ബൊഡേവിഗ്ഗ് ഗ്രൂപ്പിന്റെ അംഗങ്ങൾ പ്രത്യേകിച്ചും സിസ്റ്റേഴ്സ് ആസ്ട്രിയ (വിയെന്ന) ജർമ്മനി, ഇറ്റലി എന്നീ രാജ്യങ്ങളിൽ പരസ്നേഹ പ്രവർത്തനങ്ങളിൽ തുടർന്നും വ്യാപൃതരായിരുന്നു. 1913-ൽ മാത്രമേ ബൊഡേ

വിഗ്ഗിന് എതിരായ ശിക്ഷണ നടപടി പിൻവലിച്ചുള്ളൂ. ഇത് കുറേ ഏറെ എഴുത്തുകുത്തുകൾ നടത്തേണ്ടിവന്നു. ഈ കേസ് കോൺഗ്രിഗേഷൻ ഓഫ് ദ ഇൻക്വിസ്ഷന്റെ മുമ്പിൽ വരെ എത്തി. കാർഡിനൽ പറോച്ചിയുടെയും അദ്ദേഹത്തിന്റെ അസ്സെസ്സർ ജന്നറിയുടെയും മാദ്ധ്യസ്ഥം കാരണം പരിശുദ്ധ പിതാവ് ഒരു പ്രത്യേക ഇൻഡൾട്ടിലൂടെ ആഴ്ചയിൽ രണ്ടുപ്രാവശ്യം സ്വകാര്യമായി ദിവ്യബലി അർപ്പിക്കാൻ അനുവാദം നല്കി. അവസാനം 1913 ഡിസംബർ 20-ാം തീയതി മെഷെയ്നിലെ കാർഡിനൽ മേർസിയേർ ബൊഡേവിഗ്ഗിന്റെ സസ്പെൻഷൻ പിൻവലിച്ചു. കൊളോൺ അതിരൂപതയുടെ ആഫീസിൽ നിന്നു 'തടസ്സമില്ല' എന്നൊരു സാക്ഷ്യപത്രം വാങ്ങിയിട്ടാണ് ഇപ്രകാരം ചെയ്തത്.

### 2.3 1915-ൽ റോമിൽ ബൊഡേവിഗ്ഗ് മരിക്കുന്നു

കത്തോലിക്കാ സഭയുമായി പൂർണ്ണമായും അനുരഞ്ജനപ്പെടാനുള്ള ഒരുശ്രമത്തിൽ ബൊഡേവിഗ് റോമിലെത്തി. 1915 ജനുവരി 9-ാം തീയതി ബെനഡിക്ട് XV-ാമൻ മാർപ്പാപ്പയുമായി ഒരു പ്രത്യേക സന്ദർശനം നടത്താൻ ഇരുന്നതാണ്. നിർഭാഗ്യകരമെന്ന് പറയപ്പെട്ട ഈ സന്ദർശനത്തിന് തലേദിവസം ഒരു ഹൃദയാഘാതംമൂലം ബൊഡേവിഗ്ഗ് അന്തരിച്ചു. അദ്ദേഹത്തെ റോമിലെ 'വെറ്റ്നോ' സെമിത്തേരിയിൽ സംസ്കരിച്ചു. അവിടെ അദ്ദേഹത്തിന്റെ ഭൗതിക അവശിഷ്ടങ്ങൾ ഇപ്പോഴും വിശ്രമിക്കുന്നു.

### 2.4 'മിഷനറി സൊസൈറ്റി ഓഫ് ദ ക്വീൻ ഓഫ് ദി അപ്പോസ്തൽസ്'

ബൊഡേവിഗ്ഗിന്റെ വിവേകരഹിതമായ അത്യുത്സാഹം അയാളെ പരിക്ഷീണനാക്കി, നിസ്സഹായനാക്കി. ഒരു ശുഭ മരണത്തിൽ ആ ജീവിതം അവസാനിച്ചു എങ്കിലും ഏതുദർശനങ്ങൾക്കായി അദ്ദേഹം ബലികഴിച്ചുവോ ആ ആദർശങ്ങൾ പൂവണിഞ്ഞ് വികസിച്ചു. ഇത് അദ്ദേഹം ജീവിച്ചിരുന്ന കാലത്ത് സംഭവിച്ചില്ല. അതിനുശേഷം വേറൊരു രാജ്യത്ത് വേറെ ആളുകളായിരുന്നു ഈ വളർച്ചയ്ക്ക് പിന്നിൽ. 1918 ബൊഡേവിഗ്ഗ് ഗ്രൂപ്പിൽപ്പെട്ട സിസ്റ്റേഴ്സ് വേറൊരു പേര് സ്വീകരിച്ചു-സനാനാ സിസ്റ്റേഴ്സ് അദ്ദേഹത്തിന്റെ സനാന മിഷന്റെ ആദർശം പ്രാവർത്തികമാക്കാൻ അവർ ആഗ്രഹിച്ചു. 1919-ൽ ഈ സൊസൈറ്റി 'കാത്തലിക് മിഷൻ വർക്ക് ഫോർ ഇന്ത്യ'യുമായി ലയിച്ചു ഒന്നായി. ഇന്ത്യയുടെ സുവിശേഷവത്ക്കരണത്തിന് പുതിയ ഒരു സൊസൈറ്റി രൂപീകരിച്ചു. ചുരുക്കിപ്പറഞ്ഞാൽ ബൊഡേവിഗ്ഗിന്റെ ആശയം പ്രാവർത്തികമാക്കാനുള്ള ഒരു ശ്രമം. പഴയവീഞ്ഞ് പുതിയ കുപ്പികളിൽ. സൊസൈറ്റിയുടെ സ്ഥാപകൻ സൊസൈറ്റിക്ക് 3 ശാഖകൾ

നൽകാൻ ആലോചിച്ചു. വൈദികർ, സഹോദരന്മാർ, കന്യാസ്ത്രീകൾ എന്നാൽ ഇതിൽ സ്ത്രീകൾക്കായി രൂപീകരിച്ച വിഭാഗമേ നിലനിന്നുള്ളൂ, വളർന്ന് പന്തലിച്ചുള്ളൂ. രണ്ടാം ലോകമഹായുദ്ധം തുടങ്ങിയപ്പോൾ ജർമ്മനി, ആസ്ട്രിയ പിടിച്ചെടുത്തു. സൊസൈറ്റിയിലെ അംഗങ്ങളെ, വൈദികരെയും അർത്ഥികളെയും സൈനികസേവനത്തിന് കൊണ്ടുപോയി. പുരുഷന്മാരുടെ വിഭാഗത്തിൽപ്പെട്ട ഒന്നോ രണ്ടോ ആളുകൾ ഇന്ത്യയിലേക്ക് പോയിരുന്നു. ഇവർ 1953-ൽ യൂറോപ്പിൽ മടങ്ങിയെത്തി. ഇവരെപ്പറ്റിയും ഇവർ പ്രേഷിത പ്രവർത്തനം നടത്തിയ സ്ഥലങ്ങളെ സംബന്ധിച്ചും രസകരമായ കാര്യങ്ങൾ ഞങ്ങളുടെ അന്വേഷണം കണ്ടെത്തി.

ബ്രദർ പോൾസ് സോന്റാഗ് അവസാനം വരെ ബൊഡേവിഗ്ഗിനോടും അദ്ദേഹത്തിന്റെ ആദർശങ്ങളോടും വിശ്വസ്തത പുലർത്തി. ബൊഡേവിഗ്ഗിന്റെ അനുയായികളെ ഇന്ത്യയുടെ സുവിശേഷവത്ക്കരണത്തിനുള്ള ഒരു പുതിയ സൊസൈറ്റി ആക്കുന്നതിന് പ്രചോദനമായത് ഇദ്ദേഹമാണ്. 1923 ജൂലൈ 1-ാം തീയതി തികച്ചും 8 വർഷം കഴിഞ്ഞ് കാർഡിനൽ ഗുസ്റ്റാവ് പിഫെൽ മിഷനറി സൊസൈറ്റി ഓഫ് ദി ക്വീൻ ഓഫ് ദി അപ്പോസ്തൽസ് ശ്ലീഹന്മാരുടെ രാജ്ഞിയുടെ മിഷനറി സൊസൈറ്റി സ്ഥാപിച്ചു. കാനോനിക നിയമങ്ങൾ പാലിച്ചുകൊണ്ടുള്ള ഒരു സംരംഭം തിയോഡോ ഇന്നിറ്റ്സറെ ഇതിന്റെ സുപ്പീരിയർ ആയി നിയമിച്ചു. വിവിധ കേന്ദ്രങ്ങളിൽ പണിയെടുത്തിരുന്ന ബൊഡേവിഗ്ഗിന്റെ സിസ്റ്റേഴ്സ് ഈ കാനോൻ നിയമാനുസൃതം സ്ഥാപിച്ച കോൺഗ്രിഗേഷനിൽ അംഗങ്ങളായി ചേർന്നു നൊവിഷ്യേറ്റു ചെയ്തു. വ്രതവാഗ്ദാനം നടത്തി. 1949-ൽ ഈ കോൺഗ്രിഗേഷനെ (എസ്.ആർ.എ.-സോചിയത്താസ് റെജീനെ അപ്പോസ്തലോദം) കോൺഗ്രിഗേഷൻ ഓഫ് പേയ്പ്പൻ റൈറ്റ് എന്ന പദവി നൽകപ്പെട്ടു.

## 2.5 ലാഹോറിലെ ജർമ്മൻ ടെർഷ്യറിലെ ഫ്രാൻസിസ്ക്കൻസിന് നാഗ്പൂരുമായുള്ള ബന്ധം

CMSF ആദ്യകാലത്തെ അംഗങ്ങളായിരുന്നവരെപ്പറ്റി അക്കാലത്ത് രേഖകളൊന്നും നമുക്ക് ലഭിച്ചിട്ടില്ലെങ്കിലും വേറെ ചില ആനുഷംഗിക ലേഖനങ്ങൾ ലഭ്യമാണ്. ഇവയിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത് ലാഹോർ രൂപതയും നാഗ്പൂർ രൂപതയും തമ്മിൽ ചില ബന്ധങ്ങൾ നിലവിലിരുന്നുവെന്നാണ്. പ്രത്യേകിച്ചും 1896 തൊട്ട് 1900 വരെ നിലനിന്നിരുന്ന ക്ഷാമത്തിനിടെ ക്രിസ്തീയ സ്നേഹം, പരോപകാര പ്രവൃത്തികൾ പ്രകടിപ്പിക്കുന്ന കാര്യത്തിൽ ലാഹോറിലെ

ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യമാർക്കു നാഗ്പൂർ രൂപതയിലെ ഫ്രഞ്ച് മിഷനറിമാരുമായി ബന്ധപ്പെടാൻ അത് ഒരു അവസരമായി. നാഗ്പൂർ ബിഷപ്പ് പെൽവാറ്റ് തന്റെ രൂപതയിൽ 1896-ലെയും 1900 -ലേയും ക്ഷാമം സൃഷ്ടിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള ശ്രമത്തിലായിരുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ക്ഷാമം രൂക്ഷമായിരുന്ന പ്രദേശങ്ങളിലൊന്നാണ് നാഗ്പൂർ രൂപത. അദ്ദേഹത്തിന്റെ അജപാലന ശുശ്രൂഷയിൽ രൂപതയിൽ ലഭ്യമായ വിഭവശേഷിയും ക്ഷാമം കൊണ്ട് വലയുന്നവരെ സഹായിക്കുന്നതിന് വിനിയോഗിച്ചു. തന്റെ രൂപതയിലെ ആൾ ബലവും വിഭവശേഷിയും ഈ സാഹചര്യം നേരിടാൻ അപര്യാപ്തമാണ് എന്ന് തിരിച്ചറിഞ്ഞു അദ്ദേഹം. അയൽ രൂപതകളോടു സഹായം അഭ്യർത്ഥിച്ചു. ക്ഷാമം കൊണ്ട് മാതാപിതാക്കൾ നഷ്ടമായ ആയിരക്കണക്കിനു അനാഥ ബാലന്മാരെയും ബാലികമാരെയും രക്ഷിച്ചു പുനരധിവസിപ്പിക്കുന്നതിന് സഹായം അത്യാവശ്യമായിരുന്നു. ലാഹോർ, ആഗ്ര, അലഹബാദ്, തൃശ്ശിനാപ്പള്ളി, പ്രീഫെക്ച്ചർ അപ്പസ്തോലിക് ഓഫ് രാജ് പുട്ടാന-ഇവരെല്ലാം വളരെ വിശാല ഹൃദയത്തോടെ സഹായം എത്തിച്ചതായി നാം കാണുന്നു. അനേകായിരം അനാഥരായ കുട്ടികളെ രക്ഷിച്ചു തങ്ങളുടെ രൂപതകളിൽ കൊണ്ടു പോയി അവിടെയുള്ള പുനരധിവാസ കേന്ദ്രങ്ങളിൽ താമസിപ്പിച്ചു. പിൽക്കാലത്ത് ക്രിസ്തീയ ഗ്രാമങ്ങളുടെ കേന്ദ്ര ബിന്ദുക്കളായി ഈ കേന്ദ്രങ്ങൾ മാറി. ലാഹോറിൽ നിന്നുള്ള മിഷനറിമാരും നാഗ്പൂരിൽ പോയി അനേകം സംഘം ക്ഷാമം കൊണ്ട് വലഞ്ഞ കുട്ടികളെ ലാഹോറിൽ കൊണ്ടുവന്ന് ഇവിടുത്തെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആയുള്ള രണ്ട് സ്ഥാപനങ്ങളിലും താമസിപ്പിച്ചു. 1900 ജനുവരിയിൽ 48 പെൺകുട്ടികളെയും 8ആൺകുട്ടികളെയും കൊണ്ടു വന്നു. നാഗ്പ്പൂർ രൂപതയിൽ നിന്ന് കൊണ്ടുവന്ന ഈ കുട്ടികളെ ലാഹോറിലെ രണ്ട് അനാഥാലയങ്ങളിൽ താമസിപ്പിച്ചു അവിടെ അംഗങ്ങളായി ചേർത്തു. ബ്ര. ജോവാക്കി വാൻ ടേൺഹൗട്ട് രാജപുത്താന, നീമുക്ക് കൻഡാല എന്നീ സ്ഥലങ്ങളിൽ നിന്ന് കണ്ടെത്തിയ 126 കുട്ടികളെ അതേവർഷം തന്നെ ലാഹോറിൽ കൊണ്ടുവന്നു. മാർച്ച് മാസത്തിലാണ് ഇവർ എത്തിയത്. ഗെന്റിലെ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി സഭയിലെ അംഗങ്ങളായ മദർ എ. പൗലയും സിസ്റ്റർ മൊലീറ്റയും ഇതേ രൂപതയിൽ പോയി ക്ഷാമം കൊണ്ട് അനാഥരായ 40 കുട്ടികളെ കൊണ്ടു വന്നു ഈ സ്ഥാപനങ്ങളിൽ ചേർന്നു. ഇങ്ങനെ ഈ രണ്ട് രൂപതകളും അടുത്ത സമ്പർക്കം പുലർത്തിയിരുന്നു. അതുകൊണ്ട്

ചില ടേർഷ്യറിനോവീസ്സസ് പറയുന്നത് മിഷൻ സുപ്പീര്യർ റഗുലറെപ്പ റ്റിയുള്ള സാക്ഷ്യത്തിൽ ഏതാനും ജർമ്മൻ ടെർഷ്യറൻമാർ നാഗ്പൂരി ലേക്ക് പോയി എന്നു പറയുന്നത് ശരിയായിരിക്കാം. എല്ലാത്തിനുമു പരി ബ്ര. ക്ലെമൺ കീർഗിന്റെ വിവരണത്തിൽ നിന്ന് നമുക്ക് അറിയാൻ കഴിയുന്നത് നാഗ്പൂർ ബിഷപ്പ് പെൽവാറ്റ് തന്റെ രൂപതയിൽ ക്ഷാമ ബാധിതർക്കുവേണ്ടി ഒരു പുനരധിവാസകേന്ദ്രം തുറക്കാൻ ബ്രദേ ഴ്സിനെ ക്ഷണിച്ചിരുന്നുവെന്നാണ്.

### 3.1 ബ്രദർ പൗലുസ് മേർറ്റിസ് ഇന്ത്യയിലെത്തുന്നു. 1900-ലെ വലിയ ക്ഷാമം

ഇന്ത്യൻ ഉപഭൂഖണ്ഡം ആ നൂറ്റാണ്ടിലെ ഏറ്റവും വലിയ ക്ഷാമം ബാധിച്ച് നട്ടം തിരിയുന്ന സമയം ആ ജനുവരിയിൽ ബ്ര. പൗലുസ്, മോറിറ്റ്സും അദ്ദേഹത്തിന്റെ 4 സഹചാരികളും ഇന്ത്യയുടെ മണ്ണിൽ കാലുകുത്തി. തലേവർഷം സെപ്റ്റംബർ മാസത്തിൽ ബ്ര. നിക്കോ ളസ് ഹോഹന് സഭാംഗങ്ങളാകാൻ ആഗ്രഹിക്കുന്ന 3 അർത്ഥി കൾക്കൊപ്പം ഇന്ത്യയിൽ മടങ്ങിയെത്തിയിരുന്നു. ഈ മൂന്നു പേരെയും ബിഷപ്പ് പെൽവാറ്റിന്റെ അഭ്യർത്ഥന മാനിച്ച് അദ്ദേഹം സഗ്പ്പൂരിൽ കൊണ്ടുവന്നു. വന്നയുടൻ ബ്ര. നിക്കോളസ് ബിഷപ്പിനോടൊപ്പം രൂപ തയിൽ ക്ഷാമം ബാധിച്ച വിവിധ ഭാഗങ്ങൾ സന്ദർശിക്കാൻ പോയി.

ബ്ര. പൗലുസ് മോറിറ്റ്സിന്റെ വരവു സംബന്ധിച്ച വിശദാംശ ങ്ങൾക്ക് കടക്കുന്നതിന് മുമ്പ് സി.എം.എസ്.എഫിന്റെ പിറവി ശരിക്കു മനസ്സിലാക്കുന്നതിനും ഈ സഭയ്ക്ക് പാവപ്പെട്ടവരോടുള്ള പ്രതി ബദ്ധത, സമർപ്പണ മനോഭാവം, ഉൾക്കൊള്ളുന്നതിനും 1900-മാണ്ടിലെ ഹൃദയഭേദകവും ഭീതിപ്പെടുത്തുന്നതുമായ ക്ഷാമത്തിന്റെ വികൃതി സംബന്ധിച്ച് ഒരു ഹ്രസ്വവിരണം നൽകുക ആവശ്യമാണ്. ഇന്ത്യയുടെ ജനകോടികൾക്ക് 1896-1897-ലെ ക്ഷാമത്തിന്റെ ദുരിതങ്ങളിൽ നിന്ന് കരകയറാൻ കഴിയുന്നതിന് മുൻപാണ് ഈ വലിയ പ്രകൃതി ദുരന്തം സംഭവിച്ചത്. ബിഷപ്പ് പെൽവെറ്റ് പറയുന്നത് ഈ ക്ഷാമം മുൻപ് ഉണ്ടായ ക്ഷാമങ്ങളെ നിഷ്പ്രഭമാക്കുന്നു എന്നാണ്. തീവ്രതയിൽ നഷ്ടമായ ജീവന്റെ എണ്ണത്തിലും ഈ ക്ഷാമം ഏറെ മുന്നിലാണ്. നാം നേരത്തെ അപഗ്രഥിച്ച വിദൂരകാരണങ്ങൾ തന്നെയാണ് ഈ ക്ഷാമത്തിന്റെയും പിന്നിലുണ്ടായിരുന്നത്. ഉടനടി ഉണ്ടായ കാരണം തെക്ക് പടിഞ്ഞാ റൻ മൺസൂൺ (ഇടവപ്പാതി) പരാജയപ്പെട്ടതാണ്. കൂടാതെ 200 വർഷ ത്തിനകം ഉണ്ടായ വെള്ളപ്പൊക്കങ്ങളിൽ ഏറ്റം വലിയ വെള്ളപ്പൊക്കം ഉണ്ടായി എന്ന് സർക്കാരിന്റെ കാലാവസ്ഥാ നിരീക്ഷകൻ സർ എലി

യറ്റ് പറയുന്നു. വ്യാപ്തിയിലും തീക്ഷ്ണതയിലും ഈ വെള്ളപ്പൊക്കം ഏറെ മുന്നിലായിരുന്നു.

വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ വിസ്തൃതി 400000 ചതുരശ്ര മൈൽ, അവിടത്തെ ജനസംഖ്യ ബ്രിട്ടീഷ് ഇന്ത്യയിൽ 25 ദശലക്ഷവും നാട്ടുരാജ്യങ്ങളിൽ 35 ദശലക്ഷവും ആയിരുന്നു. ബോംബെ പ്രസിഡൻസിയുടെ ഭൂരിഭാഗം പ്രദേശങ്ങളും സെൻട്രൽ പ്രോവിൻസുകൾ മുഴുവനും ബിരാറും, പഞ്ചാബ്, രാജ്പുട്ടാന, നൈസാവിന്റെ കീഴിലുള്ള പ്രദേശം ബറോഡ, സെൻട്രൽ ഇൻഡ്യയിലെ നാട്ടുരാജ്യങ്ങൾ.

ഇവയുടെ നല്ലൊരുഭാഗവും ക്ഷാമബാധിത പ്രദേശങ്ങളിൽ ഉൾപ്പെടും. 1900 ഒക്ടോബർ 19-ാം തീയതി ലെജിസ്ലേറ്റീവ് കൗൺസിലിൽ പ്രസംഗിക്കവേ വൈസ്റോയി ലോർഡ് കഴ്സൺ പറഞ്ഞു, ഇന്ത്യയുടെ ആകെ ജനസംഖ്യയിൽ ഇരുപത്തഞ്ചുശതമാനം സർക്കാരിന്റെ ആശ്വാസ പ്രവർത്തനങ്ങളിൽ, കൂടിയ അളവിലോ, കുറഞ്ഞ അളവിലോ ഉൾപ്പെട്ടിട്ടുണ്ടെന്ന്.

ബിഷപ് ചാൾസ് പെൽവറ്റ് ക്ഷാമം ബാധിച്ച തന്റെ രൂപതയിലെ ജില്ലകളിൽ നിരന്തരം സഞ്ചരിച്ചുകൊണ്ടിരുന്നു. റിലീഫ് ക്യാമ്പുകൾ സംഘടിപ്പിച്ചതും ക്ഷാമത്താൽ അനാഥരായിത്തീർന്ന കുട്ടികളെ കണ്ടെത്തി രക്ഷിക്കുന്ന പ്രവർത്തനങ്ങൾ നടത്തിയും അദ്ദേഹം പ്രശ്നത്തിൽ ഇടപെട്ടു. അദ്ദേഹം 1986-1897 കാലഘട്ടത്തിൽ തുടങ്ങി വച്ച രക്ഷാപ്രവർത്തനങ്ങൾ 1900 വരെ തുടരേണ്ടി വന്നു. ഇത് രൂപതയ്ക്ക് സാമ്പത്തികമായി വലിയ ഭാരമായിരുന്നു. മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് ഇത് തടസ്സമായി. തന്റെ രൂപതയിലെ വൈദികരും സന്യസ്തരും ക്ഷാമബാധിതരുടെ ഇടയിൽ രക്ഷാപ്രവർത്തനം നടത്തണമെന്ന് അഭ്യർത്ഥിക്കാനും ആവശ്യപ്പെടാനും ബിഷപ് പെൽവറ്റ് മടിച്ചില്ല. സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ഓഫ് സെന്റ് ഷാൻ ജി മോറിയേൻ ഓഫ് കാംപ്ര്റീ, ദി കാറ്റിക്കിസ്റ്റ് സിസ്റ്റേഴ്സ്സ ഓഫ് മേരി ഇമ്മാക്കുലേറ്റ്, ദ ജോട്ടേഴ്സ് ഓഫ് സെന്റ് ആൻ, ആയിടെ എത്തിയ ഫ്രാൻസിസ്കൻ ടേർഷ്യറിയിലെ ജർമ്മൻ അർത്ഥികൾ- ഇവരെല്ലാം 'ജോലി ചെയ്ത് ആഹാരം പ്രതിഫലമായി സ്വീകരിക്കുക' എന്ന പരിപാടി നടപ്പാക്കാൻ നാടുചുറ്റി. ഇതിന് സമാനമായ മറ്റ് ആശ്വാസ പ്രവർത്തനങ്ങളും നടത്തി. മരണാസന്നരായപ്പോൾ ജ്ഞാനസ്നാനം സ്വീകരിച്ചവർ അനേകായിരങ്ങൾ ഉണ്ടായിരുന്നു. പുനരധിവാസ പ്രവർത്തനങ്ങളിൽ പുതുതായി എത്തിയ ജർമ്മൻ ടേർഷ്യറിമാരും സജീവമായി പങ്കെടുത്തു എന്ന് ഏതാണ്ട് ഉറപ്പിച്ചുപറ

യാൻ കഴിയും. അവർ എന്നാണ് നാഗ്പൂരിൽ എത്തിയത്, ആ കൃത്യ മായ തീയതി വ്യക്തമാക്കുന്ന ഒരു രേഖ നമുക്ക് ലഭിച്ചിട്ടുണ്ട്. ബിഷപ് പെൽവറ്റ് അദ്ദേഹത്തിന്റെ മിഷനറിമാരും കൂടി ആയിരക്കണക്കിന് അനാ ഥരായ കുട്ടികളെ രക്ഷിച്ചു. സർക്കാരിന്റെ റെസ്ക്യു ക്യാമ്പുകളിൽ നൂ റുകണക്കിനും ആയിരക്കണക്കിനും അനാഥ ബാലന്മാരും ബാലിക മാരും ഉണ്ടായിരുന്നു. ഈ കുട്ടികളെ എല്ലാം സംരക്ഷിക്കാൻ സർക്കാ രിന് ബുദ്ധിമുട്ട് ആയതുകൊണ്ട് കുട്ടികളെ സന്നദ്ധ സംഘടനകൾക്ക് ഏല്പിച്ചുകൊടുക്കാൻ സർക്കാർ തയ്യാറായിരുന്നു. പ്രൊട്ടസ്റ്റന്റ് സംഘ ടനകളും മുസ്ലീം സംഘടനകളും പരസ്പരം മത്സരിച്ച് കിട്ടാവുന്നത്ര കുട്ടികളെ കൂട്ടിക്കൊണ്ടുപോയി. നാഗ്പ്പൂർ രൂപത രക്ഷിച്ചത് സർക്കാ രിന്റെ ക്യാമ്പുകളിൽ നിന്ന് ബിഷപ്പിന് ലഭിച്ചതുമായ കുട്ടികളിൽ ഒരു ഭാഗത്തെ അടുത്തുള്ള കത്തോലിക്കാ രൂപതകൾക്ക് ഏല്പിച്ചുകൊ ടുത്തു. തന്റെ രൂപതയ്ക്കായി നിലനിർത്തിയവരെ ഒരു കാർഷിക പുന രധിവാസ കോളനിയിൽ പുനരധിവസിപ്പിച്ചു. താന എന്ന സ്ഥല ത്തായിരുന്നു ഈ കോളനി. നാഗ്പ്പൂരിൽ നിന്ന് 70-ൽ തെക്കു മാറി യായിരുന്നു ഈ സ്ഥലം. വിശാഖപട്ടണം ബിഷപ്പ് ആ രൂപത രണ്ടായി വിഭജിക്കുന്നതിന് മുൻപ് നാഗ്പ്പൂർ രൂപത സൃഷ്ടിക്കുമുമ്പ് വാങ്ങിയ വിശാലമായ ഒരു വസ്തു ഉണ്ടായിരുന്നു. ഇവിടെ രണ്ട് അനാഥാല യങ്ങളിലായി ക്ഷാമംകൊണ്ട് അനാഥരായ കുട്ടികളെ താമസിപ്പിച്ചു. ഓർഫനേജുകളുടെ നടത്തിപ്പ് സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ഓഫ് സെന്റ് ജീൻ മറിയേൽ ഓഫ് കാംപ്പറ്റിയെ ഏൽപ്പിക്കുകയും ചെയ്തു.

ക്രിസ്റ്റ്യൻ ചാരിറ്റിയുടെ (ക്രൈസ്തവ പരസ്നേഹത്തിന്റെ) ഈ കേന്ദ്രത്തിലേക്കാണ് ബ്ര. പൗലുസ്, മോറിറ്റ്സിനും അദ്ദേഹത്തിന്റെ സഹചരരും പോയത്. ഇന്ത്യയിൽ എത്തിയ ഉടൻ അവർ പോയത് ഈ കേന്ദ്രത്തിലാണ്. 1900 നവംബർ 4-ാം തീയതി ഇന്ത്യൻ ഉപഭൂ ഖണ്ഡം മുഴുവൻ അതിരൂക്ഷമായ ഒരു ക്ഷാമത്തിൽ അമർന്നിരുന്ന സമയമാണ് ബ്ര. പൗലൂസ് മോറിറ്റ്സും അനുയായികളും നാഗ്പ്പൂരിൽ എത്തിയത്. ബിഷപ്പ് പെൽവറ്റ് ഇന്ത്യയുടെ രൂക്ഷമായ ക്ഷാമത്തിനെ തിരെ പോരാടി പരാജയപ്പെട്ടുകൊണ്ടിരുന്ന സമയം അപ്പോഴെത്തിയ ഈ സംഘമാണ് സി.എം.എസ്.എഫ്. സഭയുടെ കേന്ദ്രബിന്ദു, പ്രാഥ മിക വിത്ത്.

ബ്ര. പൗലുസ് മോറിറ്റ്സും സഹചരരും 1900 ഒക്ടോബർ മദ്ധ്യ ത്തിലാണ് യൂറോപ്പിൽ കപ്പൽ കയറിയത്. 1900 നവംബർ ആദ്യം

ഇന്ത്യയുടെ നാഗ്പ്പൂരിൽ എത്തി. ലയൺസിലെ പൊന്തിഫിക്കൽ സൊസൈറ്റി ഫോർ ദ പ്രൊപഗേഷൻ ഓഫ് ഫെയ്ത്ത് പല മിഷനറി സംഘങ്ങൾക്കും യാത്രയ്ക്ക് ധനസഹായവും നല്കിയിരുന്നു. അക്കൂട്ടത്തിലുള്ളതാണ് ഈ സംഘവും സംഘങ്ങളുടെ പേരുവിവരം.

| പേര് | രൂപത | ജനനസ്ഥലവും | തീയതിയും |
|---|---|---|---|
| പൗലുസ് മോറിറ്റ്സ് | എം. ലാൻഡ് | കോണിൾസ്ബർഗ്ഗ് | 20-06-1869 |
| പേരൂസ് മൊമെൻഷും | കൊളോൺ | റോംഷോവൻ | |
| ആന്റണി റൺഡ് | ബ്രൺ | ആസ്ട്രിയ | 20-07-1863 |
| എഡ്വേർഡ് ബൗർ | ലാംസ് ബർഗ്ഗ് | പ്ഫാഫെൻസ്കാൻ | 18-12-1846 |
| ലിയോ പോൾസ് ഷ്രേലർ ബ്രൺ | ഡൺപോൾസ് | ആസ്ട്രിയ | 02-09-1882 |

പുതിയതായി എത്തിയ ടേർഷ്യറി അർത്ഥികളിൽ പുതുതായി ചേർത്തവരിൽ ചിലർ രൂപതയിലെ വിവിധ സ്ഥാപനങ്ങളിലേക്ക് നിയോഗിക്കപ്പെട്ടു. സെന്റ് ഫ്രാൻസിസ് ദി സെയിൽസ് കോളേജ്, ഓർഫനേജ് ആന്റ് പ്രിന്റിംഗ് പ്രസ് തുടങ്ങി നാഗ്പൂർ നഗരത്തിലുള്ള സ്ഥാപനങ്ങൾ.

## 3.2 ബിഷപ്പ് പെൽവറ്റിന്റെ മരണം, ബിഷപ്പ് ഷാൻ മരീ ക്രോഷറ്റ് നാഗ്പൂർ രൂപതയുടെ ഭരണാധികാരി ആകുന്നു

ബ്ര. നിക്കോളാസ് പലപ്പോഴും ബിഷപ്പ് പെൽവറ്റിനോടൊപ്പം രൂപതയുടെ ക്ഷാമബാധിതമായ ജില്ലകൾ സന്ദർശിച്ചിരുന്നു എന്ന് നാം കണ്ടു കഴിഞ്ഞു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായിരുന്നു ഈ യാത്രകൾ. ഇത്തരം യാത്രകൾ ഒന്നിൽ നിന്ന് മടങ്ങിവന്നപ്പോൾ ബിഷപ്പ് രോഗബാധിതനായി. 1900 ജൂലൈ 23-ാം തീയതി അദ്ദേഹം ചരമം പ്രാപിച്ചു. കോളറ എന്ന പകർച്ചവ്യാധിയുടെ ഇരയായിരുന്നു അദ്ദേഹം ഈ രോഗത്തിനെതിരായി പടപൊരുതിയ ഒരാളായിരുന്നു ബിഷപ്പ്. അങ്ങനെ ബിഷപ്പ് പെൽവറ്റ് തന്റെ അജഗണത്തിനുവേണ്ടി പരമമായ ത്യാഗം അനുഷ്ഠിച്ചു. അപ്പോസ്തലേറ്റ് ഡെലഗേറ്റ് സലെസ്ക്കി തീഷ്ണതയുള്ളവനും പ്രശസ്തനുമായ ഈ മിഷണറി ബിഷപ്പിന്റെ അകാലചരമം സംബന്ധിച്ച വിവരം പ്രൊപഗാണ്ടയെ അറിയിച്ച് അദ്ദേഹം എഴുതി:

"മോൺ. പെൽവാറ്റിന്റെ മരണം ഇന്ത്യയിലെ സഭയ്ക്ക് യഥാർത്ഥത്തിൽ വലിയ നഷ്ടമാണ്. ഏറ്റവും ശ്രദ്ധേയമായ മെത്രാന്മാരിൽ ഒരാൾ ആയിരുന്നു അദ്ദേഹം. തികഞ്ഞ ശ്ലൈഹിക തീക്ഷ്ണതയുള്ള ഒരാൾ. ഈ തീക്ഷ്ണത കോളറായിക്ക് എതിരായി പോരാടാൻ അദ്ദേ

ഹത്തെ പ്രേരിപ്പിച്ചു. ഈ പോരാട്ടത്തിൽ അദ്ദേഹം ബലിയാടായി. അവസാന മാസങ്ങളിൽ മരണാനന്തരമായ ഇരുപത്തിനാലായിരത്തിലധികം ആളുകൾക്ക് അദ്ദേഹം ജ്ഞാനസ്നാനം നൽകി"

ബിഷപ്പ് പെൽവറ്റിന്റെ പിൻഗാമി ആയി വന്നത് അദ്ദേഹത്തിന്റെ വികാരി ജനറൽ  ഷാൻ മാറി ക്രോഷെറ്റ് ആയിരുന്നു. ഇദ്ദേഹവും ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറീസ് ശക്തമായി പിൻതുണയ്ക്കുന്ന ആളായിരുന്നു. ഇദ്ദേഹം ടേർഷ്യറികൾക്കു സ്വന്തമായ ഒരു വ്യക്തിത്വം നല്കി. തന്റെ വിശാലമായ രൂപതയിൽ പുറജാതിക്കാരുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കുന്നതിന് ടേർഷറിമാരുടെ സഹകരണം അദ്ദേഹത്തിന് ആവശ്യമായിരുന്നു.

### 4.1 ലാഹോർ രൂപതയിൽ കോൺഗ്രിഗേഷൻ ഓഫ് ദ ടേർഷ്യറി ഫ്രാൻസിസ്കൻസ് കാനോനികമായി സ്ഥാപിക്കപ്പെടുന്നു

1900 ജൂൺ മാസത്തിൽ മറിയാബാദ് കാർഷിക കോളണിയിൽ ആൺകുട്ടികൾക്കായി രണ്ടാമത്തെ അനാഥശാല തുറക്കാൻ ലാഹോർ രൂപത തീരുമാനിച്ചു. കാരണം, ലാഹോറിലെ ഫ്രാൻസിസ് ഓഫ് അസ്സീസ്സി അനാഥശാലയിൽ ഉണ്ടായ കുട്ടികളുടെ ബാഹുല്യം ക്ഷാമം കൊണ്ട് അനാഥരായിത്തീർന്ന കുട്ടികൾക്ക് ലാഹോറിലെ നാട്ടുകാർക്കായുള്ള രണ്ട് അനാഥാലയങ്ങളിലും പ്രവേശനം നല്കിയപ്പോൾ ഈ രണ്ട് സ്ഥാപനങ്ങളും പൂർണ്ണമായും നിറഞ്ഞു. 1900-ൽ സെന്റ് ഫ്രാൻസിസ് ഓർഫനേജിൽ 210 ആൺകുട്ടികളും സെന്റ് ജോസഫ്സിൽ 239 പെൺകുട്ടികളും ഉണ്ടായിരുന്നു. മറിയാ ബാദിലെ രണ്ടാമത്തെ അനാഥാലയം 1900 ഒക്ടോബറിൽ വെഞ്ചരിച്ചു. ഇവിടെ അന്തേവാസികളായി 90 കുട്ടികൾ ഉണ്ടായിരുന്നു. ഇവരെല്ലാം ക്ഷാമം കൊണ്ട് അനാഥരായവർ ആയിരുന്നു. ഈ അനാഥാലയത്തിന്റെ നടത്തിപ്പും ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറിസീനെ ഏല്പിച്ചു. ഈ കാലയളവിൽ നാല് ടേർഷ്യറിമാരാണ് ഉണ്ടായിരുന്നത്. എന്ന് ബിഷപ്പ് പെൽക്കുമാൻസ് പറയുന്നു. പൗവുളുസ് മോറിറ്റ്സ് 1900 നവംബറിൽ നാഗ്പൂരിൽ എത്തിയിരുന്നുവെങ്കിലും ആ മാസം അവസാനമേ അദ്ദേഹം ലാഹോറിൽ എത്തിയുള്ളൂ. ബ്ര. ക്ലമന്റ് ക്രീഗ് പറയുന്നത് അദ്ദേഹം രണ്ട് സഹചാരികൾക്കൊപ്പം ആ മാസം അവസാനം നാഗ്പൂരിൽ നിന്നു പുറപ്പെട്ടു എന്നാണ്.  1901 ഫെബ്രുവരി 2-ാം തീയതി വരെ അദ്ദേഹം ലാഹോറിൽ  ഉണ്ട്.

1901 ഫെബ്രുവരി 2-ാം തീയതി കർത്താവിന്റെ സമർപ്പണതിരുനാൾ ദിവസം ബ്ര. പൗവുളുസ് മോറിറ്റ്സ് അദ്ദേഹത്തിന്റെ നാല്ു സഹ

ചാരികളും ഫ്രാൻസിസ് ഓഫ് അസ്സീസിയുടെ റഗുലർ മൂന്നാം സഭയുടെ സഭാവസ്ത്രം സ്വീകരിച്ചു. ചടങ്ങു നടന്നത് ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ പ്രോ കത്തീഡ്രലിൽ വച്ച് ബിഷപ്പ് ഗോഡ്ഫ്രിഡ് പെൽക്ക്മാൻസിന്റെ കാർമ്മിക ത്വത്തിൽ അതേ ദിവസം ബിഷപ്പ് ജർമ്മൻ ടേർഷ്യറീസിനെ കാനോനികമായി സ്ഥാപിച്ച ഒരു കോൺഗ്രിഗേഷൻ ആക്കി – ഫ്രാൻസിസ്സക്കൻ തേർഡ് ഓർഡർ റഗുലർ ടേർഷ്യറീസ് ലിയോ 10–ാമൻ മാർപ്പായുടെ നിയമാവലി ഇവർക്കു ബാധകമാക്കി. രൂപതയുടെ കീഴിലുള്ള കോൺഗ്രിഗേഷൻ ആയി സ്ഥിരീകരിച്ചു. അങ്ങനെ ജർമ്മൻ ടേർഷറികൾ അഞ്ചുവർഷമായി ലാഹോറിലെ ഫ്രാൻസിസ് ഓഫ് അസ്സീസ്സി ഓർഫനേജിൽ തുടർന്നുവന്ന നൊവിഷ്യേറ്റ് അവസാനിച്ചു. ഇവരെല്ലാവരും വ്രതവാഗ്ദാനം നടത്തിയതു ബിഷപ്പ് പെൽക്കുമാൻസ് മുമ്പാകെ ആയിരുന്നു. എന്ന കരുതേണ്ടിയിരിക്കുന്നു. ബ്രദർ റോക്കസ് ഗെറ്റിലനെ പുതിയ സഭയുടെ സുപ്പീര്യർ ജനറലായി നിയമിച്ചതോടുകൂടി ഇന്ത്യയിൽ പുതിയ ഒരു ഫ്രാൻസിസ്ക്കൻ സമൂഹം നിലവിൽ വന്നു. ബ്ര. പൗലുസ് മൊറിറ്റ്സിനെ പുതിയ സഭയുടെ പ്രൊക്യുറേറ്ററ് ജനറൽ ആയി നിയമിച്ചു. സഭാവസ്ത്ര സ്വീകരണവും പുതിയ സഭയുടെ രൂപീകരണവും സംബന്ധിച്ച ചടങ്ങു പൂർത്തിയായ ഉടൻ ബ്ര. പൗലുസ് മോറിറ്റ്സ് നാഗ്പൂരിലേക്കു മടങ്ങി. നാഗ്പൂർ രൂപതയിൽ പ്രവർത്തിക്കുന്ന ടേർഷ്യറിമാരെ പുതുതായി രൂപീകരിച്ച സഭയുടെ അംഗങ്ങളാക്കുന്നതിന് നാഗ്പൂർ ബിഷപ്പിനോടു അഭ്യർത്ഥിക്കാൻ ഇദ്ദേഹത്തെ ചുമതലപ്പെടുത്തിയിരുന്നു. നാഗ്പ്പൂർ രൂപതയിൽ പണിയെടുത്തിരുന്നവരിൽ മിക്കവരും പുതിയ സഭയിൽ അംഗങ്ങളായി. ബ്ര. നിക്കോളാസ് ഹോഹൻ ഒഴികെ ബാക്കിയുള്ളവരെല്ലാം അർത്ഥികൾ മാത്രം ആയിരുന്നിരിക്കണം. ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറിമാർ ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയരായിട്ടാകും രൂപതയിൽ പണിയെടുക്കുക എന്നതു സംബന്ധിച്ച് ബിഷപ്പുമായി ചർച്ച നടത്താൻ ബ്രദർ പൗലുസിനെ അധികാരപ്പെടുത്തിയിരുന്നു.

1901 ഫെബ്രുവരി 22–ാം തീയതി പുതിയ ബിഷപ്പ് ഷാൻ മറി ക്രോഷെറ്റ് നാഗ്പൂരിലെ സെന്റ് ഫ്രാൻസിസ് ഡി സെയിൽസ് കത്തീഡ്രലിൽ വച്ചു സ്ഥാനാരോഹണം നടത്തി. അതേദിവസം ബ്ര. നിക്കോളാസ് ഹോഹനും വേറെ നാലുപേരും ഫ്രാൻസിസ്ക്കൻ തേർഡ് ഓർഡർ റഗുലറിന്റെ സഭാവസ്ത്രം സ്വീകരിച്ചു. ബിഷപ്പ് ക്രോഷെറ്റിന്റെ കൈകളിൽ നിന്നാണ് അവർ സഭാവസ്ത്രം സ്വീകരിച്ചത്. അതേദിവസം

തന്നെ ടേർഷറി ഫ്രാൻസിസ്ക്കൻ കോൺഗ്രിഗേഷന്റെ നാഗ്പൂർ യൂണിറ്റ് സ്ഥാപിച്ചുകൊണ്ട് ബിഷപ്പ് ഉത്തരവിറക്കി. ലാഹോർ രൂപത യിലെ ടേർഷ്യറി ഫ്രാൻസിസ്ക്കൻ കോൺഗ്രിഗേഷന്റെ ഒരു യൂണി റ്റായിട്ടാണ് ഈ യൂണിറ്റ് ഉണ്ടാക്കിയത്.

അതേവർഷം മാർച്ച് 14-ാം തീയതി ബ്ര. നിക്കൊളാസ് ഹോഹൻ യൂറോപ്പിലേക്കു പുറപ്പെട്ടു. പുതിയ കോൺഗ്രിഗേഷനിൽ അംഗങ്ങളെ ചേർക്കുക ആയിരുന്നു യാത്രയുടെ ലക്ഷ്യം. അതേവർഷം ഒക്ടോ ബറിൽ അദ്ദേഹം പന്ത്രണ്ടു യുവാക്കൾക്കൊപ്പം മടങ്ങി എത്തി. അവ രിൽ ഒരാളായിരുന്നു ജോഹാന്നെസ് ക്രീഗ്. പിൽക്കാലത്ത് ഇദ്ദേഹം ബ്ര. ക്ലമന്റ് ക്രിഗ് ആയി അറിയപ്പെട്ടു. ഇദ്ദേഹം തെക്കൻ ജർമ്മനി യിലെ ബ്രെയ്സ് ഗാനിലെ ഫ്രൈബേർഗ്ഗ് അതിരൂപതയിൽപ്പെട്ട എറ്റ്ലിൻഗൻ ഇടവകയിലെ അംഗമായിരുന്നു. പുതിയ മിഷനറി കോൺഗ്രിഗേഷന്റെ കോളിളക്കങ്ങൾ നിറഞ്ഞ ചരിത്രത്തിൽ ഒരു സുപ്ര ധാന പങ്കുവഹിക്കുന്നത് ഇദ്ദേഹമാണ്.

### 4.2 നീമാർ ഡിസ്ട്രിക്റ്റിലെ പുറജാതിക്കാരുടെ ഇടയിലുള്ള പ്രേഷിത പ്രവർത്തനം ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറിമാരെ ഏല്പിക്കുന്നു

ബ്രദർ പൗലുസ് മോറിറ്റ്സ് അദ്ദേഹത്തിന്റെ സംഘവും ലാഹോ റിൽ നിന്നു മടങ്ങി വന്നപ്പോൾ നാഗ്പൂർ രൂപതയിലെ പുറജാതിക്കാ രുടെ ഇടയിൽ പ്രേഷിതപ്രവർത്തനം നടത്താൻ അവരെ നിയോഗി ച്ചു. ബ്ര. പൗലുസ് മടങ്ങിവന്നത് പുതിയ സുപ്പീരിയർ ജനറൽ ബ്ര. റോക്കസ് ഗ്രോട്ട്ലറിൽ നിന്ന് ചില നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊ ണ്ടാണ് നാഗ്പൂർ രൂപതയിൽ ബ്രദേഴ്സ് പണിയെടുക്കുന്നത്. ഏതെല്ലാം നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായിട്ടാണ് എന്ന് ബിഷപ്പുമായി ചർച്ച ചെയ്ത് ഒരു തീരുമാനത്തിലെത്തണം. ഈ വിവരങ്ങൾ എല്ലാം ആ കാലയളവിൽ ബ്ര. പൗലൂസ് ബിഷപ്പ് ക്രോഷെറ്റിന് എഴുതിയ ഒരു കത്തിൽ അടങ്ങിയിട്ടുണ്ട്:

"ഞങ്ങളുടെ സുപ്പീര്യർ ജനറൽ എന്നെ ചില കാര്യങ്ങൾ അങ്ങയെ അറിയിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നു. അതായത് ഞങ്ങളുടെ ബ്രദേഴ്സിന് എവിടെയാണോ അവരെക്കൊണ്ട് ഏറ്റം അധികം പ്രയോജനമുള്ളത് അവിടേക്ക് അയയ്ക്കാവുന്നതാണ്. ഞങ്ങ ളുടെ സഭയ്ക്ക് ലഭിക്കുന്ന ധനസഹായത്തെ സംബന്ധിച്ചിടത്തോളം പുറജാതിക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന ഒരു മിഷനറി വൈദിക രുമായി ഞങ്ങളുടെ ബ്രദേഴ്സിനെ ബന്ധപ്പെടുത്തണം. ഇത് യൂറോ പ്പിൽ നിന്നും ഞങ്ങളുടെ കുറേ ബ്രദേഴ്സ് വരുന്നതുവരെമതി അവ

രുടെ സഹായത്തോടെ ഞങ്ങൾ സ്വന്തമായി മിഷൻ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. ഈ പുതിയ മിഷൻ സ്റ്റേഷനിൽ പ്രവർത്തിക്കുന്നവരുടെ ചിലവ് പൂർണ്ണായും ഞങ്ങൾ വഹിക്കുന്നതാണ്. അതുവരെ രൂപതയുടെ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവർക്ക് നിത്യവൃത്തിക്കുള്ളവക രൂപത നല്കണം; ഇപ്പോൾ ചെയ്യുന്നതുപോലെ."

തീക്ഷ്ണതയുള്ള ഈ സംഘം ബ്രദേഴ്സിനെ സ്വന്തം നിലയിൽ മിഷൻ സ്ഥാപിക്കാനും നടത്താനും അവസരമുണ്ടാക്കുക തന്നെ ചെയ്തു. 1901-ന്റെ ഉത്തരാർത്ഥത്തിൽ ഒന്നിലധികം ഗ്രാമങ്ങളിൽ നിന്നുള്ള ബാലാഹി ജാതിയിൽപ്പെട്ട ആളുകളും പല പ്രതിനിധി സംഘങ്ങൾ ഖാൻഡ്വാവിയിലെ റെയിൽവേ ചാപ്ലൻ ഫാ. ഫ്രാൻസിസ് ഫ്ലൂളേസ് എം.എസ്.എഫ്.എസിന് ഒരു അപേക്ഷയുമായി സമീപിച്ചു. അവരിൽ ചിലർ പ്രൊട്ടസ്റ്റന്റ് സഭയിൽ ചേർന്നിരുന്നു. അവർക്കെല്ലാം കത്തോലിക്കാ സഭയിൽ ചേരണം, അതിന് ആവശ്യമായ പ്രബോധനം, അറിവ്, ലഭ്യമാക്കണം ഫ്രാൻസിസ്ക്കൻ ടേർഷ്യറീസ്, പ്രത്യേകിച്ചും അവരുടെ തലവൻ ബ്ര. പൗലുസ് മോറിറ്റ്സ് നാഗ്പൂർ രൂപതയിൽ അനുയോജ്യമായ ഒരു സ്ഥലം അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. യൂറോപ്പുമായുള്ള ബന്ധം കൂടുതൽ സുഗമമാക്കാവുന്ന ഒരിടം ഇവിടെ അവർക്ക് സ്വന്തമായി ഒരു മിഷൻ സ്ഥാപിക്കുകയും ചെയ്യാം. പുറജാതിക്കാർക്കായുള്ള ഒരു മിഷൻ ഫാ. ഫൂലെക്സ് ബലാഹികൾ വന്ന് നടത്തിയ അഭ്യർത്ഥനയുടെ വിവരം ബിഷപ്പ് ക്രോഷെറ്റിനെ അറിയിച്ചു. ഉടനെതന്നെ ബിഷപ്പ് സന്തോഷകരമായ ഈ വാർത്ത ബ്ര. പൗലൂസിനെ അറിയിച്ചു. ഈ മിഷൻ ബ്രദറിന്റെ സംഘത്തെ ഏല്പിക്കാം എന്ന് പറഞ്ഞു. അവരുടെ രണ്ട് പ്രതീക്ഷകൾക്കും ഉതകുന്നതായിരുന്നു ഖാൻഡ്വ. ഖാൻഡ്വ ഒരു റയിൽവേ ജംഗ്ഷൻ ആയിരുന്നു. ജി.ഐ.പി. റയിൽവേ ബോംബെയുമായി എളുപ്പം ബന്ധപ്പെടാം. പാശ്ചാത്യലോകത്തേയ്ക്ക് തുറക്കുന്ന ഇന്ത്യയുടെ കവാടമായിരുന്നു ബോംബേ.

1901 ഡിസംബർ 15-ന് ബ്ര. പൗലൂസ് മോറിറ്റ്സ് ഖാൻഡ്വയിൽ എത്തി ഫാ. ഫൂലെക്സിനെ കാണുന്ന സ്ഥലം സംബന്ധിച്ച് നേരിട്ട് ഒരു പഠനം നടത്തി. നാഗ്പൂരിലെ തന്റെ സംഘത്തിന് ഒരു മിഷൻ തുടങ്ങാനുള്ള സാദ്ധ്യതകൾ പഠിച്ചു. 1901-ലെ ക്രിസ്തുമസ് കഴിഞ്ഞ ഉടൻ കൃത്യമായി പറഞ്ഞാൽ 1901 ഡിസംബർ 28-ാം തീയതി ബ്ര. പൗലുസ് ഖാൻഡ്വയിൽ മടങ്ങിയെത്തുന്നു. ഒപ്പം ബ്ര. ലിഗോ പോർഡ്

ഷ്രെയറും ഉണ്ട്. ഇവിടെ ബ്രദേഴ്സിന്റെ പ്രവർത്തനം തുടങ്ങാൻ ലാഹോറിൽ നിന്ന് വിളിച്ചുവരുത്തിയതായിരുന്നു ഇദ്ദേഹത്തെ.

### 4.3 ലാഹോർ സംഘവും നാഗ്പൂർ സംഘവും ഒത്തു പോകുന്നില്ല എന്നതിന്റെ സൂചനകൾ

ലാഹോർ ഗ്രൂപ്പും നാഗ്പൂർ ഗ്രൂപ്പും തമ്മിലുള്ള ബന്ധങ്ങൾ എപ്പോഴും തികച്ചും മെച്ചപ്പെട്ടതായിരുന്നില്ല. ഉള്ളത് തുറന്നു പറഞ്ഞാൽ ബ്ര. പൗലൂസ് മോറിറ്റ്സും ബിഷപ്പ് പെൽക്ക്മാനും തമ്മിലുള്ള ബന്ധത്തിൽ വിള്ളലുകൾ വീണിരുന്നു. ടേർഷ്യറി കോൺഗ്രിഗേഷൻ സ്ഥാപിച്ചു രണ്ടു വർഷമായപ്പോഴേക്കും ഇതിന്റെ സൂചനകൾ കണ്ടുതുടങ്ങി. ഒരു പക്ഷേ അതിനു മുൻപുതന്നെ ഇത് തുടങ്ങിയിരിക്കാം. ഇങ്ങനെ ഒരു സംഭവ വികാസത്തിനു 3 കാരണങ്ങൾ കണ്ടെത്താൻ ഞങ്ങളുടെ അന്വേഷണത്തിനു കഴിഞ്ഞിട്ടുണ്ട്. ഇവയിൽ ഒന്നാമത്തേത് ബിഷപ്പ് പെൽക്കുമാൻസ് ജർമ്മൻ ടേർഷ്യറികൾക്കു ഏറെ സ്വയം ഭരണാവകാശം അനുവദിച്ചത് ബൽജിയം കപ്പൂച്ചിൻ സഭാംഗങ്ങൾക്ക് ഇഷ്ടപ്പെട്ടില്ല. രണ്ടാമതായി സ്ഥാപനങ്ങളിൽ ജോലികളിൽ മാത്രം അവരുടെ പ്രേഷിത പ്രവർത്തനം ഒതുക്കാൻ ബിഷപ്പ് നടത്തിയ ശ്രമം. മൂന്നാമതായി എല്ലായിടത്തും എല്ലാ തിന്മകൾക്കും കാരണമായ പണത്തോടുള്ള അത്യാഗ്രഹം.

ലാഹോർ മിഷന്റെ യൂറോപ്പിലെ പ്രൊക്യുറേറ്റർ ആയിരുന്നു ബ്ര. പൗലുസ്. എന്നിട്ടും അദ്ദേഹം തന്റെ ആദ്യ സംഘത്തെ കൊണ്ടുപോയത് നാഗ്പൂരിലേക്കാണ്. ഇത് സ്വാഭാവികമായി സംശയത്തിന് കാരണമാകും. ബിഷപ്പ് പെൽക്ക്മൻസ് രണ്ട് അനാഥശാലകളുടെയും നടത്തിപ്പ് പൂർണ്ണമായും ജർമ്മൻ ടേർഷ്യറികളെ ഏല്പിച്ചതിന്റെ പ്രധാനകാരണങ്ങളിൽ ഒന്ന് സാമ്പത്തിക സഹായം നേടാൻ അവർക്കു കഴിയും എന്നതായിരുന്നു. ഇതിന് തെളിവായി ഞങ്ങളുടെ കൈയിൽ രണ്ട് രേഖകളുണ്ട്. ഒന്ന് മിഷൻ സുപ്പീരിയർ റഗുലർ റോമിലെ ഫാ. ജനറലിനായി അയച്ച റിപ്പോർട്ട്. രണ്ട് ലാഹോർ മിഷനിലെ കപ്പൂച്ചിൻ മിഷനറിമാരിൽ ഒരാളായ ഫാ. ഫെലിക്സ്വാൻ ആന്റ് വേർപത ജനറലിന് അയച്ച് ഒരു സ്വകാര്യ രഹസ്യകത്ത്.

ഞങ്ങൾ കൂടെക്കൂടെ ഉദ്ധരിക്കുന്ന മിഷൻ സുപ്പീര്യർ റഗുലറിന്റെ 1901-ാം ആണ്ടത്തെ ദീർഘമായ റിപ്പോർട്ടിൽ അദ്ദേഹം എഴുതുന്ന കത്ത് സഹസന്യസ്തരുടെ അഭിപ്രായങ്ങളും തന്റെ തന്നെ രോഷവും പ്രകടമാക്കുന്നതാണ്.

“ഞങ്ങളുടെ ബിഷപ്പ് 2 അനാഥശാലകളുടെയും (സെന്റ് ഫ്രാൻസിസ് ഓർഫനേജ്, ലാഹോർ; മരിയാബാദിൽ പുതുതായി ആരംഭിച്ച അനാഥശാല) നടത്തിപ്പ് ജർമ്മൻ ടേർഷ്യറിമാരെ ഏല്പിച്ചിരിക്കുകയാണ്. അവിടെ നമ്മുടെ വൈദികർക്ക് ഒന്നും ചെയ്യാനില്ല. ആത്മീയ ഗുരുക്കൾ എന്ന നിലയിലുള്ള സേവനമല്ലാതെ ഓർഫനേജുകളുടെ നിയന്ത്രണം പൂർണ്ണമായും ബ്രദേഴ്സിന്റെ കൈകളിലാണ്. ഇങ്ങനെ ചെയ്യാൻ നാം ബിഷപ്പിനെ പ്രേരിപ്പിച്ചതുപോലുണ്ട്. ഈ സ്ഥാപനങ്ങളുടെ സാമ്പത്തികമായ ഉത്തരവാദിത്വം മുഴുവൻ തങ്ങൾ ഏറ്റുകൊള്ളാമെന്ന് ബ്രദേഴ്സ് വാക്ക് കൊടുത്തിട്ടുണ്ട്.

മുകളിൽ പരാമർശിച്ച രണ്ടാമത്തെ സ്രോതസ്സിൽ ഫാ. ഫെലിക്സിന് മെത്രാനായ തന്റെ സഹസന്യസ്തന്റെ തീരുമാനം ശരിയായിരുന്നുവെന്ന് തോന്നിയില്ല. തന്റെ പ്രോവിൻസിന്റെ പണം കൊണ്ട് സ്ഥാപിച്ച അനാഥശാലകൾ ജർമ്മൻ ടേർഷ്യറികളെ ഏല്പിച്ച ബിഷപ്പിന് ശക്തമായ ഭാഷയിൽ അദ്ദേഹം കുറ്റപ്പെടുത്തുന്നു.

ബ്ര. പൗലുസ് മോറിറ്റ്സിനെ ലാഹോർ ബിഷപ്പ് നിരാശപ്പെടുത്തിയ വേറെ ഒരു മേഖല ഇതാണ്. നാട്ടുകാരുടെ ഇടയിൽ ഇറങ്ങി നേരിട്ട് പ്രവർത്തിക്കാൻ ജർമ്മൻ ടേർഷ്യറിമാർക്ക് അനുവാദം നല്കാൻ ബിഷപ്പ് തയ്യാറായില്ല. ഇപ്രകാരമുള്ള ഒരു പ്രവർത്തനമായിരുന്നു ടേർഷ്യറികളുടെ പ്രാഥമിക ലക്ഷ്യം. ഇത് ബ്ര. പൗലുസ് നാഗ്പൂർ ബിഷപ്പ് ക്രോഷെറ്റിനയച്ച കത്തിൽ നിന്ന് മനസ്സിലാക്കാൻ നമുക്ക് കഴിയും. നാഗ്പൂരിലെ ഫ്രാൻസേലിയൻ ബിഷപ്പ് തന്റെ രൂപതയിലെ ഒരു ഡിസ്ട്രിക്റ്റ് മുഴുവനായും പുറജാതിക്കാരുടെ ഇടയിൽ പ്രവർത്തിക്കാൻ ഇവർക്കു വിട്ടുകൊടുത്തിരുന്നു. അതും ഇവർ മുന്നോട്ടുവച്ച ഉപാദികൾക്ക് വിധേയമായി. ബിഷപ്പ് പെർക്ക്മാൻസിന് ഇത്തരം പരിപാടികൾ ഒന്നും ഇല്ലായിരുന്നു. ഇവരെ തന്റെ രൂപതയിലേക്കു ക്ഷണിച്ചത് അനാഥശാലകൾ നടത്താൻ മാത്രമായിരുന്നു. പ്രത്യേകിച്ചും മരിയാബാദിലെ കാർഷിക പുനരധിവാസ കോളനി വികസിപ്പിക്കാൻ ഇതിന് അനാഥാലയത്തിലെ ആൺകുട്ടികൾ സഹായിക്കും. ബ്ര. പൗലുസ് മോറിറ്റ്സ് ലാഹോർ സന്ദർശിച്ചപ്പോൾ കൃത്യം ആ സമയത്ത് 1901 ജനുവരിയിൽ സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസ്സി ഓർഫനേജിൽ പേർഷ്യൻ കാർപ്പെറ്റ് ഉല്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് തുടങ്ങിയിരുന്നു. ഇവിടെ പുറത്തുനിന്നും ഏതാനും നെയ്ത്തുകാർ വന്ന് കുട്ടികൾക്ക് പരിശീലനം നൽകിയിരുന്നു. ഇതിന് മേൽനോട്ടം വഹിച്ചത് ബ്രദേഴ്സ് ആയിരുന്നു. കുട്ടികൾ പരിശീലനത്തിൽ ആയിരുന്ന

പ്പോൾത്തന്നെ ഉത്പാദകരും ആയിരുന്നു. ഇത് സ്ഥാപനത്തിന് കുറച്ച് വരുമാനം നേടിക്കൊടുത്തു. വരുമാനം അത്യാവശ്യമായിരുന്ന സമയമായിരുന്നു അത്.

ഇവിടെ സി.എം.എസ്. ബ്രദർ ക്ലമന്റ് ക്രീഗിന്റെ ചരിത്ര ഗ്രന്ഥത്തിൽ നിന്ന് ഒരു ഉദ്ധരണി നൽകുന്നത് പ്രസക്തമായിരിക്കും. ഈ സംഭവങ്ങളുടെ ദൃക്സാക്ഷി അല്ലെങ്കിലും അവയുടെ ഒരു സമകാലികൻ ആണ്. ആധികാരികമായി കരുതാവുന്നതാണ് അദ്ദേഹം നല്കുന്ന വിവരണം. നാം നേരത്തേ വിശദമായി പരിശോധിച്ച വസ്തുതകളുമായി പൊരുത്തപ്പെടുന്നതാണ് ഈ വിവരണം. ഇതാണ് പ്രസക്തഭാഗം.

"ലാഹോറിൽ 1896-ലെ ക്ഷാമത്തിന് ഇരയായവരുടെ ഇടയിൽ ബ്രദേഴ്സ് തങ്ങളുടെ ആദ്യത്തെ സംരംഭത്തിൽ വലിയ വിജയം കൈവരിച്ചു. ഇത് കപ്പുച്ചിൻ വൈദികരിൽ അസൂയ ഉളവാക്കി. ക്രൈസ്തവ വിശ്വാസത്തിൽ പ്രബോധനം നൽകാൻ വേണ്ടത്ര പരിജ്ഞാനം ബ്രദേഴ്സിന് ഇല്ല എന്ന് അവർ ബിഷപ്പ് പെൽക്ക്മാൻസിനെ ബോദ്ധ്യപ്പെടുത്തി. ബ്രദേഴ്സ് വീട്ടിലെ കാര്യങ്ങൾ അന്വേഷിച്ചാൽ മതി അതിൽ അവരുടെ പ്രവർത്തി നാം ഒതുക്കണം. ചെരുപ്പുകുത്തുക, തയ്യൽ, പറമ്പ് കിളയ്ക്കുക ഇവയൊക്കെയാണ് ബ്രദേഴ്സ് ചെയ്യേണ്ടത്. അങ്ങനെ അവർ മിഷന്റെ സാമ്പത്തിക ഭദ്രതയ്ക്ക് സഹായിക്കും.'

ലാഹോർ ബിഷപ്പും ബ്ര. പൗലുസും തമ്മിൽ അകൽച്ചയുണ്ടാക്കാൻ ഇടയാക്കിയ മൂന്നാമത്തെ ഘടകം വിശദീകരിക്കുന്നതിന് മുമ്പ് ഇത് പെട്ടെന്ന് സംഭവിക്കുന്നതിന് കാരണമായ ചില സംഭവവികാസങ്ങൾ പരിഗണിക്കുന്നത് പ്രസക്തമായിരിക്കും. തികച്ചും ശൈശവ ദശയിലായിരുന്ന കോൺഗ്രിഗേഷൻ ഏതുതരം പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെടണം എന്നത് സംബന്ധിച്ച് സൈദ്ധാന്തികമായി പൊരുത്തപ്പെടാത്ത രണ്ട് നിലപാടുകൾ ഉണ്ടായിരുന്നു. കപ്പൂച്ചിൻ ബിഷപ്പിനും അദ്ദേഹത്തിന്റെ സഹ സന്യസ്തർക്കും ജർമ്മൻ ടേർഷ്യറികൾ നാട്ടുകാരുടെ ഇടയിൽ ഇറങ്ങി നേരിട്ട് സുവിശേഷവത്ക്കരണം നടത്തുന്നത് ഇഷ്ടമായിരുന്നില്ല; അവർ അതിനെ അനുകൂലിച്ചില്ല. ബ്രദേഴ്സ് എന്ന നിലയ്ക്ക് ആശ്രമങ്ങളിൽ തന്നെ സഹോദരന്മാർ ചെയ്യുന്നതുപോലുള്ള ജോലികൾ ചെയ്താൽ മതി. എന്നായിരുന്നു അവരുടെ നിലപാട്. ലാഹോറിലെ സംഘം ഈ സമീപനം അംഗീകരിച്ചിരുന്നു. എന്നാൽ നാഗ്പൂർ സംഘം പ്രസ്ഥാനത്തിന്റെ പ്രധാന വക്താക്കൾ ആയ ബ്ര. പൗലുസ് മോറിറ്റ്സും ബ്ര. നിക്കോളസ്

ഹോഹനും ഇതു സമ്മതമായില്ല. അവരുടെ ഗുരു ബൊഡേവിഗ്ഗിന് ഇന്ത്യയിലെ സുവിശേഷവത്ക്കരണം സംബന്ധിച്ചുണ്ടായിരുന്ന ആശയങ്ങൾ പിൻതുടരാനായിരുന്നു ഇവരുടെ ആഗ്രഹം.  ഇന്ത്യൻ മിഷനിൽ മുന്നോടികളായി, പ്രാരംഭപ്രവർത്തകരായിത്തീരാനായിരുന്നു ഇന്ത്യയിലേക്കയച്ച സംഘത്തിനും ബൊഡോവിഗ് അവസാനമായി നല്കിയ സന്ദേശം എന്തെന്ന് അവർക്ക് അറിയാമായിരുന്നു. സഭാപരമായ അച്ചടക്ക നടപടികൾ കാരണം ബൊഡേവിഗ് വ്യക്തിപരമായി ഒരു സ്വാധീനവുമില്ലാത്തവനായി തീർന്നെങ്കിലും അദ്ദേഹത്തിന്റെ ആദർശങ്ങൾ ലാഹോർ സംഘത്തെക്കാൾ കൂടുതലായി നാഗ്പൂർ സംഘത്തെ സ്വാധീനിച്ചു.  അവർ അത് തങ്ങളുടെ ജീവിത ലക്ഷ്യമാക്കാൻ ആഗ്രഹിച്ചു.  ബൊഡേവിഗ്ഗിന്റെ അന്തിമസന്ദേശം വിടവാങ്ങിയ സമയത്ത് നല്കിയിരുന്ന സന്ദേശം ഇതായിരുന്നു:

"നിങ്ങൾ നിങ്ങളുടെ ഭവനങ്ങളിൽ വെറുതേയിരിക്കരുത്. ഇന്ത്യയിലെ ഗ്രാമങ്ങളിൽ കൊച്ചു പട്ടണങ്ങളിൽ പോയി തദ്ദേശവാസികൾക്ക് സത്യവിശ്വാസം പറഞ്ഞുകൊടുക്കുവിൻ, ജ്ഞാനസ്നാനം സ്വീകരിക്കാൻ അവരെ ഒരുക്കുക, നിങ്ങളുടെ ജീവിത മാതൃക വഴി ദൈവരാജ്യം പ്രഘോഷിക്കുക, യുവാക്കളിൽ പ്രത്യേകം ശ്രദ്ധ ചെലുത്തുക, ഭയപ്പെടരുത്. അമല്‍ത്ഭവ കന്യകയായ അമ്മ നിങ്ങൾക്കൊപ്പമുണ്ട്."

### 4.4 നാഗ്പൂർ സംഘം ഒരു വ്യത്യസ്ത സഭയായി മാറുന്നു

1902-ൽ ബിഷപ്പ് പെൽക്ക്മാൻസ് നാഗ്പൂർ സംഘത്തെ ഫ്രാൻസിസ്ക്കൻ ടേർഷ്യറി കോൺഗ്രിഗേഷന്റെ ഒരു ശാഖയാക്കി അടുത്ത വർഷം ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറികളുടെ ചരിത്രത്തിൽ നിർണ്ണായകമായ ഒരു മാറ്റം സംഭവിച്ചു. അതായത് നാഗ്പൂർ സംഘം അവരുടെ വേറൊരു വിഭാഗമായ ലാഹോർ സംഘത്തിൽ നിന്നും വിഘടിച്ചു ഒരു സ്വതന്ത്ര വിഭാഗമായി ഒരു സൈദ്ധാന്തിക കാരണങ്ങളാലാണ് ഈ പിളർപ്പുണ്ടായത്. തങ്ങളുടെ പ്രസ്ഥാനത്തിന്റെ യഥാർത്ഥ പ്രാഥമിക ലക്ഷ്യത്തോട് വിശ്വസ്ഥത പുലർത്താൻ നാഗ്പൂർ സംഘം ആഗ്രഹിച്ചു. ഈ പിളർപ്പുണ്ടായത് 1902 ഫെബ്രുവരിയിലാണ്. നിർണ്ണായകമായ ഈ തീരുമാനത്തിൽ അവർക്ക് നാഗ്പ്പൂർ ബിഷപ്പ് ക്രോഷെറ്റിന്റെ  പൂർണ്ണമായ പിന്തുണ ഉണ്ടായിരുന്നു. അദ്ദേഹം അവരുടെ ആഗ്രഹം മാനിച്ച് നീമാർ ഡിസ്ട്രിക്റ്റ് അവരെ ഏല്പിച്ചു. പുറജാതിക്കാരുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കാൻ അവർക്ക് ഇങ്ങനെ അവസരം ലഭിച്ചു. ലാഹോർ സംഘവും നാഗ്പൂർ സംഘവും രണ്ട് വ്യത്യസ്ത സംഘങ്ങളായത് കോൺഗ്രിഗേഷൻ ഇങ്ങനെ പിളർന്നത്,

ചരിത്ര പ്രാധാന്യമുള്ള ഒരു സംഭവമായിരുന്നു. ഇതിനെപ്പറ്റി സി.എം. എസ്.എഫ്. ചരിത്രകാരൻ ക്രീഗ് പറയുന്നത് ഇതാണ്:

"നാഗ്പൂർ ബിഷപ്പുമായി ആലോചിച്ചശേഷം നാഗ്പൂർ ബ്രദേഴ്സ് സമൂഹം ഏത് ലക്ഷ്യത്തോടെയാണോ സഭ സ്ഥാപിച്ചത് ആ ലക്ഷ്യത്തോട് വിശ്വസ്തത പുലർത്താൻ തീരുമാനിച്ചു. ഭാവിയിൽ ലാഹോറിലെ ബ്രദേഴ്സുമായി ഒരു ബന്ധവും ഉണ്ടായിരിക്കില്ല എന്നും തീരുമാനിച്ചു."

നാഗ്പൂർ സംഘം വേറൊരു കോൺഗ്രിഗേഷൻ ആകാൻ തീരുമാനിച്ചു. പരസ്പരം കൂടിയാലോചിച്ചശേഷം ബ്ര. പൗലൂസ് മോറിറ്റ്സിന് തങ്ങളുടെ സുപ്പീര്യർ ജനറലായി നിർദ്ദേശിക്കാൻ തീരുമാനിച്ചു. അപ്പോൾ ബിഷപ്പ് ക്രോഷെറ്റ് അദ്ദേഹത്തെ ആ സ്ഥാനത്ത് സ്ഥിരപ്പെടുത്തി. അപ്പോൾ തൊട്ട് നാഗ്പ്പൂർ സംഘം തങ്ങളുടെ ഭാവി സ്വന്തം കൈകളിൽ എടുത്തു. ലാഹോർ സംഘത്തിന് എന്തു സംഭവിച്ചു എന്ന് അടുത്ത അദ്ധ്യായത്തിൽ പറയും. നാഗ്പ്പൂർ സംഘം വിഘടിച്ചു പിരിയാൻ പോവുകയാണെന്ന് അറിഞ്ഞു. പിളർപ്പുണ്ടാകുന്നതിന് തൊട്ടു മുൻപ് സുപ്പീര്യർ ജനറൽ ബ്ര. റോക്കസ് ഗോട്ഫർ നാഗ്പൂരിലെത്തി ഇങ്ങനെ ഒരു പിളർപ്പുണ്ടാക്കുന്നതിൽ നിന്ന് പിന്തിരിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും ശ്രമം പരാജയപ്പെടുകയാണുണ്ടായത്. അദ്ദേഹത്തിന് നിരാശനായി മടങ്ങേണ്ടി വന്നു.

രണ്ടു സംഘങ്ങളും തമ്മിലുള്ള ബന്ധം വിച്ഛേദിക്കാൻ ഇടയാക്കിയ മൂന്നാമത്തെ ഘടകം എന്തായിരുന്നുവെന്ന് വിശദമാക്കാൻ സമയമായി ബിഷപ്പ് പെൽക്കുമാൻസിന് നാഗ്പൂർ സംഘം എടുത്ത സ്വതന്ത്ര തീരുമാനം ശരിയാണെന്ന് തോന്നിയില്ല. ബിഷപ്പ് ഇത് അംഗീകരിച്ചില്ല. പ്രത്യേകിച്ചും ബ്രദർ പൗലുസ് മോറിറ്റ്സ് എടുത്ത സ്വതന്ത്ര നടപടി മിഷൻ സുപ്പീര്യർ റഗുലർ ഒരിക്കൽ ഇദ്ദേഹത്തെ വിശേഷിപ്പിച്ചത് തന്റെ ഗുരു ബൊഡേവിഗ്ഗിനെപ്പോലെ തന്നെ 'സ്വതന്ത്രമായി പെരുമാറുന്ന സ്വഭാവമുള്ള വ്യക്തി' എന്നാണ് ബിഷപ്പ് പെൽക്ക് മാൻസിന് ബ്ര. പൗലൂസ് മോറിറ്റസ് രണ്ട് കത്തുകളുടെ പകർപ്പുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. തനിക്കെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങളെ ഖണ്ഡിച്ചുകൊണ്ടുള്ള കത്തുകളാണ് എന്ന് തോന്നുന്നു. ഇക്കാര്യങ്ങൾ റോമിനെ അറിയിക്കാം എന്നൊരു ഭീഷണി കൂടി ഉണ്ടായിരുന്നു. കാണാം. ഈ കത്തുകളുടെ ഉള്ളടക്കത്തിൽ നിന്ന് ആരോപണങ്ങൾ ആയിരുന്നു എന്ന് അനുമാനിക്കാം. രണ്ട് കക്ഷികളും അടിസ്ഥാനപരമായി വിയോജിച്ചതു എവിടെയാണെന്ന് കാണാം. ഇവയെ നമുക്ക്

ചുരുക്കത്തിൽ അപഗ്രഥിച്ചു നോക്കാം. ഒരു ആരോപണം ഇതാണ്: ബിഷപ്പ് പെൽക്ക്മാൻസിന്റെ യൂറോപ്പിലെ എപ്പിസ്കോപ്പൽ പ്രൊക്യുറേറ്റർ എന്ന നിലയ്ക്ക് ധനശേഖരണത്തിന് ബ്ര പൗലൂസിനെ അധികാരപ്പെടുത്തിയിരുന്നു. ഇങ്ങനെ ശേഖരിച്ച പണത്തിന്റെ ഒരംശം ബ്ര. പൗലൂസ് അനധികൃതമായി കൈയടക്കി. ബിഷപ്പ് നൽകിയ സാക്ഷി പത്രം ദുരുപയോഗപ്പെടുത്തി. ലാഹോറുമായുള്ള ബന്ധം വേർപെടുത്തിയശേഷവും നേരത്തേ ലഭിച്ചിരുന്ന രേഖകൾ പഞ്ചാബ് മിഷൻ പ്രവർത്തനങ്ങൾ സംബന്ധിച്ച ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്തു. മിഷന് ധനസഹായം നൽകിയിരുന്നവരിൽ നിന്നും പണം വാങ്ങിയെടുക്കാൻ ശ്രമിച്ചു. അവസാനം വിശ്വാസവഞ്ചന കാട്ടി എന്ന് റോമിൽ പരാതിപ്പെടുമെന്ന് ബിഷപ്പ് ഭീഷണിപ്പെടുത്തി. ഇത്തരം ആരോപണങ്ങൾക്കെല്ലാം ശരിയായ കാരണമായ മറുപടി ബ്ര. പൗലൂസ് നൽകി. ലാഹോർ മിഷനും അനാഥശാലകൾക്കുംവേണ്ടി സമാഹരിച്ച പണത്തിന്റെ കണക്ക് മുഴുവൻ സൂക്ഷിച്ചിട്ടുണ്ടെന്നും ആ പണം ബിഷപ്പിന് അയച്ചുകൊടുത്തുവെന്നും ബ്ര. പൗലുസ് പറഞ്ഞു. ബ്രദറിന്റെ പേരിൽ യൂറോപ്പിൽ ഒരു ബാങ്കിൽ കുറേ പണമുണ്ട്. ഇതിന്റെ പകുതി തനിക്കു വേണമെന്ന് ബിഷപ്പ് പറയുമ്പോൾ അത് മുഴുവൻ തന്റേത് മാത്രമാണെന്ന് ബ്രദർ. ഇത് പൈതൃകമായി തനിക്ക് ലഭിച്ചതാണ് ഇത് ഒരു അടിയന്തര സാഹചര്യമുണ്ടായാൽ നാഗ്പ്പൂരിലെ തന്റെ ബ്രദേഴ്സിന്വേണ്ടി ഉപയോഗിക്കാനുള്ള ഒരു റിസർവ്വ് ഫണ്ടായി സൂക്ഷിച്ചിരിക്കുകയാണ്. തന്നെ എപ്പിസ്കോപ്പൽ പ്രൊക്യുറേറ്റർ ആയി നിയമിച്ചുകൊണ്ടുള്ള സാക്ഷ്യപത്രം തിരിച്ചു നല്കും. എന്നും ബ്രദർ പറയുന്നു. രണ്ടാമത്തെ കത്തിൽ ബ്ര. പൗലൂസ് ഇപ്രകാരമെഴുതി.

"അങ്ങ് എന്റെ ഉദ്ദേശങ്ങൾക്ക് സമ്മതം നല്കിയിരുന്ന കാലത്ത് ഞാൻ അങ്ങേയ്ക്ക് ആയിരക്കണക്കിന് രൂപ തന്നിട്ടുണ്ട്. കൂടുതൽ കിട്ടാൻ സാദ്ധ്യതയുമുണ്ടായിരുന്നു. എന്നാൽ അങ്ങ് നല്കിയ വാഗ്ദാനത്തിന് വിരുദ്ധമായി പ്രവർത്തിച്ചതിനുശേഷവും എല്ലാം അങ്ങേയ്ക്ക് വേണം. എന്നെ പുറത്താക്കണം ഇനി ഞാൻ അങ്ങേയ്ക്ക് യാതൊന്നും തരില്ല. അത് അങ്ങയുടെ കുറ്റം കൊണ്ടുമാത്രമാണ്."

ബിഷപ്പ് പെൽക്കുമാൻസ് ലംഘിച്ച വാഗ്ദാനം എന്തായിരിക്കാം? ഇതുവരെ പറഞ്ഞ കാര്യങ്ങളിൽ നമുക്ക് അനുമാനിക്കാവുന്നത് സ്വതന്ത്രമായും മിഷൻ പ്രവർത്തനം നടത്തുന്നതിന് ബിഷപ്പ് തടഞ്ഞതാണ് എന്ന് രണ്ടാമത്തെ കത്തിൽ താഴെ ഉദ്ധരിക്കുന്ന ഭാഗം ഇതിന് തെളിവാണ്:

“ഞങ്ങളുടെ ബിഷപ്പ് (മോൺ. ക്രോഷെറ്റ് ഓഫ് നാഗ്പൂർ) തന്റെ വാഗ്ദാനം പാലിച്ചിട്ടുണ്ട്. തുടർന്നും പാലിക്കും അതായത് ഞങ്ങളുടെ സ്വാതന്ത്ര്യം എല്ലായിടത്തും അംഗീകരിക്കും, നിലനിർത്തും. അങ്ങയെപ്പറ്റി ഇങ്ങനെ പറയാമെന്ന് തോന്നുന്നില്ല. ഞങ്ങളുടെ പ്രവർത്തനങ്ങൾ അങ്ങേയ്ക്ക് വേണ്ട; ഞങ്ങളുടെ പണം മാത്രം മതി.”

ഇങ്ങനെ ഇരുവിഭാഗക്കാരും തമ്മിലുണ്ടായ പിളർപ്പ് നികത്താൻ കഴിയാത്തതായിരുന്നു. അത് എന്നന്നേക്കുംന നിലനിന്നു. റോമിലേക്ക് എഴുതും എന്ന ഭീഷണിയെപ്പറ്റി ബ്ര. പൗലുസിന് ഭയമില്ലായിരുന്നു. ഇത് നിയമപരമായ മാർഗ്ഗങ്ങളിലൂടെ നാഗ്പ്പൂർ ബിഷപ്പ് കൈകാര്യം ചെയ്തുകൊള്ളും എന്ന് ബ്രദറിന് ബോദ്ധ്യമുണ്ടായിരുന്നു. ബിഷപ്പ് പെൽക്കുമാൻസിന്റെ താല്പര്യം ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറിമാർ എത്തിക്കുന്ന സാമ്പത്തിക സഹായത്തിലായിരുന്നു. അവർക്ക് സ്വതന്ത്രമായ പ്രേഷിത പ്രവർത്തനം നടത്താൻ സാഹചര്യം ഒരുക്കുന്നതിൽ ആയിരുന്നില്ല എന്ന് നമുക്ക് കാണാം. ജർമ്മൻ ടേർഷറികളുടെ ആഗ്രഹം എന്താണെന്ന് കപ്പുച്ചിൻ വൈദികർക്ക് അറിയാമായിരുന്നു. മിഷൻ സുപ്പീര്യർ റഗുലർ 1896-ൽ റോമിലെ ഫാ. ജന്നലിന് അയച്ച റിപ്പോർട്ടിൽ ഇത് വ്യക്തമാക്കുന്നുണ്ട്. ടേർഷറികൾ ഇന്ത്യയിൽ വന്നത് പ്രധാനമായും നാട്ടുകാരുടെ ഇടയിൽ പ്രവർത്തിക്കുന്നതിനാണ് എന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. 1901 -ലെ റിപ്പോർട്ടിൽ ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറിമാരിൽ ബിഷപ്പ് പെൽക്ക്ുമാൻസിലുള്ള താത്പര്യത്തിന്റെ പിന്നിൽ സാമ്പത്തിക നേട്ടമാണ് എന്ന് അദ്ദേഹമെഴുതി.

‘കഴിഞ്ഞ വർഷം ഞങ്ങളുടെ ബിഷപ്പ് യൂറോപ്പ് സന്ദർശിച്ചപ്പോൾ ബൊഡേവിഗ്ഗിന്റെ മറ്റു സന്യാസഭാംഗങ്ങളെ അദ്ദേഹം സന്ദർശിച്ചു. അക്കൂട്ടത്തിൽ ഒരു ബ്ര. പോൾ, ക്രൈസ്തവമതം സ്വീകരിച്ച ഒരു യഹൂദൻ, ധനശേഖരണത്തിൽ ബഹുസമർത്ഥനായിരുന്നു ഈ ബ്രദർ പാവുളൂസ് വളരെ സ്വാതന്ത്ര്യം കാട്ടുന്ന സ്വഭാവക്കാരനാണ്. ബൊഡേവിഗ്ഗിനെ പോലെതന്നെ (ബൊഡേവിഗ്ഗിന്റെ) കോൺഗ്രിഗേഷന്റെ ഇന്ത്യയിലെ ഏറ്റം പ്രധാനപ്പെട്ട നേതാവ് ഈ ബ്രദറാണ് എന്ന് തോന്നുന്നു.

സ്വതന്ത്ര സ്വഭാവക്കാരനായ ഈ ബ്ര. പാവുളൂസ് കോൺഗ്രിഗേഷന്റെ ഇന്ത്യയിലെ ഏറ്റം പ്രധാനപ്പെട്ട നേതാവ്, കാര്യങ്ങൾ എല്ലാം നിയന്ത്രിക്കാൻ പുറപ്പെട്ടു. ലാഹോറുമായി ഒരു തുറന്ന പിളർപ്പിനു തയ്യാറായി. ലാഹോറിൽ നിന്നും തനിക്കും തന്റെ സംഘത്തിൽപ്പെട്ടവർക്കും ഒരു പിന്തുണയും ലഭിക്കില്ല എന്ന് അദ്ദേഹത്തിന് അറിയാ

മായിരുന്നു. നാഗ്പൂർ ഫ്രഞ്ച് മിഷനറിമാരുടെ ശക്തമായ പിന്തുണ തങ്ങൾക്കുണ്ട്. തങ്ങളുടെ ന്യായമായ ആവശ്യങ്ങൾ അവർ അംഗീകരിക്കുന്നുണ്ട്. ഇതും അവർക്ക് ധൈര്യം പകർന്നു. നിമാർ മിഷൻ പ്രവർത്തിച്ചു തുടങ്ങി. തീഷ്ണതയുള്ള സഹസന്യസ്തന്മാരുടെ അത്യ അദ്ധ്വാനംകൊണ്ട് അവിടെ നല്ല പുരോഗതി ഉണ്ടായി.

ലാഹോറുമായി ഹ്രസ്വകാലബന്ധം കൊണ്ടുണ്ടായ ക്രിയാത്മകമായ നേട്ടങ്ങളിൽ ഒന്ന് നാഗ്പൂരിലെ കോൺഗ്രിഗേഷന് അതിന്റെ ഫ്രാൻസിസ്ക്കൻ സ്വഭാവം കിട്ടി എന്നതാണ്. ബ്ര. പൗലുസ് ആകട്ടെ നാഗ്പൂരിലെ സഭ അധികാരികളാകട്ടെ കപ്പൂച്ചിൻ ബന്ധത്തിൽ നിന്ന് ഉണ്ടായ ഈ വിലപ്പെട്ട ദാനം എടുത്ത് ദൂരെ വലിച്ചെറിയുവാൻ ആഗ്രഹിച്ചില്ല. ഇന്ത്യ ഉപഭൂഖണ്ഡത്തിന് അനന്യമായ ഒരു സംഘം മിഷനറിമാരെയാണ് ലഭിച്ചത്. ഈ ഗ്രന്ഥത്തിൽ മുന്നോട്ടു പോകുമ്പോൾ നാം കാണുക അവർ പക്വത പ്രാപിക്കുകയും ഫ്രാൻസിസ്ക്കൻ വിളിയിൽ മുന്നേറുകയും ചെയ്യുന്നതാണ് അസ്സീസിയിലെ പാവപ്പെട്ടവന്റെ തീക്ഷ്ണതയുള്ള അനുയായികളായി ഇവർ വളർന്നു. ബിഷപ്പ് പെൽക്ക്മാൻസിന് അയച്ച രണ്ടാമത്തെ കത്തിന്റെ അവസാനഭാഗത്ത് ബ്ര. പൗലൂസ് എഴുതി: ഞങ്ങൾ ഞങ്ങൾക്ക് സ്വയം നൽകിയിരിക്കുന്ന പേര് സി.എം.എസ്.എഫ്. എന്നാണ്. ഏറെക്കാലമായി ഇത് ഞങ്ങളുടെ പേരാണ്. നാഗ്പ്പൂർ ബിഷപ്പ് ഈ പേരിന് അംഗീകാരം നൽകിയിട്ടുണ്ട്. ഞങ്ങൾ ഈ രൂപതയിൽ കാനോനികമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു.'

ഈ കൃതിയുടെ ബാക്കി ഭാഗത്ത് ഈ ചെറിയ സംഘം ഫ്രാൻസിസ്ക്കൻ മിഷനറി ബ്രദേഴ്സ് ക്രമമായി വളർച്ച പ്രാപിക്കുന്നത് പരിശോധിക്കും. അവരിലൂടെ തിരുസഭയിൽ അനന്യമായ ഒരു മിഷനറി ചൈതന്യം രൂപപ്പെടുന്നതും പരിശോധിക്കുക. ഈ സംഘം തിരുസഭയുടെ കാതലായ വിളി പൂർത്തിയാക്കാൻ ഗണ്യമായ സംഭാവന നല്കിയിട്ടുണ്ട്, അതായത് ജനതകളോട് സുവിശേഷം പ്രസംഗിക്കുക എന്ന വിളി. നമ്മുടെ ലോകം മാവാണെങ്കിൽ അതിനെ പുളിപ്പിക്കുന്ന പുളിമാവാണ് ഈ ഫ്രാൻസിസ്ക്കൻ CMSF സഭ.

# ഭാഗം II

## കോൺഗ്രിഗേഷന്റെ ക്രമാനുഗതമായ വളർച്ചയും ഒന്നാം ലോക മഹായുദ്ധം അതിനെ എങ്ങനെ ബാധിച്ചു എന്നതും

### *അവതാരിക*

*നമ്മുടെ ഗ്രന്ഥത്തിന്റെ ഈ ഭാഗത്ത് പ്രധാനമായും നാം ചർച്ച ചെയ്യുക. ഈ യുവകോൺഗ്രിഗേഷന്റെ സാവധാനത്തിലുള്ള എന്നാൽ സ്ഥിരമായ വളർച്ചയും നീമാർ ഡിസ്ട്രിക്ടിലെ അതിന്റെ വേദപ്രചരണയത്നങ്ങൾ വിപുലമായ അർത്ഥമാണ്. നാഗ്പൂർ രൂപതയിലെ ഒരു ഡിസ്ട്രിക്റ്റാണ് നീമാർ. പിന്നീട് സഭയുടെ പ്രവർത്തനങ്ങൾ ഉപഭൂഖണ്ഡത്തിലെ വിവിധ രൂപതകളിലേക്ക് വ്യാപിച്ചു. 1902-ൽ സഭ സ്ഥാപിച്ച കാലംതൊട്ടേ ഒന്നാം ലോകമഹായുദ്ധം അവസാനിച്ച കാലഘട്ടം വരെയുള്ള കാലയളവാണ് നാം പരിഗണനയ്ക്ക് എടുക്കുന്നത് (1902-1925). യുദ്ധം ഒരു വലിയ ആഘാതമാണ് ഈ പുതിയ കോൺഗ്രിഗേഷന്മേൽ ഏൽപ്പിച്ചത്. കാരണം ഇവിടെ പണിയെടുത്തിരുന്ന മിഷനറിമാർ അധികവും ജർമ്മനിയിൽ നിന്നോ ആസ്ട്രിയയിൽ നിന്നോ ഉള്ളവരായിരുന്നു. ജർമ്മനിയുമായി ബന്ധപ്പെട്ട എന്തിനേയും അമിതമായും അകാരണമായും ഭയപ്പെട്ട ബ്രിട്ടീഷുകാർ പുതിയ കോൺഗ്രിഗേഷനുമേൽ നടുക്കമുണ്ടാകുന്ന അനുഭവങ്ങൾ വരുത്തിവച്ചു. സഭ പിരിച്ചുവിടലിന്റെ വക്കത്തെത്തിയതിനു കാരണം യുദ്ധം തന്നെ. സഭാംഗങ്ങളെ അറസ്റ്റ് ചെയ്ത് തടവിലാക്കി, അവസാനം നാടുകടത്തി, വേദനിപ്പിക്കുന്ന ഇത്തരം സംഭവവികാസങ്ങളിൽ നിന്നും പഴയ സ്ഥിതിയിലേക്ക് മടങ്ങുക എളുപ്പമായിരുന്നില്ല. അതു സാവധാനമായിരുന്നു. വേദനാജനകവും ആയിരുന്നു. ഈ ഗ്രന്ഥത്തിന്റെ ഈ ഭാഗത്തു നാം കാണുക വളരെ പ്രോത്സാഹജനകമായ തുടക്കം. യുദ്ധത്തിന്റെ ദാരുണഫലങ്ങൾ, അതിന്റെ അംഗങ്ങളുടെ വേദനിപ്പിക്കുന്ന പുനഃസംവിധാനം, ഇന്ത്യയിലെ ഡിസ്ട്രിക്റ്റ് തലത്തിലുള്ള പ്രവർത്തനങ്ങൾ പുനരാരംഭിച്ചത് ഇത്രയും കാര്യങ്ങളാണ്.*

# അദ്ധ്യായം 1

## നിമാർ മിഷനും പാടർ ബോണിൽ നിന്നുള്ള ഫ്രാൻസിസ്ക്കൻ ബ്രദേഴ്സും

### 1.1 കോൺഗ്രിഗേഷൻ ഓഫ് ദി മിഷനറീസ് ഓഫ് സെന്റ് ഫ്രാൻസിസ് ഡി സെയിൽസും നാഗ്പൂർ രൂപതയും

നാഗ്പ്പൂർ രൂപതയിലെ നിമാർ ഡിസ്ട്രിക്റ്റിൽ ഫ്രാൻസിസ്ക്കൻ ബ്രദേഴ്സ് നടത്തിയ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന് മുമ്പ് ആ രൂപതയുടെ ചരിത്രപരമായ പരിണാമം പരിശോധിക്കുന്നത് പ്രസക്തമായിരിക്കും. ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറിമാർക്ക് ഒരു പുതിയ ഭവനം നൽകിയത് ഈ രൂപതയാണ്. ഈ രൂപതയിൽ ഇതിന് മുൻപ് അജപാലനശുശ്രൂഷ നൽകിയിരുന്നത് മിഷനറീസ് ഓഫ് സെന്റ് ഫ്രാൻസിസ് ഡി സെയിൽസ് എന്ന കോൺഗ്രിഗേഷനാണ്.

മിഷണറീസ് ഓഫ് സെന്റ് ഫ്രാൻസിസ് ഡി സെയിൽസ് എന്ന കോൺഗ്രിഗേഷൻ ബിഷപ്പ് ജോസഫ് റേയ് ഓഫ് ആനെസി തന്റെ രൂപതയിലെ തീക്ഷ്ണതയുള്ള പിയേർ മാരി മേർമിയർ എന്ന വൈദികന്റെ സഹകരണത്തോടുകൂടി 1834 ഒക്ടോബർ 24-ാം തീയതി സ്ഥാപിച്ചു. 1843 ജൂൺ 2-ാം തീയതി ഗ്രിഗറി 16-ാമൻ മാർപ്പാപ്പ ഈ പുതിയ സന്യാസസഭയ്ക്ക് മാർപ്പാപ്പയുടെ അംഗീകാരം നല്കി. മുൾത്ത പ്രക്ലാറെ എന്ന ചാക്രികലേഖനം ഇറക്കിയത് ഈ മാർപ്പാപ്പയാണ്. തന്റെ സഭയിലെ ഏതാനും അംഗങ്ങളെ ആഫ്രിക്കൻ മിഷനുകളിലേക്ക് അയയ്ക്കാൻ മെർമിയർ സന്നദ്ധത പ്രകടിപ്പിച്ചു. വിദേശത്ത് മിഷനറിമാരായി പണിയെടുക്കാൻ താല്പര്യമുള്ള സഭാംഗങ്ങൾ ഉണ്ടായിരുന്നു. എന്നാൽ പുതിയ കോൺഗ്രിഗേഷനെ സംബന്ധിച്ച് വത്തിക്കാൻ എടുത്ത നിലപാട് വ്യത്യസ്തമായിരുന്നു.

ഇന്ത്യൻ മിഷനിൽ MEPയെ വികാരിയേറ്റ് ഓഫ് പോണ്ടിച്ചേരിയുടെ ചുമതലയിൽ നിന്ന് എടുത്ത് മാറ്റേണ്ട സമയമായിരുന്നു. 1773 മുതൽ വികാരിയേറ്റിന് അതിന്റെ വടക്കേ ഭാഗത്ത് ആളും അർത്ഥവും ഇല്ലാത്തതുകൊണ്ട് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നില്ല. 1845-ൽ കൃഷ്ണാ നദിക്ക് തെക്കുള്ള തെലുങ്ക് ജില്ലകളെ പോണ്ടിച്ചേരിയിൽ നിന്ന് വിടർത്തി മദ്രാസ് വികാരിയേറ്റ് അപ്പസ്തോലിക്കിന്റെ കീഴിലാക്കി. ഈ പ്രദേശത്തിന്റെ ചുമതല മേയ്നൂത്തിൽ നിന്നും ആൾഹാല്ലോസ് കോളേജിൽ നിന്നുമുള്ള ഐറിഷ് വൈദികരെ ഏൽപ്പിച്ചു. അധികം വൈദികർ ഇല്ലാതിരുന്നതുകൊണ്ട് ഈജോലി ശരിക്കു

നിർവഹിക്കാൻ കഴിഞ്ഞില്ല. തലമുറകളായി കത്തോലിക്കരായിരുന്ന വർക്ക് അജപാലന ശുശ്രൂഷ നൽകുന്നതിനുപോലും അവർക്കു കഴിഞ്ഞില്ല. പുതിയ സാവോയ് ആസ്ഥാനമായുള്ള കോൺഗ്രിഗേഷൻ മിഷൻ രംഗത്ത് വന്നത് ഒരു സൗകര്യമായി റോം കണ്ടു. 1845 മാർച്ച് 16-ാം തീയതി മധ്യ ഇന്ത്യയിലെ വിശാലമായ ഒരു ഭൂപ്രദേശം മദ്രാസ് വികാരിയേറ്റ് അപ്പസ്തോലിക്കിൽ നിന്ന് വിടർത്തി വിശാഖപട്ടണം എന്ന പുതിയ വികാരിയേറ്റ് സൃഷ്ടിച്ചു. ഇത് മിഷനറീസ് ഓഫ് സെന്റ് ഫ്രാൻസിസ് ഡി സെയിൽസിന് ഏൽപ്പിച്ചുകൊടുത്തു.

ആദ്യത്തെ ഫ്രാൻസേലിയൻ (എം.എസ്. എഫ്.എസ്.) സംഘത്തിൽ നാല് വൈദികരും രണ്ട് ബ്രദേഴ്സും ഉണ്ടായിരുന്നു. ഇവർ 1845 സെപ്റ്റംബർ 8-ാം തീയതി പോണ്ടിച്ചേരിയിൽ വന്ന് കപ്പൽ ഇറങ്ങി. ഫാ. മാർട്ടിൻ, മിഷൻ സുപ്പീരിയർ, ഫാ. ടിസ്സോറ്റ് (പിൽക്കാലത്ത് ഇദ്ദേഹം വിശാഖപട്ടണം ബിഷപ്പായി) ഇവർ ഈ സംഘത്തിൽപ്പെട്ടവരായിരുന്നു. അപ്പോൾ ഒരു പ്രശ്നം മദ്രാസ് വികാർ അപ്പസ്തോലിക് മോൺ. ഫെഞ്ചലിയുടെ ആഗ്രഹം ഈ പുതിയ വികാരിയേറ്റ് അദ്ദേഹത്തിന്റെ നാട്ടുകാരായ ഐറിഷ് വൈദികരെ ഏൽപ്പിക്കാനായിരുന്നു. ഫ്രാൻസേലിയൻസ് ഈ വികാരിയേറ്റിൽ പ്രവേശിക്കുന്നത് അദ്ദേഹം നിരോധിച്ചു. 4 മാസത്തെ കാത്തിരിപ്പിനുശേഷമേ തങ്ങൾക്ക് ന്യായമായും അവകാശപ്പെട്ട മിഷനിൽ പ്രവേശിക്കാൻ ഫ്രാൻസേലിയൻസിന് കഴിഞ്ഞുള്ളൂ. 1846 ഫെബ്രുവരി 19-ാം തീയതി അവർ വിശാഖപട്ടണത്തിലെത്തി.

ആദ്യത്തെ സംഘം ഫ്രാൻസേലിയൻസിന് തികച്ചും ദുഷ്ക്കരമായ ഒരു ജോലിയാണ് നിർവ്വഹിക്കാൻ ഉണ്ടായിരുന്നത്. എല്ലാം ആദ്യം മുതലേ ഒന്നുമില്ലായ്മയിൽ നിന്നും തുടങ്ങണം. മിഷൻ പ്രദേശത്തിന്റെ വിസ്തീ ർണ്ണം ഏകദേശം 435000 ചതുരശ്രമീറ്റർവരെ ജനസംഖ്യ 20 ദശലക്ഷത്തിലധികം. രണ്ടാമത്തെ സംഘം ഫ്രാൻസേലിയൻ മിഷനറിമാരിൽ ഒരു തുണ സഹോദരനും 6 വൈദികരും ഉണ്ടായിരുന്നു. ഇവർ 1846 ഏപ്രിൽ മാസത്തിൽ വിശാഖപട്ടണത്ത് എത്തി. ഇവരിൽ ഒരാളായിരുന്നു ഫാ. തിയോഫിലസ് നൈറേറ്റ്. ഇദ്ദേഹത്തെ റോം പ്രൊ-വികാർ അപ്പസ്തോലിക്ക് ആയി നിയമിച്ചു. 1846 ഡിസംബർ 17-ാം തീയതി മദ്രാസിലെത്തിയപ്പോൾ അദ്ദേഹത്തിന്റെ അഭിഷേകം നടത്തി. മോൺ നൈറേറ്റ് 1862 നവംബർ 5-ാം തീയതി വിശാഖപട്ടണത്ത് നിര്യാതനായി. അദ്ദേഹത്തിന്റെ പിൻഗാമിയായി വന്നത് മിഷൻ സുപ്പീര്യർ ഫാ. ടിസോട്ട് ആയിരുന്നു.

## 2.1 നാഗ്പൂർ രൂപത സ്ഥാപിക്കുന്നു

1886-ൽ ഇന്ത്യ ഹയറാർക്കി (മെത്രാന്മാരുടെ ശ്രേണി) രൂപീകരിച്ചപ്പോൾ വിശാഖപട്ടണം വികാരിയേറ്റ് അപ്പസ്തോലിക്കിനെ ഒരു രൂപതയായി ഉയർത്തി. ഹൈദ്രാബാദിനൊപ്പം ഇത് മദ്രാസിന്റെ ഒരു സഫ്രാഗൽ രൂപതയായി. 1887-ൽ വിശാഖപട്ടണം രൂപതയിൽ രണ്ടായി വിഭജിച്ച് നാഗ്പൂർ രൂപതയുണ്ടാക്കി. ഇത് മദ്രാസിന്റെ കീഴിൽ (സഫ്രാഗൻ) ആയിരുന്നു. നാഗ്പൂർ രൂപതയുടെ അജപാലനം ഫ്രാൻസേലിയൻസിനെ ഏൽപ്പിച്ചു. ബിഷപ്പ് ടിസോട്ടിന്റെ വികാരിജനറലായിരുന്ന മോൺ. റിക്കാസ് ഈ രൂപതയുടെ ആദ്യത്തെ ബിഷപ്പായി.

1845-നും 1900-നും ഇടയ്ക്ക് അന്നേസിയിൽ നിന്ന് ഫ്രാൻസേലിയസ് തങ്ങളുടെ ഇന്ത്യൻ മിഷനിലേക്ക് 65 വൈദികരേയും 15 തുണ സഹോദരന്മാരേയും 7 നൊവിസ്ട്രസ്സിനെയും 8 ആസ്പെരൻസിനെയും അയച്ചു. നാഗ്പൂർ രൂപതയുടെ വിസ്തീർണ്ണം 120000 ചതുരശ്ര മൈൽ ആയിരുന്നു. ജനസംഖ്യ ഏകദേശം 15 ദശലക്ഷവും മദ്രാസ് കാത്തലിക് ഡയറക്ടറിയിൽ കാണുന്നത്. 1899-ൽ ഈ രൂപതയിൽ 7222 കത്തോലിക്കർ ഉണ്ടായിരുന്നു എന്നാണ്. 1899, 1901 കാലഘട്ടത്തിലെ രൂപതയുടെ സ്ഥിതിവിവരകണക്ക് ഇതാണ്: രൂപതയിൽ 19 മിഷനറിമാരെ ഉണ്ടായിരുന്നുള്ളൂ. ഇവരിൽ 3 പേർ ഇന്ത്യാക്കാരായിരുന്നു. കത്തോലിക്കർ 9,123 ആകെ ജനസംഖ്യ 15 ദശലക്ഷം. ദേവാലയങ്ങളും കപ്പേളകളും ഇരുപത്തിയെട്ട്. പത്ത് അനാഥാലയങ്ങൾ. സെമിനാരികളും കോളേജുകളും 3. ഇവ കൂടാതെ 53 ഗ്രാമീണ വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകാൻ 6 ഡിസ്പെൻസറികൾ ഉണ്ടായിരുന്നു. മിഷൻ പ്രവർത്തനങ്ങൾക്ക് താഴെ പറയുന്ന സന്യാസസഭകൾ നാഗ്പൂർ രൂപതയിൽ പ്രവർത്തിച്ചിരുന്നു. കോൺഗ്രിഗേഷൻ ഓഫ് ദ സിസ്റ്റേഴ്സ്, സെന്റ് ജോസഫ് ഓഫ് ഷാൻഡി മുറിയേൻ, കാംപ്പറ്റിയിൽ ഡോട്ടേഴ്സ് ഓഫ് ദ ക്രോസ് അനൈസി; കാറ്റക്കിസ്റ്റ് സിസ്റ്റേഴ്സ് ഓഫ് ദി മേരി ഇമ്മാക്കുലേറ്റ്; നേറ്റീവ് സിസ്റ്റേഴ്സ് ഓഫ് സെന്റ് ആൻ.

## 2.2 നീമാർ മിഷൻ : കോൺഗ്രിഗേഷന്റെ അരൂപിയുടെ ചാണക്കല്ല്

പുരുഷന്മാരുടെ സന്യാസസഭയായ എം.എസ്.എഫ്.എസ്. കൂടാതെ നാഗ്പൂർ രൂപതയിൽ ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറീസ് ഓഫ് പേഡർബോണും ഉണ്ടായിരുന്നു. ബിഷപ്പ് ക്രോഷറ്റ് നീമാർ ഡിസ്ട്രിക്റ്റ് ഇവരെ ഏല്പിച്ചിരുന്നു. ലാഹോറുമായി അവർ പൂർണ്ണ

മായും ബന്ധം വിച്ഛേദിക്കുന്നതിനുമുമ്പുതന്നെ നീമാർ ഡിസ്ട്രിക്റ്റിനെ നേരിട്ടുള്ള സുവിശേഷവത്ക്കരണം ഇവരെ ഏല്പിച്ചിരുന്നു. ഈ പ്രഥമ മിഷനറിസംരംഭവും ഈ കൊച്ചു സഭയുടെ വളർച്ചയും സ്ഥിരത പ്രാപിക്കലും എല്ലാം നമുക്ക് ഒന്നു പരിശോധിക്കാം. ഈ സംരംഭം ദുഷ്കരമാണ്. കാരണം പ്രാഥമിക സ്രോതസ്സുകൾ ലഭ്യമല്ല. അതു കൊണ്ട് വ്യക്തികളെപ്പറ്റിയും തീയതികൾ സംബന്ധിച്ചും നല്കുന്ന വിവരങ്ങൾ, സംഭവങ്ങളെപ്പറ്റിയും സ്ഥലങ്ങളെപ്പറ്റിയും ഉള്ള വിവരങ്ങൾ കൃത്യമായിരിക്കില്ല. നാം പരിഗണിക്കുന്നത് 1901–1914 കാലഘട്ടമാണ്. സി.എം.എസ്.എഫ്. നീമാർ മിഷനിൽ പ്രവേശിച്ചതിനും ഒന്നാം ലോകമഹായുദ്ധം തുടങ്ങിയതിനും ഇടയ്ക്കുള്ള കാലയളവ്. ഈ കാലത്താണ് സി.എം.എസ്.എഫ്. നാഗ്പൂർ രൂപതയിൽ എത്തുന്നത്. താഴെ കൊടുത്തിട്ടുള്ള വിവരങ്ങൾ മോൺ. ക്രോഷെറ്റ് ലയൺസിലെ പൊന്തിഫിക്കൻ സൊസൈറ്റി ഫോർ ദ പ്രോപഗേഷൻ ഓഫ് ഫെയ്ത്തിനു നല്കിയ റിപ്പോർട്ടിൽ നിന്നു എടുത്തിട്ടുള്ളതാണ്:

### 2.3 സെൻട്രൽ പ്രോവിൻസുകളും നീമാർ ഡിസ്ട്രിക്റ്റിലെ ഖാൻഡ്വ തഹസിൽ

നീമാർ ഡിസ്ട്രിക്ടിന്റെ ഭൂമിശാസ്ത്ര പരമായ വിവരണം കൊണ്ട് തുടങ്ങുന്നതാകും ഏറ്റം നല്ല തുടക്കം. അതിനുശേഷം ആ ഡിസ്ട്രിക്റ്റിൽ സുവിശേഷ പ്രചരണത്തിനെത്തിയ ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറിമാരുടെ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യാം. ഖാൻഡ്വ എവിടെയാണ് സ്ഥിതി ചെയ്യുന്നത് എന്ന് അപ്പോൾ മനസ്സിലാകും. ഈ ഡിസ്ട്രിക്റ്റ് തലസ്ഥാനത്തായിരുന്നു ബ്രദേഴ്സിന്റെ മാതൃഭവനം. ഈ ചെറിയ ഗ്രൂപ്പിന്റെ ജനറലേറ്റും അവിടെ ആയിരുന്നു അവരുടെ പ്രവർത്തനങ്ങൾക്കു മാർഗ്ഗനിർദ്ദേശം നല്കിയിരുന്നതും. അവയ്ക്കു മേൽനോട്ടം വഹിച്ചിരുന്നതും അവിടെ നിന്നായിരുന്നു.

ബ്രിട്ടീഷ് ഇന്ത്യയുടെ സെൻട്രൽ പ്രോവിൻസസിന്റെ നെർബുദ്ദ ഡിവിഷന്റെ ഒരു ഭാഗമായിരുന്നു നിമാർ ഡിസ്ട്രിക്റ്റ്. നെർബുദ്ദ നദീ താഴ്വരയുടെയും സത്പുര പീഠഭൂമിയുടെയും മദ്ധ്യത്തിൽ കുന്നും സമതലവും ചേർന്ന ഒരു ഭൂപ്രദേശമായിരുന്നു ഇത്. അതിന്റെ വടക്കേ അതിർത്തിയിലായിരുന്ന ഹോൾകർ എന്ന സംസ്ഥാനവും കിഴക്ക് ഖൺഡേഷ് ഡിസ്ട്രിക്റ്റ്. ഇത് ബോംബേ പ്രസിഡൻസിയുടെ ഭാഗമാണ്. തെക്ക് അമരാവതി, അകോല എന്ന ഡിസ്ട്രിക്റ്റുകൾ–ഇവ ബീബാറിന്റെ ഭാഗമാണ്. പടിഞ്ഞാറെ അതിർത്തിയിൽ ഹോഷംഗബാദ് ബേറ്റുകൾ എന്നീ ഡിസ്ട്രിക്റ്റുകൾ, രണ്ടു സെൻട്രൽ പ്രോവിൻസിൽ

ചെയ്യുന്ന ഡിസ്ട്രിക്റ്റുകളും ഡിസ്ട്രിക്റ്റിന്റെ ആകെ വിസ്തീർണ്ണം 4273 ചതുരശ്ര മൈൽ ഇതിനു മൂന്ന് തപ്സീലുകളായി (ഉപഡിസ്ട്രിക്റ്റുകൾ) വിഭജിച്ചിരുന്നു. വടക്കു പടിഞ്ഞാറ് ഖാൻഡ്വ, കിഴക്ക് ഹർസുദ്, ഡിസ്ട്രിക്റ്റിന്റെ തെക്കു ഭുരൻപൂർ.

ഖാൻഡ്വ തഹ്സിലിന്റെ വിസ്തീർണ്ണം 1871 ചതുരശ്ര മൈൽ അതായതു നിമാർ ഡിസ്ട്രിക്റ്റിന്റെ 44 ശതമാനം അബ്ന, ശുക്ത എന്നീ നദികളുടെ താഴ്വരകളിലെ കയറിയും ഇറങ്ങിയും കിടക്കുന്ന ഒരു സമതലം. തഹ്സിലിന്റെ പടിഞ്ഞാറ് പകുതിവരെ അതിർത്തിയിൽ കുറേ കുന്നുകളുണ്ട്. ഇത് വടക്ക് കിഴക്കേ മൂലയിലേക്കു നീണ്ട് കിടക്കുന്നു. ശരിയായ നെർബു താഴ്വരയിൽ നിന്ന് ഇത് ഇങ്ങനെ വേർതിരിക്കപ്പെടുന്നു. 1901-ൽ ഈ തഹ്സിലിന്റെ ജനസംഖ്യ 181, 684 ആയിരുന്നു. നീമാർ ഡിസ്ട്രിക്റ്റിന്റെ തലസ്ഥാനമായ ഖാൻഡ്വാ ടൗൺ ജി.ഐ.പി.ആർ. (റെയിൽവേ)ക്കു സമീപമായിരുന്നു. ബോംബെയിൽ നിന്നു 352 മൈൽ ചഹനയിൽ നിന്നുമുള്ള മീറ്റർ ഗേജ് രാജ്പുട്ടാന-മാൾവാ ബ്രാഞ്ചു ലൈനിന്റെ ഒരു ജംഗ്ഷൻ ആയിരുന്നു ഇത്. ഇവിടെ നിന്നു ജമ്പൽപൂരിലേക്കു ദൂരം 263 മൈൽ കൽക്കട്ടാക്ക് 966 മൈൽ, ഇവിടെ ഉയരം 1007 അടി 1901-ൽ ടൗണിന്റെ ജനസംഖ്യ 19401.

## 2.4. ബലാഹികളും സെൻട്രൽ പ്രോവിൻസുകളിലെ പ്രൊട്ടസ്റ്റന്റും മിഷനുകളും

ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറിമാരുടെ സുവിശേഷ പ്രചരണത്തോട് ഒട്ടൊക്കെ അനുകൂലമായി പ്രതികരിച്ചത് ബലാഹികൾ ആയിരുന്നു. 'കാസ്റ്റ്സ് ആൻഡ് ട്രൈബ്സ് ഓഫ് സെൻട്രൽ ഇന്ത്യ' എന്ന വിശിഷ്ട കൃതിയിൽ റസ്സലും ഹർലാലും ഇവരെ നെയ്ത്തുകാരുടെ ഒരു കൊച്ചു ജാതി എന്നാണ് വിശേഷിപ്പിക്കുന്നത്. ഇവർ ഗ്രാമത്തിലെ കാവൽക്കാരുമാണ്. സെൻട്രൽ ഇന്ത്യയുടെ നീമാർ ഹോഷംഗബാദ് ഡിസ്ട്രിക്റ്റുകളിലാണ് ഇവരുള്ളത്.

ബലാഹികളുടെ പാരമ്പര്യം അനുസരിച്ച് അവർ നിമാർ ജില്ലയിൽ ആദ്യമായി വന്നത് രാജ്പൂർ യോദ്ധാക്കളുടെയും കൃഷിക്കാരുടെയും അടിമകളും കൂലിവേലക്കാരുമായാണ്. 1931-ൽ ഈ ജില്ലയിൽ ഏകദേശം അരദശലക്ഷം ബലാഹികൾ ഉണ്ടായിരുന്നു. നൂറ്റാണ്ടിന്റെ അവസാനം വരെ ഈ സംഖ്യയിൽ വലിയ മാറ്റം ഉണ്ടായിട്ടില്ല.

ഇവരിൽ ബഹുഭൂരിപക്ഷവും ദാരിദ്ര്യത്തിലാണ് കഴിഞ്ഞിരുന്നത്. ഇവരുടെ ദാരിദ്ര്യത്തിന്റെ പ്രധാന കാരണം അവരുടെ കടബാധ്യത

ആയിരുന്നു. കൃഷി നാശമുണ്ടാകുമ്പോൾ, വലിയ ആർഭാടത്തോടെ വിവാഹം ആഘോഷിക്കാൻ, ശവസംസ്കാര ചടങ്ങുകൾക്ക്– ഇതിനെല്ലാം കൊള്ളപലിശക്ക് പണം കടം കൊടുക്കുന്നവരിൽ നിന്ന് കടം കൊള്ളും. അവർ നെയ്തുണ്ടാക്കുന്ന തുണി തുച്ഛമായ വിലക്ക് തുണികച്ചവടക്കാർക്കു വിൽക്കാൻ നിർബന്ധിതരാകുന്നു. കച്ചവടക്കാർ ഇവരെ ചൂഷണം ചെയ്തു, കെള്ളയടിച്ചു. ബാലാഹികലുടെ അജ്ഞതയെ അവർ ചൂഷണം ചെയ്തു. ഈ ജാതിക്കാരെപ്പറ്റി ഒരു നരവംശശാസ്ത്ര പഠനം നടത്തിയ പുക്സ് സ്റ്റീഫൻ അവരുടെ ദയനീയമായ ദാരിദ്ര്യത്തെപ്പറ്റി പറയുന്നത് ഇതാണ്.

“ബലാഹികൾ ആരെയും ആകർഷിക്കാൻ കഴിയുന്ന ഒരു കൂട്ടം ആളുകളല്ല. അവർ പറഞ്ഞിരുന്നത് അവർ ഒന്നിനും കൊള്ളാത്ത വരാണ്, വിവരമില്ലാത്തവരാണ് എല്ലാം വിധിയാണ്, തലയിലെഴുത്താണ് എന്ന് അവർ കരുതി. അവർക്ക് ശുചിത്വം ഇല്ലാ എന്ന് പറയുന്നത് മനസ്സിലാക്കാൻ വേണ്ടത്ര കഴിവില്ല. ഇതിനൊന്നും അവർ ഉത്തരവാദികളല്ല. നൂറ്റാണ്ടുകൾ നീണ്ടുനിന്ന അടിച്ചമർത്തലും അടിമവേല ചെയ്യിക്കലുമാണ് ഇതിന് കാരണം. അവർ പട്ടിണിയിലും ശുചിത്വമില്ലായ്മയിലും രോഗത്തിലും തലമുറകളായി കഴിയുന്നു. ഹൃദയഭേദകമായ ഒരു ഭൂതകാലത്തിന്റെ ഗുപ്തമായ ദുരന്തസന്തതിക ളാണ് ഇവർ.”

ബാലാഹികളുടെ ഇടയിൽ ആദ്യമായി മിഷൻ പ്രവർത്തനം നട ത്താൻ എത്തിയത് പ്രോട്ടസ്റ്റന്റുകൾ ആയിരുന്നു. ആദ്യമൊക്കെ അവരുടെ പ്രയത്നത്തിന് കാര്യമായ ഫലമുണ്ടായില്ല. 19–ാം നൂറ്റാണ്ടിലുണ്ടായ രൂക്ഷമായ ക്ഷാമം ബാലാഹികളെ സമീപിക്കാനുള്ള സാഹചര്യം ഒരുക്കി മറ്റേതൊരു ജാതിക്കാരെക്കാളും വിശപ്പിന്റെ വേദന അനുഭവിച്ചത് ബലാഹികളായിരുന്നു. ഇതിന്റെ ഫലമായി അനേകായിരം ബലാഹികൾ പ്രൊട്ടസ്റ്റന്റ് മതം സ്വീകരിച്ചു. അതിനുശേഷം കത്തോലിക്ക മതവും അവർ സ്വീകരിച്ചു.

### 2.5. ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറിമാർ നിമാറിൽ പ്രവർത്തനം തുടങ്ങുന്നു

1901–ാം വർഷം അവസാനം ബ്രദർ പൗലുസ് മോറിറ്റ്സും ബ്രദർ ലിയോ പോൾസ് ഷെയറും ഖാനഡ്വയിൽ പോയി ഫാ. ഫ്രാങ്കോയിസ് ഫൗലെക്സിനെ കണ്ടു. ആ സന്ദർഭത്തിൽ അവർ ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ ഒരു സന്ദർശനം നടത്തി. ഗ്രാമീണരുടെ പ്രതികരണം

പ്രോത്സാഹജനകമായിരുന്നു. ബലാഹികൾ അവരെ ആഘോഷപൂർവം സ്വീകരിച്ചു. അവരുടെ അടുത്ത നടപടി ബ്രദേഴ്സിനുവേണ്ടി ഒരു ഭവനം നിർമ്മിക്കുകയായിരുന്നു. കാരണം ഇടവക പള്ളിയുടെ മേടയിൽ ബ്രദേഴ്സിന് എല്ലാം താമസിക്കാൻ സൗകര്യമില്ലായിരുന്നു. കൂടുതൽ ആളുകൾ അംഗങ്ങ ളായി ബ്രദേഴ്സിന്റെ സഭയിൽ ചേരുമ്പോൾ ഏതാ യാലും വിശാലമായ ഭവനത്തിന്റെ ആവശ്യ മുണ്ടാകും. നാഗ്പൂരിൽ നിന്ന് ഒരു ബ്രദറിനെക്കൂടി വിളിച്ചുവരുത്തി ഭവനത്തിന്റെ നിർമ്മാണം ആരംഭിച്ചു. അവരുടെ മാതൃഭവനത്തിന്റെ (മദർ ഹൗസിന്റെ) നിർമ്മാണം. ഏതാണ്ട് ആ സമയത്ത് ഖാനഡ്വയിൽ അജപാലക സന്ദർശനത്തിനെത്തിയ ബിഷപ്പ് ജീൻ മറീ ക്രോഷറ്റ് ഈ കെട്ടിടത്തിന്റെ തറക്കല്ലിട്ടു. പുതിയ മിഷനറിമാരെത്തിയത് നാട്ടുകാർക്കു സന്തോഷമായി, ഉത്സാഹമായി. അടിത്തറയ്ക്കു വാനം മാന്താൻ അവർ സഹായിച്ചു. കല്ലു ചുമക്കാനും ചാന്ത്കൊണ്ടു വരാനും അവർ സഹായിച്ചു. 1902 ജനുവരി 15-ാം തീയതി ഖാൻഡ്വാക്കു തൊട്ടടു ത്തുള്ള റോഷ്നായി ഗ്രാമത്തിൽ ഒരു വിദ്യാലയം തുറന്നു. നിമാർ ജില്ലയിൽ ബ്രദേഴ്സിന്റെ പ്രവർത്തനം ശരിക്കും തുടങ്ങിയത് അപ്പോഴാണ്. ആ വർഷം മേയ് മാസത്തിൽ ഫാ. മരിയൻ തോമസ് എന്ന ഇന്ത്യൻ വൈദി കനെ ബിഷപ്പ് ക്രൊഷെറ്റ് ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറിമാരുടെ ചാപ്ളിൻ ആയി നിയമിച്ചു. ഇദ്ദേഹം ചുറ്റുപാടുമുള്ള അറുപത് പേരെ ക്രിസ്തുമതത്തിൽ ചേർത്ത് അവർക്ക് ജ്ഞാനസ്നാനം നൽകി.

1901-1902-ലെ വാർഷിക റിപ്പോർട്ടിൽ ബിഷപ്പ് ജീൻ മറീ ക്രോഷെറ്റിന് ലയൺസിലെ 'പൊന്റിഫിക്കൽ സൊസൈറ്റി ഫോർ ദ പ്രൊപ്പഗേഷൻ ഓഫ് ഫെയ്ത്തിന് അഭിമാനപൂർവം സംതൃപ്തിയോടെ പറയാൻ കഴിഞ്ഞു. നിമാർ ഡിസ്ട്രിക്റ്റിലെ പുറജാതിക്കാരുടെ ഇടയിലുള്ള പ്രേഷിതപ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. തുടക്കം പ്രോത്സാഹജനകമാണ് എന്ന് തന്റെ രൂപതയിലെ പതിനഞ്ച് ഗ്രാമങ്ങ ളിൽ പ്രവർത്തനം തുടങ്ങി കഴിഞ്ഞു. 300 ശിശുക്കൾക്ക് ജ്ഞാന സ്നാനം നൽകിയതായി രജിസ്റ്ററിൽ കാണുന്നു. പ്രായപൂർത്തി ആയ 200 പേർ ക്രിസ്തുമതം സ്വീകരിക്കുന്നതിനുള്ള ഒരുക്കത്തിലാണ്. 1902-ൽ ഹോളി ചൈൽഡ്ഹുഡിനയച്ച റിപ്പോർട്ടിൽ പറയുന്നുത് ബ്രദേഴ്സ് നിമാറിലെ 22 ഗ്രാമങ്ങളിൽ എത്തിക്കഴിഞ്ഞു എന്നാണ്. ഈ ഗ്രാമങ്ങളെല്ലാം ഖാൻഡ്വാക്കു സമീപം ഉള്ളവയായിരുന്നു.

നിമാർ മിഷന്റെ തുടക്കം വലിയ പ്രതിബന്ധങ്ങളൊന്നും ഇല്ലാതെ നടന്നു. നാഗ്പൂരിലെ രൂപതാധികാരികൾ പ്രത്യേകിച്ച് ബിഷപ്പ്

ക്രൊഷറ്റ് ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറിമാർക്ക് നിമാറിലെ പുറജാതിക്കാരുടെ ഇടയിൽ പ്രവർത്തിക്കാൻ വേണ്ടത്ര സ്വാതന്ത്ര്യം അനുവദിച്ചു എന്ന് കാണുന്നു. കൂദാശകളുടെ പരികർമ്മത്തിന് ബ്രദേഴ്സിന്റെ പ്രവർത്തന ങ്ങളുടെ പ്രധാന കേന്ദ്രങ്ങളിലേക്ക് രൂപതാ വൈദികരെ നിയോഗിച്ചിരുന്നു. ബ്രദേഴ്സിന്റെ പുറജാതിക്കാരുടെ ഇടയിലുള്ള ഈ പ്രവർത്തനത്തെ രണ്ട് ഘട്ടങ്ങളായി പഠിക്കാവുന്നതാണ്. 1901–1903 ഒരു ഘട്ടം; 1908–1914 രണ്ടാമത്തെ ഘട്ടം 1914 പറയുമ്പോൾ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിന് തൊട്ടുമുമ്പുള്ള സമയംവരെ. ഒന്നാം ഘട്ടത്തിൽ വിവധ ബിലാഹി ഗ്രാമങ്ങളിൽ സുവിശേഷ വത്ക്കരണം നടന്നു. രണ്ടാമത്തെ ഘട്ടത്തിൽ ചെയ്ത പ്രവർത്തനങ്ങൾ സ്ഥായിയായി നിലനിർത്താനുള്ള പ്രയത്നം ഉണ്ടായി.

ഒന്നാം ഘട്ടത്തിൽ ബ്രദേഴ്സ് ഊന്നൽ കൊടുത്തത് മതബോധ നത്തിനായിരുന്നു. ഇതോടൊപ്പം പ്രാഥമിക വിദ്യാഭ്യാസവും നൽകി. ഇതിനുവേണ്ടി ഖാൻഡ്വായ്ക്കു സമീപമുള്ള ഗ്രാമങ്ങളിൽ ധാരാളം സ്കൂളുകൾ തുറന്ന്. റോഷ്നായി, ചിന്നാത്തി, ഔല, സിർസോൻഡ്, ഇയാൻകര-ഇവിടങ്ങളിൽ സ്കൂളുകൾ തുറന്നു. ഇതു വെറും തുടക്കം മാത്രമായിരുന്നു. ക്രമേണ നിമാർ ഡിസ്ട്രിക്റ്റ് മുഴുവനും ബ്രദേഴ്സ് തുടങ്ങിയ പ്രാഥമിക വിദ്യാലയങ്ങൾ പ്രത്യക്ഷപ്പെട്ടു. ഈ വിദ്യാല യങ്ങളെ മതബോധനത്തിനുള്ള കേന്ദ്രങ്ങളായും പ്രയോജോനപ്പെടുത്തി. ഈ സ്കൂളുകളിലൂടെ നിരക്ഷരായ ബിലാഹികൾക്ക് അക്ഷരജ്ഞാന മുണ്ടായി, ആരോഗ്യത്തിന്റെയും, ശുചിത്വത്തിന്റെയും ബാലപാഠങ്ങളും അവർ പഠിച്ചു.

കൊളോണിയൽ ഭരണകാലത്ത് സ്ഥാപിച്ച ഈ വിദ്യാലങ്ങൾ ഈ സ്ഥലത്ത് ഇപ്പോൾ കാണുന്ന ആധുനിക വിദ്യാലയങ്ങളിൽ നിന്ന് വളരെ വ്യത്യസ്തമായിരുന്നു. പരിമിതമായ സൗകര്യങ്ങളുള്ളതും മേൽ പറഞ്ഞ ലക്ഷ്യങ്ങൾ നേടുന്നതിനുള്ളതുമായിരുന്നു ഈ സ്ഥാപനങ്ങൾ. അങ്ങനെ സുവിശേഷം പ്രസംഗിക്കുന്നതോടൊപ്പം വിദ്യാഭ്യാസം ലഭ്യമാക്കുന്നതി നുള്ള ശ്രമങ്ങളും നടന്നു.

മതബോധന രംഗത്തു നാട്ടുകാരായ ഉപദേശികളുടെ സേവനം വിലപ്പെട്ടതാണ് എന്ന് അവർ മനസ്സിലാക്കി. മിഷനറിമാർ സ്ഥലത്തില്ലാ ത്തപ്പോൾ ഈ ഉപദേശികൾ അവരുടെ പ്രതിനിധികളായി പ്രവർത്തിച്ചു. ബ്രദേഴ്സ് സ്ഥാപിച്ച ഗ്രാമീണ വിദ്യാലങ്ങളിൽ അദ്ധ്യാപകരായ ഉപദേശികൾ പണിയെടുത്തു. ഇതിന്റെ ഫലമായി ജനങ്ങൾക്ക് ഉപദേശികളോട് വലിയ ബഹമാനമായിരുന്നു. നാട്ടുകാരെയും ജർമ്മൻ

ബ്രദേഴ്സിനെയും കൂട്ടിയിണക്കുന്ന കണ്ണിയായിരുന്നു ഉപദേശികൾ. പലപ്പോഴും ബ്രദേഴ്സിന് പ്രദേശികഭാഷ വശമായിരുന്നില്ല. ഇവിടെ ദ്വിഭാഷികളായ ഉപദേശികൾ നല്ല സേവനം അനുഷ്ഠിച്ചു. നിമാർ ഡിസ്ട്രി ക്റ്റിൽ മൂന്നിലധികം പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ പാവങ്ങൾക്കായി ബ്രദേഴ്സ് തുറന്ന ഡിസ്പെൻസറികളിൽ മരുന്ന് വിതരണം ചെയ്യുന്നതിനും ഉപദേശികൾ സഹായിച്ചു. ജാതിമത ഭേദമില്ലാതെ ആയിരക്കണക്കിന് നിർദ്ധനരായ രോഗികൾ ഈ കേന്ദ്രങ്ങളിൽ എത്തിയിരുന്നു.

ഖാൻഡ്വയിലും ഔളയിലും ബ്രദേഴ്സ് സ്വന്തം ചെലവിൽ സ്ഥാപിച്ച കാറ്റെക്കെറ്റിക്കൽ, സ്കൂളുകൾ നൂറുകണക്കിന് നാട്ടുകാർ ഉപദേശികളാകാനുള്ള പരിശീലനം നൽകി. ഇവർ ജില്ലയിലെ വിവിധ മിഷൻ കേന്ദ്രങ്ങളിൽ പണിയെടുത്തു. ബ്രദേഴ്സ് ഉപദേശികൾക്കൊപ്പം ഗ്രാമങ്ങൾ സന്ദർശിക്കും. ഒരു ഗ്രാമത്തിൽ നിന്ന് അടുത്ത ഗ്രാമത്തിലേയ്ക്ക് പോകും. യാത്ര കാളവണ്ടിയിലാണ്. സ്വന്തമായി ഒരു നാടില്ലാത്ത ദേശാടനക്കാരെപ്പോലെ അവർ കാളവണ്ടിയിലോ മരത്തണലിലോ അന്തിയുറങ്ങി. തുടക്കത്തിൽ ഇങ്ങനെ ചുറ്റിനടന്ന് സുവിശേഷം പ്രചരിപ്പിച്ചത് ആറോ ഏഴോ ബ്രദേഴ്സ് മാത്രമായിരുന്നു. ഇവർക്കു മാർഗ്ഗദർശനം നൽകിയിരുന്നത് ക്രൈസ്തവമതം സ്വീകരിച്ച യഹൂദനായ ബ്രദർ പൗലുസ് മോറിറ്റ്സ് ആയിരുന്നു. ഈ ചെറിയ സംഘം ജർമ്മൻ ബ്രദേഴ്സിന്റെ സമർപ്പണബോധത്തോടെ പ്രവർത്തിച്ച സുപ്പീരിയർ ജനറൽ ഈ ബ്രദർ പൗലൂസ് മോറിറ്റ്സ് ആയിരുന്നു.

ഈ കോൺഗ്രിഗേഷൻ അംഗങ്ങളിൽ ആദ്യം മരണമടഞ്ഞത് ബ്രദർ ലിയോ പോൾസ് ഷ്രൈയർ ആയിരുന്നു. ഈ വ്യത്യസ്തമായ മിഷനറി സംഘത്തിലെ ആദ്യ അംഗങ്ങളിൽ ഒരാൾ. ഇദ്ദേഹം ഡിസ്ട്രിക്റ്റിൽ നിരന്തരം യാത്ര ചെയ്തിരുന്നു. ടൂർ നടത്തിയിരുന്നു. ഇന്ത്യയിലെ സൂര്യന്റെ ഉയർന്ന തോതിലുള്ള ചൂടേറ്റ് അദ്ദേഹം രോഗബാധിതനായി. ഉദരസംബന്ധമായി രോഗവും പനിയും. വിദൂരമായ ഒരു ഗ്രാമത്തിൽ ആയിരുന്നപ്പോഴാണ് രോഗം പിടിപെട്ടത്. മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാൻ അദ്ദേഹത്തെ ഉടനടി നാഗ്പൂരിൽ എത്തിച്ചു. പക്ഷേ ഫലമുണ്ടായില്ല. ഈ ട്രോപ്പിക്കൽ രോഗം അദ്ദേഹത്തെ കീഴടക്കി. 1902 സെപ്റ്റംബർ 22-ാം തീയതി അദ്ദേഹം അന്തരിച്ചു.

## 2.6. ഔള മിഷന്റെ തുടക്കം, സിർപൂർ ഫാമിന്റെയും തുടക്കം

1902 നവംബർ മാസത്തിൽ ഔള എന്ന ഗ്രാമത്തിന്റെ തലവൻ, ഡൗള പട്ടേൽ എന്ന് പേരുള്ള ഒരാൾ, ബ്രദേഴ്സ് പൗലോസിനും നിക്കോളാസിനും അവർ കൂടെക്കൂടെ സന്ദർശിച്ചിരുന്ന ആ ഗ്രാമത്തിൽ ഒരിക്കൽ ചെന്നപ്പോൾ ഒരു വിശാലമായ കുന്നിൻപുറം മുഴുവൻ ദാനം ചെയ്തു-ഒരു ഉപാധി മാത്രം. ആ സ്ഥലത്ത് ഒരു സ്കൂൾ സ്ഥാപിക്കണം. ബ്രദേഴ്സ് ആദ്യം അവർക്കായി ഒരു ഭവനം നിർമ്മിച്ചു. ഗ്രാമവാസികൾക്ക് വേണ്ടി ഒരു സ്കൂളും. കാലാന്തര ത്തിൽ ഇ സ്ഥലം അവരുടെ നിമാർ മിഷന്റെ മുഖ്യകേന്ദ്രങ്ങളിൽ ഒന്നായിതീർന്നു. അതേ വർഷം ഏപ്രിൽ മാസത്തിൽ സർക്കാർ ഈ ബ്രദേഴ്സിന് വോറൊരു വസ്തു ദാനമായി കൊടുത്തു. 300 ഹെക്ട്ർ വിസ്തീർണ്ണമുള്ള ഒരു വസ്തു. ഖാൻഡ്വയിൽ നിന്ന് 18 മൈൽ അകലെയുള്ള ഈ സ്ഥലത്തിന്റെ പേര് സിർപൂർ എന്നാണ്. പുതുതായി മാനസാന്തരപ്പെട്ടവരെ കുടിയിരുത്താനുള്ള സ്ഥലമായിരുന്നു ഇത്. ഇവിടെ ബ്രദേഴ്സ്. വി. പത്രോസ്, പൗലോസ് ശ്ലീഹമാരുടെ നാമത്തിൽ ഒരു ദേവാലയം പണികഴിപ്പിച്ചു. ഈ സ്ഥലം കൊടുത്ത ആളുടെ പേര് പത്രോസെന്നും സ്വീകരിച്ച ബ്രദറിന്റെ പേര് പൗലുസ് എന്നും ആയിരുന്നത് കൊണ്ട് ദേവാലയത്തിന് ആ പേര് കൊടുത്തു. കാലാകാലം ബ്രദേഴ്സ് ഈ സ്ഥലത്തെ ഒരു ഒന്നാന്തരം മാതൃക കാർഷിക കോളനിയായി വികസിപ്പിച്ചെടുത്തു. ബലാഹികൾ ക്കൊപ്പം ഉയർന്ന ജാതിയിൽപെട്ട ഏതാനും പേരേയും കോളണിയിൽ കുടിയരുത്തി. കൂർമ്മികളും കോർക്കുകളും ഇക്കൂട്ടത്തിൽ പെടും. കത്തോലിക്ക വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ സ്വന്തം ജാതിയിൽ നിന്ന്, സമൂഹത്തിൽ നിന്ന് പുറംതള്ളപ്പെട്ടവരായിരുന്നു ഇവർ. സിർപൂർ ഫാമിന്റെ ഒരു ഭാഗം കന്നുകാലികളെ മേയ്ക്കുവാനായി മാറ്റി ഇട്ടിരുന്നു. ബ്രദേഴസ് കിണറുകൾ കുഴിച്ചും ജലസേചനത്തിനുള്ള സംവിധാനം ഉണ്ടാക്കിയും ഈ കാർഷിക കോളണിയെ വികസിപ്പിച്ചു. തരിശായി കിടന്ന ഈ സ്ഥലം വികസിപ്പിക്കാൻ അവർ നല്ലൊരു തുക ചെലവാക്കി. 1913-ലെ അക്കൗണ്ട് കാണിക്കുന്നത് ആ വർഷം അവർ 3714 രുപ ചെലവാക്കി എന്നാണ്. ആ കാലത്ത് ഇതു വലിയ ഒരു തുകയായിരുന്നു.

ബോംബെയിലെ ബാൻഡ്രയിൽ നിന്ന് വന്ന ഫാ. ഫിദെലിസ് പെരെയ്ര ബ്രദേഴ്സിന്റെ മിഷൻ വൈദികനായി സിർപൂറിൽ താമസിച്ചു. പാദ്രോവാദാ രൂപതയായ ഡാമൻ മിഷൻ രൂപതയായ നാഗപൂരിന് കടം കൊടുത്ത രണ്ടു വൈദികരിൽ ഒരാളായിരുന്നു ഇദ്ദേഹം.

## 3.1 ബിഷപ്പ് ജീൻ മാരി ക്രോഷ്റ്റിന്റ മരണം; മോൺ. സ്റ്റീഫൻ മറീബൊനെ വെഞ്ചർ നാഗ്പൂർ രൂപതയുടെ മെത്രനായി സ്ഥാനമേൽക്കുന്നു

ബിഷപ്പ് ജീൻ മാരി ക്രോഷ്റ്റ് ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറിമാർക്ക് ശക്തമായ പിന്തുണ നൽകിയിരുന്നു. കോൺഗ്രിഗേഷൻ ഓഫ് ദ ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറീസിന്റെ സ്ഥാപകൻ എന്ന പേരും അദ്ദേഹം അർഹിക്കുന്നുണ്ട്. അദ്ദേഹം അവിചാരിതമയി 1903 ജൂൺ 6-ാം തീയതി ജബൽപൂരിൽ അന്തരിച്ചു. അപോപ്ളകസി (സന്നിപാതം) ആയിരുന്നു കാരണം. താരതമ്യേന പ്രായം കുറവായിരുന്നു. 50 വയസ്. നാഗ്പൂർ രൂപത രണ്ടര വർഷകാലമേ അദ്ദേഹം ഭരിച്ചുള്ളു. അദ്ദേഹത്തിന്റെ പെട്ടെന്നുള്ള അകാലചരമം കോൺഗ്രിഗേഷൻ ഓഫ് ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറീസിന് വലിയ ഒരു നഷ്ടം തന്നെ ആയിരുന്നു. എന്നാൽ നഷ്ടം നികത്തപ്പെടുന്ന വിധം രൂപതയുടെ അധ്യക്ഷനായി വന്നത് അവരുടെ സേവനം ഏറെ വിലമതിച്ചിരുന്ന ബിഷപ്പ് സ്റ്റീഫൻ മരിയ ബൊനെവെഞ്ചർ ആയിരുന്നു. മരണമടഞ്ഞ ബിഷപ്പിന്റെ വികാർ ജനറൽ ആയിരുന്നു ഇദ്ദേഹം. ഇദ്ദേഹത്തെ 1905 ഫെബ്രുവരി 5-ാം തീയതി നാഗ്പൂരിലെ സെന്റ് ഫ്രാൻസിസ് ഡി സെയ്ൽസ് കത്തിഡ്രലിൽ വച്ചു ബിഷപ്പായി അഭിഷേകം ചെയ്തു. സ്ഥാനമേറ്റ് കൃത്യം ഒരു മാസം കഴിഞ്ഞപ്പോൾ പുതിയ ബിഷപ്പ് ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറീസിന്റെ നിമാർ മിഷനിൽ ഒരു അജപാലന സന്ദർശനം നടത്തി, 1905 മാർച്ച് 5-ാം തീയതി ഖാൻഡ്വായിലെത്തിയ ബിഷപ്പിന് വൈദികരും ഫ്രാൻസിസ്ക്കൻ മിഷനറി ബ്രദേഴ്സും സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് ഓഫ് സെയന്റ് ഷാൻ ഡി മോറിയേൻ ഓഫ് കാംപ്പറ്റിയും ചേർന്ന് ഹാർദ്ദവമായ ഒരു സ്വീകരണം നൽകി. ഇടവക സമൂഹവും ചുറ്റുപാടുമുള്ള നിരവധി കോൺവെന്റുകളും മതബോധനം സ്വീകരിച്ചുകൊണ്ടിരുന്നവരും ഖാൻഡ്വായിൽ ഈ ചടങ്ങിന് ഓടിക്കൂടി. സിസ്റ്റേഴ്സിന് ഖാൻഡ്വായിൽ ഒരു പ്രാഥമിക വിദ്യാലയവും ഒരു ഡിസ്പെൻസറിയും ഉണ്ടായിരുന്നു. ബിഷപ്പിന്റെ മധ്യസ്ഥനായ ആദ്യത്തെ രക്തസാക്ഷി സ്റ്റീഫനെ പറ്റിയുള്ള ഒരു നാടകവും ആ രാത്രിയിൽ അരങ്ങേറി. പുതുതായി ക്രൈസ്തവരായ വരാണ് നാടകം അവതരിപ്പിച്ചത്. ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് അവർക്ക് നേതൃത്വം നൽകി. അവരെ

പരിശീലിപ്പിച്ചു.  പുറംജാതി ക്കാരുടെ ഇടയിലുള്ള ഈ പുതിയ സുവിശേഷപ്രചാരണ സംരംഭത്തിൽ ബിഷപ്പിന് എന്തുമാത്രം ഉത്സാഹവും താൽപര്യവും ഉണ്ടായിരുന്നു എന്ന് വ്യക്ത മാക്കുന്നതാണ് അദ്ദേഹം ഈ വിഭാഗത്തിൽപെട്ട മുപ്പത്തിനാലിലധികം ഗ്രാമങ്ങൾ സന്ദർശിച്ചു എന്ന വസ്തുത.  ഈ ഗ്രമങ്ങളിലെല്ലാം ജർമ്മൻ ബ്രദേഴസ് സുവിശേഷത്തിന്റെ വിത്തു എറിഞ്ഞിരുന്നു. ഔളയുടെ ഉപ കേന്ദ്രങ്ങളിൽ ഒന്നായ ബോസിഫാലിൽ പണിയിച്ച അമലോത്ഭവ മാതാവിന്റെ ദേവാലയം ബിഷപ്പ് വെഞ്ചരിച്ചു.  ഈ ദേവാലയം നിൽക്കുന്നത് ഒരു കുന്നിന്റെ മുകളിലാണ്.  അവിടെ നിന്ന് നോക്കിയാൽ നിമാർ ഡിസ്ട്രിക്റ്റ് മുഴുവനും കാണാം.  ഈ അജപാലക സന്ദർശനത്തിന്റെ ഫലമായി നടന്ന സുപ്രധാന സംഭവങ്ങളിൽ ഒന്ന് ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറിമാരെ തന്റെ രൂപതയിലെ ഒരു മിഷനറി കോൺഗ്രിഗേഷനായി അംഗീകരിച്ചു എന്നതാണ്. രൂപതയുടെ അധികാരപരിധിയിൽ വരുന്ന ഒരു സമൂഹത്തിന് അംഗീകാരം നൽകി. ബിഷപ്പ് ബൊാന വെഞ്ചറിന്റെ കീഴിൽ അവർ പുറംജാതിക്കാരുടെ ഇടവകയിൽ പ്രവർത്തിച്ച ആദ്യത്തെ രണ്ടു വർഷങ്ങൾ ധാരാളം നേട്ടങ്ങളുണ്ടായ ഒരു കാലയളവായിരുന്നു.  1905 ആയപ്പോഴേക്കും ബ്രദേഴ്സ് അവരുടെ പ്രവർത്തനങ്ങൾ നാൽപത് ഗ്രാമങ്ങളിലേക്ക് വ്യാപിപ്പിച്ചു കഴിഞ്ഞിരുന്നു.  വേറൊരു പതിനെട്ടു ഗ്രമങ്ങൾ തങ്ങൾക്ക് മതബോധനം നൽകണമെന്ന് അഭ്യർത്ഥിക്കകയും ചെയ്തു. മുപ്പത്തിമൂന്ന്  ഗ്രാമീണ വിദ്യാലയങ്ങൾ ബ്രദേഴ്സ് സ്ഥാപിച്ചു.  ഇവിടെ 1150 കുട്ടികൾ പഠിക്കുന്നുണ്ടായിരുന്നു.  ഖാൻഡ്വയിലെ ഒരനാഥശാലയിൽ മുപ്പത്തിരണ്ടു ആൺകുട്ടികളും മിഷനിലെ അനാഥകുട്ടികളും താമസിച്ചിരുന്നു.  നിമാർ മിഷന്റെ അഞ്ചു പ്രധാന കേന്ദ്രങ്ങളിലായി അഞ്ച് ഡിസ്പെൻസറികൾ  തുറന്നിരുന്നു.  ബ്രദേഴ്സിനെ സഹായിക്കാൻ അർപ്പണ മനോഭവത്തോടെ പണിയെടുത്ത, സജീവമായി പ്രവർത്തിച്ചി രുന്ന ഇരുപത്തിനാല് ഉപദേശികൾ ഉണ്ടായിരുന്നു.  ശമ്പളം പറ്റിയിരുന്ന വരായിരുന്നു ഈ ഉപദേശികൾ.  ഔള, സിർപൂർ, ഭോയ്ലാൽ തുടങ്ങിയ കേന്ദ്രങ്ങളിൽ നല്ല ഉറപ്പുള്ള ദേവാലയങ്ങൾ പണികഴിപ്പിച്ചിരുന്നു. ക്രൈസ്തവ വിശ്വാസം സ്വീകരിക്കുന്നതിനായി ബ്രദേഴ്സിൽ നിന്നും മതബോധനം സ്വീകരിക്കു ന്നവരുടെ എണ്ണം 4000-ൽ എത്തിയിരുന്നു.

### 3.2 ബ്രദേഴ്സിന്റെ സമൂഹം അവരുടെ ആദ്യത്തെ നിയമാവലി, തേർഡ് ഓർഡർ റഗുലറുമായി അവർക്കുള്ള ഔദ്യോഗിക വിധേയത്വം (അഫിലിഷേൻ)

നാഗ്പൂർ രൂപതയിൽ ഒരു സ്വതന്ത്ര കോൺഗ്രിഗേഷൻ ആയി സ്ഥാപിക്കപ്പെട്ടപ്പോൾ തൊട്ട് 1905 വരെയുള്ള കാലഘട്ടം നിമാർ ഡിസ്ട്രിക്റ്റിൽ അവരുടെ പ്രേഷിത പ്രവർത്തനങ്ങൾ നിരന്തരം വികസിച്ചുകൊണ്ടിരുന്ന വ്യാപകമായിക്കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു. എങ്കിലും അവരുടെ അംഗസംഖ്യയിൽ വർദ്ധനവ് ഉണ്ടായില്ല. ഉപഭൂഖണ്ഡത്തിലെ സഭാപരമായ കാര്യങ്ങളിൽ വിശ്വസനീയമായ വിവരങ്ങൾ നൽകുന്ന 1906-ലെ ' മദ്രാസ് കാത്തലിക് ഡയറക്ടറി' പറയുന്നത് അവർ ഏഴുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നാണ്.

ബ്രദേഴ്സിന്റെ ഈ ചെറിയ സമൂഹത്തിന്റെ ആദ്യത്തെ നിയമാവലി അസ്സീസിയിലെ 'പാവപ്പെട്ടവന്റെ വി. ഫ്രാൻസിസിന്റെ' ആദ്യ നിയമാവലിയോട് സാദൃശ്യമുള്ളതായിരുന്നു. വി. ഫ്രാൻസിസിനെ പൂർണ്ണമായും അനുകരിക്കുക എന്നതായിരുന്നു അവരുടെ ആഗ്രഹം, അസ്സീസിയുടെ നിയമവലിയുടെ അടിസ്ഥാനം സുവിശേഷ സന്ദേശ ത്തിന്റെ ഉത്കൃഷ്ട സ്വഭാവമായിരുന്നു -സുവിശേഷം നൽകുന്ന സന്ദേശം പൂർണ്ണമായും ജീവിതത്തിൽ പകർത്തുക. ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറിമാരുടെ ആദ്യത്തെ നിയമാവലിയും അടിസ്ഥാനപരമായി സുവിശേഷത്തിലെ മൗലിക മൂല്യങ്ങൾക്കു ഊന്നൽ കൊടുത്തു കൊണ്ടുള്ളതായിരുന്നു. തേർഡ് ഓർഡർ റഗുലറിന്റെ നിയമാവലി അവർ മാതൃകയാക്കി 1521 ജനുവരി 20-ാം തീയതി പീയൂസ് പത്താമൻ മാർപാപ്പ അംഗീകരിച്ച ഫ്രാൻസിസ്കൻ ഫാമിലിയുടെ 'തേർഡ് ഓർഡർ റഗുലർ' റൂളിന്റെ അടിസ്ഥാനത്തിൽ ആ നിയമാവലിയെ മാതൃകയാക്കി എഴുതി ഉണ്ടാക്കിയ നിയമാവലയിൽ ഒരു വ്യത്യാസം മാത്രം-ഇന്ത്യയിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തു കൊണ്ട് ബ്രദേഴ്സിന്റെ പ്രവർത്തനങ്ങളും സമൂഹജീവിതം സംബന്ധിച്ച ചില ഉപാധികൾ- ഇതിലേക്ക് നിയമാവലിയിൽ ആറ് പുതിയ വകുപ്പുകൾ ഉൾപ്പെടുത്തി. സഭയിൽ ചേരാൻ ആഗ്രഹിക്കുന്ന വരെ സ്വീകരിക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ അർത്ഥികളായി എത്രകാലം തുടരണം എന്ന കാര്യം, നൊവിഷ്യേറ്റ്, നിത്യവ്രത വാഗ്ദാനം- ഇവയെല്ലാം സംബന്ധിച്ച വ്യവസ്ഥകൾ നിർണ്ണയിക്കപ്പെട്ടു. ഇന്ത്യയിൽ നൊവിഷ്യേറ്റിന്റെ കാലാവധി ഒരു വർഷമായിരുന്നു. ഇതിനുശേഷം ഒരു നിശ്ചിത

കാലയളവിലേക്കു വ്രതം എടുക്കും. എത്ര വർഷത്തേക്കാണ് വ്രതം എടുക്കുക എന്നത് പിന്നീട് തീരുമാനിക്കും. ആദ്യം ഒരു വർഷത്തേക്കു വ്രതം എടുത്തു; അതു കഴിഞ്ഞ് രണ്ടു വർഷത്തേക്ക് ഒരുമിച്ച്.

കോൺഗ്രിഗേഷൻ അതിന്റെ സങ്കീർണ്ണമല്ലാതിരുന്ന വികസനത്തിന്റെ ഈ ഘട്ടത്തിൽ സുപ്പീര്യർ ജനറലിന്റെയും അദ്ദേഹത്തിന്റെ രണ്ടു സഹായികളുടെയും ഭരണത്തിൻകീഴിലായിരുന്നു. സഹായികൾ രണ്ടു വർഷത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടവരായിരുന്നു. സുപ്പീര്യർ ജനറൽ ഓരോ ഭവനത്തിന്റെയും പ്രിഫെക്ടിനെ (സുപ്പീര്യറിനെ) നിയമിക്കും സബ്പ്രിഫെക്ടിനെയും നിയമിക്കുന്നത് ജനറൽ ആണ്. കൂടുതലായി എഴുതി ചേർത്ത ഈ വകുപ്പുകൾ അംഗീകരിച്ചത് ഒരു സുപ്രധാന പ്രഖ്യാപന ത്തോടുകൂടിയാണ്. അതാതയത്, യഥാർത്ഥ ഫ്രാൻസിസ്ക്കൻസ് എന്ന നിലയ്ക്ക് ബ്രദേഴ്സ് പരിശുദ്ധ പിതാവിനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യും, പുത്രനിർവിശേഷമായ അനുസരണവും മാർപ്പാപ്പയ്ക്ക് നൽകും. ഇതേ സ്നേഹാദരങ്ങൾ പ്രാദേശികമെത്രാനും നൽകും. പ്രത്യേകിച്ചും അവരുടെ "കോൺഗ്രിഗേഷന്റെ പ്രൊട്ടെക്ടർക്ക്."

ബ്രദേഴ്സിന്റെ സമൂഹജീവിതം, ഭവനങ്ങളിലെ ദിനചര്യ, കൃത്യമായി റഗുലർ ടേർഷ്യറി ഫ്രാൻസിസ്കൻസിന്റെ റൂൾ അനുസരിച്ച് സംവിധാനം ചെയ്തിരുന്നു, ക്രമീകരിച്ചിരുന്നു. യഥാർത്ഥ സഹോദരന്മാരെപ്പോലെ അവർ ജീവിച്ചു. തിരുസഭയുടെ തിരുനാളുകളും ഉപവാസങ്ങളും അവർ ആചരിച്ചു. ഫ്രാൻസിസ്ക്കൻ കുടുംബത്തിന്റെ തനതു തിരുനാളുകളും ഉപവാസങ്ങളും അവർ ആഘോഷിച്ചു, അനുഷ്ഠിച്ചു. 'Matutin' (പ്രഭാത പ്രാർത്ഥന) അവർ പന്ത്രണ്ടു 'സ്വർഗ്ഗസ്ഥനായ പിതാവേ.... ' ചൊല്ലും മറ്റു വിനാഴികകൾക്ക് ഏഴു വീതം. സമാപനത്തിന് '..പിതാവിനും പുത്രനും '...........ചൊല്ലും നൊവിഷ്യേറ്റ് ആരംഭിക്കുക ഫ്രാൻസിസ്കൻ സഭാ വസ്ത്രം സ്വീകരിച്ച് കൊണ്ടാണ്. ഖാൻഡ്വയിൽ ഇതു ഒരു വലിയ ഒരാഘോഷമായിരുന്നു. അവർക്ക് അത്യാവശ്യം വേണ്ടതെല്ലാം സുപ്പീര്യർ കൊടുക്കും; അവർ സുപ്പീര്യറിനെ അനുസരിച്ചു. സ്വന്തമായി അവർക്ക് ഒരു വസ്തുവകയുടെ ഉടമസ്ഥാവകാശം നിലനിർത്താമായിരുന്നില്ല. അവർക്കുള്ളതെല്ലാം സമൂഹത്തിന്റെ പൊതുസ്വത്തായിരുന്നു. അങ്ങനെ ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറിമാരുടെ ഈ ചെറിയ സംഘം അവർക്കെല്ലാം വേണ്ടത്ര വിദ്യാഭ്യസവും പരിശീലനവും ലഭിച്ചിരുന്നില്ലെങ്കിലും സുവിശേഷത്തിനായുള്ള തീഷ്ണതയാൽ പ്രചോദിതരായി എഴുന്നൂറ്

വർഷം മുമ്പ് ഇറ്റലിയിലെ അംബ്രിയ പ്രദേശത്തു അവരുടെ പിതാവ് ദൈവദൂതനെപ്പോലുള്ള വി.ഫ്രാൻസിസ് ഓഫ് അസ്സീസി ചെയ്തത് പോലെ ഇവരും പ്രവർത്തിച്ചു, സുവിശേഷം പ്രസംഗിച്ചു.

1906 കോൺഗ്രിഗേഷനെ സംബന്ധിച്ചിടത്തോളം ഒരു ഫ്രാൻസിസ്ക്കൻ വർഷമായി കരുതപ്പെടാവുന്നതാണ്. കാരണം ഈ വർഷമാണ് കോൺഗ്രിഗേഷനെ മഹത്തായ ഫ്രാൻസിസ്ക്കൻ വൃക്ഷത്തിൽ ഗ്രാഫ്റ്റ് ചെയ്തത്. ഈ വർഷമാണ് കോൺഗ്രിഗേഷനെ ഔദ്യോഗികമായി തേർഡ് ഓർഡർ റെഗുലർ ഓഫ് സെന്റ് ഫ്രാൻസിസ് അസ്സീസിയോട് 'അഫിലിയേറ്റ്' ചെയ്തത്, അംഗമാക്കിയത്. ബിഷപ്പ് സ്റ്റീഫൻ മറിയ ബൊനവെഞ്ചറുടെ ശുപാർശ പ്രകാരം ഇതു റോമിൽ നടന്നു. ഫ്രാൻസിസ്കൻ സഭയുടെ റ്റി.ഒ.ആർ. വെരി.റവ.ഫാ.ആഞ്ചലോ ഡി. മാറ്റിയ 1906 മേയ് 6–ാം തീയതി അഫിലിയേഷൻ നൽകിക്കൊണ്ടുള്ള കത്ത് നൽകി. അങ്ങനെ ഈ കൊച്ചു സമൂഹമായ ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറികൾ ഒരു യഥാർത്ഥ ഫ്രാൻസിസ്കൻ സ്വഭാവമുള്ള സമൂഹമായി. തങ്ങളുടെ ഫ്രാൻസിസ്കൻ ദൈവവിളിയെ ബ്രദേഴ്സ് വിലമതിച്ചു; അവർ ഫ്രാൻസ്സിസ്ക്കൻ നിയമാവലിയിലെ ചട്ടങ്ങൾ അനുസരിച്ച് ജീവിച്ചു. പ്രോർത്സ്യുൻങ്കുല (സ്ഥാപന) തിരുനാൾ 1509 ആഗസ്റ്റ് 2ന് ആഘോഷിച്ചു. ഈ ആഘോഷത്തിന് മിക്കവാറും എല്ലാ മിഷൻ സ്റ്റേഷനിൽ നിന്നും ബ്രദേഴ്സ് ഖാൻഡ്വയിലെ മാതൃഭവനത്തിലെത്തി. അവിടെയുള്ള മാതാവിന്റെ പിറന്നാൾ ദേവാലയത്തിൽ പോയി പ്രാർത്ഥിച്ച് പൂർണ്ണ ദണ്ഡവിമോചനം നേടാനാണ് അവർ വരുന്നത്.

### 3.3. ബിഷപ്പ് ബൊനെ വെഞ്ചറിന്റെ പിൻഗാമിയായി ബിഷപ്പ് സ്റ്റീഫൻ ഫ്രാൻസിസ് കോപ്പെൽ വന്നു

നാഗ്പ്പൂർ രൂപതയ്ക്ക് കഷ്ടകാലം വീണ്ടും വന്നു. 1906–ൽ ബിഷപ്പ് ബോനവെഞ്ചർ രോഗബാധിതനായി. മെച്ചപ്പെട്ട ചികിത്സ ലഭിക്കാൻ അദ്ദേഹത്തിന് ഫ്രാൻസിലേക്ക് മടങ്ങേണ്ടി വന്നു. 1906 ഒക്ടോബറിൽ അദ്ദേഹം തന്റെ ജന്മനാടായ ചാവനോഡിൽ എത്തി. അദ്ദേഹത്തോടൊപ്പം ബ്രദർ പൗലൂസും, മോറിറ്റസും ബ്രദർ ഫിലിപ്പ് ഷ്രെബറും ഉണ്ടായിരുന്നു. ബിഷപ്പ് ബൊനവെഞ്ചർ ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറിമാരുടെ ഒരു യഥാർത്ഥ സുഹൃത്തും അഭ്യുദയകാംഷിയും ആയിരുന്നു. അദ്ദേഹം തന്റെ തൊട്ടുമുമ്പ് രൂപത ഭരിച്ചിരുന്ന ബിഷപ്പ് ക്രോഷെറ്റിനെ പോലെ സന്നിപാതജ്വരം ബാധിച്ച് 1906 മാർച്ച് 13–ാം തീയതി ചരമമടഞ്ഞു. ഫ്രാൻസിലെ ചാവനോഡിലുള്ള തന്റെ

പിതൃഭവനത്തിൽ വച്ചാണ് അദ്ദേഹം മരിച്ചത്. അങ്ങനെ ഏഴുവർഷത്തിനുള്ളിൽ നാഗ്പൂർ രൂപതയ്ക്കും ഫ്രൻസിസ്ക്കൻ സിനും മൂന്ന് ബിഷ്പ്പമാർ നഷ്ടമായി, പ്രശസ്തരായ മൂന്ന് അജപാലകർ, ഇടയൻമാർ. ഈ മൂന്ന് ബിഷപ്പുമാരുടെ മരണം ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറിമാർക്ക് ഒരു വലിയ നഷ്ടമായിരുന്നു. ഈ പുതിയ സന്യാസ സഭക്ക് ് വളരാനും വികസിക്കാനും സഹായവും ജീവനോപാധികളും ആവശ്യമായിരുന്നു. ബിഷപ്പ് ക്രോഷെറ്റും ബിഷപ്പ് ബൊനവെഞ്ചറും വിശാലഹൃദയത്തോടെ ടേർഷ്യറികളെ കൈയ യഞ്ഞു സഹായിച്ചിരുന്നു. ഇത് മെത്രാന്മാർ ഫ്രഞ്ചുകാരും ബ്രദേഴസ് ജർമ്മൻകാരും ആയിരുന്നിട്ടും. രാജ്യങ്ങൾക്കി ടയിൽ നിലവിലിരുന്ന ശത്രുത ഇവിടെ പരസ്പരബന്ധത്തെ ബാധിച്ചില്ല. ഇവിടെ പരസ്പരബന്ധം രാജ്യാതിർത്തികൾക്കും രാജ്യങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾക്കും അതീതമായിരുന്നു. കാരണം ഇരുകൂട്ടരും ഇന്ത്യയിൽ എത്തിയിരിക്കുന്നത് ഒരേ ഉദ്ദേശത്തോടെ ആണ്. ദൈവവചനം നാട്ടുകാർക്കു എത്തിക്കുക എന്ന ഉദ്ദേശത്തോടെ.

ബിഷപ്പ് ബൊന വെഞ്ചറിന്റെ പിൻഗാമിയായി ബിഷപ്പ് ഫ്രാൻസിസ് സ്റ്റീഫൻ സ്ഥാനമേറ്റു. ഇദ്ദേഹം നാഗ്പൂരിലെ വി. ഫ്രാൻസിസ് ഡി സെയൽസ് കോളേജിന്റെ പ്രിൻസിപ്പൽ ആയിരുന്നു. ഇദ്ദേഹത്തിന് 1899 തൊട്ട് ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറിമാരെ അറിയാമായിരുന്നു. ഇദ്ദേഹത്തെ 1907 സെപ്തംബർ 15-ാം തീയതി നാഗ്പൂർ കത്തിഡ്രലിൽ വച്ച് വിശാഖപട്ടണം മെത്രാൻ ബിഷപ്പ് ക്ളാർക്ക് മെത്രനായി അഭിഷേകം ചെയ്തു. ഡാക്ക മെത്രാൻ ബിഷപ്പ് പീറ്റർ ജോസഫ് ഹേർത്ത് സഹകാർമ്മികനായിരുന്നു. ആ ദിവസം തന്നെ പുതിയ ബിഷപ്പ് തന്റെ രൂപതയുടെ ഭരണം ഏറ്റു.

### 3.4 കോൺഗ്രിഗേഷനിൽ പ്രവേശനം നൽകുന്ന രീതി

ഇംഗ്ളണ്ടിൽ ഒരു 'ഹൗസ് ഓഫ് പ്രൊബേഷൻ' സഭയിൽ ചേരാൻ അർത്ഥികൾ വന്നത് പ്രധാനമായും ജർമ്മൻ ഭാഷ സംസാരിക്കുന്ന രാജ്യങ്ങളിൽ നിന്നാണ്. അതായത് ജർമ്മനി, ആസ്ട്രിയ, സ്വിറ്റ്സർലണ്ട്, ലക്സംബർഗ്ഗിന്റെ ഒരു ഭാഗം . ഇടയ്ക്കിടെ യൂറോപ്പിലേക്ക് മടങ്ങിയിരുന്ന സീനിയർ ബ്രദേഴ്സ് പുതിയ അർത്ഥികളെ തെരഞ്ഞെടുത്ത് റിക്രൂട്ട് ചെയ്ത് ഇന്ത്യയിൽ കൊണ്ടുവരും. ഈ രീതിയിലുള്ള റിക്രൂട്ട്മെന്റ് തൃപ്തികരമായിരുന്നില്ല. ഇങ്ങനെ റിക്രൂട്ട് ചെയ്ത് ഇന്ത്യയിൽ കൊണ്ടുവന്ന പലരെയും തിരിച്ചയയ്ക്കേണ്ടി വന്നു. ചിലർ സ്വന്തം നിലയിൽ മടങ്ങിപ്പോയി. ഈ സാഹചര്യം നേരിടാൻ 1907 ആഗസ്റ്റിൽ

കോൺഗ്രിഗേഷൻ ഇംഗ്ളണ്ടിലെ നോർത്താംപ്ടൺ രൂപതയിൽ ഒരു ഭവനം തുറന്നു. പീറ്റർ ബറോ എന്ന സ്ഥലത്തായിരുന്നു ഈ ഭവനം. ബ്രദർ പീറ്റർ ഷ്രേബിയറിന്റെ സ്വന്തം സഹോദരൻ ഒരു കത്തോലിക്കാ വൈദികനായിരുന്നു. ജർമ്മനിയിലെ സോൺ ഹൈം എന്ന സ്ഥലത്തു നിന്നുള്ള ആൾ. ഇദ്ദേഹം കൂൾത്തർകാംപ്ഫ്-ന്റെ കാലത്ത് ഇംഗ്ളണ്ടിൽ അഭയം തേടിയിരുന്നു. ആ രൂപതയിലെ കാനൻ മോസർ എന്നാരാളുടെ സഹായത്തോടെ ബ്രദേഴ്സിന് വേണ്ടി ഈ ഭവനം വാങ്ങിച്ചു. ഇംഗ്ളണ്ടിൽ അഭയാർത്ഥി ആയിരുന്ന കാലത്താണ് അദ്ദേഹം കാനൻ മോസറെ പരിചയപ്പെട്ടത്. കോൺഗ്രിഗേഷന്റെ പ്രീഫെക്റ്റായ ബ്ര. നിക്കോളസ് ഹോഹനെ ആ ഭവനത്തിന്റെ ചുമതല ഏൽപ്പിച്ചു. പുതുതായി സഭയിൽ ചേർന്നവർക്കു ഇംഗ്ളീഷ് ഭാഷ പരിചയപ്പെടു ത്തുകയായിരുന്ന ഈ ഭവനത്തിന്റെ മുഖ്യ ലക്ഷ്യം. പോസ്റ്റുലന്റെസിനുള്ള ഒരു ഭവനമായും അതു പ്രയോജനപ്പെട്ടു. പുതുതായി സഭയിൽ ചേർന്നവരെ വിലയിരുന്നാനുള്ള ഒരു സാഹചര്യം ഇവിടെ ഇണ്ടായിരുന്നു. ഇംഗ്ളണ്ടിലെ ഈർപ്പം നിറഞ്ഞ കാലാവസ്ഥ ബ്ര. നിക്കോളസ് ഹോഹന് അനുയോജ്യമായിരുന്നില്ല. അതുകൊണ്ട് സിർപൂറിലെ അഗ്രികൾച്ചറൽ കോളണിയിൽ നിന്നും ബ്ര.ക്ളെമൻറ് ക്രീഗിനെ ഖാൻഡ്വയിലേക്കു തിരിച്ചു വിളിച്ചു. ഇദ്ദേഹത്തെ പീറ്റർ ബറോയിലേക്കയച്ച ബ്ര. നിക്കോളാസിൽ നിന്നും ഭരണചുമതല എടുത്ത് ഇദ്ദേഹത്തെ ഏൽപിക്കാനായിരുന്നു ഇപ്രകാരം ചെയ്തത്. 1908 ജനുവരിയിൽ ബ്ര.ക്ളെമന്റ് ഇംഗ്ളണ്ടിലേക്ക് കപ്പൽ കയറി. അദ്ദേഹവും പീറ്റർ ബറോയിൽ ഹ്രസ്വകാലം മാത്രമേ സേവനം അനുഷ്ടിച്ചുള്ളു. ആ വർഷം നവംബറിൽ തന്നെ അദ്ദേഹം ഇന്ത്യയിൽ മടങ്ങി എത്തി. പീറ്റർ ബറോയിൻ ശേഷിച്ച മൂന്ന് പോസ്റ്റുലന്റുകളും അദ്ദേഹത്തോടൊപ്പം ഇന്ത്യയിലേക്ക് പോന്നു. ഇങ്ങനെ യൂറോപ്പിൽ ഒരു 'ഫോർമേഷൻ ഹൗസ്' (പരിശീലന ഭവനം) നടത്തുക എന്ന പരീക്ഷണം പെട്ടെന്ന് അവസാനിച്ചു.

### 3.5 നിമാർ മിഷന്റെ രണ്ടാം ഘട്ടം (1908-1914)

പുറജാതിക്കാരുടെ ഇടയിൽ ബ്രദേഴ്സ് നിമാറിൽ നടത്തിയ പ്രേഷിത പ്രവർത്തനത്തിന്റെ രണ്ടാം ഘട്ടത്തിന്റെ സവിശേഷത നേരത്തേ തുടങ്ങി വച്ച പരിപാടികൾ പൂർത്തികരിച്ച് സ്ഥിരപ്പെടുത്തുകയും നേരത്തെ നടത്തിയ പ്രവർത്തനങ്ങളുടെ ഫലം കൊയ്തെടുക്കുകയും ആയിരുന്നു. 1908 ആയപ്പോഴേയ്ക്കും ഇവിടെ പണിയെടുക്കുന്ന ബ്രദേഴ്സിന്റെ എണ്ണം പതിമൂന്നായി. ആ കാലഘട്ടം നിമാർ

മിഷനുകളുടെ സുവർണ്ണ കാലമായിരുന്നു. മതപരിവർത്തനം നടത്തിയവരുടെ (ക്രൈസ്തവ മതം സ്വീകരിച്ചവരുടെ) എണ്ണം 2000 ആയി. മതബോധനം കൊടുത്തിരുന്നത്, മതപരിവർത്തനത്തിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായ മതബോധനം -അനേകായിരങ്ങൾ ഉണ്ടായിരുന്നു. 1908-ൽ ബിഷപ്പ് കോപ്പർ നടത്തിയ ഒരു അജപാലന സന്ദർശനത്തിന്റെ റിപ്പോർട്ടിൽ നിമാർ മിഷനെപ്പറ്റി പറയുന്ന കാര്യങ്ങൾ തികച്ചും സന്തോഷകരമാണ്. 1908 മേയ് 23-ാം തീയതി ഖാൻഡ്വയിലെത്തി. ബിഷപ്പിനെ ഇടവക സമൂഹവും വൈദികരും ബ്രദേഴ്സും സിസ്റ്റേഴ്സും പുതുതായി ക്രൈസ്തവരായ അനേകരും ചേർന്ന് ആഘോഷപൂർവം സ്വീകരിച്ചു. ഈ ചടങ്ങിൽ പങ്കെടുക്കാൻ മതപരിവർത്തനത്തിന് ഒരുങ്ങുന്നവരെയും ഖാൻഡ്വയിൽ കൊണ്ടു വന്നിരുന്നു. നാഗ്പൂരിൽ ബിഷപ്പായി സ്ഥാനമേറ്റ ശേഷം അദ്ദേഹം ആദ്യമായിട്ടാണ് ഖാൻഡ്വ സന്ദർശിക്കുന്നത്. മിഷൻ കോംപൗണ്ട് മുഴുവൻ മനോഹരമായി അലങ്കരിച്ചിരുന്ന സ്ഥലത്തെത്തിയ ദിവസം തന്നെ തന്റെ അജപാലന ശുശ്രൂഷയുടെ ഭാഗമായി കുമ്പസാരകൂട്ടിൽ ഇരുന്ന് കുറെ പുതു ക്രിസ്ത്യാനികളുടെ കുമ്പസാരം കേട്ടു. കുമ്പസാരം കേൾക്കാൻ വേറെ രണ്ടു വൈദികർ കൂടി ഉണ്ടായിരുന്നു. ഫാ. തീയോഫിലസ് മുഗ്നിയർ, ഫാ. പീറ്റർ പ്രബസ്റ്റ് അതേ ദിവസം ഫാ. മരിയൻ ജോസഫ്, ഫാ.ജോർജ് ഡാവിയറും ചേർന്ന് 242 കാറ്റ്ക്കി സ്റ്റെൻസിന് ജ്ഞാനസ്നാനം നൽകി.

മേയ് 24-ാം തീയതി ബിഷപ്പ് മൂന്ന് സ്ഥൈര്യലേപന ശുശ്രൂഷ നടത്തി. ആദ്യത്തേത് നേറ്റിവിറ്റി ഓഫ് ഔർ ലേഡി ഇടവക ദേവാല യത്തിൽ വച്ചായിരുന്നു. ഇംഗ്ളീഷ് സംസാരിക്കുന്ന വിശ്വാസികൾക്ക് വേണ്ടി ആയിരുന്നു ഈ ശുശ്രൂഷ. ഇടവകാംഗങ്ങളിൽ ഇരുപതു പേർ ഈ കൂദാശ സ്വീകരിച്ചു. മറ്റു രണ്ടു ശുശ്രൂഷകളും ഇടവകയുടെ തുറന്ന മൈതാനത്താണ് നടത്തിയത്. കാരണം പുതുതായി ജ്ഞാന സ്നാനം സ്വീകരിച്ച അനേകം ആളുകൾ സ്ഥൈര്യലേപനം സ്വീക രിക്കാൻ കാത്തുനിൽക്കുന്നുണ്ടായിരുന്നു. ബിഷപ്പ് സ്റ്റീഫൻ ഫ്രാൻസിസ് കോപ്പർ അവർക്കുവേണ്ടി ഈ കൂദാശ പരികർമ്മം ചെയ്തു. അന്ന് രാത്രി പുതുതായി ക്രൈസ്തവമതം സ്വീകരിച്ചവർ ഒരു നാടകം അവതരിപ്പിച്ചു. ബിഷപ്പിന്റെ മധ്യസ്ഥനായ ആദ്യ രക്ത സാക്ഷിയായ സ്റ്റീഫന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ള ഒരു നാടകം.

1908 മേയ് 28-ാം തീയതി ഞായറാഴ്ച, സ്വർഗ്ഗാരോഹണ ഞായർ, ബിഷപ്പ് മൂന്ന് നോവിസുകളുടെ പ്രഥമ വ്രതവാഗ്ദാനം സ്വീകരിച്ചു. ടേർഷ്യറി ഫ്രാൻസിസ്ക്കൻസ് ഓഫ് പാദർബോൺ എന്ന രൂപതാ കോൺഗ്രിഗേഷന്റെ മൂന്ന് നോവിസുകൾ. മൂന്ന് പോസ്റ്റുലന്റസിന് നൊവിഷ്യേറ്റ് തുടങ്ങനായി സഭാവസ്ത്രവും നൽകി. മേയ് 29-ാം തീയതി ബിഷപ്പ് സിർപ്പൂറിലേക്കു പോയി. അവിടെ മേയ് 31-ാം തീയതി അദ്ദേഹം പതിനൊന്ന് കാറ്റിക്കിസ്റ്റെൻസിന് ജ്ഞാനസ്നാനം നൽകി. മാനസാന്തരപ്പെട്ട 54 പേർക്ക് സ്ഥൈര്യലേപനവും നൽകി. അങ്ങനെ തന്റെ അജപാലന സന്ദർശനത്തിൽ ഒരാഴ്ച കൊണ്ട് ബിഷപ്പ് കോപ്പൽ നാല് സ്ഥൈര്യലേപന ശുശ്രൂഷ നടത്തി. ഈ ശുശ്രൂഷകളിൽ 500 പേർ കൂദാശ സ്വീകരിച്ചു. ഒരു നല്ല സംഖ്യ ജ്ഞാനസ്നാനവും നടന്നു. അങ്ങനെ ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറിമാരുടെ പ്രേഷിത പ്രവർത്തനത്തിന്റെ ചാലകശക്തി നേരിട്ടു കണ്ടു ബോധ്യപ്പെടാൻ ബിഷപ്പിന് ഒരവസരം ലഭിച്ചു. നിമാറിലെ ഏറ്റവും പ്രധാനപ്പെട്ട മിഷൻ കേന്ദ്രങ്ങളിൽ ഔള, ബോയിഫാൽ, സോംഗീർ, പനഥാന തുടങ്ങിയ കേന്ദ്രങ്ങളിൽ ബിഷപ്പ് ഒരു ദ്രുത സന്ദർശനം (ഓട്ട പ്രദക്ഷിണം) നടത്തി. ബിഷപ്പിന് സമയം ഉണ്ടായിരുന്നെങ്കിൽ സന്ദർശിക്കേണ്ടിയിരുന്ന എഴുപതു ഗ്രാമങ്ങളിൽക്കൂടി ഉണ്ടായിരുന്നു. അവരെല്ലാം ബിഷപ്പിനെ എതിരേൽക്കാൻ തയ്യാറായി നിൽക്കുകയായിരുന്നു.

ബിഷപ്പിന്റെ നിമാർ സന്ദർശനം കൊണ്ടുണ്ടായ ഒരു ക്രീയാത്മക ഫലം ഇതായിരുന്നു. നിമാർ മിഷനെ രണ്ടു ഡിസ്ട്രിക്റ്റുകളായി വിഭജിക്കുക. ഖാൻഡ്വ കേന്ദ്രമാക്കി ഒരു ഡിസ്ട്രിക്റ്റ് സിയോ ഔള കേന്ദ്രമാക്കി മറ്റൊന്ന്. ഫാ. യൂജീൻ ഡെസിനിയർ ഫാ. ജെറം സെർവാജ് ഇവരെ ഖാൻഡ്വയിലെ മിഷൻ വൈദികരായി നിയമിച്ചു. ഫാ. ജോർജ് ഡാവിയേറ്റിനെ ഔളയുടെ മിഷൻ വൈദികനാക്കി.

### 3.6 ബിഷപ്പ് കോപ്പൽ നിയമാവലികൾ അംഗീകരിക്കുന്നു

കോൺഗ്രിഗേഷന്റെ അംഗസംഖ്യയും പ്രവർത്തനങ്ങളും വർദ്ധിച്ച സാഹചര്യത്തിൽ ആദ്യം ഉണ്ടാക്കിയ നിയമാവലിക്കു പരിമിതികൾ ഉണ്ട്, അപര്യാപ്തമാണ് എന്ന് വ്യക്തമായി. കൂടുതൽ വിശദാംശങ്ങളുൾപ്പെടുത്തി പുതിയ ഒരു നിയമാവലി ഉണ്ടാക്കണം. അതുകൊണ്ട് ബ്ര. പൗലുസ് കോൺഗ്രിഗേഷന്റെ പ്രൊട്ടക്ടർ ആയ ബിഷപ്പ് കോപ്പലിനെ ഇക്കാര്യത്തിൽ വേണ്ടത് ചെയ്യാൻ നിർബന്ധിച്ചുകൊണ്ടിരുന്നു. ഈ കാലഘട്ടത്തിൽ എഴുതിയ കത്തുകളിൽ ഒന്നിൽ ബ്രദർ ബിഷപ്പിന് ഇപ്രകാരം എഴുതി:

“പിതാവേ, അങ്ങ് അടുത്ത തവണ ഖാൻഡ്വായ്ക്കു വരുമ്പോൾ രൂപതയുടെ ആർക്കൈവ്സിൽ സൂക്ഷിച്ചിരിക്കുന്ന കോൺഗ്രിഗേഷനെ സംബന്ധിച്ച പ്രമാണങ്ങൾ കൊണ്ടു വരാൻ ദയവായി ഓർമ്മിക്കുക. നിയമാവലിയും ചട്ടങ്ങളുമായി കോൺഗ്രിഗേഷനുവേണ്ടി ചിലതു സജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.”

ഔപചാരികമായ ഈ അപേക്ഷ നൽകി ഏകദേശം ഒരു മാസം കഴിഞ്ഞപ്പോൾ അതായത് 1909 ജൂലൈ 15-ാം തീയതി ബിഷപ്പ് കോപ്പൽ താൻ അംഗീകാരം നൽകിയ വിശദമായ നിയമാവലി, ഭരണഘടന, ബ്രദർ പൗലുസ് മോറിറ്റ്സിന് അയച്ചുകൊടുത്തു. ഈ പ്രമാണത്തിനൊപ്പം അയച്ച കത്തിൽ ബ്രദേഴ്സ് തന്റെ രൂപതയിൽ പുറജാതിക്കാരുടെ ഇടയിൽ നടത്തുന്ന മിഷൻ പ്രവർത്തനത്തെ പ്രശംസിക്കുന്നുണ്ട്. ഞങ്ങൾ നടത്തിയ അന്വേഷണങ്ങളുടെ ഫലമായി ഈ പ്രഥമ നിയമാവലിയുടെ ഒരു പകർപ്പ് കണ്ടെത്താനായി. എന്തുകൊണ്ടോ കോൺഗ്രിഗേഷന്റെ ആർക്കൈവ്സിൽ ഈ രേഖ ഇല്ലാതെപോയി. ഈ നിയമാവലിയെ പറ്റി വിശദമായ ഒരു ചർച്ച നടത്താൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. എങ്കിലും അതിലെ പ്രസക്തമായ ആശയങ്ങൾ ഒന്ന് പരിശേധിക്കാം. ഇതിൽ ആകെ നാൽപത്തിരണ്ട് വകുപ്പുകൾ ഉണ്ട്. അധ്യായങ്ങളായി വിഭജിച്ചിട്ടില്ല. അടിസ്ഥാനപരമായി ഇതു ഒരു ഫ്രാൻസിസ്കൻ നിയമാവലിയാണ്. ഫ്രാൻസിസ്കൻ കുടുംബത്തിന്റെ തേർഡ് “ഓർഡർ റഗുലർ റൂൾ” ആണ് ഈ നിയമാവലി അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നത്. പീയൂസ് X-ാമൻ മാർപ്പാപ്പ അംഗീകരിച്ച നിയമാവലിയാണ് ഇത്. സഭയുടെ അരൂപി, ചൈതന്യം നിർവചിക്കുവാൻ ഈ നാൽപ്പത്തിരണ്ട് വകുപ്പുകൾ മതിയായിരുന്നു. അരൂപി, സമൂഹം, പ്രേഷിത പ്രവർത്തനം ഇവയും ഈ വകുപ്പുകൾ വഴി നിർണ്ണയിച്ചിട്ടുണ്ട്. സഭാംഗങ്ങൾ വസിക്കുന്ന ഭവനങ്ങൾ, സഭാവസ്ത്രം, സമൂഹത്തിലെ ദിനചര്യ, പരിശീലനം, ഭരണ സംവിധാനം ഇവയുടെ വകുപ്പുകൾ നിർണ്ണയിച്ചുട്ടുണ്ട്. ഈ നിയമാവലി 1930 വരെ പ്രാബല്യത്തിലിരുന്നു. അപ്പോൾ പ്രോപഗാണ്ട ഒരു ജനറൽ ചാപ്പറ്റർ- ഏറ്റവും ആദ്യമായി കൂടുന്ന ജനറൽ ചാപ്റ്റർ വിളിച്ചുകൂട്ടി. ജനറൽ ചാപ്റ്റർ നിയമാവലിയിൽ മാറ്റങ്ങൾ വരുത്തി, ആധുനീകരിച്ചു. തിരുസഭയുടെ കാനോൻ നിയമസംഹിതയിൽ വരുത്തിയ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു നിയമാവലിയിലെ മാറ്റങ്ങൾ.

### 3.7 ഖാൻഡ്വായിലെ ബ്രദേഴ്സിന്റെ മാതൃഭവനത്തിൽ നിന്ന് നടത്തിയ വിവിധ പ്രവർത്തനങ്ങൾ

ഈ കാലയളവിൽ ഖാൻഡ്വാ മിഷൻ കേന്ദ്രം ഒരു തേനീച്ചക്കൂടു പോലെ പ്രവർത്തനനിരതമായിരുന്നു. മാതൃഭവനം, ഖാൻഡ്വായിൽ കോൺഗ്രിഗേഷന്റെ ജനറലേറ്റ്. ഇതേ കാംപസ്സിൽ തന്നെ ആയിരുന്നു നൊവിഷ്യേറ്റും. ഒരുപക്ഷെ സമൂഹത്തിന്റെ ഒരു ഭാഗമായിരുന്നിരിക്കാം നോവിസുകളും. ഇവ കൂടാതെ കാറ്റ്ക്കിസ്റ്റിക്കുകളെ (ഉപദേശികളെ) പരീശീലപ്പിക്കുന്ന ഒരു സ്കൂൾ. ഇതിന് മേൽനോട്ടം വഹിച്ചിരുന്നത് ബ്രദേഴ്സ് ആയിരുന്നു. നിമാർ ഡിസ്ട്രിക്റ്റിൽ ജോലി ചെയ്യുന്ന എല്ലാ ബ്രദേഴ്സും വരുന്ന, ബന്ധപ്പെടുന്ന, സ്ഥലമായിരുന്ന മാതൃഭവനവും ജനറലേറ്റും. പിൽക്കാലത്ത് ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ പണിയെടുത്തിരുന്ന, പ്രവർത്തിച്ചിരുന്ന ബ്രദേഴ്സിനും ഈ മാതൃഭവനവും ജനറലേറ്റുമായി ബന്ധം പുലർത്തേണ്ടിയിരുന്നു. 1908-നും 1913-നും ഇടയ്ക്ക് ബ്രദേഴ്സിന്റെ അംഗസംഖ്യ മുപ്പതായി ഉയർന്നിരുന്നു. അവരെ പ്രധാനമായും നിയോഗിച്ചിരുന്നത് ഖാൻഡ്വ, സിർപൂർ, കോക്ലി, റൂധി, ഔള, പന്ഥാന തുടങ്ങിയ കേന്ദ്രങ്ങളിലായിരുന്നു. ബ്ര. പൗലുസ് മോറിറ്റ്സും ബ്ര. നിക്കോളാസ് ഹോഹനും എപ്പോഴും താമസിച്ചിരുന്നത് ഖാൻഡ്വയിലായിരുന്നു. ബ്ര. മോറിറ്റ്സ് കോൺഗ്രിഗേഷന്റെ സുപ്പീര്യർ ജനറലും ബ്ര. നിക്കൊളാസ് ഹോൻ നോവിസ് മാസ്റ്ററും ബ്ര. മോറിറ്റ്സിന്റെ അസിസ്റ്റന്റും ആയിരുന്നു. കോൺഗ്രിഗേഷന്റെ ഭരണം നടത്തുന്നതിനൊപ്പം ബ്ര. മോറിറ്റ്സ്, ബെനെഫാക്ടേഴ്സിന് നിരന്തരം കത്തുകൾ എഴുതിയിരുന്നു. ഒരു പ്രിന്റിംഗ് പ്രസ് സ്ഥാപിച്ച് മിഷൻ പ്രവർത്തനത്തിന് സഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള ലഘുലേഖകളും അയച്ചിരുന്നു.

ബ്രദർ നിക്കൊളാസ് ഹോഹന്റെ കീഴിലായിരുന്ന കോൺഗ്രിഗേഷന്റെ നോവിഷ്യേറ്റ് പരിശീലന പരിപാടിയുടെ ലക്ഷ്യം സുപ്പീര്യർ ജനറൽ തന്നെ വളരെ ഭംഗിയായി വിവരിച്ചിട്ടുണ്ട്:

നൊവിഷ്യേറ്റിന്റെ ലക്ഷ്യം ഭാവി സന്യസ്തരെ മിഷനറി സഹോദരന്മാരെയും യഥാർത്ഥ പ്രേഷിതരൂപം കൊണ്ടും ആത്മാക്കൾക്കായുള്ള തീക്ഷ്ണതകൊണ്ടും നിറയ്ക്കുക എന്നതാണ്. ഇതിനുള്ള മാർഗ്ഗം ഭക്തിപൂർവം കൂദാശ സ്വീകരിക്കൽ, ദൈവവചനത്തെപ്പറ്റിയുള്ള ധ്യാനം, ആത്മീയവായന, ചിട്ടയായി ക്രിസ്തീയ പുണ്യങ്ങൾ ശീലിക്കുക, ക്രിസ്തുവിന് വേണ്ടി ആത്മാക്കളെ നേടുന്നതിന് ഹൃദയത്തിന്റെയും ആത്മാവിന്റെയും കലയിൽ അയാൾക്ക് പരിശീലനം

നൽകുക ഇതൊക്കെയാണ്. കൂടാതെ അനേകം മണിക്കൂറുകൾ ക്രൈസ്തവ വിശ്വാസ സത്യങ്ങളിൽ പ്രബോധനം നൽകുകയും ചെയ്യും. ഇന്ത്യയിലെ വിവിധ ജനതകളുടെ വ്യത്യസ്ത ഭാഷകളും കീഴ്‌വഴക്കങ്ങളും പഠിക്കണം. പിൽകാലത്ത് അവർ ശുശ്രൂഷ നൽകേണ്ട ജനങ്ങളാണ് ഇവർ.

ഖാൻഡ്വയിലെ കാറ്റെക്കിസ്റ്റ്സ് ട്രെയിനിംഗ് സ്കൂളിൽ ശരാശരി ഒരു സമയം ഇരുപത് മുതൽ മുപ്പതുവരെ പഠിതാക്കൾ ഉണ്ടാകും. അതുപോലെ മിഷൻ അനാഥലയത്തിൽ ഇരുപത് മുതൽ മുപ്പത് വരെ കുട്ടികൾ കാണും. നടത്തിയിരുന്ന പ്രവർത്തനങ്ങളിൽ ഏറ്റവും ഫല പ്രദമായത് 'ഫിറിഷാട്' എന്ന പേരിൽ ഹിന്ദുസ്ഥാനിയിൽ അച്ചടിച്ചു പ്രചരിപ്പിച്ചിരുന്ന ഒരു ദ്വൈവാരിക ആയിരുന്നു. പുതുതായി ക്രൈസ്തവ മതം സ്വീകരിച്ചവരുടെ ഇടയിൽ കത്തോലിക്കാ പ്രബോധനം പ്രചരിപ്പിക്കുകയും അവരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുകയുമായിരുന്നു. പ്രസിദ്ധീകരണത്തിന്റെ ലക്ഷ്യം. വടക്കേ ഇന്ത്യയിൽ ഹിന്ദി സംസാരിക്കുന്ന പ്രദേശങ്ങളിലാണ് ഇത് പ്രചരിച്ചത്. ഈസ്റ്റ് ആഫ്രിക്കയിൽപോലും ഇതിന് വരിക്കാരായി ചേർന്ന കുറേ സ്ഥിരം വായനക്കാർ ഉണ്ടായിരുന്നു. ഒരു വർഷത്തേക്കുള്ള വരിസംഖ്യ പന്ത്രണ്ട് അണ; തപാൽ ചെലവ് കൂടാതെ. ഇതിന്റെ ഉള്ളടക്കം എഡിറ്റ് ചെയ്തിരുന്നത് ഫാ. യൂജിൻ ഡെസിസിയേർ ആയിരുന്നു. സഹായിക്കാൻ ഒരു ഹിന്ദുസ്ഥാനി പരിഭാഷകനും ഉണ്ടായിരുന്നു. ഇത് അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്നത്. ബ്ര. പൗലുസ് മോറിറ്റ്സ് ആയിരുന്നു.

ഒരു മുൻകൂർ കുറിപ്പായി ഇവിടെ പറയേണ്ട ഒരു കാര്യം: കോൺഗ്രിഗേഷന്റെ വിജയകരമായ പ്രേഷിത പ്രവർത്തനം ഉപഭൂഖണ്ഡത്തിലെ വിവിധ രൂപതകൾ നിരീക്ഷിക്കുന്നുണ്ടായിരുന്നു. ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനു മുമ്പ് ബ്രദേഴ്സ് പുറജാതിക്കാരുടെ ഇടയിലുള്ള തങ്ങളുടെ പ്രവർത്തനം പദ്രോവാദോ രൂപതയായ ദാമനിലേക്കും സെൻട്രൽ ബംഗാളിലെ കൃഷ്ണഗർ രൂപതയിലേക്കും ആഗ്ര അതീരൂപതയിലേക്കും വ്യാപിപ്പിച്ചു കഴിഞ്ഞിരുന്നു. ഈ മൂന്ന് രൂപതകളിലും അവർ നടത്തിയ പ്രവർത്തനങ്ങൾ നാം വിശദമായി വിവരിക്കുന്നതാണ്.

### 3.8 കോൺഗ്രിഗേഷന്റെ ഏറ്റവും ഉയർന്ന മുൻഗണനകളിൽ ഒന്ന് നാട്ടുകാരുടെ ഇടയിലെ ദൈവവിളി

1908 മുതലേ നാട്ടുകാരുടെ ഇടയിൽ ദൈവവിളിയുള്ളവരെ കണ്ടെത്തുക എന്ന ദീർഘവീക്ഷണത്തോടുകൂടിയ നടപടി ബ്രദർ

പൗലുസ് മോറിറ്റ്സ് സ്വീകരിച്ചു. ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലമായുണ്ടായ വിഷമം പിടിച്ച നിർണ്ണായകമായ ഘട്ടത്തിൽ ഈ നയം വളരെ പ്രയോജനകരമായിരുന്നു എന്ന് വ്യക്തമായി. പാദ്രോവാദോ രൂപതയായ ഡാമനിൽ പ്രേഷിത പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ ബോംബെയിലെയും സമീപ പ്രദേശങ്ങളിലെയും തലമുറകളായി കത്തോലിക്കരായിരുന്നവരുടെ ഇടയിൽ നിന്ന് നാട്ടുകാർക്ക് ദൈവ വിളി ഉണ്ടാകും എന്ന പ്രതീക്ഷയ്ക്ക് സാഹചര്യമുണ്ടായി. 1909 ഏപ്രിൽ 4-ാം തീയതി. ബോംബെയിലെ മൗണ്ട്പോയിൻസൂറിൽ കോൺഗ്രി ഗേഷൻ പ്രവർത്തനം ആരംഭിച്ച് ഏതാനും മാസങ്ങൾക്കകം ബ്രദേഴ്സിന് തങ്ങളുടെ സമൂഹത്തിലേക്കു മി. റോബർട്ട് ഫ്രാൻസിസ് പെരെയ് രയെ സ്വാഗതം ചെയ്യാനുള്ള ഭാഗ്യമുണ്ടായി. രൂപതയുടെ താന ഡിസ്ട്രിക്റ്റിലെ ഒരു ഇടവകയിലെ അംഗമായിരുന്നു ഇദ്ദേഹം. 1909 ആഗസ്റ്റ് 2-ാം തീയതി ഇദ്ദേഹത്തിനെ സഭാവസ്ത്രം ധരിപ്പിച്ചു. അത് മാലാഖമാരുടെ മാതാവിന്റെ തിരുനാൾ ദിവസമായിരുന്നു. ഫ്രാൻസി സ്കൻ സഭയുടെ പോർസ്യുങ്കുല ഇൻഡൽ ജൻസ് ദിവസം. പ്രതീകാ ത്മമായി അദ്ദേഹം ഇന്ത്യയിലെ ആദ്യരക്തസാക്ഷി വി. ഗോൺസാല ഗാർസിയയുടെ പേര് സ്വീകരിച്ചു. സാധാരണ നൊവിഷ്യേറ്റിന്റെ ആരംഭം ഒരാഘോഷമായി നടത്താറുണ്ട്. ഇതിനുമുമ്പ് മാതൃഭവന ത്തിൽ ബ്രദേഴ്സ് വാർഷികധ്യാനം നടത്തും. ഖാൻഡ്വയിലുള്ള മാതൃഭ വനത്തിലാണ് ഈ ധ്യാനം നടത്തുക.

1910 ജനുവരിയിൽ നടന്ന ഒരു ചടങ്ങ് സംബന്ധിച്ച ഒരു റിപ്പോർട്ട് നമുക്ക് ലഭിച്ചിട്ടുണ്ട്. ബിഷപ്പ് കോപ്പൽ ഖാൻഡ്വയിലെ ബ്രദേഴ്സിന്റെ ആ വർഷത്തെ ധ്യാനം പ്രസംഗിക്കുവാൻ നാഗ്പൂറിലെ ഫ്രാൻസേ ലിയൻസിന്റെ മിഷൻ സുപ്പീര്യർ ഫാ. ഏണെസ്റ്റ് തേവനെറ്റിനോട് ആവ ശ്യപ്പെട്ടു. സമാപന പ്രസംഗം നടത്തുന്നതിനും ആഘോഷമായ സഭാ വസ്ത്രം ധരിക്കൽ കർമ്മത്തിൽ പ്രധാന കാർമ്മികനാകാനും ബിഷപ്പ് തന്നെ ഖാൻഡ്വയിൽ എത്തിയിരുന്നു. ആ അവസരത്തിൽ ബിഷപ്പ് ആറ് യൂറോപ്യൻസിനെയും ഒരു ഇന്ത്യക്കാരനേയും ഫ്രാൻസിസ്കൻ സഭയുടെ സഭാവസ്ത്രം അണിയിച്ചു പോസ്റ്റുലെൻസ് (അർത്ഥികൾ) ആയി സ്വീകരിച്ചു. ഇന്ത്യൻ പോസ്റ്റുലന്റ് ബാൻഡ്രയിലെ ഫാ. ഫിദെ ലിസ് പെരെയ്രയുടെ ഇളയ സഹോദരൻ ആയിരുന്നു. സിർപൂരിലെ ഫാ. സെറ്റിൽമെന്റെ കോളണിയിലെ ബ്രദേഴ്സിന്റെ മിഷൻ വൈദിക നായിരുന്ന ഫാ. പെരെയ്ര. ആഘോഷമായി നടത്തിയ ഈ ചടങ്ങിൽ

വിവധ മിഷൻ കേന്ദ്രങ്ങളിൽ നിന്ന് വന്ന ഇരുപത്താറ് ബ്രദേഴ്സ് പങ്കെടുത്തു. ഈ ചടങ്ങിൽ വച്ച് അവരിൽ ചിലർ ആദ്യ വ്രതവാഗ്ദാനം നടത്തി ചിലർ വ്രതവാഗ്ദാനം പുതുക്കി; ചിലർ അന്തിമ വ്രതവാഗ്ദാനം നടത്തി. തിരുസഭയുടെ സേവനത്തിനും ഫ്രാൻസിസ്ക്കൻ മിഷനറി ബ്രദേഴ്സായി തങ്ങളുടെ തന്നെ നിത്യരക്ഷയ്ക്കും സ്വയം സമർപ്പിച്ചു.

### 3.9 മിഷൻ രീതികളും മിഷനുവേണ്ട സാമ്പത്തിക സഹായവും

ബ്രദേഴ്സ് സ്വീകരിച്ച മതപ്രചരണ രീതിയിൽ ഏറ്റവും മെച്ചപ്പെട്ടത് ഗ്രാമങ്ങളിലെ ദരിദ്രരും സാധുക്കളുമായ ആളുകളുമായി താദാത്മ്യപ്പെടുക എന്നതായിരുന്നു. ബ്രദേഴ്സ് പ്രവർത്തിച്ചിരുന്നത് ഒരു തരം സഹായകർ എന്ന നിലയിലായിരുന്നു എന്ന് ഓർക്കണം; കളമൊരുക്കുക, സുവിശേഷം ഇനിയും എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിലേക്കു കടന്നു ചെല്ലുക-ഇതായിരുന്നു ബ്രദേഴ്സ് ചെയ്തിരുന്ന ജോലി. ചുരുക്കത്തിൽ പറഞ്ഞാൽ ഫ്രാൻസിസ്ക്കൻ ബ്രദേഴ്സ് മുന്നോടി മിഷനറിമാരായി പ്രവർത്തിച്ചു. കൂദാശകൾ പരികർമ്മം ചെയ്യുക, ആത്മാക്കൾക്ക് ശുശ്രൂഷചെയ്യുക തുടങ്ങിയ ജോലികൾ പൗരോഹിത്യം സ്വീകരിച്ച വൈദികരുടെ ജോലി ആയിരുന്നു. ഇതൊഴിച്ച് ബാക്കി എല്ലാകാര്യങ്ങളും മിഷനിൽ നടത്തിയിരുന്നതു ബ്രദേഴ്സ് ആയിരുന്നു. അങ്ങനെ നിമാർ മിഷനിൽ മിഷൻ വൈദികർ എന്ന നിലയ്ക്ക് ബ്രദേഴ്സിന് സേവനം നൽകിയവരാണ് ഫ. ഡാവിയെറ്റ്, ഫാ. ഡെസീസിയർ, ഫാ. സേർവാജ്, ഫാ.ഫ്രാൻസിസ് പെരെയ്ര എന്നിവർ. ബ്രദേഴ്സ് കാലാകാലം നിശ്ചിത സമയത്ത് ഗ്രാമങ്ങൾ സന്ദർശിച്ച് കുട്ടികൾക്കും പ്രായമായവർക്കും മതബോധനം നൽകി, പ്രാഥമിക വിദ്യാലയങ്ങൾ സ്ഥാപിച്ചു, പാവങ്ങൾക്കായി ഡിസ്പെൻസറികൾ ആരംഭിച്ചു; അടിക്കടി ഉണ്ടായ ക്ഷാമം കാരണം അനാഥരായ കുട്ടികളെയും വിധവകളെയും സഹായിച്ച്, അവർക്കുവേണ്ട ശുശ്രൂഷ നൽകി. ഖാൻഡ്വയിലും ഔളയിലും ഉപദേശികൾക്കു പരിശീലനം നൽകാൻ വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. ഇവിടെ അത്യാവശ്യം വേണ്ട ഉപദേശികളെ പരിശീലിപ്പിച്ചു. ഇവരുടെ സേവനം ബ്രദേഴ്സ് ഏറെ വിലമതിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്തു.

ബിഷപ്പിന്റെ നിർദ്ദേശപ്രകാരം ബ്രദേഴ്സ് സ്വീകരിച്ച ഒരു പുതിയ രീതി സ്ത്രീകളെ ഉപദേശികളായി, കാറ്റെക്കിസ്റ്റസ് ആയി പരിശീലിപ്പിക്കുക എന്നതായിരുന്നു. അടിക്കടി ഉണ്ടായ ക്ഷാമം നിമിത്തം വിധവകളുടെ എണ്ണം വർദ്ധിച്ചു. മിഷനറി ബ്രദേഴ്സ് ഇവരെ സഹായിക്കു

കയും  ഇവർക്ക് ചെലവിന് കൊടുക്കുകയും ചെയ്യേണ്ടത് ഒരാവശ്യമായിരുന്നു. ഇങ്ങനെയുള്ള വിധവകളെ പ്രൊട്ടസ്റ്റന്റ് സഭക്കാർ പരിശീലനം നൽകി കാറ്റെക്കിസ്റ്റ്സ് (ഉപദേശികൾ) ആക്കിയിരുന്നു. പെൺകുട്ടികൾക്കും സ്ത്രീകൾക്കും മതബോധനം നൽകുന്നതിൽ ഇവർ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. ബ്രദേഴ്സും കുറെ ഏറെ വിധവകൾക്ക് പരിശീലനം നൽകിയിരുന്നു. വേദോപദേശം നല്കുക എന്ന മേഖലയിൽ വളരെയധികം സഹായിച്ചു. തങ്ങളുടെ ഉപദേശികൾക്ക് തുടർപരിശീലനം നൽകുന്നതിനായി ബ്രദേഴ്സ് ഖാൻഡ്വായിലും ഔളയിലും മാസംതോറും ദിശാബോധ പാഠങ്ങൾ പഠിപ്പിച്ചിരുന്നു. ഈ ക്ളാസ്സുകളിൽ പഠിക്കാൻ ഉപദേശികൾ വരും, കൂടെ അവരുടെ ഭാര്യമാരും ഉണ്ടാകും. ഇവർ ബ്രദേഴ്സ് നടത്തുന്ന ക്ളാസുകളിൽ പോയി പഠിച്ചുകൊണ്ട് ഏതാനും ദിവസം ചെലവഴിക്കും. തങ്ങളുടെ പ്രേഷിത പ്രവർത്തനങ്ങൾക്ക് ബ്രദേഴ്സ് സ്വീകരിച്ച വേറൊരു രീതി ഇതായിരുന്നു. ടെന്റുകളുമായി കാലാകാലം നടത്തുന്ന പര്യടനം ഒന്നോ രണ്ടോ ബ്രദേഴ്സ് തങ്ങളുടെ ഉപദേശികൾക്കൊപ്പം ഗ്രാമങ്ങളിൽ പര്യടനം നടത്തും. ഒരു ഗ്രാമത്തിൽ കുറെ ദിവസങ്ങൾ ചെലവഴിക്കും. താമസിക്കാൻ അവർ ഒരു ടെന്റ് (കൂടാരം) കരുതിയിരിക്കും. രാത്രി ടെന്റിൽ ചെലവഴിക്കും. വൈകുന്നേരം കൃഷിയിടങ്ങളിൽ നിന്ന് മടങ്ങിവരുന്ന ഗ്രാമീണരെ അവർ കണ്ട് സംസാരിക്കും. ബ്രദേഴ്സ് അവർക്ക് വേദപാഠം പറഞ്ഞുകൊടുക്കും. തങ്ങളുടെ നിരവധി പരാധീനതകളെപ്പറ്റി അവർക്ക് പറയാനുള്ളതെല്ലാം ശ്രദ്ധിച്ചു കേൾക്കും. ഇവയ്ക്ക് എങ്ങനെ പരിഹാരം കാണാൻ കഴിയും എന്ന് പറഞ്ഞുകൊടുക്കും. മേൽ പറഞ്ഞ രീതികൾ കൂടാതെ, വികസനം സംബന്ധിച്ച ചർച്ചകൾ നടക്കും. നിയമസഹായം വേണ്ടവർക്ക് അത് ലഭ്യമാക്കും. ബ്രദേഴ്സ് ഏതാനും സഹകരണ പ്രസ്ഥാനങ്ങൾ ആരംഭിച്ചു. അവ വിജയകരമായിരുന്നു. പുതുതായി വിശ്വാസം സ്വീകരിച്ച കത്തോലിക്കരെ സഹായിക്കാനായിരുന്ന ഇത്. കൂടാതെ ഏതാനും ദേവാലയങ്ങളുടെയും വീടുകളുടെയും നിർമ്മാണം പുതുതായും മാനസാന്തരപ്പെട്ടവർക്ക് മെച്ചപ്പെട്ട വീടുകളും വാസസ്ഥലങ്ങളും കാണാനും പരിചയപ്പെടാനും അവസരവും നൽകി.

ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറി ബ്രദേഴ്സ് ആരംഭിച്ച നിമാർ മിഷന് വേണ്ട സാമ്പത്തിക സഹായം അവർ തന്നെ ലഭ്യമാക്കി. ബ്രദർ പൗലുസ് മോറിറ്റ്സ് യൂറോപ്പിൽ ധനശേഖരണം നടത്തിയിരുന്നു. പാദെർ ബോണിലെ 'മിഷൻ പ്രൊക്കുറ' വഴിയാണ് പണം ശേഖരിച്ചത്. ബിഷപ്പ്

ഫ്രാൻസിസ് കോപ്പൽ ഈ വസ്തുത പലപ്പോഴും അംഗീകരിച്ചിട്ടുണ്ട്. എടുത്തുപറഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചും ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതിന്റെ ഫലമായി, സാമ്പത്തിക ഞെരുക്കം അനുഭവപ്പെട്ടപ്പോൾ ബ്രദർ പൗലുസ് മോറിറ്റ്സ് ധനശേഖരണത്തിന് പ്രയോഗിച്ച മാർഗ്ഗം ഇതായിരുന്നു. ലാഹോർ മിഷന്റെ യൂറോപ്പിലെ എപ്പസ്കോപ്പൽ പ്രോകുറേറ്ററായിരുന്നു ബ്രദർ. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ആഫീസ് തുറന്നു. പാദർബോണിൽ ആയിരത്തിത്തൊള്ളായിരത്തി ഇരുപതുകളിൽ കോൺഗ്രിഗേഷന്റെ ക്രോണിക്കിളിൽ അടിക്കടി പാദർബോൺ പരാമർശിയ് ക്കപ്പെടുന്നുണ്ട്. പാദർബോണിൽ അധികാരമേറ്റ മെത്രന്മാർ തുടർച്ചയായി മിഷന് വേണ്ടി ധനം ശേഖരിക്കാനുള്ള ബ്ര. പൗലുസിന്റെ ഉദ്യമത്തിന് പിന്തുണ നൽകിയതായി കാണാം. ബ്രദറിന്റെ കോൺഗ്രിഗേഷന്റെ ഇന്ത്യൻ മിഷനുവേണ്ടി ആയിരുന്നു പണം പിരിച്ചത്. തന്റെ കോൺഗ്രിഗേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ കാണിച്ചുകൊണ്ടു ധനാഭ്യർത്ഥന അച്ചടിച്ച് ബെനഫാക്ടേഴ്സിന് അയച്ചുകൊടുക്കും. ജർമ്മൻ ഭാഷ സംസാരിക്കുന്ന യൂറോപ്യൻ രാജ്യങ്ങളിലെ ബെന ഫാക്ടേഴ്സിനാണ് അഭ്യർത്ഥന അയയ്ക്കുക. കോൺഗ്രിഗേഷന്റെ പാദർബോണിലെ മിഷൻ പ്രോക്കുറയിലേയ്ക്ക് സംഭാവനകൾ അയ്ക്കാനാകും നിർദ്ദേശിച്ചിരിക്കുക. ഒരു മി. ഡോൾഫ് ഗ്രൈൻ ബ്രദറിനും ബെനഫാക്ടറന്മാർക്കും ഇടയിൽ വിശ്വസ്തനായ ഒരു ഇടനിലക്കാരനായി പ്രവർത്തിച്ചതായി കാണുന്നു. പെദർബോൺ മിഷൻ പ്രോകുറ വഴി ശേഖരിച്ച പണം നാഗ്പൂരിലെ ഒരു ബാങ്കിലേക്ക് അയയ്ക്കും. ഈ ബാങ്ക് അക്കൗണ്ട് ബിഷപ്പ് കോപ്പലും ബ്ര. പൗലുസും മോറിറ്റ്സും കൂട്ടായി കൈകാര്യം ചെയ്യും. റുഡോൾഫ് ഗ്രൈൻ സംഭാവന നൽകിയ വരുടെ ഒരു ലിസ്റ്റ് ഉണ്ടാക്കി. അത് ഖാൻഡ്വയിൽ ബ്രദർ പൗലൂസിന് അയച്ചുകൊടുക്കും. ബ്രദർ പൗലൂസ് ഇവർക്കെല്ലാം നന്ദി പറഞ്ഞുകൊണ്ട് കത്തയയ്ക്കും. നാഗ്പൂർ ബാങ്ക് അക്കൗണ്ടിൽ നിന്ന് പണം ബിഷപ്പ് കോപ്പൽ ഖാൻഡ്വയിൽ ബ്രദർ പൗലുസ് മോറിറ്റ്സിന് അയച്ചുകൊടുക്കും. CMSFന്റെ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലാണ് പണം അയയ്ക്കുക.

നിരന്തരം വളർന്നുകൊണ്ടിരുന്ന കോൺഗ്രിഗേഷന്റെ ഭരണം നിരന്തരം വികസിച്ചുകൊണ്ടിരുന്ന പ്രവർത്തനങ്ങൾ ഇതിന്റെ ഫലമായി വളരെ അധികം എഴുത്തുകുത്തുകൾ നടത്തേണ്ടി വന്നു. യൂറോപ്പിലെ ഓരോ ബെനഫാക്ടറിനും ബ്രദർ സ്വന്തം കൈയ്യക്ഷരത്തിൽ കത്തെഴുതണം. 1909 ക്രിസ്തുമസിന് ബ്രദർ നടത്തിയ കത്തിടപാടുകൾ പരിശോധിച്ചാൽ എത്ര വിപുലമായിരുന്നു ഈ ജോലി

എന്ന് വ്യക്തമാകും. 1909 ഡിസംബറിൽ ആദ്യം ബ്രദർ പൗലൂസ് മോറിറ്റ്സ് ഒരു യൂറോപ്പ് സന്ദർശനത്തിന് ശേഷം മടങ്ങി എത്തി. കോൺഗ്രിഗേഷന്റെ കാര്യങ്ങൾ സംബന്ധിച്ചാണ് പോയത്. മടക്കയാത്രയിൽ ബോംബെയിൽ വന്നു. ബോംബെയിലെ പോൻസൂറിൽ വി. ഫ്രാൻസിസ് ഓഫ് അസ്സീസി അനാഥശാല ഡിസംബർ 12-ാം തീയതി ആഘോഷമായി ഉദ്ഘാടനം ചെയ്യപ്പെടാൻ പോകുകയാണ്. എന്നാൽ ബ്ര. മോറിറ്റ്സ് ഈ ചടങ്ങിൽ സംബന്ധിക്കാൻ നിൽക്കാതെ ഖാൻഡ്വായിൽ കഴിയുന്നതും വേഗം തിരിച്ചെത്തി പ്രൊകുറയുടെ ജോലികളിൽ മുഴുകി. ആ കാലയളവിൽ ബിഷപ്പ് കോപ്പലിന് ബ്രദർ എഴുതിയ ഒരു കത്തിൽ പറയുന്നു.

"അങ്ങ് ദയാപൂർവം അയച്ച കത്തിന് ഉടനെ മറുപടി അയയ്ക്കാത്തത് ക്ഷമിക്കണം. കഴിഞ്ഞ ആഴ്ച ഞങ്ങൾ വലിയ തെരക്കിലായിരുന്നു. ഈ വർഷം യൂറോപ്പിലേക്കു 22000 ക്രിസ്തുമസ് കാർഡുകൾ അയയ്ക്കേണ്ടി വന്നു. രാവും പകലും പണിയെടുത്തിട്ട് 12000 അയയ്ക്കാനേ ഇതുവരെ (ഡിസംബർ 19) കഴിഞ്ഞിട്ടുള്ളു. വരുന്ന ആഴ്ച ബാക്കിയുള്ള 10000 അയയ്ക്കണം. കൂടാതെ മിഷൻ കേന്ദ്രങ്ങളിൽ ക്രിസ്തുമസുമായി ബന്ധപ്പെട്ട് നടത്തേണ്ട ജോലികൾ ചെയ്യേണ്ടിയിരിക്കുന്നു."

ജർമ്മൻ ടേർഷ്യറി ബ്രദേഴ്സിന്റെ പുറജാതിക്കാരുടെ ഇടയിലെ പ്രേഷിത പ്രവർത്തനം സംബന്ധിച്ച ദീർഘമായ അധ്യായം ആ പ്രവർത്തനത്തിന്റെ ശ്രദ്ധേയമായ ഒന്നുരണ്ട് മുഖങ്ങളെപ്പറ്റി പരാമർശിച്ചു കൊണ്ട് പര്യവസാനിപ്പിക്കാൻ അതായത്, സിർപൂർ ഫാം സെറ്റിൽമെന്റ് കോളണിയും ഭോയിലാൽ മര്യൻ പിൽഗ്രിം സാംക്ചറിയും. ബ്രദേഴ്സ് വികസിപ്പിച്ചതാണ് ഈ സാംക്ചറി.

സിർപൂറിൽ ആദ്യത്തെ ദേവാലയം പണിയിച്ചത് ബ്രദർ ക്ളെമെന്റ് ക്രീഗാണ്. വി. പത്രോസിന്റയും വി. പൗലോസിന്റെയും നാമത്തിലാണ് ഈ ദേവാലയം. ബിഷപ്പ് സ്റ്റീഫൻ ബൊനവെഞ്ചർ 1906-ൽ ഈ ദേവാലയം വെഞ്ചരിച്ചു. 1912-ൽ ഒരു പുതിയ ദേവാലയം പണിയുന്നതുവരെ ഈ ദേവാലയം ഉപയോഗിച്ചിരുന്നു. ഈ രണ്ടാമത്തെ ദേവാലയത്തിന് 1912 ജനുവരിയിൽ ഫാ. ഫിദേലീസ് പെരെയ്ര കല്ലിട്ടു. ബ്രദർ ആന്റണി റുൺഡ്, ബ്ര. ഇഗ്നേഷ്യസ് ജാഗർ, ബ്ര. അലോഷ്യസ് ബാഡർ എന്നിവരുടെ സാന്നിദ്ധ്യത്തിലാണ് ഈ ചടങ്ങ് നടന്നത്. കീഴ്വഴക്കമനുസരിച്ച് അടിത്തറമേൽ വയ്ക്കേണ്ട പ്രമാണം എഴുതിയിരുന്നത് അഞ്ചു ഭാഷകളിലായിരുന്നു. ഇതൊരു ലത്തീൻ ദേവാലയം

ആയിരുന്നതുകൊണ്ടും ഹിന്ദുസ്ഥാനി പ്രദേശികഭാഷ ഇതായിരുന്നതു കൊണ്ടും പോർച്ചുഗീസ്, കർമ്മം ചെയ്ത വൈദികൻ പോർച്ചുഗീസ് പാദ്രെവാദോ രൂപതയായി ഡാമനിൽ നിന്നായിരുന്നത് കൊണ്ടും ജർമ്മൻ, ബ്രദേഴ്സ് ജർമ്മനി, ആസ്ട്രിയ എന്നീ രാജ്യങ്ങളിൽ നിന്നായിരുന്നതു കൊണ്ടും ഏതാനും മാസങ്ങൾക്കകം ദേവാലയത്തിന്റെ നിർമ്മാണം പൂർത്തിയായി. ഫാ.ഫിദെലിസ് പെരെയ്ര തന്നെ ദേവാലയം വെഞ്ചരിച്ചു. വൈദികരും ബ്രദേഴ്സും പുതുക്രിസ്ത്യാനികളും അടങ്ങിയ വലിയ ഒരു കൂട്ടത്തിന്റെ സാന്നിധ്യത്തിലാണ് വെഞ്ചരിപ്പു നടന്നത്. 1912-നും 1915-നും ഇടയ്ക്ക് സിർപൂർ മിഷനിൽ ധാരാളം ജ്ഞാനസ്നാനം നടന്നു. ഇതു വളരെ ആഘോഷമായിട്ടാണ് നടത്തിയത്. 1913-ൽ നാൽപ്പതുപേർ ജ്ഞാനസ്നാനം സ്വീകരിച്ചു. 1914-ൽ ഉയർന്ന ജാതിയിൽപെട്ട പ്രായപൂർത്തിയായ കുറേപേരെ ഫാ. ഫിദെലിസ് പെരെയ്ര ആഘോഷമായ ഒരു ജ്ഞാനസ്നാന ചടങ്ങിലൂടെ സഭയിൽ സ്വീകരിച്ചു. ഇവരെ ഒരുക്കിയത് ബ്രദേഴ്സ് ആയിരുന്നു. 1915 ഏപ്രിൽ മാസത്തിൽ കുൽമി, കോർക്കു എന്നീ ജാതികളിൽപ്പെട്ട ആറ് ഹിന്ദുകുടുംബങ്ങൾ മുഴുവൻ സഭയിൽ ചേർന്നു. പിന്നീട് ഇവരെ സിർപൂറിലെ കാർഷിക കോളണിയിൽ കുടിയേറി താമസിക്കാൻ അനുവദിച്ചു. ഗാനങ്ങളും പ്രദക്ഷിണങ്ങളും തിരുനാളാഘോഷങ്ങളെ സജീവമാക്കി. ആണ്ടുതോറും നടത്തുന്ന ഈ ആഘോഷങ്ങൾ ഇടവക ജീവിതത്തെ സജീവമാക്കാൻ സിർപുറിൽ ബ്രദേഴ്സ് ഒരു സഹകരണ സംഘം തുടങ്ങി; ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ വിദ്യാഭ്യാസ പരിപാടികൾ ഊർജ്ജിതപ്പെടുത്തി.

ഔള മിഷൻ ഡിസ്ട്രിക്റ്റിൽ ഔളയിൽ നിന്ന് മൂന്നുനാല് മൈൽ അകലെ ഭോൽഫാൽ എന്ന സ്ഥലത്ത് ഒരു കുന്നുണ്ടായിരുന്നു. ഇതിന്റെ ഉച്ചിയിൽ നിന്ന് നോക്കിയാൽ നിമാർ ഡിസ്ട്രിക്റ്റ് മുഴുവൻ കാണാം. കാരണം ഡിഡസ്ട്രിക്റ്റിന്റെ മധ്യഭാഗത്തായിട്ടായിരുന്നു കുന്ന് സ്ഥിതി ചെയ്തിരുന്നത്. 1902-ൽ ബ്ര. ക്ളെമെന്റ് ക്രീഗ് ഈ കുന്നിന്റെ മുകളിൽ ലൂർദ്മാതാവിന്റെ ബഹുമാനാർത്ഥം ഒരു ചെറിയ കുരിശുപള്ളി സ്ഥാപിക്കാൻ ആലോചിച്ചു. പുതുതായി മാനസാന്തരപ്പെട്ടവരുടെ ഇടയിൽ മാതാവിനോടുള്ള ഭക്തി വളർത്തുന്നതിനും അങ്ങനെ കത്തോലിക്ക സഭയിലെ അംഗങ്ങളുടെ കൂട്ടായ്മ ശക്തിപ്പെടുത്തുകയും ആയിരുന്നു ഈ സംരംഭത്തിന്റെ ഉദ്ദേശം.

മാതാവിനോട് ഭക്തിയുള്ളവർക്ക് തീർത്ഥാടനകേന്ദ്രമായി ബ്രദേഴ്സ് ഇതിന് പ്രചരണം നൽകി. 1909 ഫെബ്രുവരി 14-ാം തീയതി ശനിയാഴ്ചയും 15-ാം തീയതി ഞായറാഴ്ചയുമായി ആദ്യത്തെ തീർത്ഥാടനം നടന്നു. വിവിധ മിഷൻ കേന്ദ്രങ്ങളിൽ നിന്ന് ബ്രദേഴ്സിന്റെ നേതൃത്വത്തിൽ പുതുതായി ക്രൈസ്തവമതം സ്വീകരിച്ചവർ പ്രദക്ഷിണമായി പദയാത്ര യായി വന്നു തുടങ്ങി. എല്ലാവരും ഭോയ്ഫാലിലെ കരിശ്ശടിയിൽ ഒത്തു ചേർന്നു. ജപമാല ചൊല്ലിയും മാതാവിനെ സ്തുതിച്ചുകൊണ്ടുള്ള കീർത്തനങ്ങൾ ആലപിച്ചുകൊണ്ടും അവർ വന്നു. ഭോയിഫാൽ കുന്ന് മുഴുവൻ അലങ്കരിച്ചു. കരിശുപള്ളിയ്ക്ക് പുറത്ത് ഒരു അൾത്താര ഉണ്ടാക്കി. ജാഥകളിൽ ഏറ്റവും മെച്ചപ്പെട്ടത് ബ്ര. ആന്റണി റണ്ട് നയിച്ച ജാഥയായി രുന്നു. സോങ്ഘീർ എന്ന സ്ഥലത്ത് നിന്നുള്ള ആളുകളെയാണ് ബ്രദർ കൊണ്ടു വന്നത്. നാലു മണിക്കൂർ നടന്നാണ് അവർ ഇവിടെ എത്തി യത്. 15-ാം തീയതി ഞായറാഴ്ച ആഘോഷമായി ദിവ്യബലി അർപ്പി ച്ചു. ഔളയിലെ മിഷൻ-പ്രീസ്റ്റ് ആയിരുന്ന ഫാ. ഡെസീനിയർ ഫാ. ദാഡിയറ്റ്, ഫാ. പല്ലാഡ് എന്നിവർ സഹായികളായി ബലി അർപ്പിച്ചു. സഹായികളിൽ ഓരാൾ ഡീക്കനായും മറ്റൊരാൾ സബ് ഡീക്കനായും ബലിയിൽ കാർമ്മികനെ സഹായിച്ചു. ബ്ര. നിക്കൊളാസ് ഹോഹന്റെ നേതൃത്വത്തിൽ ഗായകസംഘം 'ഗ്രെഗോറിയൻ മാസ്സ് ഓഫ് ദി എയ്ഞ്ചൽസ്' ആലപിച്ചു. ഫാ. ദാവിയറ്റ് ഹിന്ദുസ്ഥാനിയിൽ ഉജ്ജ്വല മായി ഒരു വചനപ്രഘോഷണം നടത്തി. മാതാവിന്റെ കുരിശ്ശടി വിട്ടു പോകും മുൻപ് പുതുക്രസ്ത്യാനികൾ മരിയ ആൾത്താരയുടെ മുമ്പിൽ മെഴുകുതിരികളും പൂക്കളും പണവും കാഴ്ചയായി സമർപ്പിച്ചു. തീർത്ഥാടനത്തിന് ആകെ പതിനഞ്ച് ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് പങ്കെടുത്തു. അവരെല്ലാം നിമാർ ഡിസ്ട്രിക്റ്റിലെ വിവിധ മിഷൻ കേന്ദ്രങ്ങളിൽ നിന്ന് പുതുതായി ക്രൈസ്തവ മതം സ്വീകരി ച്ചവരെ കൊണ്ട് വന്നിരുന്നു.

ഇപ്രകാരം ഫ്രഞ്ച് വൈദികരുടെ സഹായത്തോടും സമ്പൂർണ്ണ മായ സഹകരണത്തോടും കൂടി ബ്രദേഴ്സ് നിമാറിലെ നിഷ്കളങ്ക രായ ഭോയിഫാലികൾക്കിടയിൽ കത്തോലിക്ക വിശ്വാസവും വിവിധ ഭക്തികളും പ്രചരിപ്പിച്ചു. അനേകവർഷം ഈ തീർത്ഥാടനം തുടർന്നും നടന്നു. എല്ലാ ജാതികളിലും മതങ്ങളിലും പെട്ടവർ തീർത്ഥാടനത്തിന് വന്നുകൊണ്ടിരുന്നു.

## 3.10 ഒന്നാം ലോകമഹായുദ്ധം പൊട്ടിപുറപ്പെട്ടപ്പോൾ നിമാറിലെ മിഷനറികളുടെ അവസ്ഥ

നിമാർ മിഷനറികളെല്ലാം ഏറ്റവും ഭംഗിയായി നടന്നിരുന്നത് 1913ലാണ്. 'സലേഷ്യൻ'എന്ന പ്രസിദ്ധീകരണത്തിൽ കാണുന്ന ഖാൻഡ്വയെ സംബന്ധിച്ച വിവരണം ഈ മിഷന്റെ ഊർജ്ജസ്വലതയുടെ ഒരു ചിത്രമാണ്:

"ഖാൻഡ്വ മിഷന്റെ കോംപൗണ്ട് ഒരു തേനീച്ചകൂടുപോലെ ആയിരുന്നു. അത്രമാത്രം പ്രവർത്തനങ്ങൾ അവിടെ നടന്നിരുന്നു. ഫ്രാൻസിസ്കൻ ബ്രദേഴ്സ് വന്നും പോയും ഇരുന്നു. കാളവണ്ടികളും കുതിരവണ്ടികളും (ടോംഗ) അതിരാവിലെ തൊട്ടേ ഓടുന്നുണ്ടാകും. വിദൂര ഗ്രാമങ്ങളിൽ നിന്ന് വന്ന ക്രൈസ്തവർ വൃക്ഷങ്ങളുടെ തണലിൽ വിശ്രമിക്കുകയാകും. പള്ളിക്കൂടത്തിലെ കുട്ടികൾ പാഠം ഉരുവിട്ടു പഠിക്കുന്നത് കേൾക്കാം."

ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനു മുൻപ് നിമാർ മിഷന്റെ അവസ്ഥ എന്തായിരുന്ന് എന്ന് ഞങ്ങളുടെ അന്വേഷണഫലമായി ലഭിച്ച വിവരങ്ങൾ കൂട്ടിയിണക്കി കണ്ടെത്താനാണ് ഇവിടെ ശ്രമിക്കുന്നത്. യുദ്ധം തുടങ്ങിയ ഉടനെ അവരുടെ എല്ലാ പ്രവർത്തനങ്ങളും നിലച്ചു. കാരണം, അവരെയെല്ലാം അറസ്റ്റ് ചെയ്ത് തടങ്കലിലാക്കി. ജർമ്മൻ പൗരന്മാരായിരുന്നല്ലോ നിമാർ മിഷനിൽ പ്രവർത്തിച്ചിരുന്നത്. ഈ സഭക്കാർ തുടങ്ങിയ മറ്റു മിഷനുകളിലും ഇതുതന്നെ സംഭവിച്ചു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ അവരുടെ മിഷൻ പ്രവർത്തനങ്ങൾ വളരെ വിജയകരമായി നടന്നിരുന്ന സമയത്താണ് ഇത് സംഭവിച്ചത്. നിമാർ മിഷനിൽ മാത്രം ഇരുപത് യൂറോപ്യൻ ബ്രദേഴ്സും നാല് ഇന്ത്യൻ ബ്രദേഴ്സും ഉണ്ടായിരുന്നു. ഇവരെ സഹായിക്കാൻ മുഴുവൻ സമയവും പണിയെടുക്കുന്ന നാല് മിഷൻ വൈദികരും ഉണ്ടായിരുന്നു. അവരുടെ പ്രവർത്തനം നൂറ്റിഇരുപതു ഗ്രാമങ്ങളിലേക്കു വ്യാപിച്ചുകഴിഞ്ഞിരുന്നു. ഇവിടത്തെ കാര്യങ്ങൾ നോക്കാൻ എട്ട് കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. ഇവിടെ എല്ലാ ബ്രദേഴ്സും സ്ഥിരമായി താമസിച്ചിരുന്നു. ഈ കേന്ദ്രങ്ങളും ഖാൻഡ്വപോലെ ആയിരുന്നു. ഔള, സോങ്ഘീർ, ഭോയിഫാൽ, ജാക്‌ലി, റുധി, പന്ഥാന ഇവയും ഇത്തരം കേന്ദ്രങ്ങളായിരുന്നു. ബിലാസ്പൂർ ഡിസ്ട്രിക്റ്റിൽ പരഘാട്ട് എന്ന സ്ഥലത്ത് വേറൊരു മിഷൻ ആരംഭിച്ചിരുന്നു. ഇവിടെ ബ്രദർ റാഫയേൽ ജോസഫ് വെൻഗേറിയും ബ്രദർ ജെറം മൈക്കിൾബാക്കും താമസിച്ചിരുന്നു. പത്ത് കാറ്റെ

ക്കിസ്റ്റുകൾ ഗ്രാമങ്ങളിലെ പ്രവർത്തനം അവരുടെ കീഴിലായിരുന്നു. ഖാൻഡ്വയിൽ നിന്ന് ഒരു മിഷൻ വൈദികൻ, ഫാ. ബൊനെവി കൂദാശകൾക്ക് പരികർമ്മം ചെയ്യുന്നതിന് കൂടെക്കൂടെ ഈ ഗ്രാമങ്ങൾ സന്ദർശിച്ചിരുന്നു. 1914 ആയപ്പോഴേക്കും പാറഘാട്ട് മിഷനിൽ നൂറ്റൻപത് പേർക്ക് ജ്ഞാനസ്നാനം നൽകിയിരുന്നു. ഖാൻഡ്വയിലെ മാതൃഭവനത്തിലും മിഷൻ ഡിസ്ട്രിക്റ്റിന്റെ ഹെഡ്ക്വാർട്ടേഴ്സ് ആയ ഔളയിലും ഉപദേശികൾക്ക് പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. നിമാർ മിഷന്റെ ഖാൻഡ്വാ ഡിസ്ട്രിക്റ്റിൽ നാൽപത്തഞ്ച് ഗ്രാമങ്ങൾ ഉണ്ടായിരുന്നു. നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന മൂന്ന് വിദ്യാലയങ്ങൾ ഇവിടെ ഉണ്ടായിരുന്നു. നാലു കേന്ദ്രങ്ങളിൽ നിന്ന് റുധി, പിപ്ളാന്ത്, തക്‌ലി, സിർപൂർ- ഈ കേന്ദ്രങ്ങളിൽ നിന്നാണ് വിദ്യാലയങ്ങൾ നടത്തിയിരുന്നത്. ഇവിടെ ഓരോ കേന്ദ്രത്തിലും സ്ഥിരതാമസക്കാരായ ബ്രദേഴ്സ് ഉണ്ടായിരുന്നു. ഔള ഡിവിഷന്റെ കേന്ദ്രം ഔള ആയിരുന്നു. ഇവിടെയാണ് 1904 തിരുഹൃദയത്തിന്റെ നാമത്തിൽ ഒരു ദേവാലയം പണിയിച്ചത്. ഇതിന്റെ സബ് സ്റ്റേഷനുകൾ ആയിരുന്നു. ഭോയ്ഫാലും സോങ്ഘീറും. ഈ രണ്ടിടത്തും ബ്രദേഴ്സ് താമസിച്ചിരുന്നു. അവരുടെ കീഴിൽ നാൽപത്തഞ്ച് ഗ്രാമങ്ങൾ ഉണ്ടായിരുന്നു. എഴ് വിദ്യാലയങ്ങളും അവർ നടത്തിയിരുന്നു.

1914-ൽ ബിഷപ്പ് കോപ്പൽ പൊന്റിഫിക്കൽ സൊസൈറ്റി ഫോർ ദ പ്രൊപഗേഷൻ ഓഫ് ദ ഫെയത്തിൽ പറയുന്നത് നിമാർ മിഷനിലെ ഖാൻഡ്വ ഡിവിഷനിൽ 2200 കത്തോലിക്കർ ഉണ്ട് എന്നാണ്. ഔളയിൽ 4330 പേരുണ്ട്. നാഗ്പൂർ രൂപതയിൽ ആകെ ഉള്ളത് 18000 കത്തോലിക്കരാണ്. ബ്രദേഴ്സ് നിമാർ ഡിവിഷനിൽ തുടങ്ങിയ മിഷൻ പ്രവർത്തനം ഒരു ദശാബ്ദകാലം കൊണ്ട് ധാരാളം ഫലം പുറപ്പെടുവിച്ചു. 'സലേഷ്യൻ' പറയുന്നത് ഇതാണ്:

"എന്നും മിഷനറി വൈദികൻ കൂദാശകൾ പരികർമ്മം ചെയ്യുക മാത്രമേ ചെയ്തിരുന്നുള്ളു. വേദോപദേശം പഠിപ്പിക്കുക; ഗ്രാമങ്ങളുടെ ഭൗതിക സുസ്ഥിതിയും ഉന്നമനവും ഉറപ്പ് വരുത്തുക-ഇതെല്ലാം ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴിസിന്റെ പ്രവർത്തനമേഖല ആയിരുന്നു. ഇവർ തീക്ഷ്ണതയുള്ളവരും നല്ല അച്ചടക്കബോധമുള്ളവരുമായിരുന്നു. അവർ ദാരിദ്ര്യത്തിലാണ് ജിവിച്ചിരുന്നത്."

അങ്ങനെ നിമാർ ഡിസ്ട്രിക്റ്റിന്റെ ചൂടേറിയ സമതലങ്ങളിലും ബ്രിട്ടീഷ് ഇന്ത്യയുടെ സെൻട്രൽ പ്രോവിൻസുകളിലും ഫ്രാൻസിസ്ക്കൻ

മിഷനറി ബ്രദേഴ്സിന്റെ മുന്നോടി പ്രേഷിത ചൈതന്യം ശക്തി പ്രാപിക്കുകയും പക്വത ആർജ്ജിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇതിന് മാർഗ്ഗദർശനം നൽകിയത് യഹൂദമതത്തിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ച ബ്രദർ പൗലുസ് മോറിറ്റ്സ് ആയിരുന്നു. കാര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച് തീക്ഷ്ണതയുള്ള നിർദ്ദേശങ്ങളാണ് ബ്രദർ നൽകിയത്. ഇവരുടെ പ്രവർത്തനം ദാരിദ്യത്തിൽ കഴിഞ്ഞിരുന്ന ബഹുസഹസ്രം ബലാഹികളെ സത്യവിശ്വാസം അറിയുന്നതിലേയ്ക്കു നയിച്ചു. അവർ നിമാറിൽ സ്ഥാപിച്ച ക്രൈസ്തവ സമൂഹങ്ങളെ യുദ്ധകാലത്ത് ഉപേക്ഷിക്കാൻ അവർ നിർബന്ധിതരായി.

# അദ്ധ്യായം II

## പ്രേഷിത പ്രവർത്തനം ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലേക്കു വ്യാപിപ്പിക്കുന്നു

ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിന് മമ്പ് കോൺഗ്രിഗേഷന്റെ പ്രവർത്തനങ്ങൾ ഇന്ത്യയിലെ മൂന്നു വ്യത്യസ്ത രൂപതകളിലേക്കു വ്യാപിച്ചതു വിവരിക്കാൻ ഈ പുസ്തകത്തിന്റ ഒരദ്ധ്യായം പൂർണ്ണമായും വിനിയോഗിക്കാം. പാദ്രവാദേ രൂപതയായ ദാമൻ, സെൻട്രൽ ബംഗാൾ രൂപതയായ കൃഷ്ണഗർ അതിരൂപതയായ ആഗ്ര-ഈവയാണ് ആ മൂന്ന് രൂപതകൾ. നാഗ്പൂർ രൂപതയുടെ നിമാർ ഡിസ്ട്രക്റ്റിൽ ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറിമാർ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ചു ഈ രൂപതകളിൽ വലിയ മതിപ്പുണ്ടായിരുന്നു. ഇവർക്കും ഈ ബ്രദേഴ്സിന്റെ സഹകരണം ആവശ്യമായിരുന്നു. ഒന്നുകിൽ തങ്ങളുടെ രൂപതയിലെ പുറംജാതിക്കാരുടെ ഇടയിലെ പ്രവർത്തനം അപ്പോഴത്തെ സ്തംഭനാവസ്ഥയിൽ നിന്ന് കരകയറാൻ, അല്ലെങ്കിൽ തങ്ങളുടെ ചിലജാതിക്കാരുടെയും വർഗ്ഗക്കാരുടെയും ഇടയിൽ ക്രൈസ്തവ വിശ്വാസത്തിലേക്കുള്ള ഒരു പൊതുജന പ്രസ്ഥാനം പ്രയോജനപ്പെടുത്താൻ. കൃഷ്ണഗറിലും ആഗ്രയിലും സംഭവിച്ചതു അതായിരുന്നു.

### 1.1 പാദ്രോവാദോ രൂപതയായ ദാമൻ ഫ്രാൻസിസ്ക്കൻ മിഷനറി ബ്രദേഴ്സിനെ ക്ഷണിക്കുന്നു

ദാമൻ രൂപതയിൽ CMSF ബ്രദേഴ്സ് പ്രവർത്തനം തുടങ്ങാനുണ്ടായ സാഹചര്യങ്ങൾ 'അവിചാരിതം' തികച്ചും ' അപ്രതീക്ഷിതം'

എന്ന് വേണം വിശേഷിപ്പിക്കുക. 1907 ഡിസംബർ മാസത്തിൽ ബ്രദർ നിക്കോളാസ് ഹോഹൻ ഇംഗ്ളണ്ടിലെ പീറ്റർ ബറോയിൽ നിന്ന് ഇന്ത്യയിലേക്കു മടങ്ങുകയായിരുന്നു. കപ്പലിൽ വച്ച് അദ്ദേഹം ബോംബെയിലെ ബാൻഡ്ര സ്വദേശിയായ ഫാദർ എഫ്.എ. ഫെർണാണ്ടസിനെ കണ്ടുമുട്ടാൻ ഇടയായി. ദാമനിലെ രൂപതാവൈദികരുടെ ഇടയിലെ ശ്രദ്ധേയനായ ഒരു വ്യക്തി ആയിരുന്നു ഫാ. ഫെർണാണ്ടസ്. ബാൻഡ്ര സെന്റ് ആൻഡ്രൂസ് ഇടവകയുടെ വികാരിയായിരുന്നു ഇദ്ദേഹം. സംഭാഷണത്തിനിടയിൽ ഫാ. ഫെർണാണ്ടസ് CMSFന്റെ പ്രിഫെക്ടിനോട് ഡാമൻ രൂപതയിൽ അദ്ദേഹത്തിന്റെ കോൺഗ്രിഗേഷൻ എന്തെങ്കിലും പ്രവർത്തനം ആരംഭിക്കണമെന്ന് പറഞ്ഞു, ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചു. രൂപതുയുടെ ഭരണം ഏറ്റെടുത്തപ്പോൾ തൊട്ട് ഡാമൻ ആർച്ച് ബിഷപ്പ് ഡോം സെബാസ്റ്റോ പെരെയ്ര തന്റെ രൂപതയിൽ പണിയെടുക്കാൻ ഒരു സന്യാസസമൂഹത്തെ തേടുകയായിരുന്നു. ഏറെക്കാലം ഈ അന്വേഷണഫലം കാണാതെ പോയി. നാഗ്പൂർ രൂപതയിലെ ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറിമാരുടെ സേവനം നേടാൻ ഒരു സാഹചര്യം ഉണ്ടായപ്പോൾ അദ്ദേഹം ഉത്സാഹത്തോടെ അത് പ്രയോജനപ്പെടുത്തി.

നാഗ്പൂർ ബിഷപ്പ് സ്റ്റീഫൻ ഫ്രാൻസിസ് കോസ്പെലിന്റെ അനുവാദത്തോടുകൂടി വേറൊരു രൂപതയിൽ പ്രവർത്തനം നടത്താനുള്ള ക്ഷണം ബ്ര. പൗലുസ് മോറിറ്റ്സ് സ്വീകരിച്ചു. നാഗ്പൂർ ബിഷപ്പായിരുന്ന കോൺഗ്രിഗേഷന്റെ പ്രൊട്ടക്ടർ (സംരക്ഷകൻ) പാദ്രെവാദോ രൂപതയായ ഡാമനിലെ പുതിയ സംരംഭം അവസാനിച്ചത് ഒരു വിദ്യാലയം സ്ഥാപിക്കുന്നതിലാണ്. എങ്കിലും ബ്ര. പൗലുസിന്റെ യഥാർത്ഥ ഉദ്ദേശം ആ രൂപതയിൽ പുറജാതിക്കാരുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിക്കുക ആയിരുന്നു. 1908 ജൂണിൽ ഏറെ പൊതുജനശ്രദ്ധ ആകർഷിച്ച ബിഷപ്പ് കോപ്പലിന്റെ അജപാലന സന്ദർശനത്തിനുശേഷം നിമാറിൽ നിന്ന് ബ്ര.പൗലുസ് മോറിറ്റ്സും ബ്ര. നിക്കൊളാസ് ഹോഹനും ഡാമൻ രൂപതയിൽ പോയി. ആ സന്ദർശനത്തപ്പറ്റിയും അതിന്റെ ഉദ്ദേശം സംബന്ധിച്ചും ബ്ര. പൗലുസ് ബിഷപ്പ് കോപ്പെലിന് എഴുതി:

"ഖാൻഡ്വയിൽ രണ്ടാഴ്ച കാലം അങ്ങ് അനുഭവിച്ച ബുദ്ധിമുട്ടുകൾ അങ്ങ് മറന്നുകാണുമെന്ന് കരുതുന്നു. ബോംബെ യാത്രയിലൂടെ അല്പം ആശ്വാസവും ഏതാനും ദിവസത്തെ അവധിയും തരപ്പെടുത്താൻ ബ്ര. നിക്കോളാസും ഞാനും ശ്രമിച്ചു. എന്നാൽ യഥാർത്ഥ

ത്തിൽ ഈ യാത്രകൊണ്ട് ഒരു വിശ്രമവും ഉണ്ടായില്ല. ഖാൻഡ്വായിലെ നമ്മുടെ ഭവനത്തിൽ തങ്ങിയിരുന്നെങ്കിലും ഇത്രയും വിശ്രമം ലഭിച്ചേനേ.''

ബോംബെ യാത്രയുടെ യാഥാർത്ഥ ഉദ്ദേശത്തെപ്പറ്റി അദ്ദേഹം എഴുതി:

''ഡാമനിലെ ഏതാനും വൈദികരുടെ ക്ഷണം സ്വീകരിച്ച് ഞങ്ങൾ അവരുടെ ഡിസ്ട്രിക്റ്റുകളിൽ സന്ദർശനം നടത്തി. അവിടെ കുറെ നല്ല സ്ഥലങ്ങൾ കണ്ടു. അപ്പോൾ ആത്മാക്കൾക്കുവേണ്ടിയുള്ള വിശപ്പ് അതിതീക്ഷ്ണമായി; അവിടെയുള്ള ഏതാനും ഗ്രാമങ്ങൾ വിഴുങ്ങാൻ മാത്രമുള്ള വിശപ്പ്.''

ബ്ര.പൗലുസും ബ്ര. നിക്കോളാസും ദാമൻ രൂപതയുടെ വികാരി ജനറൽ മോൺ. എൻ.സി. പേറക്കും ബാൻഡ്രയിലെ സെന്റ് ആൻഡ്രൂസ് ദേവാലയത്തിന്റെ വികാരി ഫാ.പി.എ.ഫെർണാണ്ടസും മി.ഡി.എക്സ് സെക്വേര എന്ന പേരുള്ള ഒരു ഗോവൻ ബനാഫാക്ടർക്കും ഒപ്പമാണ് ഡാമനിലെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചത്. പോർച്ചുഗീസ് ഫ്രാൻസിസ്ക്കൻസിന്റെ സാന്നിദ്ധ്യം അനുസ്മരിപ്പിക്കുന്ന സ്ഥലങ്ങൾ: ബാസ്സെയ്ൻ, ബിൻഡർ, ഗോദ്ബന്ദർ, ബന്ദുപ്, മൗണ്ട് പോയിൻസൂറിലേക്ക് വരും വഴി, അവിടത്തെ പുരാതന ഫ്രാൻസിസ്കൻ സ്ഥാപനങ്ങളുടെ അവശിഷ്ടങ്ങൾ സന്ദർശിച്ചു.

ഖാൻഡ്വായിൽ മടങ്ങി എത്തിയ ഉടൻ ബ്ര. പൗലുസ് മോറിറ്റ്സ് ബ്ര. ഫിലിപ്പ് ഷ്രൈബറെ ബോംബെയിലേക്ക് അയച്ചു. മൗണ്ട് പോയ്ൻസുറിൽ പുരാതന അവശിഷ്ടങ്ങൾക്ക് മുകളിൽ ആൺകുട്ടികൾക്കായി ഒരു അനാഥശാല സ്ഥാപിക്കുക ആയിരുന്നു. അദ്ദേഹത്തിനെ ഏൽപിച്ച ദൗത്യം ഈ ജോലിക്ക് തെരഞ്ഞെടുത്ത അൾതികച്ചും അതിന് അനുയോജ്യനായിരുന്നു. കാരണം അദ്ദേഹം ഒരു കാലത്ത് ഒരു ക്രിസ്ത്യൻ ബ്രദർ ആയിരുന്നു. വിദ്യാഭ്യാസ മേഖലയിൽ വേണ്ടത്ര പരിചയമുള്ള ആൾ ആയിരുന്നു ഇദ്ദേഹം.

പരീക്ഷണാർത്ഥം ഇംഗ്ളണ്ടിൽ തുറന്ന പരിശീലനഭവനം അടച്ചതിനുശേഷം ബാക്കി ഉണ്ടായിരുന്ന മൂന്ന് അർത്ഥികൾക്കൊപ്പം ബ്ര. ക്ളെമന്റെ ക്രീഗും ഇന്ത്യയിലേക്കു മടങ്ങി. 1908 നവംബറിൽ അവർ മൗണ്ട് പോയ്ൻസറിൽ ബ്ര. ഫിലിപ്പ്, ഷ്രൈബർക്കൊപ്പം ചേർന്നു. ഒരു അനാഥലയം പണിയുന്നതിന് ധനം ശേഖരിക്കാൻ ബ്ര. ഫിലിപ്പ് ബോംബയിലെങ്ങും ചുറ്റി സഞ്ചരിച്ചു. കൈയിൽ ഒന്നുംതന്നെ ഇല്ലാതെ ഇല്ലാതെ സഹായിക്കാൻ കൂടെയുള്ള ആരെയും കണ്ടെത്താതെ പാമ്പുകളും മറ്റു ഇഴജന്തുക്കളും ഉണ്ടായിരുന്ന ആ സ്ഥലം

കെട്ടിടം പണിയാൻ സജ്ജമാക്കി. ആദ്യം അവർ ഓലമേഞ്ഞ ഒരു കുടിലുപോലൊരു വാസസ്ഥലം പണിയിച്ചു. ഇവിടെ അവർ അമ്പത് പാവപ്പെട്ട കുട്ടികളെ താമസിപ്പിച്ചു. ബ്രദേഴ്സിനും കുട്ടികൾക്കും താമസിക്കാൻ ഒരു നല്ല കെട്ടുറപ്പുള്ള കെട്ടിടം പണിയുന്നതിന് രൂപതയിൽ ഒരു പണപിരിവ് നടത്തി ബ്ര. പൗലൂസ് ബിഷപ്പ് കോപ്പലിന് എഴുതി:

"സാൾസെറ്റിലെ ഡാമൻ രൂപത ബ്രദേഴ്സ് ബോംബെയിൽ ഒരു പണപ്പിരിവ് ആരംഭിച്ചിരിക്കയാണ്. ഏതാനും ദിവങ്ങൾക്കകം 2000 രുപ പിരിഞ്ഞുകിട്ടി. വികാർ ജനറൽ മോൺ എൻ.സി.പെറ ഒരാഴ്ചത്തേയ്ക്ക് അങ്ങോട്ട് ചെല്ലാൻ ആവശ്യപ്പെട്ടിരിക്കുകാണ്. ബ്രദേഴ്സിനും അനാഥബാലന്മാർക്കുമായി പണിയാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തെപ്പറ്റി ചർച്ച ചെയ്യാനാണ് വിളിക്കുന്നത്. ഒരുപക്ഷേ ഈ ആഴ്ച തന്നെ ഞാൻ പോയേയ്ക്കും; ഉറപ്പില്ല. ഇവിടെ കുറെയേറെ കാര്യങ്ങൾ ചെയ്ത് തീർക്കാനുണ്ട്."

1909 മാർച്ചിൽ നിർദ്ദിഷ്ട കെട്ടിടത്തിനുള്ള തറക്കല്ലിട്ടു. അതു കഴിഞ്ഞ് ഉടൻതന്നെ കെട്ടിടം പണി ആരംഭിച്ചു. ചെലവു വഹിച്ചതു പ്രധാനമായും ഖാൻഡ്വയിലെ ബ്രദേഴ്സിന്റെ മദർഹൗസ്(മാതൃഭവനം) ആയിരുന്നു. പ്രതീക്ഷിച്ച സംഭാവനകൾ തുള്ളിതുള്ളിയായേ വന്നുള്ളു എന്ന് ബ്ര. ക്ളെമന്റ് ക്രീഗ് പറയുന്നു. മാഹിയിലെ സെന്റ് മൈക്കിൾ ഇടവക 10,000 രൂപ പലിശ ഇല്ലാതെ വായ്പയായി കൊടുത്തു.

## 1.2 പാദ്രെവാദോ രൂപതയായ ഡാമനെപ്പറ്റി ഒരു ലഘു വിവരണം

1886-ൽ പരിശുദ്ധ സിംഹാസനവും പോർച്ചുഗലും തമ്മിലുണ്ടാക്കിയ കൊൺ കോർഡാറ്റ് (ഉടമ്പടി) സൃഷ്ടിച്ചതാണ് പാദ്രൊവാദോ രൂപതയായ ഡാമൻ. ഗുജറാത്തിന്റെ തീരത്തുള്ള ഒരു പോർച്ചുഗീസ് അധിനിവേശ സ്ഥലത്തിന്റെ പേരായിരുന്നു ഇത്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വടക്കുപടിഞ്ഞാറെ തീരമാണ് ഇത്. തെക്ക് രത്നഗിരി ജില്ല തൊട്ട് വടക്ക് സൂററ്റും ഡാമനും വരെയുള്ള ഭൂപ്രദേശം. ഇതിനു കിഴക്ക് ഉന്നതമായ പശ്ചിമഘട്ടം പടിഞ്ഞാറൻ അറബിക്കടൽ തെക്ക് ഗോവ അതിരൂപത, കിഴക്ക് ബോംബെ അതിരൂപത. സുപ്രധാനമായ ബോംബെ ദ്വീപ് ഡാമൻ രൂപതയ്ക്ക് പുറത്തായിരുന്നു. പുതുതായി രൂപീകരിക്കുന്ന ബോംബെ അതിരൂപതയുടെ ആസ്ഥാനം ഈ ദ്വീപാക്കുക ആയിരുന്നു ലക്ഷ്യം.

കാംബെ ഉൾക്കടലിലും നാഗർ ഹവേലിയിലുള്ള പോർച്ചുഗീസ് ഡിസ്ട്രിറ്റുകളായ ഡാമനും ഡ്യൂവും കൂടാതെ ദാമൻ രൂപതയിൽ കോളബ, താന, സൂററ്റ്, ബോംബെ, ജാൻജിറാ ധരൻപൂർ ജാഹ്വാർ, രാജ്പിപ്ള എന്നീ ഡിസ്ട്രിക്റ്റുകളും ഉൾപ്പെട്ടിരുന്നു. 1886-ലെ കോൺകോർ ഡാറ്റ് അനുസരിച്ച് ഗോവയിൽ ജനിച്ച എല്ലാവരുടെമേലും ഡാമൻ ആർച്ച്ബിഷപ്പിന് അധികാരം ഇണ്ടായിരുന്നു. ഇവർ ബോംബെ യിൽ സ്ഥിരതാമസക്കാരായാലും കുടിയേറ്റക്കാരായാലും ആർച്ച് ബിഷ പ്പിന്റെ അധികാരപരിധിക്കുള്ളിൽ വരും. അങ്ങനെ ബോംബെയിലെ ജനസംഖ്യയിൽ അഞ്ചിൽ നാലുഭാഗവും പാദ്രെവാദോ കത്തോലിക്കർ ആയിരുന്നു. അതായത് ഡാമൻ ബിഷപ്പിന്റെ കീഴിലുള്ളവർ.

ഡാമന്റെ ഒന്നാമത്തെ ബിഷപ്പും കൊടുങ്ങല്ലൂരിന്റെ പേരിൽ മാത്രം ആർച്ചുബിഷപ്പുമായ ഡോ. അന്റോണിയോ പേഡ്രോ ഡാ കോസ്റ്റം 1886 ലെ കോൺകോർഡാറ്റിലെ ഉപാധികൾ അവഗണിച്ചു. കൊണ്ട്, ഡമാൻ രൂപത കൈവശപ്പെടുത്തി. 1887 ജൂൺ 9-ാം തീയതി മാസഗണിലെ ഗ്ളോറിയ ദേവാലയത്തിൽ വച്ചാണ് ഇതു ചെയ്തത്. അവിടെത്തന്നെ തന്റെ ആസ്ഥാനം ഉറപ്പിച്ചു. ഡാമനിലെ കത്തീഡ്ര ലിലാണ് അദ്ദേഹം ന്യായമായും താമസിക്കേണ്ടിയിരുന്നത്. എന്നാൽ ഡാമന്റെ രണ്ടാമത്തെ ബിഷപ്പ് ഡോ. സെബാസ്റ്റ്യോ പെരെയ്ര തന്റെ രൂപത ഏറ്റെടുത്തത് ഗ്ളോറിയ ചർച്ചിൽ വച്ചായിരുന്നുവെങ്കിലും, കോൺകോർഡാറ്റിലെ വ്യവസ്ഥകൾ മാനിച്ച്, ഉടൻതന്നെ തന്റെ കത്തീഡ്രൽ നഗരമായ ഡാമനിലേക്കു പോയി. ബോംബെയിൽ വന്ന പ്പോഴെല്ലാം അദ്ദേഹം ഗ്ളോറിയ ചർച്ചിലാണ് താമസിച്ചിരുന്നത്. അദ്ദേഹം മിക്കവാറും സമയം ബോംബെയിലായിരുന്നു.

### 1.3 മൗണ്ട് പോയ്ൻസൂറുമായി ചരിത്രപരമായി പോർച്ചുഗീസുകാർക്ക് ഉണ്ടായിരുന്ന ബന്ധങ്ങൾ

ഡാമൻ രൂപതയിലെ തങ്ങളുടെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് ബ്രദേഴ്സ് തെരഞ്ഞെടുത്ത സ്ഥലം മൗണ്ട് പോയ്ൻസുറായിരുന്നു. ഈ സ്ഥലത്തിന് മഹത്തായ ചരിത്രം ഹ്രസ്വമായി വിവരിക്കുന്നത് പ്രസക്തമായിരിക്കും.

പോർച്ചുഗീസുകാർ ഇന്ത്യ കണ്ടെത്തിയ കാലഘട്ടത്തിൽ തുട ങ്ങിതാണ്, മൗണ്ട് പോയ്ൻസറിന്റെ ചരിത്രം. അവർ ഇന്ത്യ കണ്ടെ ത്തുകയും പശ്ചിമ തീരത്ത് തന്ത്രപ്രാധാന്യമുള്ള വിവിധ സ്ഥലങ്ങ ളിൽ നിലയുറപ്പിക്കുകയും ചെയ്തു. 1509-ൽ പോർച്ചുഗീസ് കപ്പൽപട

ഇന്ത്യൻ കടലോര പ്രദേശങ്ങളിൽ ചുറ്റിക്കറങ്ങി നീരിക്ഷണം നടത്തി. ഉപഭൂഖണ്ഡത്തിന്റെ തെക്കേ മുനമ്പ് തൊട്ട് വടക്ക് കാംബെ ഉൾക്കടൽ വരെ അവർ പര്യവേഷണം നടത്തി. പേർഷ്യൻ ഗൾഫിലെ ഹോർമുസ് വരെ അവരെത്തി. പോകും വഴി അവർ ചോൾ, ബോംബെ, ബാസ്സിൻ തുടങ്ങിയ മറ്റു തുറമുഖങ്ങളിലും കയറി. ബോംബെ ദ്വീപിന് ഏതാണ്ട് മുപ്പത് കടൽ മൈലുകൾ വടക്കായി സ്ഥിതിചെയ്യുന്ന ബാസ്സിൽ തുറമുഖത്തെ പോർച്ചുഗീസ് കപ്പൽ വ്യൂഹം ഉപരോധിച്ചുവെങ്കിലും 1532-ൽ മാത്രമേ അതു കയ്യടക്കാൻ അവർക്കു കഴിഞ്ഞുള്ളു. 1534-ൽ ഗുജറാത്തിന്റെ രാജാവായ ബഹദൂർ ഷായുമായുണ്ടാക്കിയ ഒരു സഖ്യത്തിന്റെ ഫലമായി തൊട്ടടുത്തുള്ള ഏതാനും ഏതാനും ഫ്രാൻസിസ്ക്കൻ ഡിസ്ട്രിക്റ്റ്കളും സാൾസെറ്റ്, ബോംബെ, കറാഞ്ചിയ, വേറെ ഏതാനും ചെറിയ ദ്വീപുകൾ ഇവയെല്ലാം പോർച്ചുഗീസുകാർക്ക് ലഭിച്ചു.

1535-ൽ ബാസ്സിനിൽ ഒരു വലിയ തുറമുഖം പണികഴിപ്പിച്ചു. വടക്ക് പോർച്ചുഗീസുകാരുടെ നിയന്ത്രണത്തിലുള്ള പ്രദേശങ്ങളുടെ ഗവർണർ ജനറലിന്റെ ഔദ്യോഗിക വസതി ബാസ്സിൻ ആയി, ബാസ്സിനും ചുറ്റുപാടുമുള്ള പ്രദേശങ്ങളും അവർ ഭരണപരമായ എട്ട് ഡിസ്ട്രിക്റ്റുകളായി വിഭജിച്ചു. മൂന്നാമത്തെ ഡിസ്ട്രിക്റ്റായിരുന്നു *സാൾസെറ്റ്* എന്ന ദ്വീപ്.

സാൾസെറ്റിനെ വീണ്ടും വിഭജിച്ചു. ഒരു 'പർഗാന' യും തൊണ്ണൂറ്റഞ്ച് ഗ്രാമങ്ങളും സൃഷ്ടിച്ചു. മോണ്ട്പോയിൻസർ എന്നു വിളിക്കുന്ന മണ്ഡപേശ്വർ പോർച്ചുഗീസുകാർക്ക് മൗണ്ട് പേസിയർ ആയി. (ഇന്ന് ആളുകൾ അതിനെ മൗണ്ട് പോയ്ൻസർ എന്ന് വിളിക്കുന്നു). ഇതു ബാസ്സിനിന്റെ മൂന്നാം ഭാഗത്തിലെ ഗ്രാമങ്ങളിൽ ഒന്നായിരുന്നു. പോർച്ചുഗീസുകാരുടെ പട്ടാളനീക്കങ്ങളിൽ അവർക്കൊപ്പം മിഷനറിമാരും പോകുക പതിവായിരുന്നുവെങ്കിലും ബാസ്സിനും സമീപ പ്രദേശങ്ങളും പിടിച്ചടക്കിയശേഷം മാത്രമേ ക്രിസ്തുമതം ശരിക്കും വ്യാപിച്ചു തുടങ്ങിയുള്ളു. ഈ പ്രദേശങ്ങളിലുണ്ടായിരുന്ന പോർച്ചുഗീസ് മിഷനറിമാരുടെ ശ്രമഫലമായാണ് ഇതു സംഭവിച്ചത്. പൗരസ്ത്യരാജ്യങ്ങളിൽ പോർച്ചുഗീസുകാർ നടത്തിയ അന്വേഷണ ആക്രമണ മുന്നേറ്റങ്ങളിലെല്ലാം തീക്ഷ്ണതയുള്ള രൂപതാ വൈദികരും സന്യസ്തരായ വൈദികരും ഉൾപ്പെട്ടിരുന്നു. സന്യസ്തർ ടിനിറ്റേറിയൻസ്, ഫ്രാൻസിസ്കൻസ്, ജെസ്വിറ്റ്സ് എന്നീ സഭകളുടെ അംഗങ്ങളായിരുന്നു.

### 1.4 സാൾസെറ്റിൽ എത്തിയ ആദ്യ ഫ്രാൻസിസ്ക്കൻ സഭാംഗങ്ങൾ

പോർച്ചുഗീസുകാരടെ വടക്കേ ഭരണപ്രദേശങ്ങളായ ചോൾ, ബാസ്സിൻ തുടങ്ങിയവയിൽ ആദ്യം എത്തിയ ഫ്രാൻസിസ്ക്കൻ സഭാംഗങ്ങൾ പോർച്ചുഗല്ലിലെ പിയെഡാഡേ പ്രോവിൻസിൽ നിന്നുള്ളവരായിരുന്നു. പോർച്ചുഗൽ രജാവായ ജോൺ III-ാമൻ 1545 മാർച്ച് 5-ാം തീയതി ആറ് ഫ്രൻസിസ്ക്കൻ സഭാംഗങ്ങളെ ബാസ്സീനിലേക്ക് പോകാൻ നിയോഗിച്ചിരുന്നു. അന്റോണിയോ ദോ പോർത്തോ, ജോവാവേ ഡിഗോവ, ഡോമിൻ ഹോസ്, പോറെഗ്രീനോ, ബ്രദർ ഡിയേഗോ, ഇവരെ കൂടാതെ പേരു പറഞ്ഞിട്ടില്ലാത്ത ഒരാൾ. ഇദ്ദേഹം 1547 ജനുവരി 11-ാം തീയതി ചോളിൽ മരണമടഞ്ഞു. ഇന്ത്യയിൽ എത്തിയ ഉടൻ അന്റോണിയോ ദോ പോർത്തോ തന്റെ മിഷൻ പ്രവർത്തനങ്ങൾ തുടങ്ങി. ആദ്യമായി ബാസ്സിനിൽ ഒരു വിദ്യാലയം ആരംഭിച്ചു. ആദ്യം ഇത് ജ്ഞാനസ്നാനത്തിന് മുമ്പ് മതബോധനം നൽകുന്ന ഒരു സ്കൂൾ ആയിരുന്നു. പിന്നീട് ഇത് പ്രശസ്തമായ കോളേജായി വികസിച്ചു. എന്നാൽ വടക്കൻ പ്രദേശങ്ങളുടെ വികാരി ജനറൻ മിഗുറാൻ വാസിന്റെ നിർബന്ധപ്രകാരം ഈ വിദ്യാലയം ഈ സഭക്കാർക്കു വിട്ടുകൊടുത്തു. ഇത് ഫ്രാൻസിസ്ക്കൻസിന് ഏറെ മനഃപ്രയാസം ഉണ്ടാക്കി. പിന്നീട് ഇരുസഭക്കാരും തമ്മിൽ ഏറെ വിവാദങ്ങൾക്ക് കാരണമായ ഒരു നടപടി ആയിരുന്നു ഇത്.

ഈ സ്കൂളിന്റെ വികാസത്തിന് പോർച്ചുഗീസ് രാജാവ് ഗണ്യമായ തുക സംഭാവന നൽകിയിരുന്നു. ചർച്ചകളിലൂടെ ഉണ്ടാക്കിയ ഒത്തുതീർപ്പിന്റെ ഫലമായി സംഭാവനയായി ലഭിച്ച തുകയുടെ പകുതി 3000 സെറാഫിൻസ്, ഫ്രാൻസിസ്ക്കൻസിന് കൊടുത്തു. ഇതുകൊണ്ട് അവർ മൗണ്ട് പോയിൻസറിൽ ഒരു കോളേജ് സ്ഥാപിച്ചു. അതുപോലെ ഇവിടത്തെ മിഷനറി പ്രവർത്തനങ്ങളും രണ്ട് സഭക്കാരും കൂടി വീതിച്ചെടുത്തു.

സാൾസെറ്റ് ദ്വീപ് ഫ്രാൻസിസ്ക്കൻസിന് കുത്തകയായി കിട്ടി. ബാസ്സേനും അതിനുചുറ്റുമുള്ള പ്രദേശങ്ങളും ഈശോ സഭക്കാർക്ക് ലഭിച്ചു. അന്റോണിയോ ദൊ പോർട്ടോ ബാസ്സീനീൽ സെന്റ് ആന്റണീസ് പ്രയറി (ആശ്രമം) പണിയിച്ചു. പോർച്ചുഗീസുകാരുടെ വടക്കൻ പ്രവിശ്യകളിൽ പ്രവർത്തിക്കുന്ന ഫ്രാൻസിസ്ക്കൻ സഭക്കാരുടെ കേന്ദ്രമായി ഈ പ്രയറി നിലനിന്നു. വടക്കൻ പ്രദേശങ്ങളുടെ കമ്മീസറിയുടെ ആസ്ഥാനവും ഈ പ്രയറി ആയി കാലാന്തരത്തിൽ ഫ്രാൻസിസ്ക്കൻ സഭക്കാർ സാൾസെറ്റ് ദ്വീപിൽ നിരവധി ഭവനങ്ങളും റെക്ടറികളും

പണികഴിപ്പിച്ചു. 1602 ആയപ്പോഴേയ്ക്കും അവർ എട്ടു റെക്ടറുകൾ (ഇടവക) നടത്തിയിരുന്നു.

### 1.5. മൻഡേഷ്വദ കനേറി ഗുഹകളും ക്രൈസ്തവ ആരാധന നടത്തുന്ന സ്ഥലങ്ങളായി മാറ്റുന്നു

1549-നും 1550-നും ഇടയ്ക്ക് ആന്റോണിയേ ദോ പോർട്ടോയും സഹപ്രവർത്തകൻ ജോവാവോ ഡി ഗോവയും സാൾസെറ്റിലെ മണ്ഡ പേശ്വർ ഗുഹകൾ സന്ദർശിച്ചു. ഈ ഗുഹകളിൽ ഏകദേശം അമ്പത് ഹിന്ദു സന്യാ സികൾ താമസിക്കുന്നുണ്ടായിരുന്നു. ഇവിടെ നിന്ന് ഏറെ അകലെ അല്ലാതെ കൻഹേരി ഗുഹകൾ എന്ന് അറിയപ്പെടുന്ന ഒരു ഗുഹാക്ഷേത്രത്തിൽ വിചിത്രമായ വേഷം ധരിച്ച ഏതാനും യൂറോ പ്യൻ സന്യസ്തർ ചെന്നപ്പോൾ ഹിന്ദുസന്യാസികൾ ഭയപ്പെട്ട് മണ്ഡ പേഷ്വറിൽ നിന്ന് ഓടിപ്പോയി എന്ന് സമകാലിക സ്രോതസ്സുകൾ ഉദ്ധ രിച്ചുകൊണ്ട് ഡി കുൻഹ പറയുന്നു. ശൂന്യമായ ഗുഹയിൽ യൂറോപ്യൻ സന്യാസികൾ പ്രവേശിച്ചു. അതിനെ ഒരു ചാപ്പലാക്കി മാറ്റി. 'ഔവർ ലേഡി ഓഫ് പയറ്റി'ക്കു സമർപ്പിച്ച, ആ നാമത്തിലുള്ള ഒരു ചാപ്പൽ പിൽകാലത്ത് ഗുഹകളുടെ മുകളിലായി അവർ ഒരു ദേവാലയം പണിയി ച്ചു. അമലോത്ഭവ മാതാവിന്റെ നാമത്തിൽ. അങ്ങനെ ഗുഹയിലെ ചാപ്പൽ ഈ ദേവാലയത്തിന്റെ ഒരു 'ക്രിപ്പറ്റ്' പോലെ ആയി. പോർച്ചു ഗീസു രാജാവ് നൽകിയ സംഭാവനയിൽ അവരുടെ വീതമായി കിട്ടിയ പണം കൊണ്ട് ദേവാലയത്തിനടുത്ത് അവർ ' റോയൽ കോളേജ് ഓഫ് മൗണ്ട് പോയിൻസൂർ' പണിയിച്ചു. കനെരി ഗുഹകളിൽ ഫ്രേയേഴ്സ് (യൂറോപ്യൻ സന്യസ്തർ) നിരവധി യോഗികളെ കണ്ടു. ഒരു സന്യാസി *നൂറ്റമ്പത് വയസ്സ്* പ്രായമുള്ള ആളായിരുന്നു. ഇവർക്ക് എല്ലാം ജ്ഞാന സ്നാനം നൽകി. നൂറ്റമ്പത് വയസ്സുകാരന് '*പൗലൊ റപോസോ*' എന്ന് പേരിട്ടു. സന്തോഷസൂചകമായി പോർച്ചുഗീസ് രാജാവ് ഇയാൾക്ക് മൂന്നു ഗ്രാമങ്ങൾ സമ്മാനിച്ചു. ഈ ഗ്രാമാങ്ങളിൽ നിന്നുള്ള വരവ് കൊണ്ട് അയാൾക്ക് ജീവിക്കാം. പാരേ, ആറെൻഗൽ, മണി ക്പൂർ എന്നീ ഗ്രാമങ്ങളാണ് സമ്മാനിച്ചത്. അയാൾ മരിച്ചപ്പോൾ അയാ ളുടെ മരണപത്രപ്രകാരം ഇവ റോയൽ കോളേജ് ഓഫ് മൗണ്ട്പോയ്ൻസൂറിന് ലഭിച്ചു.

പോർച്ചുഗീസ് ഫ്രേയേഴ്സ് കനേരിഗുഹകളുടെ മധ്യത്തിലുള്ള ചൈത്യയെ കത്തീഡ്രൽ ഗുഹയെ ഒരു ക്രൈസ്തവ ആരാധനാലയ മാക്കി. മീർസ്മാൻ പറയുന്നതനുസരിച്ച്, കനേരിഗുഹയെ ക്രിസ്തീ യദേവാലയമാക്കിയത് 1551 -ൽ ആയിരിക്കണം. ഈ ക്രൈസ്തവ

കേന്ദ്രത്തെ മൗണ്ട് പോയിൻസൂറിന്റെ അധീനതയിലാക്കി. അദ്ദേഹം പറയുന്നത് പൗലോ റപ്പോസോ മൂന്ന് ഗ്രാമങ്ങൾ ദാനം ചെയ്തു എന്ന് പറയുന്നത് ഒരു കെട്ടുകഥയാണ് എന്നത്രേ. തന്റെ സഹസന്യസ്ത രായ പോർച്ചുഗീസ് ഫ്രയേഴ്സിനെ സംബന്ധിച്ചു നടത്തിയ ഗവേഷ ണമനുസരിച്ചു ഇങ്ങനെ ഇഷ്ടദാനം നടത്തിയെന്ന കാണിക്കുന്ന രേഖ കൾ ഒന്നുമില്ല. മൗണ്ട് പോയ്ൻസറിലെ ഫ്രയേഴ്സ് വാങ്ങിച്ചതാണ് ഈ ഗ്രാമങ്ങൾ എന്നാണ് ഇദ്ദേഹത്തിന്റെ അഭിപ്രായം. കൊറിയ ഫ്രാൻസ്സിസും ഈ അഭിപ്രായം ശരിയാണെന്ന് കരുതുന്നു. മൗണ്ട് പോയിൻസൂറിലെ സ്കൂൾ നടത്തിയ ഒരു നിക്ഷേപമായി നേടിയതാണ് അറെങ്ങേൽ അഥവാ യെറൻഗേൽ എന്ന ഗ്രാമം. 1554-1557 കാലഘട്ട ത്തിൽ ഫ്രാൻസെസ്കോ ഡി ചാവേസ് വാങ്ങിയതാണ് ഈ ഗ്രമം.

### 1.6 മോൺ-പേസിയേറിലെ റോയൽ കോളേജ്

അമലോത്ഭവ മാതാവിന്റെ ദേവാലയവും അതിന്റെ ക്രിപ്റ്റായ ഗുഹയും, ഫ്രയേഴ്സിന്റെ റെക്ടറേറ്റ്, റോയൽ കോളേജ് ഇതെല്ലാം കൂടി പോർച്ചുഗീസ് ഫ്രാൻസിസ്ക്കൻസ് സഭക്കാരുടെ പൗരസ്ത്യ ദേശത്തെ ഏറ്റം പ്രശസ്തമായ സ്ഥാപനങ്ങളിലൊന്നായി മൗണ്ട് പോയ്ൻസുറിനെ മാറ്റി. അന്റോണിയോ ഡോ പോർത്തോ ആയിരുന്നു ആദ്യത്തെ റെക്ടർ. അദ്ദേഹത്തിന്റെ ഭരണകാലത്ത്, മീർസ്മാൻ പറ യുന്നതനുസരിച്ച്, ഗോവയിലെ പോർച്ചുഗീസ് അധികാരികൾ മാർ ജോസഫ് എന്ന ബിഷപ്പിനെയും വേറൊരു ബിഷപ്പനെയും ഔവർ ലേഡി ഓഫ് പയറ്റി ഭവനത്തിലേക്കയച്ചു. ആന്റേണിയോ ഡൊ പോർത്തോയുടെ അടുത്തേക്ക്. ഇവിടെയുള്ളവരുടെ വിശ്വാസം ശരി യായതാണോ എന്ന് നിരീക്ഷിക്കാനാണ് ബിഷപ്പ്മാർ എത്തിയത്. ഡോ. പോത്തോ ബിഷപ്പ്മാരുടെ സുഹൃത്തായി, പ്രത്യേകിച്ചും മാർ ജോസ ഫിന്റെ. അദ്ദേഹം പോർച്ചുഗീസ് രാജാവിനയച്ച ഒരു കത്തിൽ പറ യുന്ന തന്റെ അഭിപ്രായത്തിൽ ഇവരുടെ വിശ്വാസം ശരിയായിട്ടുള്ള താണ്; ഇവർ റോമിനോട് വിധേയത്വം പുലർത്തുന്ന, കൂട്ടായ്മയിലാണ്.

സ്വാരസിന്റെ അഭിപ്രായത്തിൽ, മൗണ്ട് പോയിൻസർ കോളേജ് പോർച്ചുഗീസ് കാലഘട്ടത്തെ പ്രശസ്തമായ ഒരു അനാഥശാല ആയി രുന്നിരിക്കും. മാനസാന്തരപ്പെടുത്തുന്നതിനും പരസ്നേഹം പ്രകടി പ്പിക്കുന്നതിനുമുള്ള ആവേശം തണപ്പിക്കുന്നതാണ് ഒരനാഥശാല. ആ കാലത്ത് ഫ്രാൻസിസ്ക്കൻ മിഷനറിമാർ ലക്ഷ്യം വച്ചിരുന്നത് ഇതു രണ്ടുമാണ്. പൗരസ്ത്യ ദേശങ്ങളിൽ ക്രിസ്തുമതം പ്രചരിപ്പിക്കാൻ

പോർച്ചുഗീസുകാർ സ്വീകരിച്ച ഒരു മാർഗ്ഗം പുറജാതിക്കാരുടെ കുട്ടികളെ അവരുടെ മാതാപിതാക്കളും ബന്ധുക്കളും സമ്മതിച്ചാലും ഇല്ലെങ്കിലും തങ്ങളുടെ സംരക്ഷണയിൽ എടുക്കുക എന്നതായിരുന്നു. ഏറ്റവും പ്രായം കുറഞ്ഞവരെ അനാഥശാലകളിലോ കോളേജുകളിലോ ആക്കും. അവിടെ ക്രിസ്തീയ അന്തരീക്ഷത്തിൽ, ക്രിസ്ത്യൻ അധ്യാപകരുടെ മേൽനോട്ടത്തിൽ അവർ വളരും. പതിനാല് വയസ്സാകുമ്പോൾ അവരോട് ഗൗരവപൂർവം ചോദിക്കും ക്രിസ്ത്യനികളാകണമോ എന്ന്. ആരുംതന്നെ വേണ്ട എന്ന് പറയാറില്ല. ജ്ഞാനസ്നാനം സ്വീകരിക്കും. മിഷനറിമാർക്ക് കലവറയില്ലാത്ത പിന്തുണയാണ് കൊളോണിയൽ അധികാരികൾ നൽകിയത്. ഏത് ചെറുത്ത് നിൽപിനേയും അടിച്ചമർത്താൻ തയ്യാറായിരുന്നു ഭരണകൂടം.

അഗാഷി, കരഞ്ജിയ, ബാസ്സിൻ എന്നീ സ്ഥലങ്ങളിൽ ഫ്രാൻസിസ്ക്കൻ സഭക്കാർ ഓരോ അനാഥാലയങ്ങൾ സ്ഥാപിച്ചിരുന്നു. അക്കാലത്ത് നിലവിലിരുന്ന മാനസാന്തര രീതിയ്ക്ക് അവശ്യം വേണ്ട സാഹചര്യമായിരുന്നു അനാഥശാലകൾ. ഈ കോളേജുകൾ എന്നു പറയുന്ന അനാഥശാലകൾ വിദ്യാലയങ്ങളല്ല, മതപ്രചരണത്തിനും മാനസാന്തരം നടത്തുന്നതിനുമുള്ള സ്ഥാപനങ്ങൾ ആയിരുന്നു എന്നു പറയുന്നതാകും കൂടുതൽ വാസ്തവം. അന്തേവാസികളെ എഴുതാനും വായിക്കാനും പഠിപ്പിക്കും. കൂടാതെ എന്തെങ്കിലും തൊഴിലോ കൃഷിപ്പണിയോ പഠിപ്പിക്കും. അവർ നയിക്കുന്ന സമൂഹ ജീവിതത്തിലൂടെ കത്തോലിക്കാ വിശ്വാസത്തിന്റെ ദിവ്യരഹസ്യങ്ങളും പഠിപ്പിക്കും. ഫ്രയേഴ്സ് നൽകിയ അച്ചടക്കത്തോടുകൂടിയ പരിശീലനത്തിൽ കുട്ടികൾ വിശ്വാസം ഉൾക്കൊണ്ടു. എഴുതാനും വായിക്കാനും സംഗീതോപകരണങ്ങൾ വായിക്കാനും പാട്ട് പാടാനും കുട്ടികളെ പഠിപ്പിച്ചു. അവരെ ലത്തീനും പഠിപ്പിച്ചു. ശരിയ്ക്കു ലത്തീൻ പഠിച്ചവരെ വൈദികരായി അഭിഷേകം ചെയ്തു. മൗണ്ട് പോയ്ൻസറിലെ റോയൽ കോളേജിൽ ശരാശരി നൂറ്റമ്പത് അന്തേവാസികൾ ഉണ്ടായിരുന്നു. അവരെ നോക്കാൻ അഞ്ച് ഫ്രാൻസിസ്കൻ സന്യസ്തരും അവിടെ താമസിച്ചിരുന്നു. മൗണ്ട് പോയ്ൻസുർ അന്റോണിയോ ഡോ പോർത്തേയുടെ പിൻഗാമികളുടെ കീഴിലും ഭംഗിയായി പ്രവർത്തിച്ചു. 1632 നു മുൻപ് അദ്ദേഹത്തിന്റെ പിൻഗാമികളായിരുന്നവരിൽ ജറോനിമോ ദാ പ്യൂരിഫിക്കാവോ, ഡിയേഗോ ഡാ നേവെസ് എന്നിവർ ഉൾപ്പെടുന്ന 1635-ൽ മാനുവൽ ഡി എൽവാസ് ആയിരുന്നു റെക്ടർ. റെക്ടർ എന്ന

നിലയ്ക്ക് അയാൾ പ്രൊവിൻഷ്യൽ ചാപ്പറ്ററിൽ പങ്കെടുത്തു. ഫ്രാൻസിസ്കൻ ചരിത്രകാരനായ പൗലോ ഡാ ടിൽഡാഡോയെ ഉദ്ധരിച്ചു കൊണ്ട് മീർസ്മാൻ പറയുന്നു,1602 ൽ പോയ്ൻസൂറിലും ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലുമായി 1500 ആത്മാക്കൾ ഉണ്ടായിരുന്നു എന്ന്. 1720 ആയപ്പോഴേയ്ക്കും ഈ സംഖ്യ 999 ആയി ചുരുങ്ങി. നേരേ മറിച്ച് 1713-ൽ റോയൽ കോളേജിൽ ഏതാണ്ട് നൂറ്റിഇരുപത് വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്. 1724 ആയപ്പോഴേക്കും ഈ സംഖ്യ പിന്നെയും വർദ്ധിച്ചു. ഈ സ്ഥാപനത്തിന്റെ നടത്തിപ്പിനു പാറേ, ആറെംഗൽ എന്നീ ഗ്രാമങ്ങളിൽ നിന്നുള്ള ആദായം പ്രയോജനപ്പെടുത്തിയിരുന്നു. ഈ ഗ്രാമങ്ങൾ സ്വതന്ത്ര റെക്ടറേറ്റുകൾ ആയിരുന്നെങ്കിലും അവരുടെ ആദായം ഉപയോഗിക്കേണ്ടിവന്നു. രണ്ടു ഗ്രാമങ്ങൾക്കും സമീപത്തുള്ള പാവപ്പെട്ട ഇടവകകൾക്കും ആണ്ടുതോറും കുറെ അരി കൊടുക്കുമായിരുന്നു.

ഗ്ലോറിഫൈഡ് ഓർഫനേജിനോടു ചേർന്നുള്ള ഒരു കുന്നിന്റെ മുകളിൽ, ഏതാണ്ട് നൂറ്റൻപത് അടി ഉയരത്തിൽ വെള്ള പൂശിയ ഒരു സ്തംഭം (Tower) ഉണ്ടായിരുന്നു. അതിന് അർദ്ധഗോളാകൃതിയിലുള്ള മേൽക്കൂരയും ഉണ്ടായിരുന്നു. ആ സ്തംഭം ഇന്നും അവിടെയുണ്ട്. ഏതാണ്ട് അമ്പതടി വ്യാസമുള്ള ഒരു തറയിലാണ് അത് നിൽക്കുന്നത്. സ്തംഭത്തിന്റെ കീഴ്ഭാഗത്ത് അർദ്ധഗോളാകൃതിയിലുള്ള ഏഴ് അറകൾ കാണാം. മേൽക്കൂരയ്ക്ക് ഏകദേശം ആറടി വ്യാസം കാണും. പതിനഞ്ചടി ഉയരത്തിൽ സ്തംഭത്തിനു ചുറ്റും ഒരു പാരപ്പെറ്റ് ഉണ്ട്. അതിന് ആറടി വീതി വരും. രണ്ടടി ഉയരമുള്ള ബാറ്റിൽമെന്റ് (മതിൽ) പാരപ്പെറ്റിനുണ്ട്. മധ്യഭാഗത്ത് ഒരു വലിയ ഗോളാകൃതിയിലുള്ള മേൽക്കൂരയുള്ള ഒരു 'ഡോം.' ഇതിന് മുകളിൽ ചെറിയ ഒരു തള്ളൽ ഉണ്ട്. ഒരു പക്ഷെ ഇത് ഒരു 'വാച്ച് ടൗവർ' (കാവൽ സ്തംഭം) ആയിരുന്നിരിക്കാം. പോർച്ചുഗീസുകാരുണ്ടാക്കിയതാണ് ഈ കാവൽസ്തംഭം. ഇവിടെ നിന്നു നോക്കിയാൽ സാൾസെറ്റ്, ബാസ്സിൻ എന്നീ ദ്വീപുകളുടെ അനന്യമായ ഒരു ദൃശ്യം ലഭിക്കും. ഈ സ്തംഭത്തിന്റെ മുകളിൽ നിന്ന് യുദ്ധമാകട്ടെ സമാധാനമാകട്ടെ, മൗണ്ട് പോയ്ൻസറിലെ റോയൽ കോളേജിലെ ഫ്രാൻസിസ്ക്കൻ സന്യാസികൾക്കു ചുറ്റുപാടുമുള്ള ഏത് നീക്കങ്ങൾ സംബന്ധിച്ചും വിവരങ്ങൾ ലഭിക്കുമായിരുന്നു.

### 2.1. മറാത്ത ആക്രമണവും ബാസ്സിൻ ഉപരോധവും

1526-ൽ ബാബർ ഇന്ത്യ ആക്രമിച്ചപ്പോൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഡക്കാൻ പീഠഭൂമി അഞ്ച് സുൽത്താനേറ്റുകളായി (ചെറിയ മുസ്ലിം രാജ്യങ്ങൾ) വിഭജിക്കപ്പെട്ടിരുന്നു. അഹമ്മദ്നഗർ, ബിറാർ,

ബിജപൂർ, ബിഡാർ, ഗോൽക്കൊണ്ട. കാലാന്തരത്തിൽ ഈ മുസ്ലിം രാജ്യങ്ങളെല്ലാം ശക്തമായ മുഗൾ സാമ്രാജ്യം സ്വന്തമാക്കി, ആ സാമ്രാജ്യത്തിൽ ലയിപ്പിച്ചു. 1534-1535 കാലയളവിൽ ബോംബെയ്ക്ക് ചേർന്നുള്ള കടലോരും പോർച്ചുഗീസുകാർ തങ്ങളുടെ നിയന്ത്രണത്തിലാക്കിയുന്നു. അവരുടെ അധികാരപരിധിക്ക് പുറത്തുള്ള പ്രദേശങ്ങളിൽ മുസ്ലിം ആധിപത്യം നിലനിന്നു; വടക്ക് ഗുജറാത്തിലെ ബഹദൂർ, കിഴക്കും തെക്കും ബിജപൂർ സുൽത്താന്മാർ. മുഗൾ സാമ്രാജ്യം ഈ ചെറിയ രാജ്യങ്ങളെ ആക്രമിച്ച് സാമ്രാജ്യത്തിന്റെ ഭാഗമാക്കുക എന്ന പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കെ മഹാരാഷ്ട്രയിലെ ഹിന്ദുക്കൾ സ്വാതന്ത്ര്യത്തിനും ദേശീയ സ്വാതന്ത്യത്തിനും വേണ്ടി പൊരുതി വിജയിച്ചു. ഈ ദേശീയ പ്രസ്ഥാനത്തിന്റെ ആത്മാവ് ശിവജി ആയിരുന്നു. മഹാരാഷ്ടീയരുടെ മറാത്ത രാജ്യത്തിന്റെ സ്ഥാപകനായി ശിവാജി പരിഗണിക്കപ്പെടുന്നു. ശിവജി ജനിച്ചത് 1627-ൽ ആണ്. മഹാരാഷ്ട്രയിലെ ജനങ്ങളെ സംഘടിപ്പിച്ച മുസ്ലിം നിയന്ത്രണത്തിലിരുന്ന മിക്കവാറും പ്രദേശങ്ങൾ പിടിച്ചെടുത്തു. സ്വതന്ത്രരായ മഹാരാഷ്ട്രത്തിൽ 'മറാത്ത കോൺഫെഡറസി' സ്ഥാപിച്ചു. ക്രമേണ ശിവജി തന്റെ അധികാര പരിധി വിപുലീകരിച്ച് മുഗൽ സാമ്രജ്യത്തിന്റെ നല്ലൊരു ഭാഗം തന്റെ അധീനതയിലാക്കി. 1687 തൊട്ട് പോർച്ചുഗീസുകാരെ, ഒരുപക്ഷേ ഇംഗ്ലീഷുകാരെയും പുറത്താക്കാനുള്ള പരിപാടി ആവിഷ്കരിച്ചു. പതിനേഴാം നൂറാറ്റാണ്ടിൽ പോർച്ചുഗീസുകാർക്ക് തങ്ങളുടെ നാവിക മേധാവിത്വം നഷ്ടമായി, അത് ഹോളണ്ടും ഇംഗ്ളണ്ടും സ്വന്തമാക്കി. അതോടുകൂടി പോർച്ചുഗീസുകാരുടെ സാമ്രാജ്യം ഇളകി തുടങ്ങി, അത് കാർഡുകൊണ്ടുണ്ടാക്കിയ ഒരു വീടു പോലെ തകർന്നടിഞ്ഞു. ശക്തമായ ഒരു ഡച്ച് നാവികപട ഇന്ത്യൻ മഹാസമുദ്രത്തിൽ എത്തി. ഗോവ ഡച്ചുകാർ ഉപരോധിച്ചു, പക്ഷെ ഗോവ പിടിച്ചെടുക്കാൻ കഴിഞ്ഞില്ല. എങ്കിലും പോർച്ചുഗീസുകാരും ഡച്ചുകാരും തമ്മിലുള്ള സംഘർഷം അര നൂറ്റാണ്ടുകാലം നീണ്ടുനിന്നു.

രക്തം വാർന്ന മരണാസന്നയായ പോർച്ചുഗലിന് ഇന്ത്യയിൽ അപകടം പിടിച്ച പുതിയ ഒരു സാഹചര്യം നേരിടേണ്ടിവന്നു. അതായത് അധികാരത്തിലെത്തിയത് മറാത്തകൾ. മറാത്തി നേതാവായ പേഷ്വ ബാജി റാവു മുഗൾ സാമ്രാജ്യം ആക്രമിച്ച് കയ്യടക്കിക്കൊണ്ടിരിക്കെ വേറൊരു മറാത്ത സൈന്യം ബാജിറാവുവിന്റെ സഹോദരൻ ചിംനജി അപ്പയുടെ നേതൃത്വത്തിൽ പോർച്ചുഗീസുകാരെ മറാത്ത പ്രദേശത്തു നിന്ന് ഓടിക്കുവാൻ ശ്രമം തുടങ്ങി. പോർച്ചുഗീസ്കാരുടെ

ഇരുന്നൂറ് വർഷത്തെ കൊളോണിയൽ നയങ്ങളും ക്രിസ്തുമതം പ്രചരിപ്പിയ്ക്കലും ഭൂരിപക്ഷം ഹിന്ദുക്കളുടെയും ശത്രുതയ്ക്ക് കാരണമായി. സമീപത്തെ കല്യാൺ ഡിസ്ട്രിക്റ്റിൽ മറാത്ത ഭരണം നിലവിൽ വന്ന ഉടൻ പൊതു ജനങ്ങൾ തങ്ങളുടെ വിരോധം പ്രകടിപ്പിച്ചു. ബസ്സീനിലെ ഹിന്ദു നേതാക്കൾ രഹസ്യമായി പേഷ്വയെ ക്ഷണിച്ചു; തങ്ങളുടെ പോർച്ചുഗീസ് ആധിപത്യത്തിൽ നിന്ന് മോചിപ്പിക്കണം എന്ന് അഭ്യർത്ഥിച്ചു. അങ്ങനെ തങ്ങളുടെ പൗരസ്വാതന്ത്ര്യം തിരിച്ചുകിട്ടണം. 1739-ൽ ചിംനജി അപ്പയുടെ നേതൃത്വത്തിൽ ഒരു മറാത്ത സൈന്യം താനയിലേക്കും സാൾസെറ്റിലേയ്ക്കും നീങ്ങി. പോർച്ചുഗീസുകാർ ശക്തമായ ചെറുത്തുനിൽപ്പ് നടത്തി. ഇത് 1739 മേയ് 5-ാം തീയതിവരെ തുടർന്നു. നിവൃത്തിയില്ലാതെ കോട്ടയ്ക്കകത്ത് കുടുങ്ങിപ്പോയ പോർച്ചുഗീസുകാർ കോട്ട ഉപരോധിക്കപ്പെട്ടതിനാൽ കീഴടങ്ങാൻ തയ്യാറായി. രൂക്ഷമായ ഈ ഉപരോധത്തിൽ ഇരുഭാഗത്തും ധാരാളം പേർ കൊല്ലപ്പെട്ടു. അയ്യായിരം മറാത്തകൾ കൊല്ലപ്പെടുകയോ മുറിവേൽക്കുകയോ ചെയ്തു. ഏതാണ്ട് അത്രയും ആളുകൾ യോദ്ധാക്കളും സാധാരണ ജനങ്ങളുമായി പോർച്ചുഗീസുകാരുടെ കോട്ടയ്ക്കുള്ളിൽ മരിക്കുകയും മുറിവേൽക്കുകയും ചെയ്തു. പോർച്ചുഗീസ് കമാൻഡർ ഡിൽവേയ്ര ഡിസൂസ പെരെയ്ര ബാസ്സിൻ കൊട്ടാരവും സാൾസെറ്റും അനുബന്ധ പ്രദേശങ്ങളും മറാത്തകൾക്കു അടിയറ വച്ചു. കീഴടങ്ങൽ ഉടമ്പടിയിൽ കുലീന പോർച്ചുഗീസു കുടുംബങ്ങൾക്കും പോകാൻ ആഗ്രഹിക്കുന്ന ക്രിസ്ത്യാനികൾക്കും സുരക്ഷിതരായി ഒഴിഞ്ഞു പോകാം എന്ന് വ്യവസ്ഥ ചെയ്തിരുന്നു. ഇവരിൽ അനേകർ ബോംബെയിൽ അഭയംതേടി. അതുപോലെ തന്നെ സന്യാസ സഭാംഗങ്ങളും വൈദികർ പൊതുവേയും പോകുന്നത് അനുവദിച്ചിരുന്നു. ഉടമ്പടിയിലെ വ്യവസ്ഥകളിൽ ആരാധനാ സ്വാതന്ത്ര്യവും ബാസ്സിനിൽ മൂന്നു ദേവാലയങ്ങളും ഓരോ ഡിസ്ട്രക്റ്റിലും ഓരോ ദേവാലയവും, സാൾസെറ്റിൽ ഒരു ദേവാലയവും നിലനിർത്തണമെന്നും ഉറപ്പു നൽകിയിരുന്നു. ഈ ദേവാലയങ്ങളിൽ വികാരിമാർ ഉണ്ടായിരിക്കും. അവർ ഗോവ ആർച്ചുബിഷപ്പിന്റെ കീഴിലായിരിക്കും. ഈ ഉടമ്പടി ആ വർഷം തന്നെ ഒപ്പു വച്ചു. ഇതിലെ വ്യവസ്ഥകൾ മാന്യമായി ആദരിക്കുകയും ചെയ്തു.

### 2.2 പോയിൻസർ റോയൽ കോളേജ് നശിപ്പുക്കുന്നു

മറാത്ത സൈന്യം ബാസ്സിൻ വിജയകരമായി ഉപരോധിച്ചശേഷം ബിസ്സിനിലും സാൾസെറ്റ് ദ്വീപിലും പരക്കെ നാശനഷ്ടങ്ങൾ വരുത്തി,

എല്ലാം തല്ലി തകർത്തു. പോർച്ചുഗീസ് ഭരണവുമായി ബന്ധമുണ്ട് എന്ന് തോന്നിയ കെട്ടിടങ്ങളെല്ലാം ഇടിച്ചു നിരത്തി. താന, ബസ്സീൻ, ആറെങ്ങൽ, കറാൻജിയ, ചോൾ മുതലായ സ്ഥലങ്ങളിലെ വിദ്യാല യങ്ങളും മിഷനറി സ്ഥാപനങ്ങളും ഒന്നുകിൽ ഇടിച്ചുനിരത്തി, അല്ലെ ങ്കിൽ വീണ്ടും പ്രയോജനപ്പെടുത്താനാകാത്തവിധം നശിപ്പിച്ചു. സാൾ സെറ്റിന്റെ കിരീടം എന്നു വിശേഷിപ്പിച്ചിരുന്ന പോയിൻസറിലെ റോയൽ കോളേജും മറാത്ത സൈനികർ നശിപ്പിച്ചു. അമലോത്ഭവ മാതാവിന്റെ ദേവാലയം, റോയൽ കോളേജ്, റെക്ടറേറ്റ് മുതലായവ ആദ്യം കൊള്ളയടിച്ചു. അതിനുശേഷം നശിപ്പിച്ചു. സന്യാസികളെയും അവരുടെ വിദ്യാർത്ഥികളെയും ആശ്രിതരെയും ചിതറിച്ചു. 1760-ൽ പോയിൻസർ സന്ദർശിച്ച അക്വേറ്റൽ ഡു പോറൊണെ ഉദ്ധരിച്ചുകൊണ്ട് ബ്രാസ് ഫേർണാണ്ടസ് തന്റെ ഹിസ്റ്റോറിക്കൽ സേർച്ച് ഫോർ മൗണ്ട് പോയ്ൻസർ പറയുന്നത് മറാത്തക്കാർ നശിപ്പിച്ച സ്ഥാപനങ്ങളുടെ തടി ഉരുപ്പടികൾ താനയിലേയ്ക്ക് കൊണ്ട് പോയി എന്നാണ്. അങ്ങനെ ഒന്നര നൂറ്റാണ്ടുകാലം പ്രകൃതിയുടെ ഘടകങ്ങളും തകർന്ന കെട്ടിടങ്ങ ളുടെ അവശിഷ്ടങ്ങൾ പ്രയോജനപ്പെടുത്തിയ മനുഷ്യരും കൂടി ചേർന്ന് നശീകരിക്കപ്പെടാതെ അവശേഷിച്ചതും ജീർണ്ണിക്കാൻ ഇടയാക്കി. 1774-ൽ ഇംഗ്ലീഷുകാർ മറാത്തരുടെ കൈയിൽ നിന്ന് സാൾസെറ്റ് പിടി ച്ചെടുത്തു. 1780-ൽ ബാസ്സിൻ ഡിസ്ട്രിക്റ്റും പിടിച്ചെടുത്തു.

പോർച്ചുഗീസ് ഫ്രാൻസിസ്ക്കൻ സന്യാസിമാരുടെ സാന്നിദ്ധ്യം കൊണ്ട് പാവനമായിത്തീർന്ന ചരിത്രാവശിഷ്ടങ്ങളിലേക്കാണ് 1908 ഒക്ടോബറിൽ ഡാമനിലെ പാദ്രൊവാദോ ബിഷപ്പ് ഡോ. സെബാസ്റ്റ്യേ പൊരെയ്ര ഫ്രാൻസിസ്ക്കൻ മിഷനറി ബ്രദേഴ്സിനെ കൊണ്ടുവന്നത്. മീറസ്മാൻ പറയുന്നത് അവരെ ക്ഷണിച്ചുവരുത്തിയത് പഴയകാലത്തെ ഫ്രാൻസിസ്ക്കൻ പാരമ്പര്യം പുനർജ്ജീവിപ്പിക്കുന്നതിനായിരുന്നു എന്നാണ്. ഈ പഴയ അവശിഷ്ടങ്ങൾക്ക് സമീപം ബ്രദർ ഫിലിപ്പ് ഷ്രൈബറും ബ്രദർ ക്ളെമെന്റ് കീർഗും അനാഥാലയത്തിന്നുള്ള കെട്ടിടം പണിത് തുടങ്ങി. 1906-ൽ പ്രദേശിക ഭരണകൂടം ബൊറിവ്‌ലി റയിൽവേസ്റ്റേഷനിൽ നിന്ന് പുരാതന കുടീരങ്ങളിലേക്ക് ഒരു റോഡ് ഉണ്ടാക്കിയിരുന്നു. അങ്ങനെ പൊതു ജനങ്ങൾക്കു ഈ ചരിത്രാവ ശിഷ്ടങ്ങൾ വന്ന് കാണാൻ സൗകര്യമുണ്ടായി. പ്രത്യേകിച്ചും ഡിസംബർ 8-ാം തീയതി മൗണ്ട് പോയിൻസറിലെ അമലോത്ഭവ മാതാ വിന്റെ ദേവാലയത്തിലേക്ക് ആണ്ടുതോറും നടത്തുന്ന തീർത്ഥാടനം സുഗമമാക്കാൻ ഈ റോഡ് ഉപകരിച്ചു.

## 2.3 ഫ്രാൻസിസ് ഓഫ് അസ്സീസി അനാഥാലയത്തിന്റെ ഉദ്ഘാടനം

പുതിയ അനാഥാലയക്കെട്ടിടത്തിന് തറക്കല്ലിട്ടത് 1909 മാർച്ചിലാണ്. ആ വർഷം ഡിസംബർ ആയപ്പോഴേയ്ക്കും കെട്ടിടത്തിന്റെ പണിതീർന്ന് ആശീർവദിക്കാൻ സജ്ജമായി. ഉദ്ഘാടനം ഡിസംബർ 12-ാം തീയതി നടത്താൻ തീരുമാനിച്ചു. മരിയൻ കുരിശുപള്ളിയിലേയ്ക്ക് ആണ്ടു തോറും നടത്തുന്ന തീർത്ഥാടനവും ആ ദിവസമാണ് നടന്നത്. മൗണ്ട് പോയ്ൻസറിലെ ആയ ബ്ര. ക്ളെമന്റെ ക്രെയിഗ് CMSF ആ സന്യാസ സമൂഹത്തിന്റെ പ്രൊട്ടെക്ടർ ആയ ബിഷപ്പ് കോപ്പെലിനെ ഈ കർമ്മ ത്തിന് ക്ഷണിക്കാൻ ഉദ്ദേശിച്ചിരുന്നു.

1909 ഡിസംബർ 12-ാം തീയതി മൗണ്ട് പോയിൻസറിലെ അമലോത്ഭവ മാതാവിന്റെ വാർഷിക തിരുനാൾ ദിവസം പുതുതായി പണിയിച്ച അനാഥാലയത്തിന്റെ ആശിർവാദ കർമ്മം നടത്തി, കെട്ടിടം അനാഥബാലരുടെ ഉപയോഗത്തിന് ഏൽപ്പിച്ചുകൊടുക്കും. പിതാവ് ഈ അവസരത്തിൽ ഇവിടെ സന്നിഹിതനായിരുന്നാൽ ഞങ്ങൾക്ക് വലിയ ഒരു ബഹുമതി ആയിരിക്കും. ഡാമൻ രൂപതയുടെ അപ്പസ്റ്റേ ലിക്ക് അഡ്മിനിസ്ട്രേറ്റർ റൈറ്റ് റവ. മോൺ L.C. പേറ അങ്ങയെ സന്തോഷപൂർവം സ്വാഗതം ചെയ്യും. 6-ാം തീയതി യൂറോപ്പിൽ നിന്ന് ഇവിടെ ബ്രദർ പൗലുസ് എത്തുമെന്നും ഞങ്ങൾ പ്രതീക്ഷിയ്ക്കുന്നു. ബ്ര. പോളും ആയാസകരമായ യാത്രയ്ക്കുശേഷം ഇവിടെ ഒരാഴ്ച വിശ്രമിക്കും.

അതേദിവസം വലിയ ഒരു സംഘം തീർത്ഥാടകരുടെയും വൈദി കരുടെയും സാന്നിദ്ധ്യത്തിൽ പുതിയ അനാഥാലയകെട്ടിടം പാദ്രെ വാദോ രൂപതയായ ഡാമന്റെ വികാർ ജനറൽ മോൺ L.C. പേറ ആശിർവദിച്ചു. ചടങ്ങിൽ CMSFനെ മൗണ്ട് പോയിൻസറിലേയ്ക്ക് ക്ഷണിച്ചുവരുത്തിയ ബാൻഡ്രയിലെ ഫാ. പി.എ. ഫെർണാണ്ടസും ഉണ്ടായിരുന്നു. എല്ലാ സാഹചര്യങ്ങളും കണക്കിലെടുത്തുകൊണ്ട് സ്ഥാപനത്തിന് സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി ഓർഫനേജ് എന്ന് പേരിട്ടു.

ഫ്രാൻസിസ്ക്കൻ മിഷനറി ബ്രദേഴ്സിന്റെ രംഗപ്രവേശനത്തോടു കൂടി മൗണ്ട് പോയ്ൻസറിലെ അമലോത്ഭവ മാതാവിന്റെ ദേവാലയ ത്തിന്റെ പ്രാധാന്യം വർദ്ധിച്ചു. വാർഷിക തിരുനാളിന് ധാരാളം തീർഥാ ടകർ എത്തും. അല്ലെങ്കിൽ ഇടവകക്കാരായി ചുരുക്കം ആളുകളേ

ഉണ്ടായിരുന്നുള്ളു. ബ്രദേഴ്സും കുട്ടികളും ഇടവക ദേവാലയത്തിലെ ശുശ്രൂഷകളിൽ പങ്കെടുത്തിരുന്നു. വികാരി അച്ചൻ അവരുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റിയിരുന്നു. ഇതേ ദേവാലയം മറാത്തക്കാർ അത് നശിപ്പിച്ചതിനുശേഷം കാടു പിടിച്ചു കിടന്നു. പോർച്ചുഗീസ് അധീന തയിലുണ്ടായ പ്രദേശങ്ങൾ അന്തിമമായി ബ്രട്ടീഷുകാർക്ക് 1780-ൽ കൈമാറ്റം വരെ ഈ സ്ഥിതി തുടർന്നു. 1818-ൽ മേൽക്കൂര ഇല്ലാത്ത ഈ ദേവാലയം പ്രാർത്ഥനയ്ക്കായി ഉപയോഗിക്കാൻ അനുവദിച്ചു. ആളുകൾ നൽകിയ സംഭാവന ഉപയോഗിച്ചു 1888 ലേ ഒരു മേൽക്കൂര തീർക്കാൻ കഴിഞ്ഞുള്ളു. 1912-ൽ പൊതുജനങ്ങളുടെ സംഭാവന കൊണ്ട് കുറെ അറ്റകുറ്റപ്പണി നടത്തി. ഈ നവീകരണത്തിന്നിടയ്ക്കു ജ്ഞാനസ്നാനം നൽകാൻ ഉപയോഗിച്ചിരുന്ന 'ബാപ്പ്റ്റിസറ്റ്ൽ ഫോണ്ട്' എടുത്ത് പുറത്തെറിഞ്ഞു. സാൾസെറ്റിലെ ആയിരക്കണെക്കിന് കുഞ്ഞുങ്ങൾ ജാഞാനസ്നാനം സ്വീകരിച്ച ഇടമാണ് ഇത്.

1920 വരെ ഇത് അവിടെ കിടന്നു. അപ്പോൾ CMSF ന്റെ സൂപ്പീര്യർ ജനറൽ ബ്രദർ പൗലൂസ് മോറിറ്റ്സിന്റെ ഉത്സാഹത്തിൽ അത് തിരിച്ചു കൊണ്ടു വന്ന് ഇപ്പോൾ അതിരിക്കുന്ന സ്ഥാനത്ത് സ്ഥാപിച്ചു. ആദ്യ കാലത്ത് അനാഥാലയത്തിൽ 40 മുതൽ 60 വരെ കുട്ടികൾ ഉണ്ടായിരുന്നു. എന്നാൽ 1909 ആയപ്പോഴേക്കും ഈ സംഖ്യ 160 ആയി ഉയർന്നു.

### 2.4 സാൾസെറ്റിൽ തദ്ദേശവാസികൾക്കിടയിൽ ക്രിസ്തുമതം പ്രചരിപ്പിക്കാൻ CMSF ശ്രമിച്ചു

ഡാമൻ രൂപതയിൽ പുറജാതിക്കാരുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിക്കാൻ ബ്രദർ പൗലുസ് ആഗ്രഹിച്ചിരുന്നു എന്ന കാര്യം ഈ അധ്യായത്തിന്റെ തുടക്കത്തിൽ നാം കണ്ടല്ലോ. ബ്രദറിന്റെ ഈ ലക്ഷ്യം മൗണ്ട് പോയിൻസറിൽ താമസമാക്കിയ ബ്രദേഴ്സ് സക്ഷാത്കരിച്ചു, നേടി. നമുക്കു ലഭ്യമായ സ്രോതസ്സുകളിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത് ഇതാണ്: ബ്രദേഴ്സ് ഈ സ്ഥലത്തുവന്ന ഉടൻ തന്നെ വിദ്യാഭ്യാസമേഖലയിലെ പ്രവർത്തനങ്ങൾക്കൊപ്പം ഏതാനും പ്രവർത്തനങ്ങൾ മിഷനറികൾ പുറജാതിക്കാരുടെ ഇടയിലും ആരംഭിച്ചിരുന്നു. അങ്ങനെ ഡയിസ്സൂർ, എറ്റ്സൂർ എന്നീ ഗ്രാമങ്ങൾ സന്ദർശിച്ച് അവിടെ കുട്ടികൾക്ക് മതബോധനം നൽകിയിരുന്നു. പീന്നിട് BB & CIR, GIPR എന്നീ റയിൽവേ ലൈനുകൾക്കിടയിൽ താമസിച്ചിരുന്നു. താക്കൂർ, കത്താരി വർഗ്ഗത്തിൽപെട്ടവരുടെ ഇടയിൽ മിഷൻ

പ്രവർത്തനം നടത്തിയിരുന്നു. ഇത് താന വരെ വ്യാപിപ്പിച്ചിരുന്നു. മരണാസന്നരായ നൂറോളം കുട്ടികൾക്ക് അവർ ജ്ഞാനസ്നാനം നൽകി. 1914–ൽ ബാസ്സിന് വടക്കുപടിഞ്ഞാറുള്ള മുക്കുവരുടെ ഇടയിൽ ഒരു മിഷൻ തുടങ്ങാൻ ശ്രമം നടന്നു. അഗാഷി എന്നാണ് ഈ സ്ഥല ത്തിന്റെ പേര്. ബാസ്സിൻ റോഡിന് മൂന്നു മൈൽ കിഴക്ക് വർഗാല യിലും ഒരു മിഷൻ തുടങ്ങി. മണിക്ക്പൂർ ഇടവകയിൽ പെട്ടതാണ് ഈ സ്ഥലം. ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലമായി ഈ മിഷൻ അടയ് ക്കേണ്ടിവന്നു. ചരിത്രപ്രധാന്യമുള്ള ഈ സ്ഥലത്ത് എളിയ രീതിയിൽ തുടങ്ങിയ അനാഥശാലയും അതിനോടു ചേർന്നുള്ള വിദ്യാ ലയവും പിൽക്കാലത്ത് വികസിച്ചു. കോൺഗ്രിഗേഷന്റെ രണ്ടാമത്തെ മദർഹൗസും ജനറലേറ്റുമായി. സാഹചര്യങ്ങളുടെ സമ്മർദത്താൽ ഖാൻഡ്വ ഉപേക്ഷിച്ചുപോരേണ്ടി വന്നപ്പോൾ അവർ വന്നത് ഇങ്ങോട്ടാണ്. ഇന്ന് പോയിൻസർ ഒരു സുപ്രധാന കേന്ദ്രമാണ്. ഇതിന്റെ കാരണം ഇവിടെയുള്ള വിവധ സ്ഥാപനങ്ങളാണ്. കോൺഗ്രിഗേഷനുമായുള്ള ബന്ധവും ലോകത്തിന്റ വിവധ ഭാഗങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങ ളുമായുള്ള ബന്ധവും പ്രാധാന്യമുണ്ടാകുന്നതിന് കാരണമാണ്.

### 2.5 ബ്രദർ റോക്കസ് ഗോട്ടറുടെ കീഴിൽ ബ്രദേഴ്സിന്റെ ലാഹോർ ഗ്രൂപ്പിനുണ്ടായ ദുര്യോഗം

സുപ്പീര്യർ ബ്രദർ റോക്കസ് ഗോട്ടറുടെ കീഴിൽ ലാഹോറിൽ തങ്ങിയ ബ്രദേഴ്സിന്റെ ഗ്രൂപ്പ് കാലക്രമത്തിൽ ഛിന്നഭിന്നമായി. രണ്ടു ഗ്രൂപ്പായി വേർപരിഞ്ഞപ്പോൾ ലാഹോറിൽ മൂന്നോ നാലോ ബ്രദേഴ്സേ ഉണ്ടായിരുന്നുള്ളു. അവരുടെ പ്രവർത്തനങ്ങൾ രണ്ട് അനാ ഥശാലകളിൽ ഒതുക്കാൻ അവർ നിർബന്ധിതരായി എന്ന നാം കണ്ടുകഴിഞ്ഞു. ബൽജിയൻ കപ്പൂച്ചിൻ വൈദികരുടെ കീഴിൽ അവർക്ക് എന്തുസംഭവിച്ചു എന്ന് അറിയാൻ പ്രസിദ്ധീകരിച്ചതും അല്ലാത്തതു മായ ചില രേഖകളുണ്ട്. 1904 തൊട്ട് ലാഹോർ രൂപതയിൽ കോൺഗ്രി ഗേഷന്റെ അവസ്ഥ എന്തായിരുന്നു എന്ന് കാണിക്കുന്നതും ബ്ര. റോക്കസ് ഗോട്ടർ തന്നെ എഴുതിയതുമായ രണ്ട് രേഖകളുണ്ട്. സെന്റ് ഫ്രാൻസിസ് ഓർഫനേജിൽ അവർ കാഷ്മീരി കാർപ്പറ്റും പേർഷ്യൻ കാർപ്പറ്റും ഉണ്ടാക്കിക്കൊണ്ടിരുന്നു. ഇതുണ്ടാക്കാൻ അന്തേവാസി കൾക്കും പരിശീലനം നൽകുകയും ചെയ്തു. മറിയാബാദ് ഓർഫനേ ജിൽ കുട്ടികളുടെ സഹായത്തോടെ ഫാം, കൃഷി വികസിപ്പിക്കാനാണ് അവർ ശ്രമിച്ചത്. ഓർഫനേജിന്റെ പേര് സെന്റ് റോക്ക് എന്നാണ്. ഈ

വിശുദ്ധന്റെ മാധ്യസ്ഥം അവരെ ഒരു പകർച്ചവ്യാധിയിൽ നിന്നു രക്ഷിച്ചു. കൂടാതെ അവരുടെ സുപ്പീര്യർ ജനറലിന്റെ പേരും ഈ വിശുദ്ധ ന്റേതായിരുന്നു. പ്രായം കുറഞ്ഞ കുട്ടികൾ പള്ളിക്കൂടത്തിൽ പോയി. മുതിർന്ന കുട്ടികളും ബ്രദേഴ്സും പണിയെടുത്ത് കൃഷിഭൂമി വികസി പ്പിച്ചു. 1903 തൊട്ട് തങ്ങളുടെ സഭയിൽ ചേരാൻ ഇന്ത്യക്കാരായ അർത്ഥി കളെ കണ്ടെത്താൻ സംഘം ശ്രമം നടത്തിയിരുന്നു. ഇതിനുവേണ്ടി ഇന്ത്യയിലെ കത്തോലിക്കാ പത്രമാസികകളിൽ ഇതുസംബന്ധിച്ച് പരസ്യം നൽകിയിരുന്നതായി കാണുന്നു. 1905 ആയപ്പോഴേയ്ക്കും അവർക്ക് ഇന്ത്യയിൽ നിന്ന് ആറ് അർത്ഥികളെ കിട്ടി. യു.എസ്.എ. യിൽ നിന്ന് ഒരാളും വന്നു. ഇവരെല്ലാം സഭ പിരിച്ചുവിടുന്നതുവരെ സഭയിൽ തുടർന്നോ എന്ന് നമുക്ക് അറിയില്ല. ബ്രദർ റോക്കസ് ഗോട്ട്ല ർ അവസാനംവരെ സംഘത്തിന്റെ സുപ്പീര്യർ ജനറലായി തുടർന്നു. നേവീസ് മാസ്റ്റർ എന്ന പദവിയും അദ്ദേഹം തന്നെ വഹിച്ചു. ബ്രദേ ഴ്സിന്റെ നേവിഷ്യേറ്റ് മറിയബാദിൽ ആയിരുന്നു. 1904 ൽ സർക്കാർ അവർക്ക് ലാഹോറിനടുത്ത് കുറെ ഏറെ സ്ഥലം ദാനമായി കൊടു ത്തു. അവർ ഈ സ്ഥലം വികസിപ്പിച്ചു. മറിയബാദ് ഓർഫനേജിലെ മുതിർന്ന കുട്ടികളെ ഇവിടെ കുടിയിരുത്തി. വിവാഹം കഴിച്ച് കത്തോ ലിക്കാ ജീവിതം നയിക്കാൻ ആഗ്രഹിച്ചവരെയാണ് ഇങ്ങനെ കുടിയി രുത്തിയത്. ഈ കോളണിയ്ക്ക് നൽകിയ പേര് 'ഫ്രാൻസീബാദ്' എന്നാ യിരുന്നു. 1908-ൽ ഒരു ബ്ര. തോമസ് ആയിരുന്നു മറിയാബാദിലെ സുപ്പീര്യർ. അനാഥശാലയിൽ അൻപത് കുട്ടികളുണ്ട്. 1913-14 കാല ഘട്ടത്തിൽ സെന്റ് ഫ്രാൻസിസ് സ്കൂളിലും ലാഹോറിലെ ഓർഫനേ ജിലുമായി അഞ്ച് ടേർഷ്യറി ബ്രദേഴ്സ് ഉണ്ടായിരുന്നു. 1917-ലെ കാത്ത ലിക്ക് ഡയറക്ടറിയിൽ കാണുന്നത് ടേർഷ്യറി ബ്രദേഴ്സിന്റെ എണ്ണം രണ്ടായി ചുരുങ്ങി എന്നാണ്. ഇവരെ യുദ്ധതടവുകാരായി അഹ മ്മദബാദിൽ താമസിപ്പിച്ചു. മിഷൻ സുപ്പീര്യർ റഗുലറിന്റെ 1915 ആഗസ്റ്റ് 3-ലെ ഡയറിക്കുറിപ്പിൽ കാണുന്നത് ബ്ര. തോമസിനെയും ബ്ര. ആന്റ ണിയെയും ഓർഫനേജിൽ നിന്നു പിടിച്ചുകൊണ്ടുപോയി ഡാഗ്ഷോ ട്ടിലെ ജർമ്മൻകാർക്കും ആസ്ട്രിയകാർക്കുമായുള്ള കോൺസെൻട്രേ ഷൻ ക്യാമ്പിൽ താമസിപ്പിച്ച് എന്നാണ് ACB യിൽ പ്രസിദ്ധീകരിച്ചിട്ടി ല്ലാത്ത ഒരു ഫ്ളെമിഷ് കൈയെഴുത്തുപ്രതിയിൽ പറയുന്നത്. മറിയ ബാദിലെ കുട്ടികളെല്ലാം വളർന്നു, അവരെ ഫ്രാൻസിയാബാദിൽ കുടി യിരുത്തി. അവിടെ പ്രായമായ, വയസ്സായ രണ്ട് ബ്രദേഴ്സ് മാത്രമേ

ഉണ്ടായിരുന്നുള്ളൂ; മറ്റ് ബ്രദേഴ്സ് ഇന്ത്യയിലെ വേറൊരു മിഷനി ലേക്കുപോയി. അവിടെ അവർ നല്ല പ്രവർത്തനങ്ങൾ നടത്തി. അവ രുടെ സുപ്പീര്യർ ആയിരുന്ന ബ്ര. റോക്കസ് ഗോട്ട്ലർ ഒരു വൈദികനായി.

ഇവർ ലാഹോർ മിഷൻ വിട്ടുപോകാനുണ്ടായ വേറൊരു കാരണം ബിഷപ്പ് ഗോഡ്ഫ്രീഡ് പെൽക്മാൻസിന്റെ അകാലചരമം ആയിരുന്നി രിക്കാം. 1904 ആഗസ്റ്റ് 3-ാം തീയതി ബിഷപ്പ് ഒരു ലിവർ അബ്സെസ് കാരണം മരണമടഞ്ഞു. തന്റെ കോൺഗ്രിഗേഷന് പിതൃസ്ഥാനിയനാ യിരുന്ന ബിഷപ്പിന്റെ മരണത്തിൽ ബ്ര. റോക്കസ് ഗോട്ട്ലർ ഏറെ ദുഃഖിച്ചു. തങ്ങളുടെ ഭാവി സംബന്ധിച്ച അനിശ്ചിതത്വമാകാം ഒരു കാരണം. ലാഹോർ മിഷന്റെ ചരിത്രകാരനായ ബ്ളോണ്ഡിൻ എമ്മ റിക്ക് പറയുന്നത്, തങ്ങളുടെ സഭ കാനോനിക നിയമം അനുസരിച്ചു പൂർണ്ണമായും അംഗീകരിക്കപ്പെട്ടിട്ടില്ല, അതുകൊണ്ട് അവരെല്ലാം പഞ്ചാബ് വിട്ടുപോയി. വയസ്സായ രണ്ട് ബ്രദേഴ്സ് മാത്രം അവിടെ ശേഷിച്ചു. ബ്രദർ ആന്റണിയും ബ്രദർ തോമസും.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ബിഷപ് പെൽക്മാൻസിന്റെ പിൻഗാമി ബിഷപ് ഫേബിയൻ എസ്റ്റേർമാൻസിന്റെ മാദ്ധ്യസ്ഥം വഴി നാടുകടത്തപ്പെട്ട രണ്ട് ബ്രദേഴ്സിൽ ബ്രദർ ആന്റണിക്ക് മാത്രം ലാഹോറിലേക്കു മടങ്ങിവരാൻ കഴിഞ്ഞു. ബ്രദറിനെ അവിടെയുള്ള സെന്റ് ഫ്രാൻസിസ് സ്കൂളിലാക്കി. 1895-96 ലെ ഇന്ത്യയിലേക്കുള്ള ബൊഡെവിഗ് എക്സ്പെഡിഷന്റെ ചരിത്രമെഴുതിയ ബ്രദർ ആന്റണി മുള്ളർ തന്നെ ആയിരുന്നു ഈ ബ്രദർ. 1934 മേയ് 22-ാം തീയതി വ്യാഴാഴ്ച രാവിലത്തെ ദിവ്യബലിക്കുശേഷം ഓർഫനേജിലെ കുട്ടികൾ ചുറ്റും നില്ക്കെ ബ്രദർ തളർന്ന് വീണ് അന്ത്യശ്വാസം വലിച്ചു. ഇദ്ദേഹത്തിന്റെ മരണത്തോടുകൂടി ലാഹോർ മിഷന്റെ ചരിത്രത്തിലെ ശ്രദ്ധേയമായ ഒരദ്ധ്യായം അവസാനിച്ചു. ബെൻജിയൻ കപ്പുച്ചിൻ പ്രൊവിൻഷ്യൽ ജോവാന്നെസ് ബാപ്റ്റിസ്റ്റ വാൻ മീർല് (1900-1903) തന്റെ സഹസന്യസ്തൻ ബിഷപ് പെൽക്മാൻസിനോട് പറഞ്ഞു: "ഒരു ബൽജിയൻ കപ്പുച്ചിൻ മിഷനിൽ ഒരു ജർമ്മൻ ടേർഷ്യറി കോൺഗ്രിഗേഷന് എന്ത് ഭാവിയുണ്ടാകുക?" ഇത് അക്ഷരാർത്ഥത്തിൽ നിറവേറ്റപ്പെട്ടു. ഭാവി ഉണ്ടായില്ല.

### 3.1. സെൻട്രൽ ബംഗാൾ രൂപതയും ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറി ബ്രദേഴ്സും

നാഗ്പൂർ രൂപതയിൽ ജർമ്മൻ ഫ്രാൻസിസ്ക്കൻ ടേർഷ്യറിമാർ വിജാതിയരുടെ ഇടയിൽ നടത്തിയ സുവിശേഷ പ്രചരണം

ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. ഇത് ഉപഭൂഖണ്ഡത്തിലെ മറ്റു രൂപതകളുടെ ശ്രദ്ധയിൽപെട്ടു. ഇത്തരം രൂപതകളിലൊന്നായിരുന്ന് സെൻട്രൽ (മധ്യ) ബംഗാളിലെ കൃഷ്ണനഗർ രൂപത (PIME രൂപത). 1908-ൽ ഈ രൂപതയുടെ മെത്രാൻ ബിഷപ് സന്തിനോടാവേഗ്ഗിയ ബ്ര. പൗലുസ് മോറിറ്റ്സിന് സമീപിച്ച് ഒരഭ്യർത്ഥന നടത്തി. തന്റെ രൂപതയിലെ സന്താൽ വർഗ്ഗക്കാരുടെ ഇടയിൽ മിഷൻ പ്രവർത്തനം നടത്താനായിരുന്നു അഭ്യർത്ഥന. പുതിയ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ക്രിസ്തുമതത്തിൽ ചേരാനുള്ള ഒരു പൊതുജനപ്രസ്ഥാനം ആരംഭിച്ചിരുന്നു. 1910-ൽ മാത്രമേ ഈ അഭ്യർത്ഥന സ്വീകരിക്കാൻ കഴിഞ്ഞുള്ളു.

1909 മാർച്ച് 4-ാം തീയതി ബ്ര. പൗലുസും ബ്ര. നിക്കോളാസും കൃഷ്ണഗറിൽ എത്തി. ഇവിടത്തെ മിഷൻ സാഹചര്യങ്ങൾ നേരിട്ടു കണ്ടുപഠിക്കുന്നതിനാണ് അവർ വന്നത്. രൂപതയുടെ ദിനാജ്പൂർ ജില്ലയിലെ സന്താൽ മിഷൻ കേന്ദ്രമായ ധൻജാറിയിലാണ് അവർ എത്തിയത്. അവരോടൊപ്പം ഫാ. ജൂസേപ്പേ അറാമ്നാസ്കോ PIME-യും ഉണ്ടായിരുന്നു. അവർ ചുറ്റുപാടുമുള്ള സന്താൽ ഗ്രാമങ്ങൾ സന്ദർശിച്ചു. തങ്ങളുടെ സഭ ഈ പ്രദേശത്ത് പ്രവർത്തനം നടത്തിയാൽ അത് വിജയകരമായിരിക്കും എന്നവർക്ക് ബോധ്യമായി. നിമാറിൽ നിന്നും ഏതാനും ബ്രദേഴ്സിനെ ബിഷപ് ടാവെഗ്ഗ്യയുടെ രൂപതയിൽ പണിയെടുക്കാൻ അവർ തയ്യാറായിരുന്നു. കൃഷ്ണഗറിലേയ്ക്ക് അയച്ച ആദ്യത്തെ രണ്ടുപേർ ബ്രദർ ഹെർമൻ കാൾ, ബ്രദർ ഗാബ്രിയേൽ വെൻഗേർട്ട് എന്നിവരായിരുന്നു. അവർ മിഷൻ സുപ്പീര്യർ ഫാ. ജൂസേപ്പ് അർമനസ്കോയുടെ വാസസ്ഥലമായ സയ്ദ്പൂറിൽ എത്തിയത് 1910 ജനുവരി 16-ാം തീയതി ആയിരുന്നു. ഏതാനും ദിവസം കഴിഞ്ഞ് അവരെ ധാൻജൂറിയിൽ ഫാ. ഫ്രാൻസിസ് റോക്കയുടെ അടുത്തേയ്ക്കയച്ചു. സാന്താലുകളുടെ ഇടയിൽ ചില പ്രാഥമിക പ്രവർത്തനങ്ങൾ ഇദ്ദേഹം നടത്തിയിരുന്നു. ആ വർഷം അവസാനത്തോടെ ബ്ര. ഗാർസിയ പെരെയ്ര അവരോടൊപ്പം ചേർന്നു. ആ പുതിയ സഭയിൽ ചേർന്ന ആദ്യത്തെ ഇന്ത്യാക്കാരനായിരുന്നു ബ്ര. പെരെയ്ര. നോവിഷ്യേറ്റിൽ നിന്ന് മിഷൻ രംഗത്ത് അല്ല, പ്രായോഗിക അനുഭവം നേടുന്നതിനാണ് ബ്രദറിനെ ഇങ്ങോട്ടയച്ചത്.

## 3.2. ലൊമ്പോർഡി സെമിനാരിയും സെൻട്രൽ ബംഗാൾ മിഷനും

ലൊമ്പോർഡി സെമിനാരിയിൽ നിന്നുള്ള PIME ഫാദേഴ്സിനൊപ്പം നേരത്തെ പ്രവർത്തിച്ചിരുന്നതാണ് മിലാൻ. അവിടെ നിന്നുള്ള

മിഷനറിമാർ ആദ്യമായി സെൻട്രൽ ബംഗാൾ മിഷനിൽ വന്നത് 1885-ൽ ആണ്. മോൺ. വില്യം കറൂ, വികാർ അപ്പസ്റ്റോലിക്ക്, ഈസ്റ്റ് ബംഗാൾ ആണ് ഇവരെ കൊണ്ടുവന്നത്. അന്ന് സെൻട്രൽ ബംഗാൾ മിഷനിൽ ഉണ്ടായിരുന്നത് മുസിയാബാദ്, നാദിയ, ജെസ്സോറൊറിഗ്, ഷാഹി, ബോഗ്രി, മാൾഡ എന്നീ ജില്ലകളായിരുന്നു. വിവിധ മിഷൻ സുപ്പീര്യർമാരുടെ കീഴിൽ (പരിയേറ്റ്, ഠിമാന, മറിയേറ്റി തുടങ്ങിയവർ) സെൻട്രൽ ബംഗാളിലെ പുതിയ PIME മിഷൻ വളരെ മന്ദഗതിയിലാണ് പ്രവർത്തിച്ചത്. IX-ാം പീയൂസ് മാർപ്പാപ്പയുടെ 1870 ജൂലൈ 19-ലെ അപ്പസ്റ്റോലിക്ക് ബ്രീഥിലൂടെ സെൻട്രൽ ബംഗാൾ പ്രീഫെക്ച്ചർ അപ്പസ്റ്റോലിക്ക് രൂപീകരിക്കപ്പെട്ടു. മറിയേറ്റി അതിന്റെ ആദ്യത്തെ പ്രീഫെക്റ്റ് അപ്പസ്റ്റോലിക്ക് ആയി. ഈ പുതിയ പ്രീഫെക്ച്ചർ അപ്പസ്റ്റോലിക്കിനാടോ ദിനാജ്പൂർ, രംഗ്പുർ, കൂച്ച് ബിഹാർ, ജയപാൽഗുറി, ഫാർദിപുർ, ആസ്സാമിന്റെ ഒരു ഭാഗം ഇവ കൂട്ടിച്ചേർത്തു. അനാരോഗ്യം കാരണം മറിയേറ്റി തന്റെ ഉദ്യോഗം രാജി വച്ചു. അദ്ദേഹത്തിന്റെ സ്ഥാനത്ത് ഹൈദരാബാദിലെ PIME മിഷനറി ആയിരുന്ന ഫ്രാൻസെസ്കോ പോസ്സി വന്നു. 1866-ൽ ഇന്ത്യൻ ഹയറാർക്കി സ്ഥാപിച്ചപ്പോൾ ധാക്കായ്ക്കൊപ്പം കൃഷ്ണനഗറും കൽക്കട്ടയുടെ കീഴിലുള്ള രൂപതയിലായി. 1887 ഫെബ്രുവരി 3-ാം തീയതി ഫ്രാൻസെസ്കോ പോസ്സിയെ ഈ രൂപതയുടെ ആദ്യത്തെ ബിഷപ്പാക്കി. 1905 ഒക്ടോബർ 22-ാം തീയതി മരണമടയും വരെ അദ്ദേഹം രൂപത ഭരിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായി ബിഷപ് സന്തീനോ ടാവേഗ്ഗിയ 1906 ആഗസ്റ്റ് 23-ാം തീയതി സ്ഥാനമേറ്റു.

1904 വരെ കൃഷ്ണഗർ മിഷനിൽ മിലാൻ ഫോറിൻ മിഷനറിമാരുടെ പരിശ്രമത്തിന് വളരെ തുച്ഛമായ ഫലമേ ഉണ്ടായുള്ളു. പ്രാരംഭ ഘട്ടത്തിൽ ഡെലഗേറ്റ് അപ്പസ്റ്റോലിക്ക് സാലെസ്കി അവരെ പ്രശംസിച്ചു. പ്രോപഗണ്ട ഫിദെയുടെ പ്രീഫെക്റ്റ് കാർഡിനലിന് ഇവരെ മറ്റു മിഷനറിമർക്കു മാതൃകയായി എടുത്തുകാട്ടുകയും ശുപാർശ ചെയ്യുകയും ഉണ്ടായി. അവരുടെ തീഷ്ണതയും ഭക്തിയും അത്ര വലുതായിരുന്നു. എന്നാൽ 1902-ൽ അദ്ദേഹം അയച്ച രഹസ്യ റിപ്പോർട്ടിൽ വളരെ വ്യത്യസ്തമായ ഒരു ചിത്രമാണ് റോമിലെ തന്റെ സുപ്പീര്യറിന് അദ്ദേഹം നല്കുകന്നത്. കൃഷ്ണനഗർ മിഷൻ പിന്നോക്കാവസ്ഥയിലാണ്, PIME മിഷനറിമാരുടെ ഭാഗത്തുനിന്ന് മുൻകൈ എടുത്തുള്ള യാതൊരു പ്രവർത്തനവും ഉണ്ടാകുന്നില്ല എന്ന് അദ്ദേഹം പറയുന്നു.

"17 ദശലക്ഷം ജനസംഖ്യയുള്ള (സെൻട്രൽ ബംഗാളിലെ) കൃഷ്ണനഗർ മിഷനിൽ PIMEക്കു വെറും ഏഴു മിഷനറിമാരാണുള്ളത്. കത്തോലിക്കരുടെ എണ്ണം 4000-ൽ കവിയില്ല. ഇവിടെ കാര്യമായ സുവിശേഷപ്രവർത്തനമൊന്നും നടന്നിരുന്നില്ല. ബിഷപ് ഫ്രാൻസെസ്കോ പോസ്സി ഒരു നല്ല മനുഷ്യനാണ്, വയോവൃദ്ധനാണ്. പക്ഷേ തന്റെ മിഷനറിമാരുമായി പൊരുത്തപ്പെട്ടുപോകാൻ അദ്ദേഹത്തിന് ഒട്ടും തന്നെ കഴിയുന്നില്ല. അതുകൊണ്ട് അവരിൽ പലരും രൂപത വിട്ടുപോയി. രൂപതയിൽ ഗംഗയ്ക്കു വടക്കുള്ള പ്രദേശത്ത് ഇതുവരെ ഒരു മിഷനറിയും കടന്നുചെന്നിട്ടില്ല. നിർഭാഗ്യകരം എന്നു പറയട്ടെ മിലാനിലെ സാൻ കലോസെറോ സെമിനാരിയ്ക്ക് ആവശ്യമായ കരുത്തോ ആസ്തിയോ ഇല്ല. ഈ മിഷൻ വേറെ ഏതെങ്കിലും സന്യാസ സഭയെ ഏൽപ്പിയ്ക്കുന്നതായിരിക്കും ഉത്തമമായ മർഗ്ഗം."

മിഷന്റെ സാമ്പത്തികം വാസ്തവത്തിൽ വളരെ പരുങ്ങലിൽ ആയിരുന്നു. PIMEയുടെ ഡയറക്ടർ ജനറൽ ഗൊൺസാഗ നടത്തിയ തികച്ചും അസാധാരണമായ പരിശ്രമത്തിന്റെ ഫലമായി കടം മുഴുവൻ തീർത്തു. ഒരു പുതിയ സംഘം മിഷനറിമാരെ അയച്ചു പുതിയ ഒരു തുടക്കം കുറിച്ചു.

## 3.3. സെൻട്രൽ ബംഗാളിലെ സാന്താലുകളുടെ ഇടയിൽ ക്രൈസ്തവ മതത്തിലേക്കുള്ള ഒരു നീക്കം

കൃഷ്ണഗർ രൂപതയുടെ വടക്കൻ ജില്ലകളിൽ ഈ നൂറ്റാണ്ട് അവസാനിക്കാറായ കാലത്ത് സാന്താൽ വർഗ്ഗക്കാരുടെ ഇടയ്ക്ക് ക്രൈസ്തവ മതത്തിൽ ചേരാൻ ഒരു പൊതുജന പ്രസ്ഥാനം രൂപം കൊണ്ടു. ഈ പ്രദേശത്ത് ഇതുവരെ കത്തോലിക്കാ മിഷനറിമാർ ആരും എത്തിയിരുന്നില്ല. പ്രകൃതിയുമായി പൊരുത്തപ്പെട്ടു കഴിയുന്ന നിഷ്കളങ്കരായ ഈ ജനങ്ങൾക്കിടയിൽ ആദ്യമായി സുവിശേഷവത്കരണ ശ്രമം നടത്തിയത് ഫ്രാൻസിസ് റോക്ക ആയിരുന്നു. ബാഗുൺബാരി എന്ന ഒരു ഗ്രാമത്തിലായിരുന്നു തുടക്കം. ഇന്നത്തെ ബെനിദുവാർ എന്ന ഇടവക ദേവാലയത്തിൽ നിന്ന് രണ്ടുമൈൽ തെക്കായിരുന്നു ഈ ഗ്രാമം. ഗാബ്രിയേൽ ടോപ്പനോ എന്ന പേരുള്ള ഒരാളുടെ ക്ഷണമനുസരിച്ചാണ് ആദ്യം അവിടെ പോയത്. ഇയാൾ ചോട്ട നാഗ്പൂരിൽ നിന്ന് കുടിയേറി പാർത്ത ഒരാളായിരുന്നു. ടോപ്നോയുടെ അഞ്ചു കുട്ടികൾക്ക് ജ്ഞാനസ്നാനം നല്കാനാണ് ഫ്രാൻസിസ് റോക്കോയെ ക്ഷണിച്ചത്. അന്ന്തൊട്ട് ആണ്ടുതോറും അദ്ദേഹം ചുറ്റുപാടുമുള്ള ഗ്രാമങ്ങൾ സന്ദർശിച്ചുതുടങ്ങി. ഗാബ്രിയേൽ

ടോപ്നോ ഉപദേശിയായി അദ്ദേഹത്തെ സഹായിച്ചു. എട്ടുവർഷത്തെ കഠിനാദ്ധ്വാനത്തിനുശേഷം ഫാ. റോക്കോയ്ക്കു ശ്രദ്ധേയമായ നേട്ടമുണ്ടായി. ബാഗുബുൻഡിയിലെ മുണ്ഡകളുടെ ഇടയിലും ചോക്ഗോഡൻ-ലെ മഹാലകൾക്കിടയിലും ബെനഡ്വാറിലെ സന്താൽകൾക്കിടയിലും കത്തോലിക്കാസമൂഹങ്ങൾ രൂപംകൊണ്ടു. 1910 വരെ ഈ മിഷനുകളിലെല്ലാം പ്രവർത്തിക്കാൻ ഫാ. റോക്കോ മാത്രമേ ഉണ്ടായിരുന്നുള്ളു. ബെനഡുവാറിൽ താമസിച്ചുകൊണ്ട് അദ്ദേഹം സമൂഹങ്ങളെ കൂടെക്കൂടെ സന്ദർശിക്കും.

1910-ൽ അദ്ദേഹത്തിന്റെ സഹായത്തിനായി രണ്ടുപേരെത്തി. ഫാ. മൊൺഫ്രീനിയും ഫാ. ഫെറാറിയോയും ആയിരുന്നു അവർ. അവരുടെ വരവോടുകൂടി മിഷനിൽ പുതിയ ഉണർവുണ്ടായി. കൂടുതൽ മിഷനറിമാർ എത്തിയ സാഹചര്യം കണക്കിലെടുത്ത് ബിഷപ് ടവേഗ്ഗിയ രൂപതയിലെ രണ്ടു സന്താൽ മിഷനുകളെ രണ്ട് ഇടവകകളാക്കി ഉയർത്തി. ധൻജൂറി, ബെനീഡ്വാർ എന്ന രണ്ട് ഇടവകകൾ. രണ്ട് ഇടവകകളും പരിചയസമ്പന്നനായ ഫ്രാൻസിസ് റോക്കയുടെ കീഴിലായിരുന്നു. പുതുതായി വന്ന മിഷനറിമാർക്ക് സന്താലുകളുടെ കീഴ്വഴക്കങ്ങളും ജീവിതരീതിയും മനസ്സിലാക്കാൻ സമയം കൊടുത്തു. 1911 ആയപ്പോഴേക്കും ഫാ. ഫെറാറിയോയെ ധൻജൂറിയിലും ഫാ. മൊൺഫ്രീനിയെ ബെനീഡ്വാറിൽ ഫാ. ഫ്രാൻസിസ് റോക്കോയ്ക്കൊപ്പവും നിയോഗിച്ചു. സന്താലുകളുടെ കത്തോലിക്കാ വിശ്വാസത്തിലേക്കുള്ള നീക്കം മുതലെടുക്കുന്നതിന് ബിഷപ് ടവേഗ്ഗിയയ്ക്കു കൂടുതൽ മിഷനറിമാരെ ആവശ്യമുണ്ടായിരുന്നു. അപ്പോൾ CMSFൽ നിന്ന് മൂന്ന് മിഷനറിമാർ കൂടി വന്നപ്പോൾ അദ്ദേഹത്തിന് വളരെ സന്തോഷമായി. 1911-ൽ അദ്ദേഹം ലയൺസിലേക്കയച്ച റിപ്പോർട്ടിൽ പൊന്റിഫിക്കൽ സൊസൈറ്റി ഫോർ ദ പ്രോപഗണ്ട ഓഫ് ഫെയ്ത്തിന്റെ ഡയറക്ടേഴ്സിന് ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിന്റെ വരവ് സംബന്ധിച്ച് വിവരം നല്കി. സന്താലികളുടെ ഇടയിൽ വളരെ വിജയകരമായി പ്രവർത്തിക്കുന്ന കാര്യവും അറിയിച്ചു. സന്താലികളെ കൂടാതെ രൂപതയുടെ വടക്കേ ജില്ലകളിലുള്ള ഒറാവോൻ, പാവാർ എന്നീ വർഗ്ഗക്കാരുടെ ഇടയിലും വിജയകരമായി സുവിശേഷവത്ക്കരണം നടത്തി. അങ്ങനെ അഞ്ചു മിഷനറിമാർ കൂടി എത്തിയപ്പോൾ കൃഷ്ണഗർ രൂപതയുടെ സുവിശേഷ പ്രചരണ ത്തിന്റെ ചിത്രം അടിസ്ഥാനപരമായ മാറ്റങ്ങൾക്കു വിധേയമായി തുടങ്ങി.

### 3.4. സന്താലുകളുടെ വർഗ്ഗപരമായ ഒരു ചിത്രം

സന്താലുകൽ ഒരു വർഗ്ഗമായതിനാൽ ഹിന്ദുക്കളുടെ ഇടയിലുള്ള നീതിക്കു നിരക്കാത്ത ജാതിവ്യവസ്ഥ അവർക്കു ബാധകമല്ല. അവർക്ക് അവരുടേതായ, വർഗ്ഗത്തിന്റേതായ ഒരു മതവിശ്വാസമുണ്ട്. *സിൻ സിയാൻഡോ* ആണ് ദൈവം. *ദ്നിഡ്ഡ സിയാൻഡോ* ദൈവത്തിന്റെ ഭാര്യയാണ്. സന്താലുകൾ പന്ത്രണ്ട് ഉപവർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടിരിയ്ക്കുന്നു. കിസ്കു, ഹെംബ്രാം, സോറെൻ, ഫൂഡു, ബാസ്കേ, ബെസ്ര, പതറിയ, സിയാറേ, ബേദയ മുതലായവയാണ് ഈ ഉപവർഗ്ഗങ്ങൾ. അവരുടെ ഗ്രാമത്തിൽ ഇരുപതു മുതൽ മുപ്പതു വരെ കുടുംബങ്ങൾ, വീടുകൾ ഉണ്ടായിരിക്കും. അവരുടെ ഇടയിൽ മിഷൻ പ്രവർത്തനം തുടങ്ങുന്ന കാലത്ത് ഒരു പുരുഷന് ഒന്നിലധികം ഭാര്യമാർ ഉണ്ടായിരിക്കുക പതിവായിരുന്നു. ഫ്രാൻസിസ്കൻ ബ്രദേഴ്സും PIMEകളുമാണ് മിഷൻ പ്രവർത്തനം നടത്തിയത്. ഇവരുടെ ഇടയിൽ വിവാഹമോചനം, ഭാര്യമാരെ ഉപേക്ഷിക്കൽ വളരെ സാധാരണമായിരുന്നു. ഇതു മിഷനറിമാർക്ക് അജപാലനത്തിൽ പല പ്രശ്നങ്ങൾക്കും കാരണമായി. തങ്ങളുടെ ജീവിതത്തിലെ സംഭവങ്ങളും കൃഷിപ്പണയും ആയി ബന്ധപ്പെട്ട വിവിധ ഉത്സവങ്ങൾ ആണ്ടുതോറും ആഘോഷിച്ചിരുന്നു. വിതയും കൊയ്ത്തുമായി ബന്ധപ്പെട്ട ഉത്സവങ്ങൾ 1917-ലെ സെൻസസ് അനുസരിച്ച് ദിനാജ്പുർ ദിസ്ട്രിക്റ്റിൽ മാത്രം നൂറായിം (1,00,000) പേരുണ്ടായിരുന്നു. സെൻട്രൽ ബംഗാളിന്റെ മറ്റു ജില്ലകളിലും സന്താലുകൽ ഉണ്ടായിരുന്നു. ലളിതമായ ജീവിതമാണ് അവർ നയിച്ചിരുന്നത്. ആധുനിക പരിഷ്കാരങ്ങൾ അവരെ ബാധിച്ചിരുന്നില്ല. സന്തോഷമായി കഴിഞ്ഞിരുന്ന ഒരു വർഗ്ഗമായിരുന്നു അത്. അവർ പ്രകൃതിയോട് അടുത്ത് കഴിഞ്ഞിരുന്നു. മിഷനറിമാർ തങ്ങളുടെ വാക്കുകളിലൂടെയും ജീവിതത്തിലൂടെയും പ്രഘോഷിച്ച ദൈവവചനം അവർ തുറന്ന ഹൃദയത്തോടെ സ്വീകരിച്ചു.

### 3.5. ധൻജൂറിയിലും ബെനീഡുവാറിലും ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് സ്ഥാപിച്ച സമൂഹങ്ങൾ

1910 ആയപ്പോഴേക്കും ധൻജൂറിയിൽ എത്തിയ ബ്രദേഴ്സിന് അവിടെ സ്വന്തമായി ഒരു സമൂഹത്ത സംഘടിപ്പിക്കാൻ കഴിഞ്ഞു. ബ്ര. ഗാബ്രിയേൽ വെൻഗേർട്ട് ആയിരുന്നു അവരുടെ സുപ്പീര്യർ. 1911-ൽ ബ്ര. പൗലുസ് മോറിറ്റ്സ് ധൻജൂറിയിൽ എത്തി. ഒപ്പം ബ്ര. ഫെർഡിനൻഡ് റിറ്ററും ഉണ്ടായിരുന്നു. ഇവർ ബ്രദേഴ്സിനൊപ്പം

ദീർഘകാലം താമസിച്ചു. അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിയ്ക്കുകയും ബ്രദേഴ്സിനൊപ്പം സന്താൽ ഗ്രാമങ്ങൾ സന്ദർശിക്കുകയും ചെയ്തു. 1911 ആയപ്പോഴേക്കും കൃഷ്ണഗർ രൂപതയിലെ ദിനാജ്പുർ, മറ്റേത് ബെനീഡ്വാറിൽ, റംഗമത്തിയ പോസ്റ്റ്. ഈ സ്റ്റേഷനിൽ ധൻജൂറി മിഷന്റെ ഒരു ഭാഗം കൂടി ചേർത്തു. രണ്ടാമത്തെ മിഷൻ സ്റ്റേഷനിൽ ബ്ര. ഹെർമൻ കാറൾ ആയിരുന്നു സുപ്പീര്യർ. അദ്ദേഹത്തോടൊപ്പം ബ്രദർ ഗാർസിയയും ബ്രദർ ഫെർഡിനൻസ് റിറ്ററും ഉണ്ടായിരുന്നു. അഞ്ച് ഉപകേന്ദ്രങ്ങളും അവയോട് ചേർന്നുള്ള ഇരുപത്തഞ്ചു ഗ്രാമങ്ങളും ബ്രദേഴ്സ് അന്വേഷിയ്ക്കേണ്ടതായിട്ടുണ്ടായിരുന്നു. അവരുടെ മിഷൻ വൈദികൻ ഫാ. മൊൺഫ്രീനി ആയിരുന്നു.

1912 ആയപ്പോഴേക്കും ബ്ര. ബർണർഡ് വുൾഫ് ഇവയ്ക്കൊപ്പം ചേർന്നു. ധൻജൂറിയിൽ ആദ്യം ബ്രദേഴ്സിന് പത്തു സന്താൽ കാറ്റെക്കുമെൻ ഗ്രാമങ്ങളുടെ ചുമതലയാണ് ഉണ്ടായിരുന്നത്. 1911-ൽ അവർ ബെനീസ്വാറിൽ ഉപദേശികളെ പരിശീലിപ്പിക്കാൻ ഒരു കേന്ദ്രം തുറന്നിരുന്നു. 1913 ആയപ്പോഴേക്കും വേറൊരു ഫ്രാൻസിസ്കൻ മിഷനറി ബ്രദർ, ബ്ര. തിയൊഡോർ ലുട്സ്, കൃഷ്ണഗർ മിഷനുകളിലെ ബ്രദേഴ്സിനൊപ്പം ചേർന്നു. തന്റെ ആദ്യ വ്രതവാഗ്ദാനത്തിനുശേഷം ബ്ര. ഗാർസിയ പെരെയ്രയും കൃഷ്ണഗറിലെ സന്താൽ മിഷനിലേക്കു മടങ്ങി വന്നു. അങ്ങനെ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിന് മുമ്പ് ആറുതൊട്ട് ഒൻപതുവരെ ഫ്രാൻസിസ്കൻ ബ്രദേഴ്സ് സന്താൽ മിഷനുകളിൽ പ്രവർത്തനം നടത്തിയിരുന്നു.

1914 ആയപ്പോഴേക്കും ബ്രദർ ലോറൻസ് വേയറും ബ്രദർ റോബർട്ടും മിഷനിൽ എത്തി. CMSFൽ ചേർന്ന ആദ്യത്തെ ഇന്ത്യക്കാരിൽ ഒരാളായിരുന്നു ബ്ര. റോബർട്ട്. 1915-ൽ ആ കോൺഗ്രിഗേഷന്റെ വേറൊരു അംഗം ബ്രദർ പ്ലാസിഡ് കൃഷ്ണഗർ മിഷനിൽ പ്രവർത്തനത്തിന് എത്തി. തങ്ങളുടെ സെൻട്രൽ ബംഗാൾ മിഷനിൽ ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് വളരെ വിലപ്പെട്ട സേവനമാണ് നല്കുന്നത് എന്ന് PIME തിരിച്ചറിഞ്ഞു. 1915-ലെ മിസ്സിയോനേ കത്തോലിച്ചേയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:

ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിന്റെ തീഷ്ണതയുള്ള പ്രവർത്തനം വഴി ധാരാളം ഫലമുണ്ടായി. വലിയ വിളവെടുപ്പ് നടന്നു. അവർ ഗ്രാമങ്ങളിൽ ഓരോന്നായി സന്ദർശനം നടത്തി ഇപ്പോഴും സന്ദർശനം തുടരുന്നു. മിഷനറിമാർക്ക് അവരുടെ സേവനം ഒഴിച്ചുകൂടാൻ ആകാത്തതാണ്.

### 3.6. കൃഷ്ണഗർ മിഷനിൽ ഫ്രാൻസിസ്കൻ ബ്രദേഴ്സ് സ്വീകരിച്ച സുവിശേഷ പ്രചരണ രീതി

താഴെ കൊടുത്തിട്ടുള്ള തീയതികൾ ഫാ. ഫ്രാൻസിസ് റോക്ക സൂക്ഷിച്ചിരുന്ന 'മിഷൻ ക്രോണിക്കിൾ'ൽ നിന്ന് എടുത്തിട്ടുള്ളവയാണ്. സാന്താൽ മിഷനിലെ പ്രാഥമിക മിഷനറി ആയിരുന്നു ഇദ്ദേഹം. ആദ്യസംഘം ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിനൊപ്പം സന്താൽ മിഷനിൽ പ്രവർത്തിച്ച, പണിയെടുത്ത ആളാണ് ഇദ്ദേഹം. ദിനാജ്പൂർ ഡിസ്ട്രിക്റ്റിലെ ഈ ആദ്യമിഷനറിമാർ പിന്തുടർന്ന രീതി അടിസ്ഥാനപരമായി യാത്ര ചെയ്യുക എന്നതായിരുന്നു. അതായത് ഒരു ഗ്രാമത്തിൽ നിന്ന് വേറൊന്നിലേക്ക് പോരുക - ഒരു സംഘം ബ്രദേഴ്സും അവർക്കൊപ്പം ഒരു വൈദികനും ഉണ്ടായിരിക്കും. ഓരോ ഗ്രാമത്തിലും കുറെ ഏറെ സമയം ചെലവഴിക്കും. ഇങ്ങനെ അവർ സന്താലുകളുടെ നിരവധി ഗ്രാമങ്ങൾ സന്ദർശിച്ചു. ഓരോ ഉപകേന്ദ്രത്തിലും ഒരാഴ്ചയിലധികം താമസിക്കും. ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലെ ക്രിസ്തുമതം സ്വീകരിയ്ക്കുന്നതിനുള്ള ഒരുക്കമായി മതബോധനം സ്വീകരിക്കുന്നവരെ സന്ദർശിക്കും. അവർക്ക് മതബോധനം നല്കാനും കൂദാശകൾ പരികർമ്മം ചെയ്യാനുമാണ് ഈ സന്ദർശനങ്ങൾ. 1911-1912 കാലയളവിൽ വളരെ ചിട്ടയായി പ്ലാൻ ചെയ്ത ഒരു മിഷൻയാത്രയിൽ ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് മിഷൻ വൈദികനൊപ്പം വിവിധ സന്താൽ ഗ്രാമങ്ങൾ സന്ദർശിച്ചു എന്ന കാണുന്നു.

1911 ആഗസ്റ്റ് 15-ാം തീയതി തൊട്ട് ഡിസംബർ 31-ാം തീയതി വരെ ബ്ര. ഹെർമാനും ബ്ര. ഫെർഡിനാൻഡും ഫാ. ഫ്രാൻസിസ് റോക്കക്കൊപ്പം ഗ്രാമങ്ങൾ സന്ദർശിച്ചു.

1912 ജനുവരി 14-ാം തീയതി തൊട്ട് ഫെബ്രുവരി 23-ാം തീയതി വരെ ബ്രദർ ബർണാർഡും ഫാ. റോക്കയും ഗ്രാമങ്ങൾ സന്ദർശിച്ചു.

1912 ഫെബ്രുവരി 23-ാം തീയതി തൊട്ട് ഏപ്രിൽ 30 വരെ ഹെർമാൻ, ബർണർഡ്, ഗാർസിയ എന്നീ ബ്രദേഴ്സ് ഫാ. സ്റ്റീഫൻ മൊഫ്രീനിക്കൊപ്പം ഗ്രാമങ്ങൾ സന്ദർശിച്ചു.

1912 മേയ് 17-ാം തീയതി തൊട്ട് ആഗസ്റ്റ് 15 വരെ ബ്രദർ ഹെർമനും ബ്രദർ ഗാർസിയയും ഫാ. ഫെറാറിയോയ്ക്കൊപ്പം സന്താൽ ഗ്രാമങ്ങൾ സന്ദർശിച്ചു.

ഇതേ മിഷൻ ക്രോണിക്കിളിൽ 1913 – 14 വർഷവും ഇത്തരം മിഷൻ സന്ദർശനങ്ങൾ സംബന്ധിച്ച കുറിപ്പുകൾ കാണുന്നുണ്ട്. ബ്ര. പൗലുസ് മൊറിറ്റ്സ് പറയുന്നത് ബ്രദേഴ്സിന്റെ വിഷമതൾ നിറഞ്ഞ സുവിശേഷ പ്രചരണ യത്നങ്ങളിലൂടെ ധൻജൂറി മിഷനിൽ 119 ഗ്രാമങ്ങളും ബെതീദ്വാർ മിഷനിൽ എഴുപത്തഞ്ചു ഗ്രാമങ്ങളും അന്ധാരികോട്ട എന്ന വേറൊരു സ്റ്റേഷനിൽ നാലു ഗ്രാമങ്ങളും ദൈവവചനം ശ്രവിച്ചു. ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടും മുമ്പ് CMSF ബ്രദേഴ്സ് അന്ധാരികോട്ടയിൽ ദൈവവചനം പ്രസംഗിച്ചു തുടങ്ങിയിരിക്കാം.

ദിനാജ്പൂർ ഡിസ്ട്രിക്റ്റിൽ ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് എന്തുമാത്രം പ്രവർത്തനങ്ങൾ നടത്തിയിരുന്നു എന്ന് മനസ്സിലാക്കാൻ ഫാ. ഫ്രാൻസിസ് റോക്ക സൂക്ഷിച്ചിരുന്ന ക്രോണിക്കിളിൽ കൊടുത്തിരുന്ന സ്ഥിതിവിവര കണക്കുകൾ പരിശോധിച്ചാൽ മാത്രം മതി. ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്ന സമയം ബെനീഡ്വാറിൻ കീഴിൽ മാത്രം ഇരുപത്തെട്ട് ഉപ-മിഷൻ കേന്ദ്രങ്ങളുണ്ടായിരുന്നു. തൊണ്ണൂറ് ഗ്രാമങ്ങൾ ഇവയുടെ കീഴിലുണ്ടായിരുന്നു. ഈ ഗ്രാമങ്ങളിലെല്ലാംകൂടി പുതുതായി കത്തോലിക്കരായ 2215 പേരുണ്ടായിരുന്നു. 43 ഉപദേശികളും 260 മതപരിവർത്തനത്തിനൊരുങ്ങുന്നവരും ഉണ്ടായിരുന്നു. 27 ദേവാലയങ്ങളും കപ്പേളകളും നല്ല രീതിയിൽ നടത്തിയിരുന്ന പന്ത്രണ്ടു ഗ്രാമീണ വിദ്യാലയങ്ങൾ. ബ്രദേഴ്സിന്റെ ചെലവിനുള്ള പണം അവരുടെ സഭ തന്നെ നല്കിയിരുന്നു. കൃഷ്ണഗർ രൂപത അവർക്ക് താമസസൗകര്യം മാത്രമേ നൽകിയിരുന്നുള്ളു.

### 3.7. കൃഷ്ണഗറിൽ ബ്രദേഴ്സ് നടത്തിയിരുന്ന പ്രവർത്തനങ്ങളെ ഒന്നാം ലോകമഹായുദ്ധം താറുമാറാക്കി

ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുംമുമ്പ് ബ്രദേഴ്സിന്റെ പ്രവർത്തനങ്ങൾ വളരെ വിജയകരമായി നടന്നിരുന്നു. യുദ്ധം തുടങ്ങിതോടെ പ്രവർത്തനങ്ങളും പൊടുന്നനവേ നിലച്ചു. 1915 സെപ്തംബർ ആയപ്പോഴേക്കും ബ്രിട്ടീഷ് കോളനികളിൽ ഉണ്ടായിരുന്ന എല്ലാ ജർമ്മൻ പൗരന്മാരെയും ആസ്ട്രോ-ഹംഗേറിയൻ പൗരന്മാരെയും അറസ്റ്റ് ചെയ്ത് തടങ്കലിൽ വച്ചു കഴിഞ്ഞു. ഇന്ത്യയിൽ ഉണ്ടായിരുന്ന ഈ രാജ്യങ്ങളിലെ പൗരന്മാരായ എല്ലാ CMSF ബ്രദേഴ്സിനും ഇതുതന്നെ സംഭവിച്ചു. കൃഷ്ണഗറിൽ പ്രവർത്തിച്ചിരുന്ന ജർമ്മൻ ബ്രദേഴ്സിനെയും ഈ രീതിയിൽ കൈകാര്യം ചെയ്തു. അവരെ എല്ലാം അറസ്റ്റ് ചെയ്ത് അഹമ്മദ്നഗറിലെ യുദ്ധതടവുകാർക്കുള്ള

ക്യാമ്പിലേക്കു കൊണ്ടുപോയി. ഫാ. ഫ്രാൻസിസ് റോക്ക തന്റെ മിഷൻ ക്രോണിക്കിളിൽ ഇങ്ങനെ എഴുതി:

"1915 സെപ്തംബർ പകുതിയോടെ ബ്രദേഴ്സിനെ അഹമ്മദ് നഗറിലെ തടങ്കൽപാളയത്തിലാക്കി. ബ്ര. ഫെർഡിനാൻഡിനും ബ്ര. ലോറൻസിനും ബെനീസ്വർ വിട്ടുപോകേണ്ടി വന്നു. ഇന്ത്യാക്കാരനായി ആ കേന്ദ്രത്തിൽ ബ്ര. ഗാർസിയ മാത്രമായി. ധാൻജൂറിയിൽ ബ്ര. ഫെർഡിനാൻഡിനെയും ബ്ര. പ്ലാസിഡിനെയും അറസ്റ്റ് ചെയ്തു. തന്നെയും താമസിയാതെ അറസ്റ്റ് ചെയ്യും എന്ന വിവരം ബ്ര. ലോറൻസിന് ലഭിച്ചു. അപ്പോൾ ബ്രദർ പനിപിടിച്ച് ഡാൾട്ടൻഗഞ്ജിനടുത്തുള്ള ഡിജാം നഗറിൽ കിടപ്പായിരുന്നു. അദ്ദേഹത്തിന് ഉടൻ തന്നെ ദിനാജ്പൂർ വിടേണ്ടിയിരുന്നു. മറ്റുള്ളവർക്കൊപ്പം അഹമ്മദ്നഗറിലേയ്ക്കു പോകേണ്ട ആളായിരുന്നു ബ്രദറും."

ബ്ര. ഗാർസിയ പെരെയ്ര മാത്രം ഫാ. സ്റ്റീഫൻ മൊൺഫ്രീനിക്കൊപ്പം തുടർന്നു. ബെനിഡ്വറിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ബ്രദറിന്റെ സഹസന്യസ്തരായിരുന്ന ജർമ്മൻ പൗരന്മാരെ എല്ലാം അഹമ്മദ്നഗറിൽ യുദ്ധതടവുകാർക്കായുള്ള പാളയത്തിൽ തടങ്കലിൽ വച്ചു. പൂനയ്ക്ക് അടുത്താണ് അഹമ്മദ്നഗർ.

### 4.1. മീററ്റ് ഡിസ്ട്രിക്റ്റിലെ ചാമാർ മിഷനുകളും ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സും

ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനുമുമ്പ് ആഗ്ര അതിരൂപതയുടെ മീററ്റ് ഡിസ്ട്രിക്റ്റിൽ ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ചും വിശദമായ ഒരന്വേഷണം തുടങ്ങുന്നതിന് മുമ്പ്, ആ മിഷൻ കപ്പുച്ചിൻ സഭക്കാരുടെ ടുസ്കാനിയൻ പ്രോവിൻസിന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടത് എന്ന് അന്വേഷിക്കുന്നത് വളരെ നന്നായിരിക്കും. പുറജാതി പുറജാതിക്കാരോട് സുവിശേഷം പ്രസംഗിക്കുന്നതിൽ അവർക്കു ഫലപ്രദമായി ഒന്നും തന്നെ ചെയ്യാൻ കഴിഞ്ഞില്ല.

ടിബറ്റ് - ഹിന്ദുസ്ഥാൻ പ്രീഫെക്ച്ചർ അപ്പസ്റ്റോലിക്കിനെ 1820-ൽ ആഗ്ര വികാരിയേറ്റ് അവ്സ്റ്റോയിക്ക് ആക്കി. മോൺ ലൂയിസ് മിക്കാര (കപ്പുച്ചിൻ) വികാർ അപ്പസ്റ്റോലിക്ക് ആയി. ഇദ്ദേഹം ഫ്രസ്കാറ്റിയിൽ നിന്നായിരുന്നു. അദ്ദേഹം ഇന്ത്യയിലേക്കും പുറപ്പെട്ടില്ല. അതിനു മുമ്പേ അദ്ദേഹത്തെ ഒരു കാർഡിനൽ ആക്കി. അദ്ദേഹത്തിന്റെ പിൻഗാമിയായി ഫ്ളോറൻസുകാരൻ മോൺ. മറിയ സനോബിയസ്

ഫെനൂച്ചി, 1824-ൽ ആഗ്രയിലെത്തി. അതിനുമുമ്പ് റിയോഡി ജനെയിറോയിൽ വച്ച് അദ്ദേഹത്തെ ബിഷപ്പായി അഭിഷേകം ചെയ്തിരുന്നു. ഇദ്ദേഹത്തിന്റെ പിൻഗാമികളായി വന്ന ലോഡിയിൽ നിന്നുള്ള മോൺ. പെസ്സോണിയും മോൺ. ആന്റണി സോർഗിയും കപ്പുച്ചിൻ സഭാംഗങ്ങളായിരുന്നു. മോൺ. ബോർഗിയുടെ മിഷനറി പ്രദേശങ്ങളെ വിഭജിച്ചു രണ്ടു വികാരിയേറ്റുകളാക്കി: ആഗ്ര, പാറ്റ്ന. 1846-ൽ വികാരിയേറ്റിന്റെ ഭാഗമായിരുന്ന ടിബറ്റ് രാജ്യത്തെ പാരിസ് ഫോറിൻ മിഷനറി സൊസൈറ്റിയെ ഏല്പിച്ചു. 1861-ൽ അലഹബാദ്, ഔഡ്, കാൺപൂർ, ബുന്ദേൽഖണ്ഡ്, സാഗോർ, ഭോപാൽ എന്നീ ഡിസ്ട്രിക്റ്റുകളെ പാറ്റ്ന വികാരിയേറ്റിൽ ചേർത്തു. 1860-ൽ കുമവോൻ, ആൽമോറ എന്നീ ഡിസ്ട്രിക്ററുകളും ഈ വികാരിയേറ്റിൽ ചേർത്തു. അതേ വർഷം പഞ്ചാബ് വികാരിയേറ്റ് അപ്പസ്റ്റോലിക്ക് ആഗ്രയിൽ നിന്ന് വേർപെടുത്തി. അവസാനം ഇന്ത്യൻ ഹയറാർക്കി സൃഷ്ടിച്ചപ്പോൾ അതായത് 1886-ൽ ആഗ്രയെ ഒരു മെട്രോപോളിറ്റൻ സീ ആയി ഉയർത്തി. ലാഹോറും അലഹബാദും ഇതിന്റെ കീഴ്‌രൂപതകളും (സഫ്രഗൻ) ആയി. വിശാലമായ ആഗ്ര അതിരൂപത യിൽ പുറജാതിക്കാരുടെ മാനസാന്തരം ലക്ഷ്യമാക്കി പ്രവർത്തനങ്ങൾ ഒന്നും തന്നെ നടന്നിരുന്നില്ല. ബോംബെ മിഷന്റെ ചരിത്രമെഴുതിയ ഏണസ്റ്റ് മാൾ പറഞ്ഞത് ഇന്ത്യൻ രൂപതകളിൽ തദ്ദേശവാസികളായ ഹിന്ദുക്കളുടെ ഇടയിൽ മിഷൻ പ്രവർത്തനങ്ങൾ തീരെ നടക്കുന്നില്ല എന്നാണ്. ഇത് ആഗ്രമിഷനെ സംബന്ധിച്ചും ശരിയായിരുന്നു. കപ്പുച്ചിൻ സഭക്കാരാണ് ആഗ്രമിഷന്റെ ചുമതല വഹിച്ചിരുന്നത്. മിഷനറിമാർ എന്ന് അറിയപ്പെട്ടിരുന്ന അവർ പട്ടാളത്തിലോ, റയിൽവേ യിലോ ചാപ്ലന്മാരായിരുന്നു. അത്രമാത്രം തലമുറകളായി കത്തോ ലിക്ക രായിരുന്നവർക്കും അവരുടെ ശുശ്രൂഷ ലഭിച്ചു. പ്രോപഗണ്ട മിഷൻ എന്ന് പറയുമ്പോൾ ഉദ്ദേശിക്കുന്ന തരത്തിലുള്ള ഒരു മിഷനും ഇല്ലായിരുന്നു. ഇടയ്ക്കിടെ നടത്തുന്ന ഇടവക പ്രവർത്തനം; മിക്കവാറും വിവിധ സ്ഥലങ്ങളിൽ പോയി നല്കിയിരുന്ന ശുശ്രൂഷ. വിശ്വാസപ്ര ചരണത്തിനായി സംഘടിതമായോ ചിട്ടപ്പെട്ടോ ഒരു പ്രവർത്തനവും നടന്നിരുന്നില്ല. ആഗ്ര മിഷനറിമാർ സുവിശേഷ പ്രചരണത്തിൽ താത്പര്യം കാണിക്കുന്നില്ല എന്നു സലെസ്കി അവരെ കുറ്റപ്പെടുത്തുന്നു. ഈ നാട്ടുകാരെപ്പറ്റി (പുറജാതിക്കാരെ) തികഞ്ഞ പുച്ഛമാണ് അവർക്കെന്ന് അദ്ദേഹം പറയുന്നു.

### 4.2. കപ്പുച്ചിൻ സഭയുടെ ടുസ്കാനിയൻ പ്രോവിൻസും ആഗ്രമിഷനും പുറജാതിക്കാരുടെ ഇടയിൽ പ്രവർത്തിക്കാൻ ആർച്ചുബിഷപ് ഇമ്മാനുവൽ വാൻ ഡെൻ ബോസ്ക് നടത്തിയ ശ്രമങ്ങൾ

1891 ഒക്ടോബർ 14-താം തീയതി ലാഹോർ ബിഷപ് ജാക്കോപ്പറ്റ് അന്തരിച്ചു. അപ്പോൾ മോൺ. ഇമ്മാനുവൽ ഷാൻ ഡെൻ ബോസ്കിനെ ആർച്ചുബിഷപ്പാക്കി ആഗ്രയിലേക്കു സ്ഥലം മാറ്റി. ഇദ്ദേഹം ഒരു ബൽജിയൻ കപ്പുച്ചിൻ ആയിരുന്നു. അതുവരെ ആഗ്ര അതിരൂപതയിലെ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ട ആളുകളെ വിവിധ കപ്പുച്ചിൻ പ്രോവിൻസുകളിൽ നിന്നാണ് എടുത്തിരുന്നത്. ഈ രീതിക്കു അതിന്റേതായ ബുദ്ധിമുട്ടുകളും പരിമിതികളും ഉണ്ടായിരുന്നു. മിഷന്റെ ഭരണം സംബന്ധിച്ചിടത്തോളം ഈ രീതി ഫലപ്രദമായിരുന്നില്ല. ഈ സാഹചര്യത്തിൽ പ്രശ്നപരിഹാരത്തിനായി ആഗ്ര മിഷനെ സഭയുടെ ഒരൊറ്റ പ്രോവിൻസിന്റെ ചുമതലയിലാക്കി. ടസ്കനി പ്രോവിൻസിനെയാണ് ഈ ചുമതല ഏല്പിച്ചത്. ഇതു നടപ്പിലാക്കിക്കൊണ്ട് 1892 ഡിസംബർ 14-ാം തീയതി പ്രോപഗണ്ട ഒരു ഡിക്രി (ഉത്തരവ്) പുറപ്പെടുവിച്ചു.

തന്റെ കീഴിലുള്ള വിശാലമായ മെട്രോപോളിറ്റൻ രൂപതയിലെ അജപാലന ശുശ്രൂഷയിൽ ആർച്ചുബിഷപ് വാൻ ഡെൻ ബോസ്ക്, ആ കാലയളവിൽ പ്രോപഗണ്ട സ്വീകരിച്ചിരുന്ന നയം തന്നെ പിന്തുടർന്നു. അതായത് പുറജാതിക്കാരുടെ ഇടയിലുള്ള പ്രവർത്തനം പുനരാരംഭിക്കുക. ആർച്ചുബിഷപ്പിന്റെ ഈ നയത്തിന് ഇന്ത്യയിലെ അപ്പസ്റ്റോലിക് ഡെലഗേറ്റ് ആർച്ചുബിഷപ് എൽ. സലെസ്കിയുടെ ശക്തമായ പിന്തുണ ലഭിച്ചു. തങ്ങളുടെ രൂപതകളിൽ സുവിശേഷവത്കരണം നേരിട്ടുനടത്താൻ 1893, മാർച്ച് 19-ാം തീയതി പുറപ്പെടുവിച്ച നിർദ്ദേശങ്ങളിലൂടെ പ്രോപഗണ്ട ഇന്ത്യയിലെ ബിഷപ്പുമാരെ ആഹ്വാനം ചെയ്തിരുന്നു. ഇപ്രകാരം പ്രവർത്തിക്കാൻ ബിഷപ്പ്മാരെ പ്രേരിപ്പിക്കാൻ റോമിന്റെ ഇന്ത്യയിലെ പ്രതിനിധി ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ടുസ്കാനിയൻ പ്രോവിൻസിൽ നിന്ന് വന്ന കപ്പുച്ചൻ മിഷനറിമാർക്ക് ഈ പരിപാടി നടപ്പാക്കാൻ വലിയ താത്പര്യമില്ലായിരുന്നു. പട്ടാളത്തിലും റയിൽവേയിലും സേവനം അനുഷ്ഠിച്ച് അവിടെ ലഭ്യമായിരുന്ന ജീവിത സൗകര്യങ്ങൾ ആസ്വദിക്കാനായിരുന്നു അവരുടെ താത്പര്യം. അവരിൽ ചിലർ യൂറോപ്യൻസിനും ആംഗ്ലോഇന്ത്യൻസിനും മാത്രമായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പണിയെടുത്തിരുന്നു. 1892 മുതൽ 1902 വരെയുള്ള കാലഘട്ടത്തിൽ

സലെസ്കി റോമിലേക്കയച്ച നയതന്ത്ര റിപ്പോർട്ടുകളിൽ ഒന്നിലും ആഗ്രയിലെ ടുസ്കാനിയൻ കപ്പുച്ചിൻസിനെ പ്രകീർത്തിച്ചുകൊണ്ട് യാതൊന്നും പറഞ്ഞിട്ടില്ല. നേരെ മറിച്ച് അവർ പ്രാദേശിക മിഷനെ പൂർണ്ണമായി അവഗണിക്കുന്നു എന്നും ഈ നാട്ടുകാരോട് അവർക്ക് തികഞ്ഞ പുച്ഛമാണ് എന്നും പറയുന്നു. ഇതിന് അവരെ കുറ്റപ്പെടുത്തുന്നു. സലെസ്കി പ്രോപഗണ്ടക്ക് അയച്ച രഹസ്യറിപ്പോർട്ടുകളിൽ ഒന്നിൽ നിന്നും ഒരു ഭാഗം ഉദ്ധരിക്കാം.

‘‘ആഗ്രമിഷനിലെ ടസ്കൻ പ്രോവിൻസിൽ നിന്നുള്ള കപ്പുച്ചിൻ വൈദികർക്കു സന്യസ്തരുടെയോ പ്രേഷിത പ്രവർത്തനത്തിന്റെയോ അരൂപി ഒട്ടും ഇല്ല. ആശയടക്കത്തിന്റെയും ദാരിദ്ര്യത്തിന്റെയും മനോഭാവം നഷ്ടമായിരിക്കുന്നു. കപ്പുച്ചിൻസിന്റെ വ്യക്തിത്വം അടങ്ങിയിരിക്കുന്ന സവിശേഷതകളാണല്ലോ ഇവ. അവർക്ക് ഈ നാട്ടുകാരെ പുച്ഛമാണ്. അവർ ഒരിക്കലും ഗ്രാമങ്ങളിൽ പോകാറില്ല. പട്ടാളത്തിലും റയിൽവേയിലും ചാപ്ലൻസായിരുന്ന് അവിടെ നിന്ന് ലഭിക്കുന്ന സുഖസൗര്യങ്ങൾ ആസ്വദിക്കാനാണ് അവർക്കിഷ്ടം. അവർ അതുകൊണ്ട് തൃപ്തരാണ്.’’

പുറജാതിക്കാരുടെ ഇടയിൽ മിഷൻ പ്രവർത്തനങ്ങൾ നടത്താൻ ആവശ്യമായ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ മോൺ. വാൻ ഡെൻ ബോഷ്ന്കിനു കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ടസ്കനിയിൽ നിന്നുള്ള സഹസന്യസ്തർ അദ്ദേഹത്തിന്റെ എതിരാളികളായി. കാരണം അദ്ദേഹം അന്യരാജ്യക്കാരനായിരുന്നു. അദ്ദേഹം ദീർഘകാലം അനുഭവിച്ചിരുന്ന പ്രത്യേക സൗകര്യങ്ങൾ, പട്ടാളത്തിലും റയിൽവേയിലും ചാപ്ലിൻസിനു ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ അനുഭവിക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും ചെയ്തു. അതുപോലെ തന്നെ യൂറോപ്യൻസിന്റെ കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകർ എന്ന നിലയ്ക്കുള്ള ആനുകൂല്യങ്ങളും ആർച്ചുബിഷപ് ചില സ്കൂളുകൾ അദ്ധ്യയനത്തിനായി രൂപീകരിച്ച സഭയായ ഐറിഷ് പട്രീഷ്യൻ ബ്രദേഴ്സിനെ ഏല്പിച്ചു. പുറജാതിക്കാരുടെ ഇടയിൽ പ്രവർത്തിക്കാൻ ഏതാനും വൈദികരെ ലഭ്യമാക്കുക എന്നതായിരുന്നു ഉദ്ദേശം. എന്നാൽ ആർച്ചുബിഷപ്പിന്റെ ഈ നീക്കം കടന്നൽകൂട്ടിൽ കല്ലെറിയുന്നതുപോലെ ആയി. അതുപോലെ തന്നെ അതിരൂപതയിൽ പണിയെടുത്തിരുന്ന ഏതാനും ഐറിഷ് കുപ്പൂച്ചൻ വൈദികരെ വിവിധ ഉദ്യോഗങ്ങളിൽ നിയമിച്ചതും ടസ്കൻ കപ്പുച്ചൻസിന്റെ രൂക്ഷമായ

പ്രതിഷേധത്തിന് കാരണമായി. ആഗ്ര അതിരൂപതയിൽ ഏതാനും ഡച്ചു കപ്പുച്ചിൻസിനെ കൊണ്ടുവരാനുള്ള ശ്രമത്തെയും അവർ ചെറുത്തു. ടസ്കൻ കപ്പുച്ചിൻസിന്റെ അയവില്ലാത്തതും ഉറപ്പുനല്കുന്നതുമായ ഈ നിലപാട് അപ്പസ്റ്റോലിക്ക് ഡെലഗേറ്റ്ന് ഒട്ടും സ്വീകാര്യമായിരുന്നില്ല. ഇവർ കപ്പുച്ചൻ സഹോദരന്മാരല്ല. 'ബാർസഗ്ലേറ്റ്' ആണ് എന്ന് അദ്ദേഹം പറഞ്ഞു. ടസ്കൻ കപ്പുച്ചിൻസിന്റെ നിയമരാഹിത്യനിലപാടിനെപ്പറ്റി കൂടുതൽ ഒന്നും പറഞ്ഞിട്ടു കാര്യമില്ല. ഇവർ തമ്മിലുള്ള അകൽച്ച ഒരിക്കലും പരിഹരിക്കാനാകാത്ത ഒരു ഘട്ടത്തിലെത്തി. ഇത് തീഷ്ണതയുള്ള, നല്ലവനായ ബിഷപ്പിന്റെ മാനസികമായ തകർച്ചയ്ക്ക് കാരണമായി. അദ്ദേഹത്തെ കാലാവധി തീരും മുമ്പേ ഉദ്യോഗത്തിൽ നിന്ന് നീക്കം ചെയ്യേണ്ടി വന്നു. തന്റെ സ്വദേശമായ ബൽജിയത്തിലേക്ക് അദ്ദേഹത്തെ മടക്കി അയച്ചു. 1887-ൽ അദ്ദേഹം ആഗ്രയിലെ ബിഷപ് എന്ന സ്ഥാനം രാജിവച്ച് ഉപേക്ഷിച്ചു. ബൽജിയത്തിലെ ബർഗസ് എന്ന സ്ഥലത്തുള്ള പ്രോവിൻസിന്റെ ഭവനത്തിൽ ഏകാന്ത ജീവിതം നയിച്ചു. ഇവിടെവച്ച് 1920 ഒക്ടോബർ 15-ാം തീയതി അദ്ദേഹം ചരമമടഞ്ഞു.

### 4.3 ആർച്ച് ബിഷപ് കയിറോ ജെന്റീലിയും ആഗ്രയിലെ പുറജാതിക്കാരുടെ മിഷനും

വ്യസനിപ്പിക്കുന്ന സാഹചര്യങ്ങളിലാണ് വാൻ ഡെൻ ബോസ്ക്ന് ആഗ്ര രൂപതയിൽ നിന്ന് പോകേണ്ടി വന്നത്. 1894 മുതൽ ഒഴിഞ്ഞു കിടന്ന ഈ രൂപതയാണ് ബിഷപ് കയിറോ ജെന്റീലിയെ അലഹബാദിൽ നിന്ന് അപ്പോഴാണ് ആഗ്രയിലേക്കു സ്ഥലം മാറ്റിയത്. ബൊളോഞ്ഞ കപ്പുച്ചിൻ പ്രോവിൻസിലെ അംഗമായിരുന്ന മോൺ. ജെന്റീലി ഇതിനുമുമ്പു തന്നെ അലഹബാദ് മിഷനിൽ ഒരു മിഷനറി ആയിരുന്നു. ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഒരു മിഷനറി എന്ന രീതിയിൽ അദ്ദേഹത്തിന് ധാരാളം അനുഭവസമ്പത്തുണ്ടായിരുന്നു. തീഷ്ണതയുണ്ടെങ്കിലും ആരോഗ്യം തകരാറിലായതുകൊണ്ട് വാൻ ഡെൻ ബോസ്ക് പരാജയപ്പെട്ടിടത്ത് ആർച്ച്ബിഷപ് ജെന്റീലി വിജയം നേടി. മീററ്റിലെ മിലട്ടറി ചാപ്ലനും പിൽക്കാലത്ത് ഏയ്ഡനിലെ വികാർ അപ്പസ്റ്റോലിക്കുമായ ഫാ. ഫിലിപ്പ പ്രെസ്സൂത്തിയുടെ പിന്തുണയും സഹകരണവും കൊണ്ട് ആർച്ചുബിഷപ് ജെന്റീലി പുറജാതിക്കാരുടെ ഇടയിൽ മിഷൻ പ്രവർത്തനത്തിൽ ശ്രദ്ധ ഊന്നി. ആഗ്ര മിഷനിൽ ഏതാണ്ട് പൂർണ്ണമായും അവഗണിക്കപ്പെട്ടിരുന്ന ഒരു മേഖല

ആയിരുന്നു ഇത്. 1898 മുതൽ അദ്ദേഹം അനേകം ഗ്രാമങ്ങളിൽ മിഷൻ കേന്ദ്രങ്ങൾ തുറന്നു. ഡാസ്ന, ദെഫാമ്പ, ജാൻഗോഗർ, ജാം ഗേത്തി തുടങ്ങിയ ഗ്രാമങ്ങൾ. ഇവയെല്ലാം അതിരൂപതയുടെ മീററ്റ് ഡിസ്ട്രിക്റ്റിൽ ആയിരുന്നു.

**4.4 വടക്കേ ഇന്ത്യയിൽ ചാമറുടെ ഇടയിൽ ക്രൈസ്തവ വിശ്വാസം സ്വീകരിക്കാൻ ഒരു പ്രസ്ഥാനം**

ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ കർക്കശമായ ജാതിവ്യവസ്ഥ നിലവിലിരുന്ന സമൂഹത്തിൽ ചാമർ ഒരു താഴ്ന്ന ജാതി ആയിരുന്നു. ഹിന്ദുക്കൾ ജാതിഭ്രഷ്ഠു കല്പിച്ചിരുന്നവരുടെ കൂട്ടത്തിൽ ഏറ്റം വലിയ കൂട്ടം ചാമർ ആയിരുന്നു. ഗാന്ധിയാണ് ഇവരെ 'ഹരിജൻ' എന്ന് വിശേഷിപ്പിച്ചു തുടങ്ങിയത്. ഹരിജൻ എന്നു പറഞ്ഞാൽ 'ദൈവത്തിന്റെ ജനം' എന്നർത്ഥം. 'ദൈവത്തിന്റെ മക്കൾ', ഹിന്ദുക്കളുടെ കർശനമായ ജാതിവ്യവസ്ഥയിൽ ഇന്നും ഏറ്റം താഴ്ന്ന ജാതിയാണ് ചാമർ. പരമ്പ രാഗതമായി അവർ ചെയ്തിരുന്ന തൊഴിൽ തുകൽ ഉറയ്ക്കിടുകയാണ്. ഇന്നു ഈ തൊഴിൽ ചെയ്യുന്നവർ എന്ന അർത്ഥത്തിലാണ് ചാമർ എന്ന പദം പ്രയോഗിക്കുന്നത്. 1859-ൽ ഡൽഹിയിലും പ്രാന്തപ്രദേ ശങ്ങളിലും ചാമറുടെ ഇടയിൽ ക്രൈസ്തവ മതം സ്വീകരിക്കുന്നതിന് ഒരു ജനകീയ പ്രസ്ഥാനം രൂപം കൊണ്ടു. ക്രൈസ്തവരായാൽ ഹിന്ദുക്കളുടെ ജാതിവ്യവസ്ഥ അവർക്കു നല്കിയ അടിമത്തത്തിന്റെയും ചൂഷണത്തിന്റെയും ചങ്ങല, വിലങ്ങുകൾ പൊട്ടിക്കാൻ കഴിയും. മനുഷ്യൻ എന്ന നിലയിൽ അവർക്കുള്ള അവകാശങ്ങളും അന്തസ്സും മാനിക്കപ്പെടും. ഈ പ്രസ്ഥാനം ഇന്ത്യയുടെ 28 പ്രദേശങ്ങളിലേക്ക് വ്യാപിച്ചു. ഏതാണ്ട് നൂറായിരം ചാമർ ജാതിക്കാർ ക്രിസ്തുമതം സ്വീകരിച്ചു. ഇതിന്റെ ഫലം ഇരുപതാം നൂറ്റാണ്ടിൽ ഉടനീളം അനുഭവപ്പെട്ടു. ആഗ്ര അതിരൂപതയിലെ മീററ്റ് ഡിസ്ട്രിക്റ്റിൽ ധാരാളം ചാമർ ഉണ്ടായിരുന്നു. കത്തോലിക്കാ മിഷനറിമാരുടെ വേദപ്രചരണ ത്തോട് അവർ നല്ല രീതിയിൽ പ്രതികരിച്ചു. 1911-ലെ സെൻസസ് കണക്കനുസരിച്ച് മീററ്റ് ഡിസ്ട്രിക്റ്റ് 2,36,684 ചാമാർ വിഭാഗക്കാർ ഉണ്ടായിരുന്നു. ഇവരുടെ ഇടയിലാണ് ആഗ്ര അതിരൂപത മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഫാ. ഫിലിപ്പ് പ്രസ്യുത്തി ഇത്തരത്തി ലൊരു മിഷൻ ആദ്യമായി തുടങ്ങിയത് ദാസ്ന എന്ന ഗ്രാമമായിരുന്നു. മീററ്റിൽ നിന്ന് ഏകദേശം നാല്പതുമൈൽ അകലെയുള്ള ഒരു വലിയ ഗ്രാമം. മിസ് ജാക്സൺ എന്ന പേരുള്ള ഒരു ഇംഗ്ലണ്ട് വനിത ഫാ. ഫിലിപ്പിന് ഒരു വസ്തുവും വീടും ദാനമായി നല്കിയിരുന്നു. ഒരു മിഷൻ തുടങ്ങാനായിരുന്നു ഈ സംഭാവന.

1920–ൽ ജാക്കോമോഡി സാൻ മാർസെല്ലോ, കൊദാറ ദാ ഫാൻട്ടോണ, പൗലോ ദാ ലൂപിജ്ഞാനോ, സിംഫോറി യാനോ ദാ ചിസ്തോയ എന്നീ കപ്പുച്ചിൻ മിഷനറിമാർ മീററ്റിലെ ചാമാർ മിഷനുകളിൽ പ്രവർത്തിച്ചിരുന്നവരായിരുന്നു. 1907–ൽ ദാസ്ന മിഷന്റെ കീഴിലുള്ള ഗ്രാമങ്ങൾ നഹാൾ, നോർപൂർ, ഗാലൗദ്, കിച്ചേറ, മസൂറി, ഗാലൻഡി, ധ്വാട്, പുട്ടി, ഭൂൽഗാറി, ഭികംപൂർ എന്നിവയായിരുന്നു.

## 4.5 ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിനെ മീററ്റ് മിഷനിലേക്ക് ക്ഷണിക്കുന്നു

ഇതുവരെയുള്ള നേട്ടങ്ങൾ സ്ഥിരപ്പെടുത്താനും പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാനും പുറജാതിക്കാരുടെ ഇടയിൽ പ്രവർത്തിച്ചു പരിചയമുള്ള വേണ്ടത്ര മിഷനറിമാർ ഉണ്ടായിരിക്കണം എന്ന് ആർച്ചുബിഷപ് ജെന്റിലിക്ക് നല്ലതുപോലെ അറിയാമായിരുന്നു. വേണ്ടത്ര മിഷനറിമാർ ഇല്ലാതിരുന്ന സാഹചര്യത്തിൽ ഖാൻഡ്വയിലെ ജർമ്മൻ ഫ്രാൻസിസ്കൻ ടേർഷ്യറികളുടെ സഹകരണം തേടാൻ അദ്ദേഹം ആഗ്രഹിച്ചു. 1910–ൽ ആർച്ചുബിഷപ് ജെന്റീലി ബ്രദേഴ്സിന്റെ ഖാൻഡ്വയിലുള്ള മദർ ഹൗസിലേക്ക് ഫാ. ജാക്കോമൊയെ അയച്ചു. മീററ്റ് ഡിസ്ട്രിക്ടിൽ പണിയെടുക്കുന്നതിന് ഏതാനും ബ്രദേഴ്സിനെ കൊണ്ടുവരിക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. കൃഷ്ണഗർ എന്നപോലെ ഇവിടെയും ഈ അപേക്ഷ ഉടനെ സാധിച്ചുകൊടുക്കാൻ കഴിഞ്ഞില്ല. 1911 ജനുവരി അവസാനമാകുമ്പോഴേക്കും ബ്ര. ക്ലെമന്റ് ക്രീഗിനെ സാൾസെറ്റിൽ നിന്ന് തിരിച്ചുവിളിക്കാൻ കഴിയണം. സാൾസെറ്റിൽ പണിതുകൊണ്ടിരിക്കുന്ന അനാഥാലയത്തിന്റെയും സ്കൂളിന്റെയും പണി ആകുമ്പോഴ്ക്ക് തീർന്നിരിക്കും. അദ്ദേഹം ഖാൻഡ്വയിലെത്തിയപ്പോൾ ആഗ്രയിലേയ്ക്കുള്ള യാത്രയ്ക്ക് ബ്ര. നിക്കൊളാസ് ഹോഹനും ഒപ്പം കൂടി. തങ്ങളുടെ പ്രവർത്തനം ദാസ്നയിൽ തുടങ്ങാനാണ് ആർച്ചുബിഷപ് ആഗ്രഹിച്ചിരുന്നത്. പക്ഷേ അവർക്കിഷ്ടം പ്രവർത്തനം ആ മിഷന്റെ ഒരു സബ്സ്റ്റേഷനായ ഭിക്കംപൂറിൽ തുടങ്ങാനായിരുന്നു. ഈ സ്ഥലം ദാസ്നയിൽ നിന്ന് പത്തുമൈൽ അകലെയായിരുന്നു. CMSFകാരുടെ നാലാമത്തെ മിഷനായിരുന്നു ഇത്. 1911 ഫെബ്രുവരി 2–ാം തീയതിയാണ് ഇത് തുടങ്ങിയത്. ബ്ര. നിക്കൊളാസ് ഹോഹൻ ഖാൻഡ്വയിലേക്ക് മടങ്ങിയപ്പോൾ ബ്ര. ആന്റണിയെ മീററ്റിലേക്ക് അയച്ചു. ബ്ര. ക്ലെമന്റ് ക്രീഗിനെ സഹായിക്കാനാണ് ബ്ര. ആന്റണിയെ അയച്ചത്. ചാമറുടെ ഇടയിൽ ഒരു മിഷൻ തുടങ്ങുന്നതിന് ബ്ര. ക്രീഗ് ഭികംപൂറിലും ചുറ്റുമുള്ള കുറെ ഗ്രാമങ്ങളിലും ഒരു സർവ്വേ നടത്തിയിരുന്നു. ഭികംപൂറിൽ

ഇതിനുമുമ്പ് കപ്പൂച്ചിൻ വൈദികർ കുറെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 1906-ൽ ഫാ. കോൺറാഡ് അവിടെ ഒരു സ്കൂൾ ഏല്പിച്ചിരുന്നു. ചാമാറുടെ അപേക്ഷ അനുസരിച്ചാണ് ഈ സ്കൂൾ തുടങ്ങിയത്. തങ്ങളുടെ ജന്മികളായ സമിൻന്ദാർമാരുടെ ഉപദ്രവം കൊണ്ട് സഹികെട്ട് സഹായാഭ്യർത്ഥനയുമായി ചാമാറുകൾ കപ്പൂച്ചിൻ വൈദികരെ സമീപിക്കുകയായിരുന്നു. 1909-ൽ ഭികംപൂർ മിഷനും അതിന്റെ കീഴിലുള്ള സബ്-സ്റ്റേഷനുകളായ ദൂദി, മുൻഡാബാദ്, ജെസോപൂർ, നസ്തനലി എന്നിവയും ദാസ്നയിൽ നിന്ന് വേർപെടുത്തി ഒരു പുതിയ മിഷൻ സൃഷ്ടിച്ചു. അതിന്റെ തലവനായി ഫാ. കോൺറാഡ് നിയമിക്കപ്പെട്ടു.

സമിന്ദാരുമായി ഒരു മത്സരത്തോടെയും സംഘർഷത്തോടെയുമാണ് ബ്രദേഴ്സ് ഈ പ്രവർത്തനം ആരംഭിച്ചത്. ഇവിടെ പാതിരിമാർ വന്നതും കുടിയാന്മാരെ മോചിപ്പിക്കാൻ അവർ നടത്തിയ യത്നവും സെമിന്ദാറന്മാർക്ക് ഇഷ്ടപ്പെട്ടില്ല. തലമുറകളായി വിധേയരായി ഏതാണ്ട് അടിമകളെപ്പോലെ കഴിഞ്ഞിരുന്ന ചാമാർമാരെയാണ് ബ്രദേഴ്സ് മോചിപ്പിക്കുന്നത്. തങ്ങൾക്ക് ഇത് സ്വീകാര്യമല്ല എന്ന് സൂചിപ്പിക്കാൻ ബ്രദേഴ്സ് താമസിക്കാനായി ഉണ്ടാക്കിയ ഒരു ടെന്റിന് തീ കൊടുത്തു. ഈ വെല്ലുവിളി അവഗണിക്കുന്ന പ്രകൃതക്കാരനായിരുന്നില്ല ബ്രദർ ക്ലെമന്റ്. അദ്ദേഹം ഈ കുറ്റം ഡിസ്ട്രിക്റ്റ് കോർട്ടിൽ എത്തിച്ചു. ഡിസ്ട്രിക്റ്റ് കളക്ടർ ഇതിൽ ഇടപെടുന്നതിന് കളമൊരുക്കി. തങ്ങൾ ജനങ്ങളുടെ മുമ്പിൽ അവഹേളിതരാകും എന്നും കോടതി തങ്ങളെ കുറ്റക്കാരെന്നു വിധിക്കും എന്നും മനസ്സിലാക്കിയ സെമിന്ദാർമാർ ചർച്ചയിലൂടെ പ്രശ്നം പരിഹരിക്കാൻ തയ്യാറായി. അവർ തങ്ങളുടെ തെറ്റ് സമ്മതിക്കുകയും സ്വതന്ത്രമായി പ്രവർത്തിക്കാൻ മിഷനറിമാർക്ക് കഴിയുമെന്ന ഉറപ്പ് നല്കുകയും ചെയ്തു. അപ്പോൾ ഭിക്കംപൂറിൽ ബ്രദേഴ്സ് ഒരു ചെറിയ വീട് നിർമ്മിച്ചു. വെയിലത്ത് ഉണ്ടാക്കിയ ഇഷ്ടിക ഉപയോഗിച്ചാണ് വീട് പണിതത്. അവർ ഒരു കിണറും കുഴിപ്പിച്ചു. പതിവായി അവർ ചാമാർ ഗ്രാമങ്ങൾ സന്ദർശിച്ചു തുടങ്ങി. 1911 ക്രിസ്തുമസ് ആയപ്പോഴ്ക്കും കുറെ പേർക്കു ജ്ഞാനസ്നാനം നല്കി. ആദ്യമായി ജ്ഞാനസ്നാനം നല്കിയത് പതിനൊന്ന് സ്കൂൾ കുട്ടികൾക്കാണ്. ഇവരിൽ നിന്ന് ഉപദേശികളെ പരിശീലിപ്പിക്കുന്ന സ്കൂളിലേക്ക് വിദ്യാർത്ഥി കളെ തെരഞ്ഞെടുത്തു. ജ്ഞാനസ്നാനത്തിന് തയ്യാറെടുക്കുന്നവരുടെ എണ്ണം നൂറുകണക്കിനായി.

1912-ലെ ആദ്യമാസങ്ങളിൽ വിവിധ ഗ്രാമങ്ങൾ നിവേദകസംഘ ങ്ങളെ ബ്രദേഴ്സിന്റെ അടുത്തേക്കയച്ചു. അവർക്ക് വേണ്ടിയത് തങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നല്കാനായി ഗ്രാമത്തിൽ വിദ്യാലയങ്ങൾ തുറക്കണം, മുതിർന്നവർക്ക് ക്രിസ്തുമതം സംബന്ധിച്ച് ബോധനം നല്കണം. 1912-ൽ ഫാ. സിംഫോറിയനെ ബ്രദേഴ്സിന്റെ മിഷൻ- വൈദി കനായി നിയമിച്ചു. 1912-ലെ ക്രിസ്തുമസ് ഭികംപൂറിൽ ആഘോഷപൂർവ്വം ആചരിച്ചു. പുതുതായി ജ്ഞാനസ്നാനം സ്വീകരിച്ചവർ ആഘോഷങ്ങളിൽ സജീവമായി പങ്കെടുത്തു. കർമ്മങ്ങൾ നടത്താൻ എത്തിയിരുന്ന ഫാ. അത്തനേഷ്യസ് അന്ന് പതിന്നാലു ബാലന്മാർക്ക് ജ്ഞാനസ്നാനം നല്കി. പാതിരാകുർബാ നയിൽ പുതുതായി ജ്ഞാനം സ്വീകരിച്ചവരും ക്രിസ്തുമതം സ്വീകരി യ്ക്കാൻ മതബോധനം സ്വീകരിച്ചുകൊണ്ടിരുന്നവരും സജീവമായി പങ്കെടുത്തു. ഇതിനുശേഷം ബ്ര. ക്ലെമന്റ് ക്രീഗ് ഒരു 'മാജിക് ലാൻന്റേൺ ഷോ' നടത്തി. പുതുതായി വിശ്വാസം സ്വീകരിച്ചവർക്കും അതിന് തയ്യാറെടുക്കുന്ന വർക്കും ക്രിസ്തുവിന്റെ മനുഷ്യാവതാരം എന്ന ദിവ്യരഹസ്യം സംബന്ധിച്ച് അറിവു നല്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നു ഈ പരിപാടി. 1912 ജൂൺ 30-ാം തീയതി ഭിക്കംപൂറിലെ വി. ഫ്രാൻസിസ് അസ്സീസിയുടെ ദേവാലയം വെഞ്ചരിച്ചു. ആരാധനാ നുഷ്ടാനത്തിനുള്ള വർണ്ണശബളമായ തിരുവസ്ത്രങ്ങൾ ധരിച്ച് ഫാ. സിംഫോറിയൻ എത്തി. ഒപ്പം ബ്രദേഴ്സ് ക്ലെമന്റ്, ആന്റണി, സിറിൽ എന്നിവരും ഉണ്ടായിരുന്നു. ഇവർ പുതുതായി വിശ്വാസം സ്വീകരിച്ചവർക്കും അതിനായി ഒരുങ്ങുന്ന വർക്കും ഒപ്പം ദേവാലയത്തിനു ചുറ്റും ഒരു പ്രദക്ഷിണം നടത്തി. ദേവാലയം വെഞ്ചരിച്ച ശേഷം ആഘോഷ മായി ദിവ്യബലി അർപ്പിച്ചു. ഗായകസംഘം 'ഗ്രെഗോറിയൻ മാസ് ഓഫ് ദി എയ്ഞ്ചൽസ്' ആലപിച്ചു. ഈ തിരുകർമ്മങ്ങൾ ഭിക്കംപൂറിലെ പുതുതായി വിശ്വാസം സ്വീകരിച്ച ക്രൈസ്തവർക്ക് ആഴമേറിയ ഒരനുഭവം പ്രദാനം ചെയ്തു. ചുറ്റുപാടു മുള്ള ഗ്രാമങ്ങളിൽ നിന്ന് വന്നവർക്കും ഇതു വലിയ ഒരനുഭവമായിരുന്നു.

ഇവിടെ പ്രവർത്തിക്കുന്ന മിഷനറിമാർ ഫ്രാൻസിസ് അസ്സീസിയുടെ അനിചരർ ആയിരുന്നതുകൊണ്ട് ഭിക്കംപൂർ ദേവാലയം ഈ വിശുദ്ധന്റെ നാമത്തിൽ ആയിരുന്നതിനാലും ആണ്ടുതോറം വിശുദ്ധന്റെ തിരുനാൾ വളരെ ആഘോഷപൂർവ്വം കൊണ്ടാടിയിരുന്നു. മിഷനറിമാരെ പ്രോത്സാഹി പ്പിക്കുന്നതിനും അവരുമായുള്ള കൂട്ടായ്മ

പ്രകടമാക്കുന്നതിനും മിഷൻ തുടങ്ങി. ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടും വരെയുള്ള കാലയളവിൽ ആഗ്ര ആർച്ചുബിഷപ് മോൺ. ജെന്റീലി രണ്ടിലധികം തവണ ഭിക്കംപൂർ മിഷൻ സന്ദർശിച്ചു. ആദ്യത്തെ സന്ദർശനം 1913 ഫെബ്രുവരി 13-ാം തീയതി ആയിരുന്നു. പുതുതായി ക്രൈസ്തവമതം സ്വീകരിച്ചവർക്ക് സ്ഥൈര്യലേപനം നല്കുന്നതിനായിരുന്നു, ആ സന്ദർശനം. അതേവർഷം തന്നെ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ആഘോഷങ്ങളിൽ പങ്കെടുക്കാനും ബിഷപ് ഭിക്കംപൂറിൽ വന്നു. ആ സന്ദർഭത്തിൽ അദ്ദേഹം ബ്രദേഴ്സിന്റെ രണ്ടാമത്തെ മിഷൻ-വൈദികനായി ഫാ. ഹിലറിയെ നിയമിച്ചു.

### 4.6 ഹിന്ദൻ നദീതീരത്തെ ലല്യാന, CMSFകാരുടെ രണ്ടാമത്തെ ചാമാർ മിഷൻ

1912 അവസാനമായപ്പോഴേക്കും ഭിക്കംപൂറിൽ നിന്നും ഏകദേശം ഇരുപതു മൈൽ അകലെ ലല്യാന എന്നൊരു സ്ഥലത്ത് ബ്രദേഴ്സ് രണ്ടാമതൊരു മിഷൻ തുറന്നു. ഈ സ്ഥലം ഹിന്ദൻ നദിയുടെ തീരത്തായിരുന്നു. 1913-ൽ സിവാൽ, ഖാൻപൂർ, ഭക്കാർവ, പാസ്ട്ര, ലൊറാറ, കുമേറ എന്നീ ഗ്രാമങ്ങളെക്കൂടി ഈ മിഷനിൽ ഉൾപ്പെടുത്തി. ആ വർഷം തന്നെ ഫാ. ഹിലറിയെ ലല്യാനയിലെ ബ്രദേഴ്സിന്റെ സ്ഥിരം മിഷൻ-വൈദികനായി നിയമിച്ചു. പുതിയ മിഷൻ എത്ര അകലെ ആയിരുന്നു, അതിന്റെ ഗ്രാമീണ സാഹചര്യവും ഇതു സംബന്ധിച്ചു 'ഫ്രാൻസിസ്കൻ ആനൽസ്' പറയുന്നത് ഇതാണ്.

ഖേർക റയിൽവേ സ്റ്റേഷനിൽ നിന്ന് പത്തുമൈൽ അകലെ വനത്തിനകത്തുള്ള ഒരു ഗ്രാമമായിരുന്നു ലല്യാന. ഇവിടത്തെ ആളുകൾ കർഷകരായിരുന്നു; അവരുടെ വീടുകൾ ചെറുതായിരുന്നു. തെരുവുകൾ തുടങ്ങിയതായിരുന്നു. അവിടെ എത്താൻ റോഡില്ല. പാടങ്ങളിൽ കൂടി പോകുന്ന ഒരു വീതി കുറഞ്ഞ നടപ്പാത. വഴി നീളെ കുളങ്ങളും കാണാം. കുന്നും കുഴിയും ആയി കിടക്കുന്ന ഒരു പ്രദേശം എവിടെയും ബബൂൾ വൃക്ഷങ്ങൾ.

പുതുതായി വിശ്വാസം സ്വീകരിച്ചവരും അതിനായി തയ്യാറെടുക്കുന്നവരുമായ വലിയ ഒരു ജനസമൂഹത്തിന്റെ സാന്നിദ്ധ്യത്തിൽ 1914 മാർച്ച് 19-ാം തീയതി വി. യൗസേപ്പിന്റെ നാമത്തിലുള്ള ഒരു ദേവാലയം ഫാ. കൊളെംബോ വെഞ്ചരിച്ചു. തിരുകർമ്മങ്ങളിൽ സഹായിക്കാൻ ഫാ. ഹിലറി, ബ്ര. സിറിൽ, ബ്ര. ഇന്നസെന്റ് എന്നിവർ ഉണ്ടായിരുന്നു.

### 4.7. CMSF ന്റെ വേറൊരു ചാമാർ മിഷൻ സിവാൽ

1913 വേനൽക്കാലത്ത് CMSF ബ്രദേഴ്സ് വേറൊരു മിഷൻകേന്ദ്രം തുറന്നു. ഇത് സിവാൽ എന്ന സ്ഥലത്തായിരുന്നു. മീററ്റ് ഡിസ്ട്രിക്റ്റിൽ ലല്യാനയുടെ ഉപകേന്ദ്രങ്ങളിലൊന്നായിരുന്നു സിവാൽ. മീററ്റിൽ നിന്നു പതിനൊന്നു മൈൽ അകലെ മീററ്റ്-ഭാഗർ റോഡിൽ നിന്ന് ഏകദേശം രണ്ടു മൈൽ മാറി ആയിരുന്നു ഈ സ്ഥലം. 1912 തൊട്ട് ബ്രദേഴ്സ് സന്ദർശിച്ചുകൊണ്ടിരുന്ന ഒരു വലിയ ഗ്രാമമായിരുന്നു സിവാൽ. ഖിക്ക എന്നൊരു രാജ്പുത് ജമിന്താർ ബ്രദേഴ്സിന് ഒരു ചെറിയ വസ്തു ദാനമായി കൊടുത്തു. അത് ഒരു മാവിൻതോട്ടമായിരുന്നു. സിവാലിൻ നിന്ന് കാൽ മൈൽ അകലെ സിവാൽ-ഖാൻപൂർ റോഡിന്റെ സൈഡിലായിരുന്നു ഈ വസ്തു. ഒരു ചാപ്പലും സ്കൂളും പണിയുന്നതിനാണിത് വസ്തു ദാനം ചെയ്തത്. മിഷനറിമാർ സിവാൽ വിട്ടുപോകുകയാണെങ്കിൽ സ്ഥലം മടക്കികൊടുക്കണം എന്ന ഉറപ്പിന്മേലായാരിന്നു ദാനം. ഈ വസ്തുവിൽ തങ്ങൾക്ക് താമസിയ്ക്കാൻ ചെറിയ ഒരു വീടും പണിയിച്ചു. ചുറ്റുപാടുമുള്ള ചാമാറുകളുടേതുപോലുള്ള ഒരു വീട്. ബ്രദേഴ്സ് സൈക്കളിലോ കൊച്ചുകുതിരകളുടെ പുറത്തോ ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ സന്ദർശിച്ചു. ബ്രദേഴ്സിൽ നിന്ന് നിത്യരക്ഷയുടെ സദ്വാർത്ത കേൾക്കാൻ ഏറെപ്പേരും താത്പര്യം പ്രകടിപ്പിച്ചവരായിരുന്നു. ഗ്രാമവാസികൾ സിവാൽ മിഷനിൽ അവർ ഒൻപത് ഉപദേശികളെ, കാറ്റെക്കിസ്റ്റ്കളെ നിയമിച്ചിരുന്നു. കൂദാശകൾ പരികർമ്മം ചെയ്യാൻ ഭിക്കംപൂറിൽ നിന്നോ ദാസ്നയിൽ നിന്നോ ഒരു വൈദികൻ വന്നിരുന്നു.

അങ്ങനെ ചാമാറുടെ ഇടയിൽ ക്രിസ്തുമതം സ്വീകരിക്കാൻ ഉണ്ടായ ബഹുജനപ്രസ്ഥാനത്തിന്റെ ബലത്തിൽ ആഗ്ര മിഷനിലെ പുറജാതിക്കാരോട് സുവിശേഷം പ്രസംഗിക്കാനുള്ള യത്നത്തിൽ ഒരു പുതിയ യുഗം പിറന്നു. തീഷ്ണതയുള്ളവരും സമർപ്പണബോധത്തോടുകൂടിയവരുമായ പാദെർ- ബോണിലെ ഫ്രാൻസിസ്കൻ ടേർഷ്യറി ബ്രദേഴ്സ് അടിച്ചമർത്തപ്പെട്ടിരുന്ന ചാമാർ ജാതിക്കാരുടെ നിരവധി ഗ്രാമങ്ങളിൽ സുവിശേഷ ദൗത്യം എത്തിച്ചും അന്ന് മീററ്റിൽ വിരലിൽ എണ്ണാവുന്നത്ര മിഷനറിമാരേ ഉണ്ടായിരുന്നുള്ളു. ചാമാറുടെ ഇടയിൽ ആദ്യമായി ഒരു മിഷൻ സ്ഥാപിച്ചത് ദാസ്നയിലായിരുന്നു. ഫാ. ഫിലിപ് ഫ്രെസ്സുറ്റി ആയിരുന്നു സ്ഥാപൻ മീററ്റ് ഡിസ്ട്രിക്റ്റിലെ പ്രധാന മിഷനായി കരുതപ്പെട്ടിരുന്നത് ഈ മിഷനാണ്. എന്നാൽ ഇതിനെ

നിഷ്പ്രഭമാക്കുന്നതായിരുന്നു CMSF ബ്രദേഴ്സ് തുറന്ന മൂന്നു മിഷനുകൾ.

ഈ മിഷനുകളുടെ മുന്നോടി എന്നു വിശേഷിപ്പിക്കാവുന്ന ബ്രദർ ക്ലെമന്റ് ക്രീഗിനെ 1914-ൽ ഖാൻഡ്വായിലേക്ക് തിരിച്ച് വിളിച്ചു. യൂറോപ്പിലേക്ക് പ്രയാസമുള്ള ഒരു ദൗത്യവുമായി അയക്കാനായിരുന്നു ഈ നീക്കം. കോൺഗ്രിഗേഷന്റെ ഒരു പുതിയ ഭവനം യൂറോപ്പിൽ തുറക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ നിയോഗം. നാലോ അഞ്ചോ ബ്രദേഴ്സിനെ മിഷനിൽ വിട്ടിട്ട് 1914 ജൂൺ മാസത്തിൽ അദ്ദേഹം ഖാൻഡ്വാക്കു പുറപ്പെട്ടു. വിവിധ സ്രോതസ്സുകളിൽ നിന്ന് ആഗ്ര മിഷനിൽ പ്രവർത്തിച്ചിരുന്ന ആദ്യ CMSF ബ്രദേഴ്സ് ആരൊക്കെ ആയിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. ബ്രദേഴ്സ് ആന്റണി റുൺഡ്, ഗാബ്രിയേൽ വെൻഗേർട്ട്, ഇന്നസെന്റ് ഡിസൂസ മുതലായവർ. കോൺഗ്രിഗേഷനിൽ ചേർന്ന ആദ്യത്തെ ഇന്ത്യാക്കാരിൽ ഒരാളായിരുന്നു ബ്ര. ഇന്നസെന്റ് ഡിസൂസ.

ഒന്നാം ലോകമഹായുദ്ധം ആരംഭിച്ചപ്പോൾ ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിനെ ഓരോരുത്തരെയും അറസ്റ്റ് ചെയ്ത് തടങ്കലിലാക്കി. അവരിൽ ബഹുഭൂരിപക്ഷവും ജർമ്മൻകാരോ ആസ്ട്രിയക്കാരോ ആയിരുന്നു. അപ്പോഴേക്കും നാലുവർഷം കൊണ്ട് (1911-1915) അവർ മൂന്നു വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന മൂന്ന് മിഷനുകൾ സ്ഥാപിച്ചുകഴിഞ്ഞിരുന്നു. ധാരാളം ഉപമിഷൻ കേന്ദ്രങ്ങളും സ്ഥാപിച്ചു.

ഇങ്ങനെ ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് ഒരു നിശബ്ദ വിപ്ലവം സൃഷ്ടിച്ചിരുന്നു. എണ്ണത്തിൽ കുറവായിരുന്നെങ്കിലും അവർ ഈ നേട്ടം കൈവരിച്ചു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ തന്ത്രപ്രധാനമായ നാലുകേന്ദ്രങ്ങളിലാണ് അവർ പുറജാതിക്കാരുടെ ഇടയിലുള്ള മിഷൻ കേന്ദ്രങ്ങൾ സ്ഥാപിച്ചത്. അതായത്, നാഗ്പൂർ, ബോംബെ (ഡാമൻ), ആഗ്ര, കൃഷ്ണഗർ അവരുടെ ലളിതവും പ്രയോഗിച്ചുബോധ്യപ്പെട്ടതുമായ പ്രവർത്തനശൈലി മേൽ പറഞ്ഞ പ്രദേശങ്ങളിലെ പുതുതായി വിശ്വാസം സ്വീകരിച്ച ക്രൈസ്തവ സമൂഹങ്ങളിൽ നല്ലൊരു നേട്ടത്തിന് തുടക്കം കുറിക്കാൻ കഴിഞ്ഞു. കാലാന്തരത്തിൽ അവർ പ്രേഷിത പ്രവർത്തനം നടത്തിയ മൂന്ന് കേന്ദ്രങ്ങൾ രൂപതകളായി ഉയർത്തപ്പെട്ടു. ഖാൻഡ്വ, മീററ്റ്, ദിനാജ്പൂർ തുടങ്ങിയ പ്രധാന കേന്ദ്രങ്ങൾ ഈ രൂപതകളുടെ അടിസ്ഥാന കേന്ദ്രങ്ങളും ആസ്ഥാനങ്ങളുമായി മാറി.

# അദ്ധ്യായം III

## ആദ്യത്തെ വലിയ തടസ്സം ഒന്നാം ലോകമഹായുദ്ധം CMSFനെ എങ്ങനെ ബാധിച്ചു എന്ന്

ഒന്നാം ലോകമഹായുദ്ധത്തിന് മുമ്പ് CMSFന്റെ അംഗങ്ങളിൽ ഭൂരിപക്ഷവും ജർമ്മൻ പൗരന്മാരോ ആസ്ട്രിയൻ പൗരന്മാരോ ആയിരുന്നു. ഇതുകൊണ്ടുണ്ടായ വിഷമതകളാണ് ഈ അദ്ധ്യായത്തിൽ വിവരിക്കാൻ പോകുന്നത്. ഈ സാഹചര്യം സഭയെ തകർച്ചയുടെ വക്കോളം എത്തിച്ചു. അപ്രതീക്ഷിതമായ സംഭവങ്ങൾ; ഇവയുടെമേൽ സഭാഗംങ്ങളുടെ ഒരു നിയന്ത്രണവും ഇല്ല. ഇംഗ്ലീഷുകാരും ജർമ്മൻകാരും രാഷ്ട്രീയ വൈരികളായതുകൊണ്ട് അവരുടെ പൗരത്വം ജർമ്മൻ ആണ് എന്ന ഏക കാരണത്താൽ സംഭാംഗങ്ങൾ പീഡിപ്പിക്കപ്പെട്ടു.

ദൈവപരിപാലനയും ചില തിരുസഭാ അധികാരികളുടെ സമയോചിതമായ ഇടപെടലുമാണ് തികച്ചും പ്രതീക്ഷയ്ക്കു വകയില്ലാതിരുന്ന ആ സാഹചര്യത്തിൽ സന്യാസ സമൂഹത്തെ രക്ഷിച്ചത്. ദുരന്തവും ഞെട്ടിപ്പിക്കുന്നതുമായ ഈ സംഭവങ്ങളാണ് പ്രധാനമായും ഈ അദ്ധ്യായത്തിൽ വിവരിക്കാൻ പോകുന്നത്.

### 1.1. ഒന്നാം ലോകമഹായുദ്ധത്തിന്റെ കാരണങ്ങൾ ചുരുക്കത്തിൽ

യൂറോപ്യൻ ഭൂഖണ്ഡത്തിലെ രണ്ടു വൻ ശക്തികൾ തമ്മിൽ, ഇംഗ്ലണ്ടും ജർമ്മനിയും തമ്മിൽ ദീർഘകാലമായി നിലനിന്നിരുന്ന വിശ്വാസക്കുറവും ശത്രുതയുമായിരുന്നു യുദ്ധത്തിന്റെ അടിസ്ഥാന കാരണം. ഇതു യൂറോപ്യൻ രാജ്യങ്ങളെ രണ്ടു ചേരികളായി വിഭജിച്ചു. ജർമ്മനി, ഇറ്റലി, ആസ്ട്രിയ - ഇവ ഒരു ഭാഗം. ഇതൊരു ത്രികക്ഷി സഖ്യം. മറുവശത്ത് ഇംഗ്ലണ്ട്, ഫ്രാൻസും കൂടി ഉണ്ടാക്കിയ 'എന്റാന്റ് കോർഡിയാൽ' എന്ന സഖ്യം. ഇംഗ്ലണ്ടും റഷ്യയും തമ്മിലും സഖ്യമുണ്ടായിരുന്നു. അങ്ങനെ 1914-ൽ ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിന് തൊട്ടുമുമ്പ് യൂറോപ്പിലെ വൻശക്തികൾ രണ്ട് ചേരികളായി വേർപിരിഞ്ഞിരുന്നു. ജർമ്മനി, ഇറ്റലി, ആസ്ട്രിയ ഇവ ചേർന്ന ത്രികക്ഷി സഖ്യം ഫ്രാൻസ്, ഇംഗ്ലണ്ട്, റഷ്യ ഈ മൂന്നു രാജ്യങ്ങളും ചേർന്ന സഖ്യത്തെ നേരിട്ടു.

1914 ജൂലൈ 28-ാം തീയതി ആസ്ട്രിയയ്ക്ക് കിരീടാവകാശിയായ ആർച്ച് ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിനാൻഡിനെ ഒരു സേർബിയൻ പൗരൻ കൊലപ്പെടുത്തി. ഇതു റഷ്യയുമായി സഖ്യത്തിലായിരുന്ന സേർബിയയ്ക്ക് എതിരായി ആസ്ട്രിയ യുദ്ധം പ്രഖ്യാപിക്കാൻ കാരണമായി. സേർബിയ സഹായിക്കുന്നതിനായി റഷ്യ പടയൊരുക്കം നടത്തി. ഉടനെ ട്രിപ്പിൾ അലയൻസിന്റെ അംഗവും സഖ്യകക്ഷിയുമായ ജർമ്മനി റഷ്യയ്ക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു. ബ്രിട്ടൺ ആദ്യം യുദ്ധത്തിൽ പങ്കെടുക്കണമോ എന്ന് സംശയിച്ചു നിന്നു. എന്നാൽ ജർമ്മൻ സൈന്യം ബൽജിയം ആക്രമിക്കുകയും പാരീസിലേക്ക് മാർച്ച് തുടങ്ങുകയും ചെയ്തപ്പോൾ ഫ്രാൻസിനെ സഹായിക്കാൻ ഇംഗ്ലണ്ട് ജർമ്മനിക്കെതിരായി യുദ്ധം പ്രഖ്യാപിച്ചു. ഇത് 1914 ആഗസ്റ്റ് 4-ാം തീയതി ആയിരുന്നു. ഒരു ആംഗ്ലോ-ജാപ്പനീസ് ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ജപ്പാൻ ബ്രിട്ടന്റെ പക്ഷം ചേർന്നു.

ഇതിനകം ജർമ്മൻ ആർമി പാരീസിന് ഇരുപത്തേഴ് മൈൽ അകലെ എത്തിയിരുന്നു. ഫ്രാൻസിനെ സഹായിക്കാൻ ബ്രിട്ടൻ ഒരു സൈന്യത്തെ യൂറോപ്പിലേക്ക് അയച്ചു. സൈന്യത്തെ മാറ്ൺ എന്ന സ്ഥലത്തു വച്ച് ജർമ്മൻകാർ ശരിക്കും പരാജയപ്പെടുത്തി. 1914 അവസാനമായപ്പോഴേക്കും ബ്രിട്ടീഷ് സൈന്യത്തിന് അമ്പതിനായിരം സൈനികർ നിഷ്ടമായി. കിഴക്കൻ യുദ്ധമുഖത്ത് റഷ്യൻ ആർമി ജർമ്മനിയുടെ കീഴിലുള്ള പ്രദേശത്ത് പ്രവേശിച്ചു. അതിസമർത്ഥരായ രണ്ടു ജർമ്മൻ ജനറൽമാർ, ലൂഡ്ഡൻഡോർഫും ഹിൻഡൻബേർഗും 1,20,000 വരുന്ന റഷ്യൻ സൈന്യത്തെ കീഴടങ്ങാൻ നിർബന്ധിതരാക്കി. 1914 സെപ്തംബർ അവസാനത്തോടെ ടർക്കി ജർമ്മനിക്കും ആസ്ട്രിയയ്ക്കും ഒപ്പം ചേർന്ന് സഖ്യകക്ഷികൾക്ക് (ബ്രിട്ടൺ, ഫ്രാൻസ്, റഷ്യ) എതിരായി യുദ്ധം പ്രഖ്യാപിച്ചു. ജർമ്മൻ തീരത്തെ ബ്രിട്ടൻ ഉപരോധിച്ചു; അങ്ങനെ ജർമ്മനിയെ ലോകത്തിൻരെ ഇതരഭാഗങ്ങളിൽ നിന്ന് ഒറ്റപ്പെടുത്തി. അങ്ങനെ ബാൾക്കൻ സംഘർഷമായി തുടങ്ങിയത് ഒരു ആഗോളമഹായുദ്ധമായി. വൻശക്തികളായ ബ്രിട്ടനും ഫ്രാൻസും പിന്നീട് യു.എസ്.എയും യൂറോപ്പിന്റെ നിർണ്ണായക ശക്തിയായ കൈസറുടെ ജർമ്മനിയ്ക്കെതിരായി തിരിഞ്ഞു.

## 1.2. യുദ്ധത്തിന്റെ അനന്തര ഫലങ്ങൾ മിഷനറി ബ്രദേഴ്സിന്റെ സഭയെ എങ്ങനെ ബാധിച്ചു എന്ന്

1909 മുതൽക്കേ യൂറോപ്പിന്റെ ചക്രവാളത്തിൽ യുദ്ധത്തിന്റെ മേഘങ്ങൾ കൂടി വരുന്നത് ബ്ര. പൗലുസ് മോറിറ്റ്സ് ശ്രദ്ധിച്ചിരുന്നു. ഇതു തന്റെ കൊച്ചു സന്യസ്ത സമൂഹത്തെ എങ്ങനെ ബാധിക്കും എന്ന് ബ്രദർ മുൻകൂട്ടി കണ്ടു. ആദ്യകാലത്ത് ആളിനും അർത്ഥത്തിനും സമൂഹം ആശ്രയിച്ചിരുന്നത് യൂറോപ്പിനെയാണ്. ഈ കാലയളവിൽ ബ്രദർ, ബിഷപ് കോപ്പലിന് എഴുതിയ ഒരു കത്തിൽ ഈ ഭയാശങ്കകൾ പ്രകടിപ്പിച്ചിട്ടുണ്ട്. ബിഷപ് കോപ്പൽ കോൺഗ്രിഗേഷന്റെ പ്രൊട്ടക്റ്റർ ആയിരുന്നു.

"ഏതു ദിവസവും പൊട്ടിപ്പുറപ്പെടാവുന്ന യുദ്ധത്തെ ഞാൻ ഭയപ്പെടുന്നു. അപ്പോൾ ഇന്ന് ജർമ്മനിയിൽ നിന്ന് നമുക്ക് ലഭിക്കുന്ന സഹായം കൂടാതെ നമുക്ക് ജീവിക്കേണ്ടി വരും."

ഇങ്ങനെ ഭയപ്പെടാൻ വേണ്ടത്ര കാരണങ്ങൾ ഉണ്ടായിരുന്നുവെന്ന് നാം താമസിയാതെ കാണും. ഒരടിയന്തര സാഹചര്യം ഉണ്ടായാൽ എന്തു ചെയ്യണം എന്നത് സംബന്ധിച്ച് ബ്രദർ പരിപാടികളൊന്നും പ്ലാൻ ചെയ്തിരുന്നില്ല. എങ്കിലും ആ കാലയളവിൽ അദ്ദേഹം എടുത്ത തിരുമാനങ്ങളിൽ ഒന്ന് തികച്ചും ദൈവപരിപാലന വ്യക്തമാക്കുന്നതാണ്. അതായത്, ബ്ര. ക്ലെമന്റ് ക്രീഗിനെ മീററ്റ് മിഷനിൽ നിന്ന് തിരിച്ച് വിളിച്ച് യൂറോപ്പിലേക്കയച്ചു. യൂറോപ്പിൽ സഭയ്ക്ക് ഒരു പരിശീലനഭവനം സ്ഥാപിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ നിയോഗം. 1914 ജൂലൈയിൽ ബ്ര. ക്രീഗ് യൂറോപ്പിലേക്ക് പുറപ്പെട്ടു. ഫാ. ജൂസേപ്പേ ആർമനസ്കോയുടെ സഹായത്താൽ കോമോ രൂപതയിൽ കോമോ എന്ന സ്ഥലത്ത് ഒരു ഭവനം താത്ക്കാലികാടിസ്ഥാനത്തിൽ നല്കിയിരുന്നു. കാസാ ജിബെലീനയിൽ ആയിരുന്നു ഈ ഭവനം. ഫാ. ആർമസനെസ്കോ ഒരുകാലത്ത് കൃഷ്ണഗറിൽ ഒരു മിഷനറി ആയിരുന്നു. ഇപ്പോൾ PIMEയുടെ സുപ്പീര്യർ ജനറൽ. ആ സ്ഥാനം മിലാനിലെ മൊൺടെ റോസ്സോ, 71. ബ്രദർ നിക്കൊളാസ് ഹോഹനും ബ്രദർ ആന്റണി ഗാബ്രിയേൽ വെൻഗേർട്ടും ഈ ഭവനത്തിൽ താമസിച്ചു

വരികയായിരുന്നു. അവർക്കൊപ്പം അവർ സ്വീകരിച്ച ഏതാനും അർത്ഥികളും ഉണ്ടായിരുന്നു. യൂറോപ്പിൽ നിന്നുള്ള അർത്ഥികൾ. ഇംഗ്ലണ്ടിലെ പീറ്റേഴ്സ് ബറോയിൽ ഉണ്ടായിരുന്ന പരിശീലന ഭവനം അടച്ചപ്പോൾ തൊട്ട് CMSFന് യൂറോപ്പിൽ മറ്റൊരു പരിശീലന ഭവനം ഉണ്ടാകണം എന്നത് ഒരാവശ്യമായിരുന്നു. ഈ ജോലിയാണ് സഭ ബ്ര. ക്ലെമന്റ് ക്രീഗിനെ ഏല്പിച്ചത്. 1913 ആഗസ്റ്റ് ആദ്യം അദ്ദേഹം മിലാനിൽ എത്തി. ആ സമയം ഇറ്റലി യുദ്ധത്തിൽ ഒരു പക്ഷത്തും ചേർന്നിരുന്നില്ല. അതുകൊണ്ട് താൻ എന്തിനു വന്നുവോ ആ ലക്ഷ്യത്തിനായി പ്രവർത്തിക്കാൻ ബ്രദറിന് കഴിഞ്ഞു. 1913 നവംബറിൽ ബ്ര. നിക്കൊളാസ് ഹോഹൻ ഇന്ത്യയിലേക്ക് മടങ്ങിയിരുന്നു. കോമേയിലെ കാസ ഗിബെല്ലിനയിൽ തന്നോടൊപ്പം ഉണ്ടായിരുന്ന ആറ് അർത്ഥികളെയും ഇന്ത്യയിലേയ്ക്ക് കൊണ്ടുപോന്നു. നാല് അർത്ഥികളെ മാത്രമേ ബ്ര. ഗാബ്രിയേലിനൊപ്പം വിട്ടിട്ട് പോന്നുള്ളു.

ബ്ര. ക്ലെമന്റ് ക്രീഗ് മടങ്ങി എത്തിയപ്പോൾ, ബ്ര. ഗാബ്രിയേൽ വാൻഗേർട്ട് രണ്ടു കാൻഡിഡേറ്റ്സിനൊപ്പം ഇന്ത്യയിലേക്ക് പുറപ്പെട്ടു. ഇവർ ബ്രദറിനൊപ്പം ഇന്ത്യയിലേക്ക് പുറപ്പെട്ടു. ഇവർ ബ്രദറിനൊപ്പം കോമോയിൽ ഉണ്ടായിരുന്നവരാണ്. 1914 ആഗസ്റ്റിൽ ഏതോ ഒരു ദിവസം അവർ ജേനോവ തുറമുഖത്തു നിന്ന കപ്പൽ കയറി. ബോംബെ തുറമുഖത്ത് എത്തിയ ഉടൻ ബ്രിട്ടീഷ് പട്ടാള അധികാരികൾ അവരെ പിടിച്ച് തടങ്കലിലാക്കി. ഇതു സംബന്ധിച്ച് പിന്നീട് കൂടുതൽ വിശദമായി പറയും.

ബ്ര. ക്ലെമെന്റ് ക്രീഗ് തന്നെ എന്തു ജോലി ചെയ്യനാണോ യൂറോപ്പിലേയ്ക്ക് അയച്ചത് അതിൽ വ്യാപൃതനായി. ഏതാനും സുഹൃത്തുക്കളുടെ സഹായം കൊണ്ടും ഫാദർ ജൂസേപ്പേ ആർമനസ്കോയുടെ സജീവസഹകരണം കൊണ്ടും മസ്‌ലിയാൻകോയിലുള്ള ഒരു ചെറിയ വസ്തുവും വീടും വാങ്ങിക്കാൻ പ്ലാൻ ചെയ്തു. സ്വിറ്റ്സർലണ്ടിനോട് ചേർന്നുള്ള വടക്കേ ഇറ്റലിയിലെ കോമോ എന്ന ലൊംബാർഡി ടൗണിനടുത്തുള്ള ഒരു ചെറിയ ടൗൺ ആണ് മസ്‌ലിയാൻകോ. വാങ്ങാൻ ആഗ്രഹിച്ച വസ്തുവിൻ ഉടമസ്ഥൻ ഒരു സിഞ്ഞോർ ജൂസേപ്പേ ബേർഗി ആയിരുന്നു. വിലയാധാരം ഒപ്പിട്ട്

വസ്തു കൈമാറി. ഇത് 1914 നവംബർ 23-ാം തീയതി ആയിരുന്നു. ഈ വീട് വാങ്ങാനുള്ള പണം ജർമ്മനിയിലെ പാദെർബോണിലെ സഭയുടെ മിഷൻ പ്രോക്യുറയിൽ നിന്നാണ് ലഭിച്ചത്. ബ്ര. പൗലുസ്, ബ്ര. ക്ലെമന്റ് ക്രീഗിനെ കോൺഗ്രിഗേഷന്റെ യൂറോപ്പിലെ പ്രോക്കുറേറ്റർ ആയി നാമനിർദ്ദേശം ചെയ്തു.

### 1.3. ബ്രിട്ടീഷ് ഇന്ത്യയിൽ ജർമ്മൻ പൗരന്മാരുടെയും ആസ്ട്രിയൻ പൗരന്മാരുടെയും സഞ്ചാര സ്വാതന്ത്ര്യം പരിമിതപ്പെടുത്തി

വിദൂരമായ യൂറോപ്യൻ ഭൂഖണ്ഡത്തിലാണ് യുദ്ധം നടന്നിരുന്നത്. എങ്കിലും ഈ യുദ്ധത്തിന് ആഗോളതലത്തിൽ ചലനമുണ്ടാക്കാൻ കഴിഞ്ഞു. യുദ്ധത്തിന്റെ തിരകൾ കോളോണിയൻ ഇന്ത്യയിലും എത്തി. 1914 ആഗസ്റ്റ് 4-ാം തീയതി ഗ്രേയ്റ്റ് ബ്രിട്ടൺ കൈസറുടെ ജർമ്മനിക്ക് എതിരായി യുദ്ധം പ്രഖ്യാപിച്ചു. ഇതോടെ ഇന്ത്യയും യുദ്ധത്തിൽ ഒരു കക്ഷിയായി. യുദ്ധമാകുന്ന കൂട്ടക്കൊലയിലേക്ക് ഇന്ത്യയും വലിച്ചിഴയ്ക്കപ്പെട്ടു. തങ്ങളുടേതല്ലാത്ത ഒരു യുദ്ധത്തിൽ ഇന്ത്യാക്കാർ ഉത്സാഹം കാണിക്കുമോ എന്ന കാര്യത്തിൽ ബ്രിട്ടന് ആദ്യം സംശയമുണ്ടായിരുന്നു. ബ്രിട്ടന്റെ സമര സന്നാഹങ്ങളിൽ ഇന്ത്യ സഹകരിക്കും എന്ന കാര്യത്തിൽ ബ്രിട്ടന് ഉറപ്പില്ലായിരുന്നു. ഇന്ത്യൻ സമൂഹത്തിലെ ഉന്നതരും ഭരണവർഗ്ഗവും ബ്രിട്ടനുമായുള്ള കൂട്ടായ്മ പ്രകടമാക്കിയപ്പോൾ ഈ ഭയാശങ്കകൾ സാവകാശം മാറി. ഫ്രാൻസ്, ഈസ്റ്റ് ആഫ്രിക്ക, മെസൊപൊട്ടേമിയ, ഈജിപ്ത്, പാലെസ്റ്റൈൻ, ഏവ്ഡൻ, പേർഷ്യൻ ഗൾഫ് തുടങ്ങിയ സ്ഥലങ്ങളിലേക്കെല്ലാം ഇന്ത്യൻ സൈനികരെ അയച്ചു.

രണ്ടു ജർമ്മൻ യുദ്ധകപ്പലുകൾ, ഏംഡനും കോണിസ്ബർഗും ഇന്ത്യൻ മഹാസമുദ്രം അനേകം കപ്പലുകൾ മുക്കി. സാഹസികമായ ഏറെ പ്രവർത്തനങ്ങൾക്കിടയിൽ മദ്രാസ് പട്ടണത്തിന് നേരെ വെടി ഉതിർത്തു. ഒരു ആസ്ട്രിയൻ നാവിക കപ്പൽ എംഡനുമായി ഏറ്റുമുട്ടി. വീരോചിതമായ ഒരു പോരാട്ടത്തിൽ എംഡൻ തകർന്നു മുങ്ങി. അതുപോലെ കോണിസ്ബർഗും ഈസ്റ്റ് ആഫ്രിക്കയുടെ തീരത്ത് ചെന്നടിഞ്ഞു. ബ്രിട്ടീഷ് അധീനതയിലുണ്ടായിരുന്ന പത്രമാധ്യമങ്ങൾ ഇന്ത്യയിലുണ്ടായിരുന്ന എല്ലാ ജർമ്മൻകാരെയും ആസ്ട്രിയ - ഹംഗറി

പൗരന്മാരെയും തടങ്കലിൽ വയ്ക്കണം എന്ന് മുറവിളി കൂട്ടി. ബ്രിട്ടീഷ്കാരോട് വർഗ്ഗപരമായി അടുപ്പമുണ്ടായിരുന്ന ഇന്ത്യൻ സമൂഹത്തിന്റെ ഒരു വിഭാഗം ഇതുമായി ബന്ധപ്പെട്ട ശബ്ദായമാനമായ പ്രകടനം നടത്തി.

ജർമ്മനിക്കെതിരായി യുദ്ധം പ്രഖ്യാപിച്ചതോടെ ബ്രിട്ടീഷ് കോളനികളിൽ ഉണ്ടായിരുന്ന ജർമ്മൻകാരോടും ആസ്ട്രിയ - ഹംഗറിക്കാരോടും ഉണ്ടായിരുന്ന സമീപനം സ്വീകരിച്ചിരുന്ന നയം കർക്കശമായി. അവരുടെ സഞ്ചാരസ്വാതന്ത്ര്യം പരിമിതമാക്കി. പൊതുജന പ്രക്ഷോഭണം കണക്കിലെടുത്താണ് എന്ന് പറഞ്ഞു. 1914 ആഗസ്റ്റ് തൊട്ട് ഇവരെ തടങ്കലിൽ വയ്ക്കാനുള്ള നടപടികൾ ആരംഭിച്ചു. ലണ്ടനിലെ ഇന്ത്യാ ഓഫീസിന്റെ വിദേശികളെ സംബന്ധിച്ച മെമ്മൊറാണ്ടത്തിൽ 15-ാം വകുപ്പ് പറയുന്നത് ഇന്ത്യയിൽ വരുന്ന വിദേശികൾ ലണ്ടനിലെ ബ്രിട്ടീഷ് ഇന്ത്യ ഓഫീസിൽ നിന്നും ഒരു പെർമിറ്റ് വാങ്ങിയിരിക്കണം എന്നാണ്. അനുവാദം കൂടാതെ ജർമ്മനിക്കാരും ആസ്ട്രിയ-ഹംഗേറിയൻകാരും ഇന്ത്യ വിട്ടുകൂട എന്ന് വ്യവസ്ഥ ചെയ്തിരുന്നു. 1914 മേയ് 21-ലെ സെക്രട്ടറി ഓഫ് സ്റ്റേറ്റ്, ഹോം ഡിപ്പാർട്ട്മെന്റ്, ഇന്ത്യ ഹൗസ് അയച്ച കമ്പി സന്ദേശം അനുസരിച്ച്, ഇന്ത്യയിൽ പ്രവർത്തിക്കുന്ന ശത്രുരാജ്യങ്ങളിലെ പൗരന്മാർ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന എല്ലാ സാമ്പത്തിക സഹായവും നിർത്തലാക്കി. യാതൊരു വിദേശപൗരനും പ്രത്യേകിച്ചും, ജർമ്മൻ സാമ്രാജ്യത്തിലെയും ആസ്ട്രോ-ഹംഗറി യിലെയും പൗരന്മാർ കൽക്കട്ട, മദ്രാസ്, റംഗൂൺ എന്നീ തുറമുഖങ്ങൾ വഴിയല്ലാതെ ഇന്ത്യയിൽ പ്രവേശിക്കുകയോ ഇന്ത്യവിട്ട് പോകുകയോ ചെയ്യരുത് എന്ന് ഉത്തരവിട്ടു. 1914 സെപ്തംബർ 15-നു മുമ്പ് ഒരു വിദേശിയും കരമാർഗ്ഗമോ കടൽ മാർഗ്ഗമോ ഇന്ത്യവിട്ട് പോകരുത് എന്നും ഉത്തരവിട്ടു.

പൊതുജനാഭിപ്രായം മാനിച്ചാണ് എന്ന് പറഞ്ഞെങ്കിലും തങ്ങളുടെ കോളനികളിലെ ജർമ്മൻകാർക്കും ആസ്ട്രിയക്കാർക്കും എതിരെ കർശന നയങ്ങൾ സ്വീകരിക്കാൻ ബ്രിട്ടീഷുകാർക്ക് വേറെയും കാരണങ്ങൾ ഉണ്ടായിരുന്നു. പ്രത്യേകിച്ചും ഇന്ത്യയിൽ. ഇവയിൽ ഒരെണ്ണം പരിശോധിച്ചു നോക്കാം. ഇംഗ്ലണ്ടും ജർമ്മനിയും തമ്മിലുള്ള

യുദ്ധം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് വേണ്ടി വാദിക്കുന്നവരും വിദേശത്ത് കഴിയുന്നവരുമായ വിപ്ലവകാരികൾ ഉത്സാഹപൂർവ്വം സ്വാഗതം ചെയ്തു. മജൂംദാർ പറയുന്നത്, ഇങ്ങനെ ഒരു സാഹചര്യം ഇവർ വളരെ മുമ്പു തന്നെ പ്രതീക്ഷിച്ചിരുന്നു എന്നാണ്. ഇങ്ങനെ ഒരു സാഹചര്യം ഉണ്ടായാൽ എന്തുചെയ്യണം എന്നത് സംബന്ധിച്ച് അവർക്ക് വ്യക്തമായ ഒരു ധാരണ ഉണ്ടായിരുന്നു. അവർ സഹായത്തിന് ജർമ്മനിയെ സമീപിയ്ക്കും. അവരിൽ അനേകർ അഭയം തേടിയിരുന്നത് യു.എസ്.എ.യിലാണ്. അതൊരു താവളമായി പ്രയോജനപ്പെടുത്തും.

യു.എസ്.എ.യിൽ ഉണ്ടായിരുന്ന വിപ്ലവകാരികളെ ബ്രിട്ടനെതിരായി പ്രയോജനപ്പെടുത്താൻ ഇത്രമാത്രമോ ഇതിലധികമോ ജർമ്മൻകാരും ആഗ്രഹിച്ചിരുന്നു. ഒന്നാമത്, ഇന്ത്യയിൽ സായുധ വിപ്ലവം ഉണ്ടാകുക. അപ്പോൾ ഇത് അമർച്ച ചെയ്യാൻ ഇന്ത്യൻ പട്ടാളത്തെ യൂറോപ്പിൽ നിന്നും മധ്യേഷ്യയിൽ നിന്നും പിൻവലിക്കേണ്ടി വരും. യൂറോപ്പിലെ യുദ്ധമേഖല യിലുള്ള ഇന്ത്യൻ സൈനികർക്കിടയിൽ, ദേശീയ വികാരങ്ങളുടെ ബലത്തിൽ, ബ്രിട്ടീഷുകാരോട് വിധേയത്വം വളർത്തുക. ഹിന്ദുക്കളായ ഇന്ത്യൻ സൈനികർക്ക് ബ്രിട്ടീഷുകാരോടും മുസ്ലീമുകളായ ഇന്ത്യൻ സൈനികർക്ക് മുസ്ലീം രാജ്യമായ ടർക്കിയോടും അനുഭാവം തോന്നണം. അപ്പോൾ അവർ ജർമ്മനിക്കെതിരായി ആത്മാർത്ഥമായി പൊതുരാൻ തയ്യാറാകില്ല. പൊരുതുന്നതുപോലെ ഭാവിച്ചിട്ട് കീഴടങ്ങും. ഇതിനുവേണ്ടി ബെർലിനിൽ ഒരു സംഘടന രൂപീകരിച്ചു. അമേരിക്കയിലെ ജർമ്മൻ എംബസി വഴി അവിടെയുള്ള ഇന്ത്യൻ വിപ്ലവകാരികളുമായി ബന്ധപ്പെട്ടു.

ഇന്ത്യൻ സർക്കാർ കൈ അയച്ച് ധാരാളം പണം ഇറക്കി വിപ്ലവ കാരികളെ സഹായിച്ചു. 1914 സെപ്റ്റംബർ 3-ാം തീയതി ഇതിനായി ഒരു പ്രത്യേക കമ്മിറ്റി രൂപീകരിച്ചു. ബ്രിട്ടീഷ് പുരാതനരേഖ ശേഖരണത്തിൽ നിന്ന് ഒരു ഉദാഹരണം. മേൽപറഞ്ഞ കാര്യങ്ങൾ വാസ്തവമായിരുന്നു എന്നതിന് ഇത് തെളിവായിരിക്കും. തങ്ങളുടെ ഇന്ത്യയിലെ താത്പര്യങ്ങൾക്ക് എതിരായി ജർമ്മനി പ്രവർത്തിക്കുന്നുണ്ട് എന്ന് ബ്രിട്ടീഷുകാർക്ക് അറിയാമായിരുന്നു. മുൻകരുതൽ എന്ന നിലയ്ക്ക് ചില നടപടികൾ ബ്രിട്ടീഷുകാർ സ്വീകരിക്കുകയും ചെയ്തു.

ഗ്രീസിലെ ബ്രിട്ടീഷ് സ്ഥാനപതി യുദ്ധകാലത്ത് ലണ്ടനിലെ തന്റെ മേലധികാരിക്ക് ഒരു കമ്പി സന്ദേശം അയച്ചു. രണ്ട് ടർക്കിഷ് പൗരന്മാർ മതപ്രവാചകർ എന്നു പറഞ്ഞ് ഇന്ത്യയിൽ എത്തിയിട്ടുണ്ട്. ഇന്ത്യയിലെ മുസ്ലീമുകൾക്കിടയിൽ വിപ്ലവം പ്രസംഗിച്ച് അവരെ ബ്രിട്ടീഷുകാർ ക്കെതിരായി കലാപത്തിന് സജ്ജമാക്കും. കാരണം തങ്ങളുടെ സഹോദരങ്ങളായ ടർക്കിയിലെ മുസ്ലീമുകൾക്കെതിരായി ബ്രിട്ടൻ യുദ്ധം ചെയ്യുകയാണ്.

ബർലിൻ ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന 'ഇന്ത്യൻ ഇൻഡിപെൻഡൻസ് കമ്മിറ്റി'യുടെ പ്രവർത്തനം സംബന്ധിച്ച് മൂന്നാം ലാഹോർ ഗൂഢാലോചന കേസിലെ വിധിന്യായത്തിൽ രസകരമായ ഒരു പരാമർശമുണ്ട്. ഈ കേസിൽ ഏതാനും സ്വാതന്ത്ര്യ സമരക്കാരെ ശിക്ഷിച്ചു. ഇന്ത്യൻ റവലൂഷനറി സൊസൈറ്റി കൂടെക്കൂടെ യോഗങ്ങൾ വിളിച്ചു കൂട്ടി; തുർക്കികളും ഈജിപ്റ്റുകാരും ജർമ്മൻകാരും നേരത്തെ തടങ്കലിൽ ആയിരുന്ന ജർമ്മൻകാരും മുൻ-മിഷനറിമാരും പങ്കെടുത്തു എന്നാണ് പരാമർശത്തിലുള്ളത്.

ഈ സാഹചര്യത്തിൽ തങ്ങളുടെ കോളനികളിലെ ജർമ്മൻകാരും ആസ്ട്രിയക്കാരും എന്തു ചെയ്യുന്നു എന്നത് ബ്രിട്ടനെ അസ്വസ്ഥ മാക്കിയത് സ്വാഭാവികം മാത്രമാണ്. ബ്രിട്ടൻ ഇവരെ സൂക്ഷ്മമായി നിരീക്ഷിച്ചു തുടങ്ങി; ഇവരുടെ മേൽ വിവധ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. നിയന്ത്രണങ്ങൾ കത്തോലിക്കാ മിഷനറിമാർക്കും പ്രോട്ടസ്റ്റന്റ് മിഷനറിമാർക്കും ബാധകമാക്കി. തങ്ങളുടെ മിഷനറി പ്രവർത്തനങ്ങളി ലൂടെയും സ്ഥാപനങ്ങളിലൂടെയും ഇന്ത്യാക്കാർക്കിടയിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നവരായിരുന്നു ഇവർ. അതുകൊണ്ട് നിയന്ത്രണ ങ്ങൾക്ക് പ്രത്യേകിച്ചും ലക്ഷ്യമാക്കിയത് ഇവരെയാണ്.

### 1.4. ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സും ജർമ്മൻകാരെ സംബന്ധിച്ച ബ്രിട്ടീഷ് നയവും

1914 ജൂൺ മുതലേ ശത്രുരാജ്യങ്ങളിലെ പൗരന്മാരെ അറസ്റ്റ് ചെയ്ത് തടവിലാക്കുക എന്ന നയം പടിപടിയായി ബ്രിട്ടീഷ് ഗവൺമെന്റ് സ്വീകരിച്ചിരുന്നു. 1915 മേയ് 7-ാം തീയതി ജർമ്മൻ അന്തർവാഹിനികൾ ലൂസിറ്റാനിയ എന്ന ബ്രിട്ടീഷ് യാത്രാകപ്പലിനെ ഐർലണ്ടിന്റെ തീരത്ത് മുക്കിയതോടുകൂടി ഈ നയം കൂടുതൽ രൂക്ഷമായ രീതിയിൽ നടപ്പാക്കി. 1914 ആഗസ്റ്റ് 29-ാം തീയതി

ഖാൻഡ്വയിലെ ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിന് ഉടൻ തന്നെ അവരെ അറസ്റ്റ് ചെയ്ത് തടങ്കലിലാക്കുമെന്ന് മുന്നറിയിപ്പ് ലഭിച്ചു. അവർ രണ്ടു സംഘങ്ങളായി നാഗ്പൂരിലേക്കും ജബൽപൂരിലേക്കും പോകണം. അവിടെ അവർ താത്കാലിക പരോളിൽ വയ്ക്കപ്പെടും.

ബ്ര. പൗലുസ് മോറിറ്റ്സ്, സഭയുടെ സുപ്പീര്യർ ജനറൽ ഭയവിഹ്വലനായി. ഉടൻ തന്നെ അദ്ദേഹം ബിഷപ് കോപ്പലിനെ വിവരം അറിയിച്ചു.

"പിതാവേ, അങ്ങേക്കറിയാമായിരിക്കും. ബ്രിട്ടീഷ് മിലിട്ടറി അധികാരികൾ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇരുപത് വയസ്സിനും മുപ്പത്തഞ്ചുവയസ്സിനും ഇടയ്ക്ക് പ്രായമുള്ള എല്ലാ ജർമ്മൻകാരെയും പട്ടാളക്യാമ്പിൽ തടവിലാക്കണം എന്ന്. എല്ലാ ബ്രദേഴ്സിനും വേണ്ടി ഞാൻ ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ട്. അതായത്, സന്യസ്തർ എന്ന നിലയ്ക്ക് നിർബന്ധിത സൈനിക സേവനത്തിന് ഞങ്ങൾ വിധേയരല്ല എന്ന്. ഞങ്ങളെ അറസ്റ്റ് ചെയ്യുന്നത് ഒഴിവാക്കാൻ ഇതു മതിയാകും എന്ന് ഞാൻ വിശ്വസിക്കുന്നു. പാനഗാട്ടിൽ നിന്ന് ബ്ര. റാഫയേൽ ഒരു കമ്പി സന്ദേശം അയച്ചിരിക്കുന്നു; അവർ രണ്ടു പേരും കാംപ്റ്റീയിലേക്ക് ചെല്ലണം എന്ന ഉത്തരവ് വന്നിരിയ്ക്കുന്നു എന്ന്."

1915 ജൂൺ 25-ാം തീയതി നിമാർ മിഷനിൽ ജോലിയെടുക്കുന്ന ബ്രദേഴ്സിനെ അറസ്റ്റ് ചെയ്തു. ബ്ര. പൗലുസ് മോറിറ്റ്സിനെയും അറസ്റ്റ് ചെയ്തു. ഇവിടെ പൂനയ്ക്കടുത്തുള്ള അഹമ്മദ്നഗറിലെ PWC (യുദ്ധത്തടവുകാർക്കുള്ള ക്യാമ്പ്) ക്യാമ്പിലേക്കയച്ചു. ബ്രദർ നിക്കൊളാസ് ഹോഹനും ഖാൻഡ്വയിലെ എട്ടുനോവിസുകളും നാഗ്പൂരിലെ സെന്റ് ചാൾസ് സെമിനാരിയിൽ പരോളിൽ വയ്ക്കപ്പെട്ടു. യുദ്ധമുണ്ടായപ്പോൾ ഈ സെമിനാരി അടയ്ക്കേണ്ടി വന്നു. വേറൊരു സംഘം ബ്രദേഴ്സിനെ ജബൽപൂരിൽ പരോളിൽ നിർത്തി. ബ്ര. നിക്കൊളാസിനൊപ്പം സെന്റ്. ചാൾസ് സെമിനാരിയിൽ ഉണ്ടായിരുന്ന നോവിസുകളിൽ ഒരാൾ മരിച്ചു.

ബ്രദർ ഗാബ്രിയേൽ വെർഗേട്ട് ജെനൊവയിൽ നിന്ന് കപ്പൽ മാർഗ്ഗം ബോംബെ തുറമുഖത്ത് എത്തിയപ്പോൾ ബ്രിട്ടീഷ് മിലിട്ടറി അധികാരികൾ അദ്ദേഹത്തെ 1914 സെപ്റ്റംബറിൽ അറസ്റ്റ് ചെയ്തു.

അദ്ദേഹം രണ്ട് അർത്ഥികളെയും കൊണ്ടാണ് വന്നത്. അവരെ താത്ക്കാലികമായി, സൈനിക മേല്നോട്ടത്തിൽ ഫ്രോറ്സ ടെറൻസ് ഹോട്ടലിൽ താമസിപ്പിച്ചു. പിന്നീട് അവരെ അഹമ്മദ് നഗറിലെ തടങ്കൽ പാളയത്തിലേക്കയച്ചു.

1914 സെപ്റ്റംബർ അവസാനമായപ്പോഴേയ്ക്കും എല്ലാ ജർമ്മൻ പൗരന്മാരെയും ആസ്ട്രോ - ഹംഗേറിയൻ പൗരന്മാരെയും അറസ്റ്റ് ചെയ്ത് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള തടങ്കൽ പാളയത്തിലാക്കി. പ്രത്യേകിച്ചും കുപ്രസിദ്ധമായ അഹമ്മദ്നഗർ തടങ്കൽ പാളയത്തിൽ. നാഗ്പൂരിലും ജബൽപൂരിലും പരോളിൽ കഴിഞ്ഞിരുന്നവരുൾപ്പെടെ എല്ലാ ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിനെയും തടങ്കലിലാക്കാനുള്ള തീരുമാനം ലണ്ടനിലെ ഇന്ത്യൻ ഓഫീസിലാണ് എടുത്തത്. സെൻട്രൽ പ്രോവിൻസിന്റെ ചീഫ് കമ്മിഷനൽ സർ ബെഞ്ചമിൻ നേബോർട്ട്സൺ അയച്ച ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം എടുത്തത്. അതിൽ പറയുന്നു:

"യുദ്ധം തുടർന്നുകൊണ്ടിരിക്കെ ശത്രുരാജ്യങ്ങളിൽ നിന്നുള്ളവർ ഈ രാജ്യത്ത് തങ്ങളുടെ ചുമതലകൾ നിർബാധം നിർവ്വഹിക്കുന്നത് യുക്തിയ്ക്ക് നിരക്കുന്നതല്ല എന്ന് സർ ബഞ്ചമിൻ റോബേർട്ട്സൺ കരുതുന്നു. ഉദാഹരണത്തിന്, ഈ പ്രോവിൻസുകളിൽ പട്ടാള സേവനത്തിനുള്ള പ്രായത്തിലുള്ള ഒരു ഡസനോളം ജർമ്മൻ ബ്രദേഴ്സുണ്ട്. മിലിട്ടറി പരോളിൻകീഴിൽ നാഗ്പൂരിലും ജബൽപൂരിലുമുള്ള റോമൻ കത്തോലിക്കാ സ്ഥാപനങ്ങളിൽ കഴിയാൻ ഇവരെ അനുവദിച്ചിരിക്കുന്നു. ഈ ലേയ് ബ്രദേഴ്സ് ഫ്രഞ്ച് വൈദികരുടെ മേൽനോട്ടത്തിലാണ് കഴിയുന്നതെങ്കിലും അവരുടെ മേൽനോട്ടത്തിലാണ് കഴിയുന്നതെങ്കിലും അവരുടെ മേൽ വേറെ ഔദ്യോഗിക നിയന്ത്രണങ്ങളുണ്ട്. നിശ്ചിത സമയങ്ങളിൽ അവർ മിലിട്ടറി അധികാരികൾക്ക് മുമ്പിൽ സ്വയം ഹാജരായി റിപ്പോർട്ടു ചെയ്യണം. ഇവരെ അഹമ്മദ്നഗറിൽ തടങ്കലിൽ പാർപ്പിയ്ക്കുകയാകും കൂടുതൽ നല്ലത് എന്ന് സർ ബഞ്ചമിൻ റോബർട്ട്സൺ കരുതുന്നു. ഈ നടപടി ഇപ്പോൾ എടുക്കണമെന്നും യുദ്ധാനന്തരം ഇവരെ ജർമ്മനിയിലേക്ക് തിരിച്ചയക്കണം എന്നും അദ്ദേഹം കരുതുന്നു. ബ്രദേഴ്സിന്റെ പേരുവിവരം താഴെ കൊടുക്കുന്നു."

1915 ആഗസ്റ്റ് 16-ാം തീയതി ആയപ്പോഴേക്കും നാഗ്പൂരിലും ജബൽപൂരിലും മിലിട്ടറി പരോളിൽ ആയിരുന്ന രണ്ടുസംഘം ബ്രദേഴ്സിനെ അഹമ്മദ്നഗർ തടങ്കൽ പാളയത്തിൽ തടവിൽ താമസിപ്പിക്കാൻ അങ്ങോട്ടയച്ചു. 1915 ഏപ്രിൽ ആയപ്പോഴേക്കും മീററ്റ് ഡിസ്ട്രിക്റ്റിലെ ബ്രദേഴ്സിനെയും ആ വർഷം തന്നെ ഒക്ടോബർ ആയപ്പോഴേക്കും കൃഷഗറിലും സാൾസെറ്റിലും നിന്നുള്ള ബ്രദേഴ്സിനെയും അഹമ്മദ് നഗറിലെ തടങ്കൽ പാളയത്തിൽ തടവുകാരായി കൊണ്ടുവന്നു.

ബ്ര. ഫിലിപ് ഷ്രൈബർ, മൗണ്ട് പോയിൻസുറിലെ സെന്റ് ഫ്രാൻസിസ് അസ്സീസി ഓർഫനേജിന്റെയും സ്കൂളിന്റെയും സുപ്പീര്യർ ബോംബെയിൽ തടവിലായി. വാർദ്ധക്യത്തിലെത്തിയിരുന്നതിനാൽ നാടുകടത്താനായിരുന്നു തീരുമാനം. അങ്ങനെ CMSFന്റെ അംഗങ്ങളായ എല്ലാ ജർമ്മൻകാരെയും ആസ്ട്രിയക്കാരെയും അറസ്റ്റ് ചെയ്ത് അഹമ്മദ്നഗറിൽ തടങ്കലിൽ പാർപ്പിച്ചു. യൂറോപ്പിലേക്ക് അയച്ചിരുന്ന ബ്ര. ക്ലെമന്റ് ക്രീഗും ബ്രിട്ടീഷുകാർ യൂറോപ്പിലേക്ക് നാടുകടത്തിയ ബ്ര. ഫിലിപ് ഷ്രൈബറും മാത്രമേ അറസ്റ്റിൽ നിന്നും തടങ്കൽപാളയത്തിൽ നിന്നും രക്ഷപ്പെട്ടുള്ളു. ബ്ര. ഷ്രൈബർ പിന്നീട് ബ്ര. ക്ലെമന്റ് ക്രീഗിനൊപ്പം സ്വിറ്റ്സർലണ്ടിലെ ലുഗാനോയിൽ നാടുകടത്തപ്പെട്ടവനായി കഴിഞ്ഞു.

ബ്രിട്ടീഷേഴ്സിനെ മോചിപ്പിക്കാൻ നാഗ്പൂരിലെ ബിഷപ് കോപ്പെൽ ബ്രിട്ടീഷ് കൊളോണിയൽ അധികാരികൾക്ക് നിരവധി തവണ നിവേദനങ്ങൾ നല്കിയെങ്കിലും ഫലമുണ്ടായില്ല. തങ്ങളുടെ ഏറ്റവും വിലപ്പെട്ട കോളനിയായ ഇന്ത്യയിൽ ശത്രുരാജ്യങ്ങളിലെ പൗരന്മാർക്ക് സ്വൈര്യവിഹാരം അനുവദിക്കില്ല എന്ന ബ്രിട്ടന്റെ നിലപാട് എത്ര കർക്കശമായിരുന്നു എന്ന് ഒരുപക്ഷേ ബിഷപ്പ് മനസ്സിലാക്കിക്കാണില്ല. അദ്ദേഹത്തിന് ലഭിച്ച മറുപടി തികച്ചും നിരുത്സാഹപ്പെടുത്തുന്ന ഒന്നായിരുന്നു. അദ്ദേഹം അയച്ച നിവേദനങ്ങളിൽ ഒന്നിനു ലഭിച്ച മറുപടി താഴെ കൊടുക്കുന്നു.

"താങ്കൽ 1915 ജൂൺ 28നു അയച്ച കത്തിന്, സർ, ഇപ്രകാരമാണ് മറുപടിയായി പറയാനുള്ളത്. സെൻട്രൽ പ്രോവിൻസുകളുടെ ചീഫ് കമ്മീഷണറുടെ അഭ്യർത്ഥനയെ മാനിച്ച് ഖാൻഡ്വയിലെ മിഷനറിമാരെ അഹമ്മദ് നഗർ തടങ്കലിൽ പാർപ്പിച്ചിരിക്കുന്നു. താങ്കളുടെ അഭ്യർത്ഥന അനുവദിക്കാൻ നിവൃത്തി ഇല്ലാത്തതിനാൽ ഖേദിക്കുന്നു. ഇനിയും ഏതെങ്കിലും നിവേദനം സമർപ്പിക്കാൻ താങ്കൽ ആഗ്രഹിക്കുന്നു

വെങ്കിൽ അത് സെൻട്രൽ പ്രോവിൻസിന്റെ ചീഫ് കമ്മിഷണർ മുമ്പാകെ സമർപ്പിക്കുക.''

### 1.5. മിഷനറിമാരെ നീക്കം ചെയ്ത ഇന്ത്യൻ മിഷന്റെ അവസ്ഥ എന്തായിരുന്നു

1915-നുശേഷം ഇന്ത്യയിലെ കത്തോലിക്കാ മിഷനുകളുടെ അവസ്ഥ തികച്ചും ഇരുളടഞ്ഞതായിരുന്നു. ജർമ്മൻകാരും ഫ്രഞ്ചുകാരുമായ മിഷനറിമാരെ പ്രവർത്തന രംഗത്ത് നിന്ന് മാറ്റിയിരുന്നു. ജർമ്മൻകാരെ യുദ്ധതടവുകാർക്കുള്ള പാളയത്തിൽ താമസിപ്പിച്ചു. ഫ്രഞ്ചുകാരെ യുദ്ധമേഖലയിൽ സേവനമനുഷ്ഠിക്കാൻ ഫ്രഞ്ചുസൈന്യത്തിൽ ചേർത്തു. യൂറോപ്യൻ ഭൂഖണ്ഡമാകെ യുദ്ധം വ്യാപിച്ചപ്പോൾ ഇന്ത്യയിലെ മിഷൻ പ്രവർത്തനങ്ങൾക്കു സാമ്പത്തിക സഹായം ലഭിക്കുക ഏതാണ്ട് അസാധ്യമായി. തദ്ദേശവാസികളായ മിഷനറിമാർ വളരെ ചുരുക്കമായിരുന്നു. സ്വിറ്റ്സർലണ്ട് പോലുള്ള യുദ്ധത്തിൽ നിഷ്പക്ഷത പാലിച്ച രാജ്യങ്ങളിൽ നിന്നുള്ള മിഷനറിമാർക്കൊപ്പം അവർ കഴിവുള്ളത്ര സേവനങ്ങൾ നല്കി. ഒരുകാലത്ത് തഴച്ചുവളർന്ന മിഷനുകളെ നിലനിർത്താൻ ശ്രമിച്ചു. മിഷനറിമാരിൽ അധികവും ജർമ്മൻകാരോ ആസ്ട്രിയക്കാരോ ആയിരുന്നിടത്ത് നില വളരെ മോശമായി. ബോംബെ-പൂനാ മിഷന് സംഭവിച്ചതും ഇതാണ്. ഇവിടെ ഈശോ സഭയുടെ ജർമ്മൻ പ്രോവിൻസിന്റെ അംഗങ്ങളായിരുന്നു ബഹുഭൂരിപക്ഷം മിഷനറിമാരും. ടൈ റോൾ കപ്പുച്ചിൻ പ്രോവിൻസിന്റെ കുത്തകയായിരുന്ന ബെറ്റിയാ അപ്പസ്റ്റോലിക്കിനും ഈ ദുർഗ്ഗതി ഉണ്ടായി. ബോംബെയിലെ പ്രശസ്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിയിരുന്ന ജർമ്മൻകാരെപ്പോലും അറസ്റ്റിൽ നിന്നും ഒഴിവാക്കാൻ കർക്കശമായ ജർമ്മൻ വിരുദ്ധ നയം പിന്തുടർന്നിരുന്ന ബ്രിട്ടീഷ് അധികാരികൾ സമ്മതിച്ചില്ല. ബോംബെ മിഷന്റെ ചരിത്രകാരനും എക്സാമിനർ വാരികയുടെ പത്രാധിപരുമായിരുന്ന ഇംഗ്ലീഷ് ജസ്വിറ്റ് ഏണസ്റ്റ് ഹൂണിനു പോലും ബ്രിട്ടീഷുകാരുടെ ജർമ്മൻ വിരോധം എന്ന നയത്തിൽ യാതൊരു അയവും വരുത്താൻ കഴിഞ്ഞില്ല.

ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് തുടങ്ങിയ മിഷനുകൾ എല്ലാം തന്നെ അവർ ഉപേക്ഷിച്ചു. ചുരുക്കം ചിലത് നിലനിർത്തി.

ഖാൻഡ്വ, കൃഷ്ണഗർ പോലുള്ള സ്ഥലങ്ങളിൽ ഒന്നോ രണ്ടോ ബ്രദേഴ്സ് തുടർന്നും പ്രവർത്തിച്ചു. ഇവർ ഇന്ത്യാക്കാരായിരുന്നു. ഇന്ത്യാക്കാരായ ബ്രദേഴ്സ് ആ സമയം വളരെ കുറവായിരുന്നു. മീററ്റ് ഡിസ്ട്രിക്റ്റിലെ ആഗ്ര അതിരൂപതയിലുള്ള മിഷനുകൾ ഉപേക്ഷിക്കേണ്ടി വന്നു. ഇറ്റാലിയൻ കപ്പുച്ചിൻ വൈദികർ എവ ഏറ്റെടുത്തു. സാൾ സെറ്റിൽ (ഡാമവോൺ) പുറജാതിക്കാരുടെ ഇടയിൽ ഉണ്ടായിരുന്ന മിഷൻ ഉപേക്ഷിച്ചു. മൗണ്ട് പോയ്ൻസുറിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലനിർത്തി. പക്ഷേ വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കേണ്ടി വന്നു. ഇന്ത്യാക്കാരായ ഏതാനും ബ്രദേഴ്സ് ആണ് ഇവ തുടർന്നും നടത്തിക്കൊണ്ടു പോയത്.

### 2.1. അഹമ്മദ് നഗറിലെ തടങ്കൽ പാളയത്തിലെ അവസ്ഥ

ഡെക്കാനിലെ അഹമ്മദ് നഗർ എന്നു തന്നെ പേരുള്ള ഡിസ്ട്രിക്റ്റിന്റെ തലസ്ഥാനമായിരുന്നു അഹമ്മദ് നഗർ. ഇത് ബോംബെ പ്രസിഡൻസിയുടെ ഒരു ഭാഗമായിരുന്നു. ഈ ഡിസ്ട്രിക്റ്റിന് അതിന്റേതായ ഒരു പുരാതന ചരിത്രമുണ്ടായിരുന്നു. 1526-ൽ ഇന്ത്യ പിടിച്ചടക്കിയ ശേഷം ബാബർ സ്ഥാപിച്ച അഞ്ച് സുൽത്താനേറ്റുകളിൽ ഒന്നിന്റെ തലസ്ഥാനമായിരുന്നു അഹമ്മദ് നഗർ. 1596-ൽ ഷാജഹാൻ എന്ന മുഗൾ ചക്രവർത്തി, താജ്മഹൽ പണിയിച്ച ഷാജഹാൻ ഡെക്കാൻ ആക്രമിച്ച് കീഴടക്കിയപ്പോൾ അഹമ്മദ് നഗർ കൈവശപ്പെടുത്തി; 1632-ൽ അഹമ്മദ് നഗർ സുൽത്താനേറ്റ് മുഗൾ സാമ്രാജ്യത്തിൽ ലയിപ്പിച്ചു. അഹമ്മദ് നഗറിൽ 16-ാം നൂറ്റാണ്ടിലെ ഒരു മുഗൾ കോട്ട ഉണ്ടായിരുന്നു. ഇതു ബ്രിട്ടീഷുകാർ ഒരു താത്ക്കാലിക തടങ്കൽ പാളയമാക്കി. വളരെ കർക്കശമായ സുരക്ഷാസംവിധാനം ഒരുക്കി. ബ്രിട്ടീഷ് കൊളോണിയൻ ആർമിയുടെ ഒരു ബ്രിട്ടീഷ് റെജിമെന്റും ഒരരു ഇന്ത്യൻ റെജിമെന്റും ഇവിടെ താവളമടിച്ചിരുന്നു. ഇന്ത്യയിലെയും ആഫ്രിക്കൻ കോളനികളിലെയും യുദ്ധം തടവുകാരെ പാർപ്പിക്കാൻ ബ്രിട്ടൻ തിരഞ്ഞെടുത്തത് പുരാതനവും ചരിത്ര പ്രാധാന്യമുള്ളതുമായ ഈ നഗരമായിരുന്നു.

തടങ്കൽപാളയം A, B, C എന്ന് മൂന്നായി വിഭജിച്ചിരുന്നു. ഇത് കൂടാതെ സിവിൽ അധികാരികളുടെ മേൽനോട്ടത്തിലുള്ള പരോൾ ക്യാമ്പും ഉണ്ടായിരുന്നു. ഭൂരിപക്ഷം യുദ്ധതടവുകാരും ക്യാമ്പ് Aയിൽ

ആയിരുന്നു. 1916-ൽ ഇവരുടെ എണ്ണം എണ്ണൂറിന് മുകളിലായിരുന്നു. കണ്ടാൽ കുറ്റവാളികളുടെ ഒരു കോളനിയാണ് എന്ന് തോന്നും. കാരണം അത്ര മോശമായിട്ടാണ് ബ്രിട്ടീഷുകാർ അവരോട് പെരുമാറിയിരുന്നത്. ഏതു മാനദണ്ഡം അനുസരിച്ചാണ് ക്യാമ്പിലേക്ക് അവർ അന്തേവാസികളെ തെരഞ്ഞെടുത്തിരുന്നത് എന്ന് വ്യക്തമല്ല. മറ്റ് ക്യാമ്പുകളിൽ ബ്രിട്ടീഷ് അധികാരികൾക്ക് തൃപ്തികരമായി തോന്നാത്ത രീതിയിൽ പെരുമാറിയവരെ ഇങ്ങോട്ട് സ്ഥലം മാറ്റിക്കൊടുക്കും. ഒരുതരം ദുർഗുണ പരിഹാര സംവിധാനം.

ഈ ക്യാമ്പിലെ തടവുകാർ വിവിധ ജോലികളിൽ ഏർപ്പെട്ടിരുന്നവരാണ്. വ്യത്യസ്ത സാമൂഹികക നിലവാരമുള്ളവരും ആയിരുന്ന അവരുടെ ഇടയിൽ നാവികരുണ്ടായിരുന്നു, ഡോക്ടർമാർ ഉണ്ടായിരുന്നു. ജാംഷഡ്പൂരിലെ കൊസ്റ്റീൽ വർക്സ് നിർമ്മിക്കാനെത്തിയ കുറെ ജർമ്മൻ സാങ്കേതിക വിദഗ്ധർ ഉണ്ടായിരുന്നു.

ക്യാമ്പ് A ഇരട്ട മുള്ളുവേലികൊണ്ട് സംരക്ഷിക്കപ്പെട്ടിരുന്നു. ബ്രിട്ടീഷ് പട്ടാളക്കാർ രാപകൽ ഇതിനുചുറ്റും റോന്തുചുറ്റിയിരുന്നു. ക്യാമ്പ് Bയിൽ കുറേക്കുടി മെച്ചപ്പെട്ട സാഹചര്യമായിരുന്നു. ഇവിടെ തടവിലാക്കി യിരുന്നത് സമ്പന്നരായ ജർമ്മൻ ബിസിനസ്സുകാരും നയതന്ത്ര പ്രതിനിധി കളും മറ്റും ആയിരുന്നു. ഇവർക്ക് സ്വന്തം കാശുമുടക്കി കൂടുതൽ സുഖ സൗകര്യങ്ങൾ നേടാൻ കഴിയുമായിരുന്നു. മറ്റു ക്യാമ്പുകളിലെ അന്തേവാസികൾക്കു ഈ സൗകര്യം നിഷേധിക്കപ്പെട്ടിരുന്നു. 1916 സെപ്റ്റംബർ വരെ ക്യാമ്പ് ഒരു പരോൾ ക്യാമ്പ് ആയിരുന്നു. ഇവിടെ തടവുകാർക്ക് വേണമെങ്കിൽ വൈകുന്നേരം അല്പം നടക്കാൻ പോകാനും കഴിയുമായിരുന്നു. 1916-ൽ ഈ ക്യാമ്പിനകത്ത് ഏകദേശം ഇരുന്നൂറു തടവുകാർ ഉണ്ടായിരുന്നു. ക്യാമ്പ് C ഇത് സിവിൽ ക്യാമ്പ് എന്നറിയപ്പെട്ടി രുന്നു. മറ്റ് ക്യാമ്പുകളിൽ നിന്ന് ഒരു മണിക്കൂർ (നടക്കേണ്ട) ദൂരത്തായിരുന്നു ഈ ക്യാമ്പ്. ഇത് സിവിൽ ഉദ്യോഗസ്ഥരുടെ കീഴിലായിരുന്നു. 45 വയസ്സിനുമേൽ പ്രായമുള്ള തടവുകാരെയാണ് ഇവിടെ പാർപ്പിച്ചിരുന്നത്. പിന്നീട് ഈ പ്രായപരിധി 55 ആയി ഉയർത്തി. ഫ്രാൻസിസ്കൻ ബ്രദേഴ്സിനെ താമസിപ്പിച്ചിരുന്നത് ക്യാമ്പ് Aയിൽ ആയിരുന്നു. കല്ലുകൊണ്ട് പണികഴിപ്പിച്ച നാലു നീണ്ട ബാരക്കുകളായിരുന്നു ഈ ക്യാമ്പ് മേൽക്കൂര നാഗത്തകിട് കൊണ്ടായിരുന്നു. ഇവ

അഹമ്മദ്നഗറിൽ താവളമടിച്ചിരുന്ന ബ്രിട്ടീഷ് സൈന്യത്തിന്റെ ഗാരിസണിന്നുവേണ്ടി ഉണ്ടാക്കിയതായിരുന്നു. ബാരക്കിനകത്തു കുറെ ഹാഗുകളും കുറെ കൊച്ചുമുറികളുമാണ് ഉണ്ടായിരുന്നത്. ചുവരുകൾ മേൽ തട്ടുവരെ എത്തിയിരുന്നില്ല. അതുകൊണ്ട് മഴയ്ക്കും കാറ്റിനും ഇഷ്ടം പോലെ അകത്തു കടക്കാമായിരുന്നു. തറ സിമന്റിട്ടതല്ലായി രുന്നു. അതുകൊണ്ട് മഴ പെയ്യുമ്പോൾ തറ ചെളിയുടെ ഒരു കുളമായി മാറും. വേനൽ ക്കാലത്ത്, ഇന്ത്യയിലെ സൂര്യന്റെ കീഴിൽ നാഗത്തകിടിട്ട മേൽക്കൂരയ്ക്ക് ചൂടുപിടിച്ച മുറി, ഒരു ചൂടുള്ള അടുപ്പായി മാറും. വീട്ടുപകരണങ്ങൾ - മേശ, കസേര, കട്ടിൽ ഒന്നും അവർക്ക് നല്കിയിരുന്നില്ല. ഓല നിറച്ച ഒരു സഞ്ചി ആയിരുന്നു കിടക്ക. ഓരോ തടവുകാരനും ലോഹം കൊണ്ടുള്ള ഒരു വാഷ്ബേയ്സിൻ, ഭക്ഷണം കഴിക്കാൻ ഒരു പാത്രം, ഒരു സെറ്റ് തുരുമ്പിച്ച കത്തിയും മുള്ളും. ഭക്ഷണം പരിമിതം, വേണ്ടത്ര ലഭ്യമല്ല. ദിവസവും ഒരു നേരം മാത്രം ആഹാരം. അത് ഉച്ചയ്ക്കാണ്. ഒരാൾക്ക് ഒരു റൊട്ടി കിട്ടും (ബ്രെഡ്), രാവിലെയും വൈകുന്നേരവും ചായ കിട്ടും. ക്യാമ്പുകൾക്കെല്ലാം പൊതുവായുള്ള പാചകമുറിയിലാണ് ഭക്ഷണം തയ്യാറാക്കിയിരുന്നത്.

1915 ആഗസ്റ്റ് 13-ാം തീയതി ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ച ഒരു വിജ്ഞാപനം അനുസരിച്ച് ജർമ്മൻകാരും ആസ്ട്രോ-ഹംഗേറി യൻകാരുമായി 1143 യുദ്ധ തടവുകാർ അഹമ്മദ് നഗറിൽ ഉണ്ടായിരുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇതേ രാജ്യങ്ങളിൽ നിന്നുള്ളവരായ യുദ്ധതടവുകാർ 1232 പേരുണ്ടായിരുന്നു. ഇവരെ വിവിധതരം സിവിൽ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെട്ടവരാണ്. ബൽഗാം, മേഡക്, യേർകാഡ്, വാൾട്ടയർ തുടങ്ങിയ സ്ഥലങ്ങളിൽ ഈ വിഭാഗത്തിൽപ്പെട്ട തടവുകാർ ഉണ്ടായിരുന്നു. ഇവരിൽ 589 പേർ മിഷനറിമാരായിരുന്നു. കത്തോലിക്കരും പ്രൊട്ടസ്റ്റൻസഭകളുമായ മിഷനറിമാരും അവരുടെ ആശ്രിതരും. അഹമ്മദ് നഗർ ക്യാമ്പ് Aയിൽ അതെ മുപ്പത്തൊന്നു ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് ഉണ്ടായിരുന്നു. നാഗ്പൂരിലെ സെന്റ് ചാൾസ് സെമിനാരിയിൽ ബ്രദർ നിക്കൊളാസ് ഹോഹനും കൂടെ ഉണ്ടായിരുന്ന നൊവിറ്റുകളും ഇതിൽ ഉൾപ്പെടും. ഇവർ പരോളിൽ ആയിരുന്നു. ബ്രദേഴ്സിനെ മറ്റെല്ലാ തടവുകാർക്കും ഒപ്പമാണ് താമസിപ്പിച്ചിരുന്നത്. അതുകൊണ്ട് അവർക്ക് മതപരമായ അനുഷ്ഠാനങ്ങൾക്കൊന്നും സൗകര്യം ഇല്ലായിരുന്നു.

ബ്ര. ക്ലെമന്റ് ക്രീഗ് അപ്പോഴും സ്വിറ്റ്സർലണ്ടിൽ ആയിരുന്നു. തടവിലാക്കപ്പെട്ട ബ്രദേഴ്സിന്റെ കത്തുകൾ സ്വീകരിക്കാൻ കഴിയുമായിരുന്നു. അഹമ്മദ് നഗറിലെ തടങ്കൽ പാളയത്തിൽ കഴിയുന്ന തന്റെ നിരാശയിലാണ്ട സഹസന്യസ്തരെ കുറിച്ച് മിലാനിലുള്ള ഒരു സുഹൃത്തിന് ബ്ര. ക്രീഗ് എഴുതി :

“താങ്കളുടെ ക്ഷേമാന്വേഷണങ്ങൾ അഹമ്മദ്നഗറിലുള്ള നമ്മുടെ ബ്രദേഴ്സിനെ ഞാൻ അറിയിച്ചിട്ടുണ്ട്. അവരുടെ കത്തുകളിൽ നിന്ന് ഞാൻ മനസ്സിലാക്കുന്നത് ഇന്ത്യയിലെ മിഷൻ പ്രവർത്തനങ്ങൾ വളരെ ദയനീയമായ അവസ്ഥയിലാണ് എന്നത്രേ. വ്യക്തിപരമായി അവരുടെ നിലയും പരിതാപകരമാണ്. ഒട്ടും ആശാസ്യമല്ലാത്ത സ്വഭാവമുള്ള കുറെ ചെറുപ്പക്കാർക്കൊപ്പം ഒരു ബാരക്കിൽ കഴിയാൻ ഏതാനം ബ്രദേഴ്സ് നിർബന്ധിതരായിരിക്കുന്നു.”

ബ്രദേഴ്സിന്റെ, പ്രത്യേകിച്ചും രോഗബാധിതരായിരുന്നവരുടെ, അവസ്ഥ തികച്ചും ദയനീയമായിരുന്നു. അങ്ങനെയുള്ളതായിരുന്നു അവിടത്തെ സാഹചര്യം. തങ്ങളുടെ കാര്യത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മേലധികാരികളെ സമീപിക്കാൻ ബിഷപ്പ് കോപ്പെലിനോട് ആവശ്യപ്പെടുന്ന ഒരു കത്ത് ബ്ര. പൗലുസ് മോറിറ്റ്സ് ബിഷപ്പിന് എഴുതി. ഇതിന്റെ ഫലമായി താത്കാലികമായി അവരെ വേറൊരു ക്യാമ്പിലെക്കു മാറ്റി. പക്ഷേ കുറെ കഴിഞ്ഞു അവരെ വീണ്ടും ക്യാംപ് Aയിലേക്കു കൊണ്ടുവന്നു.

ബ്രിട്ടീഷുകാർ എടുത്ത ഒരു തീരുമാനം അനുസരിച്ച്, 45 വയസ്സിനു മേൽ പ്രായമുള്ളവരും അക്കാരണത്താൽ തങ്ങളുടെ രാജ്യത്ത് സൈനിക സേവനത്തിനു ബാധ്യത ഇല്ലാത്തവരുമായ തടവുകാരെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള സിവിൽ ക്യാമ്പുകളിലേക്കും മാറ്റണം. ഇതിന്റെ അടിസ്ഥാനത്തിൽ, ബ്രദേഴ്സ് പൗലുസ് മോറിറ്റ്സ്, നിക്കൊളാസ് ഹോഹൻ, ലെയാണ്ടർ ഉങ്ഗേർട്ട്, ആന്റിണി റൺഡ എന്നിവരെ മദ്രാസ് പ്രിസിഡൻസി യിലെ സേലം ഡിസ്ട്രിക്റ്റിലുള്ള യേർക്കാഡ്ലേക്കു മാറ്റി. അങ്ങനെ അഹമ്മദ്നഗറിലെ ബ്രദേഴ്സ് ഇടയനില്ലാത്ത ആടുകളെ പോലെ ആയി. അവർ തനിയെ ആയി; അവരുടെ ഭാവി അനിശ്ചിതത്വവുമായി. ക്യാമ്പ് Aയിലെ തടവുകാർക്ക് സന്ദർശകരെ സ്വീകരിക്കാൻ സൗകര്യമുണ്ടായിരുന്നില്ല. കത്തെഴുതുന്നതിലും സ്വീകരിക്കുന്നതിലും നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. അതുപോലെ എന്തു വായിക്കുന്നു എന്നതിലും

നിയന്ത്രണം ഏർപ്പെടുത്തി യിരുന്നു. മിക്കവാറും അവർ ബാരക്കിന്റെ നാലു ചുരവരുകൾക്കുള്ളിൽ കഴിയുകയാണ് ഉണ്ടായത്.

### 2.2. തടവുകാർക്കുവേണ്ടി പ്രവർത്തിക്കാൻ നയതന്ത്രതലത്തിൽ ഇടപെടാൻ നടത്തിയ ശ്രമങ്ങൾ

ബ്രിട്ടീഷ് കൊളോണിയൽ അധോറിറ്റീസിന്റെ നിർദ്ദയവും ഏകപക്ഷീയവുമായ പ്രവൃത്തി വത്തിക്കാന്റെയും ജർമ്മനിയുടെയും ശ്രദ്ധയിൽ പെടാതിരുന്നില്ല. ഈ രാജ്യങ്ങൾ രണ്ടിന്റെയും നയതന്ത്ര സംവിധാനം ചലിച്ചു തുടങ്ങി. പ്രോപഗണ്ടയുടെ പ്രീഫെക്റ്റ് ഇടപെട്ടതിന്റെ ഫലമായി സിവിൽ ക്യാമ്പിൽ ഒരു ചാപ്പൽ സ്ഥാപിച്ചു. ഇവിടെ കത്തോലിക്കാ വൈദികർക്കു ബലി അർപ്പിക്കാമായിരുന്നു. ജർമ്മനിയിലെ കൊളോണിൽ ആർച്ചുബിഷപ്പായ കാർഡിനൽ പാരീസിലെയും വെസ്റ്റ് മൻസ്റ്ററിലെയും ആർച്ചു ബിഷപ്പുമാർക്കു എഴുതി. തടവിലാക്കപ്പെട്ടവരെ സഹായിക്കാൻ ഇടപെടണം എന്ന് അഭ്യർത്ഥിച്ചു. മാർപ്പാപ്പയുടെ സെക്രട്ടറി ഓഫ് സ്റ്റേറ്റ് കാർഡിനൽ ഗസ്പാരി ശക്തമായ പ്രതിഷേധം അറിയിച്ചുകൊണ്ടുള്ള ഒരു കുറിപ്പ് വത്തിക്കാനിലെ ബ്രിട്ടീഷ് സ്ഥാനപതിക്കു കൊടുത്തു. ഇന്ത്യയിലും മറ്റു സ്ഥലങ്ങളിലും തടവിലായിട്ടുള്ള മിഷനറിമാരോടും പൗരന്മാരോടും മനുഷ്യത്വപൂർവ്വം പെരുമാറണം എന്ന് ആവശ്യപ്പെട്ടു. ഈ തടവുകാരെ കഴിയുന്നത്ര വേഗം മോചിപ്പിയ്ക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കാനും അഭ്യർത്ഥിച്ചു. ദുഃഖകരമായ ഈ സംഭവത്തിൽ രണ്ടു രാജ്യത്തെയും നയതന്ത്രപ്രതിനിധികൾ വഹിച്ച പങ്കിനെപ്പറ്റി വിശദമായി വിശദീകരിയ്ക്കാൻ ഉദ്ദേശിക്കുന്നില്ല.

### 2.3. മിഷനറിമാരെ അവരവരുടെ രാജ്യങ്ങളിലേക്കു മടക്കി അയയ്ക്കുന്നു. ഗോൾക്കൊണ്ടയുടെ രണ്ടു യാത്രകൾ

മേൽ പരാമർശിച്ച രണ്ടു കേന്ദ്രങ്ങളുടെ സമ്മർദ്ദത്തിനു വഴങ്ങിയാകാം അതൊടൊപ്പം, അന്താരാഷ്ട്ര അഭിപ്രായത്തെ ബോധ്യപ്പെടുത്താനും ആകാം യുദ്ധതടവുകാരിൽ ചിലരെ, അവരുടെ സ്വന്തം രാജ്യത്തേയ്ക്ക് തിരിച്ചയയ്ക്കുക എന്ന നയം ബ്രിട്ടീഷുകാർ സ്വീകരിച്ചു. ആദ്യത്തെ സംഘം മിഷനറിമാരെയും അവരുടെ ആശ്രിതരെയും തിരിച്ചയയ്ക്കാൻ ഏർപ്പാടാക്കി. ജർമ്മൻ പൗരന്മാരെയും ആസ്ട്രിയ-ഹംഗറി പൗരന്മാരെയും സംബന്ധിച്ച പൊതുവായ നയവും താഴെ കൊടുക്കുന്നു.

1915 ഒക്ടോബർ 16-ാം തീയതി കോമൺ സഭ അംഗീകരിച്ച മെമ്മോറാണ്ടത്തിൽ പതിനേഴ് വയസ്സിന് താഴെയും അറുപത് വയസ്സിന് മുകളിലും പ്രായമുള്ള ജർമ്മൻകാരെ നാടുകടത്തുകയും സൈനിക സേവനത്തിന് അനുയോജ്യമായ പ്രായമുള്ള ജർമ്മൻകാരെയും ആസ്ട്രിയ-ഹംഗറി പൗരന്മാരെയും ഒരു കോൺസെൻട്രേഷൻ ക്യാമ്പിൽ താമസിപ്പിക്കണം, അങ്ങനെ അവരെ സൈന്യസേവനത്തിന് എടുക്കാൻ അവരുടെ രാജ്യങ്ങൾക്ക് കഴിയാതെ വരണം.

നാടുകടത്തപ്പെട്ട ആദ്യസംഘത്തിൽ, കത്തോലിക്കാ പുരോഹിതന്മാരും പ്രോട്ടസ്റ്റന്റ് പുരോഹിതന്മാരും അവരുടെ പട്ടാള സേവനത്തിന് വേണ്ടത്ര പ്രായം ഇല്ലാത്തവരും പ്രായം കവിഞ്ഞവരുമായ ആശ്രിതരും ഇടപെട്ടിരുന്നു. ഇതൊടൊപ്പം, ഏതാനും കന്യാസ്ത്രീകളും വാർദ്ധക്യത്തിലെത്തിയ മിഷനറിമാരും ഉണ്ടായിരുന്നു. ഈ അവസാന വിഭാഗത്തിൽ പെട്ട ആളായിരുന്ന ബ്രദർ ഫിലിപ്പ് ഷ്രൈബർ, സെന്റ് ഫ്രാൻസിസ് ഓർഫനേജിന്റെ സുപ്പീര്യർ. ഓർഫനേജ് സ്ഥിതി ചെയ്തിരുന്ന മൗണ്ട് പോയിൻസർ ബോംബെയിലെ സർക്കാരിന്റെ മേൽനോട്ടത്തിലായിരുന്നു. ബ്രിട്ടീഷ് സർക്കാർ, ബ്രിട്ടീഷ് ഇന്ത്യ സ്റ്റീം നാവിഗേഷൻ കമ്പനിയുടെ S.S. ഗോൾകൊണ്ട എന്ന ചരക്കു കപ്പൽ വാടകയ്ക്കെടുത്ത്, ചില മാറ്റങ്ങൾ വരുത്തി, യാത്രക്കപ്പലാക്കി, ശത്രുരാജ്യത്തെ പൗരന്മാരെ നാടുകടത്താൻ പ്രയോജനപ്പെടുത്തി.

ഗോൽകൊണ്ട അതിന്റെ ആദ്യ യാത്ര നടത്തിയത് 1915 നവംബർ 15-ാം തീയതി ആയിരുന്നു. കൽക്കട്ടയിൽ നിന്നു പുറപ്പെട്ട കപ്പൽ മദ്രാസ് തുറമുഖത്തെത്തി. തെക്കെ ഇന്ത്യയിൽ ഉണ്ടായിരുന്ന യുദ്ധ തടവുകാരെ എടുത്തു. സൗത്ത് ആഫ്രിക്കയിലെ കേയ്പ്പ് ടൗണിലേയ്ക്കാണ് കപ്പൽ പോയത്. 1915 ഡിസംബർ 13-ാം തീയതി കപ്പൽ തുറമുഖത്തെത്തി. സൗത്ത് ആഫ്രിക്കയിലെ അധിനിവേശ പ്രദേശങ്ങളിലെ യുദ്ധതടവുകാരെയും കേയ്പ്ടൗണിൽ വച്ച് കപ്പലിൽ കയറ്റി. ഏറെ ബുദ്ധിമുട്ടുകളുണ്ടായ ദീർഘമായ ഒരു യാത്രയ്ക്കു ശേഷം, 1916 ജനുവരി 9-ാം തീയതി കപ്പൽ ഈസ്റ്റ് ലണ്ടനിലെ തെംസ് നദീമുഖത്തുള്ള ദൽബറി ഡോക്സിൽ എത്തി. കപ്പലിൽ ആകെ ജർമ്മൻകാരും ആസ്ട്രിയ-ഹംഗറിക്കാരുമായി 485 ശത്രുരാജ്യക്കാർ ഉണ്ടായിരുന്നു. ഇവരെ ഒരു ഡച്ച് കപ്പൽ ഡച്ചു തുറമുഖമായ വിസ്സൻഗനിൽ എത്തിച്ചു. ഇവിടെ ജർമ്മൻ റെഡ് ക്രോസും കോൺസുലർ ഉദ്യോഗസ്ഥരും ചേർന്ന് അവരെ സ്വീകരിച്ചു. അവിടെ

നിന്ന ട്രെയിൻ മാർഗ്ഗം അവരെ ജർമ്മൻ അതിർത്തിയിലുള്ള നഗരമായ 'ഗോക'ൽ എത്തിച്ചു. അങ്ങനെ അവർക്കു ദീർഘവും സംഘർഷഭരിതവും ബുദ്ധിമുട്ടുകൾ നിറഞ്ഞതുമായ അവരുടെ യാത്ര അവസാനിച്ചു. ഏതു ബ്രിട്ടീഷ് കപ്പലിനെയും ആക്രമിക്കാൻ ജർമ്മൻ അന്തർവാഹിനികൾ തയ്യാറായിരുന്നതാണ് മാനസിക സംഘർഷത്തിന് കാരണം.

### 2.4. ഗോൽകൊണ്ടയുടെ രണ്ടാമത്തെ യാത്ര

ഗോൽകൊണ്ടയുടെ രണ്ടാമത്തെ യാത്രയിൽ നമുക്കു വലിയ താത്പര്യമുണ്ട്. കാരണം ബോംബെ-പൂനാ മിഷനിലെ ജർമ്മൻ ജസ്വിറ്റ്സിനെയും മൗണ്ട് പോയിൻസ്റ്റർ ഓർഫനേജിലെ ബ്രദർ ഫിലിപ് ഷ്രൈബറെയും നാടുകടത്തിയത് ഈ യാത്രയിലാണ്. ഇത്തവണ ഗോൽകൊണ്ട യാത്ര തുടങ്ങിയത് ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ പടിഞ്ഞാറെ തീരത്തുള്ള ബോംബെ തുറമുഖത്ത് നിന്നാണ്. 1916 മാർച്ചു മുപ്പതാം തീയതി കപ്പൽ ബോംബെയിൽ നിന്ന് പുറപ്പെട്ടു. ശത്രു രാജ്യങ്ങളിലെ 403 പൗരന്മാർ അതിൽ ഉണ്ടായിരുന്നു. ഏപ്രിൽ 16-ാം തീയതി കപ്പൽ കേയ്പ്പ് ടൗണിൽ എത്തി. ആഫ്രിക്കയുടെ തെക്കൻ പ്രദേശങ്ങളിലുണ്ടായിരുന്ന യുദ്ധതടവുകാരെ കപ്പലിൽ കയറ്റി. ആ കപ്പലിൽ പോയവരാരും ഇന്ത്യയിലേക്ക് മടങ്ങി വരില്ല എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. ഗോൽകൊണ്ട യാത്രയോടുകൂടി ബോംബെ പൂന മിഷന്റെ ചരിത്രത്തിലെ ഒരദ്ധ്യായം അവസാനിച്ചു; അരനൂറ്റാണ്ടിലേറെ നീണ്ടുനിന്ന ആ മിഷനുകൾക്ക് ജർമ്മൻ ജസ്വിറ്റുസുമായി ഉണ്ടായിരുന്ന ബന്ധവും അവസാനിച്ചു. തന്റെ സഹമിഷനറിമാരെ നാടുകടത്തി അധികനാൾ കഴിയുംമുമ്പ് ആർച്ചുബിഷപ്പ് ഹെർമൽ ജൂർഗെൽസ് മരണമടഞ്ഞു. മരണത്തിന്റെ പ്രധാന കാരണം ഈ സംഭവം ഉണ്ടാക്കിയ ഞെട്ടൽ ആയിരുന്നു. ഗോൽകൊണ്ടയുടെ രണ്ടാം യാത്രയിൽ നാടുകടത്തപ്പെട്ട 403 ശത്രുരാജ്യ പൗരന്മാരിൽ 76 പേർ ഈശോസഭാംഗങ്ങളായിരുന്നു. (55 വൈദികർ, 20 സ്കൊളാസ്റ്റിക്സ്, രോഗിയായ ഒരു തുണസഹോദരൻ); ആസ്സാമിൽ നിന്നു 10 സാൽവത്തോറിയൻ വൈദികർ, 2 രൂപതാ വൈദികർ, ഒരു ഫ്രാൻസിസ്കൻ മിഷനറി (ബ്ര. ഫിലിപ്പ് ഷ്രൈബർ), സ്വിറ്റ്സർലണ്ടിലെ മെൻസിൻഗനിൽ നിന്നുള്ള 8 ഹോളിക്രോസ്സ് സിസ്റ്റേഴ് ഉണ്ടായിരുന്നു. 6 ഇംഗ്ലീഷ് വനിതകൾ, ജർമ്മനിയിലെ മിംഫെൽബർഗിൽ നിന്ന്; മദ്രാസിൽ നിന്ന് ഒരു ഫ്രാൻസിസ്കൻ സിസ്റ്റർ.

## 2.5. ബ്ര. ക്ലമന്റ് ക്രീഗിനു യൂറോപ്പിൽ എന്ത് സംഭവിച്ചു

1914 മേയ് 24-ാം തീയതി ഇറ്റലി യുദ്ധത്തിൽ കക്ഷി ചേർന്നു. അതിനുശേഷം ബ്ര. ക്ലമന്റ് ക്രീഗിന് അവിടെ തുടരുക സാധ്യമായിരുന്നില്ല. അതുകൊണ്ട് നിഷ്പക്ഷരാജ്യമായ സ്വിറ്റ്സർലണ്ടിലെ ലുഗാനോയിൽ അഭയം തേടി. വാൽഡ് ബ്രൈക്കിലെ ജർമ്മൻ ഫ്രാൻസിസ്കൻ ബ്രദേഴ്സ് ബ്രദറിനു ആതിഥ്യം നൽകി. ലുഗാനോയിലെ അവരുടെ വില്ലയായ സാന്റാഫയേലിൽ അദ്ദേഹത്തെ താമസിപ്പിച്ചു. അഹമ്മദ് നഗറിൽ തടവിലാക്കപ്പെട്ട സഹസന്ന്യസ്തരുമായി എഴുത്തുകുത്തു നടത്തുവാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. ലുഗാനോയിൽ താമസിച്ചുകൊണ്ട് സഭയുടെ യൂറോപ്പിലെ ഉപകാരികളുമായി (ബെനെഫാക്ടേഴ്സ്മായി) ബന്ധംപുലർത്തി. ഇടയ്ക്കിടെ അഹമ്മദ് നഗറിൽ തടവിൽ കഴിയുന്ന സഹോദരന്മാർക്ക് അൽപം സാമ്പത്തികസഹായം നല്കിയിരുന്നു. 'അവരുടെ ദുഃഖം നിറഞ്ഞ ജീവിതത്തിൽ അല്പം ആശ്വാസം ലഭിക്കാൻ' എന്നാണ് അതിന്റെ വിശദീകരണം. 1916 സെപ്റ്റംബർ ആയപ്പോഴേയ്ക്കും ബ്ര. ഫിലിപ്പ് ഫ്രൈഷറും അദ്ദേഹത്തിന്റെ അടുത്ത് ലുഗാനോയിൽ എത്തി. ആഫ്രിക്ക ചുറ്റി വന്ന ദീർഘയാത്രയുടെ ക്ഷീണം തീർക്കാൻ വാർദ്ധക്യത്തിലെത്തിയ ബ്രദർ ഫിലിപ്പിനെ കുറെക്കാലം ഒരാശുപത്രിയിൽ ആക്കേണ്ടിവന്നു. 1917 മേയ് മാസത്തിൽ ബ്രദർ ക്ലെമന്റിന് ജർമ്മൻ സേനയിൽ ചേരേണ്ടി വന്നു. അങ്ങനെ ബ്ര. ഫിലിപ്പ് ഫ്രൈഷബറെ ലഗനോയിൽ തനിച്ചാക്കിയിട്ട് ബ്ര. ക്ലെന്റിന് പോകേണ്ടി വന്നു. ക്രീഗിനെ ജർമ്മൻ സൈന്യത്തിന്റെ ആംബുലൻസ് സർവീസിൽ ഒരു ഇൻസ്ട്രക്ടറായി എടുത്തു. സൈനികരുടെ ഒഴിവുസമയത്ത് അവരോട് നടത്താവുന്ന പ്രഭാഷണ ങ്ങൾ തയ്യാറാക്കുക ആയിരുന്നു അദ്ദേഹത്തിന് ലഭിച്ച ജോലി. 1918 വരെ അദ്ദേഹം ഈ ജോലിയിൽ തുടർന്നു. അതിനുശേഷം മെസൊപൊട്ടേമിയയിലെ ജർമ്മൻ ഹെഡ്ക്വാർട്ടേഴ്സിലേക്ക് അദ്ദേഹത്തെ അയച്ചു. യുദ്ധം അവസാനിക്കുംവരെ അവിടെ അദ്ദേഹം ഒരു മിഷനറി ആയി തുടർന്നു.

ബ്ര. ക്ലെമന്റ് സ്വിറ്റ്സർലണ്ട് വിട്ടപ്പോൾ ബ്ര. ഫിലിപ്പ് ഫ്രാൻസിസ്കൻ വൈദികരുടെ (പ്രയേഴ്സ് മൈനറിന്റെ)

ലൂഗാനോയിലെ വിയസ ലൊറേറ്റോ 18 എന്ന ഭവനത്തിലേയ്ക്ക് താമസം മാറ്റി. ആ നഗരത്തിലെ റെയിൽവേ സ്റ്റേഷനിലെ പോസ്റ്റ് ബോക്സ് 408 എന്ന മേൽവിലാസത്തിൽ അദ്ദേഹം ഇന്ത്യയിലെ സഹസന്യസ്തരുമായും യൂറോപ്പിലെ സഭയുടെ ആസ്ഥാനവുമായും എഴുത്തുകുത്ത് നടത്തി. 1919 ആയപ്പോഴേയ്ക്കും ഒരു പക്ഷേ അതിനു മുമ്പു തന്നെ, അദ്ദേഹം താമസം സ്വിസ്സ് നഗരമായ ലുസേർണോയിലെ ഫ്രീജെൻസ്റ്റർ 8-ലേക്കു മാറ്റി. ഇതു ജർമ്മനിയുടെ അതിർത്തിക്കടുത്തുള്ള ഒരു നഗരമാണ്. സ്വിറ്റ്സർലണ്ടിൽ കഴിഞ്ഞ കാലമത്രയും അദ്ദേഹം അഹമ്മദ്നഗറിലുള്ള തന്റെ സഹോദരന്മാരുമായും യേർക്കാഡിലെ സിവിൽ ക്യാമ്പിൽ കഴിയുന്ന സുപ്പീരിയർ ജനറൽ ബ്ര. പൗലുസ് മോറിറ്റസുമായും എഴുത്തുകുത്ത് നടത്തിക്കൊണ്ടിരുന്നു.

### 2.6. ഇന്ത്യാക്കാരായ ബ്രദേഴ്സ് മിഷൻ പ്രവർത്തനം തുടരുന്നു

ചെറിയൊരു സമയം ഇന്ത്യാക്കാരായ ബ്രദേഴ്സ് സഭയുടെ മിഷൻ കേന്ദ്രങ്ങളിൽ തങ്ങളാൽ കഴിയുന്ന പ്രവർത്തനങ്ങൾ നടത്തിയതായി നാം കണ്ടു. ജർമ്മൻകാരും ആസ്ട്രിയാക്കാരുമായ തങ്ങളുടെ സഹസന്യസ്തരെ കഷ്ടതകൾ നിറഞ്ഞ കാരാഗൃഹവാസത്തിനയച്ചത് അവർ കണ്ടു. ഭാവി അനിശ്ചിതവും ആയിരുന്നു. ഈ സാഹചര്യത്തിൽ തങ്ങളുടെ സഭയുടെ ചൈതന്യം ഇന്ത്യയിൽ സജീവമായി നിലനിർത്താൻ അവർ ശ്രമിച്ചു. എത്രപേരുണ്ടായിരുന്നു, അവരുടെ പേര് എന്ത്, എവിടെയാണ് അവർ പ്രവർത്തനം നടത്തിയത് – ഇതൊക്കെ കൃത്യമായി അറിയുക, ചുരുക്കം ചിലടത്തൊഴികെ അസാധ്യമാണ്. കാരണം, ഇതുസംബന്ധിച്ച രേഖകളൊന്നും ലഭ്യമല്ല. ബ്രദർ ക്ലമന്റ് ക്രീഗ് പറയുന്നത് ഈ ബ്രദേഴ്സ് സാൾസെറ്റിലെ വി. ഫ്രാൻസിസ് ഓഫ് അസ്സീസി അനാഥശാലയിലും ഖാൻഡ്വയിലെ മാതൃഭവനത്തിലും കൃഷ്ണനഗർ മിഷനിലും തങ്ങളുടെ പ്രവർത്തനം തുടർന്നു എന്നാണ്. ആഗ്ര അതിരൂപതയുടെ മീററ്റ് മിഷനിൽ ഒരൊറ്റ ഫ്രാൻസിസ്കൻ മിഷനറി ബ്രദർ പോലും ഇല്ലായിരുന്നു.

മൂന്ന് ഇന്ത്യൻ ബ്രദേഴ്സിനെ സംബന്ധിച്ച് നമുക്കു വ്യക്തമായ വിവരങ്ങൾ ലഭിച്ചിട്ടുണ്ട്. ജർമ്മൻ ബ്രദേഴ്സിനെ അഹമ്മദ് നഗറിലെ യുദ്ധതടവുകാരുടെ ക്യാമ്പിലേയ്ക്ക് കൊണ്ടുപോയപ്പോൾ കോൺഗ്രിഗേഷന്റെ ഖാൻഡ്വയിലെ മദർ ഹൗസിൽ ഉണ്ടായിരുന്നത് ബ്ര.

ഇന്നസെന്റ് ഡിസൂസയാണ്. കൃഷ്ണനഗർ മിഷനിൽ ഗാസിയ പെരെയ്രയും മൗണ്ട് പോയൻസറിലെ ഓർഫനേജിലും സ്കൂളിലും ബ്ര. മാത്യു പെരെയ്രയും ഉണ്ടായിരുന്നു. ബോംബെയിലെ സാൾസറ്റിലെ മൗണ്ട് പോയ്ൻസറിലെ സ്ഥാപനങ്ങളാണ് ഇവ. കോൺഗ്രിഗേഷനിൽ അംഗമായ ആദ്യത്തെ ഇന്ത്യാക്കാരനായിരുന്നു ബ്ര. ഗാർസിയ പെരെയ്ര. ഇദ്ദേഹമാണ് ബ്ര. മാത്യു പെരെയ്രയെ മൗണ്ട് പോയ്ൻസറിലേയ്ക്ക് അയച്ചത് എന്ന് തോന്നുന്നു. കോൺഗ്രിഗേഷന്റെ യൂറോപ്യൻ അംഗങ്ങളെ അറസ്റ്റ് ചെയ്തു. തടങ്കലിൽ വച്ച സാഹചര്യത്തിൽ ആണ് പോയ്ൻസറിലെ ഓർഫനേജിന്റെയും സ്കൂ ളിന്റെയും ചാർജ് ഏറ്റെടുക്കാൻ ഇദ്ദേഹത്തെ നിയോഗിച്ചത്. യേർകാഡിലെ സിവിൽക്യാമ്പിൽ തടവിൽ പാർപ്പിച്ചിരുന്ന ബ്ര. പൗലുസുമായി കത്തുകളി ലൂടെയും വല്ലപ്പോഴും നടത്തിയ സന്ദർശനങ്ങളിലൂടെയും സമ്പർക്കം നിലനിർത്തിയിരുന്നു. മിഷന്റെ അവസ്ഥ അറിയിക്കുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നതിനായിരുന്നു എഴുത്തുകുത്തും സന്ദർശനവും ബോംബെ സ്വദേശിയായ ബ്ര. മാത്യു പെരെയ്ര മൗണ്ട് പോയ്ൻസർ സ്ഥാപനങ്ങളുടെ നടത്തിപ്പ് ഏറ്റെടുത്തു. ഈ സ്ഥാപനങ്ങളുടെ അറ്റകുറ്റ പണികൾക്കാവശ്യമായ പണം സമാഹരിക്കാൻ അദ്ദേഹം കഠിനമായി അദ്ധ്വാനിച്ചു. 1920 ഏപ്രിൽ ബ്ര. പൗലുസ് മൊറിറ്റ്സ് ഹ്രസ്വകാലത്തെ പരോളിൽ യേർക്കാഡിലെ സിവിൽ ക്യാമ്പിൽ നിന്ന് പുറത്ത് വന്നു. ബ്രദർ പൗലുസ് മോറിറ്റ്സ് കാര്യക്ഷമമായി സജീവം പ്രവർത്തിക്കുന്ന ബ്രദർ മാത്യു പെരെയ്രയെ ആണ് കണ്ടത്. ആ സമയം യൂറോപ്പിലായിരുന്ന ബ്ര. ക്ലമന്റ് എഴുതിയ ഒരു കത്തിൽ ബ്ര. പൗലുസ് പറയുന്നു:

മൗണ്ട് പോയ്ൻസറിൽ എനിക്കു ബ്ര. മാത്യു പെരെയ്രയെ കാണാൻ സാധിച്ചു. അദ്ദേഹം വളരെ ഉത്സാഹത്തോടെ കാര്യങ്ങൾ നടത്തുന്നു. ഓർഫനേജിന്റെയും സ്കൂളിന്റെയും നന്മക്കുവേണ്ടി കഴിവതെല്ലാം ബ്രദർ ചെയ്യുന്നുണ്ട്.

നിമാർ മിഷൻസിൽ എല്ലാ യൂറോപ്യൻ ബ്രദേഴ്സിനെയും അറസ്റ്റ് ചെയ്ത് തടങ്കലിൽ ആക്കിയപ്പോൾ ഗോവയിൽ നിന്നുള്ള ബ്രദർ ഇന്നസെന്റ് ഡിസൂസ ലോക്കൽ സുപ്പീര്യറായി ചാർജ്ജെടുത്തു.

അദ്ദേഹം ബോംബെയിലെ അമേരിക്കൻ കോൺസൽ ജനറലിന് ഒരു കത്തെഴുതി, തന്റെ യൂറോപ്യൻ സഹസന്യസ്തരെ നിർദ്ദയം അറസ്റ്റ് ചെയ്ത് അഹമ്മദ് നഗറിലേയ്ക്കു തടവിലാക്കാൻ കൊണ്ടുപോയത് സംബന്ധിച്ച് പരാതിപ്പെട്ടു. ഈ പരാതി ബ്രിട്ടീഷ് അധികാരികൾ ഒരന്വേഷണം നടത്തുന്നതിന് കാരണമായി. നിർഭാഗ്യകരം എന്നു പറയട്ടെ, ഇതിനുശേഷം ഒരു വർഷമായപ്പോൾ ഖാൻഡ്വായിൽ സൂര്യാഘാതമേറ്റ് ബ്രദർ ഇന്നസെന്റ് ഡിസൂസ മരണമടഞ്ഞു. 1916 ജൂൺ 5-ാം തീയതിയാണ് അദ്ദേഹം മരിച്ചത്.

1916 – 1919 കാലഘട്ടത്തിലെ ഇന്ത്യയുടെ കാത്തലിക്ക് ഡയറക്റ്ററി തരുന്ന വിവരങ്ങൽ ഇപ്രകാരമാണ്. നിമാർ ഡിസ്ട്രിക്റ്റിൽ പണിയെടുക്കുന്ന ഫ്രാൻസിസ്ക്ൻ ബ്രദേഴ്സിന്റെ എണ്ണം 6; അവർ ഖാൻഡ്വായിലും സിൽപൂറിലുമായി താമസിക്കുന്നു. ബ്ര. പൗലുസിന്റെ സന്ദർശനത്തിനിടെ അദ്ദേഹം ഖാൻഡ്വയും സന്ദർശിച്ചു. അദ്ദേഹം ബ്ര. ക്ലമന്റിന് എഴുതിയ കത്തിൽ പറയുന്നത്, ബ്രദേഴ്സ് സിൽവെസ്റ്ററും റോബർട്ടും അത്യാഹ്ലാദ ത്തോടെ സ്വീകരിച്ചു എന്നാണ്. ഏറെ വർഷങ്ങൾക്കു മുമ്പാണ് അവർ പരസ്പരം അവസാനമായി കണ്ടിരുന്നത്.

CMSFനെ പ്രതിനിധാനം ചെയ്ത് കൃഷ്ണഗർ മിഷനിൽ ബ്ര. ഗാർസിയ പെരെയ്ര മാത്രമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം ഫാ. മൊൺഫ്രീനിക്കൊപ്പം ധൻജൂറിയിൽ ആയിരുന്നു. ധൻജൂറിയിലും ബുലാകിപൂർ എന്ന മറ്റൊരു സ്ഥലത്തും യുദ്ധകാലത്ത് രണ്ട് ഫ്രാൻസിസ്കൻ ബ്രദേഴ്സ് താമസിച്ചിരുന്നതായി കാണുന്നു. 1920-ൽ ബെനീസ്വറിൽ രണ്ടു ബ്രദേഴ്സ് ഉണ്ടായിരുന്നതായും രേഖയുണ്ട്. ഈ രണ്ടാമത്തെ ബ്രദർ ആരായിരുന്നു എന്ന് നിർണ്ണയിക്കുക എളുപ്പമല്ല.

ഇന്ത്യൻ ബ്രദേഴ്സ് എണ്ണത്തിൽ കുറവായിരുന്നെങ്കിലും, തങ്ങളുടെ സഭ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച മിഷൻ കേന്ദ്രങ്ങളിൽ പ്രധാനമായവയിൽ നാമമാത്രമായെങ്കിലും തങ്ങളുടെ സാന്നിധ്യം അവർ നിലനിർത്തി. പ്രതീക്ഷയ്ക്ക് വകയില്ലാതിരുന്നിട്ടും അവർ പ്രതീക്ഷിച്ചു, പ്രത്യാശിച്ചു, തങ്ങളുടെ യൂറോപ്യൻ സന്യസ്തർ അതിവേഗം കാരാഗൃഹ ത്തിൽ നിന്ന് മോചിതരാകും എന്ന്.

# അദ്ധ്യായം IV

## തടവിലാക്കപ്പെട്ട ബ്രദേഴ്സിനെ നാടുകടത്തുന്നു; ബ്രദേഴ്സിന്റെ കോൺഗ്രിഗേഷനിൽ പ്രോപഗണ്ട താത്പര്യം കാട്ടുന്നു

### 1.1 അഹമ്മദ് നഗറിൽ തടവിൽ പാർപ്പിച്ചിരുന്ന ബ്രദേഴ്സിനെ സ്വന്തം രാജ്യത്തേയ്ക്ക് മടക്കി അയയ്ക്കുന്നു

1919 ആയപ്പോഴേയ്ക്കും യുദ്ധം ഏതാണ്ട് അവസാനിച്ചു. അപ്പോഴേ യ്ക്കും USA യുദ്ധത്തിൽ പങ്കുചേർന്നിരുന്നു. ജർമ്മൻ അന്തർവാഹിനികൾ പുറംകടലിൽ തങ്ങളുടെ പല കപ്പലുകളും മുക്കിയതായിരുന്നു ഇതിനു കാരണം. സഖ്യകക്ഷികളുടെ പോരാട്ടത്തിനു ഊർജ്ജം പകർന്നു. സാറിസ്റ്റ റഷ്യയിൽ ബൃഹത്തായ ഒക്ടോബർ വിപ്ലവം ശക്തി പ്രാപിച്ചു. സാർ ചക്രവർത്തി സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു. അതോടെ റഷ്യയുടെ പങ്ക് യുദ്ധത്തിൽ അപ്രസകത്മായി. അപ്പോൾ ജർമ്മൻ സൈന്യങ്ങൾക്ക് പശ്ചിമ യുദ്ധമുഖത്ത് ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിഞ്ഞു. ജർമ്മൻകാരെ തുരത്താൻ സഖ്യകക്ഷികൾക്ക് കഴിഞ്ഞില്ല. ബ്രിട്ടീഷുകാർക്ക് മരണമടഞ്ഞവരോ മുറിവേറ്റവരോ ആയി 300,000 സൈനികർ ഉണ്ടായിരുന്നു. കൈസർ ജർമ്മനിയുടെ പട്ടാളം പാരീസിന് നാല്പത് മൈൽ അടുത്തുവരെ എത്തി. ഈ പ്രതിസന്ധിയിൽ അമേരിക്കൻ സൈന്യത്തിന്റെ ആഗമനം സഖ്യകക്ഷി കളെ രക്ഷിച്ചു. ശത്രുരാജ്യങ്ങൾ ഒന്നൊന്നായി സമാധാനത്തിന് അപേക്ഷിച്ചു. അവസാനം ജർമ്മനി 1918 നവംബർ 11-ാം തീയതി കീഴടങ്ങി. കൈസർ ഹോളണ്ടിൽ അഭയം പ്രാപിച്ചു. ജർമ്മനിയെ ഒരു റിപ്പബ്ലിക് ആയി പ്രഖ്യാപിച്ചു. ജർമ്മനിയ്ക്ക് അപമാനം വരുത്തുന്നതും നിഷേധാത്മകവുമായ കുറെ ഉടമ്പടികൾ ഉണ്ടാക്കി. ഇതിന്റെ ഫലമായി ജർമ്മൻ സമ്പദ്വ്യവസ്ഥ തകരാറി ലായി. ആസ്ട്രോ-ഹംഗേറിയൻ ഇരട്ട രാജഭരണം അവസാനിപ്പിച്ചു.

യുദ്ധം അവസാനിച്ചതോടെ ഇന്ത്യയിലെ വിവിധ ക്യാമ്പുകളിൽ താമസിപ്പിച്ചിരുന്ന യുദ്ധതടവുകാരെ നാടുകടത്തി. പ്രത്യേകിച്ചും അഹമ്മദ് നഗറിൽ ഉണ്ടായിരുന്ന തടവുകാരെ. ഇവരെ ശത്രുരാജ്യങ്ങളിൽ സൈനിക രാക്കുമോ എന്ന ബ്രിട്ടീഷുകാരുടെ ഭയത്തിന് സ്ഥാനമില്ലാതായി. 1918-ൽ യുദ്ധം അവസാനിച്ചെങ്കിലും തടങ്കലിൽ വച്ചിരിക്കുന്നവരെ മോചിപ്പിക്കാ നുള്ള തീരുമാനമെടുക്കാൻ

ബ്രിട്ടന് ഒരു വർഷം വേണ്ടിവന്നു. അവസാനം മോചനത്തിനുള്ള ദിവസം വന്നെത്തി. തടവിൽ കഴിഞ്ഞിരുന്ന എല്ലാ മിഷനറി ബ്രദേഴ്സിനെയും അഹമ്മദ്നഗറിലെ മറ്റു തടവുകാർക്കൊപ്പം 1919 ഡിസംബർ അവസാനം മോചിപ്പിക്കും എന്നു പ്രഖ്യാപിക്കപ്പെട്ടു. 1919 ഡിസംബർ 28-ാം തീയതി ഇവരെ ട്രെയിൻ മാർഗ്ഗം ബോംബെയിൽ എത്തിച്ചു. ഓരോ തടവുകാരനും 250 പൗണ്ട് ലഗ്ഗേജ് കൊണ്ട് പോകാൻ അനുവാദം കൊടുത്തു. പിറ്റേദിവസം എല്ലാവരെയും നോർഡ്ഡൊയ്ഷ്ക ലോയിഡിന്റെ 'മേയ്ൻ' എന്ന കപ്പലിൽ കയറ്റി. യുദ്ധത്തിനിടെ ഇംഗ്ലീഷുകാർ പിടിച്ചെടുത്ത ഒരു കപ്പലായിരുന്നു ഇത്.

കപ്പലിൽ വലിയ തിരക്കായിരുന്നു. മൂവായിരത്തിലധികം യാത്രക്കാർ. അവർക്കിടയിൽ ഒരു ബറ്റാലിയൻ ഇംഗ്ലീഷ് സൈനികർ. അവധിയ്ക്ക് നാട്ടിൽ പോകുന്നവരാണ് അവർ. ഡെക്കിൽ പോലും വേണ്ടത്ര സ്ഥല മില്ലായിരുന്നു. യാത്രയ്ക്ക് നേരെ നിവർന്നു നിൽക്കാൻ പോലും ഡെക്കിൽ ഇടമില്ല. യാത്രക്കാരിൽ അമ്പതോളം മിഷനറി ബ്രദേഴ്സ് ഉണ്ടായിരുന്നു. വിവിധ സഭകളിലെ അംഗങ്ങളായിരുന്നു അവർ. 1919-ലെ സിൽവെസ്റ്റർ രാത്രിയിൽ 'മെയ്ൻ' ബോംബെ തുറമുഖം വിട്ടു. സൂയസ്സ് വഴിയാണ് പോകുന്നത്. എത്തേണ്ടത് ഡച്ച് തുറമുഖമായ റോട്ടർ ഡാമിലാണ്. കപ്പൽ ചെങ്കടലിൽ എത്തിയപ്പോൾ യാത്രക്കാരുടെ ഇടയിൽ 'ഇൻഫ്ളുവൻസ' പൊട്ടിപ്പുറപ്പെട്ടു. പോർട്ട് സെയ്ദിൽ എത്തിയപ്പോൾ നൂറ്റിഎൻപതോളം യാത്രക്കാർക്ക് രോഗം ബാധിച്ചിരുന്നു. ഈ സാഹചര്യത്തിൽ കപ്പലിൽ യാത്ര തുടരാൻ ക്യാപ്റ്റൻ വിസമ്മതിച്ചു. ഒരു ഇംഗ്ലീഷ് അന്വേഷണ കമ്മീഷൻ കപ്പലിൽ കയറി വന്നു. യാത്രക്കാരിൽ നൂറ്റിയെഴുപതുപേരെ അവിടെ തുറമുഖത്ത് ഇറക്കാൻ ഉടനെ തീരുമാനിച്ചു. ഇവരിൽ ഇരുപത്തഞ്ചോളം മിഷനറി ബ്രദേഴ്സ് ആയിരുന്നു. ഇവരെ 3.5 ചതുരശ്ര മീററർ വിസ്താരമുള്ള ടെൻടുകളിൽ മരുഭൂമിയിൽ താമസിപ്പിച്ചു. ഓരോ ടെന്റിലും എട്ടുപേരുണ്ടായിരുന്നു. കപ്പൽ റോട്ടർ ഡാമിലേക്കുള്ള യാത്ര തുടർന്നു.

### 1.2. ബ്ര. ക്ലെമന്റ് ക്രീഗിന്റെ റോമിലെ ദൗത്യം; പ്രോപഗണ്ട ബ്രദേഴ്സ് കോൺഗ്രിഗേഷനിൽ താത്പര്യം കാട്ടുന്നു

യുദ്ധം അവസാനിച്ച ഉടൻ ബ്ര. ക്ലമന്റ് ക്രീഗ് തന്റെ ജന്മനാടായ എറ്റിൻഗനിലേക്കു പോയി. അപ്പോഴും ബ്രദർ ശാരീരികമായും മാന സിക മായും ആരോഗ്യവാനായിരുന്നു. സ്വിസ്സ് അതിർത്തി അപ്പോഴും തുറക്കാതിരുന്നതുകൊണ്ട് ഏകദേശം ഒരു വർഷം കൂടി കഴിഞ്ഞേ

അദ്ദേഹത്തിനു ബ്ര. ഫിലിപ്പ് ഫ്രൈനാർക്കൊപ്പം ചേരാൻ കഴിഞ്ഞുള്ളു. ലുഗാനോയിൽ അദ്ദേഹത്തെ പ്രതീക്ഷിച്ച് കിടന്നിരുന്ന ഇന്ത്യയിൽ നിന്നുള്ള കത്തുകളിൽ അസ്വസ്ഥത ഉണ്ടാക്കുന്ന ഒരു വാർത്ത ഉണ്ടായിരുന്നു. അഹമ്മദ് നഗർ തടങ്കൽ പാളയത്തിലുണ്ടായിരുന്ന ചില ബ്രദേഴ്സ്, സഭയുടെ സ്വഭാവത്തിനും ആദർശങ്ങൾക്കും വിരുദ്ധമായി വൈദികരാകാൻ പഠനം ആരംഭിച്ചു. ഇത് അവരുടെ ഇടയിൽ വ്യക്തമായ ഒരു ചേരിത്തിരിവുണ്ടാക്കി. കോൺഗ്രിഗേഷന്റെ തുടക്കത്തിലുണ്ടായിരുന്ന ലക്ഷ്യത്തിൽ ഉറച്ചു നിന്നവരായിരുന്ന ഭൂരിപക്ഷംപേരും ബ്രദർ ക്ലെമന്റിനെ കൂടുതൽ ആശങ്കാ കുലനാക്കിയത് അഹമ്മദ് നഗറിലുള്ളവർക്ക് സഭയുടെ അധികാരികളുമായി സമ്പർക്കം ഇല്ലാതിരുന്നതാണ്. കാരണം, നേരത്തെ പറഞ്ഞതുപോലെ, ബ്രദേഴ്സ് പൗലുസ് മോറിറ്റ്സും നിക്കോളാസ് ഹോഹനും ദക്ഷിണേന്ത്യയിലെ വേറൊരു ക്യാമ്പിലായിരുന്നു. അവർക്ക് അഹമ്മദ് നഗറിൽ ഉള്ളവരുമായി ഒരുതരം സമ്പർക്കവും സാധ്യമായിരുന്നില്ല. ബ്ര. ക്ലമന്റിന്റെ ഭയാശങ്കകൾ ആ കാലഘട്ടത്തിൽ മിലാനിലുള്ള ഒരു സുഹൃത്തിനെഴുതിയ കത്തിൽ വളരെ വ്യക്തമായി പ്രകടിപ്പിച്ചിട്ടുണ്ട്.

‘‘വെരി റവ. ഫാദർ, ഞങ്ങളുടെ സമൂഹം ഇപ്പോൾ ഏതാണ്ട് ഛിന്നഭിന്നമായിരിക്കുന്നു. എങ്കിലും താമസിയാതെ ചിതറിപ്പോയവർ വീണ്ടും ഒന്നിച്ചുകൂടുമെന്നും കൂടുതൽ പേർ സഭയിൽ ചേർന്നു ഞങ്ങൾ ശക്തിയാർജ്ജിക്കുന്നുമെന്നും പ്രത്യാശിക്കുന്നു.’’

ബ്രദേഴ്സ് മാനസികമായി തളർന്നിരിക്കുന്നു എന്ന വിവരം ലഭിച്ച പ്പോൾ കഴിയുന്നത്രവേഗം ഇറ്റലിയിൽ എത്താൻ ബ്ര. ക്ലെമന്റ് ശ്രമിച്ചു. സഭയുടെ മസ്സിയാനിക്കോ ഭവനവും വസ്തുവും നേരിട്ട് കാണുവാൻ അദ്ദേഹം ആഗ്രഹിച്ചു. റോമിൽ പോയി പ്രോപഗണ്ടയ്ക്ക് ഒരു റിപ്പോർട്ടു നൽകാനും അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. ഇറ്റലി യുദ്ധത്തിൽ കക്ഷിചേർന്നപ്പോൾ വില്ലസാൻ റാഫയേലിൽ അഭയം തേടിയിരുന്ന ചില ജർമ്മൻ മെത്രാന്മാരും ഈ നീക്കത്തെ പ്രോത്സാഹിപ്പിച്ചു. ഇറ്റലിയുടെ അതിർത്തി അപ്പോഴും അടച്ചിരുന്നതിനാൽ ഇറ്റലിയിയ്ലേക്കു വരാനുള്ള വിസ ലഭിക്കുവാൻ പ്രയാസമായിരുന്നു. അവസാനം വിസ ലഭിച്ചു. മൂന്നു മാസത്തേക്കുള്ള വിസയുമായി അദ്ദേഹം ഇറ്റലിയിൽ എത്തി. മിലാനിലും മസ്സിയാനിക്കോയിലും ഒരു ഹ്രസ്വ സന്ദർശനം നടത്തിയശേഷം 1919 ഡിസംബർ മധ്യത്തോടെ അദ്ദേഹം റോമിലെത്തി. പ്രോപഗണ്ട ഫിദെയുടെ പ്രീഫെക്റ്റ് കാർഡിനൽ വില്യം വാൻ റോസ്സും 1919

ഡിസംബർ 30-ാം തീയതി തന്നെ സന്ദർശിക്കാൻ അനുവാദം നൽകി. ഇന്ത്യൻ മിഷന്റെ അവസ്ഥയെപ്പറ്റി കാർഡിനലിനു നേരത്തെ തന്നെ അറിവുണ്ടായിരുന്നു. ഇന്ത്യയിൽ തടങ്കൽപാളയത്തിലായവരുടെ നയതന്ത്രതലത്തിൽ നടപടി കൾ സ്വീകരിച്ചിരുന്നു. ദൂരപൗരസ്ത്യ മിഷനിൽ പ്രവർത്തിച്ചിരുന്നത് പ്രവർത്തിച്ചിരുന്നത് ഫ്രഞ്ചുമിഷനറിമാർ ആയിരുന്നു. യുദ്ധം ആരംഭിച്ചപ്പോൾ ഇവർക്കു സൈനിക സേവനത്തിനു പോകേണ്ടി വന്നു. അങ്ങനെ മിഷൻ അനാഥമായി. തന്റെ കോൺഗ്രിഗേഷനെപ്പറ്റി ബ്ര. ക്ലമന്റ് നല്കിയ വിവരണം ശ്രവിച്ചശേഷം സഹസന്യസ്തരുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും പുതുതായി സ്ഥാപിച്ച സഭയുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യമായ എല്ലാ സഹായവും ലഭ്യമാക്കുമെന്ന് കാർഡിനൽ ഉറപ്പു നല്കി.

റോമിൽ ആയിരുന്നപ്പോൾ തന്നെ ബ്ര. ക്ലെമന്റ് ക്രീഗിന് സ്വിറ്റ്സർലണ്ടിൽ നിന്ന് ബ്രദർ ഫിലിപ്പ് ഷ്രൈബർ നല്കിയ വിവരം ഇതാണ്: വർഷാ വസാനം ഇന്ത്യയിൽ തടങ്കലിൽ വച്ചിരിക്കുന്ന ബ്രദേഴ്സിനെ മോചിപ്പിക്കും, 1921 ജനുവരി മധ്യത്തോടെ അവർ ഹോളണ്ടിലെ റോട്ടർഡാം തുറമുഖത്ത് എത്തും. തടങ്കലിൽ ആയിരുന്ന ബ്രദേഴ്സിൽ പതിനെട്ടുപേർ സഭയുടെ ആദിമ ലക്ഷ്യങ്ങളോട് വിശ്വസ്തത പുലർത്തിയെന്നും അറിയിച്ചിരുന്നു.

ബ്രദേഴ്സിന്റെ കോൺഗ്രിഗേഷനെ സഹായിക്കാൻ കാർഡിനൽ പ്രീഫെക്റ്റ് ചില ഉപാധികൾ വച്ചു. ബ്ര. ക്ലെമന്റ് പറയുന്നതനുസരിച്ച് ആ ഉപാധികൾ താഴെ പറയുന്നവയാണ്:

a. സഭ സ്ഥാപിച്ചത് ഒരു 'ബ്രദേഴ്സ് സഭ' ആയിട്ടാണ്. യാതൊരു കാരണവശാലും അതിന്റെ ആദിമസ്വഭാവവും ലക്ഷ്യവും മാറ്റാൻ പാടുള്ളതല്ല.

b. ബ്രദേഴ്സ് ഒരിക്കലും തങ്ങളുടെ മിഷനറി ആദർശങ്ങളിൽ നിന്ന് വ്യതിചലിക്കരുത്.

c. ജർമ്മൻ ഭാഷ സംസാരിക്കുന്ന രാജ്യങ്ങളിൽ നിന്നു മാത്രമല്ല യൂറോപ്പിലെ മറ്റു രാജ്യങ്ങളിൽ നിന്നും സഭയിൽ അർത്ഥികളെ സ്വീകരിക്കണം.

### 1.3 നാടുകടത്തിയ ബ്രദേഴ്സ് വെസെലിൽ എത്തുന്നു

ബ്ര. ക്ലെമന്റ് ക്രീഗ് തികച്ചും പ്രോത്സാഹനജനകമായിരുന്ന റോമാ സന്ദർശനം കഴിഞ്ഞു ലുഗാനോയിൽ മടങ്ങി എത്തിയപ്പോൾ

അദ്ദേഹത്തിന് ലഭിച്ച വിവരം ഇതായിരുന്നു: സ്വന്തം നാടുകളിലേയ്ക്ക് മടക്കി അയക്ക പ്പെട്ടവരെയും വഹിച്ചുകൊണ്ടുള്ള കപ്പൽ 1920 ഫെബ്രുവരി 6-ാം തീയതി ഡച്ച് തുറമുഖമായ റോട്ടർഡാമിൽ എത്തും. അവരിൽ ചിലർ തന്റെ സഹസന്യസ്തർ ആയിരിക്കും എന്ന് അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നു. സമയം പാഴാക്കാതെ അദ്ദേഹം ഉടനെ ജർമനിയിലേക്കു മടങ്ങി. ഒരു ഇടവകയിലെ വികാരിയുടെ സഹായത്താൽ തിരിച്ചുവരുന്ന സഹസന്യസ്തർക്ക് ദക്ഷിണ ജർമ്മനിയിൽ താത്കാലിക താമസസൗകര്യം ഏർപ്പെടുത്തി. റൈൻ നദിയുടെ തീരത്തുള്ള എറ്റെൻഹൈമാൺസ്റ്റർ എന്നായിരുന്നു ആ സ്ഥലത്തിന്റെ പേര്. ആ സ്ഥലത്തു ഗെൻഗനിലെ 'ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് ദ ഡിവൈൻ ഹാർട്ട് ഓഫ് ജീസസ്'ന് അവിടെ ഒരു അവധിക്കാല വസതി ഉണ്ടായിരുന്നു. താത്കാലിക ഉപയോഗത്തിനായി ഈ വീട് ബ്രദേഴ്സിന് നല്കി. രാഷ്ട്രീയ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുമ്പോൾ കോൺഗ്രിഗേഷന്റെ തന്നെ മസ്സയാൻകോയിലെ ഭവനത്തിലേക്കു മടങ്ങാൻ കഴിയും.

'മെയ്ൻ' എന്ന കപ്പൽ 1920 ഫെബ്രുവരി 6-ാം തീയതി റോട്ടർഡാം തുറമുഖത്തെത്തി. പിറ്റേദിവസം തന്നെ ജർമ്മൻകാരായ യാത്രക്കാരെ വെസലിലേക്കു അയച്ചു. കൃത്യസമയത്തു ബ്ര. ക്രീഗിനു അവിടെ എത്താൻ കഴിഞ്ഞു. വർഷങ്ങളോളം വേർപിരിഞ്ഞു കഴിയേണ്ടി വന്ന തന്റെ ബ്രദേഴ്സിനെ അദ്ദേഹം സന്തോഷപൂർവ്വം സ്വാഗതം ചെയ്തു. റോട്ടർഡാമിൽ നിന്ന് വന്നവരിൽ ഇരുപതോളം പേർ അദ്ദേഹത്തിന്റെ സഭയിലെ അംഗങ്ങളായിരുന്നു. 1920 മാർച്ച് 27-ാം തീയതി ഇവരെ 'ക്രിസ്ത്യൻ നെബേ' എന്ന റഷ്യൻ കപ്പലിൽ കയറ്റി വിട്ടു. അവർ ഉത്തരജർമ്മൻ തുറമുഖമായ ഹാംബർഗിൽ ഏപ്രിൽ 21-ാം തീയതി എത്തി. അവിടെയും ആഗതരെ സ്വീകരിക്കാൻ ബ്ര. ക്ലെമന്റ് എത്തിയിരുന്നു.

വർഷങ്ങൾ നീണ്ട യാതനാനിർഭരമായ തടങ്കൽ ജീവിതം അവരുടെ ആരോഗ്യത്തെയും മാനസിക ഉന്മേഷത്തെയും നല്ലൊരളവിൽ ഇല്ലാതാക്കി യിരുന്നു. ചിലരുടെ ആരോഗ്യം അടിയന്തര നടപടികൾ ആവശ്യമാം വിധം നഷ്ടപ്പെട്ടിരുന്നു. ജർമ്മനിയുടെ മണ്ണിൽ അല്പസമയം ഒന്നിച്ചുകൂടി സൗഹൃദം പങ്കുവച്ച ശേഷം എല്ലാവരെയും അവരവരുടെ ബന്ധുക്കളുടെ വീടുകളിലേക്കയച്ചു. ഏതാനും ദിവസം അവധിക്കാലമായി കഴിയും. അവധി കഴിഞ്ഞു എറ്റൻഹൈ മൺസ്റ്ററിൽ മടങ്ങി എത്തണം. അവിടെ വീണ്ടും സമൂഹ

ജീവിതം തുടരണം. ആദ്യം സ്വീകരിച്ചതിൽ നിന്ന് വ്യത്യസ്തമായ ഒരു പാതയിൽ പോകാൻ (വൈദികരാകാൻ) തീരുമാനിച്ചവർ ഈ നിലപാട് സ്വീകരിച്ചത് ബ്രിട്ടീഷുകാർക്ക് ജർമ്മൻകാരോടുള്ള മനോഭാവം തികച്ചും ശത്രുതാപരമായ സ്ഥിതിയ്ക്ക് അവർക്ക് ഒരിക്കലും ബ്രിട്ടീഷ് കോളനിയായ ഇന്ത്യയിലേക്ക് മടങ്ങാൻ സാധ്യമാകില്ല, എന്ന കണക്കുകൂട്ടലിൽ ആകാം.

### 1.4 ബ്ര. പൗലുസ് മോറിറ്റസിന്റെയും സഹചാരികളുടെയും ഇന്ത്യയിലെ അവസ്ഥ, അവർ എവിടെ ആയിരുന്നു

അഹമ്മദ് നഗറിലെ യുദ്ധതടവുകാരെ ക്യാമ്പിൽ നിന്ന് ബ്രദേഴ്സിനെ അവരവരുടെ നാടുകളിലേയ്ക്ക് മടക്കി അയച്ചുകഴിഞ്ഞപ്പോൾ ഇന്ത്യയിൽ നാലു ബ്രദേഴ്സ് മാത്രമേ അവശേഷിച്ചുള്ളു. ബ്രദേഴ്സ് പൗലുസ് മോറിറ്റസ്, നിക്കൊളാസ് ഹോഗൻ, ആന്റണി റൻഡ്, ലെയാൻഡർ ഉൻഗേർട്ട് എന്നീ ബ്രദേഴ്സ്. ഇവരിൽ അവസാനത്തെ രണ്ടുപേർ രോഗികളോ, നടക്കാൻ പറ്റാത്തവരോ ആയിരുന്നു. അവർ അപ്പോഴും യേർക്കാഡിലെ സിവിൽ ക്യാമ്പിലായിരുന്നു. യൂറോപ്പിൽ പുതിയ സംവിധാനം വന്നപ്പോൾ ചെക്കോസ്ലോവാക്കിയ എന്ന ഒരു പുതിയ റിപ്പബ്ലിക്ക് ഉണ്ടായി. ആന്റണി റൻഡ് ഈ രാജ്യത്തെ പൗരനായി. ബ്രിട്ടീഷുകാർ ഇതിനെ ഒരു നിഷ്പക്ഷരാജ്യമായാണ് കണക്കാക്കിയിരുന്നത്. അതുകൊണ്ട് ഇദ്ദേഹത്തെ ഉടനെ തന്നെ കാരാഗൃഹത്തിൽ നിന്ന് മോചിപ്പിച്ചു. വൈദ്യസഹായം തേടുന്നതിന് നാഗപൂർ രൂപതാ അധികാരികളുടെ അടുത്തേക്ക് അയച്ചു. ഒരു സഹായി എന്ന നിലയ്ക്ക് ഏതാനും ദിവസത്തേയ്ക്ക് ബ്ര. പൗലുസിനെ ഇദ്ദേഹത്തോടൊപ്പം അയച്ചു. ഈ അവസരം പ്രയോജനപ്പെടുത്തി മൗണ്ട് പോയിൻസറും ഖാൻഡ്വയും സന്ദർശിച്ചു. ഒരു ഹ്രസ്വസന്ദർശനം. ആ പരോൾ കാലയളവ് അവസാനിച്ച പ്പോൾ അവരിൽ മൂന്നു പേരെ ബെൽഗാം ഫോർട്ടിലെ സിവിൽ ക്യാമ്പിലേക്ക് മാറ്റി. അവരെ നാടുകടത്തില്ല എന്ന് അപ്പോഴും ഉറപ്പില്ലായിരുന്നു.

അവസാനം അവരെ മോചിപ്പിക്കുന്നതിനുള്ള ദിവസം വന്നു. 1920 ഒക്ടോബർ 1-ാം തീയതി അവരെ സ്വതന്ത്രരാക്കി. മൂന്നുപേരും ഖാൻഡ്വയിൽ നിന്നും മൗണ്ട്പോയിൻസറിലേയ്ക്ക് പോയി. തടങ്കലിൽ നിന്ന് മോചിപ്പിയ്ക്കപ്പെട്ട ഉടൻ നിക്കോളോസ് ഹോഹൻ യൂറോപ്പിലുള്ള ബ്രദർ ക്ലമന്റ് ക്രീഗിന് എഴുതി:

“(1920) ഒക്ടോബർ 1-ാം തീയതി ഞങ്ങൾ ബെൽഗാം ഫോർട്ടിൽ നിന്ന് യാത്രയാകും. ഞങ്ങൾ ബോംബെക്കും മൗണ്ട് പോയ്ൻസറിലേയ്ക്കുമാണ് പോകുന്നത്. അതിനുശേഷം, ഞങ്ങൾ എങ്ങോട്ടു പോകുമെന്ന് ദൈവപരിപാലനയ്ക്കേ അറിയാവൂ. ഒന്നുകിൽ നാഗ്പൂർ-ഖാൻഡ്വ; അല്ലെങ്കിൽ ജാവ-സുമാട്ര. *അപ്പസ്റ്റോലിക് മിഷനറിമാരുടെ മാസ്റ്റർ ആയ യേശുവേ, ഞങ്ങളെ ശരിയായ സ്ഥലത്തേയ്ക്ക് അയയ്ക്കേണമേ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.* ദൈവ തിരുമനസ്സു നിറവേറട്ടെ. പാവം സുപ്പീര്യർ ബ്ര. പൗലുസ് മോറിറ്റ്സിനു സുഖമില്ല. കഴിഞ്ഞ രണ്ടാഴ്ചയായി മലേറിയയും കരൾവീക്കവും ബാധിച്ചു ബ്രദർ ആശുപത്രിയിലാണ്.”

അവസാനം നാഗ്പൂർ രൂപതയുടെ അപ്പസ്റ്റോലിക്ക് അഡ്മിനിസ്ട്രേറ്റർ ഫാ. ഫ്രാൻസിസ് ഫൂലെക്സ് ഇൾപ്പെടെ പലരുടെയും പരിശ്രമ ത്തിൽ ഫലമുണ്ടായി. അവരെ നാടുകടത്താനുള്ള ഉത്തരവു പിൻവലിച്ചു ഇന്ത്യയിൽ സ്ഥിരമായി താമസിക്കാൻ അനുവാദം ഉറപ്പുവരുത്തി. ഈ വിവരം ഫാ. ഫ്രാൻസിസ് ഫൂലെക്സിനെ ബോംബെ ഗവൺമെന്റിന്റെ പൊളിറ്റിക്കൽ ഡിപ്പാർട്ടുമെന്റിന്റെ സെക്രട്ടറി എ. മോണ്ട്ഗോമറീസ് അറിയിച്ചു. 1921 മേയ് 20-ാം തീയതിയിലെ വിജ്ഞാപനം; താഴെ കൊടുത്തിട്ടുള്ളത് അറിയിപ്പിന്റെ പകർപ്പാണ്.

ബ്രദേഴ്സ് മോറിറ്റസ്, ഹോഗൻ, ഉംഗേർട്ട് എന്നിവരെ നാഗ്പൂരിലെ അവരുടെ മിഷൻ സ്റ്റേഷനുകളിലേയ്ക്ക് അയയ്ക്കാൻ അനുവാദം അഭ്യർത്ഥിച്ചുകൊണ്ടുള്ള നിങ്ങളുടെ 1921 മാർച്ച് 10-ാം തീയതിയിലെ കത്തു സംബന്ധിച്ച് ഇപ്രകാരം പറയാൻ എനിയ്ക്ക് നിർദ്ദേശം ലഭിച്ചിരിക്കുന്നു. ഇന്ത്യാഗവൺമെന്റ് അറിയിച്ചിരുന്നത് അവരുടെ നാട്ടിലേയ്ക്ക് മടക്കി അയയ്ക്കുന്നതിൽ നിന്ന് ശാശ്വതമായി അവരെ ഒഴിവാക്കിയിരിക്കുന്നു എന്നാണ്. അവർ എവിടെയെങ്കിലും പോകുന്നതും വരുന്നതും സംബന്ധിച്ചുള്ള നിയന്ത്രണങ്ങൾ നീക്കുന്നതിൽ തടസ്സമൊന്നും ഇല്ല. ഇന്ത്യാഗവൺമെന്റിന്റെ ഉത്തരവുകൾ പ്രാബല്യത്തിൽ വരുന്നതു സംബന്ധിച്ചുള്ള സാക്ഷ്യപത്രങ്ങളുടെ പകർപ്പുകൾ താങ്കളുടെ അറിവിലേക്കു, ഇതോടൊപ്പം അയയ്ക്കുന്നു.

### 1.5 സഭയുടെ അല്മായ അരൂപിസംബന്ധിച്ച് ആദ്യത്തെ അഗ്നിപരീക്ഷ

അഹമ്മദ് നഗറിലെ തടങ്കൽ പാളയത്തിലായിരിക്കെ ചില ബ്രദേഴ്സിന് പൗരോഹിത്യം സ്വീകരിക്കുന്നതിനുള്ള പഠനങ്ങൾ

തുടങ്ങിയാലോ എന്ന ആലോചനയുണ്ടായി. ഇതു നാം കണ്ടുകഴിഞ്ഞു. ബ്ര. ക്ലെമന്റ് ക്രീഗ് പറയുന്നത് ഈ ചിന്താഗതിക്കാരെ നാഗ്പൂർ ബിഷപ്പ് കോപ്പൽ ശക്തമായി പിന്തുണച്ചിരുന്നു എന്നാണ്. ഈ വിനാശകരമായ നിലപാട് ബിഷപ്പ് സ്വീകരിച്ചത് ഏകപക്ഷീയമായാണ്. കോൺഗ്രിഗേഷന്റെ നിയമാനുസൃത അധികാരികളുമായി യാതൊരു ആലോചനയും നടത്താതെ എടുത്ത നിലപാട്. ബ്രദർ ക്ലെമന്റ് പറയുന്നത്: വെറും ബ്രദേഴ്സിന് പുറജാതിക്കാരുടെ ഇടയിൽ സുവിശേഷപ്രചരണം നടത്താൻ അധികാരമില്ല എന്നായിരുന്നു ബിഷപ്പിന്റെ അഭിപ്രായം. അവർ തങ്ങളുടെ പ്രവർത്തനം ആശ്രമത്തിന്റെ നാലു ചുവരുകൾക്കുള്ളിലായി പരിമിതപ്പെടുത്തണം. വൈദികർക്കായുള്ള ഒരു സഭയിലെ ബ്രദേഴ്സ് സാധാരണ ചെയ്യുന്ന ജോലികൾ മാത്രമേ അവർ ചെയ്യാവൂ.

ബ്ര. ക്ലെമന്റ് പറയുന്നത് ഇതാണ്. അഹമ്മദ് നഗറിലെ തടങ്കൽ പാളയത്തിലെ അനുഭവങ്ങൾ കൊണ്ടു മാത്രം മനം മടുത്ത ചിലർ, മറ്റു ചിലരുടെ പ്രേരണയ്ക്കു വിധേയരായി, സഭയുടെ അല്മായ സ്വഭാവവും അംഗങ്ങൾക്ക് പുറജാതിക്കാരുടെ ഇടയിൽ പ്രവർത്തിക്കാനുള്ള അർഹതയും ചോദ്യം ചെയ്തു തുടങ്ങി. രണ്ടാമതായി, തങ്ങൾ സഭയുടെ പ്രൊട്ടക്റ്റർ ആയ ബിഷപ്പിനെ മാത്രമേ അനുസരിക്കയുള്ളൂ എന്ന ഒരു നിലപാടെടുത്തു. തങ്ങളെ വൈദിക പദവിക്കായി പഠിയ്ക്കാൻ അനുവദിക്കണമെന്ന് അവർ ബിഷപ്പിനെ കൊണ്ട് സമ്മതിപ്പിച്ചു. ഈ പഠനത്തിനാവശ്യമായ പുസ്തകങ്ങളും ബിഷപ്പ് അവർക്ക് ലഭ്യമാക്കി. അന്ന് നിലവിലിരുന്ന രാഷ്ട്രീയ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ ബ്രദേഴ്സിന്റെ ഒരു സഭയ്ക്ക് നിലനില്ക്കുക സാധ്യമല്ല എന്നും ബിഷപ്പ് കരുതി. ബ്രദേഴ്സിന്റെ സഭ പൂർണ്ണമായും പിരിച്ചുവിടാൻ പ്രോപഗണ്ടയോട് ആവശ്യപ്പെടാനും ബിഷപ്പ് ആഗ്രഹിച്ചു. ഈ ഗൂഢാലോചനയുടെ മുഖ്യപങ്കാളി ഗ്രെഗറി ഫെയ്ജേ എന്നൊരാളായിരുന്നു. ഇയാൾക്കു ബിഷപ്പ് കോപ്പലിന്റെ സമ്പൂർണ്ണ പിന്തുണ ഉണ്ടായിരുന്നു.

### 2.1 നാടുകടത്തപ്പെട്ട ബ്രദേഴ്സ് മസ്സിയാൻകോയിൽ വീണ്ടും ഒത്തുചേരുന്നു

സ്വന്തം നാടുകളിലേയ്ക്ക് തിരിച്ചയക്കപ്പെട്ട ബ്രദേഴ്സിൻ സഭയുടെ ആദിമ ലക്ഷ്യത്തിൽ ഉറച്ചു നിൽക്കാൻ തീരുമാനച്ചവർ തങ്ങളുടെ മാതാ പിതാക്കളെയും ബന്ധുക്കളെയും സന്ദർശിച്ചശേഷം എറ്റെൻഹൈമൺസ്റ്ററിൽ ഒരാളുകൂടി ഒരു സമൂഹമായി തുടർന്നു

ജീവിച്ചു. ഈ സ്ഥലത്തുള്ള അവരുടെ താമസം താത്ക്കാലികം മാത്രമായിരുന്നു. കാരണം, ഉടൻ തന്നെ ഇറ്റലിയിൽ പ്രവേശിക്കാനും മസ്ലിയാൻക്രോയിലുള്ള സഭയുടെ ഭവനത്തിൽ താമസമാക്കാനും കഴിയും എന്നായിരുന്നു അവരുടെ പ്രതീക്ഷ. ആ ഭവനം ബ്ര. ക്ലെമന്റിന്റെയും കൂടെ പേരിൽ രജിസ്റ്റർ ചെയ്തിരുന്നു. യുദ്ധകാലത്ത് ഇറ്റാലിയൻ ഗവൺമെന്റ് ഒരുഭാഗവും വേർപെടുത്തി എടുത്തിരുന്നു. ഭവനത്തിന്റെ ബാക്കിഭാഗം ഒരു സിഞ്ഞോറെ പയറിക്കും അദ്ദേഹത്തിന്റെ കുടുംബത്തിനും വാടകയ്ക്ക് കൊടുത്തിരുന്നു. ബ്രദർ ക്ലെമന്റിനും ബ്രദർ ഫിലിപ്പിനും ഇറ്റലിയിൽ പ്രവേശിക്കാൻ ഒരു വിസ ലഭിച്ചു. അവർ 1920 വസന്തകാലത്ത് മസ്ലിയാനിക്കോയിൽ എത്തി. ബ്രദേഴ്സിനെ അവിടെ സ്വീകരിച്ചു താമസിപ്പിക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കാനാണ് അവർ വന്നത്. ആ ഭവനത്തിൽ കാര്യങ്ങൾ ചിട്ടയായിട്ടല്ല നടന്നിരുന്നത്. ഏറെക്കാലം അവഗണിക്കപ്പെട്ടിരുന്നതുകൊണ്ട് കുറെ അധികം അറ്റകുറ്റപ്പണികൾ ആവശ്യമായി വന്നു. അപ്പോഴും പിടിച്ചെടുക്കൽ ഉത്തരവ് പ്രാബല്യത്തിൽ തുടർന്നിരുന്നു.

1920 ഇലപൊഴിയയും കാലത്ത് ബ്രദർ ക്ലെമന്റ് ക്രീഗും വേറെ നാലു സഹോദരന്മാരും എറ്റൻഹൈമൺസ്റ്ററിൽ നിന്നു വരുന്ന മറ്റു ബ്രദേഴ്സിനെ സ്വീകരിക്കാൻ അവസാന നിമിഷ തയ്യാറെടുപ്പു നടത്തുന്നതായി നാം കാണുന്നു. ഒരു ഡസൻ ഇരുമ്പു കട്ടിലുകൾ വാങ്ങിച്ചു. കോമോ രൂപതാ സെമിനാരിയിൽ നിന്നാണ് ഇവ വാങ്ങിയത്. മിലിട്ടറി റിസേർവിൽ നിന്ന് അൻപത് ബ്ലാങ്കറ്റുകൾ വാങ്ങി. 1920 ആയപ്പോഴേയ്ക്കും അവരുടെ എണ്ണം ഏഴായി. മസ്ലിയാൽ കോയിലെ ഭവനത്തിൽ വേണ്ടത്ര സ്ഥലം ഇല്ലാതിരു ന്നതുകൊണ്ട് ലുഗാനോയുടെ സമീപത്തുള്ള കോർണെസ്ലോയിൽ ഒരു വീടു വാടകയ്ക്കെടുത്തു ഒരു സംഘം അവിടെ താമസമായി. ബ്രദർ ഫിലിപ്പ് ഫ്രൈഷബർ ആയിരുന്നു അവരുടെ സുപ്പീര്യർ.

വേണ്ടത്ര സ്ഥിരത ഇല്ലാത്തവരും വിശ്വസ്തത കാട്ടാത്തവരുമായ അംഗങ്ങൾ പിരിഞ്ഞുപോയ ശേഷം ബാക്കി ഉണ്ടായിരുന്നത് പന്ത്രണ്ട ബ്രദേഴ്സ് ആണ്. അവർ രണ്ടു സംഘങ്ങളായി മസ്ലിയാനിക്കോയിൽ എത്തി. 1920–1921 മഞ്ഞുകാലത്ത് അവർക്കായി ഒരു ധ്യാനം സംഘടിപ്പിച്ചു. ബ്രസീലിൽ പ്രേഷിത പ്രവർത്തനം നടത്തിയിരുന്ന ഒരു ഫ്രാൻസിസ്കൻ വൈദികനാണ് ധ്യാനം പ്രസംഗിച്ചത്. 1921 മാർച്ച് 19–ാം തീയതി വി. യൗസേപ്പിന്റെ തിരുനാൾ ദിവസം അവരുടെ

വ്രതവാഗ്ദാനങ്ങൾ നടന്നു, നവീകരിച്ചു. ഈ ചടങ്ങു നടത്താൻ സഭയുടെ സുപ്പീര്യർ ജനറൽ ബ്ര. ക്ലെമന്റ് ക്രീഗിനെ അധികാരപ്പെടുത്തി. ബ്ര. പൗലുസ് മോറിറ്റസ് ആയിരുന്നു സുപ്പീര്യർ ജനറൽ. 1921 ജൂൺ ആയപ്പോഴേയ്ക്കും പിയറിസ് കുടുംബം വീട് ഒഴിഞ്ഞു കൊടുത്തു. ആ വർഷം ഒക്ടോബർ ആയപ്പോൾ ഇറ്റാലിയൻ ഗവൺമെന്റ് കണ്ണുകെട്ടൽ ഉത്തരവ് പിൻവലിച്ചു. പ്രകൃതിരമണീയമായ ഇറ്റാലിയൻ ആല്പ്സിന്റെ പശ്ചാത്തലത്തിൽ, മസ്സിയാനിക്കോയിൽ 1921 മരവിപ്പിക്കുന്ന മഞ്ഞുകാലത്ത് ബ്രദേഴ്സിന്റെ കൊച്ചു സമൂഹം, 'കോൺഗ്രിഗേഷൻ ഓഫ് ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ്' ഏതാണ്ട് മുഴുവനും ഈ സമൂഹമായിരുന്നു. നേരത്തെ എത്തുന്ന വാസന്തകാലത്ത് സുഖപ്രദമായ ചൂട് ലഭ്യമാകുമ്പോൾ സഭക്കു പുതിയ ഒരുണർവ് ഉണ്ടാകാൻ അവർ കാത്തിരുന്നു. തങ്ങളുടെതല്ലാത്ത കുറ്റത്തിന്, സ്ഥാപിച്ചിട്ട് ഏറെ നാളാകാത്ത അവരുടെ സഭയ്ക്ക് യുദ്ധവുമായി ബന്ധപ്പെട്ട ഒട്ടേറെ യാതനകൾ സഹിക്കേണ്ടി വന്നു. വിദൂരമായ ഇന്ത്യയിൽ കഴിഞ്ഞിരുന്ന ബ്ര. പൗലുസ് മോറിററസിന് ബ്രദർ ക്ലെമന്റ് ക്രീഗ് അയച്ചുകൊടുത്ത വിവരണം (ഇതു താഴെ കൊടുക്കുന്നു) വീണ്ടും ഒന്നിച്ചു കൂടിയ ബ്രദേഴ്സിന്റെ 1920 നവംബർ - ഡിസംബർ സമൂഹ ജീവിതത്തെപ്പറ്റി ഒരു ഹ്രസ്വചിത്രം നല്കുന്നുണ്ട്.

ബ്ര. സെബാസ്റ്റ്യൻ മിഷൻ പ്രൊക്കുറമിൽ പണിയെടുക്കുന്ന ഉപകാരിൾക്ക് (ബെനെഫാക്ടേഴ്സിന്) 1920-ലെ ക്രിസ്തുമസ് അപ്പീലുകൾ അയച്ചുകൊടുക്കുകയാണ് അദ്ദേഹം. ബ്ര. ബോണി ഫാസ് വീട്ടിൽ നടത്തേണ്ട നിരവധി അറ്റകുറ്റപണികൾ ചെയ്തുകൊണ്ടിരിക്കുന്നു. ബ്ര. സിറിൽ വീടിന്റെ വെള്ളപൂശലിൽ ഏർപ്പെട്ടിരുന്നു. ബ്ര. എഡ്മണ്ട് അടുക്കളയിലാണ്. ബ്ര. കോൺസ്റ്റന്റൈന്റെനും ബ്ര. ബസീലിയസ് ബന്ധുക്കളെ സന്ദർശിച്ചിട്ട് താമസിയാതെ മടങ്ങി എത്തും എന്ന് കരുതുന്നു. ബ്രദർ ഫിലിപ്പിനൊപ്പം കോർണേസിയോയിലാണ് ബ്രദർ ആൽബർട്ടും ബ്രദർ ഇഗ്നേഷ്യസും ഇപ്പോഴും പോർട്ട്സെയ്ദിലെ കഷ്ടപ്പാടുകളിൽ നിന്നുണ്ടായ രോഗാവസ്ഥയിൽ നിന്ന് സുഖപ്രാപിച്ചുവരുന്നതേയുള്ളു. ബ്രദർ മൈക്കൾ ഇപ്പോഴും എറ്റെൻഹൈമൺസ്റ്ററിൽ ആണ്.''

**2.2. പ്രോപഗണ്ടയിൽ നിന്നു 'ഡെക്രേറ്റും ആദ് ലൗദം'**

മസ്സിയാൻകോയിലെ പരദേശവാസത്തിനിടെ ചിതറിപ്പോയ അടുക്കള ഒന്നിച്ചുകൂട്ടിയ ശേഷം, ബ്രദർ പൗലോസ് മോറിറ്റസിന്റെയും

ബ്ര. ക്ലമന്റ് ക്രീഗിന്റെയും ഇപ്പോഴത്തെ ഭയാശങ്കകൾ കോൺഗ്രിഗേഷന്റെ ഭാവി പദവി സംബന്ധിച്ചായിരുന്നു. ബിഷപ്പ് കോപ്പലിന്റെ നിഷേധാത്മക മനോഭാവം നിമിത്തം അദ്ദേഹത്തിൽ നിന്ന് എന്തെങ്കിലും സഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കാനാകില്ല. മാത്രമല്ല യുദ്ധകാലത്ത് നിമാർ മിഷൻ തികച്ചും അനാഥമായി പോയിരുന്നു. മിഷനറിമാരുടെ എണ്ണം വളരെ കുറഞ്ഞു. നാഗ്പൂർ രൂപത ഏതാണ്ട്, മിഷൻ പ്രവർത്തനം സംബന്ധിച്ചിടത്തോളം പാപ്പരായിക്കഴിഞ്ഞിരുന്നു. സാമ്പത്തിക സഹായത്തിന്റെ സ്രോതസ്സുകളും അപ്രത്യക്ഷമായി. തന്റെ സെൻട്രൽ ഇന്ത്യൻ പ്രോവിൻസിന് ആവശ്യമായ ധനം ശേഖരിക്കാൻ ഇന്ത്യയിലും വിദേശത്തും ബിഷപ്പ് കോപ്പൽ കഠിനമായി യത്നിച്ചുകൊണ്ടിരുന്നു. ലയൺസിലെ സൊസൈറ്റി ഫോർ ദ പ്രൊപഗേഷൻ ഓഫ് ഫെയ്ത്തിന് അയച്ച വാർഷിക റിപ്പോർട്ടിൽ നിമാർ മിഷനെ പറ്റി ഇരുളടഞ്ഞ ഒരു ചിത്രമാണ് നല്കുന്നത്. റിപ്പോർട്ടിൽ പറയുന്നത് ഇതാണ്. ജർമ്മൻ ഫ്രാൻസിസ്കൻ മിഷനറിമാരാണ് നിമാർ മിഷൻ പരിപാലിച്ചിരുന്നത്. രൂപതയുടെ വാർഷിക ബജറ്റിൽ പകുതിയോളം പകുതിയോളം ഈ മിഷനുവേണ്ടി ആയിരുന്നു. കാറ്റിക്കിസ്റ്റുകളുടെ എണ്ണം കുറയ്ക്കേണ്ടി വന്നു. പുതുതായി ക്രൈസ്തവമതം സ്വീകരിച്ചവരെ വേണ്ടത്ര പരിചരിക്കാൻ കഴിയാതെ വന്നു. ഈ സാഹചര്യം പ്രൊട്ടസ്റ്റന്റ് മിഷനറിമാർ മുതലെടുത്തു. ബ്രദേഴ്സ് മാനസാന്തരപ്പെടുത്തിയവരിൽ തങ്ങളുടെ സംഖ്യ പ്രോട്ടസ്റ്റന്റുകാർക്കൊപ്പം പോയി. ബിലാസ്പൂർ ഡിസ്ട്രിക്ടിലെ പാരഘട്ട് മിഷൻ പൂർണ്ണമായും അടച്ചുപൂട്ടേണ്ടി വന്നു.

ഈ കാലഘട്ടത്തിൽ ബ്ര. പൗലുസ് മോറിറ്റസ് എഴുതിയ ഏതാനും കത്തുകൾ ലഭ്യമാണ്. ഇവയിൽ എല്ലാം തന്റെ കോൺഗ്രിഗേഷന്റെ ഭാവിയെ സംബന്ധിച്ച ഭയാശങ്കകൾ നിറഞ്ഞിരിക്കുന്നു. തന്റെ സഭയിലെ അംഗങ്ങളായ ബ്രദേഴ്സിന് ഇന്ത്യയിലേയ്ക്ക് മടങ്ങാൻ ബ്രിട്ടീഷുകാർ അനുവാദം കൊടു ക്കുമോ എന്നോർത്തും അദ്ദേഹം ആകുലപ്പെടുന്നു. തന്നിലും തന്റെ ബ്രദേഴ്സിലും താത്പര്യം കാണിച്ച ഡാമണിലെ ബിഷപ്പിന്റെ അധികാരപരിധിയ്ക്ക് സഭയെ ഏല്പിച്ചുകൊടുക്കണമോ എന്ന ആലോചനയിലും അദ്ദേഹം മനസ്സുറപ്പിക്കാനാകാതെ വിഷമിച്ചു. മാസ്ലിയാനിക്കോ ഭവനം സ്ഥിതി ചെയ്തിരുന്നത് കോമോ രൂപതയിലാണ്. ഈ രൂപതയുടെ ബിഷപ്പിന്റെ ഭരണത്തിനു സഭയെ താത്ക്കാലികമായി ഏല്പിച്ചാലോ എന്നും അദ്ദേഹം ആലോചിച്ചു. കോമോ ബിഷപ്പിന്റെ പരിപാലനയിലും സംരക്ഷണത്തിലും ബ്ര. ക്ലെമന്റ് ക്രീഗിന് സാവധാനം തന്റെ സഭയ്ക്ക് പോന്റിഫിക്കൽ

അംഗീകാരം നേടാൻ ശ്രമം നടത്തണം. തന്റെ സഭയുടെ ഭാവി സംബന്ധി ച്ചുള്ള ബിഷപ്പ് കോപ്പലിന്റെ നിഷേധാത്മക നിലപാട് അദ്ദേഹം മനസ്സിലാക്കി യിരുന്നു. അങ്ങനെ ബ്ര. പൗലുസ് മോറിറ്റ്സ് തന്റെ സഭയുടെ ഭാവി സംബന്ധിച്ചു ചിന്തിച്ച്ഏറെ ആകുലചിത്തനായി. ഈ പ്രാരാബ്ധങ്ങളെല്ലാം മിലാനിലെ ഫാ. ജൂസപ്പേ അർമനെസ്കോയ്ക്ക് എഴുതിയ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

‘‘വേറൊരു സുപ്രധാന ജോലി നിർവ്വഹിക്കേണ്ടതായുണ്ട്. ഇതിന് അവിടുത്തെ ഉപദേശവും മാർഗ്ഗദർശനവും അവശ്യമാണ്. ഞങ്ങളുടെ പ്രിയപ്പെട്ട കോൺഗ്രിഗേഷന് തിരുസഭയിലെ അധികാരികളുടെ അംഗീകാരം ലഭ്യമാക്കുകയാണ്. പൂർവകാല അനുഭവങ്ങൾ എപ്പോഴും ആനന്ദപ്രദമായിരുന്നില്ല. ഈ അനുഭവങ്ങൾ ഞങ്ങളെ പഠിപ്പിച്ചത് മനുഷ്യരുടെ മനസ്സും അനുഭവവും അസ്ഥിരമാണ് എന്നത്രേ. അതുകൊണ്ട് ഞങ്ങൾ ഏതെങ്കിലും രാജ്യത്തിൽ ഒതുങ്ങുന്ന സമൂഹമല്ല, ഭൗതിക താത്പര്യങ്ങൾക്ക് ദേശീയമായ പരിമിതി ഇല്ല. എല്ലാം റോമിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കാൻ ഞങ്ങൾ ആഗ്രഹിയ്ക്കുന്നു. ഇന്ത്യയിലെ വിവിധ രൂപതകളിലെ മെത്രാന്മാർ തങ്ങളുടെ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്. കൃഷ്ണഗറിലെയും ഹൈദരബാദിലെയും മെത്രാന്മാർ പരിശുദ്ധ പിതാവിന് മുമ്പാകെ ഞങ്ങൾക്കുവേണ്ടി വാദിയ്ക്കും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അതുപോലെ തന്നെ റോമിലെ കർദ്ദിനാൾമാർക്കു മുമ്പാകെയും. ഈ നിയോഗത്തിനായി പ്രത്യേകം പ്രാർത്ഥിക്കണം എന്നു ഞങ്ങൾ ഞങ്ങളുടെ അനേകം സുഹൃത്തുക്കളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ നിയോഗം അങ്ങയോടും ശുപാർശ ചെയ്യാൻ ഞാൻ ധൈര്യപ്പെടുന്നു.’’

ഇതിനുശേഷം കോൺഗ്രിഗേഷനെ പ്രോപഗണ്ടയുടെ അധീനതയിലാക്കാനുള്ള നടപടികൾ ആരംഭിക്കാൻ അദ്ദേഹം ബ്ര. ക്ലെമന്റ് ക്രീഗിനെ അധികാരപ്പെടുത്തുന്നു. എന്നാൽ ഗൗരവമുള്ള വാഗ്ദാനങ്ങളൊന്നും ബ്ര. പൗലുസിന്റെ സമ്മതം കൂടാതെ നല്കരുത് 1919 ഡിസംബറിൽ ആദ്യമായി കാർഡിനൽ പ്രീഫെക്റ്റിനെ കണ്ട അന്നു തുടങ്ങി ബ്ര. ക്ലമന്റ് പ്രോപഗണ്ടയുമായി നിരന്തരം സമ്പർക്കം പുലർത്തിയിരുന്നു. വിശദാംശങ്ങളടങ്ങിയ മൂന്ന് റിപ്പോർട്ടുകളിലൂടെ 1910–1920 കാലഘട്ടത്തിലെ കോൺഗ്രിഗേഷന്റെ വ്യക്തമായ ഒരു ചിത്രം അദ്ദേഹം പ്രോപഗണ്ടയ്ക്ക് നല്കിയിരുന്നു. തന്റെ മൂന്നാമത്തെ റിപ്പോർട്ടിൽ ബിഷപ്പ് കോപ്പൽ ഈ സംഭവുമായി സംശയാസ്പദമായ

രീതിയിൽ ഇടപെടുന്നതിൽ തങ്ങൾക്കുള്ള ഭയാശങ്കകൾ അറിയിച്ചിരുന്നു.

ബ്ര. ക്ലെമന്റ് ക്രീഗ് പറയുന്നത് ഇതാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ പുറജാതിക്കാരുടെ സുവിശേഷം പ്രചരിപ്പിക്കുവാൻ ബ്രദേഴ്സ് നല്കിയിട്ടുള്ള അനന്യമായ സംഭാവന കണക്കിലെടുത്ത് സാധാരണ നടപടി ക്രമങ്ങൾ ഒഴിവാക്കി കോൺഗ്രിഗേഷന്റെ കാര്യം പരിഗണിക്കാൻ കാർഡിനൽ തയ്യാറായിരുന്നു. അങ്ങനെ പ്രശ്നത്തിന് ഉടനടി പരിഹാരം ഉണ്ടാക്കാൻ കാർഡിനൽ വില്യം വാൻ റോസ്സും ആഗ്രഹിച്ചു. അങ്ങനെ ബ്രദേഴ്സിന്റെ ഈ എളിയ സഭയെ തന്റെ പിതൃസമാനമായ സംരക്ഷണ യിൽ ആക്കാൻ അദ്ദേഹം ആഗ്രഹിച്ചു. ഇങ്ങനെ അസാധാരണമായ ഒരു സമീപനം സ്വീകരിക്കുന്നതിനുള്ള കാരണം, ബ്ര. ക്ലെമന്റ് ക്രീഗിന്റെ അഭിപ്രായത്തിൽ താഴെ കൊടുത്തിരിക്കുന്നതാണ്.

''കാർഡിനൽ വാൻ റോസ്സമിന്റെ അഭിപ്രായത്തിൽ, മിഷനറി ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി, ഇന്ത്യയിലെ വിവിധ രൂപതയിലേക്ക് അതിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും അവിടെയെല്ലാം തങ്ങളുടെ സാന്നിദ്ധ്യം ഉറപ്പിക്കുകയും ചെയ്തിരിക്കയാൽ സഭ ഒരു പ്രാദേശിക ഇൻസ്റ്റിറ്റ്യൂട്ടോ, ഏതെങ്കിലും ഒരു പ്രത്യേക ഇന്ത്യൻ രൂപതയിലെ സഭയോ അല്ല. പൊന്റിഫിക്കൽ അവകാശമുള്ള ഒരു സന്യാസസഭയായി ഇതിനെ അംഗീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന തിനോടു കാർഡനല്ലിനു ക്രിയാത്മകമായ ഒരു മനോഭാവമാണുള്ളത്.''

പ്രോപഗണ്ട ഫിദെയ്ക്ക് ബ്രദേഴ്സ് കോൺഗ്രിഗേഷനോടു തോന്നിയ മതിപ്പിന്റെ അടയാളമായി കാർഡിനൽ ശുപാർശകത്ത് (ലെറ്റർ ഓഫ് റക്കമൻഡേഷൻ) അവർക്കു നൽകി. 1921 ജനുവരി 8-ാം തീയതിയാണ് ഈ കത്തു നൽകിയത്. അസാധാരണമായ ഈ അംഗീകാരം റോം നല്കി എന്ന വാർത്ത മുഴുവൻ കോൺഗ്രിഗേഷനും വളരെ സന്തോഷത്തോടെ ആണ് സ്വീകരിച്ചത്. പ്രത്യേകിച്ചും ഇന്ത്യയിലായിരുന്ന ബ്രദർ പൗലുസ് മോറിറ്റസ്. സംതൃപ്തിയോടും നന്ദിയോടും കൂടി ഇറ്റലിയിലായിരുന്ന ബ്രദർ ക്ലെമന്റ് ക്രീഗിന് എഴുതി:

''ഈ പ്രമാണരേഖയെ ഞാൻ എത്രമാത്രം വിലമതിക്കുന്നു എന്ന് താങ്കൾക്ക് അറിഞ്ഞുകൂടേ. പരിശുദ്ധ സിംഹാസനത്തിന്റെ സംരക്ഷണത്തിന് എന്തുമാത്രം പ്രാധാന്യമുണ്ട് എന്ന് അനുഭവത്തിൽ

നിന്നു എനിക്കറിയാം. അതുപോലെ പ്രോപഗണ്ടയുടെയും എന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്ന് ഈ സവിശേഷ നേട്ടത്തിനു ഞാൻ താങ്കളെ അഭിനന്ദിക്കുന്നു. ഇതു നമ്മുടെ പ്രിയപ്പെട്ട സഭയുടെ നേട്ടമാണ്. റോമിന്റെ ഈ അത്യുന്നത പ്രശംസ നമുക്കെല്ലാം നമ്മുടെ മിഷൻ പ്രവർത്തനങ്ങൾക്കു ഒരു പുതിയ ഉണർവു നൽകണം. ഈ മിഷൻ പ്രവർത്തനങ്ങൾക്കു നമ്മെ വീണ്ടും സമർപ്പിക്കുന്ന തിനും അതിൽ കൊടുങ്കാറ്റിലും വെയിലിലും സ്ഥിരതയോടെ തുടരുവാനും ഒരു പുതിയ പ്രചോദനം.''

ബ്രദേഴ്സിന്റെ കോൺഗ്രിഗേഷന് പൊന്റിഫിക്കൽ അംഗീകാരം നല്കുന്നതിന് കാർഡിനൽ വാൻ റോസ്സമിന് മിഷൻ പ്രവർത്തനങ്ങളു മായി ബന്ധപ്പെട്ട ശക്തമായ വേറെ കാരണങ്ങളും ഉണ്ടായിരുന്നു. ഏഷ്യയിലെ മിഷനുകൾ, പ്രത്യേകിച്ചും ഇൻഡോ-ചൈനയിലെയും ഇന്ത്യയിലെയും മിഷനുകൾ യുദ്ധം വന്നതോടുകൂടി അനാഥമായി. ആയിരക്കണക്കിന് ഫ്രഞ്ച് മിഷനറിമാർക്ക് സൈനികസേവനത്തിന് പോകേണ്ടി വന്നു. അതുപോലെ നൂറുകണക്കിന് ജർമ്മൻ മിഷനറിമാർക്ക് ഒന്നുകിൽ സൈന്യത്തിൽ ചേരേണ്ടി വന്നു. അല്ലെങ്കിൽ തടങ്കൽ പാളയത്തിൽ കഴിയേണ്ടി വന്നു. മിഷൻ പ്രവർത്ത നങ്ങൾക്ക് യൂറോപ്പിൽ നിന്ന് യാതൊരു സാമ്പത്തിക സഹായവും ലഭിക്കാതെയായി. ഈ മിഷനുകളെ പുനരുജ്ജീവിപ്പിക്കുക കാർഡിനൽ വാൻ റൊസ്സമിന്റെ ഏറ്റവും വലിയ മുൻഗണനകളിൽ ഒന്നായിരുന്നു. ഈ സാഹചര്യത്തിൽ ബ്രദേഴ്സിന്റെ മിഷനറി കോൺഗ്രിഗേഷനിൽ അദ്ദേഹം പ്രത്യേക താത്പര്യം പ്രകടിപ്പിച്ചതും അതിനെ തന്റെ പിതൃസഹജമായ സംരക്ഷണയിൽ നിലനിർത്താൻ ആഗ്രഹിച്ചതും തികച്ചും യുക്തിയ്ക്ക് നിരക്കുന്ന ഒരു സമീപനമായിരുന്നു.

### 2.3. ബിഷപ്പ് കോപ്പലിന്റെ മസ്‌ലിയാൻകോ സന്ദർശനം

1920 മഞ്ഞുകാലത്ത് നാഗ്പ്പൂരിലെ ബിഷപ്പ് കോപ്പെൽ യൂറോപ്പ് സന്ദർശിച്ചു. '*ആദ് ലിമിന അപ്പോസ്തലോരും*' എന്നറിയപ്പെടുന്ന റോമിൽ ഔദ്യോഗിക സന്ദർശനത്തിന് എത്തിയതായിരുന്നു അദ്ദേഹം. 1921-ലെ വസന്തകാലം വരെ സന്ദർശനം ദീർഘിപ്പിച്ചു. സ്വിറ്റ്സർല ണ്ടിലെ ഫ്രൈബുർഗിലുള്ള MSFS ഭവനത്തിൽ അഹമ്മദ് നഗറിലെ തടങ്കൽപാളയത്തിലുണ്ടായിരുന്ന ബ്രദേഴ്സിനെ വൈദികരാകാൻ പഠനം നടത്താൻ താൻ പ്രോത്സാഹിപ്പിച്ചു എന്ന് ബിഷപ്പ് ബ്രദറിനോട് സമ്മതിച്ചു. പഠിക്കാൻ വേണ്ട പുസ്തകങ്ങളും അദ്ദേഹം

ലഭ്യമാക്കിയിരുന്നു. ബ്രദേഴ്സിൽ അനേകർ ഈ മാതൃക പിൻതുടരും എന്ന് താൻ പ്രതീക്ഷിച്ചതായും ബിഷപ്പ് പറഞ്ഞു.

1921 ഏപ്രിലിൽ ബിഷപ്പ് കോപ്പൽ മസ്‌ലിയാൻകോയിലെ ബ്രദേഴ്സ് സമൂഹത്തെ സന്ദർശിച്ചു. അവിടെയും അദ്ദേഹം തന്റെ മുൻനിലപാട് സ്വീകരിച്ചു. ബ്രദേഴ്സിൽ കഴിയുന്നത്ര ആളുകൾ വൈദിക പഠനം തുടങ്ങണം എന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. മസ്ലിയാൻകോയിൽ വീണ്ടും ഒത്തുകൂടിയ ബ്രദേഴ്സിന്റെ വ്രതവാഗ്ദാനങ്ങളും മറ്റും ബ്ര. ക്ലെമന്റ് സംഘടിപ്പിച്ചത് ആരുടെ അനുവാദത്തോടുകൂടിയാണ് എന്നും അദ്ദേഹം തെരക്കി. വൈദിക പഠനം ആരംഭിച്ച ബ്രദേഴ്സിന്റെ ചെലവ് കോൺഗ്രി ഗേഷനിൽ വഹിയ്ക്കണം എന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇതിനും ബഹുമാനപുരസ്സരം ബ്ര. ക്ലെമന്റ് നല്കിയ മറുപടി: - ‘‘സുപ്പീര്യർ ജനറൽ അധികാരപ്പെടുത്തിയത് അനുസരിച്ചാണ് താൻ ബ്രദേഴ്സിന്റെ വ്രത വാഗ്ദാനങ്ങൾ സ്വീകരിച്ചത്. വൈദിക പഠനം ആരംഭിച്ചവരെ സംബന്ധിച്ച് കോൺഗ്രിഗേഷന് ഉത്തരവാദിത്തം ഒന്നും ഇല്ല.’’ ബ്രദേഴ്സ് പുറജാതിക്കാരുടെ ഇടയിൽ സുവിശേഷപ്രവർത്തനം നടത്താൻ പാടില്ല എന്ന തന്റെ അഭിപ്രായം ബിഷപ്പ് ആവർത്തിച്ചു. ഇതിനു ബ്രദർ നല്കിയ മറുപടി, നാഗ്പൂർ ബിഷപ്പിന് ബ്രദേഴ്സിന്റെ സേവനം ആവശ്യമില്ലെങ്കിൽ അവരെ സ്വാഗതം ചെയ്യാൻ തയ്യാറായി വേറെ പല രൂപതകളും ഇന്ത്യയിൽ ഉണ്ട് എന്നായിരുന്നു. നാഗ്പൂർ രൂപതാ അധികാരികൾ നാടുകടത്തപ്പെട്ട ബ്രദേഴ്സിനെ ഇന്ത്യയിലേക്കു മടക്കിക്കൊണ്ടു വരാൻ ഒന്നും ചെയ്തില്ല; മനസ്സില്ലാത്തതുകൊണ്ടോ കഴിവില്ലാത്തതു കൊണ്ടോ അവർ ഒന്നും ചെയ്തില്ല. അതേ സമയം ഇന്ത്യയിൽ നിരവധി മെത്രാന്മാർ നാടുകടത്തപ്പെട്ട ബ്രദേഴ്സിനെ തിരിച്ചുകൊണ്ടുവരാൻ കഴിയുന്ന തൊക്കെ ചെയ്യാൻ തയ്യാറായിരുന്നു. തങ്ങൾക്ക് പ്രോപഗണ്ടയുടെ റെക്കമൻഡേറ്ററി ലെറ്റർ കിട്ടിയിട്ടുണ്ട് എന്ന് ബ്രദർ പറഞ്ഞപ്പോൾ ഈ ലെറ്ററിനെ യാതൊരു വിലയും ഇല്ല എന്നായിരുന്നു ബിഷപ്പിന്റെ മറുപടി.

1921-ൽ ഔദ്യോഗിക സന്ദർശനത്തിന് റോമിലെത്തിയപ്പോൾ ബിഷപ്പ്, കാർഡിനൽ പ്രീഫെക്റ്റിനോട് ശുപാർശ ചെയ്തു. തന്റെ രൂപതയിലെ ബ്രദേഴ്സിന്റെ കോൺഗ്രിഗേഷനെ പിരിച്ചുവിടണം എന്ന്. ഈ നിർദ്ദേശം മുന്നോട്ടുവച്ചപ്പോൾ കാർഡിനൽ ബിഷപ്പിനെ

ശകാരിച്ചു എന്ന് ബ്രദർ ക്ലെമന്റ് പറയുന്നു. കാർഡിനൽ ബിഷപ്പിനോട് പറഞ്ഞു: താൻ ബ്രദേഴ്സ് കോൺഗ്രിഗേഷന് റെക്കമെന്റേറ്ററി ലെറ്റർ കൊടുത്തു, ഈ മിഷനറി ഇൻസ്റ്റിറ്റ്യൂട്ടിനുമേൽ ഒരു ബിഷപ്പിനും അധികാരമില്ല. ബ്രദേഴ്സ് കോൺഗ്രിഗേഷന് മാർപ്പാപ്പയുടെ അംഗീകാരം ലഭിയ്ക്കാൻ താൻ ശുപാർശ ചെയ്യാൻ പോകുകയാണ് എന്നും പറഞ്ഞു. അടുത്ത അദ്ധ്യായത്തിൽ CMSFന് ആത്യന്തികമായി പ്രോപഗണ്ട ശുപാർശ ചെയ്തു. 1930-ലെ കോൺഗ്രിഗേഷൻ ചാപ്റ്ററിൽ അംഗീകാരം ലഭിച്ചതായി പ്രതിപാദിക്കുന്നു.

### 3.1. മിഷനറിമാർക്കു ഇന്ത്യയിൽ വീണ്ടും പ്രവേശനം നല്കുന്നതു സംബന്ധിച്ച പൊതുനയം

ഒന്നാം ലോകമഹായുദ്ധം അവസാനിച്ചത് 1919 ജൂൺ 28-ാം തീയതിയിലെ '*വേഴ്സായ് ഉടമ്പടി*'യോടുകൂടിയാണ്. ഈ ഉടമ്പടി ജർമ്മനിയെ ഏറെ വേദനിപ്പിക്കുന്ന ഒന്നായിരുന്നു. എല്ലാ മേഖലകളിലും ആ രാജ്യത്തെ തളർത്തുക എന്നതായിരുന്നു ലക്ഷ്യം. ആ രാജ്യം വീണ്ടും ഒരു യുദ്ധവുമായി ഇറങ്ങി പുറപ്പെടരുത്. ഉടമ്പടിയുടെ 348-ാം വകുപ്പു പ്രകാരം ജർമ്മനിയിൽ നിന്ന് പിടിച്ചെടുത്ത ജർമ്മൻ കോളനികളിൽ ജർമ്മൻകാരായ മിഷനറിമാർക്ക് പ്രവേശനം നിഷേധിച്ചു. അതുപോലെ തന്നെ സഖ്യകക്ഷികളുടെ കോളനികളിലും അവർക്ക് പ്രവർത്തിക്കാൻ കഴിയാതായി. ജർമ്മൻ മിഷനറിമാരുടെ വസ്തുവകകളെല്ലാം കണ്ടുകെട്ടി. അവർക്കു വീണ്ടും പ്രവേശനം അനുവദിക്കണേമോ എന്നു പിന്നീടു തീരുമാനിക്കും. വേഴ്സായ് കോൺഫറൻസിൽ വത്തിക്കാന്റെ പ്രതിനിധിയായി വന്ന മോൺ കാരെറ്റിയുടെ ഇടപെടൽ കൊണ്ട് വസ്തുവകകൾ കണ്ടുകെട്ടുക എന്ന നീക്കം ഉപേക്ഷിച്ചു. എന്നാൽ തങ്ങളുടെ മിഷനുകളിലേയ്ക്കു മടങ്ങിപ്പോകാൻ ജർമ്മൻ മിഷനറിമാർക്ക് അനുവാദം ലഭ്യമാക്കാനുള്ള ശ്രമം വിജയിച്ചില്ല.

ആയിരത്തിലധികം ജർമ്മൻ മിഷനറിമാർ തങ്ങളുടെ മാതൃരാജ്യത്ത് കുടുങ്ങി; തങ്ങളുടെ മിഷൻ രംഗങ്ങളിലേയ്ക്ക് മടങ്ങിപ്പോകുക സാധ്യമാകുന്ന ദിവസത്തിനായി അവർ കാത്തിരുന്നു. പരിശുദ്ധ പിതാവും അദ്ദേഹത്തിന്റെ മിഷൻ വകുപ്പായ പ്രോപഗണ്ടയും മിഷനറിമാർക്ക് തങ്ങളുടെ പ്രവർത്തനരംഗത്തേയ്ക്ക് മടങ്ങാനുള്ള അനുവാദം നേടിയെടുക്കാൻ ചെയ്യാവുന്നതെല്ലാം ചെയ്തു. ജർമ്മനിയിലും നോർത്ത് അമേരിക്കയിലുമുള്ള കത്തോലിക്കർ

ബ്രിട്ടീഷുകാരുടെ ഈ നയത്തെ രൂക്ഷമായി വിമർശിച്ചു. തങ്ങളുടെ ഇന്ത്യയിലും ആഫ്രിക്കയിലുമുള്ള കോളനികളിലേയ്ക്ക് ജർമ്മൻ മിഷനറിമാർ പോകുന്നത് അനുവദിയ്ക്കാൻ എന്തെല്ലാം സമ്മർദ്ദം ഉണ്ടായിട്ടും ബ്രിട്ടീഷ് ഗവൺമെന്റ് അനുവദിച്ചില്ല. അമേരിക്കയിലെ കത്തോലിക്കരും കാനഡയിലെ ബിഷപ്പുമാരും ഇക്കാര്യത്തിൽ തങ്ങളുടെ ശക്തമായ അതൃപ്തി ബ്രിട്ടീഷ് ഗവൺമെന്റിനെ അറിയിച്ചു. കാത്തലിക് ചർച്ച് എക്സ്റ്റെൻഷൻ സൊസൈറ്റി ഓഫ് അമേരിക്കയിലെ മോൺ. എഫ്.സി. കെല്ല, ജർമ്മൻ കത്തോലിക്ക് മിഷനുകളെ ശക്തമായി പിൻതാങ്ങിയവരിൽ ഒരാളായിരുന്നു. 'അപ്പീൽ ടു ദ കാത്തലിക് ഓഫ് ദ വേൾഡ് ടു സേവ് ദ ജർമ്മൻ ഫോറിൻ മിഷൻസ്' (ജർമ്മൻ ഫോറിൻ മിഷനുകളെ രക്ഷിക്കാൻ ലോകത്തുള്ള (എല്ലാ) കത്തോലിക്കരോടും ആഹ്വാനം) എന്ന ശീർഷകത്തിൽ ഒരു ലഘുലേഖ പ്രസിദ്ധീകരിച്ചു.

ജർമ്മൻ മിഷനറിമാരോട് ബ്രിട്ടൺ ഇങ്ങനെ കർക്കശമായ ഒരു നിലപാട് സ്വീകരിച്ചതിന്റെ കാരണം ഇതാണ്. അന്യരാജ്യങ്ങളിൽ നിന്നുള്ള കച്ചവടക്കാരെയും ബിസിനസ്സുകാരെയുംകാൾ ഭയം ബ്രിട്ടീഷുകാർക്ക് മിഷനറിമാരെപ്പറ്റിയായിരുന്നു. കാരണം തദ്ദേശവാസികളുടെ മേൽ തങ്ങളുടെ മിഷൻ വഴിയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയും കൂടുതൽ സ്വാധീനം ചെലുത്താൻ കഴിയുക മിഷനറിമാർക്കായിരുന്നു. ഒരു ജനതയുടെ ആത്മാവിനെ സ്പർശിക്കാൻ മിഷനറിമാർക്ക് കഴിയും എന്നവർ ഭയപ്പെട്ടു. തങ്ങളുടെ പദവി ദുരുപയോഗപ്പെടുത്തിയാൽ മിഷനറിമാർക്ക് ബ്രിട്ടീഷ് താത്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാം. സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യ, മിഷനറി സൊസൈറ്റീസ് ഓഫ് ഗ്രേയ്റ്റ് ബ്രിട്ടൻ ആൻഡ് ഐർലണ്ടിലെ കോൺഫറൻസ് ഓഫ് മിഷനറി സൊസൈറ്റീസിന്റെ സ്റ്റാൻഡിങ് കമ്മിററിയിൽ പറഞ്ഞതാണ് ഇത്. മേൽപറഞ്ഞ കേന്ദ്രങ്ങളിൽ നിന്നുള്ള സമ്മർദ്ദത്തിന്റെ ഫലമായി ബ്രിട്ടീഷ് ഗവൺമെന്റിന്റെ മനോഭാവത്തിൽ മാറ്റം വന്നു. 1922 ആയപ്പോഴേയ്ക്കും തിരഞ്ഞെടുക്കപ്പെട്ട വിഭാഗങ്ങളിൽപ്പെട്ട ഏതാനും മിഷനറിമാർക്ക് ഇന്ത്യയിലേയ്ക്ക് മടങ്ങിവരാൻ അനുവാദം നല്കി. ബ്രിട്ടീഷ് ഗവൺമെന്റ് തയ്യാറാക്കിയ ഒരു മെമ്മോറാണ്ടത്തിന്റെ അവസാനത്തി

ലാണ്, അതിലെ വ്യവസ്ഥകൾക്ക് വിധേയമായാണ്, ഈ വിസകൾ അഥവാ പെർമിറ്റുകൾ നല്കിയത്.

യുദ്ധാനന്തരം ഇന്ത്യയിൽ മിഷനറിപ്രവർത്തനമോ വിദ്യാഭ്യാസത്തിന്റെയും മറ്റു മനുഷ്യസേവനത്തിന്റെയും രംഗത്തുള്ള പ്രവർത്തനമോ നടത്താൻ ആഗ്രഹിക്കുന്ന വിദേശികളെ ഇന്ത്യയിൽ പ്രവേശിക്കാൻ അനുവദിക്കുന്നത് സംബന്ധിച്ച മെമ്മോറാണ്ടത്തിന് A, B, C എന്ന ഭാഗങ്ങൾ ഉണ്ടായിരുന്നു. മെമ്മോറാണ്ടം Bയിൽ പറയുന്ന കാര്യങ്ങൾ നമ്മെ ഗാഢമായി ഉടനടി ബാധിക്കുന്നതാകയാൽ, നാം ചർച്ച ചെയ്യുന്ന വിഷയവുമായി ബന്ധപ്പെട്ടതാകയാൽ ആ ഭാഗം ഹ്രസ്വമായി ഉദ്ധരിക്കാം. ഇന്ത്യയിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്ന റോമൻ കത്തോലിക്കാ മിഷനറിമാർക്ക് ബാധകമായ വ്യവസ്ഥകൾ താഴെ പറയുന്നവയാണ്:

‘‘ഏതെങ്കിലും അംഗീകൃത സംഘടന ഒരു മിഷനറിയോ ജീവനക്കാരനെയോ ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്തേയ്ക്ക് അയയ്ക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, അയാൾ ഒരു ബ്രിട്ടീഷ് പൗരനല്ലാത്തപക്ഷം, ആ വ്യക്തിയെ സംബന്ധിച്ച പൂർണ്ണവിവരങ്ങൾ ആ മിഷനറി സൊസൈറ്റി യുടെ അഥവാ സംഘടനയുടെ ബ്രിട്ടനിലുള്ള ഭവനത്തിന്റെ സുപ്പീര്യർക്കു സമർപ്പിക്കണം; സൊസൈറ്റിക്കു ബ്രിട്ടനിൽ ഭവനം ഇല്ലെങ്കിൽ അതിനെ പ്രതിനിധാനം ചെയ്യാൻ തയ്യാറുള്ള വേറെ ഏതെങ്കിലും സൊസൈറ്റിയുടെ സുപ്പീര്യർക്കു സമർപ്പിക്കണം; ഈ സുപ്പീര്യർ ജന്മനാ ഒരു ബ്രിട്ടീഷ് പൗരൻ ആയിരിക്കണം. ഇതിന്മേൽ സുപ്പീര്യർ വേണ്ട അന്വേഷണം നടത്തി അപേക്ഷകന്റെ വിശ്വസ്തതയ്ക്കു ഉറപ്പു നല്കാൻ കഴിയുമെങ്കിൽ അയാൾക്കു സാക്ഷ്യപത്രങ്ങൾ നല്കണം; അയാളുടെ വ്യക്തിത്വം ഉറപ്പുവരുത്തുന്നതാകണം സാക്ഷ്യപത്രങ്ങൾ; വെസ്റ്റമിൻസ്റ്റർ കാർഡിനൽ ആർച്ചുബിഷപ്പ് നാമനിർദ്ദേശം ചെയ്യുന്ന അധികാരിയും ഈ സാക്ഷ്യ പത്രങ്ങളിൽ ഒപ്പുവച്ചിരിക്കണം.’’

ഇപ്രകാരം അപേക്ഷിക്കുന്ന ആൾ താഴെ കൊടുത്തിരിക്കുന്ന സത്യപ്രതിജ്ഞ എഴുതി ഒപ്പിടണം. ‘‘------------ ആയ ഞാൻ ------------- സർക്കാരിനെ പൂർണ്ണമായി അനുസരിക്കുകയും ആദരിക്കുകയും ചെയ്യുമെന്ന് ഉറപ്പു നല്കുന്നു; അതേസമയം രാഷ്ട്രീയ

കാര്യങ്ങളിൽ ഇടപെടാതെ ശ്രദ്ധാപൂർവ്വം മാറി നില്ക്കുന്നതാണ്. എന്റെ സ്വാധീനം ശരിയായി പ്രയോജനപ്പെടുത്താൻ കഴിയുന്ന എല്ലാ കാര്യങ്ങളിലും മേൽ പറഞ്ഞ സർക്കാരുമായി സൗഹൃദപൂർവ്വമായി സഹകരിച്ച് പ്രവർത്തിയ്ക്കാമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു, ഉദ്ദേശിക്കുന്നു.''

**3.2 കാർഡിനൽ ബ്രൂണിന്റെ സഹായത്താൽ കോൺഗ്രിഗേഷൻ ഓഫ് ദ മിഷനറി ബ്രദേഴ്സ് ഇംഗ്ലണ്ടിൽ രജിസ്റ്റർ ചെയ്യപ്പെടുന്നു**

*കോൺഗ്രിഗേഷൻ ഓഫ് ദ മിഷനറി ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി* നേരിട്ട ഏറ്റം വലിയ പ്രയാസം (മെമ്മോറാണ്ടം B അനുസരിച്ച്) അതിനുവേണ്ടി ഉറപ്പുകൊടുക്കാൻ, ഗാരന്റി നിൽക്കാൻ, ഒരാളെ കണ്ടെത്തുക എന്നതായിരുന്നു. മസ്ലിയാൻകോയിൽ ബ്ര. ക്ലമെന്റ് ക്രീഗ് ഈ പ്രശ്നം പരിഹരിക്കുന്നതിന് കഴിവതെല്ലാം ചെയ്തു. കോൺഗ്രിഗേഷന്റെ പ്രത്യേക സാഹചര്യം വിശദീകരിച്ചുകൊണ്ട് ബ്രദർ വെസ്റ്റമിൻസ്റ്ററിലെ കാർഡിനൽ ഫ്രാൻസിസ് ബൂണിന്നു എഴുതി. ഗാറന്റി നില്ക്കുക എന്ന ചുമതല ഏറ്റെടുക്കാൻ ആരെയും കിട്ടാത്ത അവസ്ഥയും വിശദമാക്കി. കാരണം, ഇതു ഒരു ജർമ്മൻ കോൺഗ്രിഗേഷൻ ആയിപ്പോയി എന്നതായിരുന്നു. ഈ രജിസ്ട്രേഷൻ ഇല്ലെങ്കിൽ കോൺഗ്രിഗേഷന് ഒരു ഭാവിയുണ്ടാകില്ല. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കാൻ കാർഡിനൽ സഹായിക്കണം എന്ന് ഏറെ വിനയത്തോടെ അഭ്യർത്ഥിച്ചു ബ്രദർ എഴുതി:

''ബ്രിട്ടീഷ് ഗവൺമെന്റിൽ നിന്ന് ഞങ്ങളുടെ സഭക്കു അംഗീകാരം അങ്ങു നേടിത്തരും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇതു മറ്റു മിഷനറി സൊസൈറ്റികളെപ്പോലെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന ഒരു സംഘടന അല്ല. ഇതിന്റെ അംഗങ്ങൾ വിവിധ രൂപതകളിൽ പണിയെടുക്കുന്നവരാണ്. അങ്ങനെ അവർ ചിതറിക്കിടക്കുന്ന മിഷൻ ഏല്പിച്ചിട്ടുള്ളതു ഏതു സൊസൈറ്റിയെ ആണോ അവരുമായി ഞങ്ങൾ സഹകരിച്ചു പ്രവർത്തിക്കുന്നു.''

ബ്രദർ ക്ലെമന്റിന് ക്രീഗിന്റെ ഈ അഭ്യർത്ഥന കാർഡിനൽ ബൂൺ ദയാപൂർവ്വം സ്വീകരിച്ചു. കാനൻ ഫ്രാസിസ് ഇ. റോസ്സ് 'സൊസൈറ്റി ഓഫ് ദ പ്രൊപഗണ്ട ഓഫ് ദ ഫെയ്ത്തി'ന്റെ ബ്രിട്ടീഷ് ബ്രാഞ്ചിന്റെ

ഡയറക്ടർ, 96 വിക്ടോറിയ സ്ട്രീറ്റ് വെസ്റ്റ്മൻസ്റ്റർ; ഇദ്ദേഹത്തോട് കോൺഗ്രിഗേഷൻ ഓഫ് B ബ്രദേഴ്സ് ഓഫ് സെന്റർ ഫ്രാൻസിസ് ഓഫ് അസ്സീസിയുടെ ഗാറന്റർഷിപ്പ് ഏറ്റെടുക്കാൻ കാർഡിനൽ പറഞ്ഞു. അദ്ദേഹത്തിലൂടെ കോൺഗ്രിഗേഷൻ ബ്രിട്ടീഷ് ഗവൺമെന്റുമായി രജിസ്റ്റർ ചെയ്യപ്പെട്ടു. ഇന്ത്യയിലേക്കു മിഷനറിമാരെ അയക്കാനുള്ള അർഹത ഇപ്രകാരം അതിനു ലഭിച്ചു. മെമ്മൊറാണ്ടത്തിലെ വ്യവസ്ഥകൾക്കു വിധേയമായി മിഷനറിമാരെ അയയ്ക്കാം എന്ന സാഹചര്യം സംജാതമായി.

### 3.3 നാടുകടത്തപ്പെട്ട ബ്രദേഴ്സിൽ നിന്ന് ആദ്യമായി മടങ്ങി എത്തിയവർ

1921 അവസാനമായപ്പോഴേക്കും ഇതിനകം ചെക്കോസ്ലൊവാക്യ പൗരനായി തീർന്നിരുന്ന ബ്രദർ സെബാസ്റ്റ്യൻ മുള്ളർക്കു മടങ്ങി എത്താൻ കഴിഞ്ഞു. 1922 ആയപ്പോൾ കാനൻ ഇ. റോസ്സിന്റെ മാധ്യസ്ഥം വഴി, ഇടപെടൽ വഴി, ഏതാനും ബ്രദേഴ്സിനു കൂടി തങ്ങളുടെ ഇന്ത്യൻ മിഷനറികളിലേക്കു മടങ്ങിവരാൻ കഴിഞ്ഞു. 1922 നവംബറിൽ ബ്ര. ഫിലിപ്പ് ഷ്രൈബർക്കും ബ്ര. മൈക്കൽ ബർക്കർക്കും ഇന്ത്യയിലേയ്ക്കു പോകുന്ന ഒരു കപ്പലിൽ കയറാൻ സാധിച്ചു. അതിനുശേഷം ബ്ര. സിറിൽ ബെൻഡെസും മസ്സിയാനികോയിൽ ഉണ്ടായിരുന്ന മറ്റു പലരും ഇന്ത്യയിലേയ്ക്ക് പുറപ്പെട്ടു. ഇതിനുശേഷം അഞ്ച് അന്തിമ വ്രത വാഗ്ദാനം നൽകിയ ബ്രദേഴ്സും മൂന്നു നോവിസ്സുകളും ബ്ര. ക്ലെമന്റ് ക്രീഗിനൊപ്പം ചേർന്നു. 1925 ആയപ്പോഴേയ്ക്കും ജർമ്മൻ മിഷനറിമാരുടെമേൽ ചുമത്തിയിരുന്ന എല്ലാ നിയന്ത്രണങ്ങളും ഇംഗ്ലീഷുകാർ നീക്കം ചെയ്തു. എന്നാൽ WDA റിക്കാർഡുകളിൽ കാണുന്നത് 1930 കളുടെ അവസാനം വരെ ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് വെസ്റ്റമിൻസ്റ്റർ ആർച്ച് ബിഷപ്പിന്റെ ആഫിസ് സഹായിച്ചാണ് ബ്രിട്ടീഷ് ഗവൺമെന്റിന്റെ അനുവാദം വാങ്ങിയാണ് ഇന്ത്യയിലേക്കു വന്നത് എന്നാണ്.

അങ്ങനെ ദൈവപരിപാലനയുടെ സവിശേഷമായ സഹായ മാർഗ്ഗ ദർശനവും വഴി ഏറെ ബുദ്ധിമുട്ടുകൾ സഹിച്ചും സംഭീതരായും കഴിഞ്ഞ ബ്രദേഴ്സിന്റെ ചരിത്രത്തിലെ ഒരദ്ധ്യായം അവസാനിച്ചു. CMSFന്റെ മേൽ യുദ്ധം ഏല്പിച്ച മുറിവുകൾ ആഴമുള്ളതായിരുന്നു.

ഏതാനും ദശാബ്ദ ങ്ങൾ കൊണ്ടേ ഈ മുറിവുകൾ പൂർണ്ണമായി ഉണങ്ങിയുള്ളു. പ്രൊപഗണ്ടയിൽ നിന്നും തങ്ങളുടെ പ്രവർത്തനങ്ങളെ പ്രകീർത്തിച്ചു കൊണ്ടുള്ള ഒരു കത്തു വാങ്ങിച്ചെടുക്കാൻ കഴിഞ്ഞപ്പോൾ ബ്ര. പൗലുസ് മോറിറ്റസിനും ബ്ര. ക്ലെമന്റ് ക്രീഗിനും ആശ്വാസമായി; അവർ ദീർഘമായി ആശ്വാസത്തോടെ നിശ്വസിച്ചു.

# അദ്ധ്യായം V

## പുതിയ മിഷൻ കേന്ദ്രങ്ങൾ, പുതിയ അംഗങ്ങൾ കോൺഗ്രിഗേഷനിൽ ഒരു നവ വസന്തം

ഇന്ത്യയിലേയ്ക്ക് മടങ്ങി വന്നതിനും പ്രോപഗണ്ടയുടെ നിർദ്ദേശപ്രകാരം കോൺഗ്രിഗേഷന്റെ ആദ്യത്തെ ജനറൽ ചാപ്റ്റർ കൂടിയതിനും ഇടയ്ക്കുള്ള കാലയളവ് (1921 – 1930) കോൺഗ്രിഗേഷന്റെ ഒരു നവവസന്തമായിരുന്നു എന്നു കരുതാവുന്നതാണ്. ആരോഗ്യകരമായ ഒരു ഉണർന്നെഴുന്നേല്ക്കൽ, ഒരു പുതിയ ആത്മവിശ്വാസം യുവകോൺഗ്രിഗേഷനിൽ ആകെ ഇത് ദൃശ്യമായി. അപ്പോഴേയ്ക്കും സഭയെ പിടിച്ചുകുലുക്കിയ മഴയും കൊടുങ്കാറ്റും അത് അതിജീവിച്ചു കഴിഞ്ഞിരുന്നു. അര ഡസനിലധികം രൂപതകളിലേയ്ക്ക് ഇന്ത്യയിലെ തങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച ഒരു കാലയളവായിരുന്നു ഇത്. ഇന്ത്യയിലും യൂറോപ്പിലും അവരുടെ അംഗസംഖ്യ വർദ്ധിച്ചതും ഈ കാലഘട്ടത്തിലാണ്. ഈ അദ്ധ്യായത്തിൽ നാം വിവരിക്കുക ക്രിയാത്മകമായ ഈ വികാസങ്ങളാണ്; റോമിൽ നിന്നുള്ള ആത്യന്തികമായ അംഗീകാരം നേടുന്നതിന് സ്വീകരിച്ച നടപടികളും ഈ അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

### 1.1 കോൺഗ്രിഗേഷനിൽ അംഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നു

1923ലെ 'ഹാൻഡ് ബുക്ക് ഓഫ് കാത്തലിക് മിഷൻസ് 'പറയുന്നതനു സരിച്ച് 'മിഷനറി ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി' എന്ന കോൺഗ്രിഗേഷനിൽ പതിനെട്ടു പ്രൊഫെസ്സ്ഡ് ബ്രദേഴ്സ് ഉണ്ടായി രുന്നു. ഇവരിൽ ഏഴുപേർ ഇന്ത്യാക്കാരായിരുന്നു. ഇവരെക്കൂടാതെ പന്ത്രണ്ടു നോവിസുകൾ ഉണ്ടായിരുന്നു. ഇവരിൽ പത്തുപേർ ഇന്ത്യാക്കാരായിരുന്നു. അങ്ങനെ ആകെ അംഗങ്ങൾ

മുപ്പത്. 1925 ആയപ്പോഴേയ്ക്കും അംഗസംഖ്യ നാല്പത്തിയാറായി ഉയർന്നു. പത്തൊമ്പത് പ്രൊഫസ്സ്ഡ് ബ്രദേഴ്സ്, പതിനെട്ടു നോവിസുകളും പോസ്റ്റലന്റുകളും. ബെൽഗാം ഫോർട്ടിൽ നിന്നും മോചിതനായപ്പോൾതൊട്ട് ബ്ര. പൗലുസ് മോറിറ്റ്സ് മൗണ്ട് പോയ്ൻസറിൽ താമസിക്കുന്നതായി നാം കാണുന്നു. അങ്ങനെ കോൺഗ്രിഗേഷന് മുഴുവനും തങ്ങളുടെ ചരിത്രത്തിലെ ഒരു സുപ്രധാന കേന്ദ്രമായി ഈ ഭവനം തുടർന്നു. അപ്പോഴേയ്ക്കും ഖാൻഡ്വായുടെ പ്രാധാന്യം ഗണ്യമായി കുറഞ്ഞിരുന്നു. വയസ്സായവരും ജോലിയിൽ നിന്നു വിരമിച്ചവരുമായ ഏതാനുംപേർ മാത്രമേ നിമാർ മിഷനിൽ ഉണ്ടായിരു ന്നുള്ളു. അതും ഖാൻഡ്വായിലും സിർപൂറും മാത്രമേ യുദ്ധത്തിനുശേഷം ബിഷപ്പ് കോപ്പലും ബ്ര. മോറിറ്റ്സും തമ്മിലുള്ള ബന്ധം എങ്ങനെ ആയിരുന്നു എന്ന് കണ്ടെത്താൻ കഴിയുന്നില്ല. കാരണം, ഇത് സംബന്ധിച്ച യാതൊരു രേഖകളും നമുക്കു ലഭിച്ചിട്ടില്ല.

### 1.2 ഡാമൻ രൂപതയിലെ കോൺഗ്രിഗേഷന്റെ സറോളി മിഷൻ

നാടുകടത്തപ്പെട്ട ബ്രദേഴ്സ് മടങ്ങി വന്നപ്പോൾ അവരിൽ ഒരാളായ ബ്ര. സെബാസ്റ്റ്യൻ മുള്ളറെ ബ്ര. പൗലുസ് ഒരു സുപ്രധാന ചുമതല ഏല്പിച്ചു. ആ സാഹചര്യത്തിൽ ബ്ര. പൗലുസ് ആദ്യമായി ചെയ്ത പ്രവൃത്തി ഇതായിരുന്നു. പാദ്രവാദോ രൂപതയായ ഡാമനിൽ പുറജാതിക്കാർക്കായി ഒരു മിഷൻ തുടങ്ങുക എന്നതായിരുന്നു ആ നിയോഗം. ബോംബെയിൽ നിന്ന് 102 മൈൽ വടക്കു പടിഞ്ഞാറുള്ള ഭിലാദ് എന്ന സ്ഥലത്തായിരുന്നു ഈ മിഷൻ. 1921 നവംബറിലാണ് മിഷൻ തുടങ്ങിയത്. ബ്ര. സെബാസ്റ്റ്യനും ബ്ര. നിക്കൊളാസ് ഹോഹനും കൂടി തുടങ്ങി. ഈ പ്രദേശം പോർച്ചുഗീസ് ഡിസ്ട്രിക്റ്റായ താനയോടും തൊട്ടുകിടക്കുന്ന ഒന്നായിരുന്നു. ഭൂപടത്തിൽ ഭിലാദിനെ കാണിച്ചിരുന്നത് 'പട്ടേൽ – പാറ' എന്നായിരുന്നു. ഈ മിഷന്റെ ഉദ്ദേശം വാർലി, ഡുബ്ളാർ, ധോറിയ എന്നീ വർഗ്ഗങ്ങളിൽപെട്ടവരുടെ ഇടയിൽ പ്രവർത്തിക്കാനാണ് ബ്രദേഴ്സ് ഉദ്ദേശിച്ചിരുന്നത്. ആധുനിക സംസ്ക്കാരം ഒട്ടും തീണ്ടിയിട്ടല്ലാത്ത വർഗ്ഗങ്ങളായിരുന്നു ഇവ. പ്രകൃതിയുമായി പൂർണ്ണമായും പൊരുത്തപ്പെട്ട ഒരു ജീവിതമാണ് ഇവർ നയിച്ചിരുന്നത്. ഇവരിൽ ഏറ്റം വലിയ സംഘം വാർളികളായിരുന്നു. ഡാമനിലെ പ്രേഷിതവേലയിൽ താത്പര്യമുള്ള ഏതാനും രൂപതാ വൈദികരുടെ സഹകരണത്തോടുകൂടി ഫ്രാൻസിസ്കൻ ബ്രദേഴ്സ് ഈ മിഷനിൽ പെട്ടെന്ന് പുരോഗതി നേടി. 1923 ആയപ്പോഴേയ്ക്കും നാല്പത്തി അഞ്ചു കുഞ്ഞുങ്ങൾക്കു ജ്ഞാനസ്നാനം നല്കിയതായി

റിപ്പോർട്ടിൽ കാണുന്നു. അപ്പോൾ തൊട്ട് അവിടെ ആത്മാക്കളുടെ വലിയ ഒരു വിളവെടുപ്പു നടന്നു.

ബ്രദേഴ്സ് തങ്ങളുടെ ഭവനം പട്ടേൽ-പാറയിൽ നിന്ന് കുറേക്കൂടി കേന്ദ്രഭാഗത്തുള്ള 'സറോളി' എന്ന ഗ്രാമത്തിലേക്കു മാറ്റി. അങ്ങനെ ഈ മിഷനു 'സറോളി മിഷൻസ്' എന്ന പേരു ലഭിച്ചു. 1923 ആയപ്പോഴേയ്ക്കും മേൽ പറഞ്ഞ വർഗ്ഗക്കാരുടെ വിവിധ ഗ്രാമങ്ങൾ ബ്രദേഴ്സ് സന്ദർശിച്ചു തുടങ്ങി. ഉപ്ലത്, തലസാരി, ഡാമ, ഗാവോൺ, ഡാബെച്ചെരി, സിസ്ന തുടങ്ങിയ ഗ്രാമങ്ങളാണ് അവർ സന്ദർശിച്ചിരുന്നത്. ഇതെല്ലാം മറാത്തി സംസാരിക്കുന്ന ഗ്രാമങ്ങളായിരുന്നു. കൂടാതെ പുനാത്ത്, മോഹൻ, ജാംബോറീ, എക്ലാർസ്, താലി, പരേറ്റു, കാർച്ചഗാവോൻ, സരോലി, നഗ്വാസ്, ധാനോളി, ഭിലാദ്, ബോറിഗാം കാച്ചി ഗാവോങ്, ഇവ കൂടാതെ വേറെ നിരവധി ഗ്രാമങ്ങളും ബ്രദേഴ്സ് സന്ദർശിച്ചിരുന്നു. 1924 ആയപ്പോഴേയ്ക്കും സറോളി മിഷനിൽ 240 പേർ ജ്ഞാനസ്നാനം നല്കി പേരു രജിസ്റ്ററിൽ ചേർത്തും 700-ൽ അധികം പേർ ക്രൈസ്തവരാകുന്നതിനു ഫ്രാൻസിസ്കൻ ബ്രദേഴ്സിൽ നിന്നു മതബോധനം സ്വീകരിച്ചിരുന്നു. 1923 ഡാമൻ രൂപതയിൽ മാൾട്ടീസ് കപ്പൂച്ചിൻ ഫ്രയേഴ്സ് എത്തി. ഇതോടെ സരോളി മിഷൻസിൽ പുതിയ ഒരുണർവ്, ഉത്സാഹം കാണപ്പെട്ടു. കപ്പൂച്ചിൻ അച്ചന്മാർ കൂദാശകൾ പരികർമ്മം ചെയ്ത് ബ്രദേഴ്സിനെ സഹായിക്കുന്ന മിഷൻ വൈദികരായി നിയമിച്ചു. ഇവരിൽ തികഞ്ഞ അർപ്പണബോധവും തീക്ഷ്ണതയുമുള്ള ഒരാൾ ഉണ്ടായിരുന്നു. ഫാ. പയസ്. ഈ വൈദികൻ ബ്രദേഴ്സിനെ വളരെ അധികം സഹായിച്ചു; ഇദ്ദേഹം ഒരു പ്രത്യേക പരാമർശം അർഹിക്കുന്നുണ്ട്.

സറോളി മിഷനിൽ ബ്രദേഴ്സ് നടത്തിയിരുന്ന പ്രവർത്തനങ്ങളെ ഏറെ വിലമതിച്ച ഡാമൻ രൂപതയിലെ ഒരു വൈദികനായിരുന്നു ഫാ. അൽഫോൻസ്. നഗരത്തിലെ ഒരു ഇടവകയിൽ ലഭ്യമായിരുന്ന സുഖ സൗകര്യങ്ങളെല്ലാം ഉപേക്ഷിച്ച് ഗ്രാമങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച, ഒരിടത്തും സ്ഥിരമായി താമസിക്കാത്ത ഫ്രാൻസിസ്കൻ ബ്രദേഴ്സിനൊപ്പം ചേർന്ന സറോളി മിഷനിൽ കുറെ ഏറെ നല്ല കാര്യങ്ങൾ ചെയ്തു. 1925-ൽ 600 ഗിരിവർഗ്ഗക്കാരെ സാക്ഷിനിർത്തി അദ്ദേഹം 52 പേർക്കു ജ്ഞാനസ്നാനം നൽകി. ഉയർപ്പു തിരുനാളിനു തലേദിവസം ജാരണ പ്രാർത്ഥനക്കു ചുറ്റുമുള്ള 15 ഗ്രമാങ്ങളിൽ നിന്നു വന്നതായിരുന്നു, ഈ ജനം.

1926-ൽ സുപ്പീര്യർ ജനറൽ ബ്ര. പൗലുസ് മോറിറ്റസ് ബെല്ലാറിയിൽ ആസ്ഥാനമുള്ള സവേരിയൽ സിസ്റ്റേഴ്സിനെ മിഷനിലേക്കു ക്ഷണിച്ചു വരുത്തി. ബോംബെ നഗരം അടുത്തായിരുന്നതുകൊണ്ടും അവിടെ മിഷൻ വികസിപ്പിക്കാൻ താത്പര്യം ഉണ്ടായിരുന്നതുകൊണ്ടും അദ്ദേഹം കൂടെക്കൂടെ ആ നഗരം സന്ദർശിക്കുമായിരുന്നു. ഒരുപക്ഷേ നിമാർ മിഷൻ നഷ്ടപ്പെട്ടപ്പോൾ ആ നഷ്ടം നികത്താനായി തുടങ്ങിയതാകാം സറോളി മിഷൻസ്.

1926 ജനുവരി 9-ാം തീയതി മറാത്തി സംസാരിക്കുന്ന പ്രദേശത്തെ താലസാറി എന്ന ഗ്രാമത്തെ സറോളി മിഷനുകളിൽ പ്രാധാന്യത്തെ സംബന്ധിച്ചിടത്തോളം രണ്ടാമത്ത സ്ഥാനമാക്കി. ആ ദിവസം ഫാ. അൽഫോൺസ് അവിടെയുള്ള ബ്രദേഴ്സിന്റെ ഭവനത്തെ വെഞ്ചരിച്ചു. ഭവനം നിത്യസഹായ മാതാവിന് സമർപ്പിക്കുകയും ചെയ്തു. ചുറ്റുപാടുമുള്ള ഗ്രാമങ്ങൾ ബ്രദേഴ്സ് പതിവായി സന്ദർശിച്ചിരുന്നു. സാറി, കവാദ്, സാവ്നാ, വങ്കാസ്, ദാമംഗാവ്, ദാബ്യേരി, ധുൻഡൽ വാഡീ, ഹാലപാറ, മോഡ്ഗാവ്, ഖുജ്റ എന്നീ ഗ്രാമങ്ങൾ.

## 1.3 സരോളിൽ ബ്രദേഴ്സ് സ്വീകരിച്ച മിഷൻ പ്രവർത്തന രീതികൾ

നീമാർ മിഷനിലും മീററ്റ് മിഷനിലും വിജയകരമായി പ്രയോഗിച്ച അതേ രീതികൾ തന്നെയാണ് ബ്രദേഴ്സ് സരോളിമിഷനിലും സ്വീകരിച്ചത്. 1925 -ൽ ബ്ര. സെബാസ്റ്റ്യൻ മുള്ളറെ 'ഗാർഡിയൻ' അഥവാ 'മിഷൻ സുപ്പീര്യർ' ആയി നിയമിച്ചു. അപ്പോഴേക്കും സാറോളിമിഷനിൽ സ്ഥിരമായി താമസിക്കുന്ന അരഡസൻ ബ്രദേഴ്സ് ഉണ്ടായിരുന്നു. ഇവർ മറ്റു പല കേന്ദ്രങ്ങളിലും പണിയെടുത്തിരുന്നു. സാറോളി മിഷന്റെ ചെലവ് പൂർണ്ണ മായും വഹിച്ചത് ബ്രദേഴ്സിന്റെ കോൺഗ്രിഗേഷൻ ആയിരുന്നു. കൂടാരങ്ങളു മായുള്ള യാത്രകൾ (ടൂറുകൾ), ആഘോഷപൂർവ്വം ജ്ഞാനസ്നാനം നല്കൽ, ഗ്രാമീണ വിദ്യാലയങ്ങൾ, ഉപദേശികളെ പരിശീലിപ്പിക്കുന്ന കേന്ദ്രങ്ങൾ, മിഷന്റെ അനാഥാലയങ്ങൾ മുതലായവ ബ്രദേഴ്സിന്റെ ചുമതലയിൽ നടത്തപ്പെട്ടു. കൂടാതെ ഗിരിവർഗ്ഗക്കാരുടെ തനതായ കലാരൂപങ്ങൾ, പ്രത്യേകിച്ചും അവരുടെ നൃത്തവും സംഗീതവും നിലനിർത്താൻ ആവശ്യമായതു ബ്രദേഴ്സ് ചെയ്തു.

1925 ആയപ്പോഴേയ്ക്കും സാറോളി മിഷനിൽ ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ എണ്ണം ആയിരത്തിൽ കവിഞ്ഞു. രണ്ടായിരത്തി

ലധികം പേർ വിശ്വാസം സ്വീകരിക്കുന്നതിന് മുന്നോടിയായി മതബോധനം സ്വീകരിക്കാനുണ്ടായിരുന്നു. 1925–ൽ എക്സാമിനർ സാരോളി മിഷനെപ്പറ്റി പുറപ്പെടുവിച്ച റിപ്പോർട്ടിൽ പറയുന്നത് കൂടുതൽ മിഷനറിമാർ രംഗത്തു ണ്ടായിരുന്നെങ്കിൽ ഇതിലും കൂടുതൽ നേട്ടങ്ങൾ ഉണ്ടാകുമായിരുന്നു എന്നാണ് ബ്രദർ സെബാസ്റ്റ്യൻ മുള്ളർ പറയുന്നത്. 1927 ആയപ്പോഴേയ്ക്കും വിശ്വാസം സ്വീകരിച്ചവരുടെ എണ്ണം 2180 ആയി, 2000–ൽ അധികംപേർ വിശ്വാസം സ്വീകരിക്കുന്നതിനുള്ള ഒരുക്കമായി ബ്രദേഴ്സിൽ നിന്ന് മതബോധനം നേടുന്നു എന്നാണ്. ഗിരിവർഗ്ഗക്കാരുടെ അൻപതിലധികം ഗ്രാമങ്ങളും കുടിൽകൂട്ടങ്ങളും തങ്ങളുടെ മിഷൻടൂറുകളിൽ ബ്രദേഴ്സ് സന്ദർശിച്ചിരുന്നു.

ബ്രദേഴ്സ് ഈ മിഷൻ രംഗത്തുനിന്ന് പിന്മാറിയശേഷമുള്ള സാറോളി മിഷന്റെ ഒരു ലഘു ചരിത്രം ഫാ. ഗോമസ് എച്ച്. രചിച്ചു. ആദ്യമായി ഇവിടെ മിഷൻ പ്രവർത്തനത്തിന് എത്തിയ അവർക്ക് നേരിടേണ്ടി വന്ന ബുദ്ധിമുട്ടുകളെപ്പറ്റി ഫാ. ഗോമസ് എഴുതി:

സറോളി മിഷനിൽ നിന്നു പത്തുമൈൽ അകലെയാണ് പുനാത്ത് ഗ്രാമം, തൽസാറി പന്ത്രണ്ടുമൈൽ അകലെയും സറോളിയിൽ നിന്ന് ഡാമൻഗാവോമിലേക്കും സിഡ്നിയിലേക്കും ഇതിലും കൂടുതൽ ദൂരമുണ്ട്. അന്ന് ആ പ്രദേശത്തു റോഡുകളോ ബസ്സുകളോ ഉണ്ടായിരുന്നില്ല. ഗ്രാമങ്ങളിൽ കിണറുകൾ ഉണ്ടായിരുന്നില്ല; ജനങ്ങൾക്ക് ദേവാലയങ്ങളും കപ്പേളകളും ഇല്ലായിരുന്നു. താമസിക്കാൻ മിഷൻ ഭവനങ്ങൾ ഇല്ലായിരുന്നു. എങ്ങും മലേറിയ പടർന്നുപിടിച്ചിരുന്നു. കോളറയും ടൈഫോയിഡും സാധാരണ മായിരുന്നു. അവിടെ കൊള്ളക്കാരാണ് ഭരണം നടത്തിയിരുന്നത്. ദിവ്യ ബലികൾ അർപ്പിക്കാനോ കൂദാശകൾ പരികർമ്മം ചെയ്യാനോ വൈദികർ ഇല്ലായിരുന്നു. ഇക്കാര്യങ്ങൾ ശരിക്കും മനസ്സിലാക്കുമ്പോഴാണ് സാറോളി മിഷൻ ബ്രദേഴ്സ് നടത്തിയ സേവനം എത്ര വലുതായിരുന്നു എന്നു നാം തിരിച്ചറിയുക, അവരോട് എത്രമാത്രം നന്ദി കാട്ടണം എന്ന് ബോധ്യമാകുക.

### 1.4 ബ്രദേഴ്സ് സറോളി മിഷൻ വിട്ടുപോകുന്നു

ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് സറോളി മിഷനിലെ ഗിരിവർഗ്ഗ ക്കാരുടെ ഇടയിൽ ശ്രദ്ധേയമായ നേട്ടങ്ങളുണ്ടാക്കി. ആരോഗ്യകരമായ വികസനത്തിന് അടിത്തറ ഇടുകയും ചെയ്തു. എന്നാൽ അവരുടെ പിൻഗാമികളായി വന്നവർ ബ്രദേഴ്സ് ചെയ്ത

ജോലികളെ അഭിനന്ദിക്കുക അല്ല മറിച്ച് വിമർശിക്കുകയാണ് ചെയ്തത്. ആളുകൾക്ക് ധൃതിയിൽ വേണ്ടത്ര ഒരുക്കാതെ ജ്ഞാനസ്നാനം നല്കി; ചിലപ്പോൽ വേണ്ടത്ര അധികാരപ്പെടുത്ത ലില്ലാതെ അവർ ജാഞാനസ്നാനം നല്കി. ഇതൊക്കെയായിരുന്നു വിമർശനത്തിനാധാരം. വിമർശനം എന്തും ആയിക്കൊള്ളട്ടെ, പുറജാതിക്കാരുടെ ഇടയിൽ സമർപ്പണബോധത്തോടെ പണിയെടു ത്താൽ എന്തു നേട്ടങ്ങൾ ഉണ്ടാക്കാം എന്ന് അവർ ഡാമനിലെ രൂപതാ വൈദികർക്ക് കാണിച്ചുകൊടുത്തു. സമർപ്പണബോധം, ആത്മാക്കൾക്കു വേണ്ടിയുള്ള തീക്ഷ്ണത തികച്ചും പ്രായോഗികമായ സമീപനം ഇതായിരുന്നു ബ്രദേഴ്സിന്റെ പ്രവർത്തനത്തിന്റെ മുഖമുദ്ര.

1928–ൽ പദ്രോവാദോ രൂപതയായ ഡാമൻ നിർത്തലാക്കി. അതിന്റെ മിക്കവാറും ഭാഗങ്ങൽ ബോംബെ അതിരൂപതയിൽ ഉൾപ്പെടുത്തി. അങ്ങനെ സറോളി മിഷനും ആ അതിരൂപതയുടെ കീഴിലായി. ബോംബെ ബിഷപ്പായ ഡി ലീമ സറോളിമിഷൻസ് സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിന്റെ പ്രവർത്തന ങ്ങൾക്കു നിയന്ത്രണം ഏർപ്പെടുത്തുന്നവ ആയിരുന്നു, ഈ നിർദ്ദേശങ്ങൾ. ഡാമൻ രൂപത ബ്രദേഴ്സിന് ധാരാളം പ്രവർത്തനസ്വാതന്ത്ര്യം അനുവദി ച്ചിരുന്നു. ഈ സാഹചര്യത്തിൽ ബ്രദേഴ്സും പുതുതായി വന്ന വൈദികരും തമ്മിൽ പരസ്പരം സ്വരച്ചേർച്ച ഇല്ലാതായി. ബോംബെ അതിരൂപത മിഷൻ പ്രവർത്തനത്തിന് നിയോഗിച്ച വൈദികർക്കു ഒരു ഗ്രാമീണമിഷനിലെ പ്രാരബ്ധങ്ങൾ ദുസ്സഹമായി തോന്നി. ഗ്രാമങ്ങൾ തോറും സഞ്ചരിച്ചിരുന്ന ബ്രദേഴ്സിന്റെ ശൈലി സ്വീകാര്യമായില്ല. ബ്രദേഴ്സിന്റെ പ്രവർത്തന സ്വാതന്ത്ര്യം പരിമിതപ്പെടുത്താൻ തുടങ്ങി. ബ്രദേഴ്സ് ഗ്രാമങ്ങളിൽ വേദോപദേശം നല്കുന്നവർ മാത്രമായി മാറുന്നത് സുപ്പീര്യർ ജനറൽ ബ്രദർ പൗലുസ് മോറിറ്റ്സിന് സ്വീകാര്യമായിരുന്നില്ല. സറോളി മിഷനിൽ ജസ്വിറ്റ് വൈദികർ എത്തിയതോടെ ബ്രദേഴ്സിന്റെ മേൽ കൂടുതൽ നിയന്ത്രണങ്ങൾ വന്നു. സറോളി മിഷനിൽ രണ്ടു കേന്ദ്രങ്ങൾ മാത്രം നിലിർത്തിക്കൊണ്ട് 1930–ൽ ബ്ര. പൗലുസ് മറ്റു ബ്രദേഴ്സിനെ മിഷനിൽ നിന്നു പിൻവലിച്ചു. ഇങ്ങനെ നിലനിർത്തിയ കേന്ദ്രങ്ങൾ ജാബ് ചേരിയും ഗൻഗൻഗാവും ആയിരുന്നു. ജാബ്ചേരിയിൽ ബ്രദേഴ്സിന് പുതുതാതയി കത്തോലിക്കരായവർക്കുവേണ്ടി ഒരു കാർഷിക പുനരധിവാസ കോളനി ഉണ്ടായിരുന്നു. 70 ഏക്കർ സ്ഥലത്തായിരുന്നു കോളനി 1947

വരെ ബ്രദേഴ്സ് ഇവിടെ ഉണ്ടായിരുന്നു. പിന്നീട് ബ്ര. റമീജിയസ് യുങ് എന്നൊരു സ്വിസ് പൗരനെ ഇവിടെ മിഷൻ ഗാർഡിയൻ ആയി നിയോഗിച്ചിരുന്നു.

ബ്രദേഴ്സ് ഇവിടെ തുടങ്ങിയ സറോളി മിഷനെക്കാൾ മെച്ചപ്പെട്ടത് എന്ന് പറയാവുന്നത് അവർ തന്നെ നടത്തിയിരുന്നതും ഒരു കാലത്തു വളരെ വികസിതവുമായിരുന്ന നിമാർ മിഷൻ മാത്രമായിരുന്നു. നാഗ്പൂർ രൂപതയിലെ മിഷനിലുണ്ടായ നഷ്ടം നികത്തുവാൻ ആകുന്നത്ര ആളും അർത്ഥവും അവർ സറോളി മിഷനിൽ ചെലവഴിച്ചിരിക്കാം. ലളിതമായ സമീപനവും കഠിനമായ അദ്ധ്വാനവും വഴി പുറജാതിക്കാരുടെ ഇടയിൽ വളരെ ഫലപ്രദമായി പ്രവർത്തിക്കാനാകും എന്ന് സറോളിമിഷൻസ് ഒരിക്കൽ കൂടി തെളിയിച്ചു.

### 2.1 ഫ്രാൻസിസ്കൻ ബ്രദേഴ്സിന്റെ ബ്രോച്ച് മിഷൻ

ഗുജറാത്തിലെ നെർബുഡ നദിയുടെ വടക്കേ കരയിലുള്ള ഒരു പുരാതന തുറമുഖമാണ് ബ്രോച്ച്. സൂററ്റിൽ നിന്നു ഏകദേശം നാല്പതു മൈൽ അകലെയാണ് ഇത് സ്ഥിതി ചെയ്യുന്നത്. ബോംബെയിൽ നിന്ന് 190 മൈൽ വടക്കാണ് ഈ തുറമുഖം. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വടക്കു പടിഞ്ഞാറൻ ഭാഗത്ത് നാടുകടത്തപ്പെട്ട ബ്ര. മൈക്കൾ ബക്കർ 1922-ൽ മടങ്ങി എത്തിയ ഉടൻ ബോംബെ ആർച്ചുബിഷപ്പ് ആൽബൻ ഗുഡിയറുടെ ക്ഷണം സ്വീകരിച്ച് ബ്രോഞ്ചൽ പുറജാതിക്കാർക്കായി ഒരു മിഷൻ തുടങ്ങി. പാദ്രൊവാദോ രൂപതയായ ഡാമനിൽ സറോളിമിഷനിൽ ഫ്രാൻസിസ്കൻ ബ്രദേഴ്സ് നേടിയ നല്ല വികസം കണ്ടിട്ടാകണം ആർച്ചുബിഷപ്പ് അവരെ ക്ഷണിച്ചത്. 1923 ഏപ്രിലിൽ ബ്ര. മൈക്കൾ ബക്കർ ഈ മിഷൻ ആരംഭിച്ചു. ബ്രോച്ചിലും പരിസരപ്രദേശങ്ങളിലും ധാരാളമായി കുടിയേറി പാർത്തിരുന്ന ഭിൽ എന്ന ഗോത്രവർഗ്ഗക്കാരെ ലക്ഷ്യമാക്കിയുള്ളതായിരുന്നു ഈ മിഷൻ. ആ വർഷം തന്നെ ആഗസ്റ്റ് ആയപ്പോഴേയ്ക്കും ബ്രദർ അഗസ്റ്റിൻ ബ്രദർ ബക്കർക്കൊപ്പം ചേർന്നു. ആദ്യം അവർ നെർബുഡ നദിക്കടുത്ത് ഒരു വീട് വാടകയ്ക്കെടുത്തു ആ പ്രദേശത്ത് ഒരു സർവേ നടത്തി. ഭിൽ വർഗ്ഗത്തിൽപ്പെട്ട 20,000 ആളുകൾ ആ പ്രദേശത്തുണ്ട് എന്ന് മനസ്സിലായി. ഫാ. പി.എ. ഫെർണാണ്ടസിനെ ബ്രദേഴ്സിനെ സഹായിയ്ക്കാൻ മിഷൻ വൈദികനായി നിയമിച്ചു. ഭിൽ വർഗ്ഗക്കാരെ സുവിശേഷം സ്വീകരിയ്ക്കുന്നതിന് ഒരുക്കുക ഇതിനായിരുന്നു മുൻഗണന. അതുപോലെ തന്നെ, ബ്രോച്ചിലെ

തുണിമില്ലുകലിൽ പണിയെടുക്കാനെത്തിയ ഗുജറാത്തിൽ നിന്നുള്ള കുടിയേറ്റക്കാരായ ക്രൈസ്തവർക്ക് ശുശ്രൂഷ ലഭ്യമാക്കുന്നതും.

1924 മാർച്ചിൽ ഒരു ഫാ. കോർഡോയെ ബ്രദേഴ്സിന്റെ സ്ഥിരം മിഷൻ വൈദികനായി നിയമിച്ചു. ആ വർഷം തന്നെ ഗുജറാത്തിൽ നിന്നുള്ള ചിതറിക്കിടക്കുന്ന 'ധേർ' വർഗ്ഗക്കാരെ സംഘടിപ്പിച്ച് ഒരു സമൂഹമാക്കി (ജസ്വിറ്റ്സിന്റെ ആനന്ദ് മിഷൻ). തുടക്കം മുതലേ ബ്രദേഴ്സ് ധാരാളം ഗ്രാമങ്ങൾ സന്ദർശിച്ചുതുടങ്ങി. ഇവയിൽ നിന്നു പതിനഞ്ചെണ്ണം തെരഞ്ഞെടുത്ത് അവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഈ ഗ്രാമങ്ങളിലേക്കുള്ള ദൂരം പത്തു മുതൽ ഇരുപതു വരെ മൈൽ ആയിരുന്നു. ബ്രദേഴ്സ് പതിവായി ഭിൽ ഗ്രാമങ്ങൾ സന്ദർശിച്ച്, വിശ്വാസം സ്വീകരിക്കാൻ പോകുന്നവർക്ക് മതബോധനം നല്കിയിരുന്നു. ഈ വർഗ്ഗക്കാരുടെ പുരോഗതിയ്ക്കായി ഗ്രാമീണ വിദ്യാലയങ്ങൾ തുറന്നു. പാവപ്പെട്ടവർക്ക് വൈദ്യസഹായമെത്തിക്കാൻ ഡിസ്പെൻസറികളും തുടങ്ങി. 1925 ഒക്ടോബറിൽ ബ്ര. മൈക്കളിലനെ മൗണ്ട് പോയിൻസർലേയ്ക്ക് വിളിച്ചു. ബാംഗ്ളൂരിലെ ആംഗ്ലോ-ഇന്ത്യൻ ബാലന്മാർക്കായുള്ള ഓർഫനേജിന്റെയും സ്കൂളിന്റെയും ചുമതല ഏല്പിക്കാനായിരുന്നു ഇത്. ബ്രോച്ചിൽ ചുമതല ഏൽക്കാൻ ബ്ര. മാത്യു പെരെയ്രയെ അറിയിച്ചു. ഇതിനുശേഷം വലിയ പുരോഗതി ഒന്നും ഉണ്ടായില്ല. ബ്രദേഴ്സിന് സൗകര്യമായി താമസിക്കാൻ ഒരു വീടും പറമ്പും ഇല്ലായിരുന്നു. ഇതും അവരുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. മാത്രമല്ല ഒരു വൈദികനെ ഏല്പിക്കത്തക്കവിധം മിഷൻ പുരോഗമിച്ചു കഴിഞ്ഞിരുന്നു. അതുകൊണ്ട് 1927-ൽ കോൺഗ്രിഗേഷൻ ബ്രോച്ചിൽ നിന്ന് അതിന്റെ അംഗങ്ങളെ പിൻവലിച്ചു. മിഷൻ ഫാ. കോർഡിന്റെ ചുമതലയായി. അപ്പോഴേയ്ക്കും ബ്രോച്ചു മിഷന്റെ ജ്ഞാനസ്നാന രജിസ്റ്ററിൽ 373 പേരുകൾ ചേർത്തുകഴിഞ്ഞിരുന്നു. വിശ്വാസം സ്വീകരിക്കാൻ ധാരാളം പേർക്ക് മതബോധനം നല്കുകയും ചെയ്തിരുന്നു.

## 2.2 മൗണ്ട് പോയ്ൻസൂറിലെ വികസന പ്രവർത്തനങ്ങൾ

തടങ്കൽ പാളയത്തിൽ നിന്ന് പുറത്തുവന്ന ബ്ര. പൗലുസ് മോറിറ്റ്സ് സ്ഥിരതാമസം മൗണ്ട് പോയ്ൻസറിൽ ആക്കി. അതോടെ ആ സ്ഥലത്തിന്റെ പ്രാധാന്യം വർദ്ധിച്ചു. അങ്ങനെ മൗണ്ട് പോയ്ൻസർ കോൺഗ്രിഗേഷന്റെ അനൗദ്യോഗിക മാതൃഭവനം ആയി. കോൺഗ്രിഗേഷന്റെ പോസ്റ്റിലൻസിയും നൊവിഷ്യേറ്റും ഇവിടെ തന്നെ ആയിരുന്നു. ബ്ര. നിക്കൊളാസ് ഹോഹൻ ആയിരുന്നു ഈ

ഭവനത്തിന്റെ ചാർജ്ജ് വഹിച്ചത്. 1922 ജനുവരിയിൽ കോൺഗ്രിഗേഷന്റെ വിവിധ മിഷനുകളിൽ നിന്ന് ബ്രദേഴ്സ് വാർഷിക ധ്യാനത്തിനായി ഇവിടെ ഒത്തുകൂടി. ഈ അവസരത്തിൽ രണ്ട് ഇന്ത്യൻ ബ്രദേഴ്സ് ആദ്യ വ്രതവാഗ്ദാനം നടത്തി; ആറുപേർ വ്രതവാഗ്ദാനം പുതുക്കി. 1923-ലെ വാർഷികധ്യാനം പ്രസംഗിച്ചത് ഫാദർ ഓസ്വാൾഡ് സ്റ്റൈൻഫോർത്ത് എ.എഫ്.എം., കപ്പൂച്ചിൻ ആയിരുന്നു. ഈ ധ്യാനത്തിനിടെ മൂന്നു അതിർത്തികൾ ബ്രദേഴ്സിന്റെ കമ്മ്യൂണിറ്റിയിൽ ചേർന്നു.

### 2.3 അലഹബാദ് രൂപതയിൽ പുറജാതിക്കാരുടെ ഇടയിൽ മിഷൻ പ്രവർത്തനം

വേണ്ടത്ര ബ്രദേഴ്സ് ഇല്ലാതിരുന്നിട്ടും 1923-ൽ അലഹബാദിന്റെ കപ്പൂച്ചിൻ ബിഷപ് മോൺ. ആഞ്ചെലോ പോളിയുടെ അഭ്യർത്ഥന മാനിച്ച് ബ്രദർ പൗലുസ് മോറിറ്റസ് പുറജാതിക്കാരുടെ ഇടയിൽ ഒരു മിഷൻ ആരംഭിയ്ക്കുന്നതിനായി ഏതാനും ബ്രദേഴ്സിനെ ആ രൂപതയിലേയ്ക്ക് അയച്ചു. ഈ അവസാനത്തെ മിഷൻ സ്ഥാപിച്ചതും പവിത്രനദിയായ ഗംഗയുടെ തീരത്ത് 'ചുനാർ' എന്ന സ്ഥലത്തായിരുന്നു. 1923 സെപ്റ്റംബറിൽ ബ്ര. നിക്കൊളാസ് ഹോഹൻ സ്ഥലത്തെത്തി പ്രാരംഭ നടപടികൾ തുടങ്ങി. പിന്നീട് ഈ മിഷനുമായി ബന്ധപ്പെടുത്തി ബ്ര. ഫിലിപ്പ് ഷ്രൈബറുടെ പേരും കാണുന്നുണ്ട്. ഈ മിഷൻ സംബന്ധിച്ച് അധികം രേഖകൾ വ്യക്തമല്ല. ഒരു കാര്യം വ്യക്തം. ഈ മിഷൻ ഏറെ നാൾ നിലനിന്നില്ല. 1927 ഫെബ്രുവരിയിൽ CMSFമായി ചരിത്രപരമായ ബന്ധമുണ്ടായിരുന്ന 'മിഷനറി സൊസൈറ്റി ഓഫ് ദ ക്വീൻ ഓഫ് ദി അപ്പോസൽസ്' (SRA) അവരുടെ ആദ്യസംഘം മിഷനറിമാരെ ചുനാർ മിഷനിലേക്കയച്ചു. ഉടനെ തന്നെ ഇതുമായി ബന്ധപ്പെട്ട കൂടുതൽ പരാമർശമുണ്ടാകും.

### 3.1 മൗണ്ട് പോയ്ൻസറിൽ തെരഞ്ഞെടുപ്പ്

ഒന്നാം ലോകമഹായുദ്ധകാലത്ത് അനുഭവപ്പെട്ട പരാധീനതകൾക്കുശേഷം സാവകാശം ഉറച്ച കാൽവയ്പ്പോടുകൂടി കോൺഗ്രിഗേഷൻ പുതിയ ഒരു തുടക്കം കുറിച്ചു. ഒരു കേന്ദ്രീകൃത ഭരണസംവിധാനം അതിന് ആവശ്യമായിരുന്നു. തലപ്പത്ത് ആരായിരിക്കണം എന്നതു സംബന്ധിച്ചു ആർക്കും സംശയം ഉണ്ടായിരുന്നില്ല. ചൈതന്യം നിറഞ്ഞ ബ്ര. പൗലുസ് മോറിറ്റസിനെ അല്ലാതെ ആരെയും ആ ചുമതല ഏല്പിക്കാൻ ആലോ ചിച്ചില്ല. നാലു കൗൺസിലർമാരെ തെരഞ്ഞെടുത്തു എന്നതിന് ഒരു രേഖ നമുക്കു

ലഭിച്ചിട്ടുണ്ട്. ഈ തെരഞ്ഞെടുപ്പ് നടന്നത് 1924-ൽ ബ്രദേഴ്സ് വാർഷിക ധ്യാനത്തിന് പോയിൻസറിൽ എത്തിയപ്പോഴാണ്. നിത്യവ്രത വാഗ്ദാനം നടത്തിയ എല്ലാ ബ്രദേഴ്സിനും വോട്ടവകാശം ഉണ്ടായിരുന്നു. കോൺഗ്രിഗേഷന്റെ ഭൂമിശാസ്ത്രപരമായ വ്യത്യസ്തമേഖലകളെ പ്രതിനിധീകരിക്കാനാണ് കൗൺസിലർമാരെ തെരഞ്ഞെടുത്തത്. താഴെ പറയുന്നവരാണ് ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടത്.

ബ്രദർ മൈക്കൽ ബക്കർ, ബോംബെ അതിരൂപതയിലെ മിഷന്റെ പ്രതിനിധി;

ബ്രദർ ക്ലമന്റ് ക്രീഗ്, യൂറോപ്പിനെ പ്രതിനിധീകരിച്ചു.

ബ്രദർ ഫിലിപ്പ് ഷ്രൈബർ, പുതുതായി തുറന്ന ചുനാർ മിഷന്റെ പ്രതിനിധി;

ബ്രദർ സെബാസ്റ്റ്യൻ മുള്ളർ, സറോളി മിഷന്റെ പ്രതിനിധി;

ആ ധ്യാനത്തിനിടയ്ക്ക് പോയ്ൻസറിലെ ഒരു നോവിസ് വ്രതവാഗ്ദാനം നടത്തി. രണ്ടു പോസ്റ്റ്ലന്റ്സ് സഭാവസ്ത്രം സ്വീകരിച്ചു നോവിസുകളായി.

### 3.2. സീറോ-മലബാർ സഭയിൽ നിന്ന് ആദ്യത്തെ രണ്ട് ബ്രദേഴ്സ്

1924 മാർച്ച് 19-ാം തീയതി, വിശുദ്ധ യൗസേപ്പിന്റെ തിരുനാൾ ദിവസം, ഒരു സുപ്രധാന സംഭവം നടന്നു. ശ്രേയസ്കരമായ ഭാവി വാഗ്ദാനം ചെയ്യുന്ന ഒരു സംഭവം പോയ്ൻസറിലെ ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിന്റെ സമൂഹത്തിന് വളരെ സന്തോഷപ്രദമായ ഒരു സംഭവം. അമലോത്ഭവ മാതാവിന്റെ ഇടവക പള്ളിയിൽ ഡാമന്റെ ആർച്ചുബിഷപ് ഡോ. സെബാസ്റ്റ്യൻ പെരെയ്ര വി. ഫ്രാൻസിസിന്റെ മൂന്നാം സഭയുടെ പ്രായശ്ചിത്തത്തിന്റെ (penance) സഭാവസ്ത്രം സീറോമലബാർ സഭയുടെ രണ്ടംഗങ്ങൾക്ക് നല്കി. മലബാറിൽ നിന്ന് ആദ്യമായി മിഷനറി ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസിയുടെ സന്യാസ സഭയിൽ ചേർന്നുള്ളവരായിരുന്നു. മി. മാത്യു കണ്ണത്തു, മി. ഫ്രാൻസിസ് പൂപാടി. അവർക്കു യഥാക്രമം സഭയിൽ ഏലിയാസ്, എഫ്രേം എന്ന പേരുകൾ നല്കപ്പെട്ടു. വാർഷിക ധ്യാനത്തിന് മൗണ്ട് പോയിൻസറിൽ എത്തിയിരുന്ന ഒരു വലിയ സംഘം ഫ്രാൻസിസ്കൻ ബ്രദേഴ്സ് അവരെ സ്വീകരിച്ചു. ഈ നോവിസുകൾ രണ്ടുപേരും മലബാറിലെ തൃശൂർ രൂപതയിലെ മണലൂർ ഇടവകയിൽ നിന്നായിരുന്നു. അപ്പോൾ തൊട്ട് സീറോ മലബാർ സഭയിൽ നല്ല ദൈവവിളികൾ ഉണ്ടായി. പരമ്പരാഗതമായി

ഭക്തിയുള്ളവരും ദൈവത്തെ ഭയപ്പെടുന്നവരുമാണ് സീറോ മലബാർ സഭാംഗങ്ങളായ വിശ്വാസികൾ.

### 3.3 പോൺഡൂർ - ദക്ഷിണേന്ത്യയിലെ ആദ്യത്തെ കോൺഗ്രിഗേഷന്റെ ആദ്യത്തെ മിഷൻ

ദക്ഷിണേന്ത്യയിൽ നിന്നു ധാരാളം യുവാക്കൾ സഭയിൽ ചേർന്നപ്പോൾ ഉപഭൂഖണ്ഡത്തിന്റെ തെക്കു ഭാഗത്ത് മിഷൻ ആരംഭിക്കാൻ ബ്ര. പൗലുസ് മോറിറ്റസ് ധൈര്യപ്പെട്ടു. പദ്രോവാദോ രൂപതയായ മൈലാപ്പൂരിൽ നിന്ന് ഒരു ക്ഷണം കിട്ടിക്കഴിഞ്ഞിരുന്നു. 1925-ൽ മാത്രമേ സഭയ്ക്കു ഈ ക്ഷണം സ്വീകരിക്കാൻ കഴിഞ്ഞുള്ളൂ. മദ്രാസ് പ്രസിഡൻസിയിൽ മദ്രാസിനടുത്തുള്ള ചെങ്കൽപേട്ട ജില്ലയിൽ പോൺഡുർ എന്ന സ്ഥലം ആദ്യത്തെ മിഷൻ സ്ഥാപിയ്ക്കുന്നതിനു വേണ്ടി തെരഞ്ഞെടുത്തു. 1928 ആയപ്പോഴേയ്ക്കും ആദി ദ്രാവിഡരുടെ ഇടയിലുള്ള ഈ മിഷൻ 800 പേർക്ക് ജ്ഞാനസ്നാനം നല്കി. വേറെ 1200 പേർ ക്രിസ്തുമതം സ്വീകരിയ്ക്കുന്നതിനുള്ള ഒരുക്കത്തിലായിരുന്നു. അപ്പോഴേയ്ക്കും ബ്രദേഴ്സ് തങ്ങളുടെ പ്രവർത്തനങ്ങൾ പോൺഡൂരിലും പരിസരത്തുമുള്ള പതിനേഴു ഗ്രാമങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിരുന്നു.

### 3.4 ചരിത്രപ്രാധാന്യമുള്ള ബാസിൻ ഫോർട്ടിൽ അനാഥശാലയുടെ ഒരു ശാഖ സ്ഥാപിക്കുന്നു

1926-ൽ പദ്രോവാദോ രൂപതയായ ഡാമനിൽ ഒരു കേന്ദ്രം കൂടി കോൺഗ്രിഗേഷൻ തുറന്നു. ആ വർഷത്തെ കാലവർഷം ആയപ്പോൾ ബ്രിട്ടീഷ് ഗവൺമെന്റ് ഈ പുരാതന പോർച്ചുഗീസ് കോട്ടയിൽ ഡാമൻ രൂപതയ്ക്ക് ഒരു വസ്തു നല്കി. 1730-ൽ മറാത്തക്കാർ നശിപ്പിച്ചതാണ് ഈ കോട്ട. കോട്ടയിൽ ഒരു ബംഗ്ലാവും ഏതാനും ചെറുഗൃഹങ്ങളും ഉണ്ടായിരുന്നു. ഈ വസ്തു പ്രതിവർഷം ആറുരൂപ എന്ന നാമമാത്ര വാടകയ്ക്ക് CMSFന് വിട്ടുകൊടുത്തു. ബ്ര. സെബാസ്റ്റ്യൻ മുള്ളറെ സറോളി മിഷനിൽ വച്ച് കഠിനാദ്ധ്വാനത്തിൽ നിന്ന് തത്ക്കാലം മാറ്റി ബസ്സീനിലേയ്ക്ക് അയച്ചു. അദ്ദേഹം വസ്തുവിലെ കാട് തെളിച്ച് കെട്ടിടത്തിന്റെ കേടുപാടുകൾ തീർത്തു. 1926 ഒക്ടോബർ അവസാനമായപ്പോഴേയ്ക്കും പോയിൻസറിലെ അനാഥശാലയിൽ നിന്നു കുറെ കുട്ടികളെ ബസീൽ ഫോർട്ടിലേക്ക് അയച്ചു. ഈ പുതിയ കേന്ദ്രം അനാഥശാലയുടെ ഒരു ശാഖയായി. ബസീനിലെ വസ്തു ബ്രദേഴ്സ് ഒരു മാതൃകാ ഹോർട്ടികൾച്ചറൽ ഫാം ആക്കി വികസിപ്പിച്ചു. കുട്ടികൾക്ക് വിദ്യാഭ്യാസം നല്കാൻ ഒരു സ്കൂളും ആരംഭിച്ചു.

### 3.5 മിഷനറി സൊസൈറ്റി ഓഫ് ദ ക്വീൻ ഓഫ് ദി അപോസൽസിന്റെ ആദ്യത്തെ സംഘം അംഗങ്ങൾ ഇന്ത്യയിലെത്തുന്നു

1927– ജനുവരിയിൽ അലഹബാദ് രൂപതയിൽ ഒരു സുപ്രധാന മിഷൻ സംഭവം നടന്നു. പരേതനായ ബ്രദർ ബോഡെവിഗിന്റെ സ്വപ്നം യാഥാർത്ഥ്യ മായി തുടങ്ങി. ബ്ര. പോൾസേൺടാഗ് (പിന്നീട് ഇദ്ദേഹം വൈദികനായി) സമർപ്പണബോധത്തോടും പ്രചോദനം ഉൾക്കൊണ്ടും നടത്തിയ ശ്രമങ്ങളുടെ ഫലമായി ഫാ. ബൊഡെവിഗിന്റെ അനുയായികളെ വിയന്നായിൽ മിഷനറി സൊസൈറ്റി ഓഫ് ദ ക്വീൻ ഓഫ് ദി അപോസ്റ്റൽ എന്നൊരു സമൂഹമാക്കി. 1927 ജനുവരിയിൽ ഈ സൊസൈറ്റിയിൽ നിന്ന് ആദ്യത്തെ സംഘം മിഷനറിമാരെ അലഹബാദ് രൂപതയിലേക്കു അയച്ചു. ഈ സ്ഥലത്തിൽ ഉണ്ടായിരുന്നത് അഞ്ചുപേരാണ്: ഫാ. ആന്റൺ ബാഡർ, ബ്ര. ഏണസ്റ്റ് റോസ്സം, സി. ജെറോം, സി. ഇമ്മാക്കുലാത്ത, സി. ആഞ്ചെലിക്ക. ഇവർ തങ്ങളുടെ മിഷനറി പ്രവർത്തനം ആദ്യമായി തുടങ്ങിയത് അലഹബാദ് രൂപതയുടെ മിർസപൂർ ഡിസ്ട്രിക്റ്റിൽ 'ചുനാർ' എന്ന സ്ഥലത്താണ്. കപ്പുച്ചിൻ ബിഷപ്പ് ആഞ്ചെലോ പോളിയുടെ കീഴിൽ അവർ പ്രവർത്തിച്ചു. ഇതേ മിഷൻ 1923–ൽ ഫ്രാൻസിസ്കൻ ബ്രദേഴ്സ് തുടങ്ങി വച്ചതാണ്. എന്തുകൊണ്ട് എന്നറിയില്ല, അവർ ഈ മിഷൻ ഉപേക്ഷിച്ചു പോയി. ഇപ്രകാരം രണ്ടു കോൺഗ്രിഗേഷനുകൾ നടക്കും. ബോഡെവിഗുമായുള്ള ബന്ധം ഒരിക്കൽ കൂടി പുനഃസ്ഥാപിക്കപ്പെട്ടു. അത് ചരിത്രപരമായ ഒരു സാഹചര്യത്തിൽ. ദൈവപരിപാലനയിൽ ഉണ്ടായ ഈ ബന്ധത്തിന് വേറൊരു മുഖം കൂടിയുണ്ട്. ഇന്ത്യയിൽ ആദ്യം എത്തിയ SRA ഗ്രൂപ്പിലെ രണ്ടാളുകൾ ആരാണെന്നു കണ്ടുപിടിക്കാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ട് – ഫാ. ആന്റൺ ബാഡർ, ബ്ര. ഏണസ്റ്റ് റോസ്സം. കുറെനാൾ കഴിഞ്ഞ് ഈ സൊസൈറ്റിയിലെ അംഗമായ വേറൊരു ബ്രദർകൂടി ഇന്ത്യയിൽ വന്നു. ബ്ര. ബനഡിക്റ്റ് പോസ്സെൽറ്റ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്. മൂന്നുപേരും ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് എന്ന സഭയിൽ നിന്ന് വിട്ടുപോന്നവരായിരുന്നു. അഹമ്മദ്നഗറിലെ തടങ്കൽ പാളയത്തിൽ നിന്നു നാടുകടത്തപ്പെട്ട ശേഷം അവർ CMSF വിട്ടു. അതിനുശേഷം വിയന്നയിൽ SRAയിൽ ചേർന്നു. SRAയുടെ വനിതാവിഭാഗം ഇന്ത്യയിൽ വിവിധ സ്ഥലങ്ങളിൽ പണിയെടുത്തും 1934–ൽ അവർ ഇന്ത്യയുടെ ആത്മീയ തലസ്ഥാനമായ ബെനാറസ്സിൽ അവരുടെ

ആദ്യത്തെ ഭവനം സ്ഥാപിച്ചു. അങ്ങനെ ഫാ. ആന്റണി മറി ബൊഡെവിഗിന്റെ സ്വപ്നം യാഥാർത്ഥ്യമായി. ഇന്ന് ഇന്ത്യയിൽ മാത്രം നാല്പത്തിയേഴ് കേന്ദ്രങ്ങളിൽ SRA സിസ്റ്റേഴ്സ് പണിയെടുക്കന്നുണ്ട്. ഇവയിൽ പതിനഞ്ച് കേന്ദ്രങ്ങൾ ബനാറസ്സ് രൂപതയിലാണ്.

**3.6 മൈസൂർ, കൊച്ചി എന്നീ രൂപതകളിൽ മിഷനുകൾ തുടങ്ങുന്നു**

ബാംഗ്ലൂരിലെ ആംഗ്ലോ ഇന്ത്യൻ കുട്ടികൾക്കായുള്ള അനാഥശാലയും സ്കൂളും നടത്തുന്നതിന് മൈസൂർ ബിഷപ് മോറിസ് ഡെസ്പാരൂർ MIPക്കു ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിന്റെ സേവനം ആവശ്യമായിരുന്നു. ഒരു ഉപാധിയ്ക്ക് വിധേയമായി ബ്ര. പൗലുസ് ഈ അപേക്ഷ സ്വീകരിച്ചു. കഴിയുന്നത്ര വേഗം, ഏറ്റം അടുത്ത അവസരത്തിൽ, പുറജാതികൾക്കായി രൂപതയിൽ ഒരു മിഷൻ തുടങ്ങാൻ അനുവദിക്കണം. ഇതായിരുന്നു ഉപാധി. ആദ്യത്തെ ബ്രദർ 1926–ൽ ബാംഗ്ലൂരിൽ എത്തി. ബ്രദർ മൈക്കൾബക്കർ ബ്രോച്ച് മിഷനിൽ നിന്ന് തിരിച്ചുവിളിച്ചതായിരുന്നു ഈ ബ്രദറിനെ. ദൈവപരിപാലന യിൽ കൊല്ലേഗാൽ എന്ന ഗ്രാമത്തിൽ നിന്ന് ഒരു സംഘം ആളുകൾ മൈസൂർ ബിഷപ്പിനെ സമീപിച്ച് തങ്ങളെ കത്തോലിക്കാ വിശ്വാസം പഠിപ്പിക്കുന്നതിന് ഒരു വൈദികനെ അയയ്ക്കണം എന്നഭ്യർത്ഥിച്ചു. രൂപതയിലെ ഒരു മിഷൻ സ്റ്റേഷനായ പല്ലയം എന്ന സ്ഥലത്തേക്കുള്ള യാത്രാമധ്യേയാണ് അവർ ബിഷപ്പിനെ കണ്ടത്. ഈ ജോലി അദ്ദേഹം ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിനെ ഏല്പിച്ചു. അതായിരുന്നു കൊല്ലേഗാൽ മിഷന്റെ തുടക്കം. ബ്ര. മൈക്കലും അദ്ദേഹത്തിന്റെ സഹ സന്യസ്തരും കൊല്ലേഗാൽ മിഷന്റെ കീഴിലുള്ള നിരവധി ഗ്രാമങ്ങളിൽ സുവിശേഷ സന്ദേശം എത്തിച്ചു. സിംഗനല്ലൂർ, കാനൂർ കനവുൻകോർ, ഊണിയ, മൻഘ, കോൺഗ്രഹള്ളി തുടങ്ങിയ ഗ്രാമങ്ങൾ. ഇവയിൽ മിക്കവയും ഇപ്പോൾ നല്ലപോലെ വികസിച്ച ക്രൈസ്തവ കേന്ദ്രങ്ങളാണ്. വർഷങ്ങളോളം നീണ്ടുനിന്ന കഠിനാദ്ധ്വാനം കൊണ്ട് ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് ഉണ്ടാക്കിയ നേട്ടമാണ് ഇത്.

പദ്രോവാദോ രൂപതയായ കൊച്ചി ആ രൂപതയിലെ പിന്നോക്ക വർഗ്ഗക്കാരുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിക്കാൻ ഫ്രാൻസിസ്കൻ മിഷനറീസ് എത്തണം എന്ന് ഏറെ ആഗ്രഹിച്ചിരുന്നു. പുലയസമുദാ

യക്കാരുടെ ഇടയിൽ പ്രവർത്തിച്ച് അവരെ ഉദ്ധരിക്കുക, ഇതായിരുന്നു ബ്രദേഴ്സിന്റെ നിയോഗം. 1927-ൽ ഇവരുടെ ഇടയിൽ പ്രവർത്തിക്കാൻ രണ്ടു ഫ്രാൻസിസ്കൻ ബ്രദേഴ്സിനെ അയച്ചു. ഇവരിൽ ഒരാൾ ബ്ര. എഫ്രൈം പൂപാടി ആയിരുന്നു. ആലപ്പുഴയ്ക്ക് ആറുമൈൽ വടക്ക് അവർ കലവൂർ മിഷൻ തുടങ്ങി. 1928-ൽ കുന്നുമ്മേൽ എന്ന സ്ഥലത്തു വേറൊരു മിഷൻ കൂടി തുടങ്ങി. ഇവിടെ നിന്ന് അവർ പള്ളിത്തോട്, പുന്നപ്ര, എഴുപുന്ന, കണ്ടൻകടവ്, കുമ്പളങ്ങി, ഇടക്കൊച്ചി, വണ്ടാനം എന്നീ ഗ്രാമങ്ങളിലേക്ക് തങ്ങളുടെ പ്രവർത്തനം വ്യാപിപ്പിച്ചു. 1932-നും 1934-നും ഇടയ്ക്ക് അവർ 1700 അടുപ്പിച്ച് പുലയർക്ക് ജ്ഞാനസ്നാനം നല്കി. 1932 ആയപ്പോഴേയ്ക്കും പുറക്കാട് എന്ന സ്ഥലത്ത് വേറൊരു കേന്ദ്രം തുറക്കാൻ അവർക്ക് കഴിഞ്ഞു. ഇവിടെ മതബോധനക്ലാസ്സിൽ ക്രൈസ്തവമതം സ്വീകരിക്കുന്നതിന് ഒരുങ്ങുന്ന 900 അടുപ്പിച്ച് ആളുകൾ ഉണ്ടായിരുന്നു. ബ്രദേഴ്സിന്റെ മേൽനോട്ടത്തിൽ ഏതാണ്ട് 200 കുട്ടികൾ ഗ്രാമീണ വിദ്യാലയങ്ങളിൽ ചേർന്ന് പഠിയ്ക്കുന്നുണ്ടായിരുന്നു.

### 4.1 കോൺഗ്രിഗേഷന് മാർപ്പാപ്പയുടെ അംഗീകാരം

1927-ൽ ഈ ചെറിയ കോൺഗ്രിഗേഷന്റെ ചരിത്രത്തിൽ വളരെ അർത്ഥവത്തായ ഒരു സംഭവം നടന്നു. ആ വർഷം അതിന് അതിന്റെ ഭാവിയെ സംബന്ധിച്ച എല്ലാ ഭയാശങ്കകളും ദൂരീകരിക്കപ്പെട്ടു. കത്തോലിക്കാ സഭയിൽ അതിന്റെ സ്ഥാനം എന്തായിരിക്കും എന്നത് സംബന്ധിച്ച ഭയാശങ്കൾ ആ വർഷം കാർഡിനൽ വില്യം വാൻ റോസ്സും നല്കിയ വാഗ്ദാനം നിറവേറ്റി. കോൺഗ്രിഗേഷന്റെ സുപ്പീര്യർ ജനറൽ ബ്ര. പൗലുസ് മോറിറ്റസിന് പ്രോപഗണ്ട ഫിദെയിൽ നിന്ന് ഒരു സന്ദേശം ലഭിച്ചു. പരിശുദ്ധ പിതാവ് XI-ാം പീയുസ് മാർപ്പാപ്പ CMSFനെ പ്രോപഗണ്ട ഫിദെയുടെ അധികാരപരിധിക്കുള്ളിലാക്കി 29.4.1927നാണ് ഇതു ചെയ്തത്.

### 4.2 ഗോവ എന്ന പേട്രിയാർക്കൽ രൂപത ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിനെ സ്വാഗതം ചെയ്യുന്നു

മാർപ്പാപ്പയുടെ അംഗീകാരം ലഭിക്കുന്ന കാലയളവിൽ കോൺഗ്രിഗേഷൻ ഏറ്റെടുത്ത അവസാനത്തെ മിഷനറി സംരംഭങ്ങളിൽ ഒന്ന് പുരാതനവും ചരിത്രപ്രസിദ്ധമായ ഗോവ രൂപതയിൽ ആയിരുന്നു. ആഞ്ജനയിലെ ഫാ. ഫൗസ്റ്റിൻ ഡി'സൂസ ബ്രദേഴ്സ് ആ അതിരൂപ

തയിലേയ്ക്കു ക്ഷണിച്ചു. ബാർഡെസ ഡിസ്ട്രിക്ടിൽ ഡൂളർ എന്ന സ്ഥലത്തു പാവപ്പെട്ട കുട്ടികൾക്കുവേണ്ടി ഒരു അനാഥാലയവും സ്കൂളും തുടങ്ങാനാണ് അവരെ ക്ഷണിച്ചത്. ഈ സംരംഭത്തിന് ആദ്യമായി സ്ഥലത്തെത്തിയത് ബ്രെ. മാത്യു പെരേയ്രയും ബ്രെ. ബെർണർ ഡീൻ ഡിസൂസയും ആയിരുന്നു. 1928 ഒക്ടോബർ 15-താം തീയതി ഇവർ ഡൂളറിൽ എത്തി. 1910 ഒക്ടോബർ 3-ലെ വിപ്ലവത്തിനു ശേഷം എല്ലാ സന്യാസ സഭകളും പോർച്ചുഗലിൽ നിന്നും അതിന്റെ കോളനികളിൽ നിന്നു പുറത്താക്കിയിരുന്നു. ഇതിനുശേഷം ഗോവയിലേയ്ക്ക് മടങ്ങി എത്തിയ പുരുഷന്മാരുടെ ആദ്യത്തെ സന്യാസസഭ CMSF സഭ ആയിരുന്നു.

**4.3 പാർദ്രാവാദോയുടെ അവകാശങ്ങൾ എടുത്തുകളയുന്നു; ഇത് CMSFനെ എപ്രകാരം ബാധിച്ചു എന്നത്**

പോർച്ചുഗലിനെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചതും അവിടെ നിന്ന് മാനുവൽ രാജാവ് ഇംഗ്ലണ്ടിലേക്ക് പലായനം ചെയ്തതും പദ്രൊവാദോക്ക് രാജാവ് നല്കിയിരുന്ന പ്രോത്സാഹനത്തെ നല്ല രീതിയിൽ സ്വാധീനിച്ചു. പുതിയ റിപ്പബ്ലിക്കിന്റെ തലവനായ തിയോഫിലസ് ബ്രാഗ രാഷ്ട്രവും തിരുസഭയും തമ്മിലുള്ള ബന്ധം വിച്ഛേദിച്ചു. ഇതിന്റെ ഫലമായി രാഷ്ട്രം പാദ്രോവാദയ്ക്ക് നല്കിയിരുന്ന പ്രോത്സാഹനവും അവസാനിച്ചു. എങ്കിലും പോർച്ചുഗലിന്റെ പുതിയ ഭരണാധികാരികൾ തങ്ങളുടെ പൂർവ ദേശത്തെ കോളനികളിൽ ഈ സംവിധാനം തുടരാൻ ആഗ്രഹിച്ചു. 1915-ൽ പുതിയ കാനോൻ നിയമം വന്നപ്പോൾ പാദ്രോവാദോ അവകാശത്തിൽ മാറ്റങ്ങൾ വരുത്തുക അനിവാര്യമായി. വത്തിക്കാനും പോർച്ചുഗലും കുറെ ഏറെ നയതന്ത്രചർച്ചകൾ നടത്തി. 1928 ഏപ്രിൽ 15-ൽ ഒരു ഉടമ്പടി ഉണ്ടാക്കി. അതിലൂടെ പദ്രൊവാദോ പ്രശ്നം പരിഹരിച്ചു. ഇന്ത്യയുടെ വടക്കുപടിഞ്ഞാറുള്ള ചെറിയ പോർച്ചുഗീസ് കോളനികൾ അതായത് ഡാമൻ, ഡ്യൂ തുടങ്ങിയവ ഇപ്പോൾ ഡാമൻ രൂപതയുടെ ഭാഗമായി തീരും. ഡാമൻ രൂപതയുടെ ബാക്കി ഭാഗങ്ങൾ ബോംബെ അതിരൂപതയുടെ ഭാഗമായി മാറും. ചുരുക്കത്തിൽ ഇന്ത്യയുടെ സഭാഭൂപടത്തിൽ നിന്ന് പാദ്രൊവാദോ രൂപതയായ ഡാമൻ അപ്രത്യക്ഷമായി. അതുപോലെ പാദ്രൊവാദൊ രൂപതയായ

മൈലപ്പൂർ, മദ്രാസ് അതിരൂപയിൽ ലയിപ്പിച്ചു. വിവിധ പ്രോപഗണ്ട രൂപതകളിൽ ഉണ്ടായിരുന്ന പദ്രൊവാദൊ ഇടവകകൾ അതതു രൂപതകളിൽ ലയിപ്പിച്ചു. അങ്ങനെ രണ്ടര നൂറ്റാണ്ടായി പ്രോപഗണ്ടയും പാദ്രൊവാദെയും തമ്മിൽ നിലനിന്ന അധികാരപരിധി സംബന്ധിച്ച തർക്കം ആത്യന്തികമായി അവസാനിച്ചു. ഈ ഉടമ്പടി അനുസരിച്ച് ഗോവ ആർച്ചുബിഷപ്പിന് ഈസ്റ്റ് ഇൻഡിസ് പാത്രിയാർക്കീസ് എന്ന സ്ഥാനപ്പേര് മാത്രം ലഭിയ്ക്കും. 1929 ഏപ്രിൽ 11-ാം തീയതി ഈ ഉടമ്പടിയിൽ ചില തിരുത്തലുകൾ വരുത്തി.

ബോംബെ അതിരൂപതയിലെ ബോംബെ പൂന മിഷനിൽ നിന്ന് ജർമ്മൻ മിഷനറിമാർ വിട്ടുപോയപ്പോൾ സ്പെയിനിലെ ആറഗോൺ പ്രോവിൻസിലെ ജസ്വിറ്റ്സ് ഈ മിഷൻ ഏറ്റെടുത്തു.

പാദ്രൊവാദോയുടെ അവകാശങ്ങൾ അവസാനിപ്പിച്ചതോടുകൂടി, പോർച്ചുഗലും വത്തിക്കാനും തമ്മിൽ ഉണ്ടാക്കിയ പുതിയ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ പാദ്രൊവാദോ രൂപതകളിലുണ്ടായിരുന്ന എല്ലാ CMSF മിഷനും ഇല്ലാതായി. അവയെല്ലാം സ്വയം പ്രോപഗണ്ടയുടെ കീഴിലുള്ള അതിരൂപതകളുടെ അധീനതയിലായി. ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് പാദ്രൊവാദോ ആർച്ചുബിഷപ്പ് ഡോം സെബാസ്റ്റ്യൻ പെരെയ്രയോട് വളരെ കടപ്പാടുണ്ട്. അദ്ദേഹത്തിന്റെ വികാരി ജനറൽ മോൺ. എൽ.സി. പേരയോടും രൂപതയിലും വൈദികരോടും കടപ്പാടുണ്ട്. ഇവരെല്ലാം കലവറയില്ലാതെ സഹകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തവരാണ്. മൗണ്ട് പോയ്ൻസറിലും സറോളി മിഷനിലും ഈ സഹകരണം ഉണ്ടായി. രണ്ടിടത്തും ബ്രദേഴ്സിനു വേണ്ടത്ര പ്രവർത്തന സ്വാതന്ത്ര്യം നല്കിയിരുന്നു. പ്രേഷിത പ്രവർത്തനത്തിലുള്ള അവരുടെ തീക്ഷ്ണമായ പ്രതിബദ്ധതയും വിശ്വസനീയമായി കരുതപ്പെട്ടു.

ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിനു മുമ്പ് ഈ കാലയളവിൽ മൗണ്ട് പോയ്ൻസറിൽ നിലവിലിരുന്ന സാഹചര്യം ചുരുക്കമായി വിവരിക്കേണ്ടതുണ്ട്. ആ കാലയളവിൽ അവിടുത്തെ ബ്രദേഴ്സിന്റെയും കുട്ടികളുടെയും ജീവിതം തികച്ചും ഫ്രാൻസിസ്കൻ

ആയിരുന്നു. അതാ യത്, യാതൊരു ആഡംബരവും കൂടാതെയുള്ള ജീവിതം. ബ്രദേഴ്സിന്റെ ജീവിതവും സമർപ്പണബോധവും മനസ്സിലാക്കി പ്രശംസിച്ച ഒരു സുപ്രധാന വ്യക്തിയാണ് ബോംബെയിലെ ആർച്ചുബിഷപ്പ് ആർബൻ ഗുഡിയേർ അപ്രതീക്ഷിത മായി അദ്ദേഹം മൗണ്ട് പോയ്ൻസർ സന്ദർശിച്ചു. അദ്ദേഹത്തിന്റെ അനുഭവം ഇങ്ങനെ വിവരിക്കുന്നു.

‘‘ഞങ്ങൾ അനാഥശാലയുടെ ക്ലാസ്സ്മുറികളിൽ കൂടി കയറി ഇറങ്ങി; ബ്രദേഴ്സിന്റെയും കുട്ടികളുടെയും ഭവനത്തിന്റെ മറ്റു ഭാഗങ്ങളും അവർ ഞങ്ങൾക്കു കാണിച്ചു തന്നു. നടുക്ക് ഒരു വലിയ ഹാൾ. പകൽ ഇതു ഡൈനിങ് ഹാളായി ഉപോഗിക്കുന്നു. രാത്രി ഇതൊരു കിടക്കമുറിയാണ്. ഈ സെൻട്രൽഹാളിൽ നിന്ന് ഞങ്ങൾ ബ്രദേഴ്സ് താമസിക്കുന്ന വീട്ടിലേയ്ക്ക് പോയി. അനാഥബാലകരുടേതു പോലെ തന്നെ ലളിതമായിരുന്നു അവരുടെ കിടക്കമുറിയും. ബ്രദേഴ്സ് മിക്കവരും യൂറോപ്യൻസ് ആയിരുന്നിട്ടും ഇതായിരുന്നു സ്ഥിതി. തങ്ങളുടെ സൗകര്യത്തിന് അവർക്ക് കൂടുതൽ സാധനങ്ങൾ വേണമായിരുന്നു. നടുക്ക് ഒരു ചാപ്പൽ ഉണ്ടായി രുന്നു. ആകെ ഈ ഒരു ചാപ്പലേ ഉണ്ടായിരുന്നുള്ളു. ചാപ്പൽ വളരെ വൃത്തി ആയി സൂക്ഷിച്ചിരുന്നു. ദാരിദ്ര്യം വ്യക്തമാക്കുന്ന സ്ഥലം. കടലാസു കൊണ്ടുള്ള പൂക്കൾ എല്ലായിടത്തും സ്ഥാപിച്ചിരുന്നു. ഫ്രാൻസിസ്കൻ സഭക്കാരുടെ ലളിതജീവിതം എവിടെയും പ്രകടമായിരുന്നു.

1924-ൽ ഇന്ത്യൻ ബ്രദേഴ്സിന്റെയും നോവിസ്കളുടെയും എണ്ണം യൂറോപ്യൻ അംഗങ്ങളുടേതിനേക്കാൾ വലുതായിരുന്നു. മൗണ്ട് പോയ്ൻസൂറിലെ നൊവിഷ്യറ്റിലും പോസ്റ്റുലന്റിലും ചേരാൻ കൂടുതൽ ആളുകൾ വന്നുകൊണ്ടിരുന്നു. പ്രീഫെക്റ്റും വരും തലമുറകളുടെ പരിശീലകനുമായിരുന്ന ബ്ര. നിക്കൊളാസ് ഹോഹൻ അടുത്ത തലമുറ ഫ്രാൻസിസ്കൻ ബ്രദേഴ്സിനെ സുവിശേഷത്തിന്റെയും ഫ്രാൻസിസ് അസ്സീസിയുടെയും അരൂപിയിൽ രൂപപ്പെടുത്തി. പല പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിരുന്നിട്ടും മിഷനറി ബ്രദേഴ്സിന്റെ സഭ വളർന്നു, വികസിച്ചു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ കൂടുതൽ രൂപതകളിൽ ദൈവവചനത്തിനു അവർ ശുശ്രൂഷ ചെയ്തു.

# അദ്ധ്യായം VI

## പ്രോപഗണ്ട സ്പോൺസർ ചെയ്ത ആദ്യത്തെ ജനറൽ ചാപ്റ്റർ; ചാപ്റ്ററിനു ശേഷമുള്ള കോൺഗ്രിഗേഷന്റെ വളർച്ച

1927 ഏപ്രിലിൽ കോൺഗ്രിഗേഷൻ പ്രോപഗണ്ട ഫിദെയുടെ അധികാരപരിധിയിൽ വന്നു. താമസിയാതെ അതേ റോമൻ. പ്രീഫെക്ച്ചർ ആദ്യത്തെ ജനറൽ ചാപ്റ്റർ കൂടുന്നതിനുള്ള ഒരുക്കങ്ങൾ നടത്തി. ഇന്ത്യയിലെ ഡെലഗേറ്റ അപ്പസ്റ്റോലിക്ക് വഴിയാണ് ഇതു നടത്തിയത്. ആദ്യത്തെ ഘട്ടം ചാപ്റ്ററിലേക്കുള്ള പ്രതിനിധികളെ തെരഞ്ഞെടുക്കുകയാണ്. ഇത് അപ്പോഴത്തെ സുപ്പീര്യർ ജനറൽ ബ്ര. പൗലുസ് മോറിറ്റ്സ് നടത്തി. അപ്പസ്റ്റോലിക്ക് ഡെലഗേഷന്റെ ഉപദേശം അനുസരിച്ചാണ് ഇപ്രകാരം പ്രവർത്തിച്ചത്. തന്നെ ബെൽഗാമിലെ തടങ്കൽ പാളയത്തിൽ നിന്നു മോചിപ്പിച്ച ഉടൻ ബ്ര. പൗലുസ് മോറിറ്റ്സ് മൗണ്ട് പോയിൻസറിലെത്തി അവിടെ താമസമാക്കി. അവിടെ താമസിച്ചുകൊണ്ടാണ് പ്രതിനിധി തെരഞ്ഞെടുപ്പ് നടത്തിയത്. 1930 ഡിസംബർ ആദ്യം ജനറൽ ചാപ്റ്റർ കൂടാനാണ് ആദ്യം തീരുമാനിച്ചത്.

### 1.1 ജനറൽ ചാപ്റ്ററിനുള്ള ഒരുക്കങ്ങൾ

ഇത് ഭരണഘടനാപരമായ ഒരു ചാപ്റ്റർ ആകേണ്ടതായിരുന്നു. തെരഞ്ഞെടുപ്പു നടത്തിയതു ചാപ്റ്റർ തന്നെയായിരുന്നു എങ്കിലും ചാപ്റ്ററിന്റെ സ്വഭാവം അതായിരുന്നു. ബിഷപ്പ് ഫ്രാൻസിസ് സ്റ്റീഫൻ കോപ്പൽ അംഗീകരിച്ച 1909-ലെ ഭരണഘടന ആയിരുന്നു അതുവരെ പ്രാബല്യത്തിൽ ഇരുന്നത്. അത് പുതുക്കി 1915-ലെ കാനൻ നിയമ സംഹിതക്ക് അനുരൂപമാക്കേണ്ടിയിരുന്നു. CMSFന്റെ 1909-ലെ ഭരണഘടന ലിയോ X-ാമൻ മാർപ്പാപ്പ അംഗീകരിച്ച ഫ്രാൻസിസ് ഓഫ് അസ്സീസി റഗുലർ മൂന്നാം സഭയുടെ നിയമാവലിയും 1915-നും മുമ്പ് നിലവിലിരുന്ന കാനൻ നിയമത്തിലെ വകുപ്പുകളും കൂട്ടി ചേർത്തുള്ള തായിരുന്നു. ഒരുപക്ഷേ നാഗ്പൂർ രൂപതയിലെ ഏതാനും വിദഗ്ദ്ധർ എഴുതി ഉണ്ടാക്കിയതാകാം ഈ നിയമാവലി. ഇതിന്റെ പോരായ്മകൾ ബ്ര. പൗലുസ് മോറിറ്റ്സ് മനസ്സിലാക്കിയിരുന്നിരിക്കണം. അതു കൊണ്ടാണ് അദ്ദേഹം മസ്സിയാൻകോയിൽ താമസിക്കുന്ന ബ്രദർ ക്ലെമന്റ് ക്രീഗിന് ഇപ്രകാരം എഴുതിയത്:

‘‘ബിഷപ്പ് കോപ്പെൽ അംഗീകരിച്ച നമ്മുടെ ഭരണഘടന പുതുക്കേണ്ടിയിരിക്കുന്നു. കൂടുതലായി ഏതാനും വകുപ്പുകൾ എഴുതി ചേർക്കണം. ഈ ജോലി റോമിലെ അധികാരികളെ ഏല്പിച്ചാലോ? അതോ നമ്മളെ ഇക്കാര്യത്തിൽ സഹായിക്കാൻ കഴിയുന്ന ആരെങ്കിലും കോമൊ-യിൽ പരിചയമുണ്ടോ? ഈ സുപ്രധാന പ്രശ്നത്തിൽ നമ്മുടെ സീനിയർ ബ്രദേഴ്സിന്റെ അഭിപ്രായം ആരായുന്നത് നന്നായിരിക്കും.’’

### 1.2 ജനറൽ ചാപ്റ്ററിലേക്കുള്ള പ്രതിനിധികൾ ആരെല്ലാം

കോൺഗ്രിഗേഷൻ ഓഫ് ദ മിഷനറി ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസിന്റെ (CMSFന്റെ) ആദ്യത്തെ ജനറൽ ചാപ്റ്ററിൽ പതിനാലു പ്രതിനിധികൾ ഉണ്ടായിരുന്നു. ഇവരെ തെരഞ്ഞെടുത്തത് താഴെ പറയും പ്രകാരമാണ്; കോൺഗ്രിഗേഷൻ പ്രവർത്തിച്ചിരുന്ന അഞ്ചു പ്രദേശങ്ങളെ പ്രതിനിധാനം ചെയ്യുന്ന അഞ്ചു പ്രതിനിധികൾ യൂറോപ്പും ഇതിൽ ഉൾപ്പെടും. സഭയിലെ അംഗങ്ങൾ എല്ലാവരും ചേർന്നു തിരഞ്ഞെടുക്കുന്ന മൂന്നു പ്രതിനിധികൾ; തത്സമയം സുപ്പീര്യർ ജനറൽ ആയിരിക്കുന്ന ആൾ, അയാളുടെ അസിസ്റ്റന്റ്, സുപ്പീര്യറുടെ നാലും കൗൺസിലർമാർ - ഇവർ ഔദ്യോഗിക നിലയിൽ പ്രതിനിധികളായിരിക്കും. അംഗങ്ങൾ ബാലറ്റ് പേപ്പറിൽ ഒപ്പിട്ട് അത് ബാംഗ്ലൂരിലെ അപ്പസ്റ്റോലിക്ക് ഡെലഗേറ്റിന് അയയ്ക്കണം. അദ്ദേഹം വോട്ടുകൾ ടാബുലേറ്റ് ചെയ്ത് തെരഞ്ഞെടുപ്പ് ഫലം തത്സമയത്തെ സുപ്പീര്യർ ജനറൽ വഴി അംഗങ്ങളെ അറിയിയ്ക്കുന്നു. ഭൂപ്രദേശമനുസരിച്ചുള്ള തെരഞ്ഞെടുപ്പിൽ താഴെ പറയുന്ന ബ്രദേഴ് ജനറൽ ചാപ്റ്ററിലേയ്ക്കു തെരഞ്ഞെടുക്കപ്പെടുന്നു: ബോംബെ - ബസ്സിൻ റീജിയൻ - ബ്രദർ ലെയൊണാർഡ് മാർസെൽ ആഗുലർ; ഖാൻഡ്വ-ബംഗാൾ റീജിയൻ - ബ്ര. സിറിൽ ബേൺഡെസ്; മൈലാപ്പൂർ-മൈസൂർ- കോയമ്പത്തൂർ ബ്ര. വില്യം സ്കോഡേർഫ്; അവസാനം യൂറോപ്പിന്, ബ്ര. സീനോ സ്കോൺബ്രോഡ്.

കോൺഗ്രിഗേഷനിലെ പ്രൊഫെസ്സഡ് അംഗങ്ങൾ എല്ലാവരും പങ്കെടുത്ത പൊതുതെരഞ്ഞെടുപ്പിൽ ജയിച്ചവരെല്ലാം ഇന്ത്യാക്കാരായിരുന്നു. ഇത് എല്ലാവരെയും അത്ഭുതപ്പെടുത്തി. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവർ; ബ്രദേഴ്സ് മാത്യു, ഗാർസിയ പെരെയ്ര, ഫ്രാൻസിസ് സൊലാനോ അങ്ങനെ ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിന്റെ ആദ്യ ജനറൽ ചാപ്റ്റർ രൂപപ്പെട്ടു. 14 പ്രതിനിധികൾ,

തെരഞ്ഞെടുക്കപ്പെട്ടവർ 8 പേർ. ഔദ്യോഗിക നിലയിൽ (ex officio) വന്നവർ 6 പേർ.

### 1.3 ജനറൽ ചാപ്റ്റർ വിളിച്ചുകൂട്ടുന്നു

1930 ഡിസംബർ 3-ാം തീയതി ജനറൽ ചാപ്റ്റർ വിളിച്ചുകൂട്ടി. ഇന്ത്യയിലെ ഡെലഗേറ്റ് അപ്പസ്റ്റോലിക്ക് ആയിരുന്ന ആർച്ചുബിഷപ്പ് എഡ്വർഡ് മുണി, ടിറ്റുലർ ബിഷപ്പ് ഓഫ് ഐറെനേപോളിസ് അദ്ധ്യക്ഷത വഹിച്ചു. സഹായി ആയി അദ്ദേഹത്തിന്റെ സെക്രട്ടറി ഫാ. ബെൽഗേരി ഉണ്ടായിരുന്നു. മൗണ്ട് പോയിൻസർ ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ (അമലോത്ഭവ മാതാവിന്റെ) ഇടവകദേവാലയത്തിൽ വച്ചാണ് സമ്മേളനം നടന്നത്. ചരിത്ര പ്രാധാന്യമുള്ള ഈ ചാപ്റ്ററിൽ നടന്ന ചർച്ചകളിൽ CMSFനെ സംബന്ധിച്ചിടത്തോളം സഭയുടെ ഭരണഘടന പരിഷ്കരിക്കുന്നത് സംബന്ധിച്ചവയ്ക്കാണ് പ്രസക്തി. ഓരോ ഭേദഗതിയും വിശാലമായ ചർച്ചയ്ക്കു ശേഷം വോട്ടിനിട്ട് മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ പാസ്സാക്കി. 1930 ഡിസംബർ 8-ാം തീയതി ചാപ്റ്റർ സമാപിച്ചു. കോൺഗ്രിഗേഷന്റെ രണ്ടാമത്തെ മാദ്ധ്യസ്ഥയായ കന്യാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ ദിവസം.

നവീകരിച്ച ഭരണഘടനക്കു താത്കാലിക അംഗീകാരം നല്കാൻ റോം ഡെലഗേറ്റ് അപ്പസ്റ്റോലിക്കിനെ അധികാരപ്പെടുത്തിയിരുന്നു. പ്രോപഗണ്ട ആത്യന്തികമായി അംഗീകരിക്കുംവരെ കോൺഗ്രിഗേഷന്റെ 'റൂൾ ഓഫ് ലൈഫ്' ആയി (ജീവിതചര്യ നിയന്ത്രിക്കുന്ന ചട്ടമായി) അതു വിജ്ഞാപനം ചെയ്യപ്പെട്ടു. പരിശുദ്ധ സിംഹാസനത്തിന്റെ ഈ തീരുമാനം അപ്പസ്റ്റോലിക് ഡെലഗേറ്റ് പ്രഖ്യാപിച്ചു. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനയിലൂടെ അദ്ദേഹം 'നവീകരിച്ച ഭരണഘടന' (റിവൈസ്ഡ് കോൺസ്റ്റിറ്റ്യൂഷൻ) അംഗീകരിച്ചു.

പ്രോപഗണ്ട ഫിദെ എന്ന സേക്രസ് കോൺഗ്രിഗേഷൻ 1930 ഏപ്രിൽ 11-ലെ വിജ്ഞാപനം വഴി എനിക്കു നല്കിയ അധികാരത്തിന്റെ അടിസ്ഥാനത്തിൽ ചാപ്റ്റർ പരിഷ്കരിച്ച കോൺഗ്രിഗേഷൻ ഓഫ് ദി മിഷനറി ബ്രദേഴ്സ് സെന്റ് ഫ്രാൻസിസ് ഓഫ് അസീസിയുടെ ഭരണഘടന, പരിശുദ്ധ സിംഹാസനം അത് അംഗീകരിക്കും വരെ, കോൺഗ്രിഗേഷന്റെ ഭരണ സംവിധാനത്തിനുള്ള നിയമമായി പ്രഖ്യാപിക്കുകയും ഉത്തരവിറക്കുകയും ചെയ്യുന്നു. അതുകൊണ്ട്, ഈ ചാപ്റ്റർ നടത്താൻ പോകുന്ന തിരഞ്ഞെടുപ്പ് ഈ ഭരണഘടനയിൽ നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ നടത്തേണ്ടതും പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരും കോൺഗ്രിഗേഷനിലെ

എല്ലാ അംഗങ്ങളും മേൽ പറഞ്ഞ പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരം ലഭിക്കും വരെ, തങ്ങളുടെ ഉദ്യോഗവും ചുമതലകളും ബാധ്യതകളും ഈ ഭരണഘടനക്കനുസൃതമായി നിറവേറ്റേണ്ടതും ആകുന്നു.

ബോംബെയിലെ മൗണ്ട് പോയിൻസൂറിൽ അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിവസം കർത്താവിന്റെ വർഷം (A.D.) ആയിരത്തിതൊള്ളായിരത്തി മുപ്പത് (1930). എഡ്വർഡ് മൂണ, ആർച്ച് ബിഷപ്പ് ഓഫ് ഐറനേപോളിസ്.

### 1.4 ജനറൽ ചാപ്റ്ററിന്റെ തിരഞ്ഞെടുപ്പ്

പരിഷ്കരിച്ചതും അംഗീകരിക്കപ്പെട്ടതുമായ ഭരണഘടനയ്ക്ക് അനുസൃതമായി കോൺഗ്രിഗേഷന്റെ വിവിധ ഭരണാധികാര സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടത്തേണ്ടിയിരുന്നു. ഭരണഘടനയുടെ 93-ാം വകുപ്പ് പറയുന്നത് സുപ്പീര്യർ ജനറലിന്റെ നാല് കൗൺസിലർമാരിൽ രണ്ടുപേർ ഇന്ത്യൻ അംഗങ്ങളുടെ ഇടയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടവർ ആയിരിക്കണം എന്നാണ്. ഒന്നാം ചാപ്റ്റർ വിളിച്ചുകൂട്ടുന്നതിന് മുമ്പ് തന്നെ കോൺഗ്രിഗേഷനിലെ ഇന്ത്യൻ അംഗങ്ങളുടെ സംഖ്യയെ മറികടന്നിരിക്കുന്നു എന്ന വസ്തുത അംഗീകരിച്ചുകൊണ്ട് എടുത്ത ഒരു തീരുമാനമാണ് ഇത്. ഏറെ കാലമായി കോൺഗ്രിഗേഷന്റെ സുപ്പീര്യർ ജനറലായിരുന്നു ഇന്ത്യൻ മിഷനറി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാർഗ്ഗദർശി ആയിരുന്ന, ബ്ര. പൗലുസ് മോറിറ്റ്സിനെ അതേ സ്ഥാനത്ത് തുടരാൻ തീരുമാനമുണ്ടാകും എന്ന കാര്യം എല്ലാവർക്കും ഉറപ്പായിരുന്നു. പതിന്നാലിൽ പത്തുപേരുടെ വോട്ടോടെ (ഒരു വോട്ട് അസാധുവായി) അദ്ദേഹത്തെ CMSFപുതിയ സുപ്പീര്യർ ജനറലായി തെരഞ്ഞെടുത്തു. അദ്ദേഹം ചുമതല സ്വീകരിക്കുകയും പ്രസിഡന്റ് അത് അംഗീകരിക്കുകയും ചെയ്തു. ബ്രദർ മൈക്കൾ ബക്കറെ സുപ്പീര്യർ ജനറലിന്റെ യൂറോപ്പിലെ പ്രതിനിധിയായി തെരഞ്ഞെടുത്തു. ആ സമയത്ത് ഇത് കോൺഗ്രിഗേഷനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു പദവി ആയിരുന്നു. ഒരു മിഷൻ സുപ്പീര്യർ റഗുലർ അധികാരങ്ങൾ അദ്ദേഹത്തിന് നല്കപ്പെട്ടു. പതിന്നാലിൽ പതിനൊന്ന് വോട്ട് അദ്ദേഹത്തിന് ലഭിച്ചു. പതിനൊന്ന് വോട്ടോടെ ബ്ര. ക്ലെമന്റ് ക്രീഗ് ഒന്നാം കൗൺസിലർ ആയി തെരഞ്ഞെടുക്കപ്പെട്ടു. ഇതു അസിസ്റ്റന്റ് സുപ്പീര്യർ ജനറലിന്റെ പദവിക്കു തുല്യമാണ്. ബ്ര. സെബാസ്റ്റ്യൻ മുള്ളർ ഒൻപതു വോട്ടോടുകൂടി സെക്കൻഡ് കൗൺസിലർ ആയി തെരഞ്ഞെടുക്കപ്പെട്ടു.

പരിഷ്കരിച്ച ഭരണഘടന അനുസരിച്ചു രണ്ടു കൗൺസിലർമാർ ഇന്ത്യാക്കാർ ആയിരിക്കണം. ആദ്യ റൗണ്ടിൽ ബ്ര. മാത്യു പെരെയ്ര തെരഞ്ഞെടുക്കപ്പെട്ടു. ആരെയും തെരഞ്ഞെടുക്കാനാകാതെ മൂന്നുവട്ടം വോട്ടെടുത്തു. അവസാനം പത്തു വോട്ടോടുകൂടി ബ്ര. കിസസ്റ്റൊം റോഡ്രി ഗുവസ് തെരഞ്ഞെടുക്കപ്പെട്ടു.

1930 ഡിസംബർ 8-ാം തീയതി CMSFന്റെ ആദ്യത്തെ ചാപ്റ്റർ ഔദ്യോഗികമായി സമാപിച്ചു. 'തദേവും' എന്ന സ്തോത്രഗീതം ആലപിക്കപ്പെട്ടു. ദിവ്യകാരുണ്യത്തിന്റെ ബെനഡിക്ഷനും (വാഴ്വ്) ഉണ്ടായിരുന്നു. പുതിയ സുപ്പീര്യർ ജനറലിന്ന് (ഉദ്യോഗത്തിൽ വീണ്ടും തുടരാൻ തീരുമാനമായ പഴയ ജനറലിന്) മൗണ്ട് പോയ്ൻസുർ സമൂഹത്തിലെ ബ്രദേഴ്സ് ബഹുമാനാദരവുകൾ അർപ്പിച്ചു.

### 1.5 ഒന്നാം ജനറൽ ചാപ്റ്റർ എടുത്ത ചില സുപ്രധാന തീരുമാനങ്ങൾ

CMSF ഒന്നാം ജനറൽ ചാപ്റ്റർ പ്രധാനമായും ഒരു 'ഭരണഘടനാ' ചാപ്റ്റർ ആയിരുന്നു. കോൺഗ്രിഗേഷനും ദീർഘകാലം ബാധിക്കുന്ന സുപ്രധാന തീരുമാനങ്ങളൊന്നും ഈ ചാപ്റ്ററിൽ എടുക്കുകയുണ്ടായില്ല. ചാപ്റ്റർ അംഗീകരിച്ച ചുരുക്കം ചില തീരുമാനങ്ങൾ താഴെ പറയുന്നവയാണ്.

''പ്രീഫെക്റ്റ് എന്ന പദവി എടുത്തുകളഞ്ഞു, അസിസ്റ്റന്റ് സുപ്പീര്യർ ജനറലിനു തുല്യമായ ഈ പദവി അതുവരെ വഹിച്ചിരുന്ന ബ്ര. നിക്കൊളാസ് ഹോഹനാണ് പുതിയ സംവിധാനത്തിൽ പദവിയൊന്നും നല്കിയിരുന്നില്ല. പിന്നീട് ഇദ്ദേഹം ഇറ്റലിയിലെ മസ്സിയാൻകോയിൽ നോവിസ് മാസ്റ്ററായി. കോൺഗ്രിഗേഷന്റെ മാതൃഭവനം ഖാൻഡ്വയിൽ നിന്ന് ബോംബെയിലെ മൗണ്ട്പോയിൻസറിലേയ്ക്ക് മാറ്റുക എന്നതായിരുന്നു വേറൊരു സുപ്രധാന തീരുമാനം. വേറൊരു തീരുമാനത്തിലൂടെ കോൺഗ്രിഗേഷന്റെ ഇന്ത്യൻ നൊവിഷ്യേറ്റ് മൗണ്ട് പോയിൻസൂറിൽ നിന്ന് ദാദ്രയിൽ കോൺഗ്രിഗേഷൻ പുതുതായി വാങ്ങിച്ച വസ്തുവിലേയ്ക്കു മാറ്റി. ബോംബെയ്ക്കു വടക്കുള്ള നഗർഹവേലി എന്ന പോർച്ചുഗീസ്കാരുടെ കൈവശമിരുന്ന ഒരു ചെറിയ പ്രദേശത്തായിരുന്നു ഈ സ്ഥലം. ബ്ര. സെബാസ്റ്റ്യൻ മുള്ളർ ആയിരുന്നു നോവിസ് മാസ്റ്റർ.

### 1.6 പ്രോപഗണ്ട അന്തിമമായി കോൺഗ്രിഗേഷന് അംഗീകാരം നല്കുന്നു

കോൺഗ്രിഗേഷന് അംഗീകാരം നല്കുന്ന ചാപ്റ്ററിനു ശേഷം അതുസംബന്ധിച്ച ഒരു റിപ്പോർട്ടും പരിഷ്കരിച്ച ഭരണഘടനയുടെ

പകർപ്പും റോമിലെ പ്രോപഗണ്ട ഫിദെയ്ക്ക് അയച്ചുകൊടുത്തു. ഏതാനും മാസങ്ങൾക്കകം, അതായത് 1931 ജൂൺ 29-ാം തീയതി, 'ഡിക്രി ഓഫ് പൊന്റിഫിക്കൽ അപ്രൊബേഷൻ ഓഫ് ദ കോൺഗ്രിഗേഷൻ ഓഫ് ദ മിഷനറി ബ്രദേഴ് ഓഫ് സെന്റ് സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി' കാർഡിനൽ വില്യം വാൻ റോസ്സും പുറപ്പെടുവിച്ചു. ആ തീയതി തൊട്ട് CMSF ഒരു പൊന്റിഫിക്കൽ അവകാശങ്ങളുള്ള ഒരു മിഷനറി ഇൻസ്റ്റിറ്റ്യൂട്ടായി. സഭയിൽ അതിന്റെ പദവി സംബന്ധിച്ചുള്ള ഭയാശങ്കകൾ അങ്ങനെ അവസാനിച്ചു. സമാധാനവും ഐശ്വര്യവുമുള്ള ഒരു ഭാവി ഇനി പ്രതീക്ഷിക്കാം. ഈ എളിയ സഹോദരന്മാരുടെ മിഷനറി ഇൻസ്റ്റിറ്റ്യൂട്ടിൽ കാർഡിനൽ ഒരു പ്രത്യേകതാത്പര്യം കാട്ടിയിരുന്നു. ഇപ്പോൾ അദ്ദേഹം അതിനെ തന്റെ പ്രത്യേക സംരക്ഷണയിൽ എടുത്തു. പൊന്റിഫിക്കൽ അംഗീകാരം കിട്ടിയ തീയതി തൊട്ട് കോൺഗ്രിഗേഷന്റെ പ്രേഷിത പ്രവർത്തനത്തിൽ ശ്രദ്ധേയമായ വികാസം ഉണ്ടായി. ചാപ്റ്റർ കഴിഞ്ഞുള്ള കാലയളവിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഉപഭൂഖണ്ഡത്തിലെ വിവിധ രൂപതകളിലേക്കു വ്യാപിച്ചു. പ്രത്യേകിച്ചും ദക്ഷിണേന്ത്യയിൽ. തങ്ങളുടെ രൂപതകളിൽ പുതിയ ക്രൈസ്തവ സമൂഹങ്ങൾ സ്ഥാപിയ്ക്കുന്നതിന് ബ്രദേഴ്സിന്റെ സഹകരണം പല ബിഷപ്പുമാരും തേടി. പുതിയ പ്രദേശങ്ങളിൽ, പുറജാതിക്കാരുടെ ഇടയിൽ പ്രേഷിത പ്രവർത്തനം നടത്തുന്നതിൽ മികവു കാട്ടുന്നവർ എന്ന ഖ്യാതി ബ്രദേഴ്സിന് ഉണ്ടായിരുന്നു.

### 2.1 ചാപ്റ്ററിനുശേഷമുള്ള കോൺഗ്രിഗേഷന്റെ വികാസം

1930-നുശേഷം ആദ്യമായി പ്രോപഗണ്ട ഫിദെക്ക് അയച്ച പഞ്ചവത്സര റിപ്പോർട്ട് CMSF ചാപ്റ്ററിനുശേഷമുള്ള കാലയളവിൽ എന്തുമാത്രം പുരോഗതി കൈവരിച്ചു, മിഷനറിമാരുടെ അംഗസംഖ്യയിലും മിഷൻ പ്രവർത്തനത്തിന്റെ വ്യാപ്തിയിലും എന്തുമാത്രം വർദ്ധനവുണ്ടാക്കി എന്ന് വ്യക്തമാക്കുന്നുണ്ട്. കോൺഗ്രിഗേഷനെ വിവിധ റീജിയനുകളായി വിഭജിച്ചു; ഓരോ റീജിയനും ഒരു സുപ്പീര്യർ (ബ്രദർ ഗാർഡിയൻ എന്നാണ് ആ സുപ്പീര്യറെ വിശേഷിപ്പിച്ചിരുന്നത്). ഇതു ക്രിയാത്മകമായ ഒരു വികാസമായിരുന്നു. തന്റെ കീഴിലുള്ള ബ്രദേഴ്സിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക ആയിരുന്നു ഗാർഡിയന്റെ ചുമതല. അംഗങ്ങളുടെ കാലികവും ആത്മീയവുമായ ആ സ്ഥിതി ഉറപ്പുവരുത്തുകയും ഗാർഡിയന്റെ ചുമതലകളിൽ പെടും. റീജിയനും

സുപ്പീര്യർ ജനറലും തമ്മിലുള്ള ബന്ധം ഗാർഡിയനിലൂടെയാണ് നിലനിർത്തുക. സുപ്പീര്യർ ജനറൽ ബോംബെയിലെ മൗണ്ട് പോയിൻസൂറിലാണല്ലോ. ഈ കാലയളവിൽ കോൺഗ്രിഗേഷന്റെ പ്രവർത്തനം പോണ്ടിച്ചേരി, സേലം, കോട്ടാർ എന്നീ ലത്തീൻ രൂപത കളിലേയ്ക്കും തിരുവനന്തപുരം, തിരുവല്ല എന്നീ സീറോ-മലങ്കര രൂപതകളിലേയ്ക്കും വ്യാപിച്ചു.

## 2.2 ജർമ്മനിയിലെ റിയഗേൽ ഹാസലൂനി ഭവനങ്ങൾ തുടങ്ങിയത് സംബന്ധിച്ച പ്രശ്നങ്ങൾ

കോൺഗ്രിഗേഷന്റെ യൂറോപ്യൻ അംഗങ്ങൾ ഭൂരിപക്ഷവും ജർമ്മനിയിൽ നിന്നായിരുന്നു. ആ നിലയ്ക്കു സഭയ്ക്കു ജർമ്മനിയിൽ ഒരു ഭവനം ഉണ്ടായിരിക്കുക ആവശ്യമാണ്. ഈ ആവശ്യം വളരെ നേരത്തേ എല്ലാവർക്കും അനുഭവപ്പെട്ടതാണ്. സഭ തുടങ്ങിയ കാലം തൊട്ടേ ഇത് അനുഭവപ്പെട്ടിരുന്നു. അവസരം ലഭിച്ചിരുന്നെങ്കിൽ, 1913-ൽ യൂറോപ്പിൽ ഒരു ഭവനം ആരംഭിക്കാനുള്ള ബ്ര. ക്ളെമന്റ് ക്രീഗിന്റെ ഉദ്യമം ജർമ്മനിയിൽ ഒരു ഭവനം സ്ഥാപിക്കുന്നതിൽ കലാ ശിയ്ക്കുമായിരുന്നു. തങ്ങളുടെ രൂപതകളിൽ മിഷനറി ഭവനങ്ങൾ തുറക്കുന്നതിന് ജർമ്മനിയിലെ ബിഷപ്പ്മാർ എതിരായിരുന്നു എന്നത് ഏവർക്കും അറിയാവുന്ന ഒരു സംഗതി ആയിരുന്നു. മിഷനറിമാർ തങ്ങളുടെ ധനശേഖരണ പദ്ധതികളിലൂടെ വിശ്വാസികളെ 'പിഴിയും' എന്നതായിരുന്നു അവരുടെ ഭയം. അപ്പോൾ രൂപതയുടെ അപ്പപ്പോഴത്തെ ആവശ്യങ്ങൾക്കു പണം കിട്ടുക പ്രയാസമാകും. രൂപതയിൽ വേണ്ടത്ര വൈദികർ ഉണ്ടായിരുന്നുതാനും. അതുകൊണ്ട് കോൺഗ്രിഗേഷന്റെ ആദ്യത്തെ യൂറോപ്യൻ ഭവനം തുറന്നത് ഇറ്റലിയിൽ ആയിരുന്നു (മസ്സിയാൻകോയിൽ). അതുതന്നെ സാധ്യമായത് PIME സഭാംഗമായ ഫാ. ജൂസേപ്പേ ആർ. മനസ്കോയുടെ സഹായത്താൽ. 1920 ബ്രദേഴ്സ് നാടുകടത്തപ്പെട്ടപ്പോൾ അവർക്ക് അവരവരുടെ രാജ്യത്ത് തന്നെ തങ്ങേണ്ടിവന്നു. CMSFന് ജർമ്മനിയിൽ ഒരു ഭവനം ഉണ്ടായിരിക്കേണ്ടത് എത്ര ആവശ്യമായിരുന്നു എന്ന് അപ്പോൾ വ്യക്തമായി. ഇങ്ങനെ പുറത്താക്കപ്പെട്ട ബ്രദേഴ്സിനെ താത്കാലികമായി ഗെൻഗെൻബാക് ഫ്രാൻസിസ്കൻ സിസ്റ്റേഴ്സിന്റെ ഭവനത്തിൽ താമസിപ്പിച്ചു. ജർമ്മനിയിൽ തങ്ങൾക്ക് ബ്രദർ ക്ളെമന്റിന്റെ ശ്രമം പരാജയപ്പെട്ടു. തികച്ചും നിരാശനായി ബ്രദർ മിലാൻ അർമനെസ്കോയിലുള്ള ഒരു സുഹൃത്തിന് ഇപ്രകാരം എഴുതി:

‘‘ഇതുവരെ ഞങ്ങൾക്ക് പറ്റിയ ഒരു വീട് കണ്ടെത്താനായിട്ടില്ല. കണ്ടെത്തിയെങ്കിൽ വിലയ്ക്കു വാങ്ങാമായിരുന്നു. മാത്രമല്ല ജർമ്മനിയിലെ തിരുസഭാ അധികാരിയ്ക്ക് ഒട്ടുംതന്നെ താത്പര്യമില്ല, സന്യാസസഭകൾ തങ്ങളുടെ രൂപതകളിൽ പുതിയ ഭവനങ്ങൾ സ്ഥാപിക്കുന്നതിന് അനുവാദം തരാനും വളരെ മടിയാണ്.’’

1922 മെയ് 3-ാം തീയതി പുറപ്പെടുവിച്ച പീയൂസ് XI-ാമന്റെ മോത്തു പ്രോപ്രിയോ വഴി പൊന്റിഫിക്കൽ സൊസൈറ്റി ഫോർ ദ പ്രോപഗേഷൻ ഓഫ് ഫെയ്ത്തിനെ ലയൺസിൽ നിന്ന് റോമിലേയ്ക്കു മാറ്റി. മിഷനറി സൊസൈറ്റികൾ ധനശേഖരം നടത്തുന്നതിന് മാർപ്പാപ്പ ഔപചാരികമായി ശുപാർശ ചെയ്തുവെങ്കിലും സന്യാസ സഭകൾ തങ്ങളുടെ രൂപതകളിൽ ഭവനങ്ങൾ തുറക്കുന്നതിനെ ജർമ്മനിയിലെ മെത്രാന്മാർ രൂക്ഷമായി ചെറുത്തു. താഴെ കൊടുത്തിരിക്കുന്ന സംഭവം ഇതിനു നല്ല ഒരു ഉദാഹരണമാണ്. 1929 ആദ്യം CMSF ഫ്രൈബുർഗ് അതിരൂപതയിൽ ഒരു വീടു വാങ്ങിച്ചു. (ഒരു പക്ഷേ 1928 അവസാനമാകാം ഇതു നടന്നത്.) റൈൻ നദിയുടെ തീരത്ത് ബ്രൈസ്ഗോവിൽ റീഗെൻ, കൈസർസ്തുൽ എന്ന സ്ഥലത്തായിരുന്നു വീട്. ബ്രദർ മൈക്കൾ ബക്കറെ ഇതിന്റെ ചുമതല ഏല്പിച്ചു. കോൺഗ്രിഗേഷന്റെ ഇന്ത്യൻ മിഷനുവേണ്ടി ബ്രദർ ധനാഭ്യർത്ഥന നടത്തി. നിർഭാഗ്യകരം എന്നു പറയട്ടെ. ഇവിടെ അതിരൂപതാ അധികാരികൾ ഇടപെട്ടു. അതിരൂപതയിൽ ഭവനം തുറക്കാൻ ആവശ്യമായ അനുവാദം വാങ്ങിയിട്ടില്ല എന്ന കാരണത്തിന് ഈ ഭവനം അടപ്പിച്ചു.

പ്രോപഗണ്ടയുടെ കാർഡിനൽ പ്രീഫെക്റ്റ് ഈ ഉത്തരവു പിൻവലിപ്പിയ്ക്കാൻ നടത്തിയ ശ്രമം പരാജയപ്പെട്ടു. ജർമ്മനിയിലെ മുൻ അപ്പസ്റ്റോലിക്ക് നുൺസിയോ ആയിരുന്ന കാർഡിനൽ പച്ചെല്ലി ബ്രദേഴ്സിനുവേണ്ടി ശുപാർശ ചെയ്തെങ്കിലും ഫ്രൈബുർഗ് അതിരൂപതാ അധികാരികൾ അത് നിരസിക്കുകയാണുണ്ടായത്.

### 2.3 ലോവർ സാക്സണിയിൽ കോൺഗ്രിഗേഷന് ഒരു ഭവനം

റിയേഗലിൽ പരാജയപ്പെട്ടെങ്കിലും ജർമ്മനിയിൽ കോൺഗ്രിഗേഷന് അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്താനുള്ള അവരുടെ തീരുമാനം ഉപേക്ഷിച്ചില്ല. ബ്രദേഴ്സിന് തൃപ്തികരമായ രീതിയിൽ ഈ പ്രശ്നം പരിഹരിക്കാൻ കാർഡിനൽ പ്രിഫെക്ട് ഏറെ ഉത്സാഹിച്ചു. വിവിധ സ്ഥലങ്ങൾ നിർദ്ദേശിക്കപ്പെട്ടു. പക്ഷേ, മിക്ക ഇടങ്ങളിലും സ്ഥലത്തെ മെത്രാൻ അനുകൂലിച്ചില്ല. ഏറെ നാളത്തെ അന്വേഷണത്തിനും

കാത്തിരിപ്പിനും ശേഷം ബ്രദേഴ്സ് ജർമ്മനിയുടെ വടക്കുഭാഗത്തു ഒസ്നാ ബ്രക്ക് രൂപതയിൽ അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തി. ഈ സ്ഥലം ലോവർ സാക്സണിയിൽ ആയിരുന്നു. സ്ഥലത്തിന്റെ പേര് 'ഹാസെലൂണെ'. ഇത് ഹോളണ്ടിന്റെ അതിർത്തിയോടു ചേർന്നായിരുന്നു. ലോവർ സാക്സണിയുടെ 'എംസ്ലൻഡ്' ഭാഗത്ത്. സ്ഥലത്തെ ഇടവകവികാരി ഡെച്ചാന്റ് എത്തി. ഫാ.ഹെൻകിങ്, ബ്രദേഴ്സ് തന്റെ ഇടവകയിൽ സ്ഥിരതാമസമാക്കുന്നതിനെ എതിർത്തെങ്കിലും കാർഡിനൽ വില്യം വാൻ റോസ്സമിന്റെ മാധ്യസ്ഥം വഴി ബ്രദേഴ്സിന് അനുകൂലമായ രീതിയിൽ പ്രശ്നം രമ്യമായി പരിഹരിക്കപ്പെട്ടു. ഒസ്നാ ബ്രക്ക് രൂപത അതിന്റെ നോർഡിക് ജർമ്മൻ മിഷന്റെ നടത്തിപ്പിന് പ്രോപഗണ്ടയെ ആശ്രയിച്ചിരുന്നു. 1929-ൽ പ്രൂസിയായും വത്തിക്കാനുംകൂടി ഉണ്ടാക്കിയ ഒരു കോൺ കോർഡാറ്റിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്. ഒന്നാം ജനറൽ ചാപ്റ്റർ സമാപിച്ച് അധികം താമസിയാതെ 'ഹാസ്സെലുണ്ണി'ൽ ഒരു വസ്തുവാങ്ങാനുള്ള ചർച്ചകളും തൃപ്തികരമായി സമാപിച്ചു. ഈ ചർച്ചകൾ നടന്നുകൊണ്ടിരിക്കെ ബ്ര. പൗലുസ് യൂറോപ്പിലായിരുന്ന ബ്രദർ ക്ലെമന്റിന് എഴുതി:

"ഹാസെലുണ്ണിൽ ബ്രദേഴ്സിന് ഒരു ഭവനം വാങ്ങുന്നത് സംബന്ധിച്ചും ഈ സ്ഥലത്ത് ബ്രദേഴ്സ് സ്ഥിരം താമസിക്കുന്നത് സംബന്ധിച്ചും ഞാൻ അനുവാദം നല്കുന്നു. ഈ ഭവനം താത്കാലികമായും ദീർഘകാലാടിസ്ഥാനത്തിലും നമ്മുടെ കോൺഗ്രിഗേഷന് സന്തോഷദായകമാകും എന്ന പ്രതീക്ഷയിലാണ് ഈ അനുവാദം നല്കുന്നത്. ഇന്ത്യയിൽ വിജയകരമായി സുവിശേഷവത്ക്കരണം നടത്തുന്നതിനും ഇത് സഹായിക്കും എന്നാണ് എന്റെ പ്രതീക്ഷ."

### 2.4 ചാപ്റ്ററിനുശേഷം ഇന്ത്യയിലുണ്ടായ വികസന പ്രവർത്തനങ്ങൾ

ഒന്നാം ജനറൽ ചാപ്റ്ററിനുശേഷം ഇന്ത്യയിലുണ്ടായ വിവിധ ക്രിയാത്മക വികസനപരിപാടികളും കോൺഗ്രിഗേഷനുണ്ടായ ശക്തമായ വളർച്ചയും ചുരുക്കമായി പ്രതിപാദിക്കാം. ഓരോ പരിപാടിയെ വെവ്വേറെ, ഹ്രസ്വമായി വിവരിക്കാം. ആദ്യം തന്നെ മൗണ്ട് പോയിൻസറിനെപ്പറ്റി പറയാം. പുതിയ മാതൃഭവനവും കോൺഗ്രിഗേഷന്റെ ജനറലേറ്റും പോയ്ൻസറിലാണ്. ഇതു വിവരിക്കുന്നതിന് ആവശ്യമായ പ്രാഥമിക രേഖകൾ നമുക്ക് ലഭിച്ചിട്ടില്ല എന്നത് സന്തോഷകരമല്ലാത്ത ഒരു വസ്തുതയാണ്. രണ്ടാം

ഘട്ടത്തിലെ രേഖകളുടെ അടിസ്ഥാനത്തിലാണ് ഇവിടത്തെ വികസനത്തിന്റെ ചിത്രം തയ്യാറാക്കുന്നത്. മാതൃ ഭവനത്തിൽ ബ്രദേഴ്സിന്റെ ഇടയിലും അനാഥബാലന്മാരുടെ ഇടയിലും കന്യാമറിയത്തോടുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിന് ജപമാലയുടെ പതിനഞ്ചു രഹസ്യങ്ങളിൽ ഓരോന്നിനും ചെറിയ 'ഷ്രൈൻ' സ്ഥാപിച്ചു. മാതാവിനോടുള്ള ശനിയാഴ്ച ഭക്തിയിക്ക് പ്രോത്സാഹനം നല്കി. 1933-ൽ മൗണ്ട്പോയ്ൻസർ ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് സഭ സ്ഥാപിച്ചതിന്റെ രജത ജൂബിലി ആഘോഷിച്ചു. അന്നു അനാഥശാലയിൽ 200 കുട്ടികൾ ഉണ്ടായിരുന്നു. കഴിഞ്ഞ 25 വർഷം കൊണ്ട് ഇവിടെ 1800 ബാലന്മാർക്കു പരിശീലനം നല്കുകയുണ്ടായി. 1934 ജൂലൈയിൽ അനാഥശാലയ്ക്കും സ്കൂളിനും ഒരു പുതിയ വിഭാഗം ഉണ്ടാക്കാൻ തറക്കല്ലിട്ടു. ബോംബെ അതിരൂപതയുടെ വികാരി ജനറൽ മോൺ ഗെസ്സിയാണ് ഈ കർമ്മം നിർവ്വഹിച്ചത്. പണി പൂർത്തിയാ യപ്പോൾ ആർച്ചുബിഷപ്പ് ജോവക്കിം ഡി ലീമ കെട്ടിടം വെഞ്ചരിച്ചു. 1934 ഡിസംബർ 9-ാം തീയതി ഞായറാഴ്ചയാണ് ഈ ചടങ്ങ് നടത്തിയത്. മൗണ്ട് പോയിൻസർ ഇടവക ദേവാലയത്തിലെ അമലോത്ഭവ മാതാവിന്റെ തിരുനാൾ ദിവസവും വാർഷിക തീർത്ഥാ ടനവും അപ്പോഴാണ് നടന്നത്.

ബസ്സീൻ ഫോർട്ടിലെ അനാഥശാലയുടെ ബ്രാഞ്ചും ഈ കാലയളവിൽ പുരോഗതി നേടി. സ്കൂളിനോട് ഒരു 'ഹോർട്ടി കൾച്ചറൽ' വിഭാഗം കൂട്ടിച്ചേർത്തു. 1933 നവംബർ 28-ാം തീയതി ബോംബെയുടെ ഇംഗ്ലീഷ് ഗവർണർ സർ. എഫ്. സൈക്സ് ബ്രദേഴ്സിന്റെ സ്ഥാപനം സന്ദർശിച്ചു. ചരിത്രപ്രധാനമായ ആ സ്ഥാപനം ബ്രദേഴ്സ് വികസിപ്പിച്ച രീതിയിൽ അദ്ദേഹം ഏറെ സംതൃപ്തി പ്രകടിപ്പിച്ചു.

"മൗണ്ട് പോയിൻസറിലുള്ള ഫ്രാൻസിസ്കൻ ബ്രദേഴ്സിന്റെ ഭവനം തികച്ചും സുരക്ഷിതത്വം നല്കുന്ന ഒന്നാണ്; ഇവിടെ ബ്രദേഴ്സിന് വലിയ ബുദ്ധിമുട്ട് കൂടാതെ തങ്ങളുടെ നിത്യരക്ഷ ഉറപ്പാക്കാനാകും. ഇവിടെ പണിയെടുക്കുക എന്നത് ലക്ഷ്യത്തിൽ എത്താനുള്ള ഒരു മാർഗ്ഗം മാത്രമാണ്. ഇതിൽ അമിതമായ വൈകാരിക ഇടപെടലുകൾ ഇല്ല. ഇത് ഉറച്ച നിസ്സംഗതയോടുകൂടിയ പരസ്നേഹമാണ്. ഇവരോട് അസൂയ തോന്നേണ്ടതാണ്. കാരണം, മാനസിക സമ്മർദ്ദം ഉണ്ടാക്കുന്ന ഉത്തരവാദിത്വങ്ങൾ ഒന്നും അവർക്കില്ല. എല്ലാം പരിത്യജിച്ച അവർ ആത്മാവിൽ ദരിദ്രരാണ്."

### 2.5 ചാപ്റ്ററിനുശേഷം കോൺഗ്രിഗേഷന്റെ തെക്കുള്ള മിഷനുകളിൽ ഉണ്ടായ വികസനങ്ങൾ

1930 മുതൽ 1935 വരെയുള്ള കാലയളവിൽ കോൺഗ്രിഗേഷന്റെ ദക്ഷിണമിഷനുകളുടെ പ്രവർത്തനം വളരെ വികസിച്ചു; പ്രവർത്തനം കൂടുതൽ രൂപതകളിലേക്കു വ്യാപിച്ചു. നേരത്തെ തുടങ്ങിവച്ച സംരംഭങ്ങൾ കൂടാതെ, പുതിയ പ്രവർത്തനങ്ങൾ. മദ്രാസ്-മൈലാപ്പൂർ അതിരൂപതയിലെ പോൻഡൂർ മിഷനിൽ 1933-നും 1934നും ഇടയ്ക്ക് കുറേപ്പേർ ജ്ഞാനസ്നാനം സ്വീകരിച്ചു. നിരവധി ഗ്രാമങ്ങൾ തങ്ങൾക്ക് സത്യവിശ്വാസം സംബന്ധിച്ചു ബോധനം നല്കുന്നതിന് ബ്രദേഴ്സിനെ ക്ഷണിച്ചു. കോയമ്പത്തൂർ രൂപതയിൽ ആദിദ്രാവിഡ ജാതിക്കാരുടെ ഇടയിൽ വിജയകരമായ പ്രവർത്തനം ആരംഭിച്ചു. കോയമ്പത്തൂർ ജില്ലയുടെ മലമ്പ്രദേശങ്ങളിലാണ് ഈ ജനങ്ങൾ താമസിച്ചിരുന്നത്. തെക്കെ ഇന്ത്യയിലെ ഏറ്റം പിന്നോക്കം നില്ക്കുന്ന ജാതികളിൽ ഒന്നായിരുന്നു ഇവർ. അതേസമയം, ക്രൈസ്തവമതം സ്വീകരിക്കാനുള്ള ഒരു പൊതുജനപ്രസ്ഥാനം അവരുടെ ഇടയിൽ രൂപപ്പെട്ടു. ബ്രദേഴ്സിൽ നിന്ന് മതബോധനം സ്വീകരിച്ച പ്രായപൂർത്തി ആയ 117 പേർ 1934-ൽ ജ്ഞാനസ്നാനം സ്വീകരിച്ചു. കോയമ്പത്തൂർ, മൈസൂർ രൂപതകളുടെ അതിർത്തി ഗ്രാമങ്ങളായ ഭോദ്ദഗജനൂർ, തലവടി എന്നീ ഗ്രാമങ്ങളിലെ ആളുകളായിരുന്നു ഇവർ. ഈ കൂട്ടായ ജ്ഞാനസ്നാനത്തിന് രണ്ടു രൂപതകളുടെയും മെത്രാന്മാർ പ്രധാന കാർമ്മികത്വം വഹിച്ചു. മോൺ ടൂർണിയർ, മോൺ മോറിസ് ഡെസ്പാർച്ചർ. കോയമ്പത്തൂർ, മൈസൂർ രൂപതകളിൽപെട്ട ഈ പ്രദേശങ്ങളിൽ ഏകദേശം പതിനഞ്ച്/ഇരുപതിനായിരം ആദിദ്രാവിഡർ സത്യവിശ്വാസം സ്വീകരിക്കാൻ താത്പര്യമുള്ളവരായിരുന്നു. ലളിതമായി ജീവിക്കുന്ന ഈ ജനവിഭാഗത്തിന്റെ മുപ്പതോളം ഗ്രാമങ്ങളിൽ ബ്രദേഴ്സ് എത്തി ഈ കാലയളവിൽ പ്രവർത്തനം നടത്തിയിരുന്നു.

### 3.1 ഫ്രാൻസിസ്കൻ ബ്രദേഴ്സും മലബാറിലെ (കേരളത്തിലെ) പുനരൈക്യ പ്രസ്ഥാനവും

1934-ൽ എപ്പോഴോ ആണ് ഇത് സംഭവിച്ചത്. CMSFന്റെ തെക്കൻ മിഷനുകളുടെ 'ഗാർഡിയനായ' ബ്രദർ ക്ളെമന്റ് ക്രീഗ് യാദൃശ്ചികമായി ഷൊർണൂർ റയിൽവേ സ്റ്റേഷനിൽ വച്ച് ആയിടെ റോമുമായി പുനരൈക്യത്തിലായ തിരുവനന്തപുരം അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ഗീവർഗീസ് ഇവാനിയോസിനെ കണ്ടുമുട്ടാൻ

ഇടയായി. മദ്രാസ് പ്രസിഡൻസിയുടെ തെക്കുപടിഞ്ഞാറുഭാഗത്തുള്ള ഒരു റയിൽവേ സ്റ്റേഷനാണ് ഷൊർണൂർ. ബ്രദറിനെ കണ്ട ഉടൻ വന്ദ്യവയോധികനായ ആർച്ചുബിഷപ്പ് പറഞ്ഞു: ‘‘തെക്കെ ഇന്ത്യയിലെ വിവിധ രൂപതകളിൽ വളരെ നല്ല പ്രവർത്തനം നടത്തുന്ന മിഷനറി ബ്രദേഴ്സിൽ ഒരാളായിരിക്കും താങ്കൾ എന്നു ഞാൻ കരുതുന്നു.’’ ബ്രദർ പറഞ്ഞു: ‘‘അതുശരിയാണ്.’’ ആർച്ച് ബിഷപ്പ് തുടർന്നു: ‘‘എന്റെ അതിരൂപതയിലും കത്തോലിക്കാവിശ്വാസം പ്രചരിപ്പിക്കുവാൻ നിങ്ങളുടെ ബ്രദേഴ്സിന് എന്നെ സഹായിച്ചുകൂടേ?’’ ഇതിനുശേഷം രണ്ടുപേരും സജീവമായ ഒരു സംഭാഷണത്തിൽ മുഴുകി. പരസ്പരം പിരിയുന്നതിനുമുമ്പ് ബ്രദർ ഗാർഡിൽ പറഞ്ഞു; ആർച്ചുബിഷപ്പിന്റെ അഭ്യർത്ഥന ബോംബെയിലുള്ള തന്റെ സുപ്പീര്യറിന്റെ മുമ്പാകെ വയ്ക്കാം എന്ന്.

### 3.2 മലബാറിലെ പുനരൈക്യപ്രസ്ഥാനത്തിന്റെ ഒരു ഹ്രസ്വ ചരിത്രം

തിരുവനന്തപുരം സീറോ മലങ്കര അതിരൂപതയിലും അതിന്റെ സാമന്ത രൂപതയായ തിരുവല്ലയിലും ബ്രദേഴ്സ് നടത്തിയ പ്രവർത്തനങ്ങൾ വിവരിക്കുന്നതിനുമുമ്പ് പുനരൈക്യപ്രസ്ഥാനത്തെ തന്നെ ചുരുക്കമായി വിവരിക്കുന്നത് ഉചിതമാകും എന്നു കരുതുന്നു. മലബാറിലെ യാക്കോബായ ശീശ്മ ഉണ്ടായത് മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നറിയപ്പെടുന്ന വിവധ സമൂഹങ്ങൾ ചരിത്രപ്രസിദ്ധമായ കൂനൻ കുരിശുസത്യത്തിലൂടെ റോമുമായുള്ള ബന്ധം വിച്ഛേദിച്ചതു വഴിയാണ്. കൊച്ചിയ്ക്കടുത്തുള്ള മട്ടാഞ്ചേരിയിലാണ് ഈ കുരിശ്. പോർച്ചുഗീസുകാരുടെ പാദ്രൊവാദോ മേധാവിത്വത്തെ ചെറുക്കുന്നതിനുള്ള ഒരു നീക്കമായിരുന്നു അത്. പൗരസ്ത്യദേശത്തെ എല്ലാ ക്രൈസ്തവരെയും തങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരാനായിരുന്നു പോർച്ചുഗീസുകാരുടെ ശ്രമം. ഇതിനുശേഷം മാർത്തോമ്മാ ക്രിസ്ത്യാനികളും റോമും തമ്മിലുള്ള പിളർപ്പ് അവസാനിപ്പിയ്ക്കാൻ പല ശ്രമങ്ങളും നടന്നു. മലബാർ ക്രിസ്ത്യാനികൾ ക്രമേണ യാക്കോബായ ശീശ്മയിൽ ചെന്നുപെട്ടിരുന്നു. യാക്കോബായരുടെ നേതാവായ മാർ ജോസഫ് ഡയനീഷ്യസ് ഈ നേതാക്കളിൽ ഒരാളായിരുന്നു. ശീശ്മ തുടങ്ങിവച്ച മാർ ജോസഫ് ഡയനീഷ്യസ് നാലാമനും മാർ തോമ ഒന്നാമനും പുനരൈക്യശ്രമം നടത്തി. എന്നാൽ ഇവർക്കാർക്കും ഇതിൽ വലിയ താത്പര്യമോ ഉത്സാഹമോ ഉണ്ടായിരുന്നില്ല. സിറിയൻ ഓർത്തഡോക്സ് ആർച്ചുബിഷപ് മാർ ഗീവർഗീസ് ഇവാനിയോസ് റോമുമായി പുനരൈക്യമുണ്ടാക്കാൻ

ആത്മാർത്ഥമായി ശ്രമിച്ചു. തന്റെ ഓർത്തഡോക്സ് സഭയിൽ നിന്ന് പ്രൊട്ടസ്റ്റന്റുകാരുടെയും ആൻഗ്ലീക്കൻസിന്റെയും സ്വാധീനം ഇല്ലാതാക്കി പാരമ്പരാഗത അന്തിയോക്കിയൻ ആത്മീയതയെ പുനരുജ്ജീവിപ്പി യ്ക്കുക ആയിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. മാർ ഇവാനിയോസ് ഒരു സത്യാന്വേഷി ആയിരുന്നു. അദ്ദേഹത്തിന് യാക്കോബായ നിലപാട് ശരിയാണോ എന്ന് സംശയമുണ്ടായിരുന്നു. കത്തോലിക്കാ സഭയാണ് ശ്ലീഹന്മാരിട്ട അടിത്തറ ഉള്ളതെന്നും ശ്ലീഹന്മാരുടെ പിൻതുടർച്ച റോമിനാണുള്ളതെന്നും വിശ്വാസസത്യങ്ങളുടെ നിക്ഷേപം കത്തോലിക്കാസഭയിലാണ് എന്നും അദ്ദേഹത്തിന് ബോധ്യമായി. കൂടാതെ, യാക്കോബായ സഭയിൽ ആന്തരിക കലാപവും വിവിധ പക്ഷങ്ങളായി തിരിഞ്ഞുള്ള സംഘട്ടനവും നടന്നിരുന്നു. അത് കത്തോലിക്കാ സഭയിലേയ്ക്കു മടങ്ങി വന്ന് തന്റെ ആന്തരിക സംഘർഷങ്ങൾ യാക്കോബായ സഭയുടെ വിശ്വാസം സംബന്ധിച്ച സംശയങ്ങൾ, എന്നന്നേയ്ക്കും അവസാനിപ്പിക്കാൻ മാർ ഈവാനിയോസ് ആഗ്രഹിച്ചു. കൊല്ലം ബിഷപ്പ് ബെൻസിഗറിലൂടെ പരിശുദ്ധ സിംഹാസനവുമായി നീണ്ട ചർച്ചകൾക്കുശേഷം മാർ ഇവാനിയോസും അസിസ്റ്റന്റ് ബിഷപ്പ് മാർ തിയോഫിലോസും 1931 സെപ്റ്റംബർ 20-ാം തീയതി കത്തോലിക്കാ സഭയിൽ പ്രവേശിച്ചു. അവരെ കത്തോലിക്കാ സഭയിൽ സ്വീകരിച്ചു. ആർച്ചുബിഷപ്പ് മാർ ഇവാനിയോസിന്റെ ബഥനി ആശ്രമം പ്രസ്ഥാനത്തിന്റെ ഹെഡ് ക്വാർട്ടേഴ്സ് കൊല്ലം രൂപത അതിർത്തിയ്ക്കുള്ളിൽ ആയിരുന്നു. കൊല്ലം ബിഷപ്പ് ബെൻസിഗർ തന്നെയാണ് ഇവരെ കത്തോലിയ്ക്കാസഭയിൽ സ്വീകരിച്ചത്. പരിശുദ്ധസിംഹാസനത്തിന്റെ പ്രത്യേക അനുവാദ ത്തോടുകൂടി ഇവർ തങ്ങളുടെ മെത്രാൻ പദവി നിലനിർത്തി. പതിമൂന്ന് യാക്കോബായ വൈദികരെയും ഒരു ഡീക്കനെയും ബഥനി ആശ്രമത്തിലെ എല്ലാ സന്യസ്തരെയും വലിയൊരു സംഖ്യ അല്മായരെയും കത്തോലിക്കാ സഭയിൽ സ്വീകരിക്കാൻ അവർക്ക് അധികാരം നല്കി.

### 3.3 പുനരൈക്യപ്പെട്ടവർക്കായി ഒരു പുതിയ എക്ലീസിയാസ്റ്റിക്കൽ പ്രോവിൻസ് സ്ഥാപിക്കുന്നു

1932 ഫെബ്രുവരി 13-ാം തീയതി പതിനൊന്നാം പീയൂസ് മാർപ്പാപ്പ മാഗ്നും നോബിസ് എന്ന അപ്പസ്റ്റോലിക് ലെറ്ററിലൂടെ താത്കാലികമായി രണ്ടു രൂപതകൾ നിർമ്മിച്ച് രണ്ടു മെത്രാന്മാരെ ഏല്പിച്ചു. രണ്ടു രൂപതകളെയും വേർതിരിക്കുന്നത് പമ്പാനദിയാണ്.

1932 ജൂൺ 11-ാം തീയതിയിലെ 'ക്രിസ്തോ പാസ്തോറും പ്രീൻചിപെ' എന്ന അപ്പസ്റ്റോലിക് കോൺസ്റ്റിറ്റ്യൂഷനിലൂടെ മലബാറിൽ (കേരളത്തിൽ) പുനരൈക്യപ്പെട്ടവർക്കായി സിറോ-അന്തിയോക്കിയൻ റീത്തിൽപ്പെട്ട ഒരു പുതിയ എക്ലിയാസ്റ്റിക്കൽ പ്രോവിൻസ് രൂപീകരിച്ചു. മാർ ഇവാനിയോസിനൊപ്പം ധാരാളം പേർ കത്തോലിക്കാസഭയിൽ ചേർന്നിരുന്നു. പരമ്പരാഗതമായി അവർ തുടർന്നുവന്ന ആരാധനാക്രമം അതേരീതിയിൽ തുടർന്നും നിലനിർത്താൻ പരിശുദ്ധ സിംഹാസനം അനുവദിച്ചു. 'ക്രിസ്തോ പാസ്തോറും പ്രിൻചിപെ' പറയുന്നതനുസരിച്ച് ഉണ്ടാക്കിയ അതിരൂപതയിൽ ഏഴു ജില്ലകൾ ഉണ്ടായിരിക്കും. തിരുവനന്തപുരം, കൊട്ടാരക്കര, അടൂർ, പത്തനംതിട്ട, മാവേലിക്കര, കായംകുളം, ചെങ്ങന്നൂർ എന്നീ ജില്ലകൾ സാമന്ത രൂപതയായ തിരുവല്ലയ്ക്ക് അഞ്ചു ജില്ലകൾ നല്കി. അതായത് തിരുവല്ല, നിരണം, കോട്ടയം, മൂവാറ്റുപുഴ, കുന്നംകുളം. മാർ ഇവാനിയോസ് തിരുവനന്തപുരത്ത് തന്റെ കത്തീഡ്രൽ ദേവാലയം പണിയിയ്ക്കണം. കന്യാമറിയത്തിന്റെ നാമത്തിലായിരിക്കും ഈ ദേവാലയം. മാർ തിയോഫിലോസ് അപ്പോസ്തലനായ വി. യോഹന്നാന്റെ നാമത്തിൽ ഒരു ദേവാലയം തിരുവല്ലയിൽ പണിയിക്കും.

1932-ൽ തിരുവനന്തപുരം അതിരൂപതയിൽ വൈദികർ സ്ഥിരമായി താമസിക്കുന്ന എട്ട് കപ്പേളകൾ ഉണ്ടായിരുന്നു. അൻപത്താറ് മിഷൻ സ്റ്റേഷനുകളും ഉണ്ടായിരുന്നു. തദ്ദേശവാസികളുടെ ഇടയിൽ പ്രവർത്തിക്കുന്ന അഞ്ചു കാറ്റിക്കിസ്റ്റ് ഉണ്ടായിരുന്നു. ആ വർഷം 550 പേർക്കു ജ്ഞാനസ്നാനം നല്കി. തിരുവല്ല രൂപതയിൽ, മുപ്പത്തിരണ്ട് മിഷൻ സ്റ്റേറ്റുകളും പതിമൂന്നു കാറ്റിക്കിസ്റ്റും ഉണ്ടായിരുന്നു. ശുഷ്കമായ ഈ സ്ഥിതിവിവരക്കണക്കു കാണിയ്ക്കുന്നത് മലബാറിലെ പുനരൈക്യ പ്രസ്ഥാനത്തിന് കൂടുതൽ ആളും അർത്ഥവും ആവശ്യമായിരുന്നു എന്നാണ്.

### 3.4. ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിന്റെ ആദ്യത്തെ സിറോ-മലങ്കര മിഷൻ

1934 സെപ്റ്റംബറിൽ മാർ ഇവാനിയോസ് ബോംബെ സന്ദർശിച്ച വേളയിൽ മൗണ്ട് പോയിൻസറിൽ വച്ച് അദ്ദേഹം ബ്ര. പൗലുസ് മോറിറ്റ്സിനെ കണ്ടു. ഷൊർണൂർ റയിൽവേ ജംഗ്ഷനിൽ വച്ച് ആർച്ചു ബിഷപ്പ് ബ്ര. ക്ലെമന്റ് ക്രീഗിനെ കണ്ടതിന്റെ ഒരു തുടർച്ചയായിരുന്നു ഈ സന്ദർശനം. ഈ കണ്ടുമുട്ടൽ ഒരു പൗരസ്ത്യ രൂപതയും ഒരു ലത്തീൻ കോൺഗ്രിഗേഷനും തമ്മിലുള്ള സഹകരണത്തിലേയ്ക്കു നയിച്ചു.

മാനസാന്തരപ്പെട്ടു കത്തോലിക്കാസഭയിൽചേർന്ന ഈ രണ്ടു വ്യക്തികൾ തമ്മിൽ കണ്ടുമുട്ടിയത് ശ്രദ്ധേയമായ ഒരു സംഭവമായിരുന്നു. ഇരുവരും സത്യാന്വേഷികൾ ആയിരുന്നു. സത്യം കണ്ടെത്തി കഴിഞ്ഞപ്പോൾ തങ്ങളുടെ ആത്മീയ അനുഭവവും സന്തോഷവും തങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്താൻ അവർ ആഗ്രഹിച്ചില്ല. അപ്പോഴും ഇരുട്ടിൽ തപ്പിത്തടഞ്ഞു നടന്നിരുന്നവരുമായി അതു പങ്കുവയ്ക്കാൻ അവർ ആഗ്രഹിച്ചു. ഈസ്റ്റ് പ്രൂസിയൻ തലസ്ഥാനമായ കോണിഗ്സ്ബർഗിനടുത്തുള്ള പ്രേദേൽ നദിയുടെ തീരത്തുള്ള ഒരു യഹൂദൻ മാനസാന്തരപ്പെട്ട് ബ്ര. പൗലുസ് ആയി. മലബാറിൽ ഏറ്റവും പവിത്രമായ നദിയായ പമ്പയുടെ തീരത്ത് ഒരു യാക്കോബായ മെത്രാൻ മാർ ഇവാനിയോസ്. ഇവർ പരസ്പരം മൗണ്ട് പോയിൻസറിൽ വച്ചു കണ്ടുമുട്ടി. ആർച്ചുബിഷപ്പിന്റെ ആവശ്യം ബ്ര. പൗലുസ് ശരിക്കും മനസ്സിലാക്കി. മാർ ഇവാനിയോസിനെ സഹായിക്കാൻ ബ്ര. പൗലുസ് മുമ്പോട്ടു വന്നു. ആ മഹാനായ മെത്രാനെ സഹായിക്കാൻ ആരും തന്നെ തയ്യാറാകാതിരുന്ന സമയത്തായിരുന്നു അത്.

മാർ ഇവാനിയോസിനെ സഹായിക്കാനെത്തിയ ആദ്യത്തെ മിഷനറി ബ്രദേഴ്സ് എഫ്രേം പൂപ്പാടിയും അക്വിനോ കടവിലും ആയിരുന്നു. ഇവർ കോൺഗ്രിഗേഷന്റെ ദക്ഷിണ 'ഗാർഡിയ'നൊപ്പം 1936 ഏപ്രിൽ 6–ാം തീയതി പന്തളത്ത് എത്തി. പുനരൈക്യപ്പെട്ടവർക്കു പുതിയ വിശ്വാസത്തിൽ ബ്രദേഴസ് ബോധനം നല്കി. ഒരു ഹ്രസ്വകാലത്തേയ്ക്ക് മാത്രമേ ബ്രദേഴ്സ് പന്തളത്ത് പ്രവർത്തനം നടത്തിയുള്ളു. അതിരൂപതയുടെ ഏറ്റം തെക്കുള്ള പ്രദേശത്തു പുറജാതിക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന മിഷനിൽ ബ്രദേഴ്സ് പ്രവർത്തിയ്ക്കണം എന്നാണ് ആർച്ചുബിഷപ്പ് ആവശ്യപ്പെട്ടത്. 1937 ഏപ്രിൽ 17–ാം തീയതി ബ്രദേഴ്സ് അക്വിനോ കടവിലിനെയും ജേക്കബ് തോട്ടത്തിനെയും അമ്പിളികോണം എന്ന സ്ഥലത്തേക്കയച്ചു. അവിടെ ചെത്തു തൊഴിലാക്കിയ ഒരു ജാതിക്കാരുടെ ഇടയിൽ, അതായത് നാടാർ സമുദായക്കാരുടെ ഇടയിൽ, ഒരു മിഷൻ ആരംഭിക്കുകയായിരുന്നു അവരുടെ ദൗത്യം. അവരുടെ ഇടയിൽ ക്രിസ്തുമതം സ്വീകരിക്കാനുള്ള ഒരു ബഹുജനപ്രസ്ഥാനം ഉണ്ടായിരുന്നു. ഇത് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം മുതലേ ദൃശ്യമായിരുന്നു. ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സും സീറോ മലങ്കര സഭയും സഹകരിച്ച് പ്രവർത്തിച്ചത് പലതു കൊണ്ടും ഇരുകൂട്ടർക്കും പ്രയോജനകരമായി. മലബാറിലെ പുനരൈക്യ പ്രസ്ഥാനത്തിന് അവർ

ഒരു നവ ഉന്മേഷം പകർന്നു. CMSF ബ്രദേഴ്സ് നിരവധി മിഷൻ കേന്ദ്രങ്ങൾ തുറന്നു. അനേകം ഗ്രാമങ്ങൾ ഈ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടിരുന്നു. ഈ ഗ്രാമങ്ങളിലെല്ലാം അവർ സുവിശേഷത്തിന്റെ സന്ദേശം പ്രചരിപ്പിച്ചു. ഈ ഗ്രാമങ്ങളിൽ ഏറ്റം പ്രധാനമായവ താഴെ പറയുന്നവയാണ്. അമ്പിളികോണം, നെല്ലിക്കാക്കുഴി, കാഞ്ഞിരംപാറ, മുൻഡേല, മരിയഗിരി, പാറശ്ശാല, വേറെയും ഗ്രാമങ്ങൾ ഉണ്ട്. ഇവയെല്ലാം ഇപ്പോൾ സ്ഥിരമായി സ്ഥാപിച്ച ഇടവകകളാണ്. ഓരോ ഇടവകയ്ക്കും 'സബ്-സെന്ററുകൾ' ഉണ്ട്. അതുപോലെ സാമന്ത രൂപതയായ തിരുവല്ലയിൽ സിറോ മലങ്കര സഭയിൽ പ്രവർത്തനങ്ങൾ തുടങ്ങിയ കാലത്ത് അഞ്ചൽപെട്ടി എന്ന സ്ഥലത്ത് ബ്രദേഴ്സിന് ഒരു മിഷൻ കേന്ദ്രം ഉണ്ടായിരുന്നു. ഈ കേന്ദ്രങ്ങളിലെല്ലാം ബ്രദേഴ്സ് നടത്തിയ പ്രവർത്തനങ്ങൾക്ക് ഏറെ ഫലമുണ്ടായി. അനേകായിരങ്ങളെ അവർ ക്രിസ്തുമതത്തിലേയ്ക്ക് കൊണ്ടുവന്നു, പ്രത്യേകിച്ചും നാടാർ സമുദായത്തിൽപ്പെട്ടവരെ. തിരുവനന്തപുരം അതിരൂപതയിൽ നാടാർ മിഷനുകളിൽ ബ്രദേഴ്സ് നടത്തിയ കഠിനാദ്ധ്വാനം താഴെ പറയും പ്രകാരം വിവരിക്കുന്നു:

''ബോംബെയിലെ മൗണ്ട് പോയിൻസറിലുള്ള മിഷനറി സൊസൈറ്റി ഓഫ് ദ ഫ്രാൻസിസ്കൻ ബ്രദേഴ്സ് തിരുവനന്തപുരം അതിരൂപതയുടെ തെക്കൻ പ്രദേശങ്ങളിൽ നിരവധി മിഷൻ സ്റ്റേഷനുകൾ തുറന്നു. സൂര്യോദയം തൊട്ട് സൂര്യാസ്തമയം വരെ അവർ തേനീച്ചകളെപ്പോലെ ഉത്സാഹപൂർവ്വം ജനങ്ങളുടെ ഇടയിൽ പണിയെടുക്കുന്നു. ജാതിമത വിവേചനം കൂടാതെ അവർ ജനങ്ങളുമായി ഇടപെടുന്നു. ബ്രദേഴ്സ് തന്നെ വളരെ ബുദ്ധിമുട്ടി, അരിഷ്ടതയിലാണ് ജീവിക്കുന്നത്. പക്ഷേ പാവപ്പെട്ടവർക്ക് അവർ ഭക്ഷണവും വസ്ത്രവും നല്കുന്നു. രോഗികൾക്കു മരുന്ന് നല്കുന്നു. ഒരു കുന്നിന്റെ മുകളിൽ ഒരു കൊച്ചു കപ്പേളയുണ്ട്. രണ്ടോ മൂന്നോ മുറികളുണ്ട്. അതാണ് മിഷനറി ബ്രദേഴ് താമസിക്കുന്ന 'ഭവനം'. സക്രാരിയിൽ സൂക്ഷിച്ചിരിക്കുന്ന ദിവ്യകാരുണ്യം കഴിഞ്ഞാൽ അവരുടെ ഏറ്റം വിലപ്പെട്ട ആസ്തി ഒരു സൈക്കിളാണ്. ജീവൻ പോയാലും അവർ സൈക്കിൾ ഉപേക്ഷിക്കില്ല. അവരെ കാണുമ്പോൾ നമുക്കു പറയാൻ തോന്നുക: ''*തിരുസഭയ്ക്ക് ഇവർ നല്കുന്ന വലിയ സേവനത്തിന് ദൈവമേ, ഇവരെ അനുഗ്രഹിക്കണമേ*'' എന്ന്.

## സമാപനം

അനേകം പ്രതിബന്ധങ്ങൾ ഉണ്ടായിരുന്നിട്ടും, വെല്ലുവിളികൾ നേരിട്ടുവെങ്കിലും മിഷനറി ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് എന്ന കോൺഗ്രിഗേഷൻ ഈ പ്രതികൂല സാഹചര്യങ്ങളിലും കൂടുതൽ ഊർജ്ജം ആർജ്ജിച്ചു, കൂടുതൽ ശക്തി പ്രാപിച്ചു. അവരുടെ അല്മായ മിഷനറി അരൂപി പൂർവ്വാധികം ശക്തി പ്രാപിച്ചു. ഉപഭൂഖണ്ഡത്തിൽ ക്രൈസ്തവ വിശ്വാസത്തിലേയ്ക്ക് നീങ്ങുന്ന പൊതുജന പ്രസ്ഥാനങ്ങൾ അവർ പ്രയോജനപ്പെടുത്തി. വിശ്വാസത്തിന്റെ വിത്ത് വിവിധ സമൂഹങ്ങളിൽ അവർ വിതറി. ബലാഹികൾ, സന്താൽ വർഗ്ഗക്കാർ, വാർലികൾ, ധോറിയകൾ, ആദി ദ്രാവിഡർ, പുലയർ, നാടാർ ഇവരുടെ ഇടയിലെല്ലാം ബ്രദേഴ്സ് സുവിശേഷം പ്രചരിപ്പിച്ചു. അങ്ങനെ പുതിയ ക്രൈസ്തവ സമൂഹങ്ങൾ സ്ഥാപിക്കുന്നതിൽ ബ്രദേഴ്സ് മുന്നോടികൾ ആയിരുന്നു. മിഷനറി സംരംഭങ്ങൾക്ക് തുടക്കം കുറിച്ചവർ അവരായിരുന്നു. 1897-1900 കാലയളവിൽ ഇന്ത്യയിൽ ഉണ്ടായ രണ്ടു വലിയ ക്ഷാമത്തിൽ ദരിദ്രരും അവശത അനുഭവിയ്ക്കുന്നവരുമായ വലിയൊരു ജനസമൂഹത്തിൽ ശുശ്രൂഷ ചെയ്തു CMSF അരൂപി രൂപപ്പെട്ടു. വിശാലമായ ഇന്ത്യൻ ഭൂഖണ്ഡത്തിലെ പ്രവർത്തനങ്ങളിലൂടെ ഈ അരൂപി കൂടുതൽ പക്വതനേടി. ഗ്രാമീണരുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും ഇടയിൽ ഇതേ രീതിയിലുള്ള പ്രവർത്തനം അവർ തുടർന്നു. തുടക്കം തൊട്ടേ ഈ മിഷനറിസഭ മർദ്ദിതരും ദരിദ്രരും ആയവർക്ക് ശുശ്രൂഷ ചെയ്തു. ഇത്തരം സേവനത്തിന് സ്വയം സമർപ്പിച്ചവരായിരുന്നു ഈ സഭയിലെ അംഗങ്ങൾ. സ്ഥാപനങ്ങൾ നടത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പല സന്യാസസഭകളും ഇപ്പോൾ ഒരുതരം ആശയക്കുഴപ്പത്തിലാണ്. സമൂഹത്തിലെ ഉന്നതർക്കേ തങ്ങളുടെ സേവനം പ്രയോജനപ്പെടുന്നുള്ളൂ എന്ന് അവർ തിരിച്ചറിയുന്നു. തങ്ങൾ നല്കേണ്ട സാക്ഷ്യം ഇതാണോ എന്ന് അവർ സ്വയം ചോദിച്ചുതുടങ്ങി. പ്രശസ്തങ്ങളായ ചില സ്ഥാപനങ്ങൾ ഉപേക്ഷിച്ച് ഗ്രാമങ്ങളിൽ പോയി സേവനമനുഷ്ഠിയ്ക്കാൻ അവർ തയ്യാറെടുക്കുന്നു. യഥാർത്ഥ ഇന്ത്യ ദശലക്ഷം ദരിദ്രരുള്ള ത്രസിക്കുന്ന ഗ്രാമങ്ങളാണ്. CMSFന്റെ അംഗങ്ങളെ സംബന്ധിച്ചിടത്തോളം വലിയ സ്ഥാപനങ്ങളെ ഉപേക്ഷിക്കേണ്ടതില്ല. കാരണം അവർക്കുള്ള ഏതാനും സ്ഥാപനങ്ങൾ പാവപ്പെട്ടവരെ

ലക്ഷ്യമാക്കിയുള്ളതാണ്. പാവപ്പെട്ടവർക്കുവേണ്ടി പ്രവർത്തിക്കുക, മുന്നോടിയാകുക - അവരുടെ ഈ അരൂപിയോടു നീതിപുലർത്തും. തുടർന്നും പാവങ്ങളുടെ ഇടയിലാകും അതിന്റെ CMSFന്റെ പ്രവർത്തനം. അവരിലെ ഒരു മുതിർന്ന അംഗം പറയുന്നതിത് ഇതാണ്:

''ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് തികച്ചും ദാരിദ്ര്യത്തിൽ ജീവിക്കുന്നവരാണ്. എളിമയുള്ളതും അന്യരുടെ ശ്രദ്ധ ആകർഷിയ്ക്കാത്തതുമായ ഒരു ജീവിതം നയിക്കാനാണ് ഇവർ ഇഷ്ടപ്പെടുന്നത്. അവർ ദരിദ്രരുമായി പൂർണ്ണമായും താദാത്മ്യം പ്രാപിക്കുന്നു. വെറും ബ്രദേഴ്സ് ആയിരിക്കുന്നതിൽ അവർ സന്തുഷ്ടരും സംതൃപ്തരുമാണ്. എല്ലാവരുടെയും സഹോദരർ. സുവിശേഷത്തിന്റെ എളിയ പ്രഘോഷകരാകാനാണ് അവർ ആഗ്രഹിക്കുന്നത്. തുടക്കംകുറിയ്ക്കുന്നവരും മുന്നോടികളും ആയി ദൈവവചനമാകുന്ന വിത്ത് അവർ വിതയ്ക്കുന്നു. ഉന്നത ഉദ്യോഗവും വിജയവും ലാഭവും നേട്ടവും ലക്ഷ്യംവയ്ക്കുന്ന ഒരു ലോകത്ത് അവർ നയിക്കുന്ന ജീവിതം വെല്ലുവിളിയുടെ ഒരു ജീവിതമാണ്.

○

# ഭാഗം III

## ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സിന്റെ സ്ഥാപകനായ ബ്ര. പൗലുസ് മോറിറ്റ്സ്. അദ്ദേഹം കോൺഗ്രിഗേഷന് തന്നിട്ടുപോയ മുന്നോടികളാകാനുള്ള അരൂപി

**അവതാരിക**

ഈ ഭാഗം രണ്ട് അദ്ധ്യായങ്ങളായി വിഭജിച്ചിരിക്കുന്നു. ബ്ര. പൗലുസ് മോറിറ്റസിന്റെ യഹൂദപശ്ചാത്തലം സംബന്ധിച്ച് ഞങ്ങൾക്കു ശേഖരിക്കാൻ കഴിഞ്ഞ വിവരങ്ങൾ പരസ്പരം കൂട്ടിയിണക്കി അവതരിപ്പിക്കാനാകും ഞങ്ങളുടെ ശ്രമം. നിർഭാഗ്യകരമെന്ന് പറയട്ടെ, ഇത് സംബന്ധിച്ചു രേഖകളൊന്നും ലഭ്യമല്ല. ഈ ഭാഗത്ത് വളരെ ഹ്രസ്വമായി ഞങ്ങൾ അപഗ്രഥിക്കുന്ന മറ്റൊരു വശം മിഷനറി ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് അസ്സീസിക്ക് അദ്ദേഹം സമ്മാനിച്ച 'മുന്നോടി' അരൂപിയാണ്. പുതിയ രംഗത്ത് സംരംഭങ്ങൾ പുതുതായി തുടങ്ങുന്നതിനുള്ള പ്രചോദനം, പുണ്യജീവിതം നയിച്ച ഫ്രാൻസിസ് ലിബർമാനും പ്രസിദ്ധനായ റാറ്റിസ് ബോണും കത്തോലിക്കാ വിശ്വാസം സ്വീകരിച്ച രണ്ട് യഹൂദവംശജരാണ്. ഇരുവരും ഓരോ സന്യാസസഭകൾ സ്ഥാപിച്ചു. അവരെപ്പോലെ പ്രശസ്തനല്ലെങ്കിലും ഈ വിഭാഗത്തിൽപ്പെടുന്ന ഒരാളാണ് ബ്ര. പൗലുസ് മോറിറ്റ്സ്. സവിശേഷതകളുള്ള ഒരു മിഷനറി കോൺഗ്രിഗേഷൻ സ്ഥാപിയ്ക്കുന്നതിൽ ബ്ര. പൗലുസ് ഒരു സുപ്രധാന പങ്കുവഹിച്ചു. സാധാരണക്കാരുടെയും ഗ്രാമീണരുടെയും ഇടയിൽ നിത്യരക്ഷയുടെ സദ്വാർത്ത പ്രവചരിപ്പിയ്ക്കാൻ സ്ഥാപിച്ചതാണ് ഈ സഭ. താൻ കണ്ടെത്തിയ സത്യം തനിയ്ക്കായി മാത്രം സൂക്ഷിക്കാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ ബ്ര. പൗലുസ് ആഗ്രഹിച്ചു. രണ്ടാമത്ത അദ്ധ്യായത്തിൽ മിഷനറി ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി എന്ന സന്യാസ സഭവഴി അദ്ദേഹം തിരുസഭയ്ക്ക് നല്കിയ മുന്നോടിയുടെയും അൽമായന്റെയും അരൂപിയ്ക്കും ഒരു വ്യാഖ്യാനം നല്കാൻ ഞങ്ങൾ ശ്രമിക്കും.

# അദ്ധ്യായം I

## ബ്ര. പൗലുസ് മോറിറ്റ്സിന്റെ യഹൂദ പശ്ചാത്തലവും അദ്ദേഹത്തിന്റെ ആദ്യകാല ജീവിതവും

### 1.1 ബ്ര. പൗലുസ് മോറിറ്റ്സിന്റെ ജന്മനാടായ കിഴക്കൻ പ്രഷ്യയിലെ കോണിഗ്സ്ബർഗ്

കിഴക്കൻ പ്രഷ്യയുടെയും കോണിഗ്സ്ബർഗ് എന്നുപേരുള്ള അഡ്മിനിസ്ട്രേറ്റീവ് ഡിസ്ട്രിക്റ്റിന്റെയും തലസ്ഥാനമായിരുന്നു, കോണിഗ് സ്ബർഗ്. രണ്ടാം ലോക മഹായുദ്ധത്തിനുശേഷം ഈ നഗരവും ചുറ്റുപാടുമുള്ള പ്രദേശങ്ങളും പിടിച്ചെടുത്ത് റഷ്യയുടെ ഭാഗമാക്കി. ഇപ്പോൾ കാലിനിഗ്രാഡ് എന്ന പേരിലാണ് അറിയപ്പെടുന്നത്. പ്രേഗൽ നദിയുടെ ഇരുകരകളിലുമായായാണ് ഈ നഗരം സ്ഥിതി ചെയ്യുന്നത്. നദി 7.5 കിലോ മീറ്റർ കൂടി ഒഴുകിയാണ് ബാൾട്ടിക് കടലിൽ പതിക്കുന്നത്. പോളണ്ടിനോടും റഷ്യയോടും അടുത്തുള്ള നഗരമായിരുന്നതിനാൽ 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വ്യാപാരത്തിന്റെയും വ്യവസായത്തിന്റെയും ഒരു കേന്ദ്രമായിരുന്നു കോണിഗ്സ്ബർഗ്. നാം ഇപ്പോൾ പരിഗണിക്കുന്നത് ഈ കാലഘട്ടമാണ്. പ്രഷ്യൻ സൈന്യത്തിന്റെ ഒരു ഗാരിസൺ നഗരത്തിൽ തങ്ങിയിരുന്നു. 1855-ൽ ഈ നഗരത്തിൽ 151, 51 ആളുകൾ ഉണ്ടായിരുന്നു. 1871-ൽ ഇതു 112,123 ആയി കുറഞ്ഞു. 139,795 പ്രോട്ടസ്റ്റന്റ് സഭക്കാരും 6174 കത്തോലിക്കരും 4155 യഹൂദരും ആണ് ഉണ്ടായിരുന്നത്.

### 1.2 കോണിഗ്സ്ബർഗിൽ യഹൂദരുടെ സാന്നിദ്ധ്യം

1549 വരെ കോണിഗ്സ്ബർഗിൽ യഹൂദർ ഉണ്ടായിരുന്നില്ല. ആകെ ഉണ്ടായിരുന്നത് യഹൂദരായ രണ്ടു ഭിഷഗ്വരന്മാരാണ്. 17-ാം നൂറ്റാണ്ടു തൊട്ടു കൂടുതൽ യഹൂദർ ഇവിടെ താമസമാക്കി. ലിത്വേനിയയിൽ നിന്നും പോളണ്ടിൽ നിന്നും യഹൂരായ കച്ചവടക്കാർ കോണിഗ്സ്ബർഗിലെ വ്യാപാരമേളകളിൽ പങ്കെടുക്കാൻ എത്തിയിരുന്നു. 1680-ൽ മേള അവസാനിക്കുംവരെ ഉപയോഗിക്കാൻ ഒരു പ്രാർത്ഥനാലയം തുറക്കാൻ അവർക്ക് അനുവാദം നല്കി. 1716 ആയപ്പോഴേക്കും കോണിഗ്സ്ബർഗിൽ 38 യഹൂദ കുടുംബങ്ങൾ ഉണ്ടായിരുന്നു. അന്ന് യഹൂദർ ആകെ 300 പേരുണ്ടായിരുന്നു. അവർ

ഒരു സിനഗോഗ് (യഹൂദ പ്രാർത്ഥനാലയം) തുറന്നു. റഷ്യയിൽ നിന്നും നിരന്തരം കുടിയേറ്റക്കാർ വന്നുകൊണ്ടിരുന്നു. 1925 ആയപ്പോഴേക്കും യഹൂദരുടെ സംഖ്യ 1,207 ആയി ഉയർന്നു.

## 1.3 ക്രൈസ്തവ ഭൂരിപക്ഷമായിരുന്ന പശ്ചിമ യൂറോപ്പിൽ യഹൂദർക്ക് അനുഭവിയ്ക്കേണ്ടി വന്ന പരാധീനതകൾ

യഹൂദർ സെമെറ്റിക്ക് വംശജരായിരുന്നതുകൊണ്ടും യേശു ക്രിസ്തുവിന്റെ കുരിശുമരണവുമായി അവർക്കു ബന്ധമുണ്ടായിരുന്ന തുകൊണ്ടും, പ്രധാനമായ ക്രൈസ്തവ മൂല്യങ്ങളും സ്വാധീനവും നിലനിന്നിരുന്ന ഒരു സമൂഹത്തിൽ യഹൂദർക്കു പല പരാധീനതകളും അസമത്വങ്ങളും അനുഭവി ക്കേണ്ടി വന്നു. ചേരി പ്രദേശത്തുള്ള കൂട്ടായ താമസം, കൊള്ളലാഭമുണ്ടാക്കുന്ന വ്യാപാര രീതികൾ ഇവ അവർ പൊതുസമൂഹത്തിന്റെ ഭാഗമാകുന്നതിന് തടസ്സമായി. യഹൂ ദർക്കെതിരായി ഏറെ വിവേചനം നിലവിലിരുന്നു. സമൂഹത്തിൽ മറ്റു ള്ളവർക്കുണ്ടായിരുന്ന പൗരാവകാശങ്ങൾ യഹൂദർക്കു നിഷേധിക്കപ്പെട്ടു. അവർ രണ്ടാംതരം അഥവാ മൂന്നാംതരം പൗരന്മാരായിരുന്നു. അവരുടെ ദയനീയമായ അവസ്ഥയെപ്പറ്റി ഒരു ഗ്രന്ഥകാരൻ ഇപ്രകാരം എഴുതുന്നു:

''പരദേശികളായി കഴിഞ്ഞ ഒരു ജനസമൂഹത്തിനോട് വർഗ്ഗപരമായ വിരോധം ചിലപ്പോൾ കഠിനമായിരുന്നു; ചിലപ്പോൾ അടിമകളോടു കാട്ടുന്ന തരവും. ഇതെല്ലാം സ്വാഭാവികമായും യഹൂദരെ ഇഷ്ടപ്പെടാതിരിക്കാൻ കാരണമായി. പശ്ചിമയൂറോപ്പിലെ ക്രൈസ്തവർക്കു നൂറ്റാണ്ടുകളായി യഹൂദവിദ്വേഷം എന്ന ലജ്ജാകര മായ അവസ്ഥ നിലനിന്നു.''

ഇതുപോലെ പ്രഷ്യയിലെ യഹൂദർക്കു സാമൂഹിക അസമത്വങ്ങൾ സഹിക്കേണ്ടി വന്നു. അവകാശങ്ങൾ ഒന്നുമില്ലാത്ത പൗരന്മാർ. പലതരം നിയന്ത്രണങ്ങളും പ്രഷ്യൻ സമൂഹം കർക്കശമായി ഏർപ്പെടുത്തിയിരുന്നു.

ഈ സമൂഹത്തിൽ അവരോടു സഹിഷ്ണുത കാട്ടുക എന്നതായിരുന്നു നീതി. പൊതുജനം കാട്ടിയ അസഹിഷ്ണുത വളരെ വർദ്ധിച്ചപ്പോൾ ചില പ്രഷ്യൻ ഭരണാധികാരികൾ അവർക്കു സംരക്ഷണം നല്കി. അവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തി. അവരുടെ സ്വാതന്ത്ര്യം നിയന്ത്രിച്ചിരുന്ന നിയമങ്ങൾക്കു അയവു വരുത്തി. ഇങ്ങനെ പ്രത്യേക സംരക്ഷണം ലഭിച്ച യഹൂദർ - സംരക്ഷിത യഹൂദർ എന്ന ഒരു പ്രത്യേക വിഭാഗമായി. 19-ാം

നൂറ്റാണ്ടിൽ യഹൂദരുടെ അവസ്ഥ മെച്ചപ്പെടുത്താൻ തുടങ്ങി. അമേരിക്കൻ ഭരണഘടന ഉണ്ടായതും ഫ്രെഞ്ചുവിപ്ലവവും കുറെ സ്വാധീനം ചെലുത്തി. പൗരന്മാർക്ക് പൗരസ്വാതന്ത്ര്യം നല്കുന്ന രണ്ടു സംഭവങ്ങളായിരുന്നു ഇവ. പശ്ചിമയൂറോപ്പിലെ ഭരണകൂടങ്ങളിൽ ഇവ രണ്ടും സ്വാധീനം ചെലുത്തി. അങ്ങനെ ഈ രാജ്യങ്ങളിലെ യഹൂദർക്കും സമൂഹത്തിൽ മറ്റുള്ളവർ അനുഭവിക്കുന്ന അവകാശങ്ങൾ ലഭ്യമായി.

1812-ലെ ഒരു ഈഡിക്റ്റ് (ഉത്തരവ്) വഴി പ്രഷ്യയിലെ യഹൂർക്കും പൗരാവകാശം നല്കപ്പെട്ടു. അങ്ങനെ അവർക്കു പ്രഷ്യയിൽ സൈന്യത്തിൽ ചേരുന്നതിനും അങ്ങനെ രാജ്യത്തോടുള്ള കൂറ് തെളിയിക്കുന്നതിനും സാധിച്ചു. 1817-ലെ ജർമ്മൻ ഇംപീര്യൽ പാർലമെന്റിന്റെ ഒരു ഉത്തരവിലൂടെ യഹൂദർക്കുണ്ടായിരുന്ന എല്ലാ പരാധീനതകളും പരിഹരിക്കപ്പെട്ടു. ജർമ്മൻ ഭൂപ്രദേശത്ത് യഹൂദർക്കു പരിപൂർണ്ണ സ്വാതന്ത്ര്യം ലഭിച്ചു.

പൗരാവകാശങ്ങൾ ഉറപ്പായതോടുകൂടി പ്രഷ്യയിലെ യഹൂദന്മാരിൽ ഉന്നതശ്രേണിയിലുണ്ടായിരുന്നവർ വളരെ സമ്പന്നരായി. പ്രഷ്യയിലെ സാമ്പത്തിക സാമൂഹിക മേഖലകളിൽ സജീവമായി പങ്കെടുക്കുകവഴി അവർ പ്രശസ്തരായി. ബർലിന്നൊപ്പം കോണിഗ്സ്ബർഗും യഹൂദരുടെ മോചനത്തിന്റെ, സ്വാതന്ത്ര്യത്തിന്റെ ഒരു കേന്ദ്രമായി. സമ്പന്നരായ യഹൂദ കുടുംബങ്ങൾ ക്രൈസ്തവസമൂഹത്തിൽ സ്വീകാര്യരായി. അവരിൽ ഏറ്റം പ്രശസ്തർ തുണി വ്യാപാരികളായിരുന്ന എച്ച്.ജെ. ഫ്രീഡ്ലാൻഡറുടെ കുടുംബമായിരുന്നു.

### 1.4 ഹെയ്മൻ ഹെർമിന്റെ ജനനം

1869 ജൂൺ 29-ാം തീയതി കോണിഗ്സ്ബർഗിലെ മജിസ്തർ സ്ട്രീറ്റ് 36-ൽ ഒരു ആദ്യജാതൻ പിറന്നു. ജേക്കബ് മോറിറ്റ്സിന്റെയും ബേർത്തയുടെയും പുത്രൻ. (ബേർത്തയുടെ കുടുംബം വെഡെൽ)മോശയുടെ നിയമപ്രകാരം, കുട്ടി പിറന്ന് എട്ടാം ദിവസം കോണിഗ്ബർഗ് സിനഗോഗിൽ വച്ച് 'ഛേദനാചാരം' നിർവഹിച്ചു. ഹേയ്മൻ ഹേർമൻ മോറിറ്റ്സ് എന്ന പേരും നല്കി. അന്ന് ആ ചടങ്ങിൽ പങ്കെടുത്ത ആർക്കും, ആ കൊച്ചു ഹെയ്മൻ ഹെർമൻ ഭാവിയിൽ തന്റെ പിതാക്കന്മാർ നടന്ന പാതയിൽ നിന്നു വ്യത്യസ്തമായ വഴിയേ നടക്കുമെന്ന് സങ്കല്പിക്കാൻ ആകുമായിരുന്നില്ല. കാർമ്മികനായിരുന്ന ഡോ. ഐസക് ബാംബെർഗൻ എന്ന റബ്ബിക്കും ഭാവി മുൻകൂട്ടി കാണാൻ കഴിഞ്ഞില്ല.

## 1.5 ഹെയ്മാൻ ഹെർമൻ മോറിറ്റ്സിന്റെ കുടുംബപശ്ചാത്തലം

നവജാത ശിശുവിന്റെ പിതാവ് ജേക്കബ് മോറിറ്റ്സ് ഒരു ചെറുകിട വ്യാപാരി ആയിരുന്നു. ഉപയോഗിച്ച പഴയ സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്തിരുന്നു. (വ്യാപാരം ജർമ്മൻ ടോഡ്ലറിൽ) താമസം 1886-ൽ കോണിസ്ബർഗിലെ സ്ടിറ്റസിഗാസ്സ് 23-ൽ, ഹെയ്മാൻ ഹെർമാൻ ജനിച്ച 1869-ൽ മോറിറ്റ്സ് കുടുംബം താമസിച്ചിരുന്നത് മജിസ്തർ സ്ട്രിറ്റ് 36-ൽ ആയിരുന്നു. കോണിഗ്സ്ബർഗിലെ യഹൂദഭവനത്തിന്റെ വിവരങ്ങളടങ്ങിയ ജറുസലേം രേഖകളിൽ ഹെർമന്റ് അമ്മയുടെ ജോലി സംബന്ധിച്ച വിവരങ്ങൾ ഒന്നും ഇല്ല. ഈ രേഖകളിൽ നിന്നാണ് ബ്ര. പൗലുസ് മോറിറ്റ്സിന്റെ യഹൂദ പശ്ചാത്തലം സംബന്ധിച്ച് പ്രധാനമായും നമുക്കു വിവരങ്ങൾ ലഭിക്കുന്നത്. ഈ സ്ത്രീ ഒരു സാധാരണ വീട്ടമ്മ ആയിരുന്നു എന്ന് ന്യായമായും അനുമാനിക്കാം. മേൽപറഞ്ഞ രേഖകൾ പ്രകാരം ജേക്കബ് മോറിറ്റ്സ് ബേർത്ത വെഡെലിനെ 1869 ഫെബ്രുവരി 2-ാം തീയതി വിവാഹം കഴിച്ചു. നാലുവർഷങ്ങൾക്കു ശേഷം മോറിറ്റ്സ് ദമ്പതികൾക്ക് രണ്ടാമത് ഒരു പുത്രൻ കൂടി ജനിച്ചു. ഹെയ്മൻ ഹെർമന്റ് സഹോദരൻ ഈ കുട്ടിക്ക് സാളൊമോൻ അഥവാ സോളോമോൻ എന്ന പേരിട്ടു. ഈ കുട്ടി ജനിച്ചതു 1873 ജൂലൈ 12-ാം തീയതി ആയിരുന്നു. ഇതിനുശേഷം മോറിറ്റ്സ് കുടുംബത്തിൽ ഏതെങ്കിലും കുട്ടി ജനിച്ചതായി രേഖകളിൽ കാണുന്നില്ല. ഇതിൽ നിന്ന് അനുമാനിക്കേണ്ടത് ബ്ര. പൗലുസ് മോറിറ്റ്സിന് ഒരു സഹോദരൻ മാത്രമേ ഉണ്ടായിരുന്നുള്ളു എന്നാണ്. ഈ കാലയളവിൽ മോറിറ്റ്സ് കുടുംബം കോണിഗ്സ്ബർഗിലെ മജിസ്തർ സ്ട്രീറ്റ് 36-ൽ തന്നെയാണ് താമസിച്ചിരുന്നത്. കോണിഗ്സ്ബർഗിൽ മോറിറ്റസ് എന്ന കുടുംബപേരുള്ള അനേകം യഹൂദ കുടുംബങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഈ കുടുംബങ്ങൾക്കു ബ്ര. പൗലുസ് മോറിറ്റ്സിന്റെ കുടുംബവുമായി എന്തു ബന്ധമാണ് ഉണ്ടായിരുന്നത് എന്ന് നിർണ്ണയിക്കുക പ്രയാസമാണ്. അവരിൽ മിക്കവരും സമ്പന്നരായ ബിസിനസ്സുകാരായിരുന്നു.

കോണിഗ്സ്ബർഗിലെ യഹൂദ സമൂഹത്തിൽ എങ്ങനെയുള്ള ഒരു വിദ്യാഭ്യാസമാകണം ബാലനായ മോറിറ്റ്സിന് ലഭിച്ചിരിക്കുക? ഒരു ഏകദേശ ചിത്രം നമുക്കു ലഭിച്ചിട്ടുണ്ട്. എന്നാൽ ഏതളവിൽ, എത്രമാത്രം, സാമാന്യ വിദ്യാഭ്യാസം ലഭിച്ചു എന്ന് ഊഹിക്കാനേ നമുക്കു നിവൃത്തിയുള്ളു. ഇതു സംബന്ധിച്ച രേഖകളൊന്നും

കിട്ടാനില്ല. അദ്ദേഹമോ കോണിഗ്സ്ബർഗിലെ ജറുസലേം രേഖകളോ ഒന്നും പറയുന്നില്ല. അദ്ദേഹത്തിന്റെ ചെറുപ്പകാലത്ത് കോണിഗ്സ്ബർഗിൽ മൂന്നു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. ഇവയിൽ ഏതെങ്കിലും ഒന്നിൽ അദ്ദേഹം പഠിച്ചിരുന്നുവോ എന്നു നിശ്ചയമില്ല. ഒരു സാധാരണ ബിസിനസ്സുകാരന്റെ പുത്രനെന്ന നിലയ്ക്ക് യൂണിവേഴ്സിറ്റിയിൽ ഉന്നത വിദ്യാഭ്യാസം നേടിയിരിക്കാൻ ഇടയില്ല. യഹൂദന്മാർക്കു സ്വാതന്ത്ര്യം നല്കിക്കൊണ്ടുള്ള ഉത്തരവ് ഉണ്ടായ ശേഷം പ്രഷ്യയിലെ ഏതു വിദ്യാലയത്തിലും പ്രവേശനം നേടാൻ യഹൂദർക്കു കഴിയുമായിരുന്നു. ഈ സാഹചര്യത്തിൽ സ്കൂളിൽ ചേർന്ന് പഠിച്ച് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി എന്ന് കരുതാം. ഇതോടൊപ്പം കോണിഗ്സ്ബർഗിലെ സിനഗോഗ് കമ്മ്യൂണിറ്റി സ്കൂളിൽ പഠിച്ചു യഹൂദനെന്ന നിലയിലുള്ള പരിശീലനവും പൂർത്തിയാക്കി. അവിടെ ഏതു തലം വരെയുള്ള വിദ്യാഭ്യാസം ലഭിച്ചു എന്ന് നമുക്കറിയാം. അദ്ദേഹത്തിന്റെ ആദ്യകാല രചനകൾ വ്യക്തമാക്കുന്നത് ലത്തീൻ ഭാഷയിൽ അടിസ്ഥാനപരമായ അറിവുണ്ടായിരുന്നു എന്നാണ്. യഹൂദരുടെ സ്വന്തം ഭാഷയായ 'യിഡ്ഡിഷ്' (ഇതു ജർമ്മനും ഹീബ്രുവും കൂട്ടിക്കലർത്തിയുള്ള ഒരു ഭാഷയാണ്.) യഹൂദബാലൻ എന്ന നിലയ്ക്ക് ഹീബ്രുവും ജർമ്മൻ യഹൂദൻ എന്ന നിലയ്ക്ക് യിഡ്ഡിഷും സംസാരിച്ചിരിക്കും. ജർമ്മൻഭാഷ കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര സാമർത്ഥ്യമുണ്ടായിരുന്നു എന്നതിനു തെളിവുണ്ട്. അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പശ്ചാത്തലം സംബന്ധിച്ചു ശ്രദ്ധേയമായ ഒരു കാര്യം അദ്ദേഹത്തിന്റെ കയ്പട (ഹാൻഡ്റൈറ്റിങ്) വളരെ സുന്ദരമായിരുന്നു.

### 2.1 ഹെയ്മൻ ഹെർമാന്റെ യഹൂദ പരിശീലനം

കോണിസ്ബർഗിലെ യഹൂദസമൂഹത്തിന് 1820 വരെ ഒരു വിദ്യാലയം ഇല്ലായിരുന്നു. ആ വർഷമാണ് മതബോധകനും പ്രഭാഷകനുമായ ഐസക് ആഷർ ഫ്രാങ്കോം എത്തിയത്. കോണിഗ്സ്ബർഗ് യഹൂദ സമൂഹത്തിലെ ഒരു നവീകരണ പ്രസ്ഥാനത്തിന്റെ അനുയായി ആയിരുന്നു അദ്ദേഹം. മതബോധനം നല്കാൻ ഒരു വിദ്യാലയം തുടങ്ങാൻ അദ്ദേഹം തീരുമാനിച്ചു. യാഥാസ്ഥിതികർ ഈ നീക്കത്തെ ചെറുത്തു. ഫ്രാങ്കോം സ്ഥലംവിട്ടു പോയി. അദ്ദേഹത്തിന്റെ ജോലി ലെവിൻ സാൽഷുട്സ് തുടർന്നു. ഹെയ്മൻ ഹെർമൻ കോണിഗ്സ്ബർഗിലെ യഹൂദ സമൂഹത്തിന്റെ

മതബോധന വിദ്യാലയത്തിൽ പഠിച്ചിരുന്നു എന്ന് നമുക്ക് വ്യക്തമായറിയാം. 1881-1883 കാലത്തെ അറ്റൻഡൻസ് രജിസ്റ്ററിൽ (ഹാജർ ബുക്കിൽ) അദ്ദേഹത്തിന്റെ പേരുണ്ട്. അന്ന് അദ്ദേഹത്തിന്റെ പ്രായം പതിമൂന്ന്, പതിനാല്. കോണിഗ്സ്ബർഗിലെ സിനഗോഗ് റിലീജ്യസ് സ്കൂളിൽ 1887-ൽ 267 കുട്ടികൾ ഉണ്ടായിരുന്നു. കോണിഗ്സ്ബർഗ് സിനഗോഗിലെ മുഖ്യ റാബ്ബി. ഡാ. ഐസക് ബാംബർഗൻ ആയിരുന്നു സ്കൂളിന്റെ തലപ്പത്ത്. ഡാ. വുൾഫ് ബർഗാൻ, സോഹൻ, വിബൻ എന്നിവർ അവിടെ അദ്ധ്യപകരായിരുന്നു . സ്കൂളിന് അഞ്ചു തലങ്ങൾ (ക്ലാസ്സുകൾ) ഉണ്ടായിരുന്നു.

സ്കൂളിൽ പഠിച്ചിരുന്ന പ്രധാന വിഷയങ്ങൾ എന്തായിരുന്നിരിക്കാം? യഹൂദരുടെ മതവിശ്വാസം, യഹൂദസാഹിത്യവും ചരിത്രവും, ജർമ്മനിയിലും യൂറോപ്പിലുമുള്ള യഹൂദരുടെ ചരിത്രം കോണിസ് ്ബർഗിലെ ഭാവി യഹൂദ തലമുറക്കു അവരുടെ മതവിശ്വസത്തിൽ വേണ്ടത്ര പരിശീലനം എന്നിവ ഈ വിദ്യാലയത്തിൽ നിന്നു ലഭിച്ചിരുന്നു.

പൊതുവേ പറഞ്ഞാൽ യഹൂദ പരിശീലനത്തിന്റെ ഉദ്ദേശം യുവയഹൂദനെ മോശയുടെ നിയമം പാലിക്കുന്നവനാക്കുക എന്നതായി രുന്നു. അതുപോലെ തന്നെ 'ടാൽമുഡിൽ' കൊടുത്തിട്ടുള്ള നിർദ്ദേശങ്ങളും പിന്തുടരണം. ആത്മീയവും നിയമപരവും സാംസ്കാരികവുമായ പ്രബോധനങ്ങളുടെ ഒരു സമാഹാരമാണ് ടാൽമുഡ്. യഹൂദപാരമ്പര്യത്തിന്റെ ഹൃദയമാണ് ടാൽമുഡ്. നൂറ്റാണ്ടുകളായി വാചാ പകർന്നുകൊടുത്ത ജ്ഞാനം എഴുതിവച്ചിരി ക്കുന്നതാണ് ടാൽമുഡ്. 1500 വർഷം മുമ്പ് എഴുതി ഉണ്ടാക്കിയ ഈ ഗ്രന്ഥത്തിന് രണ്ടു വ്യത്യസ്ത രൂപങ്ങളുണ്ട്. ഉത്ഭവസ്ഥാനത്തെ അടിസ്ഥാനമാക്കി രണ്ടുപേരുകളുണ്ട്. സാധാരണ ഉപയോഗിക്കുന്നതു ബാബിലോണിയൻ ടെക്സ്റ്റാണ്. ഇതിൽ 2.5 ദശലക്ഷം വാക്കുകളുണ്ട്. അത്ര അറിയപ്പെടാത്തതാണ് ജറുസലേം ടാൽമുഡ്. മറ്റതിന്റെ പകുതി ദൈർഘ്യമേ ഇതിനുള്ളു. എന്നാൽ ഇതിൽ പല വിഭാഗവും വളരെ ചരുക്കിയിരിക്കുന്നതുകൊണ്ട് ്മനസ്സിലാക്കാൻ പ്രയാസമാണ്. ഇതിന്റെ സന്ദേശം പണ്ഡതിന്മാർ ക്കറിയാമായിരുന്നു; ചുരുക്കം മറ്റുള്ളവർക്കും കോണിഗ്സ്ബർഗിലെ മുഖ്യ റാബ്ബി ഡാ. ഐസക് ബാംബേർഗൻ തന്നെയാണ് ചെറുപ്പക്കാരായ യഹൂദർക്കു മതബോധനം നല്കിയത്.

## 2.2 ഹെയ്മൻ ഹെർമൻ മോറിറ്റ്സിന്റെ ഉപനയന ചടങ്ങ് (ഔപചാരികമായി അംഗത്വം നല്കൽ)

ഹെയ്മൻ ഹെർമന് പതിമൂന്നു വയസ്സു പ്രായമായപ്പോൾ യഹൂദമതം നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് അദ്ദേഹത്തെ എല്ലാ അനുഷ്ഠാനങ്ങളോടുംകൂടി കോണിഗ്സ്ബർഗിലെ യഹൂദസമൂഹത്തിന്റെ അംഗമാക്കി. ഇതു സംബന്ധിച്ച രേഖകളൊന്നും നമുക്കു കിട്ടിയിട്ടില്ല. എങ്കിലും നമ്മുടെ ഭാവനാശക്തി പ്രയോഗിച്ച് അക്കാലത്തെ കോണിഗ്സ്ബർഗിലെ യഹൂദസമൂഹത്തെപ്പറ്റി അറിയാവുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ, ആളുകളുടെ പ്രത്യേകതകൾ, സ്ഥലനാമങ്ങൾ മുതലായവ പ്രയോജനപ്പെടുത്തി, ആ ചടങ്ങു നടന്ന രംഗം പുനഃസൃഷ്ടിക്കാൻ നമുക്കു കഴിയും. യഹൂദനായ ഒരു ബാലന്റെ പതിമൂന്നാം വയസ്സ് വളരെ പ്രധാനപ്പെട്ടതാണ്. കാരണം, അന്നുതൊട്ട് അവൻ യഹൂദസമൂഹത്തിൽ പ്രായപൂർത്തിയായ ഒരംഗമായി കരുതപ്പെടും. ഔപചാരികമായി അംഗമാക്കി, സമൂഹത്തിനു മുഴുവൻ സ്വീകാര്യനാക്കും. അന്ന്തൊട്ട് പ്രാർത്ഥന എഴുതിയിട്ടുള്ള 'പാർച്ച്മെന്റ്' ലഭ്യമാക്കും; അന്ന്തൊട്ട് മോശയുടെ നിയമം അനുശാസിക്കുന്നതെല്ലാം ചെയ്യണം. ചുരുക്കിപ്പറഞ്ഞാൽ അന്നുതൊട്ട് ആയാൾ ഒരു യഥാർത്ഥ ഇസ്രായേലി ആയിരിക്കും. കഠിനമായ ഒരു തയ്യാറെടുപ്പിനും പരിശീലനത്തിനും ശേഷമാണ് ഈ ചടങ്ങു നടക്കുക. നിശ്ചിത ദിവസം സാധാരണ ഒരു സാബത്ത് ദിവസം (ശനിയാഴ്ച), രാവിലെ യഹൂദ സമൂഹത്തിന്റെ മുമ്പാകെ സിനഗോഗിൽ വച്ചാകും ചടങ്ങ്. നമ്മുടെ ഹേർമൻ മോറിറ്റ്സ് എന്ന യുവാവിന്റെ ചടങ്ങ് എങ്ങനെ നടന്നു എന്നു നമുക്ക് സങ്കല്പിക്കാം.

ഒരു സാബത്ത് ദിവസം രാവിലെ കോണിഗ്സ്ബർഗിലെ മുഖ്യസിനഗോഗിൽ 1882-ലെ വേനൽ മാസത്തിൽ സന്തുഷ്ടനായ പിതാവ് ജേക്കബ് മോറിറ്റ്സ് അഭിമാനപൂർവ്വം തന്റെ ആദ്യജാതൻ ഹെമൻ ഹെർമൻ മോറിറ്റ്സിനെ, ആ പ്രദേശത്തെ യഹൂദരെല്ലാം ഒത്തുകൂടിയിരിക്കെ ഉയർന്ന മേൽക്കൂരയുള്ള സിനഗോഗിന്റെ മധ്യതളത്തിൽ മാതാവായ ബേർത്തയ്ക്കും അനുജൻ സോളമനിനും ഒപ്പം കൊണ്ടുവരുന്നു. ബഞ്ചുകളിൽ അല്ലെങ്കിൽ ചുവരിനോട് ചേർത്ത് ഇട്ടിരിക്കുന്ന കുഷനുകളിൽ സമൂഹത്തിലെ മൂപ്പന്മാർ ഇരിക്കുന്നു. കീഴ്വഴക്കം അനുസരിച്ച്, സ്ത്രീകൾ പുരുഷന്മാർക്കൊപ്പം ഇരിക്കുന്നില്ല. അവർ ഒരു ബാൽക്കണിയിലാണ്. അവിടെ നിന്നു താഴോട്ടു നോക്കിയാൽ ചടങ്ങ് വീക്ഷിക്കാം. ഈ സ്ത്രീകൾക്കിടയിൽ

ഹേർമ്മന്റെ അമ്മ ബേർത്തയെ കാണാം. ഏഴു മുഖ്യ വായനക്കാരിൽ ഒരാൾ സിനഗോഗിന്റെ ആംബായിൽ വന്നു ഉച്ചത്തിൽ വിളിച്ചു പറയുന്നു: 'ഹെയ്മൻ ഹെർമൻ മോറിറ്റ്സ്' ഈ യുവാവിനെ ഔപചാരികമായി സമൂഹത്തിൽ ചേർക്കുന്നതിന് ആർക്കെങ്കിലും എന്തെങ്കിലും തടസ്സം ഉന്നയിക്കാനുണ്ടോ എന്ന് ചോദിക്കുന്നു. ആർക്കും തടസ്സം ഇല്ലാത്തതു കൊണ്ട്, മുഖ്യ കാന്റർ വിന്റർടൗബ് അല്ലെങ്കിൽ സോഹൻ ബൈബിൾ വായനയിൽ പങ്കെടുക്കാൻ ഹെയ്മൻ ഹെർമൻ മോറിറ്റ്സിനെ ക്ഷണിക്കുന്നു. ക്ഷണിക്കപ്പെട്ട ഹെർമൻ സിനഗോഗിന്റെ ഏറ്റം പവിത്രമായ ഭാഗത്തേക്കു കടന്നുചെല്ലുന്നു. അപ്പോൾ വായന തുടങ്ങും. മുഖ്യ റാബ്ബി ഡാ. സാം ബർഗർക്കു വേണമെങ്കിൽ വായിച്ചഭാഗം വിശദീകരിക്കാം. ഇതു കഴിഞ്ഞു സങ്കീർത്തനങ്ങൾ ആലപിക്കുന്നു. ചടങ്ങ് അവസാനിക്കുന്നതിനെ തൊട്ടു മുമ്പ് കിഴക്കോട്ടു തിരിഞ്ഞ് അസംബ്ലിയുടെ പ്രസിഡന്റ് മാസ്ഡിനിയൽ, അല്ലെങ്കിൽ ജൂലിയസ് ഡാനിയേൽ ആറോന്റ് ആശീർവാദം നല്കുന്നു. യുവാവായ ഹെർമൻ മോറിറ്റ്സിനെ ആശീർവദിക്കുന്നു.

### 2.3 കോണിഗ്സ്ബർഗിലെ യഹൂദരിൽ ചിലർ ക്രിസ്തുമതം സ്വീകരിക്കുന്നു

യുവാവായ ഹെർമൻ മോറിറ്റ്സ് കോണിഗ്സ്ബർഗിലെ യഹൂദ സമൂഹത്തിൽ ഔപചാരികമായി അംഗമായിക്കഴിഞ്ഞു. തത്ക്കാലം ഇദ്ദേഹത്തെ വിട്ടിട്ട് 19-ാം നൂറ്റാണ്ടിലെ കോണിഗ്സ്ബർഗ് യഹൂദ സമൂഹത്തെപ്പറ്റി കൂടുതൽ അന്വേഷിക്കുന്നത് നമ്മുടെ പഠനവിഷ യത്തെ സംബന്ധിച്ചിടത്തോളം കൂടുതൽ പ്രസക്തമായിരിക്കും. ഇപ്പോൾ നാം പഠിക്കുന്ന വിഷയം യഹൂദർ മാനസാന്തരപ്പെട്ട് ക്രൈസ്തവർ ആകുന്നതാണ്. പ്രഷ്യയിലെ യഹൂദർ ക്രിസ്തുമതം സ്വീകരിച്ചത് ഹ്രസ്വമായി വിവരിക്കാം. 1890 – 1895 കാലഘട്ടത്തിൽ ജർമ്മൻ റൈക്-ൽ ഉണ്ടായിരുന്ന 5,60,000 യഹൂദരിൽ 3,60,000 പേരും പ്രഷ്യയിലായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ എഴുപതുകളിൽ (1870-79) കോണിഗ്സ്ബർഗിലെ യഹൂദരുടെ ഇടയിൽ ക്രിസ്തുമതത്തിൽ ചേരാൻ ഒരു പ്രസ്ഥാനമുണ്ടാക്കി. ഇതിനെ പ്രോട്ടസ്റ്റന്റ് തിയോളജി യൻസും ആ സഭയിലെ തീക്ഷ്ണതയുള്ള അൽമായരും പ്രോത്സാ ഹിപ്പിച്ചു. ഭരണാധികാരികൾ ഈ നീക്കത്തെ സംശയദൃഷ്ടിയോടെ യാണ് വീക്ഷിച്ചിരുന്നത്. യഹൂദസമൂഹത്തിലെ പ്രായമായവരിൽ ഇത് ദുഃഖവും വേദനയും ഉണ്ടാക്കി. ഈ പ്രതിഭാസത്തിന് പ്രചോദകമായിരുന്നത്

ഭൗതികമായ സാഹചര്യമായിരുന്നു. സമൂഹത്തിൽ പദവിയും അംഗീകാരവും ലഭിക്കാൻ സഹായകമായിരുന്നു മതംമാറ്റം. പല പ്രൊട്ടസ്റ്റന്റ് സഭകളും യഹൂദ മിഷനുകൾ തുറന്നു. ഇവയിൽ പ്രധാനപ്പെട്ടത് ബർലിൻ സൊസൈറ്റി ഫോർ ദ സ്പ്രെഡ് ഓഫ് ക്രിസ്റ്റ്യാനിറ്റി എമങ് ദ ജൂസ് ആയിരുന്നു. 1821-ൽ ആയിരുന്നു ഇത് സ്ഥാപിച്ചത്. 1816-നും 1843-നും ഇടയ്ക്ക് പ്രൊട്ടസ്റ്റന്റ് സഭക്കാർ 3273 യഹൂദരെ മാനസാന്തരപ്പെടുത്തിയിരുന്നു. 1812നും 1829നും ഇടയ്ക്കു 605 മാനസാന്തരം നടന്നു. 1880-ൽ ഇതു 120 ആയി കുറഞ്ഞു. 1875-1888 കാലഘട്ടത്തിൽ ആകെ 1901 യഹൂദർ പ്രോട്ടസ്റ്റന്റ് സഭകളിൽ ചേർന്നു.

മാനസാന്തരപ്പെട്ടവർ അധികവും കത്തോലിക്കാസഭയിലല്ല, പ്രോട്ടസ്റ്റന്റ് സഭകളിലാണ് ചേർന്നത്. കാരണം, ആ സഭകളിലെ വിശ്വാസവും ആചാരങ്ങളും കുറെക്കൂടെ സ്വാതന്ത്ര്യം നല്കുന്നവ രായിരുന്നു. 1880-കളിലാണ് പിന്നീട് വലിയ തോതിൽ മാനസാന്തരം നടന്നത്. 1870-1871-ലെ ഫ്രാങ്കോ പ്രഷൻ യുദ്ധത്തിനുശേഷം യഹൂദർക്കെതിരായ ഒരു പ്രസ്ഥാനം രൂപപ്പെട്ടു. ഇതു യഹൂദരുടെ ഇടയിൽ ഭീതി പരത്തി. നൂറു കണക്കിന് യഹൂദർ ക്രിസ്തുമതം സ്വീകരിച്ചു. കോണിഗ്സ്ബർഗിൽ 1858-ൽ ധാരാളം യഹൂദർ, പ്രത്യേകിച്ചും ഉന്നതപദവിയിലുള്ളവർ ക്രിസ്തുമതത്തിൽ ചേർന്നു. മേൽ പറഞ്ഞ പ്രോട്ടസ്റ്റന്റ് സഭക്കാരുടെ യഹൂദമിഷൻ കൂടാതെ വേറെ പല മിഷനുകളും ഉണ്ടായി. അതിൽ ഒന്നാണ് 'സെൻട്രൽ ഓർഗനൈസേഷൻ ഓഫ് എവാഞ്ചലിക്കൽ ലൂഥറൻ മിഷൻസ് എമങ് ദി ഇസ്രാലൈറ്റ്സ്'. ഇത് 1871ൽ ലേയ്പ്സിഗിൽ സ്ഥാപിച്ചതാണ്. ഇതുപോലെ ഇംഗ്ലണ്ടിൽ രണ്ടു യഹൂദ മിഷൻ ഉണ്ടായി. 'ലണ്ടൻ സൊസൈറ്റി ഫോർ പ്രൊമോട്ടിങ്ങ് ക്രിസ്റ്റ്യാനിറ്റി എമങ് ദ ജൂസ്', 'ബ്രിട്ടീഷ് സൊസൈറ്റി ഫോർ ദ പ്രൊപഗേഷൻ ഓഫ് ദ ഗോസ്പൽ എമങ് ദ ജൂസ്'. ഇത് 1890-ൽ സ്ഥാപിച്ചതാണ്. ഇതുരണ്ടും ജർമ്മനിയിൽ യൂറോപ്പിന്റെ മറ്റുഭാഗങ്ങളിലും മിഷൻ സ്റ്റേഷനുകൾ തുടങ്ങി. കോണിഗ്സ്ബർഗിൽ നിന്ന് അനേകം യഹൂദർ ഇംഗ്ലണ്ടിൽ പോയി അവിടെ ജ്ഞാനസ്നാനം സ്വീകരിക്കുന്നതായി കാണാം.

### 2.4 ഹെയ്മൻ ഹെർമൻ മോറിറ്റ്സ് മാനസാന്തരപ്പെട്ട് ക്രിസ്തുമതം സ്വീകരിച്ചതു സംബന്ധിച്ച ഒരു താത്ക്കാലിക സിദ്ധാന്തം

ബ്ര. പൗലുസ് മോറിറ്റ്സ് യഹൂദ മതം ഉപേക്ഷിച്ചു ക്രിസ്തുമതം സ്വീകരിച്ചതു സംബന്ധിച്ച ഗവേഷണം തറപ്പിച്ചു പറയാവുന്ന കാര്യങ്ങൾ കണ്ടെത്തിയിട്ടില്ല. ഊഹാപോഹത്തിന്റെ സാധ്യതകളുടെ,

തലത്തിലാണ് നിഗമനങ്ങൾ. എപ്പോൾ, എങ്ങനെ, എവിടെ ഇതു സംഭവിച്ചു എന്നതു സംബന്ധിച്ച സൂചനകളൊന്നും ലഭ്യമല്ല; സുവിശേഷ സന്ദേശവുമായി യുവാവായ മോറിറ്റ്സ് പരിചയപ്പെട്ട സാഹചര്യം അവ്യക്തമായി തുടരുന്നു. കോണിഗ്സ്ബർഗിൽ ഇദ്ദേഹത്തെ സംബന്ധിച്ചു ലഭിച്ചിട്ടുള്ള അവസാനത്തെ രേഖ അനുസരിച്ച് 14-ാം വയസ്സുവരെ വിദ്യാർത്ഥി ആയിരുന്നു. ഈ നഗരത്തിലെ യഹൂദ സമൂഹത്തിന്റെ മതബോധന വിദ്യാലയത്തിൽ 6-ാം ക്ലാസ്സിൽ പഠിച്ചിരുന്നു എന്നാണ്. 1885-ൽ മോറിറ്റ്സ് കുടുംബം കോണിഗ്സ് ബർഗിലെ കോംഗ്ഗ്രർസ്റ്റർ 39ലേക്കു മാറി. വീണ്ടും ഒരു വീടുമാറ്റം കൂടെ നടത്തി അണ്ടർലാറ്റ 28ലേക്ക്. ഇവിടെ ജേക്കബ് മോറിറ്റ്സ് മലഞ്ചരക്ക് കച്ചവടം നടത്തിയിരുന്നതായി കാണാം. ഉപയോഗിച്ച സാധനങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്യുക എന്ന വ്യാപാരവും നടത്തിയിരുന്നു.

ബ്ര. പൗലുസ് മോറിറ്റ്സ് തന്റെ യഹൂദ പശ്ചാത്തലം മറച്ചുവച്ചത് എന്തുകൊണ്ട്? യഹൂദമതത്തിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് വന്നവരുടെ മനഃശാസ്ത്രവും സാമൂഹികവുമായ മനോഭാവം തങ്ങളുടെ യഹൂദ പാരമ്പര്യം വെളിപ്പെടുത്തേണ്ട എന്നായിരുന്നു. തങ്ങളുടെ മക്കളോടു പോലും ഇത് വെളിപ്പെടുത്താൻ അവർ ഇഷ്ടപ്പെട്ടില്ല. 19-ാം നൂറ്റാണ്ടിൽ യഹൂദമതത്തിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചവരുടെ മനോഭാവത്തെ പറ്റി ഒരു പഠനം നടത്തിയ കിറ്റ്ഷ് ഗീസോ പറയുന്നത് തങ്ങളുടെ യഹൂദ പശ്ചാത്തലം മറ്റുള്ളവർ അറിയുന്നത്, അത് വെളിപ്പെടുത്തുന്നത്, ലജ്ജാവഹമായ ഒരു സംഗതിയായി അവർ കരുതിയിരുന്നു എന്നാണ്. ഹിറ്റ്ലർ ഭരിച്ചിരുന്ന 'മൂന്നാം റൈക്കിൽ' ഈ സമീപനം കർക്കശമായി പാലിച്ചിരുന്നു. തങ്ങളുടെ സിരകളിൽ അല്പമാത്രമായി പോലും യഹൂദ രക്തം ഉണ്ടെന്നറിഞ്ഞാൽ തങ്ങളെ വകവരുത്തുന്ന നാസി ക്യാമ്പിലേക്കു അയയ്ക്കും. ഈ തിരിച്ചറിവു സൃഷ്ടിച്ച മനോഭാവത്തെപ്പറ്റി ഗോൾഡ്മൻ ഫിലിക്സ് ഇപ്രകാരം എഴുതുന്നു:

''ജ്ഞാനസ്നാനം സ്വീകരിച്ച യഹൂദരിൽ ബഹുഭൂരിപക്ഷവും തങ്ങളുടെ യഹൂദ പശ്ചാത്തലം, തങ്ങളുടെ ഉത്ഭവം, ജ്ഞാനസ്നാനം എന്ന കർമ്മത്തിലൂടെ നിരാകരിക്കാൻ ആഗ്രഹിക്കുന്നവരാണ്. തങ്ങളുടെ ഭൂതകാലത്തെപ്പറ്റി ലോകം ഒന്നും അറിയേണ്ട എന്നായിരുന്നു അവരുടെ ആഗ്രഹം. യഹൂദന്മാരെയും ജറുസലേമിനെയും സ്പർശിക്കുന്ന കാര്യങ്ങളിൽ അവർ തികഞ്ഞ നിഷ്പക്ഷത പാലിച്ചു.''

ഹെയ്മാൻ ഹേർമൻ മോറിറ്റ്സിന്റെ ജീവിതത്തിലെ ഒരു സുപ്രധാന ദശാബ്ധത്തെപ്പറ്റി (1883–1892) എന്തെങ്കിലും വിവരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. നിർണ്ണായകമായ ഒരു ദശാബ്ദമായിരുന്നു ഇത്. ക്രൈസ്തവമതം സ്വീകരിക്കാനുള്ള തീരുമാനം എടുത്തത് ആ കാലയളവിലാകാൻ ഇടയുണ്ട്. ഇതിനുശേഷം 1892-ൽ ഇദ്ദേഹത്തെ കൊളോണിലെ മെട്രോപോളിൽ ഫാ. ബൊഡെവിഗ്ഗിനൊപ്പം നാം കാണുന്നു. ഇന്ത്യയുടെ മാനസാന്തരത്തിനായി ബോഡേവിഗ് രൂപീകരിച്ച സംഘത്തിൽ ചേർന്ന ആദ്യത്തെ മൂന്നാളുകളിൽ ഒരാൾ മോറിറ്റ്സ് ആയിരുന്നു. മേൽ പരാമർശിച്ച ദശാബ്ദമായിരുന്നു നിർണ്ണായക കാലഘട്ടം. അപ്പോഴാണ് താൻ സത്യവിശ്വാസം കണ്ടെത്തിയത് എന്ന് അദ്ദേഹം തന്നെ പറയുന്നു. പില്ക്കാലത്ത് തന്റെ ആത്മീയ അനുഭവത്തെ പറ്റി പറയുന്നതിനിടയ്ക്കാണ് ഇക്കാര്യം വ്യക്തമാക്കി യത്.

തന്റെ ജീവിതത്തിലെ നിർണ്ണായകമായ ഈ ദശാബ്ദം അദ്ദേഹം എവിടെ ആയിരുന്നിരിക്കാനാണ് സാധ്യത? ഇത് സംബന്ധിച്ച് രേഖകൾ ഒന്നും ലഭ്യമല്ലാത്ത സ്ഥിതിയ്ക്ക് അനുമാനവും ഊഹാപോഹവും വേണ്ടിവരും. അദ്ദേഹം മാനസാന്തരപ്പെട്ട് നേരേ കത്തോലിക്കാ വിശ്വാസത്തിലേയ്ക്ക് വന്നതാണോ, അതോ പല വഴിയും താണ്ടി അവസാനം കത്തോലിക്കാനായതാണോ? അതായത്, അദ്ദേഹം ആദ്യം പ്രോട്ടസ്റ്റന്റ് സഭയിൽ ചേർന്നിട്ടു പിന്നീടു സത്യം കണ്ടെത്തി കത്തോലിക്കാ സഭയിൽ വന്നതാണോ? കോണി ഗ്സ്ബർഗിൽ 1875നും 1888നും ഇടയ്ക്ക് പ്രോട്ടസ്റ്റന്റ് മതത്തിൽ ചേർന്ന 1901 യഹൂദരിൽ ഓരാളായിരുന്നിരിക്കുമോ അദ്ദേഹം? ആ കാലഘട്ടത്തിൽ അദ്ദേഹം ഒരു യുവാവായിരുന്നു. അന്ന് ജർമ്മനിയിൽ യഹൂദർക്കായി ഒരു ഇംഗ്ലീഷ് പ്രോട്ടസ്റ്റൻറ് മിഷൻ പ്രവർത്തിച്ചിരുന്നു. ഇംഗ്ലീഷുകാരാണോ അദ്ദേഹത്തെ ക്രൈസ്തവവിശ്വാസത്തിലേക്ക് മാനസാന്തരപ്പെടുത്തിയത്? ഇങ്ങനെ വിചാരിക്കാൻ ഒരു കാരണവു മുണ്ട്. ബൊഡെവിഗ്ഗിന്റെ മിഷനറി സൊസൈറ്റിയെപ്പറ്റി ലിൻഡൻ കൊളോണിയ കാർഡിനൽ ഫിലിപ്പ് കെമെന്റീസിന് അയച്ച ഒരു റിപ്പോർട്ടിൽ അദ്ദേഹത്തെപ്പറ്റി രസകരമായ ഒരു പരാമർശമുണ്ട്: അത് ഇപ്രകാരമാണ്!

''മെകറ്റിഡിസിർ 23ലെ (കൊളോണിൽ) ബ്രദേഴ്സിന്റെ ഭവനത്തിൽ 20നും 33നും ഇടയ്ക്ക് പ്രായമുള്ള പതിനാറ് ബ്രദേഴ്സ്

ഉണ്ടായിരുന്നു. ഭവനത്തിന്റെ സുപ്പീര്യർ ഒരു ബ്ര. പൗലുസ് മോറിറ്റ്സ് ആയിരുന്നു. പ്രായം 26 വയസ്സ്. പണ്ട് ഇദ്ദേഹം ഒരു പുസ്തകം ബൈൻഡ് ചെയ്യുന്ന ജോലിയിൽ ഏർപ്പെട്ടിരുന്നു. യൂറോപ്പിൽ അങ്ങോളം ഇങ്ങോളം സഞ്ചരിച്ചിട്ടുണ്ട്. അല്പം ഇംഗ്ലീഷ് സംസാരിക്കും.

മാനസാന്തരം സംബന്ധിച്ചു അനുമാനിക്കേണ്ടി വരുമ്പോൾ അവസാന വാചകത്തിലെ രണ്ടു കാര്യങ്ങൾ ശ്രദ്ധേയമായി തോന്നുന്നു. ഒന്ന്, 'യൂറോപ്പിൽ അങ്ങോളം ഇങ്ങോളം സഞ്ചരിച്ചിട്ടുണ്ട്, അല്പം ഇംഗ്ലീഷ് സംസാരിക്കും.' അദ്ദേഹം പ്രോട്ടസ്റ്റന്റ് സഭയിലൂടെ ആയിരിക്കാം കത്തോലിക്കാ സഭയിൽ എത്തിയത്. പ്രഷ്യയിൽ വച്ച് ഇംഗ്ലണ്ടിൽ നിന്നുള്ള പ്രോട്ടസ്റ്റന്റ് സഭക്കാർ വഴി ഒരുപക്ഷേ, കോണിഗ്സ്ബർഗിൽ വച്ചു തന്നെ, കോണിഗ്സ്ബർഗിലെ അനേകം യഹൂദർ ചെയ്തതു പോലെ ഇംഗ്ലണ്ടിൽ പോയി അവിടെ വച്ചു ജ്ഞാനസ്നാനം സ്വീകരിച്ചിരിക്കുമോ? ഇംഗ്ലണ്ടിൽ ആയിരുന്നപ്പോൾ അല്പം ഇംഗ്ലീഷ് പഠിച്ചിരുന്നിരിക്കാം. അന്നത്തെ ചുറ്റുപാടുകൾ ഇന്നത്തേതിൽ നിന്ന് വ്യത്യസ്തമാണ്. ബ്രിട്ടീഷ് ദ്വീപുകളിലെ ഭാഷ പഠിക്കാൻ യൂറോപ്പിലോ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലോ ആളുകൾ വലിയ താത്പര്യം കാട്ടിയിരുന്നില്ല. ഇപ്പോൾ കാണുന്ന ഈ ഭ്രാന്ത് അന്ന് ഇല്ലായിരുന്നു.

ഹെർമൻ മോറിറ്റ്സിനെ പോലെ സമൂഹത്തിൽ നല്ല പദവിയും സാമ്പത്തികശേഷിയും ഉള്ള ഒരു യുവാവ് ഇംഗ്ലീഷ് ഭാഷ പഠിക്കാൻ താത്പര്യം കാട്ടേണ്ട കാര്യമില്ല. യൂറോപ്പിൽ ഉടനീളം സഞ്ചരിച്ചു എന്ന വസ്തുതയും നമ്മെ സംബന്ധിച്ചിടത്തോളം ശ്രദ്ധേയമാണ്. 19-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ ഹെർമൻ മോറിറ്റ്സിന്റെ സാമ്പത്തിക പശ്ചാത്തലമുള്ള ഒരാൾ യൂറോപ്പിൽ അങ്ങോളം ഇങ്ങോളം സഞ്ചരിക്കുക അസാധാരം തന്നെയാണ്. പ്രത്യേകിച്ചും ഇന്നത്തെപ്പോലെ സംഘം ചേർന്നുള്ള വിനോദയാത്രകളും യാത്രാ സൗകര്യങ്ങളും ഇല്ലാതിരുന്ന ആ കാലത്ത്. ഇത് എന്താണ് സൂചിപ്പിക്കുന്നത്? പ്രോട്ടസ്റ്റന്റ് മതത്തിൽ ചേർന്ന ശേഷം യൂറോപ്പിലെ വിവിധ യഹൂദസമുദായങ്ങളിൽ ഒരു സുവിശേഷപ്രാസംഗികനായി എത്തിയിരിക്കാം. യഹൂദരായ തന്റെ വംശജരോട് നിത്യരക്ഷയുടെ സദ്വാർത്ത പ്രസംഗിക്കാൻ പോയതായിരിക്കുമോ? സുവിശേഷ പ്രചരണത്തിനായി ദേശാടനം നടത്തിയപ്പോൾ ലഭിച്ച പ്രചോദനം തീക്ഷ്ണവും ഈ ശുശ്രൂഷയ്ക്കായി ജീവിതം മുഴുവൻ വിനിയോഗി ക്കാൻ തീരുമാനിച്ചതാകാം. പ്രോട്ടസ്റ്റന്റ്മതം ഉപേക്ഷിച്ചു

കത്തോലിക്കാസഭയിൽ ചേർന്ന ശേഷവും ഈ തീക്ഷ്ണത നിലനിന്നിരിക്കും. അങ്ങനെ ബോഡേവിഗ്ഗിന്റെ ഇന്ത്യയിൽ പ്രവർത്തിക്കാനായി സ്ഥാപിച്ച മിഷനറി മൂവ്മെന്റിൽ ചേർന്നതാകാം. യഹൂദസമൂഹങ്ങളിൽ ക്രൈസ്തവവിശ്വാസം പ്രചരിപ്പിക്കാൻ ക്രിസ്തുമതം സ്വീകരിച്ച 100 യഹൂദരെ നിയോഗിച്ചിരുന്നു എന്ന് 'ലണ്ടൻ സൊസൈറ്റി ഫോർ പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യാനിറ്റി'യുടെ രേഖകളിൽ കാണുന്നു. ഈ സൊസൈറ്റിക്കു ജർമ്മനി ഉൾപ്പെടെ യൂറോപ്യൻ രാജ്യങ്ങളിൽ 'ജൂവിഷ് മിഷൻ'കൾ ഉണ്ടായിരുന്നു. ഇവർക്ക് ഏഷ്യയിലും ആഫ്രിക്കയിലും മിഷനുകൾ ഉണ്ടായിരുന്നു. 1831–ൽ ഈ യഹൂദ മിഷൻ 1000 യഹൂദരെ പ്രൊട്ടസ്റ്റന്റ് സഭയിൽ ചേർത്തു. ഇവരിൽ 100 പേർ മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതരായി. ഇങ്ങനെ ദേശാടനം ചെയ്ത് സുവിശേഷം പ്രസംഗിച്ചിരുന്നവരിൽ ഒരാളായിക്കൂടേ ഹെയ്മൻ ഹെർമൻ മോറിറ്റ്സ്? ഇംഗ്ലീഷ് മിഷനറിമാർക്കൊപ്പം മോറിറ്റ്സിൽ യൂറോപ്പിൽ എങ്ങും സംബന്ധിച്ചിരിക്കാം. ഈ സമ്പർക്കത്തിലൂടെ കുറച്ച് ഇംഗ്ലീഷ് പഠിച്ചിരിക്കാം. ബ്ര. പൗലുസ് മോറിറ്റ്സിന്റെ ജീവിതത്തിലെ ഈ ഘട്ടത്തെപ്പറ്റി അറിയാൻ ഇനിയും കൂടുതൽ ഗവേഷണം നടത്തേണ്ടിയിരിക്കുന്നു.

നമ്മുടെ നിഗമനത്തിനു എതിരായി, വിരുദ്ധമായി വേറൊരു ഘടകമുണ്ട്. അത് ഇതാണ്. 1911ൽ ബ്ര. പൗലുസ് തയ്യാറാക്കിയ കോൺഗ്രിഗേഷന്റെ ആദ്യത്തെ സ്ഥിതിവിവരക്കണക്ക്. അതിൽ തന്റെ ജന്മദേശം 'എംലൻഡ്' ആണ് എന്നു പറയുന്നു. അതു ഒരു രൂപതയാണ്. കോണിഗ്സ്ബർഗ് ഈ രൂപതയുടെ ഭാഗമായിരുന്നു. നേരിട്ടു കത്തോലിക്കാസഭയിലേക്കു മാനസാന്തരപ്പെട്ടു എന്നാണോ ഇതു സൂചിപ്പിക്കുന്നത്? അവിടെ നിന്നു കൊളോണിലേക്കു താമസം മാറ്റിയതാണോ? പ്രഷ്യയിൽ വളരെ ചുരുക്കമായിട്ടേ യഹൂദർ കത്തോലിക്കാ സഭയിൽ ചേർന്നിരുന്നുള്ളു. ഭൗതികവും സാമൂഹികവുമായ കാരണങ്ങളാൽ യഹൂദരെ സഭയിൽ സ്വീകരിക്കാൻ കത്തോലിക്കാസഭ താത്പര്യം കാട്ടിയില്ല. ലുഡ്വിഗ് ഏണസ്റ്റ് ബൊറോസ്കി - ഇദ്ദേഹം പിൽക്കാലത്ത് പ്രഷ്യയിലെ ഒരു കത്തോലിക്കാ രൂപതയിൽ ആർച്ചുബിഷപ്പ് ആയി. ഗോദിൻഗൻ ഓറിയന്റലിസ്റ്റ് മൈക്കിലിസിന്റെ വാക്കുകളിൽ പറയുന്നു സിനഗോഗ് പള്ളിയിലേക്കു തുറന്നിടരുത് എന്ന്. അതായത് 18, 19 നൂറ്റാണ്ടുകളിൽ ആളുകളുടെ മനോഭാവം യഹൂദരെ എളുപ്പത്തിൽ കത്തോലിക്കാസഭയിൽ സ്വീകരിക്കരുത് എന്നായിരുന്നു.

ബൊറോസ്കിയുടെ അഭിപ്രായത്തിൽ, ജ്ഞാനസ്നാനം സ്വീകരിച്ച ഒരു യഹൂദന് നല്ല വിശ്വസ്തത പുലർത്തി കത്തോലിക്കനാകാൻ സാധ്യമല്ല. ആറുപേരിൽ (യഹൂദമതം വിട്ടു ക്രിസ്തുമതം സ്വീകരിച്ചവരിൽ) ഒരുപക്ഷേ, ആത്മാർത്ഥതയുള്ള ഒരാളുണ്ടാകാം. കോണിസ്ബർഗിലെ കത്തോലിക്കാസഭ, പ്രഷ്യയിലെ തന്നെ കത്തോലിക്കാസഭ (ഇവിടെ കത്തോലിക്കർ ഒരു ന്യൂനപക്ഷമാണ്.) യഹൂദർക്കു സഭയിൽ പ്രവേശനം നല്കുന്നതിനെ പ്രോത്സാഹിപ്പിച്ചിരുന്നില്ല. അതുകൊണ്ട് നമുക്ക് ഒരിക്കൽ കൂടി ഊന്നൽ കൊടുത്തു പറയാം, ഹെയ്മാൻ ഹെർമൻ മോറിറ്റ്സ് ആദ്യം ചേർന്നതു പ്രോട്ടസ്റ്റന്റ് സഭയിലാണ്. പിന്നീട് യഥാർത്ഥ വിശ്വാസം തിരിച്ചറിഞ്ഞു കത്തോലിക്കാസഭയിൽ ചേർന്നു. നാസി ഭരണം വന്നതോടെ കോണിഗ്സ്ബർഗിനെ സംബന്ധിച്ച രേഖകൾ പശ്ചിമ യൂറോപ്പിൽ ലഭ്യമല്ലാതായി. അതിനാൽ ഈ സിദ്ധാന്തരേഖകളിലൂടെ സ്ഥാപിക്കുക വളരെ പ്രയാസമാണ്. രണ്ടാംലോക മഹായുദ്ധം കഴിഞ്ഞപ്പോൾ ഈസ്റ്റ് പ്രഷ്യയെ റഷ്യയും പോളണ്ടും കൂടി പിടിച്ചെടുത്തു. പ്രസക്തരേഖകൾ കണ്ടെത്തുന്നതിനുള്ള പ്രയാസം വർദ്ധിപ്പിച്ചിരുന്ന സാഹചര്യമാണ് ഇത്.

## 2.5 ബ്ര. പൗലുസ് മോറിറ്റ്സിന്റെ ജീവിതത്തിലേക്കു ഒരു തിരിഞ്ഞുനോട്ടം

ഈ അദ്ധ്യായത്തിൽ ഈ ഭാഗത്തു ബ്ര. പൗലുസ് മോറിറ്റ്സിന്റെ ആദ്യകാല ജീവിതത്തിലേക്കു ഒന്ന് തിരിഞ്ഞുനോക്കാം. ബോഡേവിഗു മായി ബന്ധപ്പെട്ട കാലം തൊട്ട് ആദ്യത്തെ ജനറൽ ചാപ്റ്റർ വരെയുള്ള കാലം. ഇതിനുശേഷമുള്ള ജീവിതത്തിലെ അനുഭവങ്ങൾ, മൗണ്ട് പോയ്ൻസറിൽ ചെലവഴിച്ച അവസാന ദിനങ്ങൾ വരെ, അദ്ധ്യായത്തിന്റെ രണ്ടാം ഭാഗത്തു ചേർക്കാം. സഭയിലെ പല അംഗങ്ങളുടെയും ഓർമ്മകൾ, അഭിപ്രായങ്ങൾ വിവരിക്കാം. അവർ സഭയിൽ ചേർന്ന കാലത്ത്, പോസ്കുലന്റ്സും നോവിസുകളും ആയിരുന്ന കാലത്ത് 1930കളുടെ ആദ്യവും അവസാനവും വ്രതവാഗ്ദാനം നടത്തിയ കാലത്ത് അവർക്ക് ബ്ര. പൗലുസിനെ പറ്റി തോന്നിയ അഭിപ്രായം, അവരുടെ അനുഭവം എന്തായിരുന്നു. ഈ അഭിപ്രായങ്ങളും അനുഭവങ്ങളും ഒരു ചോദ്യാവലിയുടെ അനുഭവത്തിൽ ശേഖരിച്ചതാണ് ഈ

ഗവേഷണത്തിന്റെ ഭാഗമായി തയ്യാറാക്കിയ ഒരു ചോദ്യാവലി ആയിരുന്നു ഇത്.

ആദ്യം ബ്ര. പൗലുസ് മോറിറ്റ്സിന്റെ ബാഹ്യാകൃതി എങ്ങനെ ഉള്ളതായിരുന്നു എന്നു നോക്കാം. മോറിറ്റ്സ് കാണാൻ എങ്ങനെ ഇരുന്നു? സഭയിലെ ഒരു മുതിർന്ന അംഗമായ ബ്ര. ലിനസ് ഹെൻസീലെയുടെ ഓർമ്മയിൽ അദ്ദേഹം പൊക്കം കുറഞ്ഞ ഒരാളാണ്. എങ്കിലും ഊർജ്ജസ്വലൻ ആയിരുന്നു. കോൺഗ്രിഗേഷന്റെ മുൻ സുപ്പീര്യർ ജനറൽ കുമ്പുക്കൽ ഹൂബേർട്ട് പറയുന്നു, അദ്ദേഹം പൊക്കം കുറഞ്ഞ്, അല്പം കുനിഞ്ഞു നടക്കുന്ന, തല വലത്തേക്കു അല്പം ചെരിച്ചുപിടിക്കുന്ന ഒരാളായിരുന്നു എന്ന്. ചടുലതയോടുള്ള നടത്തം, എപ്പോഴും തിരക്ക്, വ്യക്തികളിൽ ശ്രദ്ധ ഊന്നുന്ന സ്വഭാവം. ബ്ര. സൽദാനാ ആൻസെലീമോ ഓർമ്മിക്കുന്നത് ബ്രദർ പൊക്കം കുറഞ്ഞ ഒരാളായിരുന്നു എന്നാണ്. അല്പം താടി മീശയുണ്ട്, കൂനില്ല, എപ്പോഴും എന്തെങ്കിലും ചെയ്തു കൊണ്ടിരിക്കും. നടപ്പു വേഗത്തിലാണ്; വേഗത്തിൽ എഴുന്നേല്ക്കും. ഒരു സമയം അദ്ദേഹം പോയിൻസൂർ ആശ്രമത്തിലിരിക്കും. അടുത്തസമയം അദ്ദേഹത്തെ കാണുക അനാഥാലയത്തിലെ കുട്ടികൾക്കൊപ്പം ആയിരിക്കും. താമസിയാതെ ആഫീസിൽ, തന്റെ ഡെസ്കിനു മുമ്പിൽ ഒരുകാലത്ത് സഭയിലെ ഒരംഗമായിരുന്ന സ്റ്റോൾ ആൻഡ്രൂ ജെ. സഭാ സ്ഥാപനമായി അടുത്ത് ഇടപെട്ടിട്ടുള്ള ഒരാളാണ്. അദ്ദേഹം ബ്രദറിന്റെ ബാഹ്യാകൃതി വിവരിക്കുന്നത് ഇപ്രകാരമാണ്. ശരാശരി പൊക്കം, ബലിഷ്ഠമായ ശരീരം, ശക്തവും വ്യക്തവുമായ സ്വരം, വലിയ താടി-മീശ. ശബ്ദമുണ്ടാക്കാതെയാണ് എപ്പോഴും നടക്കുക. വിലകുറഞ്ഞ കാൻവാസ് ഷൂസ് ധരിച്ചാണ് നടക്കുന്നത്.

ബ്ര. പൗലുസ് മോറിറ്റ്സിന്റെ ജീവിതത്തിന്റെ പ്രധാന ഘട്ടങ്ങളിലൂടെ നമുക്ക് ഒരിക്കൽക്കൂടി കടന്നുപോകാം. ഫാ. ബൊഡേവിഗ്ഗുമായി ബന്ധപ്പെട്ട കാലംതൊട്ട് 1930-ലെ ആദ്യത്തെ ജനറൽ ചാപ്റ്ററിൽ കോൺഗ്രിഗേഷന്റെ പ്രഥമ സുപ്പീര്യർ ജനറലായി സ്ഥിരപ്പെടുത്തുന്നതു വരെയുള്ള കാലഘട്ടം നാം ഇദ്ദേഹത്തെ ആദ്യം കണ്ടെത്തുന്നത് 1892-ലാണ്. കൊളോണിലെ ജെറെക്കേൺവാൾ 45 എന്ന വീട്ടിൽ ബൊഡെവിഗ്ഗിനൊപ്പം ബ്ര. നിക്കൊളാസ് ഹോഹനും ബ്ര. പീറ്റർ മോമെഷൈനും കൂടെ ഉണ്ട്. അപ്പോഴേക്കും മോറിറ്റ്സ് തന്റെ പേരു പൗലുസ് എന്നു മാറ്റിയിരിക്കാനാണ് സാധ്യത. പുറജാതിക്കാരുടെ വലിയ അപ്പസ്തോലനായിരുന്നല്ലോ വി. പൗലോസ്.

തന്നെപ്പോലെ തന്നെ യഹൂദമതത്തിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് വന്ന ആൾ. മാനസാന്തരത്തിനുശേഷം ജീവിതം മുഴുവൻ സുവിശേഷം പ്രചരിപ്പിക്കുന്നതിന് വിനിയോഗിച്ചു. ബ്ര. മോറിറ്റസ് ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ ഈ പേര് എടുത്തു എന്നുവേണം കരുതാൻ. ബോഡെവിഗ് ഗ്രൂപ്പിലെ മറ്റംഗങ്ങൾ സന്യസ്തരുടെ പേരുകൾ സ്വീകരിച്ചെങ്കിലും ഇദ്ദേഹം തന്റെ പേരു നിലനിർത്തി. ഔദ്യോഗിക സന്ദർശനത്തിനുശേഷം കാർഡിനൽ ക്രെമെന്റ്സിനു ലിൻഡൻ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നത് ബൊഡേവിഗിന്റെ (സഭയിലെ) സിസ്റ്റേഴ്സും ബ്രദേഴ്സും തങ്ങളുടെ പേരു മാറ്റുകയും സഭാവസ്ത്രം അണിയുകയും ചെയ്തു എന്നാണ്. വിജയിക്കാതെ പോയ ബൊഡെവിഗിന്റെ മിഷനറി പ്രസ്ഥാനത്തിൽ അദ്ദേഹത്തിന്റെ ഉറ്റസഹായിയായി പ്രവർത്തിച്ചതു ബ്ര. പോൾ ആയിരുന്നു. ബൊഡെവിഗ് സൊസൈറ്റിയുടെ ബർസാറായും ബ്ര. പൗലുസ് പ്രവർത്തിച്ചിരുന്നതായി കാണാം. ബ്ര. ക്ലമന്റ് ക്രീഗ് പറയുന്നതനുസരിച്ച്, ലാഹോറിൽ കുടുങ്ങിപ്പോയ ബ്രദേഴ്സിന്റെയും സിസ്റ്റേഴ്സിന്റെയും സാമ്പത്തിക പ്രശ്നം പരിഹരിച്ചത് ഇദ്ദേഹമാണ്. ഇക്കാരണത്താൽ ലാഹോർ ബിഷപ്പ് ഗോഡ്ഫ്രീഡ് പെൽക്മാൻസിന്റെ ശ്രദ്ധ ഇദ്ദേഹത്തിൽ പതിഞ്ഞു. നാട്ടുകാർക്ക് വേണ്ടിയുള്ള രണ്ട് അനാഥാലയങ്ങൾക്ക് സാമ്പത്തിക മായി ഞെരുക്കം അനുഭവപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ ബിഷപ്പ് ബ്രദറിനെ യൂറോപ്പിലെ ലാഹോർ മിഷന്റെ എപ്പിസ്കോപ്പൽ പ്രൊക്കുറേറ്ററായി നിയമിച്ചു. ബ്ര. പൗലുസ് മോറിറ്റ്സിന് ബോഡോവിഗുമായുണ്ടായിരുന്ന ബന്ധം പ്രൊപഗണ്ട ഇടപെട്ട് വിച്ഛേദിച്ചു എന്നു നാം കണ്ടുകഴിഞ്ഞു. 1896-ൽ ബ്ര. മോറിറ്റ്സ് ബോഡേവിഗിനൊപ്പം റോമിലുണ്ടായിരുന്നുവെങ്കിലും ബോഡേവിഗ് ബൽജിയത്തിലെ മറിയവെൽഡ്ലേയ്ക്ക് സ്വസ്ഥമായി കഴിയാൻ പോയതോടുകൂടി ബ്ര. മോറിറ്റ്സിന് അദ്ദേഹവുമായി ഉണ്ടായിരുന്ന ബന്ധം അവസാനിച്ചു. ബോഡേവിഗ്ന് എതിരായി സഭ അധികാരികൾ ഏർപ്പെടുത്തിയ വിലക്കുകൾ ബ്ര. മോറിറ്റ്സിനും ബാധികമാക്കിയിരുന്നോ? ഇങ്ങനെ കരുതാൻ കാരണമൊന്നും കാണുന്നില്ല. സീനിയർ സുപ്പീര്യർ ബോഡേവിഗും പോർട്ടർ സിസ്റ്ററും മാത്രമേ കൊളോൺ ആർച്ചുബിഷപ്പ് ചുമത്തിയ ശിക്ഷയ്ക്ക് അർഹരായുള്ളു. ബോഡേവിഗിനൊപ്പം നിന്നാൽ തന്റെ ആയുഷ്കാല സ്വപ്നമായ മിഷനറി ജീവിതം സാധ്യമാകില്ല എന്നു ബ്രദർ മോറിറ്റസ് മനസ്സിലാക്കി. ഉടൻ തന്നെ അദ്ദേഹം സസ്പെനഷനു വിധേയനായ

വൈദികനുമായുള്ള ബന്ധം ഉപേക്ഷിച്ചു. ഇവിടെ സ്വാഭാവികമായും ഉദിക്കാവുന്ന ഒരു ചോദ്യമുണ്ട്. 1896 വരെ ബോഡെവിഗിനൊപ്പം നിലയുറപ്പിക്കുകവഴി ബ്ര. മോറിറ്റ്സും കൊളോൺ ആർച്ചുബിഷപ്പിന്റെ അധികാരത്തെ ചെറുക്കുക അല്ലേ ചെയ്തത്? യഹൂദമതത്തിൽ നിന്ന് മാനസാന്തരപ്പെട്ട ആളായതുകൊണ്ട് ആ സമയം കാനോൻ നിയമത്തിന്റെ സൂക്ഷ്മവശങ്ങൾ ബ്ര. മോറിറ്റ്സ് മനസ്സിലാക്കി യിരുന്നില്ല എന്നു പറയാം. ഉത്തമവിശ്വാസത്തോടും ആത്മാർത്ഥമായ തീക്ഷ്ണതയോടും കൂടിയാണ് അദ്ദേഹം ബൊഡേവിഗിനൊപ്പം നിന്നത് എന്നു കരുതാം. തന്റെ ലക്ഷ്യത്തിൽ നിന്ന ഒരിക്കലും വ്യതിചലിക്കാത്ത ബൊഡേവിഗിന്റെ സ്വഭാവം ബ്ര. മോറിറ്റ്സിനെ ഏറെ സ്വാധീനിച്ചു. താൻ കണ്ടെത്തിയ സത്യം, (കത്തോലിക്കാ വിശ്വാസം) ഇന്ത്യയിലെ ദശലക്ഷക്കണക്കിനുള്ള അക്രൈസ്തവരുടെ ഇടയിൽ പ്രചരിപ്പിക്കാൻ അടങ്ങാത്ത ഒരു ദാഹം ബ്ര. മോറിറ്റ്സിനുണ്ടായിരുന്നു.

റൂർ നഗരമായ എസ്സെനിൽ കുറച്ചുകാലം തങ്ങിയ ശേഷം 1900 ജനുവരിയിൽ ബ്ര. പൗലുസ് ഇന്ത്യയിൽ എത്തുന്നു. അപ്പോൾ ഇന്ത്യയിൽ ഭീമമായ ക്ഷാമമായിരുന്നു. ക്ഷാമം രൂക്ഷമായി ബാധിച്ച ഇന്ത്യയിലെ രൂപതയിലേക്കും അതിന്റെ ബിഷപ് മോൺ. പെൽവാറ്റിന്റെ അടുത്തേക്കുമാണ് സഹായഹസ്തവുമായി ബ്ര. പൗലുസ് എത്തുന്നത്. 1901-ൽ ലാഹോറിൽ കോൺഗ്രിഗേഷൻ കാനോൻ നിയമപ്രകാരം സ്ഥാപിക്കപ്പെട്ടു. ഫ്രാൻസിസ്കൻ സഭയുടെ സഭാവസ്ത്രവും സ്വീകരിച്ചു.

1902-ൽ കോൺഗ്രിഗേഷന്റെ രണ്ടു ശാഖകൾ പരസ്പരം വേർപിരിഞ്ഞു. നാഗ്പൂർ ശാഖ ഒരു സ്വതന്ത്രസഭയായി തീർന്നു. ബ്ര. പൗലുസ് മോറിറ്റ്സ് ഇതിന്റെ ആദ്യത്തെ സുപ്പീര്യർ ജനറലായി. സഭയിൽ ഒരു അലിഖിത പാരമ്പര്യമുണ്ട്. അതനുസരിച്ച് സുപ്പീര്യർ ജനറൽ എന്ന പദവി ബ്ര. നിക്കോളാസ് ഹോഹന് നല്കാൻ തയ്യാറായതാണ്. പക്ഷേ ഇത് നിരസിച്ചു എന്ന്. കുറേക്കൂടി ചൈതന്യമുള്ള, അരൂപിയുള്ള ഒരു ബ്ര. പൗലുസിന് ഈ പദവി നല്കുകയാണുണ്ടായത്. അങ്ങനെ പാഡർബോണിലെ ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് എന്ന ടേർഷ്യറി കോൺഗ്രിഗേഷനെ ശുശ്രൂഷിച്ചു, സംരക്ഷിച്ചു വളർത്തി ഫലം പുറപ്പെടുവിക്കുന്ന ഘട്ടത്തിൽ എത്തിക്കുക എന്ന ഉത്തരവാദിത്തം ബ്ര. പൗലുസിന്റെതായി. സുപ്പീര്യർ ജനറലാക്കിയ സമയം, വിചിത്രമെന്നു തോന്നാം, അദ്ദേഹം ഒരു നോവിസ് മാത്രമായിരുന്നു.

ആ കാലഘട്ടത്തിൽ മിഷൻ രംഗത്തു കത്തോലിക്കാ സഭയിലും വിചിത്രമായി തോന്നാവുന്ന പലതും നടന്നു. ADAN രേഖകൾ അനുസരിച്ച് അദ്ദേഹത്തിന്റെ ആദ്യവ്രത വാഗ്ദാനം നടന്നത് 1902 ഡിസംബർ 31-ാം തീയതിയാണ്. സഹസന്യസ്തരും വികാരി ജനറൽ ഫാ. സേർവാജ് MSFS ഫാ. കോപ്പൽ (പില്ക്കാലത്ത് ബിഷപ് കോപ്പൽ) എന്നിവർ സന്നിഹിതരായിരുന്നു. നാഗ്പൂരിലെ സെന്റ് ഫ്രാൻസിസ് ഡി സേയ്ൽസ് കത്തീഡ്രലിൽ വച്ചായിരുന്നു ഈ ചടങ്ങു നടത്തിയത്. 1905 ജനുവരി 13-ാം തീയതി ബ്രദർ തന്റെ അന്ത്യവ്രത വാഗ്ദാനം നടത്തി എന്നു കരുതേണ്ടിയിരിക്കുന്നു.

അപ്പോൾതൊട്ട് സഭാ സ്ഥാപകൻ നിരന്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നതായി കാണുന്നു. സുവിശേഷ മൂല്യങ്ങൾ ഉൾക്കൊണ്ട്, ഫ്രാൻസിസ്കൻ തത്വങ്ങളുടെ ഉൽകൃഷ്ട മൂല്യങ്ങൾ ജീവിതത്തിൽ പകർത്തിക്കൊണ്ട് ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്ന സമയം വരെ അദ്ദേഹം പ്രവർത്തനനിരതനായി. ഖാൻഡ്വ തലസ്ഥാനമാക്കിക്കൊണ്ട് നിമാറിലെ ജീവിതം, തീക്ഷ്ണതയുള്ളവരും ഊർജ്ജസ്വലരുമായ യുവസന്യസ്തർ. ഇവരെല്ലാം ജർമ്മനിയിൽ നിന്നെത്തിയവർ - ഇന്ത്യയിലെ കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ തുടച്ചുമാറ്റാനാകാത്ത ഒരു മിഷൻ ചരിത്രം അദ്ദേഹം കൂട്ടിച്ചേർത്തു. നാട്ടുകാരുടെ ഇടയിൽ ദൈവവിളി വളർത്താൻ കാട്ടിയ ദീർഘദൃഷ്ടി, യുവ സന്യാസസമൂഹത്തിന് ആവശ്യമായ പണം ശേഖരിക്കൽ, അതിനുള്ള നിരന്തര യത്നം, സ്ഥാപനങ്ങൾ നടത്തുന്നതിനെക്കാൾ മെച്ചം ഗ്രാമങ്ങളിൽ വേദപ്രചരണം നടത്തുകയാണ് എന്ന സമീപനം, ബലാഹി, ചാമാർ, സന്താൽ തുടങ്ങിയ വർഗ്ഗക്കാരിലെ പാവപ്പെട്ടവർക്കും അവഗണിക്കപ്പെട്ടവർക്കും സേവനം ചെയ്യാനുള്ള സവിശേഷ താത്പര്യം, ഇതെല്ലാം നമ്മെ അനുസ്മരിപ്പിക്കുന്നത് സുവിശേഷത്തിനായി സ്വന്തം ജീവിതം പൂർണ്ണമായി സമർപ്പിച്ച ഒരാളുടെ ചിത്രമാണ്. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥനായ വി. പൗലോസിനെപ്പോലെ, ശ്ലീഹന്മാരുടെ ഇടയിലെ രാജകുമാരൻ എന്നു വിശേഷിപ്പിക്കാവുന്ന വി. പത്രോസിനെയും പോലെ, അദ്ദേഹവും അറസ്റ്റ് ചെയ്ത് കാരാഗൃഗത്തിൽ അടയ്ക്കപ്പെട്ടു. എന്നാൽ അദ്ദേഹത്തിന്റെ സ്വർഗ്ഗീയ യജമാനൻ രക്ഷയ്ക്കെത്തി. അദ്ദേഹത്തെ ഇനിയും കൂടുതലായി പ്രയോജനപ്പെടുത്താൻ കർത്താവ് ആഗ്രഹിച്ചു. ഈ എളിയ മനുഷ്യൻ ഇനിയും കൂടുതൽ ഫലം പുറപ്പെടുവിക്കണം എന്ന് അവിടുന്നു തീരുമാനിച്ചു.

യുദ്ധം അവസാനിച്ചപ്പോൾ ഇദ്ദേഹം മോചിതനായി. നാടുകടത്തലിൽ നിന്ന് ഒഴിവാക്കുകയും ചെയ്തു. തന്റെ മിഷനറി ജീവിതത്തിൽ പുതിയെ ഒരു അദ്ധ്യായം തുടങ്ങാൻ ഇത് അവസരങ്ങൾ ഒരുക്കി. തന്റെ കോൺഗ്രിഗേഷന്റെ ഭാവി പദവി സംബന്ധിച്ച് ഒരു അന്തിമ തീരുമാനം ഉണ്ടാകാൻ ഇദ്ദേഹം ഏറെ ആഗ്രഹിച്ചു, ആകാംക്ഷാഭരിതനായിരുന്നു. കൂടുതൽ ആളുകൾ സഭയിൽ ചേർന്നു; സഭയുടെ പ്രവർത്തനം കൂടുതൽ രൂപതകളിലേക്കു വ്യാപിച്ചു. പ്രോപഗണ്ട ഫിദേ നിർണ്ണായകമായ അംഗീകാരം നല്കി കഴിഞ്ഞാൽ സഭാ സ്ഥാപകനായ ബ്ര. പൗലുസ് മൊറിറ്റ്സിന് സമാധാനമാകും, ഒരു ദീർഘശ്വാസം വിടാം. സഭ ഔദ്യോഗികമായി അംഗീകരിക്കപ്പെടുകയും അതിന്റെ സുപ്പീര്യർ ജനറലായി തന്നെ സ്ഥിരപ്പെടുത്തുകയും ചെയ്താൽ സുവിശേഷവത്ക്കരണത്തിന് കൂടുതൽ ആഴത്തിൽ സമർപ്പിതരാകാൻ സഭാംഗങ്ങളെ പ്രാപ്തരാക്കാൻ കഴിയും. ബ്രദർ പൗലുസ് മോറിറ്റ്സ് കാത്തിരുന്നത് ഈ അന്തിമ അംഗീകാരത്തിനായാണ്.

## 2.6. CMSFന്റെ രണ്ടാമത്തെ ജനറൽ ചാപ്റ്റർ; ബ്ര. പൗലുസ് മോറിറ്റ്സ് ഉദ്യോഗത്തിൽ തുടരുന്നതിന് വീണ്ടും അംഗീകാരം

രണ്ടാമത്തെ ജനറൽ ചാപ്റ്ററിന്റെ വിശദാംശങ്ങളിലേക്കു കടക്കാൻ ഞങ്ങൾക്ക് ഉദ്ദേശമില്ല. എങ്കിലും ബ്ര. പൗലുസ് മോറിറ്റ്സിനെ സഭയുടെ സുപ്പീര്യർ ജനറലായി ഒരു കാലയളവിലേക്കു കൂടി അംഗീകരിച്ചു എന്ന വസ്തുത ചൂണ്ടിക്കാട്ടുന്നതിന്, ചാപ്റ്ററിന്റെ ചില ഘടകങ്ങളെ പരാമർശിക്കാം. ഈ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടെങ്കിലും ഉദ്യോഗ കാലാവധി പൂർണ്ണമാക്കാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്തും സഹപ്രവർത്തകനുമായിരുന്ന സഹസന്യസ്തർ ഈ ലോകത്തോടു വിടപറയാൻ സമയമായിരുന്നു. ഇതിനിടെ രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. ജർമ്മൻ പൗരന്മാരെ എല്ലാം ബ്രിട്ടീഷുകാർ അഹമ്മദ്നഗറിലെ യുദ്ധത്തടവുകാർക്കായുള്ള ക്യാമ്പിൽ അടച്ചു. അക്കൂട്ടത്തിൽ കുറെക്കാലത്തേക്കു ഇദ്ദേഹം തടവിൽ കഴിഞ്ഞു.

## 3.1. ബ്ര. നിക്കൊളാസ് ഹോഹന്റെ മരണം

ബ്ര. നിക്കോളാസ് ഹോഹന്റെ ആരോഗ്യം ക്ഷയിച്ചുവരുന്നതിന്റെ ലക്ഷണങ്ങൾ ദൃശ്യമായി തുടങ്ങി. 1937 മുതല്ക്കേ ഇവ ഉണ്ടായിരുന്നു. യൂറോപ്പിലെ തന്റെ പ്രതിനിധിയായ ബ്ര. മൈക്കിൾ ബുക്കർക്ക് ബ്ര. പൗലുസ് ഇപ്രകാരം എഴുതി:

“കുറെ നാളുകളായി നമ്മുടെ പ്രിയപ്പെട്ട പ്രീഫെക്റ്റിന്റെ ആരോഗ്യം ക്ഷയിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹത്തിൽ നിന്ന് കൂടുതൽ അദ്ധ്വാനം നാം പ്രതീക്ഷിക്കേണ്ടതില്ല. എഴുന്നേറ്റു നടക്കാമെങ്കിലും ഇരുപതു കൊല്ലം മുമ്പ് സംസാരിക്കുന്നതുപോലെ ഇപ്പോഴും സംസാരിക്കുമെങ്കിലും ഇടയ്ക്കിടെ തളരുന്നു; മറ്റുള്ളവരുടെ സഹായം വേണം എഴുന്നേറ്റു നില്ക്കാൻ.”

ദീർഘവും ഭക്തിനിർഭരവുമായ ഒരുക്കത്തിനുശേഷം തന്റെ സുപ്പീര്യറും ആയുഷ്കാല സുഹൃത്തുമായിരുന്നയാളുടെ കൈകളിൽ കിടന്ന് ബ്ര. നിക്കൊളാസ് ഹോഹൻ അന്ത്യശ്വാസം വലിച്ചു. 1939 മേയ് 25-ാം തീയതി തന്റെ ആത്മാവിനെ അതിന്റെ സ്രഷ്ടാവിന്റെ കൈയ്യിൽ തിരിച്ചേല്പിച്ചു. ആയുഷ്കാല സുഹൃത്തും തനിക്ക് എല്ലാം തുറന്നു പറയാവുന്ന വ്യക്തിയായിരുന്ന ഹോഹന്റെ മരണം ബ്ര. പൗലുസ് മോറിറ്റ്സിനെ തളർത്തി. കോൺഗ്രിഗേഷനിലെ അംഗങ്ങൾക്കായി ഏറെ ശോകമായ ഒരു സർക്കുലർ അദ്ദേഹം എഴുതി.

“ഏതാണ്ട് തകർന്ന ഹൃദയത്തോടെ നമ്മുടെ സന്യാസ സമൂഹത്തിന്, നമ്മുടെ ഏറ്റം പ്രിയപ്പെട്ട പ്രിഫെക്റ്റ് ബ്ര. നിക്കൊളാസ് ഹോഹന്റെ നിര്യാണം മൂലമുണ്ടായ നഷ്ടം നിങ്ങളെ അറിയിയ്ക്കേണ്ടിയിരുന്നു. നമ്മുടെ സമൂഹത്തിലെ ഏറ്റം പ്രായമുള്ള അംഗം അദ്ദേഹമായിരുന്നു. സഭയുടെ സഹസ്ഥാപകനും ആദ്യ മിഷനറിയുമായിരുന്നു അദ്ദേഹം. റൈനിന്റെ തീരത്തുള്ള ബോണിൽ 1869-ൽ ജനിച്ചു. എപ്പോഴും ക്രിസ്തുവിനെ സ്നേഹിക്കാനും ക്രിസ്തുവിന് ശുശ്രൂഷ ചെയ്യാനും തീവ്രമായി ആഗ്രഹിച്ചിരുന്നു. പള്ളിയിലെ ഗായകസംഘത്തിൽ അംഗമായിരുന്നപ്പോഴും ഇതേ ആഗ്രഹമായിരുന്നു അദ്ദേഹത്തിന്. 1895 ആദ്യ സംഘം മിഷനറിമാരെ, സംഘത്തിന്റെ പ്രീഫെക്റ്റായി, ഇന്ത്യയിലേക്കു നയിച്ചു.”

### 3.2. രണ്ടാം ലോകമഹായുദ്ധം ബ്ര. പൗലുസ് മോറിറ്റ്സിന്റെ അറസ്റ്റും മോചനവും

അദ്ദേഹത്തിന്റെ ഭവനത്തിന് ആഴംകൂടാൻ 1939-ൽ രണ്ടാംലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഒന്നാം ലോകമഹായുദ്ധകാലത്ത് 1915-ൽ സംഭവിച്ചതു തന്നെ അദ്ദേഹത്തിനും ജർമ്മൻകാരായ സഹസന്യസ്തർക്കും സംഭവിച്ചു. മറ്റുള്ളവർക്കൊപ്പം ബ്രദർ പൗലുസും അറസ്റ്റ് ചെയ്യപ്പെട്ടു. കുപ്രസിദ്ധമായ അഹമ്മദ്നഗറിലെ തടങ്കൽപാളയത്തിൽ താമസിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രിയപ്പെട്ട സഭക്കു ദുഃഖത്തിന്റെയും ചിന്താക്കുഴപ്പത്തിന്റെയും ഒരു നിമിഷം. ഇപ്രാവശ്യം സഭ സുസംഘടി

തമായിരുന്നു. സ്വിറ്റ്സർലണ്ടുകാരായ ഏതാനും ബ്രദേഴ്സും നല്ലൊരു സംഖ്യ ഇന്ത്യൻ ബ്രദേഴ്സും ഉണ്ടായിരുന്നു. അവർ കോൺഗ്രിഗേഷന്റെ പ്രവർത്തനങ്ങൾ തുടർന്നു. കഷ്ടകാലത്തിന് അദ്ദേഹത്തിന്റെയും സഹായിയും ഒന്നാം കൗൺസിലറും ആയിരുന്ന ക്ലമന്റ് ക്രീഗ് മസ്‌ലിയാൻകോയിലായിരുന്നു. കോൺഗ്രിഗേഷനുമായി ബന്ധപ്പെടാൻ കഴിയാത്ത സാഹചര്യം. 1939 സെപ്തംബർ 6-ാം തീയതി ബ്രിട്ടീഷുകാർ ബ്ര. പൗലുസിനെ പോയിൻസറിൽ വച്ചു അറസ്റ്റ് ചെയ്തു. കുറച്ചുനാൾ തടങ്കലിൽ വച്ചശേഷം അഹമ്മദ്നഗറിലെ ക്യാമ്പിലേക്ക് അയച്ചു. അവിടെ സർ ഡാർലിങ്ങിന്റെ കീഴിലുള്ള ഒരു ബ്രിട്ടീഷ് കമ്മിഷൻ അദ്ദേഹത്തെ ചോദ്യം ചെയ്തു. ബ്രദർ വൃദ്ധനായിരുന്നു, ആരോഗ്യവും മോശം. അതുകൊണ്ട് മനുഷ്യത്വപരമായ കാരണങ്ങളാൽ 1939 ഡിസംബർ 20-ാം തീയതി അദ്ദേഹത്തെ മോചിപ്പിച്ചു. അദ്ദേഹത്തിന്റെ ജർമ്മൻകാരായ സഹസന്യസ്തരെ ഹിമാലയത്തിന്റെ അടിവശത്തുള്ള ഡെഹ്റഡൂണിലേക്കയച്ചു. അവിടെ അവർ തടങ്കലിൽ തുടർന്നു.

### 3.3. ബ്ര. പൗലുസ് മോറിറ്റ്സ് വീണ്ടും സുപ്പീര്യർ ജനറൽ പദവി നേടുന്നു

തടങ്കൽപാളയത്തിൽ നിന്ന് പുറത്തുവന്ന ബ്ര. പൗലുസ് പകുതി വ്യക്തിത്വം നഷ്ടപ്പെട്ട ഒരാളെപ്പോലെയായിരുന്നു. ആയുഷ്കാല സുഹൃത്തായിരുന്ന ആളുടെ മരണം, സഹസന്യസ്തർ അപ്പോഴും തടങ്കലിൽ, വാർദ്ധക്യവും അത്യദ്ധ്വാനവും കൊണ്ട് പരിക്ഷീണൻ. സഹായിക്കാൻ ആരുമില്ലാതെ തന്റെ വിവിധ പ്രവർത്തനങ്ങൾ തുടർന്നു കൊണ്ടുപോകുക ഏതാണ്ട് അസാധ്യം. യൂറോപ്പിൽ നിന്ന് ലഭിച്ചുകൊണ്ടിരുന്ന ധനസഹായം, അതു പരിമിതമായിരുന്നു എങ്കിൽ കൂടി, യുദ്ധം വന്നപ്പോൾ അതു പൂർണ്ണമായും തടയപ്പെട്ടു. വല്ലവിധത്തിലും മിഷനുകൾ എല്ലാം നിലനിർത്തിപ്പോന്നു. മൗണ്ട് പോയിൻസറിൽ ബ്ര. പൗലുസിനെ സഹായിക്കാൻ ബ്ര. മാത്യു പെരെയ്ര ഉണ്ടായിരുന്നു. 1941 വരെ കാര്യങ്ങൾ ഭംഗിയായി നടന്നു. തനിക്ക് ഇനിയും ഈ ജോലി തുടരാൻ ആകില്ല എന്നു ബ്രദർ മനസ്സിലാക്കി. വാർദ്ധക്യസഹജമായ അസുഖങ്ങൾക്കൊപ്പം പ്രോസ്റ്റേറ്റ് ഗ്രന്ഥികളും പ്രശ്നമായി. ഇത് ശസ്ത്രക്രിയ വഴി മാറ്റേണ്ടിയിരുന്നു. തന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാനാകില്ല. തന്റെ ജോലിഭാരം താങ്ങാൻ പറ്റില്ല എന്ന് ബോദ്ധ്യപ്പെട്ട അദ്ദേഹം തന്റെ ഉദ്യോഗം രാജി വച്ചു. 1941 സെപ്റ്റംബറിൽ പരിശുദ്ധ സിംഹാസനത്തിനാണ് രാജി

സമർപ്പിച്ചത്. പ്രോപഗണ്ട ഫിദെ അധികാരപ്പെടുത്തിയ പ്രകാരം ഇന്ത്യയിലെ ഡെലഗേറ്റ് അപ്പസ്റ്റോലിക് രാജി സ്വീകരിച്ചു. ബ്രദർ മാത്യു പെരെയ്രയെ ആക്ടിങ്ങ് സുപ്പീര്യർ ജനറലായി നിയമിച്ചു. 1942 നവംബർ 14-ാം തീയതി തൊട്ട് അടുത്ത ജനറൽ ചാപ്റ്റർ വരെ കോൺസ്റ്റിറ്റ്യൂഷണൽ പിൻഗാമി ആയി നിയമിച്ചു. ഒന്നാം കൗൺസിലർ ബുദ്ധിമാനായ ബ്ര. ക്ലെമന്റ് ക്രീഗിന് യുദ്ധം കാരണം ഇന്ത്യയിലേക്ക് വരാൻ കഴിഞ്ഞില്ല. ബ്ര. പൗലുസ് മോറിറ്റ്സും ബ്ര. മാത്യു പെരെയ്രയും ചേർന്ന് കോൺഗ്രിഗേഷനിലെ അംഗങ്ങൾക്കു ഒരു സംയുക്ത സർക്കുലർ അയച്ചു:

"നമ്മുടെ വൃദ്ധനായ സുപ്പീര്യർ ബ്ര. പൗലുസിന്റെ ആരോഗ്യം മോശമായി വരികയാണ് എന്ന കാര്യം നിങ്ങൾക്കേവർക്കും അറിയാമായിരിക്കും. ഇക്കാരണത്താലും മറ്റു ചില സാഹചര്യങ്ങളാലും അദ്ദേഹം തന്റെ രാജിക്കത്ത് പരിശുദ്ധ സിംഹാസനത്തിന് അയച്ചിരിക്കുകയാണ്."

"നമ്മുടെ ഭരണഘടന 112-ാം വകുപ്പ് അനുസരിച്ച് ജനറലിന്റെ ശേഷിക്കുന്ന കാലാവധി ഒന്നാം ജനറൽ കൗൺസിലർ അദ്ദേഹത്തിന്റെ പിൻഗാമിയാകും. ബ്ര. ക്ലെമന്റ് ക്രീഗ് യൂറോപ്പിലാണ്. രണ്ടാം കൗൺസിലർ ബ്ര. സെബാസ്റ്റ്യൻ മുള്ളർ ഡെഹ്റാഡൂണിൽ തടവിലാണ്. ഈ സാഹചര്യത്തിൽ പരിശുദ്ധസിംഹാസനത്തിന്റെ നാമത്തിൽ (വത്തിക്കാന്റെ) ഡെലഗേറ്റ് അപ്പസ്റ്റോലിക്ക് ആർച്ചുബിഷപ്പ് കിയെർകൈസ്, 1941 നവംബർ 14-ാം തീയതി ബ്ര. മാത്യു പെരേയ്രയെ ഇന്ത്യയിലെ ആക്റ്റിങ്ങ് സുപ്പീര്യർ ജനറലായി നിയമിച്ചിരിക്കുന്നു. ഈ നിയമനം അടുത്ത ജനറൽ ചാപ്റ്റർ വരെയാണ്. ഈ വിവരം നമ്മുടെ എല്ലാ പ്രിയപ്പെട്ട ബ്രദേഴ്സിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു. 1941 നവംബർ 19-ാം തീയതി മൗണ്ട് പോയിൻസറിൽ വച്ച് രണ്ടുപേരും ഒപ്പിട്ടു.

### 3.4. ബ്ര. പൗലുസ് മോറിറ്റ്സിന്റെ അന്തിമ ദിവസങ്ങൾ; ബ്രദറിനെ ആശുപത്രിയിലാക്കുന്നു

1941 നവംബർ 19-ാം തീയതി തന്റെ സുപ്പീര്യർ ജനറൽ സ്ഥാനം രാജി വച്ചശേഷം അദ്ദേഹം കൃത്യം ഒരു വർഷം രോഗിയായി കഴിഞ്ഞു. അദ്ദേഹത്തെ മീറജ് ആശുപത്രിയിലാക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. അവിടെ നിന്ന് അദ്ദേഹം മൗണ്ട് പോയിൻസറിലെ സ്കൂളിന്റെ മാനേജർക്ക് എഴുതി, താൻ ഒരു സ്വപ്നം കണ്ടു, താൻ ഒരു കപ്പലിൽ സഞ്ചരിക്കുന്നു; ധാരാളം യാത്രക്കാരുണ്ട്. അതോടൊപ്പം കുറെ

മെത്രാന്മാരും വൈദികരും സന്യസ്തരും കത്തോലിക്കരും ഉണ്ട്. താൻ ക്രിസ്തുമതത്തിൽ ചേർത്ത അനേകം പേരും അതിൽ ഉണ്ട്. കപ്പൽ മനോഹരവും സന്തോഷപ്രദവുമായ ഒരു തുറമുഖത്തിലേക്കാണ് പോകുന്നത്. കപ്പലിൽ നിന്ന് കരയ്ക്കിറങ്ങാൻ അദ്ദേഹം തയ്യാറെടുത്തു. ആ ഘട്ടത്തിലെത്തിയപ്പോൾ അദ്ദേഹം ഉറക്കത്തിൽ നിന്ന് ഉണർന്നു. സ്വപ്നം വിവരിച്ചശേഷം കത്തിൽ വേറെ ചില വാർത്തകൾ കൂടി എഴുതിച്ചേർത്തു. സാധാരണ സ്വപ്നങ്ങൾക്ക് പ്രാധാന്യം കൊടുക്കാറില്ല. പക്ഷേ ഇവിടെ അദ്ദേഹത്തിന്റെ പരലോകത്തേക്കുള്ള യാത്രയെ സൂചിപ്പിക്കുന്ന ഒരു സ്വപ്നം ആയിരുന്നിരിക്കാം ഇത്.

മിറജ് ആശുപത്രിയിലും പിന്നീട് ബോംബെയിലെ കിങ് എഡ്വർഡ് മെമ്മോറിയൽ ആശുപത്രിയിലും അദ്ദേഹത്തിന് ലഭിച്ച ചികിത്സ കൊണ്ട് വലിയ പ്രയോജനം ഉണ്ടായില്ല. താത്കാലികമായി അല്പം ആശ്വാസം. അദ്ദേഹം മൗണ്ട് പോയിൻസറിലേക്കു മടങ്ങി; നിശ്ശബ്ദം ക്ഷമാപൂർവ്വം എല്ലാം സഹിച്ചു. മറ്റുള്ളവർക്ക് ശല്യമാകാതെ തന്റെ കാര്യങ്ങൾ സ്വയം നടത്തി. 1941 ഒക്ടോബർ രണ്ടാം പകുതിയിൽ അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വളരെ മോശമായി എന്ന് വ്യക്തമായി. ഏതാനും ദിവസത്തേക്കു ബോംബെയിലെ സെന്റ് ജോർജ് ആശുപത്രിയിൽ കിടക്കണമെന്ന നിർദ്ദേശം അദ്ദേഹം സ്വീകരിച്ചു. ആ സമയം ഒരു ശസ്ത്രക്രിയ നടത്താനാകും എന്ന് ഡോക്ടർ കരുതി. ഏതാനും ദിവസത്തിനകം അദ്ദേഹത്തിന് ശക്തമായ പനി ബാധിച്ചു. രോഗാണുബാധ കൊണ്ടുണ്ടായ പനി ആയിരുന്നു. ഈ സാഹചര്യത്തിൽ ശസ്ത്രക്രിയ നടത്താൻ ഡോക്ടർ വിസമ്മതിച്ചു.

### 3.5. ബ്ര. പൗലുസ് മോറിറ്റ്സിന്റെ മൗണ്ട് പോയിൻസറിലെ അവസാന ദിനങ്ങൾ

മരണത്തിന് രണ്ടു ദിവസം മുമ്പ് സ്വയം ആവശ്യപ്പെട്ട് ബ്രദർ ആശുപത്രി വിട്ടു. ബോംബെയിലെ മറീൻ ലൈനിലുള്ള ബ്രദേഴ്സിന്റെ സോണപൂർ റസിഡൻസിൽ എത്തി. ഇവിടെ ബ്ര. റൂഫസിനോടു പറഞ്ഞു ആശ്രമത്തിന്റെ കാർ വരുത്തി മൗണ്ട് പോയിൻസറിലേക്കു പുറപ്പെട്ടു. അവിടെ എത്തിയപ്പോൾ അദ്ദേഹത്തിന് സംസാരിക്കാൻ കഴിയാതെയായി. ആശ്രമത്തിലെ അദ്ദേഹത്തിന്റെ മുറിയിലേക്ക് ഒരു സ്ട്രച്ചറിൽ കൊണ്ട് പോകുന്നതിനിടയ്ക്ക് അദ്ദേഹം ചുറ്റും കണ്ണോടിച്ചു. മൗണ്ട്പോയിൻസർ, സ്കൂൾ, അനാഥാലയം, ദേവാലയം തന്റെ പ്രിയപ്പെട്ട ബ്രദേഴ്സും അനാഥബാലരും വഴിയിൽ നിരന്ന്

നില്ക്കുന്നത് അവസാനമായി കണ്ടു. ദുഃഖാർദ്രമായ മുഖങ്ങൾ. സ്വന്തം വീട്ടിൽ കിടന്ന് മരിക്കാനാണ് അദ്ദേഹത്തിന്റെ വിധി എന്നു തോന്നി. അതോ തന്റെ അന്ത്യം എത്തിക്കഴിഞ്ഞു, പ്രിയപ്പെട്ട തന്റെ മൗണ്ട് പോയിൻസറിൽ കിടന്ന് മരിക്കണം എന്ന് അദ്ദേഹം ആഗ്രഹിച്ചതാകാം.

### 3.6. മൗണ്ട് പോയ്ൻസർ അതിന്റെ സ്ഥാപകന്റെ മരണത്തിൽ അനുശോചിക്കുന്നു

കണ്ണുനീരിന്റെ ഈ താഴ്വരയോടു വിടപറഞ്ഞ ദിവസം ബോംബെയിൽ നിന്ന് മൗണ്ട്പോയിൻസറിലേക്കു രണ്ടു ദിവസം മുമ്പ് കാർമാർഗ്ഗം നടത്തിയ യാത്ര അല്പം കൂടിപ്പോയി എന്നു തോന്നി. താൻ ഏറെ വിശ്വസ്തതയോടെ സേവനം അനുഷ്ഠിച്ച കത്തോലിക്കാ സഭയുടെ അന്ത്യകൂദാശകൾ സ്വീകരിച്ചു. ഡോ. ഡാൽവിയുടെ ചികിത്സകൊണ്ട് താത്ക്കാലിക ആശ്വാസം മാത്രമേ ലഭിച്ചുള്ളു. മൗണ്ട് പോയിൻസർ ഇടവക വികാരി ഫാ. ജോൺ ഫ്രാൻസിസ് ഗോൺസാൽവസ് വന്ന് ഉച്ചത്തിൽ ബ്രദർ, ബ്രദർ എന്ന് വിളിക്കുംവരെ തികച്ചും നിശബ്ദമായിരുന്നു. ഫാ. ഗോൺസാൽവസ് വിളിച്ചപ്പോൾ സാധാരണ പറയാറുള്ളതുപോലെ "ഓ ഫാദർ, ഓ ഫാദർ" എന്നു പറഞ്ഞു. ഡോക്ടർ വീണ്ടും വന്നു. സൂക്ഷിച്ചു നിരീക്ഷിക്കാൻ നിർദ്ദേശിച്ചു. ബ്രദർ മരണത്തോട് അടുത്തുകൊണ്ടിരിക്കുന്നു എന്ന് വ്യക്തമായിരുന്നു. ബ്രദേഴ്സ് ചെറിയ സംഘങ്ങളായി കുറേ മണിക്കൂർ മാറി മാറി പ്രാർത്ഥിച്ചുകൊണ്ട് സമീപത്തിരുന്നു. 1942 നവംബർ 18–ാം തീയതി ബുധനാഴ്ച പാതിരാ കഴിഞ്ഞ ഉടനെ ബ്ര. തിമത്തി സമീപത്തിരിക്കെ, ബ്രദറിന് പെട്ടെന്ന് ബോധക്ഷയം ഉണ്ടായി. ഭവനത്തിലെ മറ്റു ബ്രദേഴ്സിനെ ഉടൻ വിവരം അറിയിച്ചു. എല്ലാവരും വന്നു കട്ടിലിനു ചുറ്റും നിന്നു പ്രാർത്ഥിക്കാൻ തുടങ്ങി. ആ സമയം ബ്ര. പൗലുസ് മോറിറ്റ്സ് ശാന്തമായി, സമാധാനത്തോടെ, അന്ത്യശ്വാസം വലിച്ചു. തന്റെ ആത്മാവിനെ സ്രഷ്ടാവിന്റെ കൈകളിൽ ഏല്പിച്ചു. 1942 നവംബർ 19–ാം തീയതി ഒരു ഫ്രാൻസിസ്കൻ ടേർഷ്യറി വി. എലിസബത്ത് ഓഫ് ഹംഗറിയുടെ തിരുനാൾ ദിവസം ബ്രദർ മരണമടഞ്ഞു. വി. എലിസബത്തിനോട് ബ്രദറിന് ഭക്തിയുണ്ടായിരുന്നു. വിശുദ്ധയെപ്പോലെ ദരിദ്രരെയും നിരാലംബരെയും സ്നേഹിച്ചിരുന്ന ഒരാളായിരുന്നു ബ്ര. പൗലുസും.

### 3.9. ബ്ര. പൗലുസ് മോറിറ്റ്സിന്റെ ശവസംസ്കാര ചടങ്ങുകൾ

മിഷനറി ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് സഭയുടെ സ്ഥാപകനും അതിന്റെ പ്രഥമ സുപ്പീര്യർ ജനറലുമായിരുന്ന ബ്ര. പൗലുസ് മോറിറ്റസിന്റെ മരണം അറിയിച്ചുകൊണ്ട് പള്ളിമണി മുഴങ്ങി.

മൗണ്ട്പോയിൻസർ ആകെ വിഷാദത്തിലും ദുഃഖത്തിലും മുഴുകി. മരണത്തിലും ശാന്തനും സൗമ്യനുമായി ബ്രദർ കാണപ്പെട്ടു. തവിടു നിറത്തിലുള്ള ഫ്രാൻസിസ്കൻ സഭാവസ്ത്രം ധരിപ്പിച്ചു. ബ്രദറിന്റെ മൃതദേഹം ഒരു ശവപ്പെട്ടിയിൽ വച്ചു. അദ്ദേഹത്തിന്റെ ആത്മശാന്തി യ്ക്കായി രാവിലെ മരിച്ചവരുടെ പാട്ടുകുർബാന ചൊല്ലി. വൈകു ന്നേരത്തെ ആഘോഷപൂർവ്വം നടത്തിയ ശവസംസ്കാര ചടങ്ങിൽ ബോംബെ ആർച്ചുബിഷപ് തോമസ് റോബേർട്ട്സ് മുഖ്യകാർമ്മിക നായിരുന്നു. ബോംബെയിലെ വൈദികരുടെയും സന്യസ്തരുടെയും പ്രതിനിധികൾ, ബെനെഫാക്ടേഴ്സ്, സുഹൃത്തുക്കൾ, ഇങ്ങനെ വലിയ ജനക്കൂട്ടം ചടങ്ങിൽ സംബന്ധിച്ചു. നഗരത്തിൽ നിന്നും പ്രാന്തപ്രദേശങ്ങളിൽ നിന്നും ആളുകൾ വന്ന് ബ്രദറിനോടുള്ള ആദരവ് പ്രകടിപ്പിച്ചു. സംസ്കാരചടങ്ങുകളിൽ വലിയ ഒരു ജനക്കൂട്ടം പങ്കെടുത്ത് 'മൗണ്ട് പോയിൻസറിലെ കൊച്ചുമനുഷ്യ'നോടുള്ള ആദരവ് പ്രകടിപ്പിച്ചു. ആർച്ചുബിഷപ്പ് നടത്തിയ ചരമ പ്രഭാഷണത്തിൽ ബ്രദറിന്റെ ജീവിതത്തെ പരാമർശിച്ചു. ഇന്ത്യയിലെ അക്രൈസ്തവരുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിക്കുവാൻ ബ്രദർ നടത്തിയ തീവ്രശ്രമത്തെയും അനുസ്മരിച്ചു. സാധാരണ നടത്താറുള്ള പ്രാർത്ഥനകൾക്കും പാപമോചനകർമ്മങ്ങൾക്കും ശേഷം ബ്ര. പൗലുസ് മോറിറ്റസിന്റെ ഭൗതികാവശിഷ്ടങ്ങൾ കല്ലറയിൽ വച്ചു. സത്യാന്വേഷണത്തിനായി എല്ലാം പരിത്യജിച്ച ഒരു വ്യക്തി; സത്യം കണ്ടെത്തിയപ്പോൾ ജീവിതം മുഴുവൻ അതിനായി വിനിയോഗിച്ച ആൾ. തിരുസഭയ്ക്ക് ഒരു പുതിയ ദൗത്യം ഏല്പിച്ചുകൊടുത്തു. അദ്ദേഹം കൊണ്ടുവന്ന ചെറിയ ഒരു സംഘം ബ്രദേഴ്സിലൂടെ ഈ അരൂപി ഭാവി തലമുറകൾക്കു പകർന്നുകൊടുത്തു. അമാനുഷനെന്നു പറയുന്ന അവരുടെ പിതാവായ ഫ്രാൻസിസ് അസ്സീസിയെപ്പോലെ.

ബ്ര. പൗലുസ് മോറിറ്റ്സിന്റെ മരണത്തോടുകൂടി ഇന്ത്യയിലെ മിഷൻ പ്രവർത്തനത്തിന്റെ ചരിത്രത്തിൽ ഒരദ്ധ്യായം സമാപിച്ചു. എന്നാൽ സ്ഥാപിച്ച മിഷനറി 'ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് അസ്സീസി' എന്ന അദ്ദേഹം സ്ഥാപിച്ച സഭയിലൂടെ ഒരു പുതിയ അദ്ധ്യായം തുറക്കപ്പെട്ടു. അസ്സീസി എന്ന കൊച്ചുപട്ടണത്തിന് എതിർവശത്തുള്ള കുന്നിൻപുറത്ത് കിടന്ന് മരിക്കാനാണ് വിശുദ്ധൻ ആഗ്രഹിച്ചത്. ബ്ര. പൗലുസും മൗണ്ട്പോയിൻസർ എന്ന ഒരു ചെറിയ കുന്നിൽ വച്ചു (കിടന്നു) മരിച്ചു. വിദൂരമായ പ്രേഗൽ നദീതീരത്തുള്ള കോണിസ്ബർഗിൽ തുടങ്ങിയ ജീവിതം അത്ഭുതഭൂമിയായ ഇന്ത്യയിലെ ഒരു കൊച്ചുകുന്നിൽ

അവസാനിച്ചു. ഇന്ത്യയെ വളരെ അധികം സ്നേഹിച്ച ബ്രദർ ഇന്ത്യയുടെ സുവിശേഷവത്ക്കരണത്തിനായി തന്റെ ജീവിതം സമർപ്പിച്ചു. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ രത്നച്ചുരുക്കം പുറജാതിക്കാരുടെ അപ്പോസ്തോലനായ വി. പൗലുസ് തന്നെപ്പറ്റി സ്വയം പറഞ്ഞതു തന്നെ: "ഞാൻ സുവിശേഷം പ്രസംഗിയ്ക്കുന്നില്ലെങ്കിൽ ഹാ, എനിക്കു കഷ്ടം."

# അദ്ധ്യായം II

## മിഷനറി ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് അസ്സീസി എന്ന സഭയുടെ സ്ഥാപകനും അതിന്റെ പ്രഥമ സുപ്പീര്യർ ജനറലുമായിരുന്ന ബ്ര. പൗലുസ് മോറിറ്റ്സിന്റെ അരൂപി/സിദ്ധി (ചൈതന്യം)

ഈ സമാപന അദ്ധ്യായത്തിൽ ഞങ്ങളുടെ പ്രവർത്തനത്തിന്റെ ഒരു പ്രധാന മുഖമാണ് അനാവരണം ചെയ്യപ്പെടുക. അതായത്, സഭാ സ്ഥാപകനായ ബ്ര. പൗലുസ് മോറിറ്റ്സിനെ സൂക്ഷ്മമായി, അടുത്തു ചെന്നു നോക്കി കാണു. അദ്ദേഹത്തിന്റെ ആത്മീയത, അദ്ദേഹത്തിന്റെ സുവിശേഷ പ്രചരണ അരൂപി - ഇതാണല്ലോ അദ്ദേഹം താൻ സ്ഥാപിച്ച സഭക്കു കൈമാറിയത്. ഗവേഷണ പ്രവർത്തനത്തിൽ ആദ്യന്തം നേരിട്ട പ്രശ്നം തന്നെയാണ് ഇവിടെയും നേരിടേണ്ടി വരുക. അതായത് സ്ഥാപകന്റെ തന്നെഎന്തെങ്കിലും രേഖയോ മറ്റുള്ളവർ നല്കുന്ന രേഖകളോ ഒന്നുമില്ല. ആദ്യം ബ്ര. പൗലുസ് മോറിറ്റ്സ് എന്ന വ്യക്തിയുടെ സവിശേഷഗുണങ്ങൾ ഏവ എന്നു നോക്കാം. ഇവയിലൂടെയാണല്ലോ അദ്ദേഹം സ്ഥാപിച്ച സഭയുടെ മിഷനറി അരൂപി പ്രകടമാകുന്നത്; ആ അരൂപി സമൂർത്തമാകുന്നത്. ഇതിനു ഞങ്ങൾ ആശ്രയിക്കുന്നത് പ്രധാനമായും മുതിർന്ന അംഗങ്ങളുടെ ഓർമ്മകളാണ്. ഒരു ചോദ്യാവലിയിലൂടെയാണ് ഞങ്ങൾ ഇത് സമാഹരിച്ചത്.

### 1.1. ബ്ര. പൗലുസ് മോറിറ്റ്സ് എന്ന വ്യക്തി

കഴിഞ്ഞ അദ്ധ്യായത്തിൽ വ്യക്തിയുടെ ബാഹ്യരൂപം എങ്ങനെ ഇരുന്നു എന്നു അയാളുടെ ആന്തരിക ജീവിതം എന്തായിരുന്നു എന്നും കണ്ടെത്താനുള്ള ഒരു ശ്രമം നാം നടത്തി. ഒരു മിഷനറി സഭ തുടങ്ങാനും അതിന്റെ പൂർണ്ണവളർച്ച ഉറപ്പാക്കാനും അദ്ദേഹത്തെ ശക്തനാക്കിയ സവിശേഷ ഗുണങ്ങൾ എന്തായിരുന്നു എന്നും നാം അന്വേഷിച്ചു. കുമ്പുക്കൽ ഹുബർട്ടു പറയന്നു: ബ്ര. പൗലുസ് മോറിറ്റ്സ്

വ്യക്തികളിൽ ശ്രദ്ധ ചെലുത്തിയിരുന്നു; പ്രാർത്ഥനയിൽ തത്പരനായിരുന്നു ; ഊർജ്ജസ്വലനായ ഒരു സന്യസ്തൻ ആയിരുന്നു; 1934 മുതൽ ബ്ര. പൗലുസിനെ അറിയാമായിരുന്ന റെബെല്ലോ ഗിൽബർട്ട് പറയുന്നു: സ്നേഹമുള്ള പിതൃസഹജമായ വാത്സല്യം കാട്ടുന്ന, അന്യരെ സഹായിക്കുന്ന പ്രകൃതമുള്ള ഒരാളായിരുന്നു ബ്ര. പൗലുസ്. അദ്ദേഹം ഒരു ഉദാഹരണം നല്കുന്നു. എടുത്ത് പറയത്തക്കതാണ് എന്ന് മുതിർന്നവർ പലരും കരുതുന്ന ഒരു ഉദാഹരണം. മൗണ്ട് പോയിൻസൂർ സമൂഹത്തിൽ ആർക്കെങ്കിലും അസുഖം ബാധിച്ചാൽ ബ്രദർ നേരിട്ട് രോഗിയെ ശുശ്രൂഷിക്കും. ചിലപ്പോൾ ചൂടുള്ള ഒരു കപ്പ് സൂപ്പ്, അല്ലെങ്കിൽ ഒരു കപ്പ് കാപ്പി തയ്യാറാക്കി കൊണ്ടു ചെന്നു കൊടുക്കും. വൈദ്യസഹായം വേണ്ട സാഹചര്യമുണ്ടെങ്കിൽ അതും ഉറപ്പ് വരുത്തും. സഭയിലെ ഒരു അനുഭവസമ്പന്നനായ മുതിർന്ന അംഗം, പ്രായമായ ഒരു മിഷനറി. സൽദാന ആൻസെൽമോ പറയുന്നു; ദൂരെയുള്ള ഏതെങ്കിലും ഒരു മിഷൻ സ്റ്റേഷനിൽ നിന്ന ഒരു ബ്രദർ മദർ ഹൗസിൽ മടങ്ങി എത്തിയാൽ അദ്ദേഹത്തെ സ്വീകരിക്കാൻ ഗേയ്റ്റിനടുത്തേക്ക് ഓടും. അദ്ദേഹത്തിനായി ഒരുക്കിയിട്ടുള്ള മുറിയിലേക്കു ലഗേജ് എടുത്തുകൊണ്ടു പോകും. അദ്ദേഹത്തിന് വേണ്ടതെല്ലാം ചെയ്തു കൊടുക്കും. ഈ രീതിയിൽ ബ്രദർ പെരുമാറിയിരുന്നു എന്ന് കുമ്പുക്കൽ ഹുബേർട്ടും പറയുന്നു. അപ്പോഴും ജീവിച്ചിരുന്ന ഒരു മുൻ സുപ്പീര്യർ ജനറൽ കേൺമൊഡെസ്റ്റസ് (1961–67; 1979 – 1985) പറയുന്നത് ബ്ര. മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റാൻ യാതൊരു താത്പര്യവും കാട്ടാത്ത ഒരു വ്യക്തി ആയിരുന്നു എന്നാണ്. സ്വാഭാവികമായി പെരുമാറുന്ന, ആത്മാർത്ഥതയുള്ള ഒരു സുപ്പീര്യർ ജനറലായിരുന്നു ബ്ര. പൗലുസ് എന്നാണ്, അദ്ദേഹത്തിന്റെ സ്നേഹം ധ്വനിപ്പിച്ചത്. ഒരു സുപ്പീര്യർ ജനറലിന് ഏറ്റം ആവശ്യമായ ഗുണം അദ്ദേഹത്തിനുണ്ടായിരുന്നു. അതായത്, മറ്റുള്ളവർക്കു പറയാനുള്ളത് ശ്രദ്ധിച്ചുകേൾക്കുക എന്ന സ്വഭാവം. പിതൃസഹജമായ വാത്സല്യം കാട്ടുന്ന, സ്വാഭാവികമായി പെരുമാറുന്ന ഒരാളായിരുന്നു ബ്ര. പൗലുസ്.

### 1.2. ബ്ര. പൗലുസ് മോറിറ്റ്സ് സഭാ സ്ഥാപകൻ; ജീവിതം ദൈവത്തിൽ കേന്ദ്രീകരിച്ച ഒരു വ്യക്തി

ഒരു മിഷനറി എന്ന നിലയ്ക്ക് വിജയിക്കണമെങ്കിൽ ഒരാൾ മറ്റു വ്യക്തികളിൽ താത്പര്യമെടുക്കുന്നവൻ ആയിരിക്കണം; ദൈവത്തിൽ കേന്ദ്രീകൃതമായ ഒരു ജീവിതം നയിക്കുന്നവനും ആയിരിക്കണം. ബ്ര. പൗലുസ് മോറിറ്റ്സ് വ്യക്തികൾക്കു പരിഗണന നല്കുന്ന ആളായിരുന്നു

എന്നതിന് ചില ഉദാഹരണങ്ങൾ ഇതിനകം നല്കി കഴിഞ്ഞു. ദൈവത്തിൽ കേന്ദ്രീകരിച്ച ജീവിതമാണ് ബ്ര. പൗലുസ് നയിച്ചിരുന്നത് എന്ന് വ്യക്തമാക്കുന്ന ചില സംഭവങ്ങൾ മുതിർന്ന സഭാംഗങ്ങൾ വിവരി ക്കുന്നുണ്ട്. മറ്റുള്ളവർക്ക് നല്കുന്ന സാക്ഷ്യങ്ങളിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നത് ഇതാണ്: മനുഷ്യന്റെ പ്രവർത്തനങ്ങൾക്കു പിന്തുണയായി ആന്തരിക ജീവിതം ഉണ്ടായിരിക്കണം. ദൈവവുമായുള്ള ആഴമുള്ള ഐക്യത്തിൽ നിന്ന് ഉത്ഭവിക്കുന്ന ആന്തരികത. ഇപ്പോഴത്തെ ജനറൽ (1991) കെല്ലർ കൊളംബൻ പറയുന്നു: ബ്ര. പൗലുസ് മോറിറ്റസ് പ്രാർത്ഥനാ അരൂപിയുള്ള ഒരാളായിരുന്നു. ആഴമേറിയ ആന്തരികതയുള്ള ഒരു സന്യസ്തനേ ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു സുവിശേഷ പ്രചാരകനാകാൻ കഴിയുകയുള്ളു എന്ന ഉത്തമ ബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. മുതിർന്ന സഹസന്യസ്തർ പറയുന്നത് ബ്ര. പൗലുസിൽ ഈ രണ്ടു ഗുണങ്ങളും - ആന്തരിക ജീവിതവും പ്രവർത്തനോന്മുഖതയും - നല്ലൊരളവിലുണ്ടായിരുന്നു എന്ന്; ആർക്കും കാണാവുന്ന രീതിയിൽ അതു പ്രകാശമാനമായിരുന്നു.

ബ്ര. പൗലുസ് മോറിറ്റസ് ഭക്തിനിർഭരമായ ജീവിതം നയിച്ച ഒരു സന്യസ്തനും തീക്ഷ്ണതയുള്ള ഒരു മിഷനറിയും ആയിരുന്നു. സമൂഹം അനുഷ്ഠിക്കേണ്ട കാര്യങ്ങളിൽ കൃത്യത പാലിച്ചിരുന്ന തന്റെ ആഫീസ് മുറിയിലിരുന്ന് സമൂഹ ചാപ്പലിലെ സക്രാരി വീക്ഷിയ്ക്കു മായിരുന്നു. ചാപ്പലിന്റെ മുമ്പിൽ കൂടി കടന്നുപോകുമ്പോൾ കതക് അടച്ചിരിക്കുകയാണെങ്കിലും മുട്ടുകുത്തുമായിരുന്നു. ദിവ്യകാരുണ്യ ത്തിൽ സന്നിഹിതനായിരിക്കുന്ന കർത്താവിനോടുള്ള ആദരവു സൂചിപ്പിക്കുവാൻ ഹ്രസ്വമായ ഒരു പ്രാർത്ഥന ഉരുവിടും.

ബ്ര. പൗലുസ് അതിരാവിലെ എഴുന്നേല്ക്കുന്ന സ്വഭാവക്കാരനായി രുന്നു. വെളുപ്പിന് 4 മണി തൊട്ടേ അദ്ദേഹം ജോലി തുടങ്ങും. മൗണ്ട് പോയിൻസർ സമൂഹം ഉണരുന്നതിന് മുമ്പ് ബ്ര. പൗലുസ് രണ്ടു മണിക്കൂർ പണി ചെയ്തിരിക്കും. സാധാരണ സമൂഹ പ്രാർത്ഥനയ്ക്ക് നേതൃത്വം വഹിക്കുക അദ്ദേഹമാണ്. വ്യക്തവും ഹൃദയസ്പർശിയു മായ സ്വരത്തിൽ അദ്ദേഹം പ്രഭാതപ്രാർത്ഥന നയിക്കും. ദിവസം മുഴുവൻ ഈ ഭക്തിയുടെ ചെറുചൂട് ബ്രദേഴ്സിന്റെ ഹൃദയങ്ങളിൽ തങ്ങിനിൽക്കും. പ്രഭാത പ്രാർത്ഥനയുടെ സമയത്ത് അത്യാവശ്യം വേണ്ട നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും നല്കും. സമൂഹത്തിലെ ചെറിയ ചെറിയ തെറ്റുകൾ തിരുത്താൻ ഈ അവസരം പ്രയോജന

പ്പെടുത്തും. ഇതെല്ലാം ചെയ്തത് തികച്ചും ശാന്തനായും മറ്റുള്ളവരെ കാര്യം പറഞ്ഞു മനസ്സിലാക്കിയുമാണ്. എല്ലാവർക്കും ഈ സമീപനം ഇഷ്ടമായി; ഇതിന് ഏറെ ഫലവുമുണ്ടായി.

ബ്ര. പൗലുസ് ഭക്തിയും പ്രവർത്തനവും സംയോജിപ്പിച്ചു. അദ്ദേഹം മിക്കവാറും സമയം ചെലവഴിച്ചത് മിഷന്റെ സാമ്പത്തികം കൈകാര്യം ചെയ്യുന്ന ആഫീസിൽ ആയിരുന്നു. നിരവധി അഭ്യർത്ഥനകൾ എഴുതും തപാലിൽ അയയ്ക്കും. യൂറോപ്പിലെ ഉപകാരികൾ തന്ന സംഭാവന കിട്ടിയെന്ന് അറിയിച്ചുകൊണ്ടുള്ള കത്തുകൾ എഴുതും. ഈ ആവശ്യത്തിലേക്കു മൗണ്ട് പോയിൻസറിൽ, അദ്ദേഹത്തിന്റെ തന്നെ മേൽനോട്ടത്തിൽ, ഒരു ചെറിയ അച്ചടിശാല തുറന്നു. ഇതിൽ നിന്ന് പ്രാദേശിക സമൂഹത്തിന് അല്പം സാമ്പത്തിക നേട്ടവും ഉണ്ടായി. ഏതാനും അനാഥ ബാലന്മാർക്കു പരിശീലനം നല്കാനും ഈ പ്രസ്സ് പ്രയോജനപ്പെട്ടു. യൂറോപ്പിൽ നിന്നു പുതുതായി സഭയിൽ ചേർന്നിട്ട് ഇന്ത്യയിലെത്തിയവർക്കു ആദ്യം നല്കിയ മിഷനറി അനുഭവം കുറച്ചുകാലം ഈ പ്രസ്സിൽ പണിയെടുക്കുക എന്നതായിരുന്നു.

ബ്ര. പൗലുസ് രാത്രിയും ഏറെനേരം തന്റെ ആഫീസിൽ ഇരുന്നു പണിയെടുത്തു. സെക്രട്ടറിമാരുടെ സഹായം കൂടാതെ എല്ലാ ജോലിയും ബ്രദർ തനിയെ ചെയ്തു. കോൺഗ്രിഗേഷന്റെ ഭരണം നടത്തുന്നതിനിടയിലാണ് ഈ ആഫീസ് ജോലിയും ചെയ്തിരുന്നത് എന്നറിയുമ്പോൾ നമുക്ക് അത്ഭുതം തോന്നും. ബ്ര. പൗലുസ് നിശബ്ദതയെ സ്നേഹിച്ചു. മൗണ്ട് പോയിൻസറിലെ സമൂഹവും മറ്റു സമൂഹങ്ങളിലെ അംഗങ്ങളും ഉചിതമായ സമയങ്ങളിൽ മൗനം പാലിക്കണം എന്ന് അദ്ദേഹം നിർബന്ധമായും നിർദ്ദേശിച്ചിരുന്നു. എപ്പോഴെങ്കിലും ഭക്ഷണത്തിന് താമസിച്ചെത്തിയാൽ ഊട്ടുമുറിയുടെ വാതില്ക്കൽ മുട്ടുകുത്തിനിന്ന് കൈ രണ്ടും വിരിച്ച് (ഭക്ഷണത്തിനു മുമ്പുള്ള) പ്രാർത്ഥന ചൊല്ലും. ഇതു ഒരു പ്രായശ്ചിത്ത പ്രവൃത്തി ആയിരുന്നു. എപ്പോഴെല്ലാം ഒരു ബ്രദർ മിഷനിലേക്കു പോയോ അപ്പോഴൊക്കെ ബ്രദർ പൗലുസും പോയിൻസർ സമൂഹവും ആ ബ്രദറിന് സ്നേഹോഷ്മളമായ യാത്രയയപ്പും സംഘടിപ്പിക്കും. സ്ഥിരം പാടുന്ന ഒരു കീർത്തനമുണ്ട്: "മറിയമേ ഞങ്ങൾ അപേക്ഷിക്കുന്നു; ഇനി ഞങ്ങളെ ഉപേക്ഷിക്കരുതേ; ഞങ്ങളുടെ ആവശ്യസമയത്ത് ഞങ്ങളെ സഹായിക്കണമേ. ഓ അമലോത്ഭവയായ കന്യാമറിയമേ." മൗണ്ട് പോയിൻസറിൽ നടത്തിയിരുന്ന വാർഷിക

ധ്യാനം ബ്രദേഴ്സിന് സഭയുടെ ഭരണഘടന വിശദീകരിച്ചു കൊടുക്കാനുള്ള ഒരവസരമായി ബ്ര. പൗലുസ് പ്രയോജനപ്പെടുത്തി. ഭരണഘടനയ്ക്ക് അനുസൃതമായി ജീവിക്കുന്നതിന് അവർക്കുള്ള ഉത്തരവാദിത്തം അവരെ അനുസ്മരിപ്പിക്കും.

### 1.3. ആ കാലഘട്ടത്തിൽ ബ്ര. പൗലുസ് മോറിറ്റ്സും മൗണ്ട് പോയിൻസർ സമൂഹവും നയിച്ചിരുന്ന അരിഷ്ടിച്ചുള്ള ജീവിതം കഴിയുന്നത്ര ചെലവു ചുരുക്കിയുള്ള ജീവിതം

ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഫ്രാൻസിസ്കൻ സഭയുടെ സവിശേഷ ഗുണങ്ങളായ ലാളിത്യവും മിതവ്യയത്വവും ഹെർമൻ മോറിറ്റ്സിന്റെ വ്യക്തിത്വത്തിൽ പ്രകടമായിരുന്നു. ലളിതമായ ഭക്ഷണം; ജീവൻ നിലനിർത്താൻ വേണ്ടത്ര ഭക്ഷണം. അതേസമയം തന്റെ സഹസന്യസ്തരോട് അദ്ദേഹം കൂടുതൽ കാരുണ്യം കാട്ടി. ഗ്രാമപ്രദേശങ്ങളിൽ കഠിനമായി പ്രവർത്തിക്കേണ്ടതിന് വേണ്ട ആരോഗ്യം നിർത്താൻ നല്ലപോലെ ഭക്ഷണം കഴിക്കണം എന്ന് അദ്ദേഹം നിർദ്ദേശിച്ചു. അദ്ദേഹം യഹൂദമതം വിട്ട് ക്രിസ്തുമതം സ്വീകരിച്ച ആളായിരുന്നെങ്കിലും പന്നി ഇറച്ചി കഴിക്കാൻ മടി ഇല്ലായിരുന്നു. ഊട്ടുമുറിയിൽ വിളമ്പിയിരുന്ന ഏതു ഭക്ഷണവും കഴിക്കും. അദ്ദേഹം ധരിച്ചിരുന്നത് വിലകുറഞ്ഞ തുണി കൊണ്ടു ണ്ടാക്കിയ വസ്ത്രങ്ങളായിരുന്നു. പരുത്തിത്തുണി കൊണ്ടുള്ള വസ്ത്രങ്ങൾ. വേനൽക്കാലമല്ലെങ്കിൽ തവിട്ടുനിറത്തിലുള്ള സഭാവസ്ത്രം ധരിക്കാനാണ് ഇഷ്ടപ്പെട്ടിരുന്നത്. വേനൽക്കാലത്ത് വെളുത്ത വസ്ത്രം ധരിക്കും. പലെടത്തും കീറിയ ഭാഗം പുതിയ കഷണം കൊണ്ട് തുന്നിച്ചേർത്ത ഉടുപ്പുകളാണ് ധരിച്ചിരുന്നത്. വിലകുറഞ്ഞ കാൻവാസ് ചെരുപ്പുകൾ ധരിച്ചിരുന്നു. സ്ലിപ്പേഴ്സ് പോലെ അകത്തോട്ടു മടക്കി ഉണ്ടാക്കിയ ഷൂസുകൾ. ബോംബെ ആർച്ചുബിഷപ് ആൽബൻ ഗുഡിയർ ഇടയ്ക്കിടെ മൗണ്ട് പോയിൻസർ സന്ദർശിക്കുമായിരുന്നു. അദ്ദേഹം സഭാ സ്ഥാപകന്റെ ഒരു ചിത്രം വരച്ചു കാണിച്ചിട്ടുണ്ട്. തികച്ചും മിതവ്യയം പാലിക്കുന്ന ഒരു വസ്ത്രധാരണ രീതി ആയിരുന്നു സഭാ സ്ഥാപകന്റേത്.

വാതിൽക്കൽ സുപ്പീരിയർ ഞങ്ങളെ സ്വീകരിക്കുന്നു. കുറെ ഏറെ നേരം മുമ്പു തന്നെ കുരയ്ക്കുന്ന നായ്ക്കൾ അന്യർ അടുത്ത് വന്നിട്ടുണ്ട് എന്ന മുന്നറിയിപ്പു കൊടുത്തു. സംതൃപ്തദ്യോതകവുമായ മുഖം വ്യക്തമാക്കുന്നത് അദ്ദേഹം തനിക്ക് ഇഷ്ടപ്പെട്ട സ്ഥലത്തു

തന്നെയാണ് എന്നത്രേ. നീണ്ടുനരച്ച താടി, പ്രേഷിതപ്രവർത്തനത്തിന് അനുയോജ്യമായ സഭാവസ്ത്രം, പ്രേഷിത പ്രവർത്തനത്തിലെ തുന്നലും കൂട്ടിചേർക്കലും, ഇതിനേക്കാൾ പ്രേഷിത പ്രവൃത്തി തോന്നിക്കുന്ന 'ബൂട്ട്സ്'. ബുദ്ധിമുട്ടി വന്നു കാണാൻ മാത്രം ഉള്ള ഒരു കാഴ്ചയായിരുന്നു അദ്ദേഹം. അദ്ദേഹം തലകുനിച്ചു ഞങ്ങളെ സ്വാഗതം ചെയ്തു. സ്വയം പരിചയപ്പെടുത്താതെ ഞങ്ങളെ പരിചയപ്പെടുന്നു; "ഞങ്ങൾ കത്തോലിക്കാ വൈദികരാണ്; ഞങ്ങളും അദ്ദേഹത്തെപ്പോലെ ഇന്ത്യയിൽ എത്തിയിരിക്കുന്നു. ഇതിനപ്പുറം ഒന്നും വേണ്ട പരിചയപ്പെടലിന്ന്."

യാത്രക്കുപോലും ബ്ര. പൗലുസിന് ഒരു ചെറിയ 'ബെഡിങ്ങ്' ഉണ്ടായിരുന്നു. അക്കാലത്ത് ബ്രദേഴ്സിന് വേണ്ട സഭാവസ്ത്രങ്ങളും തുന്നിച്ചിരുന്നത് മൗണ്ട് പോയിൻസറിൽ ആയിരുന്നു. ബ്ലീച്ചു ചെയ്യാത്ത (വെളുപ്പിക്കാത്ത) പരുക്കൻ തുണി കൊണ്ട് വിവിധ സൈസിലുള്ള സഭാവസ്ത്രങ്ങൾ ഉണ്ടാക്കും. വാർഷിക ധ്യാനത്തിനു ബോംബെയിൽ വരുമ്പോഴാണ് വസ്ത്രങ്ങൾ നല്കുക. ബ്രദർ ബോംബെയിലും ഇന്ത്യയിലെങ്ങും യാത്ര ചെയ്തത് സാധാരണ ഇന്ത്യാക്കാരെ പോലെയാണ്. ട്രെയിനിൽ മൂന്നാം ക്ലാസ്സിലും, സൈക്കിളിലും കാളവണ്ടിയിലും യാത്ര ചെയ്യും. കോൺഗ്രിഗേഷന്റെ കാര്യങ്ങൾ സംബന്ധിച്ച് യൂറോപ്പിലേക്കു പോകേണ്ടിവരുമ്പോൾ ലഭ്യമായതിൽ ഏറ്റം ചെലവുകുറഞ്ഞ മാർഗ്ഗം സ്വീകരിക്കും. 1920 കാലയളവിൽ മൗണ്ട് പോയിൻസറിൽ ഉപയോഗിക്കാൻ ബ്രദറിന് ഒരു കാളവണ്ടി ഉണ്ടായിരുന്നു. പരിചയപ്പെട്ട ഒരു കൃഷിക്കാരൻ സമ്മാനിച്ചതായിരുന്നു ഈ കാളവണ്ടി. ഇതിലാണ് ബൊറീവ്‌ലി റയിൽവേസ്റ്റേഷൻ വരെ പോവുക. ഇവിടെ നിന്ന് ബോംബെയ്ക്ക് ട്രെയിനിൽ പോകും. മടക്കയാത്രയിൽ റയിൽവേ സ്റ്റേഷനിൽ നിന്ന് മൗണ്ട് പോയിൻസർ വരെ നടക്കും. ആശുപത്രിയിൽ കിടക്കേണ്ടി വന്നപ്പോൾ പാവപ്പെട്ട രോഗികൾക്കൊപ്പം കോമൺ വാർഡിൽ കിടക്കാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നത്. പണം കൈവശമുണ്ടെങ്കിലും അതു വളരെ സൂക്ഷിച്ചേ ചെലവാക്കുകയുള്ളു. സഭാംഗങ്ങളെ അദ്ദേഹം നിരന്തരം ഓർമ്മിപ്പിക്കും, അവരുടെ കൈയ്യിലുള്ള പണം പാവപ്പെട്ടവരുടേതാണ്, പാവപ്പെട്ടവർക്കുവേണ്ടി ചെലവാക്കാനുള്ളതാണ് എന്ന്. അതുകൊണ്ട് വലിയ ഉത്തരവാദിത്ത ബോധത്തോടുകൂടിയേ പണം ചെലവാക്കാവൂ.

വ്യക്തിപരമായി പറഞ്ഞാൽ ബ്ര. പൗലുസ് കഴിയുന്നത്ര ചെലവു ചുരുക്കി തികച്ചും ലളിതമായി ജീവിക്കുന്ന ഒരാളായിരുന്നു. കഠിനമായി അദ്ധ്വാനിക്കും. എങ്കിലും അദ്ദേഹത്തിന്റെ മുഖത്ത് സന്തോഷമാണ് കാണപ്പെട്ടിരുന്നത്. കെല്ലർ കൊളംബൻ പറയുന്നു: ബ്ര. പൗലുസ് മോറിറ്റസിന്റെ ഏറ്റം വലിയ പ്രായശ്ചിത്തം, വിഷമംപിടിച്ച ജോലി, പ്രതിസന്ധികളിലും അനിശ്ചിതത്വത്തിലും കൂടി ഒരു സഭയെ നയിക്കുക എന്നതായിരുന്നു. അതേസമയം മിഷൻ രംഗത്തു നേട്ടങ്ങളുണ്ടാക്കാനും അദ്ദേഹം യത്നിച്ചു. ഹെൻസ്‌ലെ ലിനസ് പറയുന്നു: ബ്ര. പൗലുസ് മോറിറ്റ്സ് സന്യാസ ജീവിതവും അതുമായി ബന്ധപ്പെട്ട ബാധ്യതകളും ഗൗരവത്തോടെ കണ്ടു, അതനുസരിച്ച് ജീവിച്ചു. സഭയിലെ മററംഗങ്ങളും ഇങ്ങനെ ചെയ്യും എന്ന് അദ്ദേഹം പ്രതീക്ഷിച്ചു മിതത്വം പാലിക്കുക എന്നതായിരുന്നു അദ്ദേഹം ശീലിച്ച പ്രായശ്ചിത്തം. മിതവ്യയം ശീലിച്ച, ലളിതമായി ജീവിച്ച, പ്രായശ്ചിത്തം ചെയ്ത ബ്ര. പൗലുസ് മോറിറ്റ്സ് എന്ന വ്യക്തിയുടെ വിവരണം സമാപിക്കുവാൻ കേൺ മൊഡെസ്റ്റസ് എന്ന സഭാംഗം പറയുന്നത് ഉദ്ധരിക്കാം. സഭാസ്ഥാപകന്റെ അരൂപി പൂർണ്ണമായി ഉൾക്കൊള്ളുകയും അതു ജീവിതത്തിൽ പകർത്തുകയും ചെയ്ത ഒരാളായിരുന്നു കേൺ മൊഡെസ്റ്റസ്:

"സഭ തന്നെ ദാരിദ്ര്യത്തിലായിരുന്നു. ഒരു പക്ഷെ ഈ ദാരിദ്ര്യം ബ്ര. പൗലുസിന്റെയും ആദ്യത്തെ സഹപ്രവർത്തകരുടെയും ജീവിതത്തിലും പ്രേഷിത പ്രവർത്തനത്തിലും പ്രതിഫലിച്ചിരുന്നു. അവർ ദാരിദ്ര്യത്തിൽ ജീവിച്ചു. ദരിദ്രരുടേതുപോലുള്ള വസ്ത്രം ധരിച്ചു, ഭക്ഷണം കഴിച്ചു. എങ്കിലും ആരും മുറുമുറുത്തില്ല. എല്ലാവരും സന്മനസ്സോടെ ഈ സാഹചര്യം അംഗീകരിച്ചു. അവരുടെ പ്രേഷിത പ്രവർത്തനങ്ങൾ തികച്ചും വിജയകരമായിരുന്നു. അവർ പാവപ്പെട്ടവരുടെ ഇടയിലാണ് പ്രവർത്തിച്ചിരുന്നത്. ഈ പാവങ്ങളുമായി താദാത്മ്യം പ്രാപിക്കാൻ അവർക്കു കഴിഞ്ഞു."

**1.4. സ്ഥാപകന്റെ കാലത്ത് മൗണ്ട് പോയിൻസുറിലെ മാതൃഭവനം**

സഭാ സ്ഥാപകൻ ജീവിച്ചിരുന്ന കാലത്ത് മൗണ്ട് പോയിൻസറിലെ മാതൃഭവനം സാരള്യത്തിന്റെയും മിതവ്യയത്തിന്റെയും പ്രകാശം പരത്തി. സ്ഥാപകനും ആദ്യകാലത്തെ അംഗങ്ങളും ശീലിച്ചിരുന്ന ലാളിത്യവും മിതവ്യയശീലവും മാതൃഭവനം പ്രതിഫലിപ്പിച്ചു. ഈ ജീവിതശൈലി ഭാഗികമായി ഉത്തമബോധ്യത്തിന്റെ അടിസ്ഥാനത്തിലും ഭാഗികമായി സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടും

ആയിരുന്നു. സഭക്കു സാമ്പത്തിക സഹായം ലഭിച്ചുകൊണ്ടിരുന്നത് പ്രധാനമായും യൂറോപ്പിൽ നിന്നായിരുന്നു. ഒന്നാം ലോകമഹായുദ്ധം അവസാനിച്ചതോടെ ഇവിടെ നിന്നുള്ള സംഭാവന, ധനസഹായം ഗണ്യമായി കുറഞ്ഞു. അങ്ങനെ സഭ പൊതുവെ ദാരിദ്ര്യത്തിലായി. സഭയിലെ പ്രായമായ അംഗങ്ങൾ ഈ യഥാർത്ഥ ഫ്രാൻസിസ്കൻ അരൂപി ഏറെ ഗൃഹാതുരതയോടെ അനുസ്മരിക്കുന്നു. അന്നത്തെ ജീവിതവും അന്തരീക്ഷവും ഇന്നത്തെ സുഖസൗകര്യങ്ങളും സ്ഥാപനങ്ങൾക്കു മുൻതൂക്കം നല്കുന്നതുമായ മൗണ്ട് പോയിൻസറും തമ്മിലുള്ള അന്തരം അവർ ഓർമ്മിക്കുന്നു. മൗണ്ട് പോയിൻസറിന്റെ വികാസത്തിൽ നല്ല പങ്കു വഹിച്ചവരിൽ ഒരാളായ വേഗേൽ വിൻസന്റ് പറയുന്നത് ഇതാണ്:

“ആദ്യകാലത്ത് മൗണ്ട് പോയിൻസറിലെ ജീവിതം വളരെ ലളിതമായിരുന്നു; ദാരിദ്ര്യത്തിലാണ് അവർ കഴിഞ്ഞത്. മൗണ്ട് പോയിൻസർ ആകെ ഫ്രാൻസിസ്കൻ അരൂപി പ്രതിഫലിച്ചു. ഈ അരൂപിയിൽ ജീവിക്കാനാണല്ലോ ബ്രദേഴ്സ് തങ്ങളെ സമർപ്പിച്ചിട്ടുള്ളത്. വലിയ മുറി ചാക്കുകൾ കീറി പലതായി വിഭജിച്ചിരുന്നു. ഈ മുറികളിലാണ് അവർ താമസിച്ചിരുന്നത്. ഇരുമ്പു ചട്ടത്തിൽ വച്ചിരുന്ന രണ്ട് പലകകൾ – അതായിരുന്നു അവരുടെ കട്ടിൽ. മെത്തയിലും തലയിണയിലും നിറച്ചിരുന്നത് നെല്ലു മെതിച്ചുകിട്ടുന്ന വയ്ക്കോൽ ആയിരുന്നു. പല ബ്രദേഴ്സും തങ്ങളുടെ ഇടുങ്ങിയ മുറിയുടെ നിലത്തു കിടന്നുറങ്ങാൻ ഇഷ്ടപ്പെട്ടിരുന്നു. വീട്ടിലെ ജോലികൾ മിക്കതും ചെയ്തിരുന്നതു ബ്രദേഴ് തന്നെയാണ്, സഹായിക്കാൻ അനാഥബാലന്മാരും കാണും.”

കുമ്പുക്കൽ ഹൂബർട്ടും ഏതാണ്ട് ഇതേ രീതിയിലുള്ള ഒരു വിവരണമാണ് നല്കുന്നതും. അദ്ദേഹവും തന്റെ ലളിതവും മിതവ്യയം ശീലിക്കുന്നതും ആദിമകാലത്ത് നിലവിലിരുന്നതുമായ ഫ്രാൻസിസ്കൻ ദൈവവിളി പിൻതുടർന്ന ഒരാളായിരുന്നു. അദ്ദേഹം തന്റെ ചെറുപ്പകാലത്ത് മൗണ്ട് പോയിൻസറിൽ ഉണ്ടായിരുന്ന യാഥാർത്ഥ ഫ്രാൻസിസ്കൻ അന്തരീക്ഷത്തിനു സാക്ഷ്യം വഹിക്കുന്നു.

മൗണ്ട് പോയിൻസറിൽ ബ്രദേഴ്സ് താമസിച്ചിരുന്ന കെട്ടിടത്തിലെ മുറികൾ ചെറുതായിരുന്നു. ദാരിദ്ര്യം, ലാളിത്യം, മിതവ്യയശീലം തുടങ്ങിയ ഫ്രാൻസിസ്കൻ പുണ്യങ്ങളെ പ്രചരിപ്പിയ്ക്കുന്നവയായിരുന്നു ആ മുറികൾ. ബ്രദേഴ്സ് താമസിച്ചിരുന്ന ആശ്രമത്തിലെയും കുട്ടികളുടെ അനാഥശാലയിലെയും ഗൃഹോപകരണങ്ങൾ (ഫർണിച്ചർ) വളരെ ലളിതമായിരുന്നു. തടി കൊണ്ടുണ്ടാക്കിയ

ബഞ്ചുകളാണ് ചാപ്പലിൽ ഇട്ടിരുന്നത്. മുറികളിലും മറ്റും തടിയിൽ പണിത സ്റ്റ്യൂളുകളും ഊട്ടുമുറിയിൽ വിലകുറഞ്ഞ ലോഹപാത്രങ്ങൾ. ബ്രദേഴ്സ് താമസിച്ചിരുന്നിടത്ത് എല്ലാവർക്കുംകൂടി ഒരു വാഷ്ബേസിൻ. ഒരു മഗ്, ഒരു തൊട്ടിയിൽ കുറച്ചു വെള്ളം. അനാഥശാലയിലെ കുട്ടികളുടെ വീട് വൃത്തിയായി സൂക്ഷിക്കാനും ചില്ലറ പണികൾ ചെയ്യാനും ശീലിപ്പിച്ചിരുന്നു. അദ്ധ്വാനത്തെ സ്നേഹിക്കാനും സ്വയം ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാനും ശീലിപ്പിക്കുകയിരുന്നു ലക്ഷ്യം."

യാത്രക്കു മൗണ്ട് പോയിൻസറിൽ ബ്രദേഴ്സിനുണ്ടായിരുന്ന ഏക വാഹനം ഒരു കാളവണ്ടി ആയിരുന്നു. അക്കാലത്തു സഭ തികഞ്ഞ ദാരിദ്ര്യത്തിലായിരുന്നു. കൂറ്റൻ കെട്ടിടങ്ങളൊന്നും പണിയിക്കാൻ കഴിയുമായിരുന്നില്ല. ബോംബെ ആർച്ചുബിഷപ്പ് തോമസ് റോബർട്ട് ബ്രദർ പൗലുസിനോട് ആവർത്തിച്ചാവശ്യപ്പെട്ടുകൊണ്ടിരുന്നത് മൗണ്ട് പോയിൻസർ ഒഴിഞ്ഞുപോകണം എന്നായിരുന്നു. അതിരൂപതയുടെ സെമിനാരി അവിടെ പണിയിക്കാൻ ആർച്ചുബിഷപ്പ് ആഗ്രഹിച്ചു.

മൗണ്ട് പോയിൻസറിലെ ജീവിതം കഷ്ടതകൾ നിറഞ്ഞതും വിശുദ്ധിയിലേക്ക് നയിക്കുന്നതും ആയിരുന്നു. സഭാ സ്ഥാപകന്റെ ഫ്രാൻസിസ്കൻ അരൂപിയും മിഷൻ പ്രവർത്തനത്തിനുള്ള തീക്ഷ്ണതയും പ്രകടമാക്കുന്ന ജീവിതം. ആർച്ചുബിഷപ്പ് ആൽബൻ ഗുഡിയെർ നല്കുന്ന സാക്ഷ്യം ഇതാണ്:

ഞങ്ങൾ റോഡ് വിട്ട് ധാരാളം കല്ലും പാറയുമുള്ള കുന്നിൻചരുവു കയറുന്നു. കോട്ടയുടെ താഴെ കുറ്റിക്കാടു വളർന്നുനില്ക്കുന്നതു കൊണ്ട് ആരും ശ്രദ്ധയിൽപെടാതെ പോകുന്ന ചുവന്ന ഇഷ്ടികയിൽ പണിയിച്ച നീണ്ട, പൊക്കം കുറഞ്ഞ ഒരു കെട്ടിടമുണ്ട്. ചുറ്റുപാടുകളുമായി തട്ടിച്ചു നോക്കുമ്പോൾ ആധുനികവും ഭംഗിയുള്ളതുമായ ഒരു കെട്ടിടം ഇതിന്റെ കോണിൽ ബ്രദേഴ്സിന്റെ ഒരു സമൂഹം താമസിക്കുന്നു. അവരുടെ ഇടയിൽ വൈദികർ ആരുമില്ല. ബ്രദേഴ്സ് നടത്തുന്ന ഒരനാഥശാലയും സ്കൂളും ഉണ്ട്. അവിടെ ഒരു പറ്റം ബാലന്മാരുമുണ്ട്. അവരിലാർക്കും തങ്ങളുടെ മാതാപിതാക്കൾ ആരാണ് എന്നറിഞ്ഞുകൂടാ. തവിട്ടുനിറത്തി ലുള്ള ഉടുപ്പും തുകൽ ബെൽറ്റും ധരിച്ച ബ്രദേഴ്സാണ് അവരുടെ മാതാവും പിതാവും. സാമ്പത്തികശേഷി കൂടുകയും കുറയുകയും ചെയ്യുന്നതനു സരിച്ച് കുട്ടികളുടെ എണ്ണം കൂടിയും കുറഞ്ഞുമിരിക്കും.

### 1.5. ബ്ര. പൗലുസ് മോറിറ്റ്സിന് ജനപ്രീതി വേണ്ട, ഖ്യാതി വേണ്ട

പൊതുജനങ്ങളുടെ ശ്രദ്ധയിൽ പെടുന്നതും എല്ലാത്തരം പ്രശസ്തിയും ഒഴിവാക്കാൻ ശ്രമിച്ച വ്യക്തിയുമായിരുന്നു ബ്ര. പൗലുസ് മോറിറ്റസ്. തന്റെ ബ്രദേഴ്സ് ദൈവവചനത്തിന്റെ എളിയ ശുശ്രൂഷ കരാകണം എന്നാണ് അദ്ദേഹം ആഗ്രഹിച്ചത്. സ്വർഗ്ഗീയ യജമാനന്റെ കൈയ്യിലെ ഉപകരണങ്ങൾ മാത്രമാണ് തങ്ങൾ എന്ന അവബോധം അവർക്ക് ഉണ്ടായിരിക്കണം എന്ന് അദ്ദേഹം വ്യക്തമാക്കി. തങ്ങൾ എന്തെല്ലാം വലിയ കാര്യങ്ങൾ ചെയ്യുന്നു എന്നു പരസ്യപ്പെടുത്താൻ, പുരമുകളിൽ നിന്ന് വിളിച്ചു കൂവാൻ, ബ്രദേഴ്സ് തുനിയരുത് എന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഷോൺബ്രോഡ്സെനോ സ്ഥാപകന്റെ ജീവിതത്തിലെ ഒരു സംഭവം വിവരിക്കുന്നു. മൗണ്ട് പോയിൻസുറിലെ ബ്രദേഴ്സിന്റെ ജീവിതം ചിത്രീകരിക്കുന്ന ഒരു ഫിലിം എടുക്കാൻ ഒരുകൂട്ടം മാധ്യമപ്രവർത്തകർ ആഗ്രഹിച്ചു. ബ്ര. പൗലുസിന് ഈ പരിപാടി ഇഷ്ടപ്പെട്ടില്ല. എങ്കിലും ഫിലിം എടുത്തു ബോംബെയിലെ സിനിമ തീയേറ്ററുകളിൽ അതു പ്രദർശിപ്പിച്ചു. ഏറെ കാലം കഴിയും മുമ്പേ അനാഥശാലയിലെ ഒരു കുട്ടി അടുത്തുള്ള ഡായിസർ നദിയിൽ മുങ്ങി മരിച്ചു. കൂട്ടുകാരോടൊപ്പം നദിയിൽ നീന്താൻ പോയ തായിരുന്നു ബാലൻ. ഡോക്യുമെനന്ററി ഫിലിമിലൂടെ പൊതുജനശ്രദ്ധ തേടാനുള്ള ബ്രദേഴ് നടത്തിയ ശ്രമം ദൈവത്തിന് ഇഷ്ടമായില്ല എന്നതിന്റെ ഒരടയാളമായി ബ്ര. പൗലുസ് ഈ സംഭവത്തെ വ്യാഖ്യാനിച്ചു. ആരും അറിയാതെ ജീവിക്കണം എന്ന ആഗ്രഹത്തിന്റെ ഫലമായി സഭയിലെങ്ങും അദ്ദേഹത്തിന്റെ ഒരു നല്ല ഫോട്ടോഗ്രാഫ് കണ്ടെത്താനാകില്ല എന്ന് ഷോൺബ്രോഡ് പറയുന്നു.

### 1.6. ബ്ര. പൗലുസ് സഭയുടെ ഭരണാധികാരി എന്ന നിലയ്ക്ക്

1902ൽ നാഗ്പൂരിൽ വച്ച് ബ്ര. പൗലുസ് സഭയുടെ സുപ്പീര്യർ ജനറലായി നിയമിക്കപ്പെട്ടു. അന്നുതൊട്ട് 1941 നവംബർ 19-ാം തീയതി ഉദ്യോഗം രാജിവയ്ക്കുംവരെ, നാല്പതിലധികം വർഷക്കാലം, ബ്ര. പൗലുസ് മോറിറ്റ്സ് സഭയുടെ വിധി നിർണ്ണയിച്ചു, സഭയെ നയിച്ചു. പലപ്പോഴും കൊടുങ്കാറ്റും അനിശ്ചിതത്വവും ബ്രദറിന് നേരിടേണ്ടി വന്നു. ഒരുപക്ഷേ വേറേ ഒരു സന്യാസസഭാ സ്ഥാപകനും ബ്ര. പൗലുസ് മോറിറ്റ്സിന് നേരിടേണ്ടി വന്നത്ര ബുദ്ധിമുട്ടുകളും വെല്ലുവിളികളും നേരിടേണ്ടി വന്നിരിക്കില്ല. ഏകദേശം അരനൂറ്റാണ്ടുകാലം ബ്രദർ സഭയെ ഭരിച്ചത് മനുഷ്യരുടെയും ദൈവത്തിന്റെയും മുമ്പിൽ വലിയ ഉത്തരവാദിത്ത ബോധത്തോടെ ആയിരുന്നു എന്നു

കുമ്പുക്കൽ ഹൂബർട്ട് പറയുന്നു. സഭാംഗങ്ങൾക്ക് മിഷൻ പ്രവർത്തന ങ്ങളോട് ആഭിമുഖ്യം തോന്നാനും പാവപ്പെട്ടവരോടും ദാരിദ്ര്യത്തിൽ കഴിയുന്നവരോടും പ്രതിബദ്ധത ഉണ്ടാകാനും ഉതകുന്ന രീതിയിൽ അവർക്കു മാർഗ്ഗനിർദ്ദേശം നല്കി. അംഗങ്ങൾ ഒരു തെറ്റു ചെയ്താൽ അദ്ദേഹം അതു തിരുത്തും. പിതൃതുല്യമായ വാത്സല്യവും അതേസമയം കാർക്കശ്യവും പ്രകടിപ്പിക്കും. ഒരു അർത്ഥിയെ സഭയിൽ പ്രവേശിപ്പിക്കുന്നതിനുമുമ്പ് അയാൾക്ക് വേണ്ടത്ര യോഗ്യതയുണ്ടോ എന്ന് പരീക്ഷിക്കും. സഭയിലെ ജീവിതം കഠിനമാണ്, ബുദ്ധിമുട്ടുകൾ ഉള്ളതാണ്, ഇത്തരം ജീവിതം നയിക്കാൻ കഴിയുന്ന ആളാണോ അർത്ഥി എന്നു പരീക്ഷിക്കും. ദൈവപരിപാലനയിലുള്ള അചഞ്ചല മായ വിശ്വാസത്തിൽ നിന്ന് സഭയെ നയിക്കുന്നതി നാവശ്യമായ ശാന്തി ബ്രദറിനുണ്ടായിരുന്നു.

സന്യസ്തർക്കുവേണ്ട അച്ചടക്കം പാലിക്കുന്നതിൽ അദ്ദേഹം സ്വയം കാർക്കശ്യം കാട്ടി. മറ്റുള്ളവരും കൃത്യമായി അച്ചടക്കം പാലിക്കണം എന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. തെറ്റു ചെയ്യുന്ന അംഗങ്ങൾക്ക് സ്ഥലമാറ്റം നല്കി തെറ്റു തിരുത്താൻ അവസരമുണ്ടാക്കും. എങ്കിലും തന്റെ ആത്മീയ മക്കളോടു സഹാനുഭൂതിയും മാനുഷികമായ ബലഹീനതയും സഹിഷ്ണുതയും പ്രകടിപ്പിച്ചു.

മറ്റാരുടെയും സഹായം കൂടാതെ അദ്ദേഹം സഭയുടെ സാമ്പത്തികം കൈകാര്യം ചെയ്തു. അദ്ദേഹത്തിന് ഒരു ബഴ്സാറോ സെക്രട്ടറിമാരോ ഉണ്ടായിരുന്നില്ല. ഓരോ മിഷൻ കേന്ദ്രത്തിലേക്കും മാസം തോറും ഒരു തുക മിഷൻ അലവൻസായി അദ്ദേഹം അയച്ചിരുന്നു. മിഷന്റെ ചാർജ്ജുള്ള ബ്രദർ മാസംതോറും വരവു ചെലവു സംബന്ധിച്ച കണക്കു അയച്ചു കൊടുക്കണം. മിഷൻ പ്രവർത്തനത്തിന്റെ പുരോഗതി സംബന്ധിച്ച ഒരു റിപ്പോർട്ടും മാസംതോറും അയയ്ക്കണം. അങ്ങനെ സഭയുടെ ഓരോ മിഷനിലും എന്തു സംഭവിക്കുന്നു എന്ന് അദ്ദേഹത്തിന് വിവരം ലഭിച്ചിരുന്നു.

ആണ്ടുതോറും എല്ലാ മിഷൻ സ്റ്റേഷനുകളും അദ്ദേഹം സന്ദർശിക്കും. പലപ്പോഴും ഇത്തരം സന്ദർശനങ്ങൾക്കിടയിൽ എത്തിച്ചേരാൻ പ്രയാസമുള്ള ഗ്രാമങ്ങൽ സന്ദർശിക്കാൻ ദീർഘദൂരം നല്ല വെയിലത്തോ ചെളിയുള്ള വഴികളിലൂടെയോ കാൽനടയായി പോകേണ്ടി വരും. കാളവണ്ടിയിൽ പോകാൻ ഇഷ്ടമായിരുന്നു. സഭക്കു സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ വസ്തുവകകൾ

വാങ്ങിച്ചുകൂട്ടാൻ ബ്രദർ മോറിറ്റ്സിന് താത്പര്യമില്ലായിരുന്നു. മിച്ചം വന്ന തുകകൾ ഓഹരികളിൽ നിക്ഷേപിക്കും. ഇതു പലപ്പോഴും നല്ല തോതിൽ ലാഭവിഹിതം എത്തിച്ചു. ഇത് എങ്ങനെ പ്രയോജനപ്പെടുത്തണം എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു.

ബ്ര. മോറിറ്റസ് സഭ ഭരിച്ചിരുന്ന കാലത്ത് ക്രിയാത്മകവും തികച്ചും ഫ്രാൻസിസ്കൻ അരൂപിക്ക് ചേർന്നതുമായ ഒരു പരിപാടി ആരംഭിച്ചു. അനാഥാലയത്തിന്റെ നടത്തിപ്പിനായി ആളുകളിൽ നിന്ന് സംഭാവന, പിച്ച യാജിക്കുവാൻ ഒരുസംഘം ബ്രദേഴ്സിനെ നിയമിച്ചു. ബോംബെയിലെ കത്തോലിക്കരും ആളുകൾ പൊതുവേയും വളരെ വിശാലഹൃദയരായി പ്രതികരിച്ചു. ബോംബെയിലെ അനാഥബാലന്മാരെ സംരക്ഷിക്കുന്നതിലും വളർത്തുന്നതിലും ബ്രദേഴ്സ് മനുഷ്യത്വപരവും പരോപകാരപ്രദവുമായ ഒരു സേവനമാണ് നല്കുന്നത് എന്ന് അവർ അംഗീകരിച്ചു. ഈ സംഘം സോണപൂർ ഭവനത്തിൽ താമസിക്കും. അവിടെ നിന്ന് അവർ നഗരത്തിൽ പോയി ആഫീസുകൾ കയറിയിറങ്ങി സഹായം അഭ്യർത്ഥിച്ചു. ബോംബെയിലും സമീപപ്രദേശങ്ങളിലും ധാരാളം തിരുനാളുകളും ആഘോഷങ്ങളും ഉണ്ടാകും. പ്രത്യേകിച്ചും ബാൻഡ്രയിലെ മാതാവിന്റെ ജനനിതിരുനാളിന്റെ ഭാഗമായി നടത്തുന്ന ആഘോഷം ബോംബെക്കാരിൽ നിന്നു സഹായം തേടാനുള്ള ഒരു നല്ല അവസരമായിരുന്നു ഇത്.

### 1.7. ബ്ര. പൗലുസ് മോറിറ്റ്സ് അതീവ ശ്രേഷ്ഠനായ മിഷനറി

ജീവിതം മുഴുവൻ ആത്മാക്കളുടെ മാനസാന്തരത്തിനായി ഉഴിഞ്ഞുവച്ച ഒരാളായിരുന്നു ബ്ര. പൗലുസ് മോറിറ്റസ്. അതുപോലെ തന്നെ പുതിയ ക്രൈസ്തവ സമൂഹങ്ങൽ സ്ഥാപിക്കുന്നതിനും ആയുഷ്കാലം മുഴുവൻ ഈ ലക്ഷ്യം നേടുന്നതിന് അദ്ദേഹം ജീവിച്ചു, അദ്ധ്വാനിച്ചു, പ്രാർത്ഥിച്ചു. ഈ ഒരൊറ്റ ലക്ഷ്യം നേടുന്നതിനായി അദ്ദേഹം നിരന്തരം പരിശ്രമിച്ചു. കേൺ മൊഡെസ്റ്റസ് പറയുന്നു: ബ്ര. പൗലുസ് യഹൂദമതത്തിൽ നിന്നു മാനസാന്തരപ്പെട്ട ഒരാളായതുകൊണ്ട് ക്രിസ്തു അറിയപ്പെടാനും സ്വീകരിക്കപ്പെടാനുമുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം കാണിച്ച തീക്ഷ്ണത വളരെ തീവ്ര അനന്യസാധാരണമായിരുന്നു എന്ന്. ഇതിനായി ഏതു വെല്ലുവിളികൾ നേരിടാനും ഏതു ത്യാഗങ്ങൾ സഹിക്കാനും അദ്ദേഹം തയ്യാറായിരുന്നു. ബ്ര. വാഗൽ വിൻസന്റ് പറയുന്നു:

ബ്ര. പൗലുസ് മോറിറ്റ്സ് തന്റെ ജീവിതം സമർപ്പിച്ചത് ആത്മാക്കളുടെ മാനസാന്തരത്തിനായിരുന്നു. ഇതിനായി അദ്ദേഹം ജീവിച്ചു, പണിയെടുത്തു, പ്രാർത്ഥിച്ചു, തന്റെ സഹസന്യസ്തരെ ആഹ്വാനം ചെയ്തു. തീക്ഷ്ണതയോടുകൂടിയ തങ്ങളുടെ പ്രേഷിത പ്രവർത്തനങ്ങളിൽ ഉറച്ചു നില്ക്കാനുള്ള ആഹ്വാനം ഏതുതരം പരീക്ഷണങ്ങളും വിഷമതകളും ഉണ്ടായാലും ആ ദൗത്യത്തിൽ ഉറച്ചുനില്ക്കാനുള്ള ആഹ്വാനം.

ബ്ര. കെല്ലർ കൊളംബൻ പറയുന്നത്: ബ്ര. പൗലുസിന്റെ മിഷനുകൾ സംബന്ധിച്ചുള്ള തീഷ്ണത ഒരു ജ്വലിക്കുന്ന പന്തംപോലെ ആയിരുന്നു. സുവിശേഷത്തിന്റെ ആദിമ പ്രവർത്തകരാകാൻ, മുന്നോടികളായ സുവിശേഷ പ്രചാരകരാൻ തന്റെ സഹസന്യസ്തരെ അദ്ദേഹം പ്രചോദിപ്പിച്ചു, സ്വാധീനിച്ചു, അവർക്ക് വഴികാട്ടിയായി.

നാം നേരത്തെ പറഞ്ഞതുപോലെ അദ്ദേഹം പ്രവർത്തനവും പ്രാർത്ഥനയും സമന്വയിപ്പിച്ചു; പ്രസംഗിച്ചതുപോലെ തന്നെ മാതൃകയായി ജീവിച്ചു; വളരെ ലളിതമായ, മിതവ്യയം പാലിക്കുന്ന ഒരു ജീവിതം നയിച്ചു. ബ്ര. പൗലുസ് മോറിറ്റ്സും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും മിഷൻ രംഗത്തു ഒരു പുതിയ പാത വെട്ടി തുറന്നു. ആ പാതയിലൂടെ നടക്കാൻ അവർക്കൊപ്പം എത്താൻ സഭ ഇന്നു കഠിനമായി ശ്രമിക്കുകയും പാടുപെടുകയുമാണ്.

### 1.8. ബ്ര. പൗലുസ് മോറിറ്റ്സിന്റെ വേദപ്രചരണ സമീപനം വലിയ തോതിൽ പാവപ്പെട്ടവരെ ലക്ഷ്യമാക്കിയുള്ളതായിരുന്നു

ഇന്ത്യയിലെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരോട്, ഏറ്റം അധികം ദാരിദ്ര്യം അനുഭവിച്ചിരുന്നവരോട്, സുവിശേഷം പ്രസംഗിക്കാനാണ് ബ്ര. മോറിറ്റ്സിന്റെ സഭ എപ്പോഴും താത്പര്യം കാണിച്ചിരുന്നത്. സുവിശേഷം സ്വീകരിക്കുവാൻ പാവപ്പെട്ടവരോട് കൂടുതൽ താത്പര്യം കാട്ടുക എന്നത് ലോകത്ത് എവിടെയും സാധുവായ ഒരു അനുകരണമാണ്. ഈ വസ്തുത ശരിക്കും മനസ്സിലാക്കിയിരുന്ന ബ്രദേഴ്സ് നിമാറിലെ ബലാഹികളോടും മീററ്റിലെ ചാർമാർകളോടും ദിനഷുറിലെ സാന്താലികളോടും സാനെളിയിലെ വാർലികളോടും ധോറകളോടും ഇന്ത്യയുടെ തെക്കൻ പ്രദേശത്തുള്ള പുലയന്മാരോടും ആദിവാസികളോടും സുവിശേഷം പ്രസംഗിച്ചു. ഇവരെല്ലാം കർക്കശമായ ജാതിവ്യവസ്ഥയിൽ ഏറ്റം താഴ്ന്ന ജാതിയിൽപെട്ടവരോ ജാതിവ്യവസ്ഥയ്ക്കു പുറത്തുള്ളവരോ ആയിരുന്നു. ഇവരെല്ലാം അധകൃതരും മനുഷ്യരെന്ന നിലയിൽ യാതൊരന്തസ്സും ഇല്ലാത്തവരും

ആയിരുന്നു. ഉന്നത ജാതിയിൽപെട്ടവർ ഇവരെ ചൂഷണം ചെയ്തിരുന്നു. മോചനം നല്കുന്ന സുവിശേഷത്തിന്റെ ശക്തി ഇവർക്ക് എത്തിച്ചുകൊടുത്തത് ഫ്രാൻസിസ്കൻ ബ്രദേഴ്സ് ആയിരുന്നു. ആദ്യകാലത്ത് പ്രവർത്തിച്ച ബ്രദേഴ്സ് അവരുടെ സാമ്പത്തിക ശേഷിക്ക് അനുസൃതമായി സമഗ്രമായ വികസനത്തിന് അവസര മുണ്ടാക്കാനും ശ്രമിച്ചു. ഈ വികസനപ്രവർത്തനങ്ങളിലൂടെ യേശു ക്രിസ്തുവിന്റെ മോചനം നല്കുന്ന സന്ദേശം എത്തിച്ചു. പ്രാഥമിക വിദ്യാഭ്യാസം, നിയമ സഹായം, മാതൃകാപരമായ കാർഷിക പുനരധിവാസ സംരം ഭങ്ങൾ, സഹകരണ പ്രസ്ഥാനം ഇതെല്ലാമാണ് അവർ സ്വീകരിച്ച മാർഗ്ഗങ്ങൾ.

ബ്ര. പൗലുസ് മോറിറ്റ്സ് സ്ഥാപിച്ച സഭയുടെ ചരിത്രം പാവപ്പെട്ട വർക്ക് ശുശ്രൂഷ ചെയ്യുന്നതിന്റെയും സേവനം നല്കുന്നതിന്റെയും ഒരു ചരിത്രമാണ്. 1897 മുതൽ നിലനിന്ന വലിയ ക്ഷാമത്തിന്റെ പശ്ചാത്തലത്തിലാണ് സഭയുടെ അരൂപി രൂപപ്പെട്ടത്. ക്ഷാമത്തിന് ഇരയായവരെ സഹായിച്ചു, അവർക്ക് ആഹാരം നല്കി. ബ്ര. പൗലുസ് തന്നെ തന്നോടൊപ്പം ഇന്ത്യയിലേക്കു വന്ന ആദ്യ സംഘം ബ്രദേഴ്സിനെ ക്ഷാമം കൊണ്ട് ഏറ്റം അധികം ദുരിതം അനുഭവിച്ചിരുന്ന നാഗ്പൂർ രൂപതയിലേക്കു കൊണ്ടുപോയി. ഏറെ ബുദ്ധിമുട്ടിലായി രുന്ന അവിടുത്തെ ബിഷപ്പ് ചാൾസ് പെൽവറ്റിനെ സഹായിക്കാനാ യിരുന്നു അവർ പോയത്. 1920– 930 കാലഘട്ടത്തിൽ സാമ്പ ത്തികമായി ബുദ്ധിമുട്ടിലായിരുന്നെങ്കിലും പോയിൻസുറിലെ അനാഥബാലർക്ക് വേണ്ടത്ര ആഹാരം നല്കാൻ ബ്രദർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവർക്ക് നല്ല വസ്ത്രം നല്കി; അത്യാവശ്യം വേണ്ട വിദ്യാഭ്യാസവും ലഭ്യമാക്കി. പ്രായപൂർത്തിയാകുമ്പോൾ ഉത്തരവാദിത്തബോധമുള്ള വരായി അവർ ജീവിക്കണം എന്ന ഉദ്ദേശത്തോടെ ഇതെല്ലാം ചെയ്തു. ബ്രദർ ഒരു വ്യക്തി എന്ന നിലയ്ക്ക് കർക്കശമായി ദാരിദ്ര്യം പരിശീലിപ്പിച്ചു. പക്ഷേ മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതിക്കും അവയുടെ നിലനില്പിനും വേണ്ടി ചെയ്യാവുന്നതെല്ലാം ചെയ്യും. അനാഥബാലന്മാരുടെ പരിരക്ഷയ്ക്കുവേണ്ടിയും കഴിവുള്ളതെല്ലാം ചെയ്യും. ദരിദ്രരെ ലക്ഷ്യമാക്കുന്ന CMSF ബ്രദേഴ്സിന്റെ അരൂപിക്ക് ഉദാഹരണമായി സഭയുടെ ഇപ്പോഴത്തെ ജനറൽ കെല്ലർ കൊളംബൻ എഴുതിയ ഒരു കത്തിൽ നിന്ന് ഒരു ഭാഗം ഉദ്ധരിക്കാം. ബ്ര. പൗലുസ് മോറിറ്റ്സിന്റെ ആദർശങ്ങൾ, പ്രത്യേകിച്ചും പാവപ്പെട്ടവരോടുള്ള സമീപനം, സ്വന്തം ജീവിതത്തിൽ പകർത്തിയ ഒരാളായിരുന്നു ബ്ര. കൊളംമ്പൻ.

ബ്ര. പൗലുസ് മോറിറ്റസ് കൂടെക്കൂടെ പറയുമായിരുന്നു: "നാം സാധുക്കളെ സംരക്ഷിച്ചാൽ നമ്മെ ദൈവം സംരക്ഷിക്കും." അദ്ദേഹത്തിന് ഒരു ദൗർബല്യം ഉണ്ടായിരുന്നെങ്കിൽ അതു പാവങ്ങളോടു കാട്ടിയ ആർദ്രഹൃദയമാണ്. അദ്ദേഹം തന്റെ ബ്രദേഴ്സിനെ നിരന്തരം ആഹ്വാനം ചെയ്തിരുന്നത് "ധനവാന്മാരെ മറന്നേക്കുക, പാവങ്ങളോട് സുവിശേഷം പ്രസംഗിക്കുവിൻ." എന്നാണ്.

### 1.9. ബ്ര. പൗലുസ് മോറിറ്റ്സിന് സ്ഥാപനങ്ങളല്ല, മിഷൻ പ്രവർത്തനമായിരുന്നു അഭികാമ്യം

ഒന്നാം ലോകമഹായുദ്ധം അവസാനിച്ചപ്പോൾ നാടുകടത്തപ്പെട്ടിരുന്ന ബ്രദേഴ്സ് മടങ്ങി വന്നുതുടങ്ങി. അപ്പോൾ സഭാ സ്ഥാപകന് തന്റെ സഭയുടെ മിഷനറി അരൂപിക്കു പുതുജീവൻ നല്കാൻ, പ്രവർത്തന രംഗത്തു വിശ്വസിക്കാൻ കൂടുതൽ അംഗങ്ങൾ ലഭ്യമായി. 1920-നും 1930-നും ഇടയ്ക്കുള്ള കാലയളവിൽ ഇന്ത്യയിലെ വിവിധ രൂപതകളിൽ പുതിയ മിഷൻ പ്രവർത്തനങ്ങൽ ആരംഭിച്ചു എന്ന് നാം കണ്ടതാണല്ലോ. വേണ്ടത്ര ബ്രദേഴ്സ് ഇല്ലാതിരുന്നതുകൊണ്ട് പല അഭ്യർത്ഥനകളും നിരസിക്കേണ്ടി വന്നു. ഭൂതകാലത്തെ അനുഭവങ്ങൾ ബ്ര. മോറിറ്റ്സിനെ പല പാഠങ്ങൾ പഠിപ്പിച്ചിരുന്നു. അതുകൊണ്ട് ബിഷപ്പ്മാരുമായി കരാറുകൾ വളരെ സൂക്ഷിച്ചേ ഉണ്ടാക്കിയിരുന്നുള്ളു. തങ്ങളെ ഏല്പിക്കുന്ന മിഷന്റെ സാമ്പത്തിക ബാധ്യത രൂപത തന്നെ വഹിക്കണം എന്ന് അദ്ദേഹം വ്യവസ്ഥ ചെയ്യിക്കുമായിരുന്നു. ബ്ര. പൗലുസ് മോറിറ്റസ് എന്ന സഭാ സ്ഥാപകന്റെ മിഷനറി അരൂപിയുടെ ഒരു പ്രധാന അംശം പുറജാതിക്കാരുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിക്കുന്നതിന് (സ്ഥാപനങ്ങൾ നടത്തുന്നതിനെക്കാൾ) പ്രാധാന്യം നല്കുക എന്നതായിരുന്നു. ഇതു സംബന്ധിച്ചു രണ്ട് ഉദാഹരണങ്ങൾ നാം കണ്ടുകഴിഞ്ഞു. മൗണ്ട് പോയിൻസുറിലെ അനാഥാലയത്തിനും സ്കൂളിനും അനുബന്ധമായി ഇത്തരം ഒരു മിഷൻ ഉണ്ടായിരുന്നു. സാറോളി മിഷൻ തുറന്നത് യുദ്ധം വന്നപ്പോൾ അവിടെ ഉണ്ടായിരുന്ന മിഷൻ അടച്ചതിന് ബദലായിട്ടായിരുന്നു. സാഗ്പൂർ രൂപതയിലെ നിമാർ മിഷൻ അടച്ചതുകൊണ്ടുണ്ടായ കുഴപ്പം പരിഹരിക്കാനായിരുന്നിരിയ്ക്കാം ഒരുപക്ഷേ ഈ മിഷൻ ആരംഭിച്ചത്. മൈസൂർ രൂപതയിൽ ബ്രദേഴ്സ് നടത്തുന്ന പ്രവർത്തനങ്ങൾക്കൊപ്പം പുറജാതിക്കാർക്കായുള്ള ഒരു മിഷൻകൂടി ഉണ്ടായിരിക്കണം എന്ന് നിർബന്ധം പിടിച്ചതുകൊണ്ടാണ് കൊല്ലേഗാൽ മിഷനുകൾ ആരംഭിച്ചത്. ബ്ര. പൗലുസ് പുറജാതിക്കാരുടെ ഇടയിൽ

പ്രവർത്തിക്കുന്നതിനും സ്ഥാപനങ്ങൾ നടത്തുന്നതിനും കൂടുതൽ താത്പര്യം കാണിച്ചതിന്റെ കാരണം സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ കുറെ അംഗങ്ങളെ അവയുടെ നടത്തിപ്പിന് നിയോഗിക്കേണ്ടി വരും. അപ്പോൾ മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടത്ര ആളുകളെ കിട്ടാതെ വരും എന്നതാണ്. ഈ തത്വം ഇന്ത്യയിലെ വർത്തമാനകാല സാഹചര്യത്തിൽ എന്തുമാത്രം പ്രസക്തമാണ്, ലോകത്തെങ്ങും എത്ര പ്രസക്തമാണ് എന്ന് ചിന്തിക്കുന്നതും നന്നായിരിക്കും.

തന്റെ സഭയെ ഏല്പിച്ചിരിക്കുന്ന മിഷനിൽ പ്രവർത്തിക്കുന്ന ബ്രദേഴ്സിന് കുറെ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം എന്ന നിലപാടിൽ ബ്ര. പൗലുസ് ഉറച്ചു നിന്നു. കൂദാശകൾ പരികർമ്മം ചെയ്യാൻ മാത്രമേ വൈദികരെ ആവശ്യമുള്ളു. മറ്റു ജോലികളെല്ലാം തന്റെ സഭാംഗങ്ങളായ ബ്രദേഴ്സ് ചെയ്തുകൊള്ളും. അങ്ങനെ ബ്രദേഴ്സ് തങ്ങളുടെ ലാളിത്യാനുഭവരീതികൾ രീതികൾ സ്വീകരിച്ചും പാവപ്പെട്ട വരുമായി കൂടുതൽ താദാത്മ്യം പ്രാപിച്ചും കൂടുതൽ ഫലപ്രദമായി പ്രവർത്തനം നടത്തി. മിക്ക രൂപതകളിലും ഈ സ്വാതന്ത്ര്യം അനുവദിച്ചിരുന്നു. എന്നാൽ ചില രൂപതകളിൽ അവിടത്തെ ബിഷപ്പും വൈദികരും ചില നിയന്ത്രണങ്ങൾ കൊണ്ടുവന്നു. ആ സാഹചര്യത്തിൽ ബ്ര. പൗലുസ് തന്റെ ബ്രദേഴ്സിനെ പൂർണ്ണമായും പിൻവലിച്ചു. സരോളി മിഷനുകളിൽ സംഭവിച്ചത് ഇതായിരുന്നു.

സമാപനമായി പറയാവുന്നത് ഇതാണ്. ബ്ര. പൗലുസ് മോറിറ്റ്സ്ന് പല ഗുണവിശേഷങ്ങളും ഉണ്ടായിരുന്നു; ഹൃദയത്തിന്റെയും അരൂപിയുടെയും ഗുണങ്ങൾ ക്രിസ്തീയ വിശുദ്ധിയും ക്രിസ്തുവിന്റെ മൗതികശരീരം പടുത്തുയർത്തുന്നതിലുള്ള പ്രതിബദ്ധതയും അദ്ദേഹത്തിൽ വളരെ പ്രകടമായിരുന്നു. അസ്സീസിയിലെ പാവപ്പെട്ടവനെ പൂർണ്ണമായി സ്വീകരിച്ചു, ജീവിതത്തിന്റെ വിവിധ മേഖലകളിൽ അനുകരിച്ചു, ഈ ലക്ഷ്യം നേടാൻ ശ്രമിച്ചു. ബ്ര. പൗലുസ് മോറിറ്റസിനെ അടുത്തറി യാമായിരുന്ന ഒരാൾ ബ്രദർ മരിച്ചതിന്റെ ഇരുപത്തഞ്ചാം വാർഷികത്തിൽ 1967-ൽ പ്രസിദ്ധീകരിച്ച സുവനീറിൽ ഇങ്ങനെ എഴുതി:

"ബ്ര. പൗലുസ് മോറിറ്റ്സിനെക്കാൾ എളിയവനും പ്രാർത്ഥന യുടെ അരൂപിയുള്ളവനും സഹോദരങ്ങളോട് അർപ്പണബോധവും സ്നേഹവും കാട്ടിയവനുമായ ഒരു സന്യസ്തർ ഉണ്ടായിരിക്കില്ല. അദ്ദേഹത്തിന്റെ സ്വാധീനവലയത്തിൽ വന്നവർക്കെല്ലാം ഉണ്ടായ അനുഭവനം, അദ്ദേഹത്തിന്റെ ഉന്മേഷദായകമായ ജീവിതം നല്കിയ

അനുഭവം, അവരെ കൂടുതൽ സ്നേഹയോഗ്യരും കരുണയുള്ളവരും വാക്കിലും പ്രവൃത്തിയിലും കൂടുതൽ കുലീനതയുള്ളവരും ആക്കി. ധ്യാനവും പ്രവർത്തനവും ആരോഗ്യദായകരും വിധം ഒത്തിണങ്ങിയ ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. മാലാഖയെപ്പോലുള്ള വി. ഫ്രാൻസിസ് ഓഫ് അസ്സീസിയുടെ പ്രാർത്ഥനയും പ്രവർത്തനവും അദ്ദേഹം പിൻചെന്നു, അനുകരിച്ചു. ദുഃഖമുണ്ടായിരുന്നിടത്ത് പ്രകാശം പരത്തി; വിദ്വേഷമുണ്ടായിരുന്നിടത്തു സ്നേഹവും പരത്തി; കിട്ടുന്നതിൽ കൂടുതൽ കൊടുക്കാൻ പഠിപ്പിച്ചു. സ്നേഹിക്കപ്പെടുന്നതിനുള്ളതിൽ കൂടുതൽ ആഗ്രഹം സ്നേഹിക്കാൻ പ്രകടിപ്പിച്ചു.''

## 1.10. ബ്ര. പൗലുസ് മോറിറ്റ്സിന്റെ കൃതജ്ഞതാബോധം

തനിക്കും തന്റെ സഭക്കും ജനങ്ങൾ നല്കിയ സഹായം ബ്ര. പൗലുസ് മോറിറ്റ്സ് തിരിച്ചറിഞ്ഞു, അതിന് നന്ദി പറഞ്ഞു. വളരെ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടിരുന്ന സമയത്ത് തിരുസഭയിലെ ചില മേലധികാരികളും മിഷൻരംഗത്തെ ചില ഉന്നതരും നല്കിയ സഹായം അദ്ദേഹം എപ്പോഴും അനുസ്മരിച്ചു. ഇതിന് ഒരുദാഹരണം മാത്രമേ ഇവിടെ നല്കുന്നുള്ളു. നാം ഇതിനുമുമ്പ് കണ്ടതുപോലെ, മിലാനിലെ ഫാ. ജുസേപ്പേ ആർമനെസ്കോ വിശാലമനസ്സോടെ നവസന്യാസ സഭയെ സഹായിക്കാൻ മുമ്പോട്ടു വന്നു. ഈ പുതിയ സഭയുടെ അരൂപി അദ്ദേഹം മനസ്സിലാക്കിയതു തന്റെ മിഷനറി സൊസൈറ്റിയുടെ സെൻട്രൽ ബംഗാൾ മിഷനിൽ നിന്നാണ്. CMSFനു ലഭിച്ച നിരവധി സഹായങ്ങൾക്കു നന്ദി പറഞ്ഞുകൊണ്ട് ബ്ര. പൗലുസ് എഴുതി:

''ആദ്യം തന്നെ ഞങ്ങളുടെ പാവം സഹോദരങ്ങൾക്ക് നിങ്ങൾ നല്കിയ വലിയ സഹായത്തിനും ശക്തമായ പിന്തുണയ്ക്കും നിങ്ങൾക്ക് ഞാൻ നന്ദി പറയുന്നു. യുദ്ധകാലത്തും യുദ്ധത്തിന് ശേഷവും നിലവിലിരുന്ന ബഹളങ്ങൾക്കിടയിൽ ഏറെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വന്നവരാണ് ഇവർ. നിങ്ങളുടെ സഹായത്തിന് നന്ദി പറുമ്പോൾ ഇനി സഹായം ഒന്നും ചോദിക്കില്ല എന്ന് കരുതരുത്. ഇനിയും വർദ്ധിച്ച അളവിൽ നിങ്ങളുടെ വൈദികർക്കടുത്ത പരസ്നേഹത്തിനും പ്രേഷിത തീഷ്ണതയ്ക്കും വേണ്ടി അഭ്യർത്ഥിക്കും. ഞങ്ങളുടെ നാടുകടത്തപ്പെട്ട സഹോദരന്മാർക്ക് ഇത് കഷ്ടപ്പാടിന്റെ ഒരു കാലമായിരുന്നു. പറുദീസാ പോലുള്ള ഈ നാട്ടിൽ നിന്ന് സ്വന്തം നാട്ടിലേക്ക് അവരെ അയച്ചു. അവിടെ ജീവിതസാഹചര്യങ്ങൾ വളരെ മോശമായിരുന്നു. നിങ്ങൾ വിശാലഹൃദയ ത്തോടെ വളരെ ആത്മാർത്ഥമായി നടത്തിയ ഇടപെടലുകൾക്ക് ഞാൻ നന്ദി പറയുന്നു.

അങ്ങനെ മസ്ലിയനിക്കോ എന്ന തുറമുഖത്തിനടുത്ത് അവർക്ക് പുതിയ ഒരു ഭവനം ലഭിച്ചു. അവിടെ വിശ്രമിച്ച് പഴയ ക്ലേശങ്ങൾ മറന്ന് വീണ്ടും ആരോഗ്യം പ്രാപിക്കാം. ആരോഗ്യവാന്മാരായി വീണ്ടും പണിയെടുക്കാനെത്താം. കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ പണിയെടുക്കാൻ.''

## 2.1. സഭയിൽ പൗരോഹിത്യം കൊണ്ടുവരുന്നത് സംബന്ധിച്ച് സഭാസ്ഥാപകന്റെ മനോഭാവം

നമ്മുടെ ശ്രദ്ധ അർഹിക്കുന്ന ഒരു കാര്യമാണ് ഇത്. സഭ ഒരു മിഷനറി സഭയാണ്. ഈ വസ്തുത കണക്കിലെടുക്കുമ്പോൾ സഭയിൽ വൈദികരും ഉണ്ടായിരിക്കുന്നത് നല്ലതല്ലേ എന്ന ചോദ്യം ഉയരുന്നു. ഈ സുപ്രധാന കാര്യത്തിൽ സഭാസ്ഥാപകന്റെയും ആദിമസഹ സന്യസ്തരുടെയും മനോഭാവം എന്തായിരുന്നു എന്നു നോക്കാം. തികച്ചും ചരിത്രപരമായ ഒരു കാഴ്ചപ്പാടിൽ മാത്രമായിരിക്കും ഇത് പരിശോധിക്കുക. അവരുടെ മനോഭാവം എന്തായിരുന്നു, അവരുടെ പരസ്യപ്രഖ്യാപനങ്ങൾ എന്നു പരിശോധിക്കാനേ ഉദ്ദേശമുള്ളു. ഭാവിയിലേക്കു നിർദ്ദേശമൊന്നും തരാൻ പോകുന്നില്ല.

അഹമ്മദബാദിലെ യുദ്ധതടവുകാർക്കുള്ള പാളയത്തിൽ സ്വന്തം മേലധികാരികളുടെ ശിക്ഷണത്തിൽ നിന്ന് അകന്നുകഴിഞ്ഞിരുന്നപ്പോൾ നാഗ്പൂരിലെ ബിഷപ് കോപ്പലിന്റെ ഉപദേശപ്രകാരം ഏതാനും ബ്രദേഴ്സ് പൗരോഹിത്യം സ്വീകരിക്കുന്നതിന് വേണ്ട പഠനം ആരംഭിച്ചു. CMSF ആ കാലയളവിൽ പൂർണ്ണമായും ജർമ്മൻകാരുടെ ആയിരുന്നതുകൊണ്ട് അതിന് ഒരു ഭാവി ഇല്ല എന്ന് വിശ്വസിച്ചിരുന്നിരിക്കാം. പൗരോഹിത്യത്തിന് പഠിച്ചവർക്ക് ജർമ്മനിയിൽ വച്ചു പൗരോഹിത്യം നല്കപ്പെട്ടു. ഇന്ത്യയിൽ നിന്ന് നാടുകടത്തപ്പെട്ട് ജർമ്മനിയിൽ എത്തിയവരായിരുന്നു ഇവർ. എങ്കിലും അഹമ്മദ്നഗറിലെ തടങ്കൽപാളയത്തിൽ കഴിഞ്ഞവരിൽ ഭൂരിപക്ഷവും സഭയുടെ ആദിമസംവിധാനത്തിൽ ഉറച്ചുനിന്നു. നാടുകടത്തപ്പെട്ട ബ്രദേഴ്സ് താമസിയാതെ യൂറോപ്പിൽ എത്തും എന്ന വിവരം ലഭിച്ചപ്പോൾ ബ്രദർ ഫിലിപ് ഷ്രൈബർ ബ്രദർ ക്ലെമന്റ് ക്രീഗിന് എഴുതി. ബ്ര. ക്രീഗ് പ്രോപഗണ്ട ഫിദെയുടെ പ്രിഫെക്റ്റിനെ കാണാൻ റോമിൽ പോയതായിരുന്നു. 1920 ഫെബ്രുവരിയിലാണ് ഇതു സംഭവിക്കുന്നത്.

''പൗരോഹിത്യം സ്വീകരിക്കാൻ തീരുമാനിച്ചവർക്ക് സ്വാഭാവികമായും നമ്മുടെ സഭയിൽ സ്ഥാനമില്ല, സ്ഥലമില്ല. അവർ നമ്മിൽ നിന്നും യാതൊന്നും പ്രതീക്ഷിക്കേണ്ട.''

ഈ സുപ്രധാന വിഷയം സംബന്ധിച്ചു സഭാസ്ഥാപകൻ ചിന്തിച്ചിരുന്നത് എന്താണ് എന്നു നോക്കാം. ബോംബെയിലെ മൗണ്ട് പോയിൻസറിൽ നിന്ന് മസ്‌ലിയാൻകോയിൽ ആയിരുന്ന ബ്ര. ക്ലെമന്റ് ക്രീഗിന് അദ്ദേഹം എഴുതി. പ്രോപഗണ്ടയിൽ നിന്ന് ഒരു അനുവാദം എത്തുന്നതും കാത്ത് ആശങ്കാകുലനായി കഴിഞ്ഞിരുന്ന സമയമായിരുന്നു അത്. ബ്ര. സെബാസ്റ്റ്യൻ മുള്ളർ മുമ്പോട്ടുവച്ച ഒരു നിർദ്ദേശത്തെ പരാമർശിച്ചുകൊണ്ടാണ് എഴുതിയത്. പ്രശ്നം സംബന്ധിച്ച് വ്യകതമായ ഒരു പ്രസ്താവനയാണ് അദ്ദേഹം നടത്തുന്നത്:

"ബ്ര. സെബാസ്റ്റ്യന്റെ അഭിപ്രായം സംബന്ധിച്ച് പറയുകയാണ്. നമ്മുടെ സഭയിൽ വൈദികർ ഉണ്ടായിരിക്കണമോ എന്നത് സംബന്ധിച്ച് ഒരു വിശദീകരണം ആവശ്യമായി വന്നിരിക്കുന്നു. എനിയ്ക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ബ്ര. സെബാസ്റ്റ്യന് മാത്രമാണ് ഈ അഭിപ്രായമുള്ളത് എന്നത്രേ. നമ്മുടെ സഭയിൽ വൈദികരാകാൻ അർത്ഥികളെ സ്വീകരിക്കണം എന്ന അഭിപ്രായം. വളരെ അസാധാരണമായ സാഹചര്യങ്ങളിലേ ഈ സമീപനം സ്വീകരിക്കേണ്ടു എന്നാണ് എന്റെ വിനീതമായ അഭിപ്രായം. അതും എല്ലാവർക്കും അറിയാവുന്ന ബ്രദേഴ്സ് ഓഫ് സെന്റ് ജോൺ സഭക്കാർ വച്ചിട്ടുള്ള ഉപാധികൾക്കു വിധേയമായി. നമ്മുടെ പ്രിയപ്പെട്ട ബ്രദർ പ്രിഫെക്റ്റ് നിക്കൊളാസും ഇതിനെ ശക്തിയായി എതിർക്കുന്നു. ഏതായാലും ബ്രദർ സെബാസ്റ്റ്യന്റെ അഭിപ്രായം നമ്മുടെ സഭയുടെ അഭിപ്രായമല്ല. കാലം ഫലപ്രദമെന്നു തെളിയിച്ച സുവിശേഷ പ്രചരണരീതിയുമായി തുടർന്നും പ്രവർത്തിക്കും, ഇതിൽ തന്നെ ഉറച്ചു നില്ക്കും. നാം നമ്മുടെ സഭയുടെ അൽമായ ചൈതന്യം ഉയർത്തിപ്പിടിക്കും. വേണമായിരുന്നെങ്കിൽ നമുക്കു ഇതിനകം വൈദിക വിദ്യാർത്ഥികളായി അൻപതിലധികം അർത്ഥികളെ സ്വീകരിക്കാമായിരുന്നു. ഒരു മിഷൻ വേണ്ടത്ര വികസിക്കുകയും അവിടെ നമ്മുടെ സാന്നിദ്ധ്യം ആവശ്യമില്ല എന്നു വരുകയും ചെയ്യുമ്പോൾ നാം മിഷനെ രൂപതയ്ക്കു ഏല്പിച്ചുകൊടുക്കുന്നു. ഇനിയും സുവിശേഷം എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിലേയ്ക്ക് നാം പോകും. ഇങ്ങനെ ചെയ്യുന്നതിനു നാം കുറെ ത്യാഗം സഹിച്ചേ പറ്റൂ. നമ്മുടെ സഭയിൽ ചേരാൻ ആഗ്രഹിക്കുന്നവർ വൈദികരാകാനുള്ള ആഗ്രഹം ഉപേക്ഷിച്ചേ പറ്റൂ. നമുക്കുവേണ്ടതു നല്ലവരും കഠിനാദ്ധ്വാനം ചെയ്യുന്നവരുമായ സന്യസ്തരായ ബ്രദേഴ്സിനെയാണ്. ഇവരിൽ ക്രൈസ്തവ പുണ്യങ്ങളും ആത്മാക്കൾക്കുവേണ്ടിയുള്ള തീഷ്ണതയും ഉണ്ടായിരിക്കണം. ഈ മനോഭാവമുള്ള

എത്രപേർക്ക് വേണമെങ്കിലും നമ്മുടെ സഭയിൽ ചേരാം. നമ്മോടൊപ്പമുള്ള ജീവിതം അവർക്കു സന്തോഷപ്രദമായിരിക്കും.''

CMSFന് പൊന്റിഫിക്കൽ പദവി നല്കുന്നതിന് കാർഡിനൽ വില്യം വാൻ റോസ്സം മുമ്പോട്ടുവച്ച ഉപാധികളിൽ ഒന്ന് സഭ അതിന്റെ അൽമായ ചൈതന്യം, അക്ഷയമായ അരൂപി, നിലനിർത്തണം, സംരക്ഷിക്കണം എന്നതായിരുന്നു ബ്ര. ക്ലെമന്റ് രചിച്ച CMSFന്റെ ഹ്രസ്വ ചരിത്രത്തിൽ ഈ സംഭവം അനുസ്മരിക്കുന്നു:

''ബ്രദേഴ്സിന്റെ സഭക്ക് മാർപ്പാപ്പയുടെ അംഗീകാരം നല്കുന്നതിന് കാർഡിനൽ വാൻ റോസ്സം മുമ്പോട്ടുവച്ച ഉപാധികളിൽ ഒന്ന് സഭ സന്യസ്തരായ ബ്രദേഴ്സിന് വേണ്ടി സ്ഥാപിച്ച ഒരു സഭ ആകയാൽ അവർ അതിന്റെ സ്വഭാവത്തിൽ ഒരിക്കലും മാറ്റം വരുത്തരുത്, തുടക്കത്തിൽ ഉണ്ടായിരുന്ന ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കരുത്. അതായത് ഒരു മിഷനറി ആയിരിക്കുക എന്ന ലക്ഷ്യം ഈ ഉപാധികൾക്കു വിധേയമായി മാത്രമേ പ്രോപഗണ്ടയുടെ കാർഡിനൽ പ്രീഫക്റ്റ് തന്റെ അധികാരം പൂർണ്ണമായും വിനിയോഗിച്ച് ബ്രദേഴ്സിന് പൂർണ്ണമായ കാനോനിക അംഗീകാരം ലഭ്യമാക്കുകയുള്ളു.''

ഇതു കൂടാതെ വേറെയും സന്ദർഭങ്ങളുണ്ട്, സ്ഥാപനം ആദ്യകാല അംഗങ്ങളും സഭയുടെ അല്പമായ ചൈതന്യം നിലനിർത്തുന്നതിൽ അതീവ തത്പരരായിരുന്നു എന്ന് വ്യക്തമാക്കുന്ന സംഭവങ്ങൾ. ഈ ഗ്രന്ഥത്തിൽ ഇവയെല്ലാം വിവരിക്കാൻ നിവൃത്തിയില്ല. എങ്കിലും സഭാസ്ഥാപകനിൽ നിന്ന് ഒരു ഉദ്ധരണി കൂടി നല്കാം. വൈദികനാകാൻ എല്ലാ യോഗ്യതകളും ഉണ്ടായിരുന്നിട്ടും ബ്ര. പൗലുസ് പൗരോഹിത്യം നിരസിച്ചത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കുന്ന ഒരു ഉദ്ധരണി.

അദ്ദേഹം എഴുതിവച്ച അവസാനത്തെ വിൽപത്രത്തിൽ സർവ്വപ്രധാനമായും പലപ്പോഴും ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നതുമായ ഈ പ്രശ്നം സംബന്ധിച്ച തന്റെ നിലപാട് ബ്ര. പൗലുസ് സംശയാതീതമാം വിധം വ്യക്തമാക്കിയിട്ടുണ്ട്.

''എന്റെ ചെറുപ്പകാലത്ത് കത്തോലിക്കാവിശ്വാസം സംബന്ധിച്ച സത്യം ഞാൻ തിരിച്ചറിഞ്ഞു. ഉടനെ എന്റെ മനസ്സിലുണ്ടായ ഏക ചിന്ത എന്റെ ജീവിതം മുഴുവനും, ദൈവം എനിക്കു നല്കിയതെല്ലാം ഞാൻ കണ്ടെത്തിയ സദ്വാർത്ത മനുഷ്യരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനായി സമർപ്പിക്കണം എന്നായിരുന്നു.

എങ്കിലും ഒരു വൈദികൻ ആകണമെന്ന് ഞാൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. ഭാഗികമായി എളിമകൊണ്ടാണ് ഈ തീരുമാനമെടുത്തത്. ഭാഗികമായി വിശുദ്ധരായ ബനഡിക്റ്റ്, ഫ്രാൻസിസ് ഓഫ് അസ്സീസി തുടങ്ങിയവരുടെ മാതൃക പിൻചെന്ന് പൗരോഹിത്യം നിരസിച്ചവരാണ് ഈ വിശുദ്ധർ. എന്നെ പൗരോഹിത്യത്തിലേക്ക് ദൈവം വിളിച്ചിട്ടില്ല എന്ന ദൃഢവിശ്വാസവും (ഉത്തമബോധ്യവും) ഭാഗികമായി എന്നെ സ്വാധീനിച്ചു. വൈദികരാകാതെ ദൈവമഹത്വത്തിനായി വളരെ അധികം സംഭാവനകൾ നല്കിയിട്ടുള്ള അനേകം വിശുദ്ധരുടെ മാതൃകയും എന്നെ സ്വാധീനിച്ചു. ഒരു അല്മായ സഹോദരനായി മാത്രം പുറജാതിക്കാരുടെ മാനസാന്തരത്തിനായി പണിയെടുക്കാൻ ഞാൻ തീരുമാനിച്ചു.

സഭയുടെ ആദ്യ അംഗങ്ങളിൽ എല്ലാവരുടെയും തന്നെ മനോഭാവം ഇതുതന്നെ ആയിരുന്നു. ബ്രദേഴ്സ് ക്ലെമന്റ് ക്രീഗ്, ഫിലിപ് ഷ്രൈബർ, മൈക്കൽ ബക്കർ മുതലായവർക്കെല്ലാം വേണ്ടത്ര ബുദ്ധിശക്തിയും മിഷൻ സംബന്ധിച്ച തീഷ്ണതയും ഉണ്ടായിരുന്നു. അവർക്ക് നല്ല വൈദികരാകാൻ കഴിയുമായിരുന്നു. സർവ്വോപരി അവരുടെ വിനയമാണ് പൗരോഹിത്യം സ്വീകരിക്കാതിരിക്കാൻ അവരെ പ്രേരിപ്പിച്ചത്. അവരുടെ സഭയുടെ അല്മായ അരൂപിയോടുള്ള സ്നേഹം പൗരോഹിത്യം സ്വീകരിക്കുന്നത് നിരസിക്കാൻ കാരണമായി. അവരുടെ കാലഘട്ടത്തിലെ ഇന്ത്യൻ മിഷൻ (1900–1930) കേന്ദ്രങ്ങളിൽ വേണ്ടിയിരുന്നത് വളരെ പ്രാഥമിക തലത്തിലുള്ള പ്രവർത്തനമാണ്. ഒരു തുടക്കം കുറിയ്ക്കാനുള്ള പ്രവർത്തനം ആ ഘട്ടത്തിൽ വൈദികരെക്കാൾ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുക അല്മായ അരൂപിയുള്ള ബ്രദേഴ്സിനാണ്. സാധാരണക്കാരുമായി കൂടുതൽ അടുത്ത് ഇടപെടാനും അവരുമായി താദാത്മ്യം പ്രാപിക്കാനും കഴിയുക ബ്രദേഴ്സിനായിരുന്നു. അതുകൊണ്ട് അവരുടെ പ്രവർത്തനം കൊണ്ട് കൂടുതൽ നേട്ടങ്ങളും ഉണ്ടായി.

## 2.2. സഭയിൽ സഹപ്രവർത്തകർ എന്ന നിലയിൽ ഒരു വിഭാഗം വൈദികരെ ഉൾപ്പെടുത്തണമോ എന്ന പ്രശ്നം

സഭാ സ്ഥാപകനും ആദ്യകാലത്തെ അംഗങ്ങളും സഭയുടെ അല്മായ സ്വഭാവത്തോട് പ്രതിബദ്ധത കാട്ടിയിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. എങ്കിലും തങ്ങളുടെ മിഷൻസ്റ്റേഷനുകളിൽ സഹായത്തിന് ഒരു സംഘം വൈദികർ ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു എന്ന ചിന്ത കൂടെക്കൂടെ ഉണ്ടായി. ബ്രദേഴ്സ്

പണിയെടുക്കുന്ന രൂപതകളിൽ വേണ്ടത്ര വൈദികർ ഇല്ലാതിരുന്നതാണ് ഇങ്ങനെ ചിന്തിക്കാൻ കാരണമായത്. വേറൊരു സാഹചര്യം രൂപതാവൈദികർ എല്ലാവരും മിഷൻ പ്രവർത്തനങ്ങളിൽ താത്പര്യമുള്ളവരായിരുന്നില്ല. പരിത്യാഗങ്ങൾ ഏറെ ആവശ്യമായ മിഷനറി ജീവിതം സ്വീകരിക്കാൻ അവർ സന്നദ്ധരല്ലായിരുന്നു. സാറോളി മിഷനിലെ തന്റെ ബ്രദേഴ്സിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ബോംബെ ആർച്ച് ബിഷപ്പിനു സമർപ്പിച്ച ഒരു മെമ്മൊറാണ്ടത്തിൽ ബ്ര. പൗലുസ് പറയുന്നു.

"ഡാമൻ രൂപതയിൽ വൈദികർ വളരെ കുറവായതുകൊണ്ട് സാറോളി മിഷനിൽ ആണ്ടോടാണ്ട് പ്രവർത്തനം നടത്തുന്നത് ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് ആണ്. രൂപതാ വൈദികർക്ക് തങ്ങളുടെ ബന്ധുക്കളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും വളരെ അകന്നു കഴിയാൻ താത്പര്യമില്ല. കാരണം, വേണ്ടത്ര വരുമാനമുള്ള ഒരിടവക ഇല്ല."

ഈ സാഹചര്യത്തിൽ നിമാർ മിഷൻ വളർന്നു പന്തലിച്ച കാലംതൊട്ട് സഭയുടെ ഒന്നാമത്തെ ജനറൽ ചാപ്റ്റർ സമാപിച്ച കാലം വരെ സഹവൈദികരുടെ ഒരു വിഭാഗം ഉണ്ടാകണം എന്ന ആശയം ഇടയ്ക്കിടെ പൊന്തിവരും. ഒന്നാം ലോകമഹായുദ്ധകാലത്ത് ഗ്രെഗറി ഫെയ്ജിന് എന്തു സംഭവിച്ചു എന്നു നാം കണ്ടുകഴിഞ്ഞു. പിന്നീട് സരോളിമിഷനിൽ ഡാമൻ രൂപതയിലെ ഫാ. അൽഫോൺസിനെ ബ്രദേഴ്സിനൊപ്പം പ്രവർത്തിക്കാൻ ഒരു സഹവൈദികനായി സ്വീകരിച്ചു. തന്നെ ഔപചാരികമായി സഭയിൽ അംഗമാക്കണം എന്ന അദ്ദേഹത്തിന്റെ അഭ്യർത്ഥന സ്വീകരിക്കാൻ കഴിഞ്ഞില്ല. കാരണം നിയമാവലി അനുസരിച്ച് സഭയുടെ അല്മായ സ്വഭാവം, വൈദികരെ ഉൾപ്പെടുത്താത്ത സംവിധാനം ശക്തമായിരുന്നു. 1933-ൽ പ്രോപഗണ്ടക്കു നല്കിയ പഞ്ചവത്സര റിപ്പോർട്ടിനൊപ്പം അയച്ച കത്തിൽ ബ്ര. പൗലുസ് മോറിറ്റസ് സഭയുടെ സെക്രട്ടറി ജനറലായ ബ്ര. ക്ലെമന്റ് ക്രീഗിനെ CMSFന് ഒരു സംഘം സഹപ്രവർത്തകരായി വൈദികരുടെ ഒരു വിഭാഗത്തെ രൂപിക്കാൻ ഔപചാരികമായി അനുവാദം ചോദിക്കാൻ അധികാരപ്പെടുത്തി. ഈ ആശയം ബ്ര. പൗലുസ് മോറിറ്റസിന്റെ ആദ്യകാല അംഗങ്ങളിൽ ആരുടെയെങ്കിലും ആയിരുന്നോ എന്ന് ഉറപ്പില്ല. വേറെ എവിടെങ്കിലും ആയിരുന്നിരിക്കാം. ഈ ആശയത്തിന്റെ ഉറവിടം. ഈ സഹവൈദികർ ബ്രദേഴ്സിന്റെ കോൺഗ്രിഗേഷനുമായി എങ്ങനെ സഹകരിച്ചു പ്രവർത്തിക്കും എന്നും

വ്യക്തമല്ല. ഏതായാലും പ്രോപഗണ്ട ഈ ആശയത്തെ പിൻതുണച്ചില്ല. കോൺഗ്രിഗേഷന് പ്രോപഗണ്ട നല്കിയ മറുപടി ഇതാണ്.

"ഒരു സംഘം ഇന്ത്യൻ വൈദികരെ നിങ്ങളുടെ സഭയിൽ ചേർക്കുന്നതു സംബന്ധിച്ച അഭ്യർത്ഥനയെപ്പറ്റി പ്രോപഗണ്ട ഇന്ത്യയിലെ ഡെലഗേറ്റ് അപ്പസസ്റ്റോലിക്കുമായി ചർച്ച ചെയ്യും. ഇദ്ദേഹം താമസിയാതെ ഇവിടെ എത്തുന്നതാണ്. ചർച്ചയ്ക്കു ശേഷം നിങ്ങളുടെ സഭക്കു ഗുണകരമായ തീരുമാനം എടുക്കും. തത്ക്കാലം ബന്ധപ്പെട്ട രൂപതകളുടെ നിർദ്ദേശമനുസിച്ച് ബ്രദേഴ്സ് പ്രവർത്തിക്കട്ടെ. ബന്ധപ്പെട്ട ബിഷപ്പ്മാർ നിങ്ങൾക്ക് വേണ്ട സഹായം നല്കും. പുതുതായി മാനസാന്തരപ്പെട്ടവരുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടത്ര വൈദികരെ നിയോഗിക്കുകയും ചെയ്യും."

ഡെലഗേറ്റ് അപ്പസ്റ്റോലിക്കുമായി ചർച്ച ചെയ്തശേഷം പ്രോപഗണ്ട അവസാനം എന്തു തീരുമാനമെടുത്തു എന്ന് പറയുക പ്രയാസമാണ്. ഏതായാലും സഭാസ്ഥാപകനും ആദിമ അംഗങ്ങളും ഈ പരിപാടി നടപ്പാക്കണം എന്ന് നിർബന്ധം പിടിച്ചു എന്നു പറയാൻ തെളിവൊന്നുമില്ല. ഈ ആശയം മെല്ലെ ഇല്ലാതായി എന്ന് കരുതാനേ നിവൃത്തിയുള്ളു. സഭാ സ്ഥാപകനും ആദ്യകാല അംഗങ്ങൾക്കും സഭയുടെ അല്മായ അരൂപിയിൽ വെള്ളം ചേർക്കാൻ ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല എന്നതിന് ധാരാളം തെളിവുണ്ട്. അങ്ങനെ ക്രമേണ സഭയുടെ അല്മായ അരൂപി ദൃഢീകരിക്കപ്പെട്ടു. തുടക്കം മുതലേ ഈ യുവസന്യാസ സഭക്ക് അനേകം വെല്ലുവിളികളും പ്രതിസന്ധികളും നേരിടേണ്ടതായി വന്നു. എങ്കിലും അതിന്റെ അല്മായ അരൂപി ദൃഢമായി തന്നെ തുടർന്നു. ഇന്ത്യയുടെ സുവിശേഷവത്ക്കരണത്തിന് ബ്രദേഴ്സിന്റെ ഒരു സന്യാസസഭ എന്ന ആശയം സാക്ഷാത്കരിക്കപ്പെട്ടത് ബ്രദർ പൗലുസ് മോറിറ്റസിന്റെയും ബ്രദർ നിക്കൊളാസ് ഹോഹന്റെയും ആയുഷ്കാലം മുഴുവൻ നീണ്ടുനിന്ന അചഞ്ചലമായ സമർപ്പണബോധത്തിന്റെ പ്രതിബദ്ധതയുടെ ഫലമായിട്ടാണ്. ബൊഡേവിഗിന്റെ പ്രവർത്തനമേഖലയിൽ നിന്നു വളരെ അകലെ ആണെങ്കിലും CMSF സഭയും SRAയെപ്പോലെ ഏറ്റം എളിയവരുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിക്കുന്ന ശക്തമായ ഒരു സഭയായി വളർന്ന് വികസിച്ചു. അങ്ങനെ ഭാഗികമായെങ്കിലും കൊളോണിലെ ഫാ. അന്റോണിയൻ മറിയ ബൊഡേവിഗ് വിഭാവന ചെയ്ത ഒരു 'ബ്രദേഴ്സിന്റെ സന്യാസസഭയായി' രൂപാന്തരപ്പെട്ടു.

## 3.1. മിഷനറി ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി എന്ന സന്യാസ സഭയുടെ ചൈതന്യവും സിദ്ധിയും

മിഷനറി ബ്രദേഴ്സ് ഓഫ് അസ്സീസി എന്ന സന്യാസ സഭയിലൂടെ ബ്രദർ പൗലുസ് മോറിറ്റ്സ് കത്തോലിക്കാസഭക്കു സംഭാവന ചെയ്ത 'മുന്നോടി മിഷനറി അരൂപി' ഹ്രസ്വമായി അപഗ്രഥിക്കാൻ നമുക്കു ശ്രമിക്കാം. 'കാരിസം', 'കരിസ്മ' എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം- ഒരു 'ദാനം', 'കാരുണ്യപൂർവ്വം നല്കുന്ന ദാനം', ചെയ്ത ഒരുപകാരം, ഒരു കാരുണ്യം ഇവയാണ് ആ പദങ്ങളുടെ സാങ്കേതികമായ അർത്ഥം. കാരിസം ദൈവം നല്കുന്ന ഒരു പ്രത്യേക അനുഗ്രഹമാണ്. ദാനം, അനുഗ്രഹം, എന്നിവ കിട്ടിയവന്റെ നന്മയ്ക്കും മറ്റുള്ളവർക്കുവേണ്ടിയും കൂടിയാണ് ദൈവം നല്കുന്നത്. വിശുദ്ധർ നല്കുന്ന ശുശ്രൂഷ പൂർണ്ണമാക്കുക, ക്രിസ്തുവിന്റെ ശരീരമായ സഭയെ പടുത്തുയർത്തുക. ഇതിനെല്ലാം വേണ്ടിയാണ് ഒരാൾക്ക് ദൈവം ഈ പ്രത്യേക അനുഗ്രഹം നല്കുന്നത്. പരിശുദ്ധാത്മാവ് ചില ആളുകൾക്ക് നല്കുന്ന പുണ്യവും ശക്തിയും സിദ്ധിയുമാണ് 'കാരിസം'. ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയെ പടുത്തുയർത്താനാണ് ഇത് നല്കപ്പെടുന്നത്. സഭയിൽ ഇതു പ്രത്യക്ഷപ്പെടുന്നത് ദൈവം നല്കുന്ന കൃപാവരത്തിന്റെ വിജയമാണ്, വിജയാഘോഷമാണ്. സഭയിൽ അധികാരത്തിലിരിക്കുന്നവരിലൂടെ ഇതു സംഭവിക്കണമെന്നില്ല. ദൈവത്തിന്റെ വിശുദ്ധജനം മുഴുവനിലൂടെയും ഇതു സംഭവിക്കുന്നു. എല്ലാ ക്രൈസ്തവരിലും ഈ അരൂപിയുണ്ട്. എന്നാൽ സവിശേഷമായ രീതിയിൽ ഇതു പ്രകടമാകുന്നത് ചില പ്രത്യേക വ്യക്തികളിലൂടെയാണ്. അതും പ്രത്യേക കാലഘട്ടങ്ങളിൽ. അരൂപി, കാരിസം തിരുസഭയുടെ സത്വത്തിന്റെ ഭാഗമാണ്. അതുകൊണ്ട് പ്രബോധനാധികാരം ഇതിനോട് സഹിഷ്ണുത കാട്ടിയാൽ മാത്രം പോരാ. ദൈവജനം മുഴുവന്റെയും നന്മയ്ക്കായി അതിനെ പരീക്ഷിച്ച് പ്രോത്സാഹിപ്പിക്കുകയും വേണം. കാരിസത്തിനു സാക്ഷ്യം നല്കുക എന്ന മൂല്യവും ഉണ്ട്. അതിനെ പ്രോത്സാഹിപ്പിക്കുന്നതിന് ഇതും ഒരു കാരണമാണ്.

വി. പൗലോസ് കാരിസത്തിന് 1കൊറി. 12:7ൽ ഒരു ഏകദേശ നിർവചനം നല്കുന്നുണ്ട്. നന്മയ്ക്കുവേണ്ടി പരിശുദ്ധാത്മാവിന്റെ ഒരു വെളിപ്പെടൽ. അതായത് മറ്റുള്ളവർക്കു പ്രയോജനപ്പെടാൻ, അവരുടെ നന്മയ്ക്കുവേണ്ടി പുതിയ നിയമത്തിൽ കാരിസത്തിന്റെ എട്ടു പട്ടിക നല്കിയിട്ടുണ്ട്. പഠിപ്പിക്കുന്നതിന്, ശുശ്രൂഷ ചെയ്യുന്നതിന്, ഭരണം നടത്തുന്നതിന്, മാർഗ്ഗദർശനം നല്കുന്നതിന് അതുപോലെ

ശരീരത്തിന്നടുത്ത കാരുണ്യപ്രവൃത്തികൾ ചെയ്യുന്നതിനും ദാരിദ്ര്യത്തിൽ കഴിയുന്നവർക്കും വേദനിക്കുന്നവർക്കും ശുശ്രൂഷ ചെയ്യുന്നതിനുവേണ്ടി നല്കപ്പെടുന്നവയാണ് ഈ അരൂപികൾ, കാരിസങ്ങൾ.

### 3.2. ബ്ര. പൗലുസ് മോറിറ്റസിന്റെ കാരിസത്തിന്റെ പ്രേഷിത സ്വഭാവം

ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് എന്ന സന്യാസ സമൂഹത്തിന് ബ്ര. പൗലുസ് മോറിറ്റസ് നല്കിയ അദ്ദേഹത്തിന്റെ അരൂപി, കാരിസം, ശുശ്രൂഷിക്കുവാനുള്ള അരൂപികളിൽ ഒന്നാണ് എന്ന് പറയാം. ദൈവത്തിന്റെ സവിശേഷമായ ഒരു പരിപാടിയുടെ സംവി ധാനത്തിന്റെ ഭാഗമായിട്ടാണ് ഇത് നല്കപ്പെട്ടത്. ഇത് പഴയ നിയമത്തിന്റെ താഴ്വരയിൽ നിന്ന് പുതിയ നിയമത്തിന്റെ മടിയിലേയ്ക്കെത്തിച്ചു. (യഹൂദ മതത്തിൽ നിന്ന് കത്തോലിക്കാ വിശ്വാസത്തിലേക്ക് കൊണ്ടുവന്നു.) ക്രിസ്തുവിന്റെ മൗതികശരീരം പടുത്തുയർത്തുന്ന തിനുള്ള ഒരുപകരണമായി ഒരു മിഷനറി സമൂഹം സ്ഥാപിച്ചു. ഇന്ത്യയിലെ ദശലക്ഷക്കണക്കിനുള്ള അക്രൈസ്തവരുടെ ഇടയിൽ നിത്യരക്ഷയുടെ സദ്വാർത്ത പ്രചരിപ്പിക്കുക എന്ന ആശയത്തിൽ അടങ്ങിയിട്ടുള്ളതും അതിനുവേണ്ടി പണിയെടുക്കുന്നതുമായ ഒരു കാരിസം, ഒരു അരൂപി, ആയിരുന്നു അദ്ദേഹത്തിന് ഉണ്ടായിരുന്നത്. സന്യാസ സഭാസ്ഥാപകരുടെയും മിഷനറി ബ്രദേഴ്സിന്റെയും ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നവരുടെയും കാരിസം, അരൂപി, ചൈതന്യം, അവരുടെ ദീർഘ വീക്ഷണം, കാഴ്ചപ്പാട്, തിരുസഭയുടെ ദൗത്യമായി മാറുന്നതാണ്. കൃത്യമായി പറഞ്ഞാൽ ബ്ര. പൗലുസ് മോറിറ്റസിന്റെ കാരിസം ഇതായിരുന്നു. സാങ്കേതിക അർത്ഥത്തിൽ അദ്ദേഹത്തിന്റെ കാരിസം ഒരു ദാനമായിരുന്നു, ദൈവം നല്കിയ ഒരു സിദ്ധി. പ്രധാനമായും അദ്ദേഹത്തിന്റെ നന്മയ്ക്കായല്ല, മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടിയാണ്. ഒരു ശുശ്രൂഷ പരിപൂർണ്ണമാക്കുകയാണ് അതിന്റെ ലക്ഷ്യം, ക്രിസ്തുവിന്റെ ശരീരമായ സഭയെ പണിതുയർത്തുവാനും.

### 3.3. മുന്നോടികളായ പ്രേഷിതർക്കു കോൺഗ്രിഗേഷന്റെ കാരിസം

ഫ്രാൻസിസ്കൻ ബ്രദേഴ്സ് സഭയുടെ കാരിസം മുന്നോടി മിഷനറിമാർ ആയിരിക്കുക എന്നാണ് എന്ന് പരക്കെ വിശ്വസിക്ക പ്പെടുന്നു, പറയപ്പെടുന്നു. തുടക്കം മുതല്ക്കേ സഭ ഏർപ്പെട്ടിരുന്ന പ്രവർത്തനങ്ങളിൽ നിന്നാണ് ഇങ്ങനെ ഒരു ഖ്യാതി ഉണ്ടായത്. ഈ സാഹചര്യത്തിൽ, മുന്നോടി മിഷനറി പ്രവർത്തനം എന്നു പറഞ്ഞാൽ എന്താണ് ഉദ്ദേശിക്കുന്നത് എന്ന് അന്വേഷിക്കേണ്ടതുണ്ട്. മുന്നോടി

(Pioneer) എന്ന പദം അപഗ്രഥിച്ചുകൊണ്ടു തുടങ്ങാം. അമേരിക്കൻ കോളേജ് എൻസൈക്ലോപീഡിയ നല്കുന്ന നിർവചനം ഇതാണ്. ഒരു പ്രദേശത്തു ആദ്യം പ്രവേശിക്കുകയോ സ്ഥിരതാമസമാക്കുകയോ ചെയ്യുന്നവരിൽ ഒരുവൻ, അങ്ങനെ മറ്റുള്ളവർക്കുവന്ന് താമസിക്കാൻ വഴിയൊരുക്കുന്നവൻ. വെബ്സ്റ്ററുടെ "ന്യൂ ഡിക്ഷ്ണറി നല്കുന്ന നിർവചനം അല്പം വ്യത്യസ്തമാണ്." അജ്ഞാതമോ അവ്യക്തമായി മാത്രം അറിയാവുന്നതോ ആയ ഒരു പ്രദേശത്തു സ്ഥിരതാമസമാക്കാൻ പ്രവേശിക്കുന്ന ഒരാൾ, അല്ലെങ്കിൽ വഴി തെളിക്കുവാൻ നിയോഗിക്കപ്പെടുന്ന ഒരു കാലാൾ പടയാളി."

ബ്ര. പൗലുസ് മോറിറ്റസിന്റെ കാഴ്ചപ്പാടിൽ താൻ സ്ഥാപിച്ച 'മിഷനറി ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് ഓഫ് അസീസി' എന്ന സന്യാസ സഭ പ്രേഷിതരംഗത്തു വഴിതെളിക്കുന്ന മുന്നോട്ടക്കാർ ആകണം അതായത്, തങ്ങളുടെ അല്മായ അരൂപി നിലനിർത്തിക്കൊണ്ട് അവർ മുന്നണി പടയാളികളാകണം, മുന്നോടികളാകണം, ആദ്യം നിലം കിളച്ചു മറിക്കുന്നവരാകണം, സുവിശേഷം പ്രഘോഷിക്കുന്നവരാകണം. യേശുവിന്റെ ജീവിതത്തിൽ സ്നാപകയോഹന്നാൻ നിറവേറ്റിയതുപോലുള്ള ഒരു ദൗത്യം. സംരംഭം തുടങ്ങുന്നവനാകുക എന്നത് ഏറ്റം വിഷമം പിടിച്ച ജോലിയാണ്. നിലം ഒരുക്കി, വിത്തുവിതച്ചു, അതു പൊട്ടി മുളച്ചു തുടങ്ങുമ്പോൾ അദ്ദേഹത്തിന്റെ ബ്രദേഴ്സ് വേറെ പണിയിടങ്ങൾ, പ്രവർത്തനരംഗങ്ങൾ തേടി പോകും. വളരുന്ന ചെടികളെ പരിചരിക്കുക, വിളവെടുക്കുക – ഈ ജോലികൾ സ്ഥലത്തെ ബിഷപ്പിനെയും രൂപതാ വൈദികരെയും ഏല്പിക്കും.

ഭാഗ്യമെന്നു പറയട്ടെ, ബ്ര. പൗലുസ് മോറിറ്റ്സ് തന്റെ സഭയുടെ 'മുന്നോടി ചൈതന്യത്തെ' സംബന്ധിച്ചു ഒരു രേഖ തയ്യാറാക്കി പിൻഗാമികൾക്ക് അത് സംഭാവന ചെയ്തിട്ടുണ്ട്. അതിൽ നിന്നുള്ള ഒരു ഉദ്ധരണി താഴെ കൊടുക്കുന്നു.

"സാധാരണ ഗതിയിൽ മിഷനറി ബ്രദേഴ്സിന് ഒരു ഗ്രാമത്തിൽ നിന്ന് അടുത്ത ഗ്രാമത്തിലേക്കു പോകാൻ കഴിയും. കൂടാതെ ഒരു വേലക്കാരനെയും കൊണ്ടുപോകാം. രാത്രി ബ്രദറിന് ഒരു മരത്തിൻ കീഴെയോ ഒരു ഗുഹയിലോ ചെലവഴിക്കാം. ദിവ്യബലി അർപ്പിക്കേണ്ട

തില്ല. അതുകൊണ്ടാണ് ഇത് സാധ്യമാകുന്നത്. ബലി അർപ്പിതമെങ്കിൽ അൾത്താര വേണം, ആരാധനയ്ക്ക് അനുയോജ്യമായ വസ്ത്രങ്ങൾ (വെസ്റ്റ്മെന്റ്സ്) വേണം, വീടു വേണം. ഒരു മിഷൻ തുടങ്ങുന്ന സമയം വൈദികനെ താമസിപ്പിക്കാൻ ഒരു വീടു കാണില്ല. ബലി അർപ്പിക്കാൻ ഒരു ചാപ്പൽ കാണില്ല. ഈ സാഹചര്യത്തിൽ കത്തോലിക്കരാകാൻ താത്പര്യമുള്ള ഗ്രാമവാസികളെ സമീപിക്കാൻ കഴിയുക ബ്രദേഴ്സി നാണ്. അവർ ഗ്രാമവാസികൾക്കു നമ്മുടെ വിശുദ്ധമതത്തെ പരിചയപ്പെടുത്തും. ഏതാനും മാസത്തെ ഒരുക്കത്തിനുശേഷം ഇവർക്കു ജ്ഞാനസ്നാനം നല്കാനാകും. നവജാതശിശുക്കൾക്കാണ് ആദ്യം ജ്ഞാനസ്നാനം നല്കാവുന്നത്. മതബോധനം സ്വീകരിച്ച കൊച്ചുകുട്ടികൾക്കും ജ്ഞാനസ്നാനം നല്കാം.

ബ്രദേഴ്സിന്റെ മാതൃക കണ്ടും ഉപദേശം കൊണ്ടും പുതുതായി സ്ഥാപിച്ച ക്രൈസ്തവ സമൂഹം വിശ്വാസ ജീവിതം നയിച്ചുതുടങ്ങു മ്പോൾ, രൂപതയിലെ വൈദികരുടെ സഹകരണത്തോടെ ഇത്രയും സാധിച്ചു കഴിയുമ്പോൾ ബ്രദേഴ്സ് ഇതുവരെയും സുവിശേഷം എത്തിയിട്ടില്ലാത്ത വേറൊരു ഗ്രാമത്തിലേയ്ക്കു പോകും. തങ്ങൾ ഇതുവരെ പ്രവർത്തിച്ചിരുന്ന പ്രദേശങ്ങളും അവിടുത്തെ ജനങ്ങളും രൂപതക്ക് ഏല്പിച്ചുകൊടുക്കപ്പെടും.''

അങ്ങനെ സഭാംഗങ്ങളായ ബ്രദേഴ്സ് തങ്ങളുടെ സേവനവും സമർപ്പണബോധവും വഴി ഭൂമിയിൽ ക്രിസ്തുവിന്റെ രാജ്യം കൂടുതൽ വിപുലമാക്കാൻ സഹകരിക്കും. ഒരു സാധാരണ യൂറോപ്യൻ ബ്രദറിന്, പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിട്ടുണ്ടെങ്കിൽ ഇന്ത്യാക്കാരുടെ മേൽ വൻ തോതിൽ സ്വാധീനം ചെലുത്താൻ കഴിയും, അവരെ ക്രിസ്തുവിലേക്ക് കൊണ്ടുവരാൻ കഴിയും എന്ന് ബ്ര. പൗലുസ് ഉറച്ച് വിശ്വസിച്ചിരുന്നു. (19-ാം നൂറ്റാണ്ടിന്റെ അന്തിമഘട്ടത്തിലാണ് യൂറോപ്പിൽ പ്രാഥമിക വിദ്യാഭ്യാസം പ്രചരിച്ചു തുടങ്ങിയത്.) ബ്ര. പൗലുസിന്റെ അഭിപ്രായ ത്തിൽ ഒരു മിഷനറി ബ്രദറിന് ഹ്രസ്വകാലത്തെ പരിശീലനമേ ആവശ്യമുള്ളൂ. ഒരു സംഘം മിഷനറി ബ്രദേഴ്സ് ഉണ്ടെങ്കിൽ അതു മിഷനറി വൈദികർക്കു വലിയ സഹായമായിരിക്കും. അവർക്കു സാധാരണമായി വേഗത്തിൽ താദാത്മ്യം പ്രാപിക്കാൻ കഴിയും,

സാധാരണക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനാകും. കൂദാശകൾ പരികർമ്മം ചെയ്യുന്നതൊഴിച്ചു ഒരു സ്ഥലത്തു ഒരു ക്രൈസ്തവ സമൂഹം സമാരംഭിക്കുന്നതിനു കഴിയും. രണ്ടും മൂന്നും അംഗങ്ങളുള്ള ഭവനങ്ങളായി കഴിയുമ്പോൾ എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളുമായി ഇടപഴകുവാൻ കഴിയും. 'എല്ലാവർക്കും എല്ലാം ആകാൻ' കഴിയും. അവരുടെ ജീവിതസാക്ഷ്യം തന്നെ പുതിയതായി വിശ്വാസം സ്വീകരിക്കുന്നവർക്കും ജ്ഞാനസ്നാനം സ്വീകരിക്കാൻ പ്രബോധനം നല്കപ്പെടുന്നവർക്കും ഒരു പ്രചോദനമായിരിക്കും.

### 3.4. ബ്ര. പൗലുസ് മോറിറ്റ്സിന്റെ അരൂപി മാറി വരുന്ന സാഹചര്യങ്ങളോട് ഇണങ്ങി പോകാൻ എപ്പോഴും തയ്യാറായിരുന്നു

ബ്ര. പൗലുസ് നല്കിയ അരൂപി എപ്പോഴും സജീവമായി തുടർന്നു; തിരുസഭയുടെ സുവിശേഷവത്ക്കരണ ശ്രമങ്ങളോടു പ്രതികരിക്കുന്നതിനും സുവിശേഷം നല്കുന്ന സന്ദേശത്തോട് വിശ്വസ്തത പുലർത്തുന്നതിനും നിരന്തരം ശ്രദ്ധിച്ചിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിനലിനു ശേഷം പുറപ്പെടുവിച്ച എവാഞ്ചേലിയി നൺ സിയാൻഡി എന്ന പ്രമാണരേഖയിൽ പറയുന്ന കാര്യങ്ങളുമായി പൊരുത്തപ്പെട്ടുപോകുന്നതായിരുന്നു ഈ അരൂപി, ഈ 'കാരിസം'. വ്യത്യസ്ത സാഹചര്യങ്ങളുമായി അരൂപിക്കു പൊരുത്തപ്പെടേണ്ടി വരുമ്പോൾ തിരുസഭ നല്കുന്ന മാർഗ്ഗരേഖകൾക്ക് അനുസൃതമായി അതു ചെയ്യണം. അങ്ങനെ CMSF സഭയുടെ 'മുന്നോടി അരൂപി', തങ്ങളുടെ അനന്തഭവനത്തിലേക്ക് തീർത്ഥാടനം നടത്തുന്ന ദൈവജനത്തിന്റെ ആവശ്യങ്ങൾക്കു ഉതകുന്നതാകണം, പ്രയോജനപ്പെടണം.

''നമ്മുടെ സ്ഥാപകൻ നമ്മെ ഏല്പിച്ചുപോയ മുന്നോടി അരൂപി സാഹചര്യങ്ങളുമായി അനുയോജ്യപ്പെടണം. കാരണം, ഇപ്പോൾ പിന്തുടരുന്ന രീതി കടന്നുപോയ ഒരു കാലഘട്ടത്തിനും വേറൊരു സ്ഥലത്തിനും വേണ്ടി കരുപ്പിടിച്ചതായിരുന്നു. അന്ന് ആ പ്രദേശങ്ങളിൽ ദൈവവചനം പ്രഘോഷിക്കപ്പെട്ടിരുന്നില്ല. ഇക്കാലത്തു ജീവിക്കാൻ എല്ലാ മേഖലകളിലും വലിയ മാറ്റങ്ങൾ സംഭവിച്ചിരിക്കുന്നു. മതേതര മേഖലയിലും മതത്തിന്റെ മണ്ഡലത്തിലും കഴിയുന്നത്ര കൃത്യമായി സഭാ സ്ഥാപകന്റെ അരൂപി

പിന്തുടരണം. എന്നാൽ ആധുനിക രൂപീകരണങ്ങളും അനുരൂപപ്പെടുത്തലുകളും പരിഗണിക്ക പ്പെടണം. അതുപോലെ തന്നെ പ്രേഷിത പ്രവർത്തനവും സുവിശേഷ വത്ക്കരണവും തിരുസഭ നല്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പാക്കണം.''

### 3.5. സഭാംഗങ്ങൾക്കു ബ്ര. പൗലുസ് മോറിറ്റ്സ് എഴുതിയ അന്തിമോപദേശം അടങ്ങിയ കത്ത്

CMSFന്റെ അംഗങ്ങൾക്കു സഭാ സ്ഥാപകൻ അന്തിമോപദേശങ്ങൾ അടങ്ങിയ ഒരു കത്തെഴുതി മുറിയിൽ വച്ചിരുന്നു. അതിനുശേഷമാണ് അദ്ദേഹത്തെ ആശുപത്രിയിലാക്കിയത്. ഈ കത്ത് അച്ചടിച്ച് CMSFന്റെ അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യണം എന്നു നിർദ്ദേശിച്ചിരുന്നു. താൻ അവർക്ക് ഏല്പിച്ചുകൊടുത്ത അല്മായ മിഷനറിയും വ്യത്യസ്തം ആയിരിക്കാനുള്ള ദൈവവിളിയോട് വിശ്വസ്തത പുലർത്താനുള്ള ഒരാശ്വാസമായിരുന്നു അത്. ഈ ഭൂമിയിൽ സ്വർഗ്ഗരാജ്യം പ്രചരിപ്പിക്കാൻ എല്ലാ സുഖസൗകര്യങ്ങളും ബലികഴിക്കാൻ തന്റെ ആത്മീയ പുത്രന്മാരോട് അഭ്യർത്ഥിക്കുന്നു.

ആ കത്തിൽ നിന്ന് ഒരു ഭാഗം താഴെ ഉദ്ധരിക്കാം:

''മരിക്കുന്നതിനു മുമ്പ് ഗൃഹനാഥനായ ഒരു പിതാവ് മക്കളോട് യാത്ര പറയുന്നതുപോലെ ഞാനും നിങ്ങളിൽ നിന്ന് പിരിഞ്ഞു പോകുന്നു. അനേക വർഷങ്ങളായി നിങ്ങൾ എന്റെ മക്കളാണ്, എന്റെ സഹായികളാണ്, കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ എന്നോടൊപ്പം പണിയെടുത്തവരാണ്. മിഷനുകളിലും മറ്റും. ഇപ്പോൾ എനിക്കു നിങ്ങൾക്കായി നല്കാനുള്ള ഉപദേശം ഇതാണ്, പരസ്നേഹത്തിലും ഐക്യത്തിലും കഴിയുവിൻ. മിഷന്റെ സേവനത്തിനായി നിങ്ങൾ സുഖസൗകര്യങ്ങളും സ്വന്തം താത്പര്യങ്ങളും തുടർന്നും ബലികഴിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു.''

ബ്ര. പൗലുസ് മോറിറ്റ്സിന്റെ ജീവിതം അദ്ദേഹത്തിന്റെ മാതൃക യായ ഫ്രാൻസിസ് ലിബർമാന്റേതുപോലെ ആയിരുന്നു. ഇദ്ദേഹവും യഹൂദമതം വിട്ടു കത്തോലിക്കാവിശ്വാസം സ്വീകരിച്ച ആളാണ്. ആഫ്രിക്കയിൽ പ്രവർത്തനം നടത്താൻ ഒരു മിഷനറി സൊസൈറ്റി സ്ഥാപിച്ചു. ദൈവ പരിപാലനയിൽ വിശ്വസിച്ചുകൊണ്ട്, വ്യക്തികളുടെ

ജീവിതം മാത്രമല്ല നിയന്ത്രിച്ചത്, ജനതകളുടെ തന്നെ ജീവിതത്തിന് മാർഗ്ഗനിർദ്ദേശവും നല്കി. അദ്ദേഹത്തിന്റെ ആത്മീയതയുടെ ഒരു സവിശേഷത ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യായുടെ ആത്മീയ ബാല്യത്തിന്റെ പാതയിലൂടെ ജനസമ്മിതി നേടി. അതായത്, പ്രേഷിത പ്രവർത്തനവും ആത്മാക്കളുടെ നിത്യരക്ഷയ്ക്കായുള്ള പ്രാർത്ഥനയും സംയോജിപ്പിക്കുക. ഇതിനു പരമ പ്രാധാന്യം കല്പിക്കുക. അദ്ദേഹത്തിന്റെ അരൂപി ലിബർമാന്റെയും കൊച്ചുത്രേസ്യയുടെയും പോലെ മനുഷ്യാവതാരത്തിന്റെ സ്വഭാവം ഉള്ളതായിരുന്നു. അതായത്, ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ആരും എത്തിച്ചേർന്നിട്ടില്ലാത്തതും അവികസിതവുമായ ജനസമൂഹങ്ങളുടെ അടുത്തേയ്ക്ക് പോകുക, ഇരുട്ടിൽ നിന്ന് അവരെ മോചിപ്പിക്കുന്നതിനും അവരുടെ സമഗ്രമായ വികാസത്തിനും വേണ്ടി പരിശ്രമിക്കുക; അവരെ അടിച്ചമർത്തുന്ന മനുഷ്യരിൽ നിന്ന് അവരെ സ്വതന്ത്രരാക്കുക.

## സമാപനം

അവസാനമായി സഭയിലെ ഈ അനന്യമായ മിഷനറി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് എന്ന് ഒന്ന് ഓടിച്ചു കണ്ണോടിക്കാം. ഒരുകാലത്ത് നേരിടേണ്ടി വന്ന തടസ്സങ്ങളെയും കൊടുങ്കാറ്റുകളെയും അതിജീവിച്ച് എല്ലാ അനിശ്ചിതത്വത്തെയും മറികടന്ന്, മിഷനറി ബ്രദേഴ്സ് ഓഫ് സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി എന്ന സഭ ഇന്നു മൂന്നു ഭൂഖണ്ഡങ്ങളിൽ തങ്ങളുടെ അരൂപിയുടെ സൗഹൃദം പരത്തുന്നു. ഇന്ത്യയുടെ മണ്ണിൽ അതിന്റെ വേരുകൾ ആഴത്തിൽ ഓടിയിട്ടുണ്ട്. ഇപ്പോൾ അതിന് തികച്ചും ഒരു ഇന്ത്യൻ സ്വഭാവം കൈവന്നിരിക്കുന്നു. ഒരുകാലത്ത് ഇന്ത്യയിൽ മിഷനറി ആയിരുന്ന ദീർഘ വീക്ഷണമുള്ള അദ്ദേഹത്തിന്റെ ആഗ്രഹം വിശാലമായ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ സുവിശേഷം പ്രചരിപ്പിക്കുക എന്നതായിരുന്നു. തന്റെ ജീവിതകാലത്ത് ഈ സ്വപ്നം സാക്ഷാത് കരിക്കപ്പെട്ടില്ല. ഒരു മിഷനറി സഭ സ്ഥാപിക്കുക എന്നതായിരുന്നു ആ സ്വപ്നം. CMSF അദ്ദേഹത്തിന്റെ സങ്കല്പത്തിൽ നിന്ന് രൂപപ്പെട്ടതാണ്. ഇവർ ഫാ. അന്റോണിയസ് മറിയ ബൊഡെവിഗ് എന്ന കൊളോൺകാരന്റെ സ്വപ്നമാണ് യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുന്നത്. സഭയ്ക്ക് ഇന്ത്യൻ രൂപതകളിൽ അൻപതിലധികം ഭവനങ്ങളുണ്ട്. മുപ്പത്തിയഞ്ചിലധികം രൂപതകളിലാണ് ഈ ഭവനങ്ങൾ. സഭയുടെ അംഗങ്ങളിൽ ഭൂരിപക്ഷവും ഇന്ത്യാക്കാരാണ്. സഭയുടെ പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും ഇന്ത്യയിലാണ്. ഉപഭൂഖണ്ഡത്തിന്റെ ഏറ്റം തെക്കേ അറ്റമായ കന്യാകുമാരി തൊട്ട് വടക്ക് ഹിമാലയം വരെ CMSFന്റെ സാന്നിദ്ധ്യമുണ്ട്. അംഗങ്ങൾ പണിയെടുക്കുന്നതു പ്രധാന മായും ഏറ്റം പ്രാഥമികമായ പ്രവർത്തനം നടത്തുന്ന സുവിശേഷ രംഗത്താണ്. ഈ പ്രവർത്തനത്തോടൊപ്പം പരസ്നേഹ സ്ഥാപനങ്ങ ളുടെ ഒരു ശൃംഖല തന്നെ ഉണ്ട്. സഭയുടെ ആദ്യ അംഗങ്ങളിൽ ഒരാളായ, ഒരു മുന്നോടി എന്ന് വിശേഷിപ്പിക്കാവുന്ന, ബ്ര. ക്ലെമന്റ് ക്രീഗിന്റെ നിരീക്ഷണം ഉദ്ധരിക്കാൻ അർഹതയുള്ളതാണ്.

ഇദ്ദേഹത്തിന്റെ വിവേകപൂർവമായ പെരുമാറ്റം, തന്ത്രജ്ഞൻ, ഈ മിഷനറി സഭയെ വലിയ വിപത്തുകളിൽ നിന്ന് രക്ഷിച്ചിട്ടുണ്ട്. CMSFന്റെ ഇന്ത്യൻ സ്വഭാവത്തെപ്പറ്റി അദ്ദേഹം പറയുന്നു:

"ഫ്രാൻസിസ്കൻ ബ്രദേഴ്സ് എന്ന മിഷനറി ഇൻസ്റ്റിറ്റ്യൂട്ട് (സഭ) ഏറെക്കാലം മുമ്പ് നടന്ന അതിന്റെ തുടക്കം ഇന്ത്യയ്ക്ക് സ്വന്തമായ ഒരു ശിശുവിന്റെ പിറവി ആയിട്ടാണ് കാണുന്നത്. ഇന്ത്യയുടെ മണ്ണിൽ വളർന്ന് അത് പക്വത പ്രാപിച്ചു. ഇങ്ങനെ ഒരു സംരംഭം സംബന്ധിച്ചു ആദ്യമായി ചിന്തിച്ചവർ വിവിധ രാജ്യങ്ങളിൽ നിന്നുള്ളവരാണെങ്കിലും സഭ തികച്ചും ഭാരതീയമാണ്."

യൂറോപ്പിലും സഭക്ക് ചെറിയ തോതിൽ സാന്നിദ്ധ്യമുണ്ട്. ഒരു റീജ്യൽ അഥവാ വൈസ് പ്രോവിൻസ് എന്ന് വിശേഷിപ്പിക്കാവുന്ന സാന്നിദ്ധ്യം. 1950 കാലഘട്ടത്തിൽ വിദേശത്തുനിന്നുള്ള മിഷനറി മാർക്ക് 'വിസ' നല്കുന്നതു സംബന്ധിച്ച് ഇന്ത്യാ ഗവൺമെന്റ് പല നിയന്ത്രണങ്ങളും ഏർപ്പെടുത്തി. ആ സാഹചര്യത്തിൽ യൂറോപ്പിലെ അംഗങ്ങൾക്കായി പുതിയ ഒരു പ്രവർത്തനമേഖല കണ്ടെത്തേണ്ടി വന്നു. അങ്ങനെ 1962-ൽ പാരോഗ്വേയിലെ കൊറോണൽ ഓവിയേഡോ എന്ന പ്രീഫെയ്ചർ അപ്പസ്റ്റോലിക്കിൽ ഒരു മിഷൻ തുറന്നു. മോൺ. ജി. എ. പെച്ചില്ലോ TORന് ലത്തീൻ അമേരിക്കയുടെ ഹൃദയഭാഗത്ത് തന്റെ പുതിയ മിഷനിൽ പ്രവർത്തിക്കാൻ ഏതാനും CMSF ബ്രദേഴ്സിനെ ലഭിച്ചത് വളരെ സന്തോഷകരമായിരുന്നു. പരാഗ്വേയിലെ രണ്ടാമത്തെ മിഷൻ സ്റ്റേഷൻ പേളേയോമയോ എന്ന വികാരിയേറ്റ് അപ്പസ്റ്റോലി ക്കിൽ ആയിരുന്നു. അതേവർഷം തുറന്ന ഈ മിഷന്റെ തലപ്പത്തു വികാർ അപ്പസ്റ്റോലിക്ക് വെറോറി OMI ആയിരുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശം അനുസരിച്ച് ഫ്രാൻസിസ്കൻ ബ്രദേഴ്സിന്റെ രൂപതാ തലത്തിലുള്ള രണ്ടു സഭകൾ CMSFൽ ലയിപ്പിച്ചു. അവയുടെ അരൂപി 'കാരിസം' CMSFന്റേത് തന്നെ ആയിരുന്നു. ഇതിൽ ഒന്ന് 'കോൺഗ്രിഗേഷൻ ഓഫ് ദ ഫ്രാൻസിസ്കൻ ബ്രദേഴ്സ് ഓഫ് ശ്രീ ലങ്ക' ആയിരുന്നു. മറ്റേത് ജാൻസി എന്ന ഇന്ത്യൻ രൂപതയിലെ 'ഫ്രാൻസിസ്കൻ ബ്രദേഴ്സ്

ഓഫ് ദ ബ്ലെസ്ഡ് സാക്രമെന്റ് ഓഫ് ജാൻസി' ആയിരുന്നു.

അങ്ങനെ ജർമ്മനിയുടെ പവിത്രനദിയായ റൈനിന്റെ തീരത്തുള്ള ബോൺ കൊളോണിൽ നിന്നു വന്ന കാരിസം അതിന്റെ ഉപജ്ഞാതാവായ ബോഡെവിഗ് ആഗ്രഹിച്ചത് ഇന്ത്യയുടെ വിശുദ്ധ നദിയായ ഗംഗയുടെ തീരത്ത് വേരുറപ്പിക്കണം എന്നായിരുന്നു. കൃത്യമായി പറഞ്ഞാൽ ബെനാറസിൽ ഇന്ത്യയുടെ ആത്മീയ തലസ്ഥാനത്ത്, വിശുദ്ധ ഗംഗാ സഭാ പാദം കഴുകുന്ന കാശിയിൽ ഗംഗയുടെ പവിത്രജലം ക്ഷാളനം ചെയ്യുന്ന നഗരം.

ബനാറസിലെ ഫലഭൂയിഷ്ഠമായ ആത്മീയ മണ്ണിൽ പാകിയ തന്റെ സങ്കല്പത്തിന്റെ വിത്തുകൾ പൊട്ടിമുളച്ച് വളർന്ന് പന്തലിച്ച് വലിയ ഒരു ആൽവൃക്ഷം എന്ന് കൊളോണിലെ ഫാ. അന്റോണിയസ് മറിയ ബൊഡേവിഗ് സ്വപ്നം കണ്ടു. ഇരുട്ടിൽ തട്ടിതടഞ്ഞ് അലയുന്ന ദശലക്ഷക്കണക്കിന് ഇന്ത്യാക്കാരെ ഈ ആൽമരത്തിന്റെ ശീതള തണലിൽ കൊണ്ടുവരാൻ കഴിയും എന്ന് അദ്ദേഹം പ്രത്യാശിച്ചു. അവർക്ക് സുവിശേഷത്തിന്റെ രക്ഷാകരസന്ദേശം എത്തിച്ചു കൊടുക്കണം എന്ന് അദ്ദേഹം ആഗ്രഹിച്ചു. എന്നാൽ അദ്ദേഹം പ്രതീക്ഷിച്ച വിധം അദ്ദേഹത്തിന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടില്ല. ബൊഡെവിഗിന്റെ മിഷനറി സങ്കല്പത്തിന്റെ രണ്ടു ശാഖകളാണ് CMSF ഉം SRAയും ഇവയ്ക്ക് ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഉടനീളം മിഷൻ കേന്ദ്രങ്ങളുടെയും പരസ്നേഹ സ്ഥാപനങ്ങളുടെയും ഒരു ശൃംഘല തന്നെയുണ്ട്. ഈ സംഘടനകളുടെ, സഭകളുടെ അരൂപി ഇന്ത്യയ്ക്ക് പുറത്തേക്കും വ്യാപിച്ചിട്ടുണ്ട്. ഇന്ത്യയുടെ സുവിശേഷ വത്ക്കരണത്തിൽ രണ്ടും ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്. പ്രത്യേ കിച്ചും വിശാലമായ ഉപഭൂഖണ്ഡത്തിലെ ഗംഗാ സമതലത്തിലെ ബനാറസ് പ്രദേശത്ത്. 1960 കാലഘട്ടത്തിൽ രൂപീകരിച്ച ബെനാറസ് രൂപത ഫ്രാൻസിസ്കൻ മിഷനറി ബ്രദേഴ്സ് സ്ഥാപിച്ച നിരവധി മിഷൻ സ്റ്റേഷനുകളെ ഉൾക്കൊള്ളുന്നു. അന്ന് ആ പ്രദേശം അലഹബാദ് അതിരൂപതയുടെ ഭാഗമായിരുന്നു. ആദ്യം ഇവ ബെനാറസ് ഗോരഖ്പൂർ എന്ന പ്രീഫെക്ച്ചർ അപ്പസ്റ്റോലിക്കിന്റെ കീഴിലായിരുന്നു. അതുപോലെ തന്നെ

സിസ്റ്റേഴ്സ് ഓഫ് ദ ക്വീൻ ഓഫ് ദി അപ്പോസ്റ്റൽസിന്റെ ഇന്ത്യയിലെ ആദ്യത്തെ മിഷനറി സംരംഭം അലഹബാദ് രൂപതയിലെ ചുനാറിൽ ആയിരുന്നു. അവരുടെ പ്രവർത്തനം പ്രധാനമായും കേന്ദ്രീകരിച്ചിരുന്നത് ബെനാറസ്സിലും സമീപപ്രദേശങ്ങളിലും ആയിരുന്നു. ഇതിന്റെ ഫലമായി വടക്കേ ഇന്ത്യയിലെ അവരുടെ മിഷൻ സ്റ്റേഷനുകളെല്ലാം ബനാറസ്സുമായി ബന്ധപ്പെട്ടിരുന്നു. ബനാറസ്സിലും സമീപ പ്രദേശങ്ങളിലും നിരവധി മിഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടു.

അങ്ങനെ ബൊഡെവിഗിന്റെ സ്വപ്നം രണ്ടു മിഷനറി സഭകൾ സാക്ഷാത്കരിച്ചു. അവ രണ്ടും സമർപ്പണബോധത്തോടെ ഏറ്റം താണ നിലവാരമുള്ള ആളുകളുടെ ഇടയിൽ പ്രവർത്തിച്ചു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ സുവിശേഷവത്ക്കരണത്തിന് അവർ സ്വീകരിച്ച മാർഗ്ഗം അതായിരുന്നു. അങ്ങനെ നമുക്ക് ഈ ഗ്രന്ഥത്തിന് ‘പിതാവായ റൈനിൽ നിന്ന് മാതാവായ ഗംഗയിലേക്ക്’ എന്ന ശീർഷകം നല്കി സമാപിപ്പിക്കാം

# BIBLIOGRAPHY

## A. MANUSCRIPTS : With Author


Bader Anton, **An Outline of a Missionary Society,** ACMSF, MMV

CLANCY Raymond J., **The Congregation of the Holy Cross in East Bengal (1853 - 1953) with a Brief History of the Church in Bengal.** Holy Cross Mission Seminary, Washington, 1953

GOMES H., **Letter to the Friends of the Zaroll Mission** Catholic Church Bhilad, dt., 3.12.1957

**A Historical Sketch of the Zaroli Mission** Diocesan Seminary, Dadar, Bombay 1959.

KRIEG Clement, **Some Historical Sketches of the Congregation of the Missionary Brothers of St. Francis of Assissi.** ACMSF, EB

**Grundungsgeschichte der Kongregation der Missionbruder des hl. Franziskus,** ACMSF, EB

MULLER Sebastian, **The Zaroli Mission,** n.d. ACMSF, MMV, nr.1

PUTHENPURACKAL Joseph, **A Short History of the Siwal Mission,** Siwal, 1962, APCF

SYMPHORIAN, **History of the Agra Mission,** n.d. APCF

VAGEL Vinvent, **The Spirit and Apostolate in the Beginning of the Congregation of the Missionary Brothers of St. Francis of Assisi.** ACMSF, MMV.

SCHONBRODZENO, **Memories of the Founder ACMSF, MMV**

**Without Author**

**Franciscan Sister of the Propagation of the Faith, thier History and Work in the Diocese of Lahore,** 1901 - 1920, ASFPF

**B ARCHIVAL SOURCES**

**I. AUSTRIA**

**AGSRA : Archivium Generalum Sociatatis Regina Apostolorum, Vienna**

BODEWIG Anthony Maria. **About the Origin and Changing Situation of the Missionary Society for the Conversion of India,** n.n., n.d.

from MERCIER Joseph to BODEWIG Anthony Maria, **Letter Communicating the Lifting of Suspension** dt., 1.12.1913

**II BELGIUM**

**ACB : Archivium Cappuccinorum Belgi, Antwerp**

(L. - Lahore)

L. - 7
L. - 47
L. - 213
L. - 218
L. - 223
L. - 224

L. - 260
L. - 346
L. - 398
L. - 903
L. - 1148

## III. ENGLAND

**IOLR : India Office Library and Records, LONDON**

L/PJ/1324 (Judicial and Public Department) J and P 3579 (1914)

L/PS/10/427 in file L/PS/10/472 (Political and Secret Department)

from SLOCOK to the Home Department. INDIA OFFICE **Communication on German Missionary Brothers on Parole, Central Provinces, British India** dt., 18.4.1916, L/PJ/6-1456, NR. 3772 - 16.

File J 6P - 3579 in L/PJ/6 - 1324

PJ/6 - 1456 Nr. 3722/16 : **Instructions Relative to the Treatment of Enemy Subjects,** J and P in File nr. 3579

L/PJ/6-1324.

**German Prisoners of War, Vatican Asks that all Missionaries May not be Banished.**

L/PJ/2640, l/pj/1304 - 19, L/PJ/4335, L/PJ/6822

**Exchange of Missionaries between Great Britain and Germany.** J and P. (Judicial and Political Department) 3349 of 1915, in File L/PJ/6-1368

**Parliamentary Note : House of Common's Memorandum on Military age in Respect of Subjects of Germany and the dual Monarchy Austro-Hungrary Prisoners of War.**

J and P-3625 in File L/PJ/6-1368

J and P - 4660

**Communication of the Viceroy to the Foreign Office on Subject Repartiation of Prisoners of War by S.S., Golconda, dt., 8.2.1915**

J and P - 2959/1915 in File L/PJ/6 - 1386

**Telegram of the Viceroy of India to theh Foreign Office on Subject Second Voyage SS Golconda.**

JP/1546 - 1916 in File L/PJ/6-1437

See also J and P-2869 - 1915 in File L/PJ/6-1386

**List of German and Austrian Subjects in Civil Charge in Bombay Presidency to be Repatriated.** J and P - 1830 - 1916 in File L/PJ/6-1437

**Memorandum Admission into India of Aliens Desiring to Undertake Missionary or Other Philanthropic work in the Country,** IO/I/E/7/1256-414, 616 to 1922 (Industries and Overseas Department)

from BUTT to Secretary of State for India, **Application on behalf of the CMSF - Registration with the British Goverment Eligible for Sending Missionaries to India,** IO/L/E/7/1256-419 (Industries and Overseas Department)

from WALTON to the British Passport Officer, Victoria Street, London,

**Notification of Registration of the CMSF with the British Government Eligible for sending Missionaries to India** I and O L/E/7/1256-418: I and O L/E7-1256/-415

**ii. WDA : Westminster Diocesan Archives, LONDON, Missionary Brothers of St. Francis of Assisi Maslianico, Italy, (1921 - 1936)**

from KRIEG Clement of BOURNE Francis (Cardinal), **Application for Assistance - Registration CMSF with the British Government,** File Hi 3/ 61 Foreign Missions.

## IV FRANCE

**i. AOPM Archiv des Oeuvres Pontificales Missionaries, LYONS**

**L'Inde Orientale**

| | |
|---|---|
| E - 46 Dacca | E 10892 |
| ________________ | E 10893 |
| ________________ | E 10896 |
| E - 54 Krishnagar | E 11476 |
| E - 56 Lahore | E 11536 |
| E - 61 Nagpore | E 12051 |
| ________________ | E 12064 |
| ________________ | E 12079 |
| ________________ | E 12089 |
| ________________ | E 12097 |
| ________________ | E 12098 |

**ii. APCL : Archives Provinciales Capucins, Lyon, LYONS**

IR - Inde, (1881 - 1925)

-----------------------------------------------------

IR - No. 145

IR - No. 110
IR - No. 194
IR - No. 195
IR - No. 196
Asie - No. 66

**ii. ASFPF : Archives des Soeurs Franciscaines de la Propagation de la Foi, FRANCHEVILLE.**

**Libre de la Profession de la Congregation.**

**Franciscan Sisters of the Propagation of the Faith, Lyons, their History and Work in the Diocese of Lahore (1902 - 1920) u.m.a.u.**

**v. GERMANY**

**i. AEK : Archiv des Erzbistum Koln/COLOGNE**

**Grundung einer Mission in Indien durch Kaplan Bodewig, nr. 3492, Generalia XXIII**

from KREUZWALD to RATHGEBER Jacob, letter dt., 15-3-1892

from HINTERLECHNER to ARCHDIOCESAN CURIA, letter dt., 21-3-1892

from RATHGEBER J., to KREUTZWALD, letter dt 24-3-1892

from PAULUS M., to ARCHDIOCESAN CURIA, **Report on Fr. Bodewig,** dt., 13-5-1892

from GENERALVIKARIAT to BODEWIG, letter dt., 1-9-1894.

from KREUTZWALD to BODEWIG, letter, dt., 1-9-1895

from LINDEN Th., to KREMENTZ Ph., **Report on Visitation to Bodewig's Mission - House,** dt., 30-8-1895

from KREMENTZ Ph., to LEDECHOWSKI W., letter dt., 23-5-1895

**ii. APGS, SJ : Archivium Provincialum Germaniac Septenalum, Societatis Jesu, Coloniac, COLONGNE**

BODEWIG Anthonius Maria, **Geschichte Meiner Vielen Destinationen,** Abteilung "O" nr.

**"Examen Semester Novitiorum"** in Liber Novitiorum S.J. Abteilung "O" nr. **Liber Oridnatorum**

**iii. DSA/UL Deutsche Staatsarchiv/Unter dem Linden, BERLIN (EAST)**

NURMEBERGER Th., Addresbuch der Haupt and Residenzstadt Konigsberg.

NURMBERGER Th., **Firemenregister mit Angabe der Geschaftshaber, Procuristin und Geschaftslokale, Konigsberg, i. Pr.**

**iv. Stiftspfarramt Helligen Johannes Baptist under Petrus, BONN**

Taufregister, Seite 437

**VI. INDIA**

**i. ACMSF : Archives of the Congregation of the Missionary Brothers of St. Francis of Assisi, Mt. Poinsur, BOMBAY**

**ii. PASJC : Provincial Archives of the Sisters of St. Joseph of Chamberry, KAMPTEE - NAGPUR**

**Chronoicle of the Sisters of St. Joseph of St. Jean de Mauriennne of Kamptee, (1894 - 1958) u.m., a.u., Mother Margureite-Marie, provincial (1895 - 1915) u.m., au.**

**iii. ADAN :Archdiocesan Archives Nagpur - NAGPUR**

from MORITZ P., to PELVAT C., letter, dt. 4-08-1899

,, ,, ,, 25-08-1899

„ CHROCHET Jean Marie, 16.02.1901

„ PELKMANS G. (Copy) dt. 25-03-1902

„ COPPEL S., Letter, dt. 3-06-1906, 13-12-1908, 18-07-1908

„ KRIEG C., to COPPEL S., letter dt. 2-12-1908

„ MORITZ P., ,, ,, ,, 9-12-1909, 9-03-1909, 19-12-1909, 13-08, 1914, 29-08-1914, 5-09-1914

from MORTIZ P., to COPPEL S., letter dt., 29-08-0914, 5-09-1914

from BRIGADE Major, British Indian Army, Jubbulpore Division, to COPPEL S., **Communication** dt., 5-9-1914

from MORITZ P., to COPPEL S., Letter, dt. 8-9-1914

from MORITZ P., to COPPEL S., Letter, dt. 15-9-1914

from COPPEL S., to the COMMANDING OFFICER, Jubbulpore Division, **List of the Brothers Interned (Copy)** dt., 20-6-1915

from SUBDIVISIONAL Officer, Jubbulpore Division Jubbulpore City, to COPPEL S., **Communication**, dt. 21-5-1915

from COPPEL S., to the General Commanding Officer, Jubbulpore, **Petition on behalf of the Interned Brothers of the CMSF (Copy)** dt., 3-6-1915

from D'SOUZA Innocent to the American Consul General, Bombay, **Complaint Against the High handed Manner in which the German Brothers were Arrested and Led away to Ahmednagar (copy)**., dt., 28-6-1915

from CLARK to COPPEL S., Communication, dt., 21-7-1915

from CHIEF COMMISSIONER, Central Provinces, to FOULEX Francois, Administrator of the Diocese of Nagpur, **Communication** dt., 15-4-1920

from MONTGOMERY A., to FOULEX Francois, **Communication, Exemption of deportation of Bro. Paulus and Companions,** dt., 20-5-1921

from COPPEL S., to the Commanding Officer, Kamptee, **Particulars regarding the Graves of Prisoners of War and International Civilians Buried in Central Province's Districts (copy)., 28-5-1916.**

**First Constitutions of the Franciscan Missionary Brothers of St. Francis of Assisi of Paderborn.,** u.m., n.d.

**Documents with the Names of the Brothers Who Could Have Undergone Their Preliminary Formation in the Peterborough (England) House of the CMSF.,** a.u., n.d.

MORITZ Paulus, (Superior General), **Early Statistics of the CMSF.,** dt., 28-3-1911